# ശബ്ദതാരാവലി.

## മലയാള നിഘണ്ടു.

**അ**—ഇൻഡ്യയിലെ എല്ലാ ഭാഷകളിലുമുള്ള ആദിമമായ അക്ഷരം ഇതുതന്നെ.

| | |
|---|---|
| തമിഴിൽ | அ |
| ഗ്രന്ഥത്തിൽ | 𑌅 |
| സംസ്കൃതത്തിൽ | अ |
| ഇംഗ്ലീഷിൽ | A |

ഇങ്ങനെ പലമാതിരി ലിപികൾ ഉണ്ട്.

മലയാളത്തിൽ വിവേചകമായി 'അ' എന്നുപ്രയോഗിച്ചാൽ 'അവൻ' 'അവൾ' 'അക്കര' 'അപ്പുറം' ഇത്യാദിപോലെ 'അടുത്തല്ലാത്ത' എന്നർത്ഥം വരും. സംസ്കൃതത്തിൽ ര, ല എന്ന അക്ഷരങ്ങളിൽ ആരംഭിക്കുന്ന പദങ്ങൾ തത്ഭവക്രമപ്രകാരം അപൂർവമായി മലയാളത്തിൽ അകാരാദിപദങ്ങളായി കാണുന്നുണ്ട്. അരത്തം (രക്തം.) അരക്ക് (രാക്ഷ=രാക്ഷ.) അരചൻ (രാജാ.)

മലയാളത്തിൽ 'അ' എന്ന കേവലസ്വരത്തെ ഉച്ചരിക്കുന്നതിന് അധികം പ്രയാസമുള്ളതിനാൽ അതിനെ തീവ്രപ്രയത്നം എന്നു പറയുന്നു. തന്നിമിത്തം പല വാക്കുകളിലും അതിന്റെ ഉച്ചാരണം ദുഷിച്ചിട്ടുണ്ട്. ആ ദുഷിച്ച ധ്വനി 'എ'കാരത്തിന്റെ ഛായയിൽ കാണും. ഉ-ം,- ഗന്ധം-ഗെന്ധം. രവി-രെവി. സംസ്കൃതത്തിൽ 'അഃ' എന്ന പദത്തിനു വിഷ്ണു എന്നർത്ഥമുണ്ട്. 'ഓം' എന്ന പ്രണവശബ്ദം വിഷ്ണുവിനേയും ശിവനേയും ബ്രഹ്മാവിനേയും കുറിക്കുന്നു. അ=വിഷ്ണു. ഉ=ശിവൻ. മ=ബ്രഹ്മാവ്. അ+ഉ+മ=ഓം.

'അകാരോ വിഷ്ണുരുദ്ദിഷ്ട
ഉകാരസ്തു മഹേശ്വരഃ
മകാരസ്തു സ്മൃതോ ബ്രഹ്മാ
പ്രണവസ്തു ത്രയാത്മകഃ' [നെ'
'ഓങ്കാരമായപൊരുൾ മൂന്നായ്പിരിഞ്ഞുട
(ഹരിനാമകീർത്തനം)

പുല്ലിംഗത്തിൽ 'അ' ശബ്ദത്തിനു 'കാമദേവൻ' എന്നർത്ഥം കാണുന്നു. സംബോധനത്തിന്റെ തുടക്കത്തെ കാണിക്കാൻ 'അ' എന്നതിനെ ഉപയോഗിക്കുന്നുണ്ട്. ഈ ശബ്ദം വ്യാക്ഷേപകമായി കൃപയേയും നിന്ദയേയും കുറിക്കും. സംസ്കൃതത്തിൽ 'അ' എന്നതിനെ നാമങ്ങളുടേയോ വിശേഷണപദങ്ങളുടേയോ അവ്യയപദങ്ങളുടേയോ, ചിലപ്പോൾ ക്രിയകളുടേയോ മുമ്പിൽ ചേർത്താൽ വിപരീതാർത്ഥം വരും. (അശക്തൻ, അസ്ഥൂലം, അക്ഷീണവിക്രമം.) ഈ 'അ', സ്വരങ്ങൾക്കുമുമ്പ് 'അൻ' എന്നാകും. ഋണീ എന്ന പദത്തിനു മുമ്പു മാത്രം അങ്ങനെ ആകാതെയുമിരിക്കും (അഋണീ.) ഈവിധം നഞ് ആയിട്ടുപയോഗിക്കുമ്പോൾ, [താ

'തൽസാദൃശ്യമഭാവശ്ച തദന്യത്വം തദല്പ
അപ്രാശസ്ത്യം വിരോധശ്ച നഞർത്ഥാഃ
ഷട് പ്രകീർത്തിതാഃ'

എന്നതനുസരിച്ച് 'അ' എന്ന ഉപസർഗ്ഗത്തിനു ആറുമാതിരി അർത്ഥം കാണുന്നു. ൧. സാദൃശ്യം-അക്ഷത്രിയൻ; കണ്ടാൽ ക്ഷത്രിയനെന്നു തോന്നും; എന്നാൽ ക്ഷത്രിയനല്ലതാനും. ൨. അഭാവം(ഇല്ലായ്മ) -അജ്ഞാനം. ൩. അന്യത്വം (ഭേദം)-

അപടം; വസ്ത്രമല്ലാത്തതു്. ൪. അല്പത- അനുദരം; അല്പോദരി എന്നർത്ഥം ൫. അപ്രാശസ്ത്യം (കൊള്ളാത്തതു്)-അകൃത്യം. ൬. വിരോധം-അന്യായം. സംസ്കൃതത്തിൽ 'അഃ' എന്നതിനെ ശിവൻ, ബ്രഹ്മാവു്, വായു, അഗ്നി ഇവരുടെ പര്യായമായി പ്രയോഗിക്കുന്നു നാനാർത്ഥരത്നമാലയിൽ 'അ' ശബ്ദത്തിനു ബ്രഹ്മാവു്, വിഷ്ണു, ശിവൻ, ആമ, അങ്കണം, യുദ്ധം, ഗൌരവം, അന്തഃപുരം, ഹേതു, ആഭരണം, കാൽ, പാർവ്വതി, ഞാൻ എന്നീ അർത്ഥങ്ങൾ കാണുന്നു.

'അകാരോ ബ്രഹ്മവിഷ്ണ്വീശ
കമഠേഷ്വംഗണേ രണേ
ഗൌരവേന്തഃപുരേ ഹേതൌ
ഭൂഷണാംഘ്ര്യാംവുമേഷ്വയോഃ'

ക്രിയാരൂപങ്ങൾക്കു മുമ്പു് 'അ' വരുമ്പോൾ സാധാരണ നിഷേധാർത്ഥം വരും. 'അ' എന്ന ഉപസർഗ്ഗം ചിലപ്പോൾ പിന്നീടു വരുന്ന പദത്തിന്റെ അർത്ഥത്തെ അല്ല നിഷേധിക്കുന്നതു് എന്നതിനു 'അനുത്തമം' എന്ന പദം ദൃഷ്ടാന്തമാകുന്നു. അനുത്തമം = ഏതിനേക്കാൾ ഉത്തമമായി മറ്റൊന്നിനെ പറവാൻ കാണുന്നില്ലയോ അതു്.

അഋണി-കടമില്ലാത്തവൻ. 'അനൃണി' എന്ന പ്രയോഗം നന്നു്. സ്ത്രീലിംഗം-അനൃണിനി.

അംശം-൧. ഒരു പങ്കു്, ഓഹരി, ഭാഗം. അംശ് = വിഭജിക്ക. ഈ ധാതുവിനോടു് ഉപസർഗ്ഗമായ 'വി' ചേർത്താൽ വ്യംശ് എന്നാകും. ഇതിനു് 'വിഭജിക്ക എന്നും ചിലപ്പോൾ, 'ചതിക്ക' എന്നും അർത്ഥം വരും. ൨. ജ്യോതിശ്ശാസ്ത്രത്തിൽ ൬൦ കല ചേർന്നതു. ൬൦ വികല=ഒരു കല.

'വിദ്യാധരസ്ത്രീകൾ ദിവ്യപുഷ്പംകൊണ്ടു
ഏറ്റമായുള്ളോരു മാല്യംതൊടുത്തു
ശർവ്വാംശജാതനായോരു മുനീന്ദ്രനാം
ദുർവ്വാസാവിന്നു കൊടുത്തവരാംപോയാർ'
(ഭാരതം)

അംശകം-൧ പങ്കു്, ഓഹരി, ഭാഗം, ൨. ഒരു ദിവസത്തിന്റെ നാലിൽ ഒരു ഭാഗം. ൩. മുപ്പതു ദിവസംകൊണ്ടുള്ള ഒരു മാസത്തിലെ ഒരു ദിവസം (സൌരദിനം)

അംശകൻ-൧. ഒരു പങ്കിനവകാശമുള്ളവൻ. ൨. ബന്ധു.

അംശക്കൂറു്-ശ്രേഷ്ഠത, ഉയർന്ന പദവി.

അംശജ-വിശേഷണശബ്ദം. അംശംകൊണ്ടു ജനിച്ച.

അംശനം-പങ്കിട്ടു കൊടുക്കുന്ന പ്രവൃത്തി.

അംശപത്രം-ഭാഗപത്രം.

അംശഭാക്കു്-മുതലിനവകാശമുള്ളവൻ.

അംശഭുക്കു്-പങ്കിനെ അനുഭവിക്കുന്നവൻ

അംശയിതാവു്-പങ്കിട്ടു കൊടുക്കുന്നവൻ

അംശല-വി. പങ്കിനവകാശമുള്ള.

അംശവടി-മെത്രാന്മാരുടെ മുൻപേ കൊണ്ടുനടക്കുന്ന വടി; അംശങ്ങളിൽ ഒന്നായ വടി. (അംശങ്ങൾ = ഉപകരണങ്ങൾ.)

അംശസവർണ്ണനം-(അങ്കഗണിതത്തിൽ) അംശങ്ങളെ (ഭിന്നസംഖ്യകളെ) സവർണ്ണനംചെയ്ക (ഒരേവിധം അധഃസ്ഥ സംഖ്യയുള്ളവയാക്കിത്തീർക്കുക).

അംശഹരൻ-പങ്കിനവകാശമുള്ളവൻ.

അംശഹാരി-പങ്കിനവകാശമുള്ളവൻ.

അംശാംശം-൧. പങ്കിന്റെ ഒരു പങ്കു്. ൨. പ്രധാനമല്ലാത്ത ഒരവതാരം. (പ്രയോഗം ചുരുക്കം)

അംശാവതാരം, അംശാവതരണം-ഒരു ദേവന്റെ ഒരംശംമാത്രം മനുഷ്യനായി അവതരിക്കുക. ശ്രീരാമൻ-വിഷ്ണുവിന്റെ അർദ്ധാംശം. ലക്ഷ്മണൻ-കാൽ ഭാഗം ഭരതശത്രുഘ്നന്മാർ-അരയ്ക്കാൽവീതം

'സാമോദം ബാലക്രീഡാതല്പരന്മാരാംകാലം
രാമലക്ഷ്മണന്മാരും തമ്മിലൊന്നിച്ചുവാഴും
ഭരതശത്രുഘ്നന്മാരൊരുമിച്ചെല്ലാനാളും
മരുവീടുന്നു പായസാംശാനുസാരവശാൽ'
(അദ്ധ്യാത്മരാമായണം)

'ധർമ്മരാജനും വന്നുപിറന്നു വിദുരരായ്
ധർമ്മൻതന്നുടെയംശമായതു യുധിഷ്ഠിരൻ
വായുവിന്നുടെയംശം ഭീമനെന്നറിഞ്ഞാലും
ദേവേന്ദ്രന്നുടെയംശം ഫൽഗുനൻ മഹാരഥൻ
അശ്വിനീദേവകൾതന്നംശം മാദ്രേയന്മാരു-
മഗ്നിതന്നുടെയംശമായതു ധൃഷ്ടദ്യുമ്നൻ
ആദിത്യന്നുടെയംശം കർണ്ണനെന്നറിഞ്ഞാലും
സോമനന്ദനനായ സുവർച്ചസ്സഭിമന്യു
വിശ്വദേവകളുടെയംശം ദ്രൌപദേയന്മാർ
സ്ത്രീപുംസമായിട്ടുള്ള ഗുഹ്യകൻ ശിഖണ്ഡിയും
ത്രിദിവലക്ഷ്മിയുടെയംശംപോൽ
 പാഞ്ചാലിയും
ധൃതിയും സിദ്ധിയുംപോൽ
 കുന്തിയും മാദ്രിതാനും
പ്രദ്യുമ്നൻ സനൽകുമാരാംശമെന്നതും ചൊല്ലും
അനന്തമൂർത്തിയുടെയംശംപോൽ ബലഭദ്രൻ
വിഷ്ണുതന്നുടെയംശം കൃഷ്ണനെന്നറിഞ്ഞാലും'
(ഭാരതം)

അംശി-പങ്കുള്ളവൻ.

അംശിക്ക, അംശിക്കുക-പങ്കിട്ടു കൊടുക്കുക.

അംശിനി-൧. പങ്കിന്നവകാശമുള്ളവൻ. ൨. പങ്കുകളുള്ളവൾ.

അംശിപ്പ്-പങ്കിടുന്ന പ്രവൃത്തി.

അംശിപ്പാൻ-അംശിക്കുവാൻ, അംശിക്കാൻ.

അംശിപ്പിൻ-അംശിക്കുവിൻ, അംശിക്കിൻ.

അംശു-൧. രശ്മി, ശോഭ, വെളിച്ചം, തേജസ്സ്, കതിര്, കിരണം. ൨. നൂൽ, ചരടിന്റെ അറ്റം. ൩. മുന (അവസാനം). ൪ വസ്ത്രം, അലങ്കാരം, മട്ടുപ്പ്. ൫ അന്നു ന്നു ശീഘ്രം. അംശു എന്നതു്, 'കിരണോസ്രമയൂഖാംശു' എന്നമരമുള്ളതിനാൽ, സൂര്യരശ്മിയുടെ(കിരണത്തിന്റെ) പേർ എന്നു സ്പഷ്ടമാകുന്നു. അംശ-വ്യാപിക്കുന്നതു്, ദിക്കുകളെ വ്യാപിക്കുന്നതു് എന്നു വ്യുൽപത്തി.

'ആർക്കും വിശേഷിച്ചു ജന്മിതമില്ല
ശീതാംശുവംശേ മഹാദേവശംഭോ'
(പതിനാലുവൃത്തം)

അംശുകം-൧. ഏതെങ്കിലും തരത്തിലുള്ള വസ്ത്രം, തുണി, അംശു (നൂൽ) കൊണ്ടുണ്ടാക്കിയതു്, നേരിയവസ്ത്രം, ഉത്തരീയവസ്ത്രം, വെളുത്തവസ്ത്രം.

'തിലജഘനതടസ്തനസംസക്തവസ്ത്രങ്ങ
ദിവ്യപട്ടാംശുകജാലവും ചുററിനാർ' [ൾ
(അദ്ധ്യാത്മരാമായണം)

'നീലാംശുകധരന്മാരാം ഭീമേന്ദ്രന്മാർ
കോലാഹലേന വേദങ്ങളോതിനാർ'
(ഭാരതം)

'ഗജഗാമിനി ദേവയാനി, വേണം
നിജമാമംശുക,മെന്നു ശണ്ഠകൂടി'
(ദേവയാനീപരിണയം മണിപ്രവാളം)

൨. പച്ചില (സമുദ്രപ്പച്ച) ൩. ഇല. ൪. അല്പമായ പ്രകാശം. പച്ചില കഫജങ്ങളായ എല്ലാ രോഗങ്ങൾക്കും നന്നാണ്. രുചിയ്ക്കും വിരേചനത്തിനും കൊള്ളാം. മുഖത്തിലുള്ള ദോഷത്തെയും, തലച്ചോറിലുള്ള ദോഷത്തെയും ശോധന ചെയ്യും. പാണ്ഡു, കൃമി, വാതം, അർശസ്സ്, നെഞ്ഞുകലിപ്പ്, വിഷം, വസ്തിദോഷം, ജ്വരം, പീനസം, ഹൃദ്രോഗം, ഛർദ്ദി ഇവയെ നീക്കും. വസ്ത്രപര്യായങ്ങളെല്ലാം ഇതിനു പേരായിവരും.

അംശുജാലം-രശ്മിക്കൂട്ടം, പ്രകാശത്തിന്റെ അധികത.

അംശുത-അംശുവായുള്ള സ്ഥിതി, രശ്മിയായിരിക്കുന്ന ഭാവം, പ്രകാശസ്ഥിതി.

അംശുത്വം-അംശുവായിരിക്കുന്ന സ്ഥിതി, രശ്മിയായിരിക്കുന്ന ഭാവം, പ്രകാശസ്ഥിതി.

എല്ലാ നാമത്തോടും 'ത്വം' എന്നോ 'ത' എന്നോ ചേർത്തു് ആ നാമം കുറിക്കുന്ന വസ്തു ആയിരിക്കുന്ന സ്ഥിതി എന്നു അർത്ഥം പറയാം. എങ്കിലും എല്ലാ നാമ

ങ്ങളോടും ഇങ്ങിനെ ചേൎത്തു പ്രയോഗി
ക്കാൻ ഒരുപോലെ അവസരങ്ങൾ വരു
ന്നതല്ല.

അംശുദൻ-അംശുവിനെ(രശ്മിയെ)ദാനം ചെയ്യുന്നവൻ (കൊടുക്കുന്നവൻ). [ഏതു വസ്തുവിനെ എങ്കിലും കൊടുക്കുന്നവൻ എന്നു വരേണമെങ്കിൽ ആ വസ്തുവിനെ കുറിക്കുന്ന ശബ്ദത്തോടു് 'ദൻ' എന്നു ചേൎത്താൽ മതി. ഉ-ം, ക്ഷേമദൻ, മോക്ഷദൻ ഇത്യാദി. സ്ത്രീ-ക്ഷേമദ, മോക്ഷദ. നപും-ക്ഷേമദം, മോക്ഷദം.]

അംശുദാനം-അംശുവിന്റെ ദാനം, പ്രകാശത്തിന്റെ ദാനം (ദാനം=കൊടുക്കുക).

അംശുദാതാവു്-അംശുക്കളെ ദാനംചെയ്യുന്നവൻ, കിരണങ്ങളെ കൊടുക്കുന്നവൻ.

അംശുദായകൻ-കിരണങ്ങളെ കൊടുക്കുന്നവൻ.

അംശുദായി-കിരണങ്ങളെ കൊടുക്കുന്നവൻ.

അംശുദായിക-കിരണങ്ങളെ കൊടുക്കുന്നവൾ.

അംശുദായിനി-കിരണങ്ങളെ കൊടുക്കുന്നവൾ.

അംശുധരൻ-സൂൎയ്യൻ, കിരണത്തെ ധരിക്കുന്നവൻ, വേഗത്തെ ധരിക്കുന്നവൻ.

അംശുധാനപട്ടണം-ദശരഥൻ മരിച്ചതിന്റെ ശേഷം ഭരതൻ കേകയരാജ്യത്തിൽ നിന്നു് അയോദ്ധ്യയ്ക്കു തിരിച്ചുവരുന്ന വഴിയ്ക്കു് കണ്ട നഗരങ്ങളേയും നദികളേയും മററും വാല്മീകി വൎണ്ണിച്ചിട്ടുള്ളതിൽ ഉൾപ്പെട്ട ഒരു പട്ടണം.

'മഹാരണ്യത്തെയും വിലോകിച്ചുകൊണ്ടു്
മഹാവേഗത്താലംശുധാനപട്ടണേ
സുരനദിയെയും വിലോകിച്ചുകൊണ്ടു്
നടന്നു പ്രാഗ്വടപുരത്തിങ്കൽ ചെന്നു'
(കേരളവൎമ്മരാമായണം കിളിപ്പാട്ടു്)

അംശുനാഥൻ-സൂൎയ്യൻ, അംശുക്കളായ സ്ത്രീകളുടെ നാഥൻ.

അംശുപട്ടം-അംശു (നേരിയ ഇഴ) കൊണ്ടുണ്ടാക്കിയ പട്ടം (വസ്ത്രം), ഒരുവക പട്ടുവസ്ത്രം.

ശ്രീഹാലേരംശുപട്ടാനാം. (വിഷ്ണു പുരാണം).

അംശുപതി- സൂൎയ്യൻ, അംശുക്കളായ സ്ത്രീകളുടെ ഭൎത്താവു്.

അംശുബാണൻ-സൂൎയ്യൻ, കിരണങ്ങൾ ആകുന്ന ബാണ (ശര) ങ്ങളോടു കൂടിയവൻ.

അംശുഭൎത്താവു്-സൂൎയ്യൻ, കിരണങ്ങളെ ഭരണംചെയ്യുന്നവൻ.

അംശുഭൃത്തു്-സൂൎയ്യൻ, കിരണങ്ങളെ ഭരണംചെയ്യുന്നവൻ.

അംശുമത്തു്-പ്രകാശമുള്ളതു്, ശോഭയുള്ളതു്.

അംശുമത്ഫല-വാഴ. സൂൎയ്യനെപ്പോലെ ചെമന്ന നിറത്തിൽ പഴമുള്ളതിനാലും വാഴയുടെ പുഷ്പദണ്ഡത്തിനു ചുററും, അംശുമാനു ചുററും അംശുക്കളുള്ളവണ്ണം, വേണ്ടുവോളം ഫലമുള്ളതിനാലും ഈ പേർ സിദ്ധിച്ചു

അംശുമതി-സ്ത്രീ. പ്രകാശമുള്ളവൾ. വ. മൂവില. ന. ദമിളൻ എന്ന ഗന്ധൎവ്വന്റെ മകളുടെ പേർ.

'ദമിളാഹ്വയഗന്ധൎവ്വാധിപന്റെ
മകളാമംശുമതീതി കുമാരി'
(പ്രദോഷമാഹാത്മ്യം തുള്ളൽ)

'കാടകത്തിലുടനീടെഴുന്നൊരതി
പാടവേന കളിയാടിയും
പാടിതോടിയിവ പാടിയാടിയെന്നു
മോടിയോടുമടക്കിയും
ഉദ്ധാമമാംമേഘപടമാന്തികൾ
ചൂടുമംശുമതിചേടിമാ-
രോടടുത്തുശശിചൂഡകാമപ-
താരിത്തിൽ വഴിപോലുടൻ'
(ധൎമ്മപുത്രവിജയം കഥകളി)

**അംശുമാൻ**-പു. സൂര്യൻ. ഉ. പ്രകാശമുള്ളവൻ, കിരണങ്ങൾ ഉള്ളവൻ. ന. സൂര്യവംശത്തിൽ ഇക്ഷ്വാകു മുതൽ സുമിത്രൻവരെ ൯൦ രാജാക്കന്മാരുണ്ടായിരുന്നവരിൽ ഒരു രാജാവ്, (ദിലീപന്റെ അച്ഛൻ, സഗരന്റെ പൌത്രൻ, അസമഞ്ജന്റെ പുത്രൻ.) സഗരന്റെ അറുപതിനായിരം പുത്രന്മാർ കപിലമഹർഷിയുടെ ശാപംനിമിത്തം ഭസ്മമായിപ്പോയിരുന്നു. അവരുടെ അസ്ഥി മുതലായവയെ ഇദ്ദേഹം കണ്ടെത്തി.

**അംശുമാല**-കിരണങ്ങളുടെ കൂട്ടം. അന്യോന്യബന്ധമുള്ള അംശങ്ങളോടുകൂടിയ സമൂഹത്തിനു മാലാശബ്ദം സവിശേഷം യോജിക്കും. ഉ-ം, ഗദ്യമാലാ, പദ്യമാലാ, കാവ്യമാലാ ഇത്യാദി.

**അംശുമാലി**-പു. സൂര്യൻ. അംശുമാലയോടുകൂടിയവൻ, അംശുക്കളെ മാലയെപ്പോലെ ധരിച്ചിട്ടുള്ളവൻ. ഉ. ഏരിക്ക്

'അഥാഭിഗമ്യാന്തികമംശുമാലീ
നരാധിപസ്യാദരകന്തിഭാജഃ
തമബ്രവീത്സംകലിതാംശുജാല-
സ്സന്മാംഗ്ഗഭാജം പ്രകൃതിഃകിരൈഷാ'
(കിർമ്മീരവധം കഥകളി)

**അംശുല**-വി. പ്രകാശമുള്ള, ശോഭയുള്ള.

**അംശുലൻ**-പു. പ്രകാശമുള്ളവൻ, ശോഭയുള്ളവൻ. ഉ. ചാണക്യന്റെ ഒരു പേർ. മനഃപ്രകാശം (ബുദ്ധിവിശേഷം) കൊണ്ട് ചാണക്യനു ഈ പേരുണ്ടായി.

**അംശുവാഹി**-സൂര്യൻ, കിരണങ്ങളുള്ളവൻ.

**അംശുശാലി**-സൂര്യൻ, കിരണങ്ങളുള്ളവൻ.

**അംശുസ്വാമി**-സൂര്യൻ. സൂര്യൻ അസ്തമിക്കുന്ന സമയം അദ്ദേഹത്തിന്റെ ഭാര്യമാരാകുന്ന ദീപ്തികൾ കൂടെ മരിപ്പാനെന്നവണ്ണം അഗ്നിയിൽ പ്രവേശിക്കുന്നു എന്നതുകൊണ്ടു ഈ പേരുണ്ടായി.

**അംശുഹസ്തൻ**-സൂര്യൻ, കിരണങ്ങളാകുന്ന ഹസ്തങ്ങ (കൈകൾ)ളോടുകൂടിയവൻ.

**അംസം**-പു. തോൾ, ചുമൽ.

'വാമാംസസംസ്ഥലന്യസ്തശൂലാഗ്രത്തിങ്കലുണ്ടു
ഭീമശാർദ്ദൂല സിംഹമഹിഷവരാഹാദി'
(അദ്ധ്യാത്മരാമായണം)

'വസിക്കുന്നീയെന്നംസേതാങ്ങി
വധിപ്പൻനരഗം വക്രാപാംഗി'
(നളചരിതം കഥകളി)

'കംസനെ മഞ്ചത്തിന്നന്തി-
കാന്തംവഴീട്ടുരത്തിട്ടു [ക്കും
ഹിംസിച്ചിട്ടുംവൈരമൊട്ടങ്ങടങ്ങാഞ്ഞൊട്ടു
അംസത്തിൽപ്പിടിച്ചിഴച്ചു
സർവ്വസാക്ഷിയായിരിക്കും
പുംസാംകേതി ചെയ്താലില്ലകൃപയ്ക്കുമറം'
(കുചേലവൃത്തം വഞ്ചിപ്പാട്ട്)

ഉ. ഒരു മർമ്മം.

**അംസകൂടം**-പു. പൂഞ്ഞിക്കെട്ട്. കാളയുടെ കഴുത്തിനടുത്തുള്ള മുഴ. ഇതിനെ കാളപ്പൊന്തി, പൂഞ്ഞിക്കുടം, പൂഞ്ഞക്കുറ്റി എന്നിങ്ങനെ പറയുന്നു. ഉ. വലിയ തോൾക്കെട്ട്. കൂടം = പൊങ്ങിനിൽക്കുന്ന ഭാഗം. ഉ-ം, ഹേമകൂടം, അഗസ്ത്യകൂടം, ചിത്രകൂടം.

'രാജന്യോച്ചാംസകൂടക്രഥനപടുരടൽ'
(പ്രബോധചന്ദ്രോദയം)

**അംസചലനം**-തോളിന്റെ ഇളക്കം.

**അംസച്ഛദം**-തോളിന്റെ പിളപ്പ്.

**അംസതടം**-അംസമാകുന്ന പരന്നഭാഗം.

**അംസത്രം**-പു. ഒരുവിധം കവചം. അംസത്തെ ത്രാണംചെയ്യുന്നത്. ത്രാണം ചെയ്ക=രക്ഷിക്ക. ഉ. വില്ല്.

**അംസഫലകം**-പു മുതുകിന്റെ മുകൾവശം, അംസമാകുന്ന പരന്ന ഭാഗം.

'ചുംബ്യമാനകപോലഫലകം'
(കാദംബരി)

ഉ. ഒരു മർമ്മം.

**അംസപ്രദേശം**-അംസസ്ഥലം.

**അംസബലം**-കൈയൂക്ക്. അംസബലം എന്ന പ്രയോഗം അപൂർവ്വം. ബാഹുബലം, കരബലം എന്നിങ്ങനെ ധാരാളം കാണുന്നുണ്ട്.

**അംസഭരം**-തോളിൽ വയ്ക്കുന്ന ചുമട്.

**അംസഭരൻ**-ചുമലിൽ ചുമടോടുകൂടിയവൻ.

**അംസഭാരം**-തോളിൽ വയ്ക്കുന്ന ചുമട്.

**അംസഭാരൻ**-ചുമലിൽ ചുമടോടുകൂടിയവൻ.

**അംസമധ്യ**-തോളുകളുടെ നടുവിലുള്ള, തോളിന്റെ നടുവിലുള്ള.

**അംസമധ്യം**-ചുമലിന്റെയോ ചുമലുകളുടെയോ നടുവ്.

**അംസല(ള)ൻ**-ബലവാൻ, ബലമുള്ള അംസത്തോടുകൂടിയവൻ. സ്ത്രീലിംഗം-അംസല(ള). നപും; അംസല(ള)ം.

**അംസശോഷം**-ഒരു വാതവ്യാധി. തോളിൽ നിൽക്കുന്ന വായു അവിടെയുള്ള ബന്ധനത്തെ ശോഷിപ്പിക്കുമ്പോൾ തോൾ താണുപോകും. അതിന് 'അംസശോഷം' എന്നു പേർ.

'അംസദേശസ്ഥിതോ വായുഃ
ശോഷയേദംസബന്ധനം'
(മാധവനിദാനം)

**അംസസ്ഥലി**-അംസമാകുന്ന പരന്ന ഭാഗം.

**അംസള**-ബലമുള്ള.

**അംസേഭാരൻ**-ചുമലിൽ ചുമടോടുകൂടിയവൻ.

**അംസ്യ**-വി. അംസത്തെ (തോളിനെ) സംബന്ധിച്ച, അംസങ്ങളെ സംബന്ധിച്ച, ചുമലുകളെ സംബന്ധിച്ച. ഉ. അംസത്തിൽ (അംസങ്ങളിൽ = ചുമലുകളിൽ) ഭവിക്കുന്ന.

**അംഹ്**-(ധാതു) ൧. പുറപ്പെടുക. ൨. പ്രകാശിക്കുക. ൩. അയയ്ക്കുക. ൪. അളക്കുക. ൫. സംസാരിക്കുക.

**അംഹതി**-സ്ത്രീ. സമ്മാനം, ഇനാം, ദാനം. ഉ. കഷ്ടപ്പാട്. പാപത്തെ ഹനിക്കുന്നതുകൊണ്ടു ഈ പേരുണ്ടായി. പര്യായങ്ങൾ—

'ഉത്സർജ്ജനം പ്രാദേശനം.
ഽപവർജ്ജനമംഹതിഃ
അന്തരായം സാത്വികം ദാനം
മുദപൂർവ്വന്തു പൌഷ്ടികം'
(വൈജയന്തി)

**അംഹനം**-വക്ഷസ്സ് (മാറിടം)കൊണ്ടുള്ള ഗതി (ഗമനം). പാമ്പിനെപ്പോലെ ഗമിക്കുക.

'അംഹനം വക്ഷസാ ഗതിഃ'
(വൈജയന്തി)

**അംഹസ്സ്**-പാപം, അഘം, ദുഷ്കൃതം. പ്രായശ്ചിത്തംകൊണ്ടു നീങ്ങുന്നതിനാൽ ഈ പേരുണ്ടായി. ഉ. കഷ്ടത, വ്യാകുലം, ചിന്ത, ആധി.

'അന്തംകൂടാതൊരംഹ-
സ്സതിനിടയുളവാക്കി'
(ഒരു പ്രാചീനപത്രം)

**അംഹസ്പതി**-സൂര്യൻ. ഭക്തജനങ്ങളുടെ ദുഷ്കൃതത്തെയും കഷ്ടപ്പാടിനെയും നീക്കാൻ അധികൃതനായതുകൊണ്ട് ഈ പേരുണ്ടായി.

**അംഹസ്വത്**-വി. പാപമുള്ള.

**അംഹിതി**-സ്ത്രീ. ദാനം. പാപത്തെ നശിപ്പിക്കുകകൊണ്ടു ഈ പേർ സിദ്ധിച്ചു. ഉ. ഇനാം.

**അംഹുഃ**-(ക്രിയ) ദുഷ്കൃതത്തെ ചെയ്യുന്ന.

ആവോർവ്വാചീസുമതിർവ്വവൃത്യാദംഹോശ്ചിദ്യാ
(യജുർവ്വേദം)

**അംഹുരഃ**-(ക്രിയ) നടക്കുന്ന. (ഈ ശബ്ദം ദുർല്ലഭം)

**അംഹൂരണ**-വി. പാപമുള്ള.

**അംഹോയു**-വി. ഉപദ്രവകരമായ, പാപത്തിൽനിന്ന് ഒഴിഞ്ഞ.

അംഘ്രി—പ്ര. പാദം. വ. വൃക്ഷാദികളുടെ വേര്. ന. നാല്. അംഹ്രി എന്നതാണ് അംഘ്രി എന്നായതു്.

അംഘ്രിപം—വൃക്ഷം. പാദം(വേര്)കൊണ്ടു പാനംചെയ്യു(കുടിക്കു)ന്നതുനിമിത്തം ഈ പേർ ഉണ്ടായി.

അംഘ്രിസ്കന്ധം—കാൽപെരുവിരലിൻെറ സന്ധി, പുറംകാൽ.

അൎക്ക്—പ്ര. പുറപ്പെടുക. വ. പാമ്പിനെപ്പോലെ വളഞ്ഞുപോക.

അക—മുള, ബീജം, പൂമൊട്ടു്, ഞരമ്പു്, തളിർ. (പ്രയോഗം ദുർല്ലഭം).

അകം—(മലയാളത്തിൽ) പ്ര. ഉൾവശം, ഉള്ളു്, ഉള്ളകം, മനസ്സ്, അന്തർഭാഗം.

'ഖല്വണശകലവുമെന്യേദുഷ്ടശർമ്മിഷ്ഠപൊട്ട-
ക്കിണറിനകമെടുത്തോപ്പെണ്ണിനെത്തള്ളിയി
[ട്ടാൾ'
(ദേവയാനിപരിണയം മണിപ്രവാളം)

'പെയ്യും വൻമഴയൊക്കയും ബതനന-
ഞ്ഞൂറിത്തണൊത്തൊരോമ-
ങ്ങായും കോവിലകത്തുചെന്നഥനില-
ത്തീറം വ്രതത്തോടഹോ'
(പൂരപ്രബന്ധം)

'നെഞ്ചകമിളകന്ന തിലകമതുമിട്ടു
പഞ്ചബാണനാനല്പരംബുലമേളംശിനു'
(സ്കാന്ദപുരാണം)

അകം> <പുറം. (സംസ്കൃതത്തിൽ) വ. ദുഷ്കൃതം, പാപം, വേദന, ദുഃഖം, ഭാഗ്യക്കേടു്. കം (സുഖം) ഇല്ലായ്ക. ന. കം (ജലം) ഇല്ലായ്ക.

അകക്കടൽ—ഉൾക്കടൽ.

അകക്കാമ്പു്—മനസ്സു്. കാമ്പു് എന്നാൽ വൃക്ഷത്തിൻെറ തണ്ടു് എന്നൎത്ഥം. മുഖ്യമായ ഭാഗം. പൂവിനു് ആധാരം അതിൻെറ (കാമ്പു്) തണ്ടാണു്.

'സച്ചിദാനന്ദാത്മകനദ്വയനനാമയൻ
നിശ്ചലൻ നിരാകുലനെന്നുടെഗുരുനാഥൻ
ശ്രീരാമാദികളായ മുഖ്യശിഷ്യന്മാരോടും
ചൈതന്യമെന്നകക്കാമ്പിൽവാണീടവേണം
(തേനാരിമാഹാത്മ്യം) [സമാ'

അകക്കൂർ—ദേവഭാഗം.

അകകുരു—രോഗങ്ങൾ കാരണമായി ഉള്ളിൽ ഉണ്ടാകുന്ന കുരു. ഇതിനു ചൂടും മറവും വ്രണം എന്നിവയുണ്ടായാൽ വൈഷമ്യമാണു്.

അകക്കുരുന്നു്—മനസ്സു്. മനസ്സിൽനിന്നു് വിചാരങ്ങൾഉണ്ടായി വരുന്നതുകൊണ്ടു ഈ പേരുണ്ടായി. ഉ—ം, മനക്കരുന്നു്. ഇളംകരുന്നു് . കരുന്നു് = ഇളംപ്രായം, മൃദുത്വമുള്ളതു്.

'പരിച്ഛേദകാരണമയിന്നുള്ള കാലം
അകക്കരുന്നോടൊളിഞ്ഞു ധൎമ്മജൻ'
(ഭാരതം)

അകക്കുടുക്ക—ഉൾക്കുഴിവു്, കോട്ട.

അകക്കാൽ—ഉള്ളംകാൽ, കാലിൻെറഅകം, പാദത്തിൻെറ കീഴ്ഭാഗം. ഉ—ം, 'ഉള്ളംകാൽമുതൽ ഉച്ചംതലവരെ'.

അകക്കൈ—ഉള്ളംകൈ, (കൈയുടെ അകത്തെ ഭാഗം).

അകച—വി. കചം (രോമം) ഇല്ലാത്ത, തലമുടിയില്ലാത്ത.

അകചരൻ—കേതു. അകത്തിനായി (ദുഃഖത്തിനായി) ചരിക്കുന്നവൻ. കേതുദയത്തിൽ ലോകത്തിനു കഷ്ടമേറുമെന്നു് ശാസ്ത്രം ഘോഷിക്കുന്നു.

അകച്ചുര—വി. ചൂഴ്പാറി മുഴിഞ്ഞതല്ലാത്ത, തഴക്കമില്ലാത്ത, വൈദഗ്ദ്ധ്യമില്ലാത്ത.

അകഞ്ചുകിത—വി. കഞ്ചുകം (ഉടുപ്പ്) ഇല്ലാത്ത.

അകച്ഛത്ര-വി. ൧. ചിരങ്ങില്ലാത്ത. ൨. കാമമില്ലാത്ത.

അകഞ്ജ-വി. വെള്ളത്തിലുണ്ടായതല്ലാത്ത

അകടഘാടക-വി. അധികം ഭക്ഷിക്കാത്ത

അകടു—വി. ൧. എരിവില്ലാത്ത. ൨. ക്രോധമില്ലാത്ത, കോപമില്ലാത്ത. ൩. ചൂടില്ലാത്ത. ൪. രസക്കേടില്ലാത്ത. ൫. ക്രൂരതയില്ലാത്ത. (സ്ത്രീ—അകട്വീ.) കടു എന്നാൽ തീക്ഷ്ണം എന്നർത്ഥം.

'കത്സനാദിപക്ഷങ്ങൾഛേദനങ്ങൾ
ദുസ്സഹങ്ങൾ കടുകോപകരങ്ങൾ'
(പതിനാലുവൃത്തം)

അകടവികടം—തലകീഴാവുക, കീഴ്മേലാവുക, പ്രയോജനമില്ലാതാവുക.

അകടുവികടു—തലകീഴാവുക, കീഴ്മേലാവുക, പ്രയോജനമില്ലാതാവുക.

അകഠിന-വി. കഠിനമല്ലാത്ത, കടുപ്പമില്ലാത്ത, മൃദുവായ.

'കഠിനതരമലറിന്നിജകരമതിലെടുത്തുടൻ
കർബുരേന്ദ്രന്മാരടുത്താർ കപീന്ദ്രനും'
(അദ്ധ്യാത്മരാമായണം)

അകഠോര-വി. കഠോരമല്ലാത്ത, കടുപ്പമില്ലാത്ത, ക്രൂരതയില്ലാത്ത, മൃദുവായ.

'ക്ഷത്രിയകന്യയെ നിങ്ങൾക്കു വന്നു
തൊടാമോ കഠോരന്മാരേ'
(പത്തുവൃത്തം)

അകഡമം-ഗ്രാഹ്യാഗോപാല മന്ത്രത്തിൽ ശുഭാശുഭവിചാരോപയോഗിയായ ഒരു ചക്രം.

അകഡാര-വി. കരാൽനിറമല്ലാത്ത, തവിട്ടുനിറമല്ലാത്ത.

അകണിക-വി. ഏറ്റവും ചെറുതല്ലാത്ത, ഇളയതല്ലാത്ത.

അകണ്ടക-വി. ഉപദ്രവത്തിനിടയില്ലാത്ത, ഉപദ്രവഹേതുവല്ലാത്ത (കണ്ടകൻ എന്നാൽ മൂർഖൻ, ദുഷ്ടൻ, ഉപദ്രവതല്പരൻ എന്നർത്ഥം).

'കപികുലപാലന കടന്നജത്രയ-
കണ്ടകനെക്കൊന്നു കൊണ്ടുപോകാത്തു മാം'
(അദ്ധ്യാത്മരാമായണം സുന്ദര)

അകണ്ടകത്വം—കണ്ടകത്വം (ദുഷ്ടത്വം, മൂർഖത്വം) ഇല്ലായ്മ.

അകണ്ടകിത—വി. ൧. മുള്ളില്ലാത്ത. ൨. രോമാഞ്ചമുണ്ടാകാത്ത.

അകതരുണി—മസൂരി പതിനെട്ടിനം ഉള്ളതിൽ ഒന്ന്. ഇതു മൂന്നുദിവസം കഴിഞ്ഞാൽ പ്രയത്നസാദ്ധ്യം എന്നു ശാസ്ത്രം.

അകതരുണിവ്യാധിക്കു ലക്ഷണം പറയുന്നു
രക്താംകലങ്ങിയൊട്ടേറെ ഛർദ്ദിയും പോക
[മാംസം
തൊട്ടാൽപാരം ചുട്ടുദേഹമുടനെയുഷ്ണവും വ
[ലം
ദണ്ഡപ്പാരമുണ്ടാകും കോച്ചും കാലുകരങ്ങളും
കൺചുവന്നങ്ങുതാണീടുമെച്ചപ്പാരമടച്ചിടും
വായുപൂരണങ്ങോടീടും നോക്കീടുമിടവും വലം
ഉതളുംക്രമാലെവീണാലെഴുന്നേല്പാൻതുടങ്ങിയും
മാംസംവെന്തമണംപോലെ ഗന്ധമങ്ങുപുറ
[പ്പെടും
ഇവയൊക്കയിലുംമുന്നേതലവെട്ടുതുടങ്ങുകിൽ
അസാദ്ധ്യമകതരുണി മൂന്നാംനാളിൽമരിച്ചു
[പോം
മരണംവന്നിടുന്നേരം സൂക്ഷിപ്പൂമർമ്മസന്ധി
[യു
കടകിന്മണിപോലങ്ങു മൂന്നുമഞ്ഞുകണക്കളും
നിഴലിച്ചിട്ടുകണ്ടീടുമതു സൂക്ഷിച്ചുകൊള്ളുക'.
(മസൂരിപടലം)

അകതളിർ—മനസ്സ്. തളിരെപ്പോലെ സൂക്ഷിച്ചു (അകൃത്യങ്ങളിൽ അകപ്പെടാതെ നോക്കി) നടക്കേണ്ടതുകൊണ്ട് ഈ പേർ സിദ്ധിച്ചു

'അതിവിശദമന്ദരചിതമൃദുഹസിതമാനനവു-
മകതളിരിലാകമമപരമരഘുനാഥയ'
(രാമായണം ൨൪ വൃത്തം)

അകതാർ—മനസ്സ്. താർ=തമിഴിൽ മാല, മലയാളത്തിൽ പുഷ്പം.

'ആയത്തുവരുമോ എന്നൊരുസംശയ-
മകതാരിൽ പുനരുണ്ടാകേണ്ടാ'
(കിരാതം ഓട്ടൻതുള്ളൽ)

അകതിപയ-വി. കുറച്ചല്ലാത്ത, ഏതാനു മല്ലാത്ത, ചിലതല്ലാത്ത. കതിപയശബ്ദ ത്തിനു 'ചില' 'ഏതാനും' 'കുറച്ചു' എ ന്നർത്ഥം.

'മതികമലവിലാസഹേതുഭൂതം
കതിപയസർഗ്ഗമിദം കരോമി കാവ്യം'
(ശ്രീകൃഷ്ണചരിതം മണിപ്രവാളം)

അകത്തകം-ഉള്ളറ.

അകത്തണ്ടു്-മനസ്സ്.

'ഉണ്ടുപാണ്ടേമമകുക്ഷിയിൽ മണ്ണതു
കണ്ടകത്തണ്ടിലുണ്ടാകൊലാ ശങ്കയും'
(ഭാഗവതം)

അകത്തവർ, അകത്താർ-നമ്പൂതിരി മാരുടെ സ്ത്രീകൾക്കു പ്രത്യേകം പറയുന്ന ഒരു പേർ.

അകത്തമ്മമാർ-നമ്പൂതിരിമാരുടെ സ്ത്രീ കൾ വെളിയിലിറങ്ങുന്നതിലേയ്ക്കു സ്വാ തന്ത്ര്യമില്ലായ്കകൊണ്ടു നമ്പൂതിരിമാരു ടെ സ്ത്രീകൾക്കു 'അകത്തമ്മമാർ' എന്ന പേർ സിദ്ധിച്ചു.

അകത്തഴി-ഭക്ഷണവസ്തുക്കളെ സമ്പാ ദിക്ക.

അകത്താൻ-വീട്ടിലെ നാഥൻ.

അകത്താർ-അകത്തവർ.

അകത്താൾ-വീട്ടിലെ നായിക.

അകത്തി-ഒരു വൃക്ഷം. അകത്തിയ്ക്കു മുരി ങ്ങയോളം വലിപ്പമുണ്ടു്. പരദേശങ്ങളി ലാണു് ഇതു ധാരാളമുണ്ടാകുന്നതു്. കായ്ക്കു മുരിങ്ങയ്ക്കായോളം നീളമിരിയ്ക്കും. ഉഷ്ണ ത്തെയും പിത്തകഫങ്ങളേയും നീക്കും. ഇല കച്ചുരിച്ചു മധുരിച്ചിരിക്കും. ഭാര ശിതിഥിയിൽ ഇതുകൊണ്ടുള്ള കറി ഉപ യോഗിക്കുക വിശേഷമാണു്. വാതമു ണ്ടാക്കും. വയറ്റിലെ പുണ്ണിനെ മാററും. കൃമി, കഫം, വിഷം, ചൊറി, രക്തപി ത്തം ഇവയ്ക്കു നന്നു്. പുഷ്പം-പാകരസം എരിവാകുന്നു. കുച്ചുപവത്തിരി... പീ നസം, വാതം, ചാതുർത്ഥിക ജ്വരം, നക്താന്ധ്യം, ഉഷ്ണം, കഫം, പിത്തം ഇവ യെ കളയും. പര്യായങ്ങൾ-അഗസ്ത്യ, വംഗസേന, മുനിപുഷ്പം, മുനിദ്രുമം, അഗസ്തി, ശീഘ്രപുഷ്പം, വ്രണാരി, ദീർഘ പാലകം, രക്തപുഷ്പം, സുരപ്രിയം, ശുക്ല പുഷ്പം, വ്രണാപഹം, ഖരധ്വാംസി, പവി ത്രം, മുനിപ്രിയം, മുനിതരു, വംഗസേ നകം, കനലി, വക്രപുഷ്പം. (സംസ്കൃത ത്തിൽ) അഗസ്തി. (തമിഴിൽ) അകത്തി.

'സിതപീതനീലലോഹിത കുസുമവിശേ ഷാച്ചതുർവ്വിധോഗസ്തി' ഇതിൻപ്രകാരം നാലുവിധമുണ്ടു്.

അകത്തിറച്ചി-പ്ര. കാക്കാമ്പരണ്ട. ഉ. കരൾ.

അകത്തു്-ഉള്ളിൽ, മനസ്സിൽ 'അത്തു' മലയാളത്തിൽ പ്രയോഗിപ്പാനുള്ള രീതി കേരളപാണിനീയം ൧൬൨-ാം സൂത്രം നോക്കുക.

'നേത്രങ്ങളടച്ചുംകൊണ്ടി-
ന്ദ്രിയാശ്വങ്ങളെ തന്റെ
ഗാത്രത്തിന്നകത്താക്കി
ഹൃദയത്തോടു ബന്ധിച്ചു'
(ഗജേന്ദ്രമോക്ഷം പറയൻതുള്ളൽ)

'അകത്തുമമനാമാൽ മുഴുത്തുരാപ്പുവരൻ
നിലത്തുകിടക്കയും ഹരിനാമ്പോ'
(രാമായണം ൨൪ വൃത്തം)

'പുറമകത്തുംപുറത്തും
ബലിശിലകളും, വെള്ള
പ്പൊന്നാവലികയും, പൊന്നും
കൊടിമരവും'
(കാലവൃത്തം വഞ്ചിപ്പാട്ടു്)

അകത്തുന-ഇല്ലാതാക്കുന്നു, ദൂരത്താക്കുന്നു.

'മാലകത്തുന്നസഖാതു മാലകത്തുന്നതിവി'
(ശ്രീരാമചരിതം മഹാകാവ്യം) [ധം'

**അകത്തൂട്**-ന. പുറമേ വെളിയേ-മതിലോ കെട്ടിട്ടുള്ള ഒരു വീട്. ഉ. മലബാറിൽ കോട്ടാരത്തിനുള്ള ഒരു പഴയ പര്യായം.

**അകത്തൂട്ടുചാരിഷ**-നായന്മാരിൽ ഒരിനക്കാർ. ഇവർക്ക് 'മൂത്തകത്തൂനായർ' എന്നും 'കാച്ചരിനമ്പി' എന്നും പറയാറുണ്ട്. സാമൂതിരിയുടെ മക്കളിൽനിന്നുണ്ടായിട്ടുള്ളപ്രകാരം വിചാരിച്ചുവരുന്നതുകൊണ്ട് ഇവർക്ക് ഈ സ്ഥാനപ്പേരു കിട്ടി.

**അകത്തെപ്പുറം**-ഉൾവശം.

**അകത്തെപ്രവൃത്തി**-രാജാക്കന്മാരുടെ തിരുമുമ്പിലുള്ള സേവകവൃത്തി.

**അകത്തോട്ട്**- ഉള്ളിലേയ്ക്കായിട്ട്. ഇതിന്റെ വ്യുല്പത്തിയെക്കുറിച്ചു പല അഭിപ്രായങ്ങൾ കാണുന്നു. 'അകത്തൂട്', 'അങ്ങൂട്', 'ഇങ്ങൂട്' എന്നിങ്ങനെയുള്ള പദങ്ങൾ 'അകത്തോട്' 'അങ്ങോട്' 'ഇങ്ങോട്' എന്നിപ്രകാരം സംസാരിച്ച് 'അകത്തോട്ട്' 'അങ്ങോട്ട്' 'ഇങ്ങോട്ട്' എന്നിങ്ങനെയായി എന്ന പക്ഷമാണു നന്നെന്നു തോന്നുന്നു.

'അങ്ങോട്ടിങ്ങോട്ടുഴന്നും വിപിനഭുവിതളർ-
ന്നും വിചാരാകുലന്നും'
(നളചരിതം കഥകളി)

'അങ്ങോട്ടിങ്ങോട്ടുമോടിക്കളിച്ചുതുടങ്ങിനാൻ
കിങ്ങിണീശബ്ദിക്കയും സംഗീതംപാടുകയും'
(സ്കാന്ദപുരാണം)

**അകത്തോൻ**-വീട്ടിനകത്തുള്ള വേലക്കാരൻ.

**അകത്തോർ**-അകത്തമ്മമാർ.

**അകത്ഥനം**-ആത്മസ്തുതി (തന്നെത്താൻ സ്തുതി) ചെയ്യായ്ക.

**അകഥക**-വി. കഥപറയാത്ത.

**അകഥനം**-പറയാതിരിക്കുന്ന സ്ഥിതി.

'സൽക്കഥാകഥനമെന്നതെല്ലാമ മംഗ്ലുളുടെ'
(പഞ്ചതന്ത്രം)

'ഇതന്നന്ന മമ ഇന്നതാണെന്നിന
ധരണിസുരോത്തമന്മാരെല്ലാരുമക
സരസകഥാകഥനത്തിനെന്നിക്കൊരു
പെരുവഴിമാത്രം കാണായി'
(കിരാതം തുള്ളൽ)

**അകഥനീയം**- കഥനീയം (കഥിക്കത്തക്കതു) അല്ലാത്തത്, പറയത്തക്കതല്ലാത്തത്, പറയാവുന്ന സ്ഥിതിയിലല്ലാത്തത്, പറയത്തക്കതല്ലാത്തത്.

'ഒരുവഴിയോക്കാമ്പാളതുബഹുസങ്കടം
അതുഖലു കിം കഥനീയം'
(പദ്യവൃത്തം)

'മമജനകഭൂപന്റെരാജ്യാവകാശമതു
ശ്രമരഹിതമിന്നു മമ കിട്ടാനുപായമതെ
സുമതികഴക്കൂട്ടത്തുപിള്ളമാർനിരൂപിച്ചു
കിമപികഥനീയമെന്നെന്നുടെമനോഗതം'
(വീരമാർത്താണ്ഡവർമ്മവിജയം കഥകളി)

**അകഥിക**-വി. പറയാത്ത.

**അകഥിതം**-പറയപ്പെട്ടിട്ടില്ലാത്തത്.

'കഥിതമഖിലംമയാ ദേവവൃത്താന്തങ്ങൾ
കഞ്ജദളാക്ഷിയും വിശ്വസിച്ചീടിനാൾ'
(അദ്ധ്യാത്മരാമായണം സുന്ദര)

**അകഥഹം** - മന്ത്രസംബന്ധമായ ഒരു ചക്രം.

**അകഥ്യ**-വി. പറയാൻ എളുപ്പമില്ലാത്ത, പറയത്തക്കതല്ലാത്ത.

**അകദനം**-ദുഃഖമില്ലായ്ക.

**അകദുഷ്ണ**-വി. കദുഷ്ണം (അല്പചൂട്) ഇല്ലാത്ത

**അകദവദ**-വി. ചീത്തവാക്കു പറയാത്ത.

**അകനീയസ്സ്**-വി. കനീയസ്സ് (ഏറ്റവും ചെറുത്) അല്ലാത്ത.

**അകനിന്ദ**-(ദ്രാവിഡ സംസ്കൃതപദങ്ങൾ സമാസിച്ചുണ്ടായതാകുന്നു ഈ ശബ്ദം). ഉള്ളിലുള്ള വെറുപ്പ്, പുച്ഛം, പരിഹാസം, മാനക്കേടായി വിചാരിക്ക, ധിക്കാരം.

'അകനിഷ്ഠരാൎക്കാളുമകനിന്ദയുണ്ടെങ്കി-
ലതിക്കിലെങ്ങും വിളങ്ങാ ഗുരുത്വം'

അകനിഷ്ഠൻ-പു. ബുദ്ധദേവതയുടെ ഒരു പേർ. ര. ഏററവും ഇളയവനല്ലാത്തവൻ.

അകനിഷ്ഠപൻ-ബുദ്ധമതക്കാരുടെ ഒരു പ്രധാനി.

അകന്യ-കന്യയല്ലാത്തവൾ. (കന്യ=പന്ത്രണ്ടുവയസ്സായ പെൺകുട്ടി.) വിവാഹം കഴിച്ചിട്ടില്ലാത്ത പെൺകുട്ടികളെ പൊതുവായി കന്യ എന്നു പറഞ്ഞുവരുന്നു.

അകമ്പളിത-വി. അംഗീകരിച്ചിട്ടില്ലാത്ത, ഒരുക്കിട്ടില്ലാത്ത.

അകപടം-ചതിയില്ലായ്ക, വ്യാജമില്ലായ്ക.

'കപടമതിവേഷമായ് കട്ടുകൊണ്ടീടിനാൻ
കാണാഞ്ഞു ദുഃഖിച്ചു രാമനും ദേവിയും'
(അദ്ധ്യാത്മരാമായണം. സുന്ദര.)

അകപില-വി. കരാൽനിറമല്ലാത്ത ഒട്ടകത്തിന്റെ കഴുത്തിലുള്ള രോമങ്ങളുടെ നിറംപോലെയുള്ള നിറത്തിനു 'കപിലം' എന്നു പേർ.

അകപിശ-വി. കറപ്പോടുകൂടിയ ചെമപ്പുനിറമല്ലാത്ത.

അകപ്പ-ഒരു രാഗം.

അകപ്പം-പുൽക്കായ്, പുൽത്തണ്ട്.

അകപ്പക-ഉള്ളിലുള്ള വിരോധം, മനസ്സിലുള്ള തിരസ്സം.

അകപ്പട്ടവൻ-മസൂരികയുടെ ഉപദ്രവവിശേഷം.

'പൂത്തിരമെങ്ങുമലക്കണ്ണും
കണ്ണൂർകൊണ്ടും തിപ്പുക്കരുൽ
ദുസ്സപ്രയോഗംകൊണ്ടിട്ടും
ഇടവകം ചെയ്യിലും
കളിയും ശിക്ഷണംകൊണ്ടും—
മുറക്കംകൊണ്ടുമന്നിവ
പിഴച്ചുവന്നാൽ പടുവന—
ന്മാരായിവന്നിടും
ശിക്ഷണത്തിൽപിഴച്ചെന്നാൽ
അകപ്പട്ടവനായ് വരും
അകപ്പട്ടവനായെന്നാൽ
മരിച്ചീടുമസംശയം'
(മസൂരിപടലം)

അകപ്പറങ്കി-വിഷയലമ്പടത്വം കൊണ്ടുണ്ടാകുന്ന ഒരു രോഗം, ഉപ്പാദനേന്ദ്രിയരോഗം, രതിസംബന്ധമായ രോഗം. ഇതു സാധാരണ മൂത്രവസ്തിയിലുണ്ടാകുന്നു; അമിതാഭോഗമാണ് ഇതിനു മുഖ്യകാരണം. (പറങ്കി=വ്യാധിവിശേഷം.)

അകപ്പാട്ട-കട്ടങ്ങൽ, കുരുക്കിലും (കണ്ണിയിലും) മറവും വീഴുക. (പ്രവേശനം എന്നും ലാഭം എന്നുംകൂടി അൎത്ഥമുണ്ട്).

അകപ്പെട്ടുന്നു-പു. കുരുക്കിൽ വീഴുന്നു, കുടുങ്ങുന്നു. ര. പ്രവേശിക്കുന്നു, ലഭിക്കുന്നു. ൩. ഉൾപ്പെടുന്നു. ൪. പിടിപെടുന്നു.

ഇക്കിടന്നങ്ങേറങ്ങുന്ന കംസകേസ്സന്മാൎക്കന്നായി
[പ്ലേംക
ആക്കണത്താനെല്ലമവ്യൂദ്ധ്വങ്ങിലകപ്പെട്ടു'
(കംസകേസ്സവധം തുള്ളൽ)

'അരുതരുതു വധുവധം മഹാത്മൻ
ദുരിതമകപ്പെടുമിപ്പകാരമായാൽ'
(ശ്രീകൃഷ്ണചരിതം മണിപ്രവാളം.)

'അകപ്പെടുക' എന്ന ശബ്ദത്തിനു കുരുക്കിൽ വീഴുക, കുടുങ്ങുക എന്നുള്ള അൎത്ഥമാണ് അധികമായി നടപ്പിലിരിക്കുന്നതു്. പ്രഥമദൃഷ്ട്യയിൽ ആശയം തോന്നിപ്പോകുന്നതു ആ അൎത്ഥംതന്നെ.

അകപ്പെട്ടുത്തുന്നു-കുടുക്കുന്നു, കുരുക്കിൽ വീഴിക്കുന്നു.

അകപ്പൊരുൾ-പു. ഉള്ളിലെ പൊരുൾ, ഉള്ളിലെ ദ്രവ്യം, സാക്ഷാലുള്ള അൎത്ഥം. ര. ദൈവം. പൊരുൾ എന്നതിനു-അൎത്ഥം, ഐശ്വൎയ്യം, ധനം, സാധനം എന്നീ അൎത്ഥങ്ങളും കാണുന്നു. എല്ലാററിന്റെയും അകത്തു സാരഭൂതമായും സൂക്ഷ്മാൎത്ഥമായും കിടക്കുന്നതുകൊണ്ട് അകപ്പൊരുൾ എന്ന പദത്തിനു 'ദൈവം' എന്ന അൎത്ഥംതന്നെ ഉത്തമം.

'അൎക്കാനലാദിവെളിവൊക്കെ ഗ്രഹിക്കുമാം
കണ്ണിന്നുകണ്ണു മനമാംകണ്ണതിന്നു [രു
കണ്ണായിരുന്ന പൊരുളാകുന്നൊരാത്മരൂ-
പാനന്ദമെന്നു ഹരിനാരായണായനമഃ'
(ഹരിനാമകീൎത്തനം)

'ഗ്രന്ഥങ്ങൾ നോക്കി വായിച്ചു പൊരുൾ പറ-
ഞ്ഞന്തരം കൂടാതെ കാലം കഴിക്കയും'
(ധ്രുവചരിതം തുള്ളൽ).

൩, തമിഴിലെ ഒരു ഗ്രന്ഥത്തിന്റെ പേർ

**അകബരൻ**-അക്ബർ (മുഗൾ) ചക്രവൎത്തി (സ്ഥലം-ഡൽഹി.)

'പ്രത്യാഹൃതാഃ പാൎത്ഥിവസമ്പദോ നവാഃ
പ്രപേദിരേ ചാകബരാം കുമാരകം'
(ആംഗലസാമ്രാജ്യം)

**അകബളിത**-വി. വിഴുങ്ങപ്പെട്ടതല്ലാത്ത.

**അകബളീകൃത** - വി. വിഴുങ്ങപ്പെട്ടതല്ലാത്ത.

**അകമടങ്ങുക**-മാനംമൎയ്യാദയോടെ അകത്തടങ്ങിയിരിക്കുക, മറവിലിരിക്കുക. (ചില ജാതിയിലുള്ള സ്ത്രീകൾ അകമടങ്ങിയിരിക്കുക പതിവാണ്.)

**അകമന**-വി. ൧. കാമിക്കു (ആഗ്രഹിക്കു)ന്ന ശീലമല്ലാത്ത. ൨. സൌന്ദൎയ്യമില്ലാന്ന. (മലയാളത്തിൽ) അകത്തെമന, അകത്തുള്ള മന.

**അകമനീയ**-വി. മനോഹരമല്ലാത്ത, ആഗ്രഹിക്കേണ്ടതല്ലാത്ത.

'കമലാകാന്തന്റെ കാരുണ്യശീലന്റെ
കമനീയാംഗന്റെ കാമസമാനന്റെ'
(പതിനാലുവൃത്തം)

**അകമല**-മലയാളത്തിൽ - അക+മല മലയിടുക്ക്, മലംപള്ളം, മലയടിവാരം, താഴ്വര.

കൊല്ലവൎഷം ആദ്യകാലംമുതൽ മലയാളഭാഷയിൽ നടപ്പുണ്ടായിരുന്ന വാക്കുകളിൽ അനേകം വാക്കുകൾ ഇപ്പോൾ മലയാളത്തിൽ നടപ്പില്ല. 'അകമല' എന്ന ശബ്ദം കൊല്ലവൎഷാരംഭത്തിൽ ഉണ്ടായ ഒരു ശിലാശാസനത്തിൽ കാണുന്നുണ്ട്.

'കംബവ്യാഴം കൎക്കടകം ഞായർ ൫-ാം തീയതി നമ്മുടയ കല്ലിക്കുങ്ങര ഇരുമൂർ ഭഗവതി തിരുമുമ്പെ വടക്കേനടയിൽ ശേഖരിവൎമ്മ (എന്ന) തെക്കനാഥൻ നാലു കൂറ വാഴ്ച്ചയും രണ്ടു തമ്പുരാട്ടിയും രണ്ടു പെൺവഴി അനന്തരവന്മാരും കൂർ നമ്പൂരിപ്പാട്ടും നാട്ടുകാരും രായരിനല്ലൂരക്കമരപുരവും നഗരക്കാരും യോഗക്കാരും കൊവ്വക്കമന്ദാടിയും രണ്ടു കൊടകത്താന്മാരും അറിയിക്കണം പാറയുടെകീഴെ ൧൪-ചേരിക്കിൽ ൨൪൨-കലം നെല്ലു വിതയ്ക്കാവുന്നു.) കൊട്ടപടി (എന്ന) നമ്മുടെ ഈ മൂർഭഗവതി ദേവസ്വം നിലവും ഉദയവും പറയും തൻകര(ക്കൂട്ടത്തകളങ്ങളും) ൪൨-ചേരിക്കൽ മലയകം ചെമ്പനമുതൽ കാച്ചനടവരെയും മലയകം അകമല പുറമല ചിറമല കീഴ്മല വരെയു (ഉള്ള) ൧൨൧൦ കലം (നെല്ലു വിതയ്ക്കാവുന്ന) ഉദയവും കല്ലും കാവേരിയും പുല്ലും ഭൂമിയും ഉള്ള നാൾവരെ മാന്യം വിട്ടു (കൊട്ടത്തിരിക്കുന്ന അതുകളിൽനിന്നുമുള്ള) വരുമാനംകൊണ്ടു പൂജ ഊട്ടു, പാട്ടു, പ്രജകൾ (ഇവയുടെ) ചിലവുകൾ ഏറവരികയും ഇല്ലാമൽ (നടത്തിക്കൊള്ളുകയും) വേണം. ഇതുകൂടാതെ ൪൧൧-നെല്ലു വിതയ്ക്കാവുന്ന നിലങ്ങളുടെ പാട്ടംകൊണ്ടു വിശേഷ അടിയന്തിരം നടക്കും (ഇവയ്ക്കു) ദോഷം ചെയ്യുന്നവൻ ഗംഗക്കരയിൽ ബ്രഹ്മഹത്തി ചെയ്യുന്ന ദോഷത്തിൽ പോകും വടക്കനാഥൻ വില്ലാദിനാഥൻ ഈ സാക്ഷികൾ അറിയാ' ഇതിൽ വരുമാനം, ഇല്ലാമൽ, മാന്യാവിട്ടു എന്ന തമിഴുവാക്കുകളും കല്ലും കാവേരിയും ഗംഗക്കരയിൽ ബ്രഹ്മഹത്തി എന്നിങ്ങനെയുള്ള പഴയ ഉപകാരം ചെയ്യുമ്പോൾ പറയുന്ന വാചകങ്ങളും അട

ങ്ങിട്ടുണ്ട്. ഇതിൻെറ തീയതി കൊല്ലം ഒരു അറിയുകയില്ലെങ്കിലും ഉറപ്പായും അറിയാം.

(മലയാളഭാഷാചരിത്രം)

(സംസ്കൃതത്തിൽ) അകമല-വി. കമലം (താമര) ഇല്ലാത്ത.

അകമലർ-മനസ്സ്. മനസ്സ്, മലർ (പുഷ്പം) പോലെയിരിക്കുന്നതിനാൽ അകമലർ എന്നു പറയുന്നു. മലരുക=വിടരുക, വികസിക്കുക, മനസ്സും വികസിക്കുമല്ലോ.

'വെളിവുമൊരു തെളിവുമവനകമലരിലില്ല വെണ്ണയും പാലും കവർന്നുഭുജിപ്പവൻ' [ടോ

(രാമാനുചരിതം ഓട്ടൻതുള്ളൽ)

അകമര-വി. ആഗ്രഹമില്ലാത്ത.

അകമലരി-മസൂരിയിൽ ഒരിനം.

അകമിതാവ്-പു. കാമമില്ലാത്തവൻ. ഉ. കമിതാവ് (ഭർത്താവ്) അല്ലാത്തവൻ.

അകമിത്രി-കാമമില്ലാത്തവൾ, ആഗ്രഹമില്ലാത്തവൾ.

അകമുണ്ടി-കുട്ടികൾക്കു പതിനാറു വയസ്സിനു മുമ്പുണ്ടാകുന്ന അമ്പത്താറുവിധം കരപ്പനിൽ ഒന്ന്. പതിനേഴാം ഇടയിട്ടു പനിയ്ക്കും. അകവും സ്വരവും അടയ്ക്കും. ബോധക്കേടുണ്ടാകും. വായ്, കണ്ണ്, മലദ്വാരം സപ്തധാതുക്കൾ ഇവയിൽ നിന്നു രക്തംപോലെ പുറപ്പെടും ഈ ലക്ഷണങ്ങൾ കണ്ടാൽ പന്ത്രണ്ടു ദിവസത്തിനകം മരിക്കും. അതിനു മുമ്പിൽ ചികിത്സിക്കുക നന്ന്.

അകമേ-പ്ര. മനസ്സിൽ. ഉ. അകത്ത്

'നിന്നഴല്ലുമൂലംകലിവന്നകാമവാഴുന്നവൻ'

(നളചരിതം കഥകളി)

'അളിവസം പുനരങ്ങുവെളിപ്പി-
ന്നകമേസുഖമെഴുന്നറവ കളിച്ചു'

(പ്രദോഷമാഹാത്മ്യം ഓട്ടൻതുള്ളൽ)

അകമ്ര-വി. കമ്രം അല്ലാത്തത്. കമ്രം=മനോഹരം.

'ഫലഭരണനമ്രാ ബകുളപനസാമ്രാ
മധുരതരമാമ്രാതകചാറകകമ്രാ
കചഭരണനമ്രാ മമതരണി താമ്രാ-
ധരിയെവിടെലീനാ പരമശിവശംഭോ'

(രാമായണം ഇരുപത്തിനാലുവൃത്തം)

അകമ്പടി-സേവകവൃത്തി, മെയ്കാവൽ, മറ്റൊരാളുടെ ശരീരം കാക്കുക, കൊട്ടാരത്തിലേയും പള്ളിക്കെട്ടുകളിലേയും പടി (ശമ്പളം).

'എന്നോമലാൾക്കരമനസ്സു വരുന്നതിനു വന്നെത്തുമാളുകളകമ്പടിയോട്ടമെന്ന്'

(മലയാളശാകുന്തളം)

'കെല്പും പദവിയും പെരുത്തം കല്പനാ-
ശക്തിയുമെങ്ങു കളഞ്ഞു സുയോധന
ഒററക്കടപ്രൗഢി പച്ചത്തഴക്കൊടി
കുറവമകമ്പടിയും വെടിയും നട-
വട്ടത്തിൽനിന്നാലവട്ടങ്ങൾ വീശുന്ന
വട്ടണിക്കൊങ്കമാരിപ്പോഴങ്ങെങ്ങുള്ളൂ'

(ദുര്യോധനവധം തുള്ളൽ)

അകമ്പടികാര്യക്കാരൻ – അകമ്പടിക്കാരിൽ പ്രധാനി, സേവകവൃത്തി ചെയ്യുന്നവരിൽ മുഖ്യൻ.

അകമ്പടിക്കാരൻ-സേവകവൃത്തി ചെയ്യുന്നവൻ.

അകമ്പടിജനം-പു. സേവകവൃത്തിചെയ്യുന്നവൻ, അകമ്പടിക്കാരൻ. ഉ. കോഴിക്കോട് മുതലായ സ്ഥലങ്ങളിലും മററു ചില നായന്മാർക്കുള്ള സ്ഥാനപ്പേർ.

അകമ്പടിനടത്തുന്നു- സേവകവൃത്തിനടത്തുന്നു.

'മരിച്ച പടജ്ജനവുമായി
പിടിച്ചുകളിയകമ്പടികൾ
നടത്തി കടരഴപിടിപ്പി-
ച്ചുരിച്ചുരചിപ്പറിയിൽ പുക്ക'

(രാമായണം ഇരുപത്തിനാലുവൃത്തം)

അകമ്പൻ-പു. ഒരു രാക്ഷസൻ.

'കാമൻ നികാമനകമ്പനെന്നുമുള്ളോര
വമ്പടമമ്പോം നിലിമ്പാരിവൃന്ദവും'

(കല്യാണസൗഗന്ധികം തുള്ളൽ)

ഇങ്ങനെ ഒരുവനെ കാണുന്നില്ല. നമ്പ്യാരിപ്രകാരം പറയുകയും ചെയ്യുന്നു.

അകമ്പനൻ ഉണ്ടു്. ആ അകമ്പനൻ ആയിരിക്കാം ഈ അകമ്പൻ.
൨. നിശ്ചലൻ.

**അകമ്പന**-വി. ഇളക്കമില്ലാത്ത (കമ്പനം=ഇളക്കം.)

'ശ്രുത്വാതി നിശമ്യ ദശകണ്ഠനതിവേലം
കമ്പനമിയന്നു ജനതാപി ഹരിരാമ'
(രാമായണം ഇരുപത്തിനാലുവൃത്തം)

**അകമ്പനൻ**-ഒരു രാക്ഷസൻ. അകമ്പനൻ എന്ന പേരായിട്ടു രണ്ടു രാക്ഷസന്മാരെ കാണുന്നു.

'വായുതനയനോടേററവനംനിജ-
കായംവെടിഞ്ഞുകാലാലയംമേവിനാൻ'

എന്നതുകൊണ്ടു ഒരാളെ ഹനുമാൻ കൊന്നതായും,

'കമ്പനാകമ്പനപ്രമുഖേഷു
ബാലിസുതേനപ്രമാപിതേഷു'

എന്നതുകൊണ്ടു മററൊരാളെ അംഗദൻ കൊന്നതായും വെളിവാകുന്നു

'അണ്ണയാക്കി അകമ്പനൻ മെയ്യെല്ലാം'
(രാമചരിതം)

**അകമ്പിത**-വി. കമ്പിത (ഇളക്കപ്പെട്ടത) ല്ലാത്ത, ഇളകുന്നതല്ലാത്ത, ഇളകിയതല്ലാത്ത).

'ഝടിതികടുകോപിയം ഗന്ധവാഹാത്മജൻ
കഠിനമലറിസ്സോടം കമ്പിതാശാമുഖൻ'
(പതിനാലുവൃത്തം)

**അകമ്പുറം**-൧. വിവേകം. ൨. അകത്തുള്ളതും പുറത്തുള്ളതും, അകവും പുറവും

'ഒട്ടുമകമ്പുറമില്ലാത്തൊരുത്തിയാ-
യഷ്ടിനില്പുനിനക്കെന്നറിയാം'
(ഘോഷയാത്ര ഓട്ടൻതുള്ളൽ)

'എട്ടുനാളിനകംപുറം ചില
ചട്ടമൊന്നു പകർന്നുപോം.'
(പതിനാലുവൃത്തം)

**അകമ്പുറം അറിയുക**-തിരിച്ചറിയുക.

**അകമ്പുറം ചെയ്ക**-ചതിചെയ്ക.

**അകമ്പുകുക**-അകത്തു പ്രവേശിക്കുക.

'വലിയവനമകം പുകുമളവിൽ
വലിയ ചിലനിനദംകേട്ടു'
(രാമായണം ഇരുപത്തിനാലുവൃത്തം)

**അകംപ്ര**-വി. ഇളക്കമില്ലാത്ത

**അകര**-വി. ൧. കരം (കൈ) ഇല്ലാത്ത. ൨. കരം (രശ്മി) ഇല്ലാത്ത. ൩. കരം (നികുതി) ഇല്ലാത്ത. കരമൊഴിവായുള്ള. ൪. പ്രകാശമില്ലാത്ത, ശോഭയില്ലാത്ത. ൫. പ്രവർത്തിക്കാത്ത.

**അകരജ**-വി ൧. കൈയിൽ നിന്നുണ്ടാകാത്ത. ൨. രശ്മിയിൽ നിന്നുണ്ടാകാത്ത.

**അകരം**-ബ്രാഹ്മണന്റെ ഭവനം, അല്ലെങ്കിൽ ഭവനങ്ങൾ. അഗാരം എന്നതിനു (സംസ്കൃതത്തിൽ) വീടു്, ഗൃഹം, ഭവനം, പട്ടണം എന്നിങ്ങനെ അർത്ഥങ്ങൾ കാണുന്നു. അഗാരം ആയിരിക്കാം അകരമായതു്.

**അകരണം**-൧. പ്രവൃത്തി ചെയ്യായ്ക, ൨. നിവൃത്തി (പ്രവൃത്തിക്കു വിപരീതമായ ഗതി.)

**അകരണൻ**-പരമാത്മാവു്. യാതൊരു കരണവും (ക്രിയയും) ഇല്ലാത്തവൻ.

**അകരണി**-൧. തോൽവി, കരണം(ക്രിയ) കൂടാതിരിക്കുക. ൨. തെററു്, നാശം മുടിവു്. അകരണിശബ്ദം ശാപത്തിലാണു് അധികമായി പ്രയോഗിക്കുക.

'അകരണിരിത്യാക്രോശേ' എന്നമരം. ആദിശബ്ദം 'അജീവനി' 'അജനനി' ഇത്യാദികളെ കാണിക്കുന്നു. ആ ലോപകഥമകരണിർനലജ്ജാസ അജീവൻസ്നേഹം ഭ്രയാൽ'-എടാ പാപി നീ ഒന്നും ചെയ്യാത്തതുകൊണ്ടു എങ്ങനെ ലജ്ജിക്കുന്നില. നിന്നെക്കാളേറെവർ പലതും ചെയ്തു ചെന്ന് കളങ്കങ്ങൾക്കു ഒരു ദോഷിയിൽ താൽപര്യത്തോടെ ഉദ്യമിക്കുമ്പോൾ അവരാൽ ഒരാൾ ഒന്നും ചെയ്യാതിരുന്നാൽ ആ ഇരിപ്പു് അവനു ലജ്ജയെ ഉണ്ടാക്കും, നിനക്കു ലജ്ജയാതൊന്നു

ന്നില്ല; നീ അത്ര പാപിയാണ്, എന്നു താൽപര്യം. ഇതിൽ നിന്ദ അന്തർഭവിച്ചിരിക്കുന്നു.

അകരണീയ—ചെയ്യരുതാത്തതു്; അകാര്യം.

അകരണി—ചൊല്ലി. 'സേവനാൽ അകരണി' സേവനംകൊണ്ടു ദുഃഖത്തെ ഇല്ലാതാക്കുന്നതു്; കല്ലിക്ക എന്നു താൽപര്യം.

അകരുണൻ—കരുണ (കൃപ) യില്ലാത്തവൻ, മനഃകാഠിന്യമുള്ളവൻ, നിർദ്ദയൻ.

'കരുണാചിത്തന്മാരാം ധരണീസുരവൃന്ദ—
ചരണാംഭോജഹത്യയെസ്മരണം പ്രാപിക്കുന്നേ
(സംഭവം) [ൻ'

അകലുഷ—വി. കലുഷതതല്ലാത്ത.

അകർക്കര—വി. കടുപ്പമില്ലാത്ത.

അകർക്കശ—വി. കടുപ്പം ഇല്ലാത്ത, മൃദുവായ. (കർക്കശം = കടുപ്പം.)

'കർക്കശമാനസ നിൻതല നമ്മുടെ
ചക്രംകൊണ്ടു മുറിച്ചുവിടുന്നേൻ'
(കൃഷ്ണാർജ്ജുനവിജയം തുള്ളൽ)

അകർണ്ണ—വി. ചെവിയില്ലാത്ത, ചെവി കേൾക്കാത്ത.

അകർണ്ണം—പാമ്പ്. കർണ്ണങ്ങളില്ലാത്തതു്. സർപ്പം കണ്ണുകൊണ്ടുതന്നെയാണ് കേൾക്കുന്നതും. "ചക്ഷുശ്രവസ്സ്" = സർപ്പം.

അകർണ്ണ്യ—വി. ചെവിക്കയോഗ്യമല്ലാത്ത.

അകർത്തന—വി. ഉയരമില്ലാത്ത, പൊക്കമില്ലാത്ത.

അകർത്തവ്യ—വി ചെയ്യാൻ പാടില്ലാത്ത, ചെയ്യപ്പെടേണ്ടതല്ലാത്ത, കരണത്തിനു (പ്രവൃത്തിക്കു) യോഗ്യതയില്ലാത്ത.

അകർത്തൃ—വി. പ്രവൃത്തിയില്ലാത്ത. (അകർത്താ, അകർത്രി, അകർത്തൃ).

അകർത്തൃത്വം—അധികാരമില്ലായ്ക.

അകർദ്ദമം—പു. അഴുക്കില്ലാത്തതു്, ചളിയില്ലാത്തതു്. വ. മാംസമല്ലാത്തതു്. ന. പാപമല്ലാത്തതു്.

അകർബ്ബുര—വി. പല നിറമല്ലാത്ത

അകർമ്മാ—ന്ന കർമ്മ (പ്രവൃത്തി) ഇല്ലായ്ക. വ. അകൃത്യം, കുറ്റം. ന. (വ്യാകരണത്തിൽ) കർത്താവ് ക്രിയയുടെ ഫലത്തെ ഏതിൽ ചേർക്കുന്നതിനാഗ്രഹിക്കുന്നുവോ ആ കാരകത്തിനു കർമ്മം എന്നു പേർ. അങ്ങിനെയുള്ള കർമ്മം ഇല്ലായ്ക. ര. കർമ്മം (മുഖ്യം) ഇല്ലായ്ക.

അകർമ്മക—വി. കർമ്മം (പ്രവൃത്തി) ഒന്നുമില്ലാത്ത, കർമ്മമൊന്നും ചെയ്യാത്ത.

അകർമ്മകരൻ—അകൃത്യം ചെയ്യുന്നവൻ, (കർമ്മകരൻ = കൂലിക്കാരൻ, ഭൃത്യൻ—അങ്ങനെ അല്ലാത്തവൻ അകർമ്മകരൻ).

അകർമ്മകൃത്ത്—അകൃത്യം ചെയ്യുന്നവൻ.

അകർമ്മ(ക)ക്രിയ—(വ്യാകരണത്തിൽ) ഇന്ന തരപ്രകാരം ഇരിക്കുന്നു എന്നുള്ള സ്ഥിതിയെക്കുറിക്കുന്നതു്, കർമ്മത്തോടുകൂടാത്തതു്. ഉ—ം, ഉറങ്ങുക, നടക്കുക മുതലായവ.

അകർമ്മഠ—വി. വേലയിൽ മിടുക്കില്ലാത്ത, ജോലിയിൽ താൽപര്യമില്ലാത്ത.

അകർമ്മണ്യ—വി. ജോലിയിൽ താൽപര്യമില്ലാത്ത, ഉത്സാഹമില്ലാത്ത.

അകർമ്മണ്യം—ഉത്സാഹമില്ലായ്ക, മിടുക്കില്ലായ്ക, സാമർത്ഥ്യമില്ലായ്ക.

അകർമ്മശീല—വി. കർമ്മങ്ങൾ (പ്രവൃത്തികൾ) ചെയ്യുന്ന ശീലമില്ലാത്ത.

അകർമ്മശൂര—വി. വേലചെയ്വാൻ സാമർത്ഥ്യമില്ലാത്ത, ജോലിയിൽ ഉത്സാഹമില്ലാത്ത.

അകർമ്മക്ഷമ—വി. ജോലിചെയ്യുന്നതിനു ശക്തിയില്ലാത്ത, പ്രവൃത്തിക്കു ശക്തിയില്ലാത്ത.

അകർമ്മാർഹ—വി. പ്രവൃത്തിക്കു യോഗ്യമല്ലാത്ത, കർമ്മത്തിനു യോഗ്യമല്ലാത്ത.

അകർശന—വി. മെലിപ്പിക്കാത്ത, ക്ഷീണപ്പെടുത്താത്ത.

അകർശിത—വി. മെലിഞ്ഞതല്ലാത്ത.

അകർഷക—വി. കൃഷിചെയ്യുന്നതല്ലാത്ത.

**അകഷിത**- വി. ൧. മുറിക്കപ്പെടാത്ത. ൨. മുറിപ്പെട്ടതല്ലാത്ത. ൩. വധിക്കപ്പെട്ടതല്ലാത്ത.

**അകൽ(ല്)**-മണ്ണുകൊണ്ടുള്ള ഒരുവിധം മുരണ്ട വിളക്ക്-(ദേശ്യപദം)

**അകല**-വി. കലകൾ (അംശങ്ങൾ)ഇല്ലാത്ത. ലകാര ളകാരങ്ങൾക്ക സംസ്കൃതത്തിൽ ഭേദമില്ല. 'ലളയോരഭേദഃ' എന്നുണ്ടല്ലൊ. ഈശ്വരനെ അകളൻ, നിഷ്കളൻ, സകളൻ എന്നിങ്ങനെ പറയുന്നു. അകലൻ (അകളൻ), നിഷ്കലൻ (നിഷ്കളൻ)=കലകൾ (അംശങ്ങൾ) ഇല്ലാത്തവൻ. സകലൻ (സകളൻ)=അംശങ്ങൾ ഉള്ളവൻ. ഈശ്വരനെ സകളനായും സങ്കല്പിക്കാറുണ്ട്.

'സകളനപിചനിഷ്കളൻ ഹരേ നീ'
(ശ്രീകൃഷ്ണചരിതം)

**അകലം**-൧. ദൂരം. ൨. വീതി. അകന്നിരിക്കുന്നത്-അകലം. ഇതു സംസ്കൃതപദമല്ല.

'ഒരു നൂറു യോജനയു-
മകലം ലങ്കയിൽ ചെല്ലുവാൻ'
(ലങ്കാമർദ്ദനം ഓട്ടൻതുള്ളൽ)

'അകിലുമരംകൊണ്ടഖിലം തീർത്തു
അകലം നീളവുമളവില്ലേതും'
(സ്യമന്തകം ഓട്ടൻതുള്ളൽ)

**അകലവേ**-ദൂരത്ത്. 'അകല' എന്ന കവിൽക്രിയാരൂപത്തോട് 'ഏ' എന്ന നിപാതം ചേർന്നുണ്ടായ രൂപം.

'ഉദാക്കമം ശാപമൂലംസ്മൃതിമറയുകയാൽ
വല്ലഭൻ നിന്നെയന്നാൾ
കൈക്കൊണ്ടില്ലിന്നപിന്നെക്കലുഷമകലവേ
സാദരം സ്വീകരിച്ചു'
(മലയാളശാകുന്തളം)

**അകലഹം**-ശണ്ഠയില്ലായ്മ. (കലഹം=ശണ്ഠ).

'കമലമുഖിചാരു ഹരിണമിത വാവാ
കലഹമിഹപോരാ പരമശിവശംഭോ'
(രാമായണം ഇരുപത്തിനാലുവൃത്തം)

**അകലിക്ക**-അകലത്താക്കുക, ദൂരത്താക്കുക. അകലുക എന്ന കേവലക്രിയയുടെ പ്രയോജകക്രിയ(ഈ പ്രയോഗം ചുരുക്കം).

**അകലിത**-വി. ൧. എണ്ണപ്പെട്ടതല്ലാത്ത. ൨. സമ്പാദിക്കപ്പെട്ടതല്ലാത്ത. ൩. കെട്ടപ്പെട്ടതല്ലാത്ത. ൪. അറിയപ്പെട്ടതല്ലാത്ത.

'കലിതരുചിഗഗനതൂവി കാരണമെന്തെടോ
കാരുണ്യവാരാന്നിധേ കപികുഞ്ജര'
(അദ്ധ്യാത്മരാമായണം സുന്ദര)

**അകലിലം**-പ്രവേശിക്കപ്പെട്ടവൻ പ്രയാസമല്ലാത്ത.

**അകലുക**-൧. ദൂരത്താക. ൨. ഇല്ലാതാക. 'അകൽ' എന്ന ധാതുവിനോട് 'ഉക' ചേർന്ന് 'അകലുക' എന്നായി. അകലുക എന്ന കേവലക്രിയയുടെ പ്രയോജകപ്രകൃതി 'അകററുക' എന്നാണ്, 'അകലിക്ക' എന്നുമുണ്ട്. പക്ഷേ ആ ശബ്ദം പ്രയോഗിക്കുക ചുരുക്കം. അകലുന്ന എന്നതിന്റെ ഭൂതകാലം=അകന്നു.

'ശാപമകന്നവളുമുടൻചാരുസ്മിതമധുരമുഖി'
(രാമായണം ഇരുപത്തിനാലുവൃത്തം)

**അകലുഷ**-൧. പാപമില്ലാത്ത. ൨. കലങ്ങിയ സ്ഥിതിയില്ലാത്ത, കലങ്ങൽ(കലക്കൽ) ഇല്ലാത്ത. [കള്ള

'കലുഷതകൾ കളവിനിഹ രാക്ഷസസ്ത്രീ
കണ്ടുകൊള്ളാമിതു സത്യമത്രേ ദൃഢം'
'കലുഷമനവധിയധിതിചെയ്തിതെന്നാകി
കാരുണ്യമീവണ്ണമില്ല മറ്റൊക്കുമേ' [ല്ലം
(രാമായണം സുന്ദരകാണ്ഡം)

**അകലുഷിത**-കലങ്ങിയതല്ലാത്ത, കലക്കപ്പെട്ടതല്ലാത്ത.

'ലോകനാഥൻ തുനാൾശകുന്തള പിരി-
ഞ്ഞെന്നോർത്തുഹൃത്തുത്സുകം
ഉൾക്കാഞ്ഞു ശോകഭാരം കലുഷിതം
ഭാവം ജഡം ചിന്തയാൽ'
(മലയാളശാകുന്തളം)

**അകലേ**-ദൂരത്ത്. അകല എന്നതിനോട് 'ഏ' ചേർന്ന് 'ല' എന്നതിലെ അകാരം

ലോപിച്ച സന്ധിയിൽ 'അകാലേ' എന്നായതാണ്.

'കോകീവാത്താ പ്രിയവിരഹിതാ
കോമളാംഗീ തമാനീ-
മേകീഭൂതാം സഖികളകലെ-
ച്ചേന്നുറങ്ങുന്നനേരം'
(മയൂരസന്ദേശം)

'ഏതെങ്കിലും ഒരുമിച്ചു വന്നവരെ ചെന്നുകണ്ടു ആശ്രമത്തിൽനിന്നും അധികം അകലെയല്ലാതെ ഒരെടത്തു നിറുത്താം'
(അഭിജ്ഞാനശാകുന്തളം)

അകല്ക്ക-വി. ൧. കല്ക്കം (അശുദ്ധി) ഇല്ലാത്ത. ൨. എണ്ണ വെളിച്ചെണ്ണ മുതലായതിന്റെ മട്ടു (ഊറൽ) ഇല്ലാത്ത. ൩. പാപം ഇല്ലാത്ത. ൪. മരുന്നരച്ചുമാറുമുണ്ടാകുന്ന കല്ക്കം എന്ന (വസ്തു) ഇല്ലാത്ത (അല്ലാത്ത.) ൫. തെളിവുള്ള.

അകല്ക്ക-നിലാവ്. നിർമ്മലമായതു (കല്കമില്ലാത്തതു)കൊണ്ടു ഈ പേരുണ്ടായി.

അകല്ക്കത-ആർജ്ജവം, സത്യം, നിർമ്മലത.

അകല്ക്കന-വി. വിനയമുള്ള, മനസ്സിൽ ഗർവമായ ദോഷം ഇല്ലാത്ത, പാപമില്ലാത്ത.

'അകല്ക്കനോ നിരാരംഭഃ'
(ഭഗവദ്ഗീത)

അകൽക, അകലുക-ദൂരത്താക. 'അകൽക' എന്ന രൂപം തമിഴിൽ ധാരാളമുണ്ട്. മലയാളത്തിൽ അപൂർവം. 'പറഞ്ഞുകൊൾക 'ചെയ്തുകൊൾക' എന്നിങ്ങനെ കാണുന്നുമുണ്ടു. 'അകൽക' എന്നു പ്രയോഗിക്കാതെയിരിക്ക നന്ന്.

അകല്ച-അകന്നിരിക്കുന്ന സ്ഥിതി, വിട്ടു്, വേർപാട്, ദൂരത്താക 'അകൽ' എന്നതിനോടു 'ച' എന്ന പ്രത്യയം ചേർന്നുണ്ടായതു്.

(കേരളപാണിനീയം സൂത്രം ൨൪൯)

'അകല്ച ചാണക്യനമൌത്സുക്യനോടൊരു
(ചാണക്യസൂത്രം) [ളികയുണ്ടു'

'ശകടം പഞ്ചഹസ്തേഷു
ദശഹസ്തേഷു വാജിനം
ഹസ്തിം ഹസ്തസഹസ്രേഷു
ദുർജ്ജനം ദൂരതസ്ത്യജേൽ'

എന്നതനുസരിച്ചു ചാടിനു് അഞ്ചും, കുതിരയ്ക്കു പത്തും, ആനയ്ക്കു് ആയിരവും, ദുർജ്ജനത്തിനു് അനവധിയും കോൽ അകന്നു നില്ക്കണം.

അകല്ചകൾ താഴെ വിവരിക്കുന്ന വണ്ണം നാലുവിധമുണ്ടെന്നും കാണുന്നു.

൧. ആനയ്ക്കു് ആയിരംകോൽ ൨. കുതിരയ്ക്കു നൂറുകോൽ. ൩. ൧൦൦ കൊമ്പുള്ളവയ്ക്കു പത്തുകോൽ. ൪. ദുഷ്ടന്മാർക്കു് അളവററ കോൽ.

അകല്പ-വി. ൧. സാദൃശ്യം തുല്യത ഇല്ലാത്ത. ൨. ബലക്കുറവുള്ള. ൩. തടുക്കരുതാത്ത.

അകല്പിത-വി. ൧. കല്പിക്കപ്പെട്ടതല്ലാത്ത, ഉണ്ടാക്കപ്പെട്ടതല്ലാത്ത. ൨. ഉപദേശിക്കപ്പെട്ടതല്ലാത്ത. ൩. നിശ്ചയിക്കപ്പെട്ടതല്ലാത്ത. ൪. വിചാരിക്കപ്പെട്ടതല്ലാത്ത.

'കമ്പിൽകല്പിതവല്കലസ്യ ച തദാ-
മൂലേ ചികിത്സ്യാമ്യഹം'
(അഭിജ്ഞാനശാകുന്തളം)

ഇവിടെ കല്പിതശബ്ദത്തിനു 'മുറുക്കപ്പെട്ട' എന്നർത്ഥം.

അകല്മഷ-വി. കല്മഷം (പാപം) ഇല്ലാത്ത, മാലിന്യമില്ലാത്ത, അഴുക്കില്ലാത്ത.

'കാലകല്മഷഹീനനായ മകനെ-
പ്പോററുന്ന പ്രാചീനാൽ
ബാലേ നീമമ വിപ്രയോഗകൃതമാം
മാലദ്ദമാലാചിയാ'
(അഭിജ്ഞാനശാകുന്തളം)

അകല്മാഷൻ-൪-ാമത്തെ മനുവിന്റെ ഒരു മകൻ.

അകല്യ-വി. ൧. കലാവിദ്യകളിൽ നൈപുണ്യമില്ലാത്ത. ൨. രോഗമുള്ള.

൩. വിരുദ്ധവ്യുൽപത്തിയില്ലാത്ത. ൪. നിർവ്യാജമായ. ൫. സന്തോഷത്തെ നൽകുന്ന സ്ഥിതിയല്ലാത്ത. ൬. ശുഭമല്ലാത്ത. ൭. ഉത്തമയല്ലാത്ത. ൮. തയാറല്ലാത്ത. (കല്യ=കുശലിനി, ശുഭവതി).

'കല്യാ ദൈവാൽ കഥമപി സമുൻ-
മീലിതസ്വാന്തശല്യാ'

'കല്യൻ ഷണ്ഡപ്രവരനൊരുവൻ
കാന്തയൌരേയനാരാൽ'
(മയൂരസന്ദേശം)

'ഉൽക്കർഷാൽ തന്മടരെപ്പരം വിറപ്പി-
ച്ചക്കല്യൻ നൃപനുടെ മട്ടിലംഗമിച്ചു'
(രുഗ്മാംഗദചരിതം മഹാകാവ്യം)

അകല്യാണ-വി. കല്യാണം (ശുഭം) ഇല്ലാത്ത. കല്യാണം എന്ന പദത്തിനു ഭാഷയിൽ 'വിവാഹം' എന്നു് അർത്ഥം നടപ്പായിരിക്കുന്നു. സംസ്കൃതത്തിൽ ഈ ശബ്ദത്തിനു 'വിവാഹം' എന്നർത്ഥമില്ല.

'ശ്വഃശ്രേയസം ശിവം ഭദ്രം
കല്യാണം മംഗളം ശുഭം
ഭാവുകം ഭവികം ഭവ്യം
കുശലം ക്ഷേമമസ്ത്രിയാം
ശസ്തം ചാഥ ത്രിഷു ദ്രവ്യേ
പാപപുണ്യസുഖാദി ച'

എന്നു് അമരം ഉള്ളതുകൊണ്ടു സ്പഷ്ടമാകുന്നു. കല്യാണം രോഗമില്ലായ്മയെ പ്രാപിപ്പിക്കുന്നതു് എന്നു വ്യുൽപത്തി. 'കല്യാണം' എന്നതിനു വിവാഹസംബന്ധമായ അർത്ഥം ഇല്ല. ശുഭാവസരമായതുകൊണ്ടു വിവാഹത്തിനു 'കല്യാണം' എന്നു ഭാഷയിൽ അർത്ഥം വന്നുകൂടിയതായിരിക്കണം. ഇതു ധാരാളം നടപ്പിൽ വന്നുപോയതുകൊണ്ടു സാധു തന്നെ. 'സുന്ദരീകല്യാണം' 'ഉഷാകല്യാണം' 'ലക്ഷ്മീകല്യാണം' മുതലായവ നോക്കുക. 'കല്യാണം' ശുഭമെന്നതിനു ഉ-ം,

'കല്യാണാംഗി ക്ഷതികഠിനമാ-
ല്ലോലവം പിണഞ്ഞു'
(മയൂരസന്ദേശം)

'കല്യാണശീല നൃപമൌലപാത്രം[ന്നം'
ലഭിച്ചോരുമന്ത്രം,കേട്ടുവാഴ്ത്തുന്നപലരുംവേ
(കിർമ്മീരവധം കഥകളി)

വിവാഹം എന്നതിനു ഉ-ം,

'മുല്ലാട്ട ഭൈമീജ്ഞവരം വരത്തി-
ക്കപ്പിച്ച കല്യാണദിനം തദാനീം'
(ഭാഷാനൈഷധചമ്പു)

ഈ 'കല്യാണദിനത്തിനു ശുഭദിവസമെന്നും അർത്ഥം വരാമെന്നുള്ളതിനാൽ ഒരുദാഹരണംകൂടി ചേർക്കുന്നു:—

'കല്യാണക്കോപ്പിവണ്ണംകനിവിനൊടുവി-
ദർഭക്ഷമാപാലരത്നം'

'കല്യാത്മാതിഥ്യ വ്യൂഢപീതിലകപരിവൃഢ-
പ്രൌഢിമാനേത്തുമാരാൽ'
(ഭാഷാനൈഷധചമ്പു)

അകല്യാണി-കല്യാണി അല്ലാത്തവൾ, നന്മയില്ലാത്തവൾ.

അകല്ലോല-വി. വിരോധമില്ലാത്ത, ശത്രുതയില്ലാത്ത.

അകവ-വി. വർണ്ണിക്കത്തക്കതല്ലാത്ത.
'അകവാമഹോഭിഃ' (വേദം)

അകവലിവു്-ഉൾവലിവു്, അകത്തോട്ടുള്ള വലിവു്. ആററിൻെറയും മററും അരികിൽ ചിലടത്തു മേല്പോട്ടുള്ള ഒഴുക്കു്, അടിയിൽകൂടിയുള്ള വലിവു്.

അകവാരം-ഉൾഭാഗം, അന്തർഭാഗം.

അകവാൾ-മനുഷ്യരുടെഉപദ്രവവിശേഷം

അകവീപ്പു്-ബാലന്മാർക്കു പതിനാലുവയസ്സിനകത്തു ഉണ്ടാകുന്ന അമ്പത്തൊരുവിധം കരപ്പനിൽ ഒന്നു്. പനി, ഇക്കിൾ, സഞ്ചാരം ഇവയുണ്ടാകും. അകാന്റാത്തു നീരവീഴ്ചയും, കണ്ണിമി മേപ്പോളയിൽ മറയും, ദാഹം വർദ്ധിക്കും, വിളമ്പിക്കാരയും, അപ്പഴപ്പോൾ ഞെട്ടുകയും ചെയ്യും ഇത്യാദിയത്രെ ലക്ഷണങ്ങൾ.

അകവി-വി. ബുദ്ധിയില്ലാത്ത, ജ്ഞാനമില്ലാത്ത.

അകവില-നി. വില. അകത്തു (കമ്പോളത്തിൽ) നടപ്പുള്ള വില.

അകവോഷ്ണ-വി. കവോഷ്ണം (അല്പമായ ചൂട്) അല്ലാത്ത.

അകശ്മല-വി. അഴുക്കില്ലാത്ത, മുഷിഞ്ഞതല്ലാത്ത, ലജ്ജയെ ഉണ്ടാക്കുന്നതല്ലാത്ത

'ഒരുവസ്തുതിരിയാത്ത കശ്മലന്മാരിവരല്ലോ'
(നാളായണീചരിതം തുള്ളൽ)

അകശ്ശീല- ഉരശ്ശില, അകത്തേശില, ഉരത്തുണി.

അകഷായ-വി. ൧. ചവൎപ്പുരസമല്ലാത്ത. ൨. ചെമപ്പുനിറമല്ലാത്ത.

അകസ്മാൽ-അകാരണമായി, കാരണം കൂടാതെ, പെട്ടെന്നു്. ഇതു സംസ്കൃതത്തിലെ 'അകസ്മാത്' എന്ന ശബ്ദമാണ്; ബലാത് = ബലാൽ ഇത്യാദി നോക്കുക.

'കല്യാണാംഗീ കതിപയപദാ-
ന്യേവ പോയിട്ടകസ്മാൽ'
(അഭിജ്ഞാനശാകുന്തളം)

അകളങ്ക-വി. കളങ്കം (കറ) ഇല്ലാത്ത, കറവില്ലാത്ത, മാലിന്യമില്ലാത്ത.

'ശുഷ്കപത്രനടുവേ വിലസീടും
നിഷ്കളങ്കതളിരെന്നതുപോലെ'
(അഭിജ്ഞാനശാകുന്തളം)

അകളങ്കിത-വി. കളങ്കിതമല്ലാത്ത. (കളങ്കിതം=കളങ്കമുള്ളതു്).

'തിങ്കൾതന്നുടെ കളങ്കിതാങ്കമുടൽ
ശങ്കരന്റെ ഗളമണ്ഡലം'
(ഭാഷാഭൂഷണം)

അകറ്റുക-ദൂരത്താക്കുക. അകലുക എന്ന കേവലക്രിയയുടെ പ്രയോജകക്രിയ; 'അകറ്റിക്ക' എന്നപ്രയോഗം വളരെ ചുരുക്കം.

'സന്താപാന്തർദ്ധുമമാഴിയക-
റ്റീട്ടഭീഷ്ടങ്ങളെല്ലാം
സന്താനന്താനടിമേൽപ്പണി-
ഞ്ഞീടുവോൎക്കേകിടുന്നു'
(മയൂരസന്ദേശം)

'സന്താപമേകാന്തമകറ്റുവാനും
ചെന്താർശരൻതാനൊരുഹേതുവായി'
(മലയാളശാകുന്തളം)

'പങ്കജാസനനെബ്ഭജിച്ചുവര-
ങ്ങളൊക്കെവരിക്കണം
പങ്കമാശുകളഞ്ഞുനമ്മുടെ
സങ്കടങ്ങളകറ്റണം.
(ത്രിപുരദഹനം തുള്ളൽ)

രണ്ടുവസ്തുക്കൾ ഒന്നിച്ചു തൊട്ടിരിക്കുകയോ വളരെ അടുത്തിരിക്കുകയോ ചെയ്താൽ അവയെ വേർപെടുത്തി ഇടയുണ്ടാക്കുന്നതിനും 'അകറ്റുക' എന്നു പറയാറുണ്ട്.

അകാ-വീട്ടിനകം.

അകാകുക-വി. ൧. ഭീതിയില്ലാത്ത. ൨. നഗ്നമല്ലാത്ത.

അകാചിത-ഉറിയിൽതൂക്കപ്പെട്ടതല്ലാത്ത.

അകാണ്ഡ-വി. പെട്ടെന്നുണ്ടായ, കാണ്ഡം (തടിയായ ഭാഗം) ഇല്ലാത്ത.

അകാണ്ഡജാത-വി. പെട്ടെന്നുണ്ടായ.

അകാണ്ഡപാതം-യാദൃച്ഛികമായ സംഭവം. അകാണ്ഡമായി (പൊടുന്നനെ) പതിച്ചതു് (ഉണ്ടായതു്).

അകാണ്ഡപാതജാത-വി. ജനിച്ചുടൻ മരിക്കുന്ന.

അകാണ്ഡീന-വി. അസ്ത്രമില്ലാത്ത, അസ്ത്രമെടുക്കാത്ത.

അകാണ്ഡേ- (അവ്യയം) പെട്ടെന്നു്, അകാരണമായി.

'ഭംഗുരരണചരണഃക്ഷതഇത്യകാണ്ഡ'
(സംസ്കൃതശാകുന്തളം)

അകാതര-വി. ഭയമില്ലാത്ത, പേടിയില്ലാത്ത. ൨. പരവശതയില്ലാത്ത. കാതര=ഭയശീല.

'കലഹമവനോടുഝടിതിതുടങ്ങിതമലമാത്ര
കാതരയാസ്ഥമനീഷയതന്നിസ്തുയം' [ദ്യും
(അദ്ധ്യാത്മരാമായണം)

അകാതൎയ്യം-കാതൎയ്യം, ഭീരുത്വം ഇല്ലായ്ക.

അകാന്ത-വി. ശോഭയില്ലാത്ത, സൌന്ദര്യമില്ലാത്ത, മനോഹരമല്ലാത്ത.

അകാന്ദിശീക-ഭയപ്പാട്ടോടെയുള്ള.

അകാപടിക-വി. ൧. ദുശ്ശീലമില്ലാത്ത. ൨. വ്യാജമില്ലാത്ത.

അകാപാലിക- വി. തലയോടിനോടു സംബന്ധിച്ചതല്ലാത്ത.

അകാമ-വി. പ്ര. കാമം (ആഗ്രഹം) ഇല്ലാത്ത, സ്നേഹം ഇല്ലാത്ത. വ. അനുരാഗം ഇല്ലാത്ത, മനഃപൂർവ്വമില്ലാത്ത.

'അകാമനാണെങ്കിലുമങ്ങിവണ്ണമി-
ന്നകാരണംകേറിവരില്ലനിർണ്ണയം'
(രുഗ്മാംഗദചരിതം മഹാകാവ്യം)

അകാമതഃ-(തസിലന്തമവ്യയം) മനഃപൂർവ്വമല്ലാതെ, മനസ്സില്ലാതെ, ഇഷ്ടമില്ലാതെ, ഫലോദ്ദേശംകൂടാതെ. [മതഃ'
'ഇതരേകൃതവന്തസ്തുപാപാന്യേതാന്യകാ
(മനുസ്മൃതി)

അകാമത-അനുരാഗം ഇല്ലായ്മ, സ്നേഹമില്ലായ്മ.

അകാമദ-വി. ഇഷ്ടമുള്ളതിനെ കൊടുക്കുന്നതല്ലാത്ത.

അകാമഹത-വി. അനുരാഗം നശിച്ച, ശാന്തമായ.

അകാമി-കാമി അല്ലാത്തവൻ, ആഗ്രഹമുള്ളവനല്ലാത്തവൻ.

'കണ്ടക്കാമീ നിമ്നകമനീയാം
നീലവേണീം നിനച്ചി-
ട്ടിണ്ടൽക്കാറം വശഗനവിടെ-
ത്തന്നെ മിണ്ടാതെനിന്നാൻ'
(മയൂരസന്ദേശം)

കാമീ ഭൂമീവലമരിവ്യചരദ്രൂപവാനേ
നിസ്സഹായോ നിഗൂഢഃ'
(ഭാഷാനൈഷധചമ്പു

അകാമ്യ-വി. കാമ്യം (ആഗ്രഹിക്കത്തക്കതു്) അല്ലാത്ത.

അകായ-വി. കായം (ശരീരം) ഇല്ലാത്ത.

അകായൻ-പ്ര. ശരീരമില്ലാത്തവൻ. വ. പരബ്രഹ്മം. ന. രാഹു. പാലാഴിമഥനത്തിൽ രാഹുവിനു അംഗഭംഗമായ വന്നിട്ടുള്ള. ശരീരം മുഴുവനും പോയതുകൊണ്ടല്ല 'അകായൻ' എന്ന പേരുണ്ടായതു്. രണ്ടു കൈകളും തലയും ഇല്ലാതായിട്ടുണ്ട്. രാഹുരക്ഷം മാറി അമൃതം കട്ടുകുന്ന ദേവന്മാരുടെ ഇടയിൽ ഇരുന്നു കട്ടുകുടിച്ചപ്പോൾ സൂര്യചന്ദ്രന്മാരിൽനിന്നു കിട്ടിയ അറിവുകൊണ്ടു വിഷ്ണു രാഹുവിനെ മേൽപ്രകാരം ശിക്ഷിക്കയുണ്ടായി.

അകായിൽ-ഭവനത്തിനകത്തു്, വീട്ടിനകത്തു്. 'അകവായിൽ' എന്ന ദ്രാവിഡപദമാണു് 'അകായിൽ' എന്നായതു്. അകവായിൽ=അകത്തു്. ഇൽ എന്ന പ്രത്യയത്തിനു (ഭവനം) ഇല്ലം എന്നാണു പണ്ടേയുള്ള അർത്ഥം.

അകായിലുള്ളവർ- ബ്രാഹ്മണസ്ത്രീകൾക്കു പ്രത്യേകിച്ചു പറയുന്ന ഒരു പേർ. (സംസ്കൃതത്തിൽ) ഗൃഹിണി. തമിഴിൽ ഇല്ലാൾ, മനൈവി.

അകായിക-വി. ശരീരസംബന്ധമല്ലാത്ത.

അകാര-വി. പ്രവർത്തിക്കാത്ത.

അകാരണ-വി. കാരണമില്ലാത്ത, പെട്ടെന്നു സംഭവിച്ച.

അകാരണം-കാരണമില്ലാതെയുണ്ടായതു്, കാരണമില്ലാതെയുള്ളതു്.

'കരവകമണവും കലൻ വധം
കരളിനകാരണമായുമാർത്തിയേകം'
(മാളവികാഗ്നിമിത്രം)

അകാരം-'അ' എന്ന സ്വരം. 'കാരമം വിവർണ്ണം കറിയ്ക്കും' (കേരളപാണിനീയം സൂത്രം ൧൪.)

അകാരാദി-വിഷയങ്ങളെ എളുപ്പം നോക്കി ഗ്രഹിപ്പാനായി. അ. ആ. ഇ. ഈ. എന്ന ശബ്ദക്രമത്തിൽ അടുക്കി ചേർത്തെഴുതീട്ടുള്ളതു്.

അകാരിതം-അബലക്രിയ. (വ്യാകരണത്തിൽ) പ്രയോജകപ്രകൃതിയുടെ രൂപമുള്ള ചില കേവലധാതുക്കളെ (സേവിക്ക, ഭരിക്ക) കാരിതം (ബലക്രിയ) എന്നും പ്രയോജകപ്രകൃതിയുടെ രൂപമില്ലാത്ത ധാതുക്കളെ (ഉറങ്ങുക, നടക്കുക) അകാരിതം (അബലക്രിയ) എന്നും പറയുന്നു.

അകാരുണിക- വി. കരുണയില്ലാത്ത, കൃപയില്ലാത്ത, ദയയില്ലാത്ത.

അകാരുണ്യ-വി. കാരുണ്യം (കൃപ= ദയ) ഇല്ലാത്ത.

അകാൎണ്ണവേഷ്ടകിക-വി. കണ്ണുകളിൽ അണിയാൻ കൊള്ളാത്ത.

അകാൎപ്പണ്യം-൧. കാൎപ്പണ്യം (കൃപണ ഭാവം) ഇല്ലായ്മ, ദരിദ്രതയില്ലായ്മ. ൨. കൃപയില്ലായ്മ. ൩. ദുരാഗ്രഹമില്ലായ്മ, ലോഭമില്ലായ്മ. ൪. മഹാമനസ്കതയില്ലായ്മ.

അകാൎമ്മ-വി. പ്രവൃത്തിക്ക ശീലമല്ലാത്ത.

അകാൎമ്മണം-വശീകരപ്രവൃത്തിയില്ലായ്മ സ്വാധീനമാകുന്നതിനുള്ള പ്രയോഗമില്ലായ്മ.

അകാൎമ്മുക-വി. ജോലി ചെയ്യുന്നതിൽ മിടുക്കും യോഗ്യതയും ഇല്ലാത്ത. പു- അകാൎമ്മുകൻ. സ്ത്രീ അകാൎമ്മുകി. നപു- അകാൎമ്മുകം.

അകാൎയ്യ-വി. ചെയ്യേണ്ടതല്ലാത്ത [ച്ചൽ 'കാൎയ്യമില്ലാത്ത വസ്തു ചിന്തിച്ചു പ്രവൃത്തി കാരണംകൂടാതുള്ളോരനൎത്ഥം ഭവിച്ചീടും' (പഞ്ചതന്ത്രം)

അകാൎയ്യം-കാൎയ്യമല്ലാത്ത പ്രവൃത്തി, ദുഷ്പ്രവൃത്തി, ദോഷം, ചെയ്യരുതാത്തതു്.

അകാൎയ്യകാരി-ദുഷ്കൃത്യം ചെയ്യുന്നവൻ, അകൃത്യം ചെയ്യുന്നവൻ.

അകാൎയ്യകുശലൻ-ചെയ്യുന്നതുള്ള പ്രവൃത്തിയിൽ സാമൎത്ഥ്യമില്ലാത്തവൻ.

അകാൎത്രയം-ആനയുടെകാലുകളിൽമുട്ടിന നാൽവിരൽ മുകളിലുള്ള ഒരു മൎമ്മം

അകാൎശ്യം-കാൎശ്യം (മെലിവു്) ഇല്ലായ്മ.

അകാൎഷ്ണ്യം-കാൎഷ്ണ്യം (കറുത്തനിറം) ഇല്ലായ്മ.

അകാല-വി. തക്ക കാലത്തിലല്ലാത്ത. (കാലമല്ലാത്തതു=തക്കകാലമല്ലാത്തതു്) ഉ-ം, 'അകാലമരണം' 'അകാലജനനം'

'നേരന്നേരത്തുകലയുമിത-
ന്നീടൊലും തീയകാലെ
ചാക്കുണ്ടാകുമെന്നൊരുകഥവും
ചാക്കുതേറില്ലവൎക്കു'

(മയൂരസന്ദേശം)

കാലം എന്നാൽ തക്കകാലം എന്നൎത്ഥം.

'കാലേ കല്മഷഹീനനായ മകനെ-
പ്പെററക്കുന്നെ പ്രാചിപോൽ'

(അഭിജ്ഞാനശാകുന്തളം) [ല്ലം

'ഗോക്കളും നാരികളും കാലത്തല്ലാതെ
പുഷ്പവും കായ്കളും ചെയ്തീടുമേ മരങ്ങളും'

(ഭാരതം)

അകാലം - അസമയം, തക്കകാലമല്ലാത്തതു്.

അകാലകുസുമം(പുഷ്പം) - തക്കകാലത്തിലല്ലാതെ ഉണ്ടാകുന്നതോ വിടരുന്നതോ ആയ പൂവു്.

അകാലഗതി-അകാലത്തിലെ (അസമയത്തിന്റെ) പോക്കു്.

അകാലജ-വി. അകാലത്തിലുണ്ടായ, തക്ക കാലത്തിലല്ലാതെയുണ്ടായ.

അകാലജലദം-അസമയത്തുണ്ടായമേഘം

അകാലജാത-വി. അകാലത്തിലുണ്ടായ, തക്കകാലത്തിലല്ലാതെയുണ്ടായ.

അകാലജ്ഞ-വി അകാലത്തെയറിയുന്ന

അകാലവേള-തക്കതല്ലാത്ത സമയം, അകാലസമയം.

അകാലവൈഭവം-അസമയത്തിന്റെ ശക്തി.

അകാലസഹ-വി. ൧. സഹനശക്തിയില്ലാത്ത. ൨. താമസത്തെ സഹിക്കാത്ത. ൩. താങ്ങാൻ കഴിയാത്ത.

അകാലിക-വി. അസമയത്തുള്ള, അസമയത്തുണ്ടായ. പു-അകാലികൻ. സ്ത്രീ-അകാലികി. നപു-അകാലികം.

അകാലുഷ്യം-൧. കാലുഷ്യം(കലുഷത= കലുഷഭാവം) ഇല്ലായ്മ, അഴുക്കില്ലായ്മ. ൨. കലക്കമില്ലായ്മ, മനസ്സിനു വല്ലായ്മയില്ലാതിരിക്കുന്ന സ്ഥിതി

'കാലുഷ്യം സ്വയമേവ പോരിനുമെന്തി-
ങ്ങത്യന്തവിളംബവും'

(അഭിജ്ഞാനശാകുന്തളം)

അകാലോൽപന്ന- അകാലത്തുണ്ടായ.

**അകാല്പനിക**-വി. ൧. കാല്പനികമല്ലാത്ത, വിചാരമാത്രമല്ലാത്ത ൨. ചതിയില്ലാത്ത. കാല്പനികം=കല്പനയെ സംബന്ധിച്ചത്. (അറിയാത്ത കാര്യങ്ങളെ സൂക്ഷ്മമായി അറിഞ്ഞവയെപ്പോലെ വിവരിച്ചു പറയുന്നതിനു 'കല്പന' എന്നു പേർ.

**അകാല്യ**-വി. ൧. അകാലത്തിലുള്ള, തക്കകാലത്തിലുള്ളതല്ലാത്ത, സമയത്തുണ്ടാകാൻ തക്കതല്ലാത്ത. ൨. മനസ്സിനിണങ്ങിയതല്ലാത്ത. ൩. മംഗലമല്ലാത്ത.

**അകാല്യാണകം**-അമംഗലം, ശുഭമില്ലായ്മ. ശുഭം അല്ലെങ്കിൽ മംഗലം എന്നർത്ഥമുള്ള കല്യാണശബ്ദത്തിൽനിന്നു കാല്യാണകം ഉണ്ടായി. കാല്യാണകം ഇല്ലാത്തത് അകാല്യാണകം. കാല്യാണകം=മംഗലം, അല്ലെങ്കിൽ മംഗലത്തെ നൽകുന്ന സ്ഥിതി.

**അകാവു**-ബുഭുക്ഷ.

**അകാവ്യ**-വി. വിദ്വാന്റെയും കവിയുടെയും രീതിയില്ലാത്ത ൨. വരുവാനുള്ള കാര്യം മുൻകൂട്ടി ഗ്രഹിക്ക എന്നുള്ള സ്ഥിതിയില്ലാത്ത, ൩. കവിതയിൽ വാസനയില്ലാത്ത,

**അകാശി**-വി. പ്രകാശമില്ലാത്ത, ശോഭയില്ലാത്ത

**അകാശ്മല്യ** - അകശ്മലത, മൂഢതയില്ലായ്മ, പാപമില്ലായ്മ, അഴുക്കില്ലായ്മ.

'ദുശ്ശീലനായുള്ള ദുശ്ശാസനന്റെ
കാശ്മല്യമൊന്നും മറന്നില്ലഭീമൻ'
(പതിനാലുവൃത്തം)

**അകാഷായ**-വി. ചെമപ്പില്ലാത്ത.

**അകാഷ്ഠ**-പ്ര. മരമല്ലാത്തത്, വിറകല്ലാത്തതു. ൨. മലമല്ലാത്തത്.

**അകാസ**-വി. കാസം(ചുമ)ഇല്ലാത്ത.

'അതിവ്യായാമതഃ കാസ
ശ്വാസശ്ചർദ്ദിശ്ച ജായതേ'
(അഷ്ടാംഗഹൃദയം)

**അകാഠല**-വി. ൧. വാടാത്ത. ൨. വല്ലതല്ലാത്ത, വളരെ അല്ലാത്ത ൩. ഉപദ്രവിക്കാത്ത.

**അകാള**-വി. കറുത്തതല്ലാത്ത കാളം=കറുത്തതു.

'കാളമേഘമിടതിങ്ങിവിങ്ങിബത
ഭംഗിയേറുമിടിമിന്നലും'
(ശ്രീകൃഷ്ണചരിതം)

**അകാളികം** കാളികം (മഷി, കറുപ്പ്) അല്ലാത്ത.

**അകിക്കുക**-ഗമിക്കുക. ഉ-ം, മന്ദാകിനി (മന്ദമായി അകിക്കുന്നവൾ, ഗമിക്കുന്നവൾ) ഗംഗ.

**അകിഞ്ചന**-വി. അല്പവുമില്ലാത്ത. കിഞ്ചന=അല്പം.

'വാക്കിനാരൊട്ടുമിനിഅകിഞ്ചന
തോല്മയില്ലതു നിശ്ചയം'
(നാളായണീചരിതം തുള്ളൽ)

**അകിഞ്ചനൻ**-ദരിദ്രൻ. ആർക്ക് ഒട്ടുമില്ലയോ അവൻ അകിഞ്ചനൻ. (നാസ്തി കിഞ്ചന യസ്യ സഃ).

**അകിഞ്ചനത**-അകിഞ്ചനന്റെ ഭാവം, ഇരപ്പാളിത്തം.

**അകിഞ്ചനത്വം**- അകിഞ്ചനന്റെ ഭാവം, ദാരിദ്ര്യം, ഇരപ്പാളിത്തം.

**അകിഞ്ചിജ്ഞൻ**- ഒന്നും അറിയാത്തവൻ, മൂഢൻ.

**അകിഞ്ചിത്കര**-വി. ഒരു പ്രവൃത്തിയും ചെയ്യാത്ത, ഉപയോഗമില്ലാത്ത.

**അകിട്**-മൃഗങ്ങളുടെ മുലത്തടം, നാല്ക്കാൽ മൃഗങ്ങളുടെ മുലകൾക്കു മേലെ പാലിരിക്കുന്ന സ്ഥലം.

'ഉധസ്സു ക്ലീബമാപീനം' എന്നമരം. ഉധസ്സ്, ആപീനം ഇവ രണ്ടും അകിടിന്റെ പര്യായങ്ങളാണ്.

'ക്ഷീരമുള്ളോരകിടിൻചുവട്ടിലും
ചോരതന്നെ കൊതുകിന്നു കൗതുകം'

**അകിടുപകിടു**-അകടുവികടു, തലകീഴാവുക, കീഴ്മേലാവുക "അകടവികടമായി, അകിടുപകിടായി, ഒക്കെ അകടുവികടാക്കി."

**അകിതവൻ**-കിതവനല്ലാത്തവൻ, ധൂൎത്തനല്ലാത്തവൻ. കിതവൻ = ധൂൎത്തൻ.

'ഏവമയികിതവ മമ ഭാവമിനിയത്തുമറിക'
(നളചരിതം)

**അകിച്ച്**-മുക്കാറശബ്ദം, കാളയുടെ മുക്കാറ ശബ്ദംപോലെയുള്ള ശബ്ദം.

**അകിൎമ്മീര**-വി. ചിത്രവൎണ്ണങ്ങളില്ലാത്ത.

**അകിൎമ്മീരിതം**-ചിത്രവൎണ്ണമാക്കപ്പെട്ടതല്ലാത്തതു്.

**അകിൽ**-മണമുള്ള ഒരു വൃക്ഷം. അഗരു എന്നതിന്റെ തത്ഭവമാണ്. തമിഴിൽ അകിൽ എന്നും, ഇംഗ്ലീഷിൽ Eagle wood) ഈഗിൾവുഡ് എന്നും പറയുന്നു. സാധാരണ ഔഷധികൾക്ക് ഉപയോഗിച്ചുവരുന്നതു് ഇതിന്റെ തടിയാണ്. നാലുവിധമുള്ളതിൽ കറുത്തതാണു നന്ന്. ശ്രമവും ക്ലമവും നശിപ്പിക്കും. കഷ്ഠനാശനമാണ്.

'അകിൽ ചെങ്കുങ്കുമച്ചാറും
ധരിച്ച തോഴിമാരോടും'
(നളചരിതം കഥകളി)

'അകിലണിവാർമുലയാൾ'
'അകിലാരം വാർകൊങ്കകൾ'
(രാമചരിതം)

**അകില്ബിഷ**-വി. ൧. കില്ബിഷ (പാപ)മില്ലാത്ത. ൨. കറയില്ലാത്ത.

'കില്ബിഷകാരിണിയായകൈകേയിതൻ
ഗൎഭത്തിൽനിന്നു ജനിച്ചൊരു കാരണം'
(അദ്ധ്യാത്മരാമായണം)

**അകിശോര**-വി. ബാല്യമല്ലാത്ത, കുട്ടിക്കാലമല്ലാത്ത.

**അകിഷ്ക**-വി. ചീത്തയല്ലാത്ത, നിന്ദയെ ഉണ്ടാക്കുന്നതല്ലാത്ത.

**അകിഴ്**-കിടങ്ങ്, കോട്ടയ്ക്കു പുറമുള്ളകുഴി.

**അകിഴ്കോരുക**-ഇതിനു ചിറകെട്ടിത്തടുക്കുക, അണകെട്ടി നിറുത്തുക എന്നും അൎത്ഥം കാണുന്നു.

**അകിറുക**-നിലവിളിക്കു, അലറുക, ആൎക്കുക, മുക്കറയിടുക, ഗൎജ്ജിക്കുക.

**അകിനാശ**-വി. ൧. കൃഷിവേലയില്ലാത്ത. ൨. ദാരിദ്ര്യമില്ലാത്ത. ൩. അല്പതയില്ലാത്ത.

**അകീൎത്തന**- വിസ്തരിക്കാതിരിക്കുന്നതു്, കീൎത്തികേടു്.

**അകീൎത്തനം**- കീൎത്തിക്കാതിരിക്കുന്നതു്, പറയാതിരിക്കുന്നതു്; വിവരിക്കാതിരിക്കുന്നതു്.

**അകീൎത്തനീയം**-കീൎത്തിക്കത്തക്കതല്ലാത്തതു്, സ്തുതിക്കത്തക്കതല്ലാത്തതു്.

'കീൎത്തനീയഗുണവാരിധേ! തവ
കീൎത്തിപൂരമവനീപതേ'
(കാൎത്തവീൎയ്യാൎജ്ജുനവിജയം കഥകളി)

**അകീൎത്തി**-൧. ദുൎയ്യശസ്സ് (കീൎത്തികേട്). കീൎത്തിശബ്ദത്തിനു മുഖ്യമായ അൎത്ഥം യശസ്സ് എന്നാണ്. ൨. ഒച്ചയില്ലായ്ക. ൩. പ്രകാശമില്ലായ്ക. ൪. വിശാലമില്ലായ്ക.

**അകീൎത്തിത**- വി. കീൎത്തിക്കപ്പെട്ടതല്ലാത്ത, സ്തുതിക്കപ്പെട്ടതല്ലാത്ത.

**അകീലിത**-വി. മറപ്പിച്ചിട്ടില്ലാത്ത, ബന്ധിക്കപ്പെട്ടതല്ലാത്ത, തറയ്ക്കപ്പെട്ടതല്ലാത്ത, ആണിവെച്ചു മുറുക്കീട്ടില്ലാത്ത. (കീലം = ആണി).

**അകുചരൻ**-കുചരൻ അല്ലാത്തവൻ. കുചരൻ എന്നാൽ ദോഷത്തെ പറക ശീലമായിട്ടുള്ളവൻ എന്നൎത്ഥം.

'സമൈര കവാദ കചരര' എന്നമരം.

**അകുചേല**-വി. മുഷിഞ്ഞവസ്ത്രമില്ലാത്ത

**അകുഞ്ചിത**-വി. വളയ്ക്കപ്പെട്ടതല്ലാത്ത, വളഞ്ഞതല്ലാത്ത, ചുരുണ്ടതല്ലാത്ത. (കുഞ്ചിതം = ചുരുണ്ടതു്.)

'അഞ്ചമ്പൻമലർവില്ലിൻഭംഗിയെക്കെടുക്കുന്ന കഞ്ചിതതനുവല്ലീ ചില്ലികൾ വിലസ
(വാല്മീകിരാമായണം) [വും'

**അകുടങ്ഗകം**-ചെറിയ കുടിലല്ലാത്തത്.

**അകുടചൻ**-൧. സന്യാസിയല്ലാത്തവൻ, ജ്ഞാനിയല്ലാത്തവൻ. ൨. മൂഢൻ.

**അകുടി**-൧. കുടിലല്ലാത്തത്, ചെറിയവേനമല്ലാത്തത്. ൨. വളഞ്ഞതല്ലാത്തത്.

**അകുടിരം**-കുടിലല്ലാത്തത്.

**അകുടില**-വി. ൧. വളഞ്ഞതല്ലാത്ത, കൃത്രിമമായി നടക്കാത്ത, വളഞ്ഞു ഗമിക്കാത്ത. ൨. ചതിയില്ലാത്ത. ൩. കള്ളമില്ലാത്ത. ൪. ചരിവില്ലാത്ത.

'കുടിലമതേ! പടപൊരുവതിന്നടമയൊ-
ടടൽനിലമതിൽ വാടാ'
(ഉത്തരാസ്വയംവരം കഥകളി)

'കുടിലധൃതരാഷ്ട്രജന്മാരുമായ് ചേരുവാ-
നടിയനൊരുനാളുമില്ലാഗ്രഹം മാനസേ'
(പതിനാലുവൃത്തം)

**അകുടിലത**-വളവില്ലായ്മ, ചതിവില്ലായ്മ.

**അകുടീരം**-൧. കുടിലല്ലാത്തത്. ൨. കല്ലറയല്ലാത്തത്. ഉ-ം, 'ശവകുടീരം' (കുടീരം=വീട്).

'സായാഹ്നേ നിജാൻ കുടീരാൻ
നഷ്ടാർത്ഥാഃ പ്രയയുഃ'

വൈകിയസമയത്തു ജനങ്ങൾ തങ്ങളുടെ വീടുകളിൽനിന്നു ധനം നശിച്ചവരായി ഓടിപ്പോയി.
(കൃഷ്ണഗാഥാനിരൂപണം)

**അകുടീരകഃ**-കുടിലല്ലാത്തത്.

**അകുടുംബവ്യാപൃത**-വി. കുടുംബരക്ഷണത്തിൽ താൽപര്യമില്ലാത്ത.

**അകുടുംബി**-ഒരു കുടുംബം രക്ഷിക്കാനില്ലാത്തവൻ, കുടുംബിയല്ലാത്തവൻ.

**അകുടുംബികൻ**-ഒരു കുടുംബം രക്ഷിക്കാനില്ലാത്തവൻ, കുടുംബിയല്ലാത്തവൻ.

**അകുട്ടനം**-൧. പൊടിക്കാതിരിക്ക. കല്ലുകൊണ്ടു പൊടിച്ചുമാത്രം ഉപജീവിക്കുന്നവരെ 'അശ്മകുട്ടന്മാർ' എന്നു പറഞ്ഞു കാണുന്നു. ൨. അടക്കാതിരിക്ക. ൩. കുററംപറയാതിരിക്ക. ൪. അസഭ്യം പറയാതിരിക്ക

**അകുട്ടാക**-വി. അംശിക്കാത്ത, പങ്കിടാത്ത, ഭാഗിക്കാത്ത.

**അകുട്ടാരം**-൧. ഉപേക്ഷിക്കാതിരിക്ക. ൨. സ്ത്രീസംഗമില്ലായ്ക.

**അകുട്ടിമം**-൧. ചെറിയ വീടല്ലാത്തത്. ൨. കൽത്തറയല്ലാത്തത്.

'നിസ്തുലതരപ്രഭേ നിബിഡമണികുട്ടിമേ
വിസ്തൃതമതേ സചില വിഭ്രമം വന്നി
(ദുര്യോധനവധം കഥകളി) [തോ'

**അകുട്ടിഹാരികാ**-അടിമയല്ലാത്തവൾ.

**അകുട്മല**-വി. വിടരാത്ത, വിരിയാത്ത.

**അകുട്മളം**-കുട്മളമല്ലാത്തത്. കുട്മളം=അല്പം വിരിഞ്ഞ പൂവ്.

'ഈഷത് കോടയതി ഇതി കുട്മളഃ'

'രശ്മിണീമേനികൊതിച്ചുതുടങ്ങിനാർ
കശ്മളം കണ്ടുള്ള വണ്ടുപോലെ'

'കുട്മളോമുകുളോസ്ത്രിയാം' എന്നമരം. ഇവരണ്ടും (കുട്മളം, മുകുളം) വിടർന്നു തുടങ്ങിയ മൊട്ടിന്റെ പേരാണ്. മഹേശ്വരടീകയിൽ 'കുട്മളോ മുകുളോസ്ത്രിയാം' എന്നു കാണുന്നു. അതിനാൽ കുട്മളശബ്ദം നന്ന്. കശ്മളം എന്നതു പ്രാമാദികമാണ്.

'വനജസമാനനസ്യ ഘനകുചകലശകുട്മളം
വക്ഷപ്രദേശം നിറഞ്ഞുതിങ്ങിത്തം'
(അഹല്യാമോക്ഷം ഓട്ടൻതുള്ളൽ)

**അകുണ്ഠക**-വി. തടുക്കാത്ത.

**അകുണ്ഠ**-വി. ൧. പ്രവൃത്തികളിൽ മിടുക്കുള്ള. ൨. മൂർച്ചയുള്ള. ൩. ബുദ്ധിക്കുറവില്ലാത്ത. ൪. ഉദാസീനതയില്ലാത്ത. ൫. ഭംഗമില്ലാത്ത. ൬. ക്ഷോഭമില്ലാത്ത. ൭. ബലക്കുറവില്ലാത്ത. (അകുണ്ഠത, അകുണ്ഠം).

'കണ്ടതയില്ല രണത്തിലെനിക്കിന്നു
ശുണ്ഠി നിന്റെ ബാഹുവീര്യങ്ങൾകാട്ടുക'
(രാജസൂയം കഥകളി)

'കണ്ടനാമടിയന്നു നീശരിയിന്നു ശങ്കര
(പതിനാലുവൃത്തം) [പാഹിമാം'

അകണ്ടക-വി. വിഡ്ഢിയല്ലാത്ത, ദോഷനല്ലാത്ത.

അകണ്ഠധിഷ്ണ്യം-സ്വർഗ്ഗം.

അകണ്ഠിത-വി. ൧. മൂർച്ചകെട്ടിട്ടില്ലാത്ത. ൨. അവയവഹീനതയില്ലാത്ത. ൩. വിഷാദമില്ലാത്ത. ൪. ബുദ്ധിക്കുറവില്ലാത്ത. ൫. ധൈര്യമുള്ള.

അകുതുകം-ഉത്സാഹമില്ലായ്മ, സന്തോഷമില്ലായ്മ, താല്പര്യമില്ലായ്മ. [മാം

'പാരിതമതികുതുകമെട്ടേമെന്നു നോക്കീട്ടു
പാൽഗതമാനസനെന്നറികെന്നെ നീ'
(അദ്ധ്യാത്മരാമായണം.)

അകുതൂഹല-വി. ൧. അത്ഭുതാവഹമല്ലാത്ത. ൨. ശ്രേഷ്ഠതയില്ലാത്ത. ൩. താല്പര്യമില്ലാത്ത. ൪. കീർത്തി ലഭിക്കാത്ത.

'ബലകുതൂഹലമങ്ങു കടന്നു
നടന്നിതു ശംഭോശരണം'
(പതിനാലുവൃത്തം)

അകുതൂഹലം-൧. ശ്രദ്ധയില്ലായ്മ. ൨. താല്പര്യമുണ്ടാക്കാത്ത വസ്തു. ൩. ആഗ്രഹമില്ലായ്മ.

അകുതോഭയ-വി. ഒരിടത്തും പേടിയില്ലാത്ത, ആപത്തില്ലാത്ത, നിർഭയമായ, സുരക്ഷിതമായ. 'നാസ്തി കുതോപി ഭയം യസ്യ' എന്നു വ്യുൽപത്തി. കുതഃ എന്നതു് അവ്യയമാണ്. അതിന്നു 'എവിടെ' എന്നർത്ഥം.

'ദേവോ ന ജാനാതി കുതോ മനുഷ്യഃ'
(നീതിസാരം)

അകുതഃ-(അവ്യയം) ഒരേടത്തുനിന്നുമല്ലാത്ത, ഒരു കാരണംകൊണ്ടുമല്ലാത്ത.

അകുതൻ-ശിവൻ. ഒരു സ്ഥലത്തുനിന്നു് ഒരു കാരണവുംകൊണ്ടു് ഉണ്ടായിട്ടില്ലാത്തവൻ എന്നു വ്യുൽപത്തി.

അകുതശ്ചലൻ-ശിവൻ

അകുത്സാ-ഉദ്ദേശം ൩൨ അംഗുലമുള്ള ഒരളവ്.

അകുത്സ-നിന്ദിക്കായ്ക, അസത്യം പറയായ്ക, ശകാരിക്കായ്ക.

അകുത്സനം-നിന്ദിക്കായ്ക, അസത്യം പറയായ്ക, ശകാരിക്കായ്ക.

അകുത്സിത-വി. ൧. വെറുപ്പിക്കാത്ത. ൨. ദൌഷ്ട്യമില്ലാത്ത. ൩. നിന്ദിക്കപ്പെടാത്ത ൪ നീചാവസ്ഥയിലല്ലാത്ത.

'കുത്സിതമായ മത്സ്യകർമ്മാദികളായതും
വത്സപാലനം ചെയ്തുവനത്തിൽനടന്നതും'
(വടക്കൻകല്യാണസൌഗന്ധികംകഥകളി')

അകുനഖി-വി. കുഴിനഖമില്ലാത്ത.

അകുപിത-വി. കോപിക്കാത്ത.

അകുപ്യ-വി. നീചതയില്ലാത്ത, നിന്ദ്യമായുള്ളതല്ലാത്ത, വെറുക്കപ്പെട്ടിട്ടില്ലാത്ത

അകുപ്യം-കുപ്യം (നീചലോഹം) അല്ലാത്തതു്, പൊന്നു്, വെള്ളി മുതലായതു്. ഒച്ച പുറപ്പെടുവിക്കുമ്പോൾ താൻ നീചലോഹമായി ഭവിച്ചുവല്ലോ എന്നു ലജ്ജഹേതുവായിട്ടു കോപിക്കുന്നതായി വിചാരിച്ചു നീചലോഹത്തിനു 'കുപ്യം' എന്നു പേരു കൊടുത്തു.

അകുപ്രിയ-വി. നികൃഷ്ടമല്ലാത്ത, കീർത്തരമല്ലാത്ത.

അകുബ്ജ-വി. കൂനില്ലാത്ത, വളവില്ലാത്ത.

'അപ്പോൾത്രിവക്രയാംകുബ്ജയുമാനന്ദസ
കല്പിച്ചുറച്ചുടൻ പ്രാസാദമേറിനാൾ'
(അദ്ധ്യാത്മരാമായണം)

അകുബ്ജിക-കുബ്ജികയല്ലാത്തവൾ വിവാഹം കഴിഞ്ഞിട്ടില്ലാത്ത എട്ടു വയസ്സുള്ള പെൺകുട്ടിക്കു 'കുബ്ജിക' എന്നു പേർ. എട്ടു വയസ്സായവൾക്കു 'ഗൌരി' എന്നും പറയാം.

അകുംഭ—വ്യഭിചാരിണിയല്ലാത്തവൾ.

അകുംഭിലൻ-പു. കള്ളനല്ലാത്തവൻ.

ഉ. ഗൎഭം പൂൎത്തിയായതിൽപിന്നീട ജനിക്കുന്നവൻ, അകാലങ്ങളിൽ ജനിക്കാത്തവൻ.

അകമതി—വി. ദുൎബ്ബുദ്ധിയല്ലാത്ത.

അകുരൂപ-വി. സൌന്ദൎയ്യക്കേടില്ലാത്ത, ഭംഗികേടില്ലാത്ത.

അകല്പ—അപൂൎവ്വം.

അകലൻ—പു. ശിവൻ. ഉ. നല്ല കുലത്തിൽ ജനിക്കാത്തവൻ.

അകുല-വി. താണതരത്തിലുള്ള, നീചമായ

അകുല—സ്ത്രീ. പാൎവ്വതി. അകുലനായ ശിവന്റെ ഭാൎയ്യയായതുകൊണ്ടു പാൎവ്വതിക്ക് 'അകുല' എന്നു പേർ വന്നു. ഭവൻ-ഭവാനി. രുദ്രൻ-രുദ്രാണി. ശൎവ്വൻ-ശൎവ്വാണി ഇത്യാദി നോക്കുക. ഉ. നല്ല കുലത്തിൽ ജനിക്കാത്തവൾ.

അകുലം—ശ്രേഷ്ഠമല്ലാത്ത കുലം. കാലം=നല്ല കാലം. ഗുണം=നല്ല ഗുണം. എന്നിങ്ങനെ അൎത്ഥം വരുന്നതുപോലെ കുലശബ്ദത്തിനു 'ശ്രേഷ്ഠകുലം' എന്നൎത്ഥം.

അകുലജ-വി. ശ്രേഷ്ഠകുലത്തിൽ ജനിക്കാത്ത.

അകുലട—കുലട (വ്യഭിചാരിണി)യല്ലാത്തവൾ. 'കുലാനി അടതി ഇതി കുലടാ' അന്യഭവനങ്ങളിൽ (പുരുഷന്മാരെ തേടി) ചെല്ലുന്നതുകൊണ്ടു 'കുലട' എന്ന പേരുണ്ടായി. കുലത്തിന് അവമാനമുണ്ടാകത്തക്കവിധം തന്നിഷ്ടംപോലെ നടക്കുന്നവൾ എന്നു താല്പൎയ്യം.

അകുലിക—വി. പു. ശ്രേഷ്ഠതയുള്ള വംശത്തിൽ ജനിക്കാത്ത. ഉ. വംശത്തിൽ പ്രധാനമല്ലാത്ത.

അകുലികൻ—പു. ബന്ധുവല്ലാത്തവൻ ഉ. വംശത്തിൽ പ്രമാണിയല്ലാത്തവൻ.

അകുലീന—വി. നല്ല വംശത്തിൽ ജനിക്കാത്ത, നീചമായ, മാനംകെട്ട.

അകുലീനൻ—കുലീനൻ (കുലശ്രേഷ്ഠൻ) അല്ലാത്തവൻ.

'യസ്യാസ്തി വിത്തം സ നരഃ കുലീനഃ
സ പണ്ഡിതസ്സ ശ്രുതവാൻ ഗുണജ്ഞഃ'
(ഭൎത്തൃഹരി)

അകുല്യ—വി. നല്ല വംശത്തിലുണ്ടാകാത്ത

അകുല്യ വ്യഭിചാരിണി.

അകുശല-വി. പു. സാമൎത്ഥ്യമില്ലാത്ത, മിടുക്കില്ലാത്ത, യോഗ്യതയില്ലാത്ത, പഠിപ്പില്ലാത്ത. ഉ. ഭാഗ്യമില്ലാത്ത. ന. ചീത്തയായ, ശരിയല്ലാത്ത.

അകുശലൻ—കുശലൻ (സമൎത്ഥൻ) അല്ലാത്തവൻ, മിടുക്കില്ലാത്തവൻ.

'ഇജ്ജാതനു കേൾപ്പാനും-
ടയന്നെന്തൊരു ബന്ധം
നിശ്ശേഷവിധാനേ കുശ-
ലൻ ഞാൻ ഹരശംഭോ'
(പതിനാലുവൃത്തം)

അകുശലം—സ്ത്രീ. സാമൎത്ഥ്യമില്ലായ്മ, സൽഗുണമില്ലായ്മ. ഉ. ക്ഷേമമില്ലായ്മ.

അകുശലപ്രശ്നം - സൌഖ്യത്തെക്കുറിച്ചു ചോദിക്കാതിരിക്ക.

അകുശലബുദ്ധി — സാമൎത്ഥ്യമില്ലാത്തവൻ, സാമൎത്ഥ്യമില്ലാത്തവൾ, സാമൎത്ഥ്യം കുറഞ്ഞ ബുദ്ധി.

അകുശലി—ഭാഗ്യമില്ലാത്തവൻ.

അകുശലിനി-ഭാഗ്യമില്ലാത്തവൾ.

അകുശീല-വി. കുശീലം (ദുശ്ശീലം) ഇല്ലാത്ത.

അകുസുമിത-വി. പൂവുണ്ടാകാത്ത, പൂക്കാത്ത.

അകുസൃതി—സ്ത്രീ. വഞ്ചനയില്ലായ്മ. ഉ. ശാഠ്യമില്ലായ്മ. ന. ദുൎമ്മാൎഗ്ഗമില്ലായ്മ. 'സൃ' ധാതുവിനു 'ഗമനം' എന്നൎത്ഥം. അതിൽ നിന്നാണു 'സൃതി' ശബ്ദമുണ്ടായതു. കുസൃതി എന്നതിനു 'ചീത്തയായ ആചരണം' എന്നു താല്പൎയ്യം.

'കുസൃതി മുഴുകുന്ന പെരുതെന്നുതിരുവടി കരുതീട്ടിരുന്നതുകണ്ടു കപീന്ദ്രനും' [ദ്ധ
(അദ്ധ്യാത്മരാമായണം)

അകത്സിതൻ-കത്സിതനല്ലാത്തവൻ. കത്സിതൻ=നിന്ദിതൻ.

'ഏത്രയും കത്സിതനായി
സംഭവിച്ചോരു ജീവനാഥൻ'
(നളായണീചരിതം തുള്ളൽ)

അകുഹ(ക)-വി. വഞ്ചനയില്ലാത്ത, ഇന്ദ്രജാലമില്ലാത്ത.

അകുഹ(ക)ൻ-ചതിയനല്ലാത്തവൻ.

അകുഹകം-ചതിയില്ലായ്ക.

അകുഹന-൧. അന്യോദ്ദേശ്യമൊന്നും കൂടാതെ ഈശ്വരസംബന്ധമായ കർമ്മങ്ങളെ അനുഷ്ഠിക്ക. ൨. ചതിയില്ലായ്ക. ൩. കപടഭക്തിയില്ലായ്ക.

അകുഹനിക-അന്യോദ്ദേശ്യമൊന്നും കൂടാതെ ഈശ്വരവിഷയകകർമ്മങ്ങളെ അനുഷ്ഠിക്ക. ൨. ചതിയില്ലായ്ക. ൩ കപടഭക്തിയില്ലായ്ക.

അകുളികവേള-കുളികവേളയല്ലാത്തത്. കുളികവേള എന്നാൽ ഒരു നല്ലവേല തുടങ്ങുന്നതിനു കൊള്ളരുതാത്ത (ഓരോ ദിവസത്തിലുമുള്ള) കാലഭാഗങ്ങൾ എന്നർത്ഥം. 'കുലികവേലാ' എന്ന സംസ്കൃതപദമാണ മലയാളത്തിൽ 'ഗുളികവേള' എന്നായിത്തീർന്നത്.

അകൂട-വി. ൧. കപടമില്ലാത്ത ൨. ഉറപ്പില്ലാത്ത, ഇളകുന്നതായ. ൩. വ്യാജമില്ലാത്ത.

അകൂടം-൧. കപടമില്ലായ്മ ൨. അസത്യമല്ലാത്തത്, ചതിയില്ലായ്മ. ൩. അനർത്ഥമേ വരാത്തത്. ൪. പ്രത്യക്ഷമായ അർത്ഥത്തോടുകൂടിയത് ൫. പർവ്വതശിഖരമില്ലാത്തത്. ൬. ഇന്ദ്രജാലമല്ലാത്തത്. ൭. ഇളക്കത്തോടുകൂടിയത്. ൮. സമൂഹമല്ലാത്തത്. ൯. മൃഗാദികളെ ഹിംസിപ്പാനുള്ള വല മുതലായ പദാർത്ഥമല്ലാത്തത്. ൧൦. ഇരുമ്പുകൊണ്ടുള്ള കൂടമല്ലാത്തത്. ൧൧. കൊഴുവല്ലാത്തത്.

'മായാനിശ്ചലയന്ത്രേഷു
കൈതവാനൃതരാശിഷു
അയോഘനേ ശൈലശൃംഗേ
സീരാംഗേ കൂടമസ്ത്രിയാം'
(അമരം)

അകൂപാരം-൧. സമുദ്രം. അക്കരെ ചെല്ലുന്നതിനു എളുപ്പമില്ലാത്തതുകൊണ്ട് ഈ പേരുണ്ടായി.

'അപാരേ ഹർഷാബ്ധൌ ഹരിഹരസമോ-
ഭൂപതിരസാ-
വകൂപാരേ മജ്ജന്നയമനഘോ
ഹന്ത ദിവസാൻ'
(ഭാഷാനൈഷധചമ്പു)

൨. ലോകങ്ങളെ വഹിച്ചുകൊണ്ടിരിക്കുന്ന ആദികൂർമ്മം. കു (ഭൂമി) ജലത്തിൽ താണുപോകാതെ താങ്ങിക്കൊണ്ടിരിക്കുന്നതിനാൽ ആദികൂർമ്മം എന്ന പേർ സിദ്ധിച്ചു. ൩. ആമ.

അകൂപാരൻ-സൂര്യൻ. ദൂരഗാമിയായതിനാൽ സൂര്യനു ഈ പേർ സിദ്ധിച്ചു.

അക്രുച്ച്-വി. ൧. ചതിയില്ലാത്ത. ൨. കഷണ്ടിയുള്ള.

അക്രുച്ചൻ-ബുദ്ധൻ.

അകൂവാരം-സമുദ്രം. അകൂപാരശബ്ദത്തിന്റെ പ്രയോഗബാഹുല്യംകൊണ്ട്, പകാരവകാരലിപികളുടെ കുഴപ്പമെന്നു തെററിദ്ധരിക്കരുത്.

അകൃച്ഛ്ര-വി. കൃച്ഛ്രം (പ്രയാസം) ഇല്ലാത്ത.

അകൃച്ഛ്രം-കൃച്ഛ്രം (പ്രയാസം) ഇല്ലായ്മ, കാഠിനമില്ലായ്മ.

അകൃത-വി. ൧. കൃതം (ചെയ്യപ്പെട്ടത്) അല്ലാത്ത, പ്രവർത്തിക്കാത്ത. ൨. ചെയ്തു മുഴുവനാക്കാത്ത ൩. സൃഷ്ടിക്കപ്പെടാത്ത. ൪. ശരിയല്ലാതെയോ മററോ ചെയ്യാത്ത. ൫. പ്രാപ്തിവന്നിട്ടില്ലാത്ത, പാകമാകാത്ത.

അകൃതം-൧. ചെയ്യപ്പെട്ടിട്ടില്ലാത്ത പ്രവൃത്തി. കൃതം=ചെയ്യപ്പെട്ടത്.

'തന്നാളാലകൃതാന്തായിപ്രണയിതാം'
(അഭിജ്ഞാനശാകുന്തളം)

൨. കേൾവിപോലുമില്ലാത്ത ഒരു പ്രവൃത്തി, ക്രിയയുടെ അഭാവം. ൩. ദുഷ്ടത, ദോഷം, ദുസ്സ്വഭാവം, വികൃതിത്തരം, അധർമ്മം, പാപം, കുററം, ദ്രോഹം. ൪. യാഗാദിക്രിയകൾ ഒന്നും മുഴുവൻ ശേഖരിക്കാതെ കിടപ്പുള്ള സാധനം.

അകൃതക-വി. ൧. ഉണ്ടാക്കിവെച്ചതല്ലാത്ത. ൨. കള്ളമല്ലാത്ത. ൩. വ്യാജം ഇല്ലാത്ത, അകൃത്രിമമായ.

'അകൃതകപ്രണയമനരംഗമാർദ്രഭാവവും
സുകൃതസാധ്യമെന്നിൽ മുന്നേ ഭൈമിക്കി
(നളചരിതം കഥകളി) [ളു ദൃഢം'

ഇവിടെ അകൃതകപ്രണയത്തിന് 'അകൃത്രിമമായ സ്നേഹം' എന്നുള്ള അർത്ഥം നോക്കുക.

അകൃതകാപടം- കള്ളം കാണിക്കാതെ. കൃതകപടം=കള്ളം കാണിച്ച്.

അകൃതകർമ്മ-പ്രവർത്തിക്കപ്പെട്ടിട്ടില്ലാത്ത വേല (തൊഴിൽ).

അകൃതകർമ്മാവ്-തന്റെ തൊഴിൽ ചെയ്തിട്ടില്ലാത്തവൻ, തന്റെ തൊഴിലിൽ സാമർത്ഥ്യമില്ലാത്തവൻ. കർമ്മം എന്ന ശബ്ദം നകാരാന്തമാണ്. 'വ്' ആഗമം ചേർന്ന് കർമ്മാവ് എന്നായി.

ഉ-ം, പത്മജന്മാ-പത്മജന്മാവ്. വിശ്വകർമ്മാ-വിശ്വകർമ്മാവ് ഇത്യാദി.

അകൃതകാമ-കാമം (ആഗ്രഹം) സാധിച്ചിട്ടില്ലാത്ത.

അകൃതകാല-൧. കാലം കണക്കാക്കീട്ടില്ലാത്ത. ൨. കുറെ കാലത്തേയ്ക്കു താമസിച്ചിട്ടില്ലാത്ത.

അകൃതകൃത്യ-വി. ചെയ്യേണ്ടതു ചെയ്തിട്ടില്ലാത്ത, തൃപ്തിവന്നിട്ടില്ലാത്ത, ജയം ലഭിച്ചിട്ടില്ലാത്ത, കാര്യം ഒക്കവന്നിട്ടില്ലാത്ത, ചെയ്യേണ്ടുന്നതിനെ ചെയ്യാത്ത, ചെയ്യേണ്ടുന്നതിനെ ചെയ്തവൻ കൃതകൃത്യൻ.

'കനിവിനൊടു കണ്ടു കൃതാർത്ഥനായേനഹം
കാമലാഭാൽ കൃതകൃത്യനായീടിനേൻ'
(അദ്ധ്യാത്മരാമായണം)

അകൃതകൃത്യത-കൃതകൃത്യതയില്ലായ്ക. കൃതകൃത്യത=ചെയ്യേണ്ടതു ചെയ്ത സുഖം.

അകൃതക്രയൻ-വാങ്ങീട്ടില്ലാത്തവൻ.

അകൃതക്ഷണ-വി. മതിയായ സന്ദർഭം കിട്ടീട്ടില്ലാത്ത

അകൃതഘ്ന-വി. ഉപകാരത്തെ മറന്നിട്ടില്ലാത്ത, നന്ദിയുള്ള. കൃതത്തെ ഹനിക്കയോ ഫലമില്ലാതാക്കുകയോ ചെയ്യുന്നവൻ 'കൃതഘ്നൻ'. [ൽ

'കിമപിനഹിഭവതി കരണീയംഭവതിയം
കീർത്തിഹീനൻ കൃതഘ്നൻ തുലോംനിർമ്മൻ'
(അദ്ധ്യാത്മരാമായണം)

അകൃതഘ്നത-ഉപകാരത്തെ മറക്കുന്നവന്റെ സ്വഭാവം ഇല്ലായ്ക.

അകൃതചൂഡൻ-ചൂഡാകർമ്മം കഴിഞ്ഞിട്ടില്ലാത്തവൻ. ചൂഡാകർമ്മം എന്നതു കുട്ടികൾക്ക് ആദ്യമായി കുടുമ വയ്ക്കുമ്പോൾ നടത്തുന്ന മന്ത്രക്രിയയാകുന്നു. ഇതിന 'ചൌളം' എന്നും പറയും.

അകൃതജപം-പ്രവർത്തിക്കപ്പെട്ടിട്ടില്ലാത്ത ജപം.

അകൃതജ്ഞൻ-കൃതജ്ഞൻ (നന്ദിയുള്ളവൻ) അല്ലാത്തവൻ. ചെയ്യപ്പെട്ടതിന്റെ ജ്ഞാനമുള്ളവൻ-കൃതജ്ഞൻ.

അകൃതജ്ഞത-ഉപകാരം ചെയ്തതിനെക്കുറിച്ചു വിചാരിക്കുന്നസ്വഭാവംഇല്ലായ്ക.

അകൃതതീർത്ഥ-വി. ൧. പുണ്യസ്ഥലങ്ങൾ ദർശിച്ചിട്ടില്ലാത്ത. ൨. അദ്ധ്യാപകന്റെ കീഴിൽ പതിവായി പഠിച്ചിട്ടില്ലാത്ത.

അകൃതദംശനൻ-കൃതമായിരിക്കുന്നദംശനത്തോടുകൂടിയവൻ കൃതദംശനൻ, അതില്ലാത്തവൻ അകൃതദംശനൻ (ദംശനം=കടി.)

'മഹനമോചിത ഏഷ മഹീഭുജാ
ദശപദ്രാവണേ കൃതദംശനഃ'
(നളചരിതം കഥകളി)

**അകൃതധമ്മം**-പ്രവൎത്തിച്ചിട്ടില്ലാത്തധമ്മം

**അകൃതധി(ബുദ്ധി)**- വി. അജ്ഞാനിയായ.

**അകൃതനിശ്ചയ**-വി. നിശ്ചയംവന്നിട്ടില്ലാത്ത.

**അകൃതപരിശ്രമൻ**-പു. ശ്രമിച്ചിട്ടില്ലാത്തവൻ. ൨. പഠിച്ചിട്ടില്ലാത്തവൻ.

**അകൃതപുങ്ഖ**- വി. ശരപ്രയോഗശീലം വന്നിട്ടില്ലാത്ത. പുങ്ഖം എന്നതു് അമ്പിൻെറ കടയാണ്. അതിൽ ചിറകു കെട്ടിവയ്ക്കുക എന്ന ഏൎപ്പാടുണ്ടായിരുന്നു

'ഹേമപുങ്ഖമൊടു കങ്കപത്രമതു
ചേരത്തൊരസ്ത്രമൊന്നുകൈയിലും'
(ജാനകീപരിണയം)

**അകൃതപുങ്ഖൻ**— ശരപ്രയോഗത്തിങ്കൽ സാമൎത്ഥ്യമില്ലാത്തവൻ (അകൃതഹസ്തശബ്ദം നോക്കുക). പുങ്ഖം (അമ്പിൻെറ ചുവടു്) നല്ലവണ്ണം ഞാണിന്മേൽ തൊടുക്കുന്നവൻ കൃതപുങ്ഖൻ.

**അകൃതപുണ്യം**- പ്രവൎത്തിക്കപ്പെട്ടിട്ടില്ലാത്ത പുണ്യം (സുകൃതം).

**അകൃതപൂൎവ്വ**-വി. മുമ്പു പ്രവൎത്തിച്ചിട്ടില്ലാത്ത.

**അകൃതപ്രകമ്പനം**- ചെയ്യപ്പെട്ടിട്ടില്ലാത്ത വലിയ ഇളക്കം.

**അകൃതപ്രതിജ്ഞ**-വാഗ്ദത്തമനുസരിച്ചു നടന്നിട്ടില്ലാത്ത,ഉടമ്പടിചെയ്തിട്ടില്ലാത്ത.

**അകൃതബന്ധനം**--ചെയ്യപ്പെട്ടിട്ടില്ലാത്ത ബന്ധനം. (കൃതബന്ധനം =ചെയ്യപ്പെട്ട ബന്ധനം).

'അമലഹൃദിമധുമഥനഭക്തിവിശ്രുതരം-
യജ്ഞാനകൎമ്മകൃതബന്ധനംക്ഷണാൽ
സുചിരവിരചിതമപിവിമുച്യന്തരേവരം
സന്ധിരംപ്രാപിക്കുമില്ലാതസംശയം'
(അദ്ധ്യാത്മരാമായണം)

**അകൃതമാൎഗ്ഗം**-ചെയ്യപ്പെട്ടിട്ടില്ലാത്തവഴി.

**അകൃതമുഖ**-വി. പഠിപ്പില്ലാത്ത, ബുദ്ധിയില്ലാത്ത, സാമൎത്ഥ്യമില്ലാത്ത.

**അകൃതയത്നം**— ചെയ്യപ്പെട്ടിട്ടില്ലാത്ത യത്നം.

**അകൃതലക്ഷണ**-വി. ൧. അടയാളപ്പെടുത്തീട്ടില്ലാത്ത. ൨. ഭംഗിയില്ലാത്ത, രൂപമില്ലാത്ത. ൩. ഗുണമില്ലാത്ത. ൪. ക്ലിപ്തി(നിശ്ചയം ഇല്ലാത്ത. ൫. മൎയ്യാദയില്ലാത്ത. ൬. പ്രമാണമില്ലാത്ത.

**അകൃതലക്ഷണൻ**-പു. അടയാളപ്പെടുത്തീട്ടില്ലാത്തവൻ ൨. ഭംഗിയില്ലാത്തവൻ, രൂപമില്ലാത്തവൻ. ൩. ഗുണമില്ലാത്തവൻ. ൪. ക്ലിപ്തി (നിശ്ചയം)ഇല്ലാത്തവൻ. ൫. മൎയ്യാദയില്ലാത്തവൻ. ൬. പ്രമാണമില്ലാത്തവൻ. കൃതലക്ഷണൻ= ഗുണങ്ങളെക്കൊണ്ടു പ്രസിദ്ധനായവൻ.

'ഗുണൈഃ പ്രതീതെതുകൃത-
ലക്ഷണാഹതലക്ഷണൌ' (അമരം)

**അകൃതവതി** കൃതവതിയല്ലാത്തവൾ. കൃതവതി=ചെയ്തവൾ.

**അകൃതവാൻ**- കൃതവാൻ അല്ലാത്തവൻ. കൃതവാൻ=ചെയ്തവൻ.

'ഭക്ത്യാ യോതിസമച്ചനന്തു കൃതവാൻ'
(കിരാതം തുള്ളൽ)

**അകൃതവിദ്യ**-വി. പഠിപ്പില്ലാത്ത.

**അകൃതവേതന**-വി. കൂലിയ്ക്കു വേല ചെയ്യാത്ത, കൂലിയില്ലാത്ത.

**അകൃതവേദി**-ഉപകാരസ്മരണയില്ലാത്തവൻ. 'അകൃതവേദി' എന്നതു പുല്ലിംഗമായും നപുംസകലിംഗമായും ഉപയോഗിക്കാം. ഉ-ം, അകൃതവേദിയായ പുരുഷൻ. അകൃതവേദിയായ സംഘം.

**അകൃതവേദിനി**-ഉപകാരസ്മരണയില്ലാത്തവൾ.

**അകൃതവേശ**- വി. അലങ്കരിച്ചിട്ടില്ലാത്ത, ഉടുപ്പിട്ടിട്ടില്ലാത്ത.

**അകൃതവേഷ**- വി. ഉടുപ്പിട്ടിട്ടില്ലാത്ത, അലങ്കരിച്ചിട്ടില്ലാത്ത 'അകൃതവേശ' ശബ്ദത്തിന് അകൃതവേഷശബ്ദത്തോളം പ്രചാരമില്ല. രണ്ടും ഒന്നുതന്നെയാണ്. ഇതുപോലെ ശ, ഷകാരങ്ങൾ തമ്മിൽ ഉച്ചാര

ണവ്യത്യാസം വരെയുംകാണാം. വേഷശബ്ദത്തിന വസ്ത്രാദികൾകൊണ്ടുണ്ടാക്കപ്പെട്ട ശോഭയെന്ന അർത്ഥമുണ്ട്.

'ആകല്പവേഷൌ' (അമരം)

അകൃതവൈരം-പു. കൃതവൈരം അല്ലാത്തതു്. കൃതവൈരം=ചെയ്യപ്പെട്ട കാര്യത്തിൽ വിരോധം.

അകൃതശോഭ-വി. മലിനതയില്ലാത്ത, അഴുക്കില്ലാത്ത ല. സാമർത്ഥ്യമില്ലാത്ത, മിടുക്കില്ലാത്ത.

അകൃതശൌച-ശുദ്ധിചെയ്തിട്ടില്ലാത്ത.

അകൃതശ്രമൻ-പു. ശ്രമിച്ചിട്ടില്ലാത്തവൻ. ല. പഠിച്ചിട്ടില്ലാത്തവൻ.

അകൃതശ്രാന്തി-വി. കൃതശ്രാന്തിയല്ലാത്ത. കൃതശ്രാന്തി=ചെയ്യപ്പെട്ടക്ഷീണം.

അകൃതസങ്കല്പ-വി. സങ്കല്പിച്ചിട്ടില്ലാത്ത (നിശ്ചയിച്ചിട്ടില്ലാത്ത.

അകൃതസാപത്ന്യക-കൃതസാപത്ന്യകയല്ലാത്തവൾ. കൃതസാപത്ന്യക=മുമ്പേ വേൾക്കപ്പെട്ട സ്ത്രീക്ക്, അവളുടെ ഭർത്താവു പിന്നെ ഒരുത്തിയെവേട്ടാൽ ഉണ്ടാകുന്നപേർ.

അകൃതഹസ്തൻ-വി. പു. ശരപ്രയോഗത്തിങ്കൽ സാമർത്ഥ്യമില്ലാത്തവൻ. ല. മിടുക്കില്ലാത്തവൻ. കൃതഹസ്ത=കൃത (ശിക്ഷിതമായ) ഹസ്തം (കൈ)കൊണ്ടു ബാണങ്ങളെ പ്രയോഗിക്കുന്നവൻ

'കൃതഹസ്തസ്സുപ്രയോഗ
വിശിഖഃകൃതപുംഖവൽ' (അമരം)

അകൃതഹസ്തക-വി. പു. സാമർത്ഥ്യമില്ലാത്ത. ല. ശരപ്രയോഗത്തിൽ വൈഭവമില്ലാത്ത. ഇതു് അകൃതഹസ്തശബ്ദത്തിൽ 'സ്വാർത്ഥകപ്രത്യയം' എന്നതനുസരിച്ചുണ്ടായതാണ്.

അകൃതഹസ്തത-പു. സാമർത്ഥ്യക്കേട്, വൈഭവക്കുറവ്. ല. ശരപ്രയോഗത്തിൽ വൈഭവമില്ലായ്മ.

അകൃതാത്മാവ്-ബുദ്ധിഹീനൻ.

അകൃതാർത്ഥത-കൃതാർത്ഥതയില്ലായ്മ, ഉനിച്ച കാര്യത്തെ നേടാത്ത സ്ഥിതിയില്ലായ്മ, ഭാഗ്യക്കേട്.

'എല്ലായ്പോഴും മടിപെടും ശിശുവിനു ചിത്തേ
വല്ലാത്ത ശല്യമകൃതാർത്ഥതകൊണ്ടസഹ്യം'
(പദ്യപാഠാവലി)

അകൃതാഭിഷേക-കൃതാഭിഷേകയല്ലാത്തവൾ. കൃതാഭിഷേക=രാജസ്ത്രീകളിൽ പട്ടംകെട്ടിയവൾ.

അകൃതാവമതി-കൃതാവമതിയല്ലാത്തവൾ. കൃതാവമതി=ചെയ്യപ്പെട്ടതായിരിക്കുന്ന അവമാനത്തോടുകൂടിയവൾ.

അകൃതാസ്ത്ര-വി. ശരപ്രയോഗശീലം വന്നിട്ടില്ലാത്ത.

അകൃതി-കൃതിയല്ലാത്തവൻ. കൃതി=പ്രവൃത്തിയിൽ സാമർത്ഥ്യമുള്ളവൻ, വിദ്വാൻ.

'സംഭാവ്യസ്സുകൃതീ കൃതീ ശാസ്ത്രതാം'
(ദക്ഷയാഗം കഥകളി)

അകൃതിനി-പ്രവൃത്തിയിൽ വൈഭവമില്ലാത്തവൾ.

അകൃതോദ്വാഹ-വി. വേളികഴിച്ചിട്ടില്ലാത്ത.

അകൃത്ത-വി. വെട്ടീട്ടില്ലാത്ത.

അകൃത്ന-വി. പു. മിടുക്കില്ലാത്ത ല. ജോലി ചെയ്യുന്നതിന ശേഷിയില്ലാത്ത. ന. ശക്തിയില്ലാത്ത.

അകൃത്യം-കൃത്യമല്ലാത്തതു്, ചെയ്യരുതാത്തതു്.

'കൃത്യവുമകൃത്യവും ധർമ്മവുമധർമ്മവും
നിത്യവുമനിത്യവും സത്യവുമസത്യവും'
(പഞ്ചതന്ത്രം)

അകൃത്രിമ-വി. സഹജമായ, മനുഷ്യത്താൽ ഉണ്ടാക്കപ്പെട്ടതല്ലാത്ത.

അകൃത്രിമപ്രഭ-കൃത്രിമപ്രഭയല്ലാത്തതു്. കൃത്രിമപ്രഭ=സ്വാഭാവമുള്ളതല്ലാത്ത ശോഭ.

അകൃത്രിമം-സഹജമായുള്ളതു്, മനുഷ്യത്താൽ ഉണ്ടാക്കപ്പെട്ടതല്ലാത്തതു് സ്വാഭാവമുള്ളതല്ലാത്തതു്=കൃത്രിമം. സംസ്കൃ

ത്തിൽ "കൃത്രിമത" എന്ന ശബ്ദമുണ്ട്. ഭാഷയിൽ 'കൃത്രിമം' എന്നു പ്രയോഗിക്കുന്നതാണു നന്ന്.

'കൃത്രിമമൃഗാങ്കനക്ഷത്രങ്ങൾകാൺകിലോ
ചിത്രമിതു സത്യമെന്നാത്തനിനച്ചിട്ടും'
(ദുര്യോധനവധം കഥകളി.)

അകൃത്വാ-(അവ്യയം)ചെയ്യാതെ. കൃത്വാ എന്നതിനു 'ചെയ്തിട്ട്' എന്നർത്ഥം

'അകൃത്വാ കുലസന്തതിം' (മനു)

അകൃത്സാ-ദുരിതമില്ലായ്മ; പാപമില്ലായ്മ.

അകൃത്സ്ന-വി. മുഴുവനല്ലാത്ത. കൃത്സ്നം എന്നാൽ മുഴുവനും എന്നർത്ഥം.

'കൃപയൊടൊത്ത കൃമിസദൃശസൂക്ഷ്മശരീരനാ
കൃത്സ്നം പുരവരമനാവിഷ്കൃതനിശ്ചയം' [യ്
(അദ്ധ്യാത്മരാമായണം)

കൃത്സ്നം എന്നാൽ ഒട്ടൊഴിയാതെയുള്ളത് എന്നർത്ഥം. പര്യായങ്ങൾ നോക്കുക:—

'വിശ്വ,മശേഷം,കൃത്സ്നം' (അമരം)

അകൃന്തനം-മുറിക്കായ്ക. കൃന്തനം ചെയ്ക = മുറിക്കുക.

'അന്തകന്റെ ചിന്ത ഹന്ത കളഞ്ഞതും
ദന്തിവരാസുര കൃന്തനം ചെയ്തതും'
(ദക്ഷയാഗം കഥകളി)

അകൃപണ-വി. ൧. ദരിദ്രതയില്ലാത്ത. ൨, നീചത്വമില്ലാത്ത.

അകൃപണൻ-കൃപണനല്ലാത്തവൻ, ദരിദ്രനല്ലാത്തവൻ. നീചത്വമില്ലാത്തവൻ. പിശുക്കിന്റെ ശക്തികൊണ്ടു ദരിദ്രനെന്നപോലെ കഷ്ടമായി ജീവിക്കുന്നവനു 'കൃപണൻ' എന്നു പേർ.

'കദര്യ്യകൃപണക്ഷുദ്ര-
കിംപചാനമിതംപചാഃ' (അമരം)

അകൃപണവത്സല-വി. ദരിദ്രന്മാരോടു സ്നേഹമില്ലാത്ത, ദരിദ്രന്മാരോടു ദയയില്ലാത്ത.

അകൃപണവാത്സല്യം-ദരിദ്രന്മാരോടു സ്നേഹമില്ലായ്മ, ദരിദ്രന്മാരോടു ദയയില്ലായ്മ.

അകൃപാലു-വി. കൃപയില്ലാത്ത.

അകൃമിഘ്ന-പുഴുവിനെ നശിപ്പിക്കാത്ത.

അകൃമില-പ്രസവിക്കാത്ത സ്ത്രീ.

അകൃശ-വി. ൧ മെലിയാത്ത. കൃശം = മെലിഞ്ഞത്.

'അതുപൊഴുതുപവനസുതനതികൃശശരീര-
നായംഗുഷ്ഠതുല്യനായുൾപ്പുക്കരുളിനാൻ'
(അദ്ധ്യാത്മരാമായണം)

കൃശം എന്നാൽ സൂക്ഷ്മമായ എന്നർത്ഥം. 'ശ്ലക്ഷ്ണം ദഭ്രം കൃശം തനു' എന്നമരം. ൨. ക്ഷീണിക്കാത്ത. ൩ വലുതായ. ൪. കടുത്ത.

'കാട്ടുതാനകൃശമാം കൃശാനുപിടി-
പെട്ടശേഷവുമെരിഞ്ഞുപോയ്''
(അന്യാപദേശശതകം)

അകൃശത്വം-൧. മെലിയാത്ത സ്ഥിതി. ൨. ക്ഷീണിക്കായ്ക. ൩. വലുത്. ൪. കടുപ്പം.

അകൃശലക്ഷ്മി-പൂർണ്ണൈശ്വര്യത്തോടെയുള്ള

അകൃശാശ്വൻ-ഒരു അയോദ്ധ്യാരാജാവിന്റെ പേർ.

അകൃഷ്ട-വി. കൃഷിചെയ്യപ്പെടാത്ത, കിളയ്ക്കാത്ത.

അകൃഷ്ടം-കർഷിക്കപ്പെട്ടതല്ലാത്തതു, (വലിച്ചെടുക്കപ്പെട്ടതല്ലാത്തത്.)

അകൃഷ്ടപച്യ-വി. താനേ മുളയ്ക്കുന്ന. അകൃഷ്ടമായ സ്ഥലത്തു പച്യമാനമായ (കിളയ്ക്കാത്തസ്ഥലത്തു വളർന്നുവരുന്ന.)

അകൃഷ്ടി-വിദ്വാനല്ലാത്തവൻ, അറിവില്ലാത്തവൻ.

അകൃഷ്ണ-വി. ൧. കൃഷ്ണ (കറുപ്പു)നിറം ഇല്ലാത്ത. ൨. ശുദ്ധികേടില്ലാത്ത. ൩. ദുഷ്ടതയല്ലാത്ത. കൃഷ്ണം എന്നതിനു മനസ്സിനെ ആകർഷിക്കുന്നതു എന്നു താല്പര്യം.

അകൃഷ്ണകചം-കറുപ്പുനിറമല്ലാത്തതലമുടി

അകൃഷ്ണൻ-കൃഷ്ണം (കളങ്കം) ഇല്ലാത്തവൻ

'ചന്ദ്രമാ ഇവ ബ്രഹ്മാകൃഷ്ണഃ' (ശ്രുതി)

**അകൃഷ്ണകൎമ്മാവു്** -ചന്ദ്രൻ, കററംചെയ്തിട്ടില്ലാത്തവൻ, പുണ്യശീലൻ, പുണ്യകൎമ്മങ്ങളെ ചെയ്യുന്നവൻ.

'ശിശിരാംശോ കൃഷ്ണകൎമ്മാ' (അമരം)

**അകൃഷ്ണകൎമ്മി** -കററം ചെയ്തിട്ടില്ലാത്തവൾ, പുണ്യശീല.

**അകൃഷ്ണത**-ന. കറുപ്പുനിറമില്ലായ്ക. ൨. ശുദ്ധികേടില്ലായ്ക. ൩. ദുഷ്ടതയില്ലായ്ക

**അകൃഷ്ണത്വം**-കൃഷ്ണത്വം (കറുപ്പുനിറം) ഇല്ലായ്ക.

**അകൃഷ്ണധനം** -ദൌഷ്ട്യത്താൽ സമ്പാദിക്കാത്ത ധനം (പണം.)

**അക്ലൃപ്ത**-വി. ന. ചമയ്ക്കപ്പെട്ടിട്ടില്ലാത്ത, നിൎമ്മിക്കപ്പെട്ടിട്ടില്ലാത്ത, ചെയ്യപ്പെട്ടിട്ടില്ലാത്ത, തയാറായിട്ടില്ലാത്ത.
൨. കല്പിക്കപ്പെട്ടിട്ടില്ലാത്ത, നിശ്ചയിച്ചിട്ടില്ലാത്ത, നിശ്ചയമില്ലാത്ത. ൩. വെളിപ്പെട്ടിട്ടില്ലാത്ത.

'പ്രാസംമതിൽ ശബ്ദമുകര-
ശ്രേണിക്ലൃപ്തം കവാടം'
(മയൂരസന്ദേശം)

'ക്ല' എന്ന അക്ഷരത്തിനുപകരം 'ക്ലി' എന്ന അക്ഷരം ഉപയോഗിക്കുന്നതു നന്നല്ല.

**അക്ലൃപ്തി**-ന. ചമയ്ക്കായ്ക, നിൎമ്മിയ്ക്കായ്ക, തയാറാക്കായ്ക. ൨. ജയമില്ലായ്ക. ൩. നിശ്ചയമില്ലായ്ക. ക്ലൃപ്തി=പരിച്ഛേദം.

**അക്ലൃപ്തിക**-വി. വാങ്ങീട്ടില്ലാത്ത.

**അകേകര**-വി കോങ്കണ്ണില്ലാത്ത.

**അകേതിത**-വി. ന. വിളിക്കപ്പെടാത്ത ൨. നിവസിക്കപ്പെടാത്ത,

**അകേതു**- (നാസ്തികേതുശ്ചിഹ്നം യസ്യ) കേതു ഇല്ലാത്തവൻ, ചിഹ്നം ഇല്ലാത്തവൻ.

**അകേന്ദ്രം** - വൃത്തത്തിന്റെ സൂക്ഷ്മമായ നടുഭാഗം കേന്ദ്രം. അതല്ലാത്തതു് അകേന്ദ്രം.

**അകേശ**-വി. ന. രോമമില്ലാത്ത. ൨. ചീത്തരോമമുള്ള.

**അകേശിക**-വി. വേണ്ടുവോളം രോമമില്ലാത്ത.

**അകേശിനി**-തലമുടിയില്ലാത്തവൾ.

**അകൈതവം**-ന. ചതിയില്ലായ്ക. ൨. വ്യാജമില്ലായ്ക (കൈതവം=ചതി, വ്യാജം.)

**അകൈതവൻ**-ന. ചതിയനല്ലാത്തവൻ. ൨. വ്യാജമില്ലാത്തവൻ.

**അകൈശികം** - തലമുടിക്കൂട്ടമില്ലായ്ക, ധാരാളം രോമമില്ലായ്ക.

**അകൈശ്യം** - കൈശ്യം ഇല്ലാത്തതു്. കൈശ്യം=കേശസമൂഹം.

'കൈശ്യങ്ങളും മെഴുക്കാലതിവികൃതമഴ-
കേറീടും മാറിടം തേ'
(അമരുകശതകം)

**അകൈശോരം**-വി. ൧൫ വയസ്സിൽ കൂടിയ പ്രായം. കിശോരഭാവം. ൧൫ വയസ്സുവരെയാണെന്നു "കൈശോരമാപഞ്ചദശാത്" എന്ന ഭാഗം തെളിയിക്കുന്നു.

**അകൌല്യം**-അതിശയമില്ലായ്ക, ആഡംബരമില്ലായ്ക. കൌല്യം-'കൌല്യ' എന്ന ധാതുവിൽനിന്നു തന്മാത്രതദ്ധിതൻ.

**അകോടം**-കവുങ്ങ്. [ന കടതിവക്രീഭവതിസ്തസ്ഥാദിത്വം] വളയാതെ ഒരേക്രമത്തിൽ ഒററത്തടിയായി നിവൎന്നു വളരുന്നു.

**അകോമള**-മഞ്ജുളമല്ലാത്ത, ഭംഗിയില്ലാത്ത, മധുരതയില്ലാത്ത, മൃദുലമല്ലാത്ത.

'കോമളം മൃദുലം മൃദു' എന്നമരം-
'കോമളയായ നീ വീരനാമെന്നുടെ
മാനസനന്ദിനിയായെന്നോടുകൂടവെ'
'കോമളാകാര! ജയജയ ശ്രീപതേ'
(ഭാഗവതം)

**അകോപന** - കോപനയല്ലാത്തവൾ, കോപന=കോപമുള്ളവൾ.

അകോവിദൻ-വിദ്വാനല്ലാത്തവൻ.
'വേദശാസ്ത്രാദികോവിദൻ വേദവല്ലീശം
(ദക്ഷയാഗം കഥകളി) [നി'

അകൌട-വി. ൧. സ്വന്തഗൃഹത്തിൽ വസിക്കാത്ത. ൨. സ്വാതന്ത്ര്യമില്ലാത്ത. ൩. ചതിയില്ലാത്ത. ൪. മര്യാദയുള്ള.

അകൌടം-൧. ചതിയില്ലായ്ക. ൨. കളവില്ലായ്ക.

അകൌടകികൻ-കൌടകികനല്ലാത്തവൻ. കൌടകികൻ=പക്ഷികളെ പിടിക്കുന്നവൻ, മാംസം വിൽക്കുന്നവൻ.

അകൌടി-൧. ചതിയില്ലാത്തവൾ. ൨. സ്വാതന്ത്ര്യമില്ലാത്തവൾ. ൩. സ്വന്തഗൃഹത്തിൽ താമസിക്കാത്തവൾ. ൪. മര്യാദയുള്ളവൾ.

അകൌടിക-പക്ഷികളെ പിടിക്കാത്ത.

അകൌടില്യം-കൌടില്യം (കുടിലത=ചതി) ഇല്ലായ്ക. ൨. ദൌഷ്ട്യമില്ലായ്ക. ൩. വളവില്ലായ്ക. കൌടില്യം എന്നതു കുടിലശബ്ദത്തിൽ നിന്നുണ്ടായതാണ്.
'കലിതസംരംഭം കൌരവന്മാരുടെ
കലിയും ദ്വേഷവും കൌടില്യബുദ്ധിയും'
(പതിനാലുവൃത്തം

അകൌടുംബ-വി. ഭവനത്തിലേയ്ക്കാവശ്യമില്ലാത്ത.

അകൌടുംബി - ഭവനത്തിലേയ്ക്കാവശ്യമില്ലാത്തവൾ.

അകൌടുംബികൻ-ഒരു ഗൃഹത്തിലെ നായകനോ പിതാവോ അല്ലാത്തവൻ.

അകൌടുംബ - ബന്ധുത്വമില്ലായ്മ

അകൌതുകം-ആഗ്രഹമില്ലായ്മ ൨. കാത്തിരിപ്പില്ലായ്മ ൩. സന്തോഷമില്ലായ്മ
'കേൾക്കനിന്നെദനല്ല കേശപാശം കണ്ടു
കോകിലാലാപിനി മേചകകൌതുകാലാട്ടു
(ദുര്യോധനവധം കഥകളി) [ന്നു'
കൌതുകം[കുതുകസ്യഭാവഃ]
'അങ്ങോട്ടുവന്നതിലതികൌതുകമിഹ
(പതിനാലുവൃത്തം) [ന്നാൽ'

അകൌതുകാഗാരം-നല്ലവീടല്ലാത്തതു്

അകൌതൂഹലം-൧. ആഗ്രഹമില്ലായ്ക. ൨. കാത്തിരിപ്പില്ലായ്ക. ൩. സന്തോഷമില്ലായ്ക.
'കൌതൂഹലം കൌതുകഞ്ച
കുതുകഞ്ച കുതൂഹലം' (അമരം)
'ജനനീഗൃഹാദി സകലം
ചിന്തിച്ചു കൌതൂഹലാൽ'
(ശ്രീകൃഷ്ണചരിതം മണിപ്രവാളം)

അകൌതൂഹല്യം-൧. ആഗ്രഹമില്ലായ്ക. ൨. കാത്തിരിപ്പില്ലായ്ക. ൩. സന്തോഷമില്ലായ്ക.
കുതുകം, കൌതുകം, കുതൂഹലം, കൌതൂഹലം, കൌതൂഹല്യം എന്നിവയ്ക്കു കാണുന്നതിനോ കേൾക്കുന്നതിനോ അറിയുന്നതിനോ അനുഭവിക്കുന്നതിനോ ഉള്ള കാത്തിരിപ്പ് എന്നർത്ഥം

അകൌബേര-വി. കുബേര(വൈശ്രവണ)നെ സംബന്ധിച്ചതല്ലാത്ത.

അകൌമാരകം-൧. അഞ്ചുവയസ്സിനു മേലുള്ള പ്രായം ൨. (സ്ത്രീസംഗതിയിൽ) പതിനാറുവയസ്സിനു മേലുള്ള പ്രായം.

അകൌമുദി-നിലാവില്ലായ്മ.

അകൌല-വി. ൧. കുല(വംശ)ത്തെ സംബന്ധിക്കാത്ത. ൨. നല്ല വംശത്തിൽ ഉൾപ്പെടാത്ത. ൩. പാരമ്പര്യത്തിൽ വന്നിട്ടില്ലാത്ത.

അകൌലടിനേയൻ-കൌലടിനേയനല്ലാത്തവൻ. കൌലടിനേയൻ=ഭിക്ഷുകിയായിക്കൊണ്ടു കുലങ്ങളെ അടനം ചെയ്യുന്ന സതിയുടെ പുത്രന്റെ പേർ കൌലടേയൻ. എന്നുമുണ്ടു്.

അകൌലടേരൻ-കൌലടേരൻ അല്ലാത്തവൻ. കൌലടേരൻ=ജാരസംഗതിന്നായിക്കൊണ്ടു നടക്കുന്ന കുലടയുടെ പുത്രന്റെ പേർ.

അകൌലിക-വി. ൧. വംശത്തിലുൾപ്പെടാത്ത. ൨. വംശത്തിൽ പതിവില്ലാത്ത.

**അകൌലികി**–വംശത്തിൽ ചേരാത്തവൻ.

**അകൌലീന**–വി. സൽക്കുലത്തിൽഉൾപ്പെടാത്ത.

**അകൌലീന്യം**–ശ്രേഷ്ഠകുലത്തിൽ ജനിച്ച സ്ഥിതി ഇല്ലായ്ക.

**അകൌലേയക**–വി. നല്ല കുലത്തിൽ ജനിക്കാത്ത.

**അകൌല്യ**–വി. ശ്രേഷ്ഠകുലത്തിൽ ജനിക്കാത്ത.

**അകൌശലം**–ന. സൌഖ്യമില്ലായ്ക, ഭംഗ്യമില്ലായ്ക. ൨. മിടുക്കില്ലായ്ക, ചതുരതയില്ലായ്ക. ൩. അപ്രാപ്തി.

**അകൌശല്യം**–സാമർത്ഥ്യമില്ലായ്മ. കൌശല്യം=കുശലത, സാമർത്ഥ്യം.

'കൌശല്യം കലരാതെ ബാലികകരഞ്ഞീടുന്നഹോ കേവലം'

(അമരുകശതകം)

**അകൌസീദ്യം**–ന. മടിയില്ലായ്മ, ചൊടിപ്പുള്ള, ഉണർച്ചയുള്ള. ൨. അന്യായപ്പലിശ വാങ്ങിക്കാതെയിരിക്ക.

**അകൌസുംഭ**–വി. കുയമ്പപ്പൂനിറമല്ലാത്ത, ചെമന്നതല്ലാത്ത.

**അകൌസൃതികൻ**–ന. ചതിയനല്ലാത്തവൻ. ൨. ഇന്ദ്രജാലവിദ്യയില്ലാത്തവൻ.

**അക്കം**–അക്ഷം എന്നതിന്റെ തത്ഭവം. ന. സംഖ്യയെക്കുറിക്കുന്ന അടയാളം. ൨. സംഖ്യ.

**അക്കൻ**–ജ്യേഷ്ഠത്തി. (ചേട്ടത്തി)

അക്കൻ എന്ന പദം ദക്ഷിണകേരളത്തിലാണ നടപ്പ്. വയസ്സിന മൂപ്പുള്ളവരെ ഉദ്ദേശിച്ചാണ് ഈ പ്രയോഗം അധികമായി കാണുന്നത്. ഇളയ സഹോദരിയും സഹോദരനും മൂത്തസഹോദരിയെ അക്കൻ എന്ന പറയാറുണ്ട്. ഉത്തരകേരളത്തിൽ ചേട്ടത്തി എന്ന പറഞ്ഞുവരുന്നു. തമിഴിൽ 'അക്കാൾ' എന്ന രൂപം നടപ്പുണ്ട്. ഇതിന്റെ വികൃതരൂപം 'അക്കാ' എന്നാണ്. അക്കാ എന്ന ശബ്ദത്തിന സംസ്കൃതത്തിൽ ജനനി എന്ന അർത്ഥം കാണുന്നു. പക്ഷേ ആ ഭാഷയിൽ ഇതു പ്രയുക്തമല്ല. അക്കൻ എന്നതിന്റെ പുല്ലിംഗപദം ഭാഷയിൽ 'അണ്ണൻ' എന്നാകുന്നു.

**അക്കനം**–(അക്ഷരം എന്നതിന്റെ തത്ഭവം). ന. വിശപ്പ. ൨. പരബ്രഹ്മം. ൩. പ്രകൃതി. ൪. മനസ്സ്. ഈശ്വരൻ അക്ഷരങ്ങളിലുള്ളവനാണല്ലൊ.

'അക്കനങ്ങളിലൊക്കെയുമുള്ളൊരുത്തമരൂപ [മെ'

(അഞ്ചടി)

**അക്കച്ചി**–അലങ്കാരി വെളുത്തേടത്തി.

മക്കാച്ചിയാട്ടുകിടയായ് മരുവുന്നതല്ലോ
രക്കച്ചിയന്റെ ഭവനപ്പടി കണ്ടനേരം'
'മുന്നം ഞാൻ ചിലമുണ്ടലക്കുവതിനായക്കച്ചി തൻ മന്ദിരം'

(വെണ്മണികൃതി)

തെക്കൻദിക്കിൽ കുഗ്രാമങ്ങളിൽ ജ്യേഷ്ഠസഹോദരിക്ക അക്കച്ചി എന്ന പറയാറുണ്ട്. ഔപചാരികമായും അക്കച്ചി, അമ്മച്ചി എന്ന വിളിച്ചുവരുന്നു.

**അക്കച്ചെട്ട്**–അക്കം കൊണ്ടുള്ള ഒരു മാതിരി സംസാരം.

**അക്കപ്പൂട്ട്**–അക്കങ്ങളോടുകൂടിയ ഒരു മാതിരി രക്ഷാബന്ധം, മന്ത്രവാദികൾ ക്ഷുദ്രപ്രയോഗത്തിനായിട്ട് ഉണ്ടാക്കുന്ന ഒരു മാതിരി എഴുത്ത്. അക്കപ്പട്ടം എന്നതു നോക്കുക.

**അക്കപ്പൂ**–നീർച്ചുവി, ജലസസ്യം.

അക്കപ്പൂരം–ഉപദ്രവം.

**അക്കര**–മറുകര.

ആ കര എന്നർത്ഥം. അ, ഇ, ഉ ഇവ മൂന്നും തമിഴ് വ്യാകരണപ്രകാരം വിവേചകശബ്ദമായ ചുട്ടെഴുത്തുകളാണെങ്കിലും സാധാരണ പ്രയോഗിച്ചുകാണുന്നത് അ, ഇ ഇവ രണ്ടുമാണ്. ഇവയ്ക്കു ദ്വിത്വം പരമായിവന്നാൽ മലയാളപദ്യത്തിലും ആ ദ്വിത്വം ഇരട്ടിക്കും. ഗദ്യത്തിൽ അക്കര എന്ന ദ്വിത്വം ഇരട്ടിച്ചുവരുന്നതി

ണെക്കാൾ 'ആ കര' എന്നാകുന്നതു് ഉത്തമം. [അക്കണ്ണിൽ-ആ കണ്ണിൽ] കേരളപാണിനീയം സൂത്രം ൧൦-൧, ൧൧-൨ നോക്കുക.

'ക്ഷീണിക്കാത ക്ഷണദ ഗണയണം
കായലിന്നക്കരയ്ക്കു്'
(മയൂരസന്ദേശം)

**അക്കരം**— (അക്ഷരശബ്ദത്തിന്റെ തത്ഭവം) ഇപ്പോൾ പ്രയോഗമില്ല. ഒരു രോഗം. ഇതു കുട്ടിക്കാലത്തു ചെവിക്കകത്തുണ്ടായി പഴുത്തു പൊട്ടുന്നതാണ്. വായിലുണ്ടാകുന്ന ഒരു ദീനമെന്നും കാണുന്നു.)

**അക്കരപ്പിഴ**—൧. വലിയ അപരാധം. ൨. നിർഭാഗ്യം. ദുഃഖത്തിലും മററും 'എന്തൊരക്കരപ്പിഴ വന്നുപോയി' എന്നു പറയാറുണ്ട്.

**അക്കരംകൊല്ലി**—അക്കരം എന്ന വ്യാധിക്കുള്ള ഒരൌഷധച്ചെടി. ഇതിന് അമൽപൊരി എന്നും പേരുണ്ട്.

**അക്കരെ**-എതിർക്കര.

**അക്കൽ**-തീക്ഷ്ണജ്ഞാനം, നല്ല ബോധം. (പ്രയോഗം ദുർല്ലഭം)

**അക്കൽകറുവാ**-അക്രാവ്. ഒരങ്ങാടിമരുന്ന്). ഇതിന് 'അക്കിക്കറുവാ' 'അക്കിൽകറ' എന്നിങ്ങനെയും പറയുന്നു 'അഗ്രഗ്രഹി' എന്ന ശബ്ദമാണ് ഈവിധമെല്ലാമായിത്തീർന്നതു്.

**അക്കവിട്ടം**—മാന്ത്രികമായി ചില രക്ഷകൾക്കുപയോഗിക്കുന്ന അക്കപ്പട്ടിക.

അതിന്റെ സമ്പ്രദായം താഴെ കാണിക്കുന്നു.

| | | | |
|---|---|---|---|
| ൧ | ൮ | ൧ | ൮ |
| ൩ | ൨ | ൩ | ൨ |
| ൮ | ൧ | ൮ | ൧ |
| ൨ | ൭ | ൨ | ൩ |

**അക്കാനി**-ഒരു മധു. തെങ്ങ്, പന മുതലായ വൃക്ഷങ്ങളുടെ ക്രമ്യു ചതച്ച് അററം മുറിച്ചു ചുണ്ണാമ്പു തേച്ച് അതിൽ നിന്നെടുക്കുന്നു, ക്രമ്യുകളെ തല്ലിച്ചതച്ചു താളിതേച്ചാൽ കള്ളുകിട്ടും. ഇതു് പുളിപ്പിച്ചു വാററുന്നതത്രേ ചാരായം. കരിപ്പട്ടി, പതനി, പനംകല്ലണ്ട് ഇവയെല്ലാം മേൽപ്പറഞ്ഞ അക്കാനിയുടെ രൂപാന്തരങ്ങളാണ്.

**അക്കി**—(അഗ്നി എന്നതിന്റെ തത്ഭവം) ദേഹത്തിൽ പാലിന്റെ നിറത്തിൽ ചെറുപോളകളായുണ്ടാകുന്ന ഒരു രോഗം. അഴൽ, കുരു, മുഖക്കുരു.

**അക്കിൽകറ**-അക്രാവു, ഒരങ്ങാടിമരുന്ന്.

**അക്കിക്കറുവാ**-അക്രാവ്, ഒരങ്ങാടി മരുന്ന്.

'അക്കിക്കറുവയുമക്രാവുമെന്നണിന്ദുസ
(ഒരു ചൊല്ല്) [മാനമെ'

**അക്കിത്തിരി**—കേരളത്തിൽ യാഗംചെയ്ത നംപൂതിരിമാർക്കുള്ള ഒരു പേർ. 'അഗ്നിശ്രീ, 'അഗ്നിഹോത്രി' ഇവയത്രേ അക്കത്തിരി.

'അക്കിത്തിരിമാർ ചോമാതിരിമാർ
ചൊല്ലേണ്ടീടിന ഭട്ടേരികളും'
(സ്യമന്തകം തുള്ളൽ)

**അക്കിളാരിത്തേങ്ങ**—അക്രാരി എന്നും പറയും. ഇതു പടിഞ്ഞാറെ സമുദ്രതീരത്തിൽ അധികമായുണ്ടാകുന്ന ഒരൌഷധം ആകുന്നു.

**അക്കുളം**—൧ കിക്കിളി കാക്കംതൊട്ടു മാറിപ്പിക്കുക) കിക്കിളിക്കുചില സ്ഥലങ്ങളിൽ 'കിറിണി' എന്നു പറയുന്നു. ൨. കാക്കം.

**അകത**-വി. പുരട്ടിയിരിക്കുന്ന, തേച്ചിട്ടുള്ള. ഈ പദം സമാസത്തിൽ വരികായുള്ളൂ. (തൈലാകത=തൈലം പുരട്ടിയിരിക്കുന്ന.)

**അകത**—രാത്രി.

അക്ബർ, അകബരൻ-പു. ഒരു മുഗൾചക്രവർത്തിയുടെ പേർ. ൨. അക്ബരെ ആസ്പദിച്ചു എഴുതീട്ടുള്ള ഒരു ആഖ്യായിക.

അക്രാം - യുദ്ധത്തിനുപയുക്തമായ ഒരു വസ്ത്രം.

അക്രതു-പു. ക്രതു(യജ്ഞം)ഇല്ലാത്തവൻ. ൨. സങ്കല്പമില്ലാത്തവൻ, പരമാത്മാവ്.

അക്രതു-ന. യാഗമില്ലായ്ക. ൨. സങ്കല്പമില്ലായ്ക. ൩. നിശ്ചയമില്ലായ്ക.

അക്രഥനം-കൊല്ലാതിരിക്കുക.

അക്രന്ദനം-കരയാതിരിക്കുക. (ക്രന്ദനം =കരച്ചൽ).

അക്രന്ദിത-വി. കരയാത്ത.

അക്രപുകം-വാങ്ങാതിരിക്കുക. (ക്രപുകം എന്നാൽ വിലയ്ക്കു വാങ്ങുക എന്നർത്ഥം.)

അക്രമ-വി ക്രമമില്ലാത്ത, രീതിമാറിയ, മുറതെററിയ, കുഴപ്പമായ.

അക്രമണം-സഞ്ചരിക്കായ്ക.

അക്രമം-ന. ക്രമമില്ലായ്ക, രീതിയില്ലായ്ക, മുറയില്ലായ്ക, കുഴപ്പം. ൨. നീതികേട്. ൩. മര്യാദകേട്. ൪. കാവ്യദോഷങ്ങളിൽ ഒന്ന്. (ഈ ദോഷം നിപാതങ്ങളെ വാക്യത്തിൽ ക്രമം മാറി പ്രയോഗിക്കുന്നിടത്തുണ്ടാകും). ഉദാഹരണം താഴെ കാണിക്കുന്നു.

'ഇന്നിതെസ്വൈരമായകളിക്കുക ചിരി-
ച്ചേറന്നാളുമാളീജനം'
(ജാനകീപരിണയം)

"എന്നു ചിരിച്ചോളും" എന്നതിനു പകരം "ചിരിച്ചേന്നാളും" എന്ന പ്രയോഗം നോക്കുക.

അക്രമാതിശയോക്തി-ഒരലങ്കാരം (ഇതു കാര്യവും കാരണവും ഒന്നിച്ചു സംഭവിക്കുന്നതായി വർണ്ണിക്കുന്നതാകുന്നു).

അക്രമിക-വി. ൧. മുറച്ചേർച്ചയില്ലാത്ത. ൨. വംശക്രമത്തിലല്ലാത്ത.

അക്രമി - ക്രമക്കേടായി പ്രവർത്തിക്കുന്നവൻ, ദുഷ്ടൻ.

അക്രമിക്കുന്നു-ക്രമമല്ലാതെ ചെയ്യുന്നു, മുറകേടുചെയ്യുന്നു.

അക്രയം-വിലയ്ക്കു വാങ്ങാതിരിക്കുക.

അക്രയണം-വിലയ്ക്കു വാങ്ങാതിരിക്കുക.

അക്രയ്യ-വി. വിലകൊടുത്തു വാങ്ങിക്കത്തക്കതല്ലാത്ത.

അക്രശിമാവ്-കൃശമാവല്ലാത്ത (മെലിഞ്ഞിരിക്കാത്ത) സ്ഥിതി. കൃശിമാ=കൃശമായിരിക്കുന്ന സ്ഥിതി. മഹിമാ, ലഘിമാ, ഗരിമാ ഇത്യാദിപോലെ കൃശിമാ എന്നതും സംസ്കൃതപ്രഥമാരൂപമാകുന്നു.

അക്രാന്ത-ചെറവഴുതിന.

അക്രാന്താ-ക്രാന്തം(വ്യാപ്തം)അല്ലാത്തത്.

അക്രായികൻ - ക്രായികനല്ലാത്തവൻ. ക്രായികൻ=വിലയ്ക്കു കൊള്ളുന്നവൻ

അക്രാരി-അക്കാരിത്തേങ്ങ. പടിഞ്ഞാറെ സമുദ്രതീരത്തിൽ അധികമായുണ്ടാകുന്നു.

അക്രാവു— ഒരങ്ങാടിമരുന്ന്. ഇതിന് അക്കൽകറവാ, അക്കിൽകറ, അക്കിക്കറവാ ഈ പേരുകളും ഉണ്ട്.

അക്രാസനം-ക്രാസനം(മാർദ്ദവം)ഇല്ലായ്ക.

അക്രിയ-വി. ൧. ക്രിയ(പ്രവൃത്തി)യിൽ ജാഗ്രതയില്ലാത്ത. ൨. ഉത്സാഹമില്ലാത്ത.

അക്രിയൻ - പു. മായാബന്ധമില്ലാത്തവൻ, സകല കർമ്മങ്ങളെയും വെടിഞ്ഞവൻ, പരമാത്മാവ്.

'നിർഗ്ഗുണൻ നിശ്ചലൻ
നിർമ്മലൻ നിരാധാരൻ
നിഷ്ക്രിയൻ നിഷ്കാരണൻ
നിരഹങ്കാരൻ നിത്യൻ'
(അദ്ധ്യാത്മരാമായണം)

൨. ഉത്സാഹമില്ലാത്തവൻ. ൩. പ്രവൃത്തിയിൽ താൽപര്യമില്ലാത്തവൻ.

അക്രിയ-ക്രിയയില്ലായ്ക, താൽപര്യമില്ലായ്ക, വേലയിൽ വീഴ്ച.

അക്രിയാകാരൻ-വേലചെയ്യാത്തവൻ.

അക്രിയാവാൻ-ക്രിയാവാനല്ലാത്തവൻ. ക്രിയാവാൻ=കർമ്മങ്ങളിൽ ഉത്സാഹത്തോടുകൂടിയവൻ.

'ക്രിയാവാൻ കർമ്മസൂദ്യതഃ' (അമരം)

അക്രുധ - ക്രോധം (കോപം) ഇല്ലായ്ക.

അക്രുദ്ധ - വി. കോപിക്കാത്ത.

'ക്രുദ്ധിച്ചു ദന്തം കടിച്ചു ദംഷ്ട്രകളും
ഉദ്ധൃത്യ പൊട്ടിച്ചിരിച്ചലറി ദൃഢം'
(ഭാഗവതം)

അക്രുഷ്ടം - കരയായ്ക.

അക്രൂര - മനഃകഠിനതയില്ലാത്ത (അപൂർവ്വമായി 'ദാരിദ്ര്യമില്ലാത്ത' 'ദുർഗ്ഗതിയില്ലാത്ത' 'നീചത്വമില്ലാത്ത' ഈ അർത്ഥങ്ങളും വരും).

'ക്രൂരവചസ്സുകളാകട്ടുപാലംഭം
പാരമകന്നൊന്നു സാരസ്യവാണിയാൽ'
(ഭാഗവതം)

അക്രൂരത - കഠിനതയില്ലായ്ക.

അക്രൂരം - ഉഷ്ണമില്ലായ്ക. (ക്രൂരശബ്ദത്തിന് 'ഉഷ്ണം' എന്ന അർത്ഥം അപൂർവ്വമായിട്ടേ ഉള്ളു) ക്രൂരം = കഠിനം. അതല്ലാത്തത് അക്രൂരം.

'കർക്കശം കഠിനം ക്രൂരം' (അമരം)

അക്രൂരൻ - പു. ഒരു യാദവൻ. അച്ഛൻ ശ്വഫല്ക്കൻ. അമ്മ ഗാന്ദിനി. ഈ സ്ത്രീ കാശീശന്റെ പുത്രിയാണ്. ഗാന്ദിനിയുടെ പുത്രനാകയാൽ അക്രൂരനു 'ഗാന്ദിനേയൻ' എന്ന പേരുണ്ടായി.

'കാശീശൻ ദ്വാദശാബ്ദം
വർഷമില്ലാഞ്ഞ മൂലം
ദേശവാസികളോടും
ദുഃഖിച്ചു പിന്നെയവൻ
മുഖ്യനാം ശ്വഫല്ക്കനെ
കൊണ്ടുപോയ് രാജ്യത്തിങ്കൽ
മുഖ്യനായ് വച്ചാനപ്പോൾ
വർഷവുമുണ്ടായ്വന്നു
ദുഃഖങ്ങൾ തീർന്നിട്ടവൻ
കാശിഭൂപതി തന്റെ
വിഖ്യാതഗുണമായ
ഗാന്ദിനിതന്നെയന്നു
നൽകിനാൻ ശ്വഫല്ക്കനു
തൽപുത്രനക്രൂരനും'
(ഭാഗവതം)

അക്രൂരൻ കൃഷ്ണന്റെ ഒരു മാതുലനെന്നു തന്നെയല്ല, ആപ്തമിത്രവും ഭക്തനും കൂടിയായിരുന്നു. കംസനെ വധിപ്പാൻ രാമകൃഷ്ണന്മാരെ പ്രേരിപ്പിച്ചു. ഇതിനു കാരണം കംസൻ വസുദേവരേയും, ദേവകിയേയും, ഉഗ്രസേനനേയും അപമാനിച്ചതായിരുന്നു. കംസൻ രാമകൃഷ്ണന്മാരെ കൊല്ലുന്നതിനു ചാപപൂജ എന്ന വ്യാജേന ആരംഭിച്ച ആഘോഷം കാണ്മാൻ അവരെ കൂട്ടിക്കൊണ്ടുവരുന്നതിന് അമ്പാടിയിലേക്കയച്ചത് ഈ അക്രൂരനെ ആയിരുന്നു. ഇദ്ദേഹത്തെ കൃഷ്ണൻ ഒരിക്കൽ വർത്തമാനങ്ങൾ അറിവാൻ ഹസ്തിനാപുരിയിലേക്കയച്ചിട്ടുണ്ട്. അക്രൂരൻ സത്രാജിത്തിനെ ശതധന്വാവിനെക്കൊണ്ടു കൊല്ലിച്ചു. മണിയെ ശതധന്വാവ് അക്രൂരന്റെ പക്കൽ കൊടുത്തു. അനന്തരം ഗുരുദ്രോഹിയായ ശതധന്വാവിനെ കൃഷ്ണൻ വധിച്ചു. മണി അവന്റെ പക്കൽ കാണാഞ്ഞ് അതിന്റെ പോക്കിനെപ്പറ്റി രാമകൃഷ്ണാദികൾ ആലോചനതുടങ്ങി. അക്രൂരൻ മണിയും കൊണ്ടു കാശിയിലേക്കു പോയി. കൃഷ്ണൻ അക്രൂരനെ വരുത്തി. അക്രൂരൻ മണി കൃഷ്ണനെ ഏൽപ്പിച്ചു. എല്ലാവരും കൂടി ആലോചന നടത്തി മണി അക്രൂരന്റെ പക്കൽതന്നെയിരിക്കട്ടെ എന്നു തീർച്ചപ്പെടുത്തി.

൨. ക്രൂരനല്ലാത്തവൻ (പരദ്രോഹിയല്ലാത്തവൻ).

'നൃശംസോ ഘാതകഃ ക്രൂരഃ' (അമരം)

അക്രീണി - വിലയ്ക്കു വാങ്ങായ്ക.

അക്രേതവ്യ - വി. വില്ക്കേണ്ടതല്ലാത്ത.

അക്രയ്യം - ക്രയ്യം (വില്പാൻ യോഗ്യം) അല്ലാത്തത്.

അക്രോട്ട് - പു. അക്രോടണ്ടി, ഒരുവക അണ്ടി. ൨. ഒരു മരം.

അക്രോധ-ക്രോധം (കോപം) ഇല്ലാത്ത.

അക്രോധം-കോപമില്ലായ്ക. [ന്നതി-
'ക്രോധനരവീന്ദ്രക്കൾ തമ്മെനോക്കീട്ടു
ന്നാധിചേർന്നീഴും ഗ്രഹണങ്ങളായെത്തുര
(ഭാഗവതം) [ണ്ടും'

അക്രോധന-വി. കോപമില്ലാത്ത.

അക്രോധനൻ-പു. ചന്ദ്രവംശരാജാവായ അയുതായുസ്സിന്റെ ഭാര്യയിൽ ജനിച്ച ഒരു രാജാവ്. ൨. ക്രോധനൻ അല്ലാത്തവൻ. ക്രോധനൻ=കോപശീലൻ.
'ക്രോധനോമർഷണഃകോപീ' (അമരം)

അക്രോധാലു- കോപസ്വഭാവമില്ലാത്ത.

അക്ലമം-തളർച്ചയില്ലായ്ക, വാട്ടമില്ലായ്ക.

അക്ലമഥം-തളർച്ചയില്ലായ്ക, വാട്ടമില്ലായ്ക.
'ക്ലമഥക്ലമൌ' (അമരം)

അക്ലാന്തം-വാടാത്തത്. (ക്ലാന്തം=വാടിയത്).

അക്ലാന്തതാ-ക്ഷീണതയില്ലായ്മ. (ക്ലാന്തതാ=ക്ഷീണത).
'ക്ലാന്തതാതൊട്ടചൊല്ലുമത്തരുണിയെ'
(അമരുകശതകം)

അക്ലാന്തി-തളർച്ചയില്ലായ്ക, പരവശതയില്ലായ്ക.
'ക്ലാന്തിവെടിഞ്ഞതികാന്തിയുതന്മാ-
രന്തസ്സുഖമൊട്ടുചെന്താർമകളുടെ'
(ഘോഷയാത്ര തുള്ളൽ)

അക്ലാരി-അക്കാരിയത്തെ. ഇതു പടിഞ്ഞാറെ സമുദ്രതീരത്തിൽ അധികമായുണ്ടാകുന്നു. ഇതിനെ അക്രാരി എന്നും പറയും. സംസ്കൃതത്തിൽ 'അഗ്നിജാര' എന്നു പറയുന്നു.

അക്ലികാ-അമരി.

അക്ലിന്ന-വി. നനവു വെയ്ക്കാത്ത.
'ആർദ്രംസാർദ്രം ക്ലിന്നം' (അമരം)

അക്ലിന്നവർത്മം-നേത്രവർത്മരോഗങ്ങളിൽ ഒന്ന്.
'യസ്യധൌതാന്യധൌതാനി
സന്ധഹ്യന്തേപുനഃ പുനഃ
വർത്മാന്യപരിപാകാനി
വിദ്യാദക്ലിന്നവർത്മതൽ'
(മാധവനിദാനം)

കൺപോളകൾ കഴുകിയാലും കഴുകിയില്ലെങ്കിലും വീണ്ടും വീണ്ടും ഒട്ടിക്കുന്നപ്രകാരം തോന്നും. എന്നാൽ പഴുപ്പുണ്ടായിരിക്കയില്ല. ഇതിന് അക്ലിന്നവർത്മം എന്നു പേർ.

അക്ലിശിതൻ— ക്ലിശിതനല്ലാത്തവൻ. ക്ലിശിതൻ=ക്ലേശിച്ചവൻ.

അക്ലിഷ്ട-വി. ക്ലിഷ്ടം (ക്ലേശമുള്ളത്) അല്ലാത്ത, തളർച്ചയില്ലാത്ത, ദോഷം ഭവിക്കാത്ത.
'ക്ലിഷ്ടകർമ്മമതെങ്കിലും കര
വാണിശങ്കര പാഹിമാം'
(പതിനാലുവൃത്തം)

അക്ലിഷ്ടൻ-ക്ലിഷ്ടനല്ലാത്തവൻ. ക്ലിഷ്ടൻ എന്നാൽ ക്ലേശിച്ചവൻ എന്നർത്ഥം.
'ക്ലിഷ്ട, ക്ലിശിതേ, വാസിതേ' (അമരം)

അക്ലിഷ്ടത-ക്ലിഷ്ടത (ക്ലേശം) ഇല്ലാത്തത്, ഞെരുക്കമില്ലാത്തത്.
'ഇച്ഛ്യാമുനികളനിശം തത്വാർത്ഥത്തെ
ക്ലിഷ്ടതപോമാറുപദേശവുംചെയ്തു'
(ഭാഗവതം)

അക്ലിഷ്ടി-ക്ലേശം (വേദന) ഇല്ലായ്ക, പ്രയാസമില്ലായ്ക.

അക്ലീബ-നപുംസകലിംഗമല്ലാത്ത, ബലക്കുറവില്ലാത്ത, നീചതയില്ലാത്ത.

അക്ലീബം-നപുംസകലിംഗമല്ലാത്തത്.

അക്ലേദം-ക്ലേദം (നനവ്) ഇല്ലായ്ക.

അക്ലേശം-ബുദ്ധിമുട്ടില്ലായ്ക, വേദനയില്ലായ്ക.
'ആദീനവാസ്രവൌ ക്ലേശേ' (അമരം)

അക്വാണിതം-ക്വാണിതം (ശബ്ദം) ഇല്ലാത്ത.

അക്വാഥനം-കൊലചെയ്യായ്ക.

അക്ഷം-പു. അച്ച് (അക്ഷശബ്ദത്തിന്റെ തത്ഭവം), അച്ചുതണ്ട്. ൨. വണ്ടി (വാഹനം), ചക്രം ൩. വണ്ടിയിലെ ഒരു

തടി ൪. (ഭൂമിശാസ്ത്രപ്രകാരം) ഭൂമിയുടെ ഒരു രേഖ. ൫. ത്രാസിലെ കോൽ. ൬. മൂന്നുകഴഞ്ചു തൂക്കമുള്ള ഒരു മാത്ര. (കർഷം എന്നും പറയും.) ഒരു കഴഞ്ചിനു പന്ത്രണ്ടരപ്പണം തൂക്കമാകയാൽ മൂന്നു കഴഞ്ചിനു പണത്തൂക്കം മുപ്പത്തിയേഴര. ൭. ചൂതുകളിക്കുള്ള കരു, ചൂതുകായ. ൮. പാമ്പ്. ൯. ഹൃദയം. ൧൦. ജ്ഞാനം. ൧൧. വ്യവഹാരം, വ്യവഹാരനടപടി. ൧൨. രുദ്രാക്ഷം. ൧൩. ഒരുതരം ഉപ്പ്. ൧൪. തുവച്ചിലയുപ്പ്.

'സൌവച്ചലാക്ഷരുചക തിലകം ത്രു
(അമരം) [മേചകേ

സൌവച്ചലം, അക്ഷം, രുചകം ഇവമൂന്നും തുവച്ചിലയുപ്പിന്റെ പേർ. തിലകം = കറുത്ത തുവച്ചിലയുപ്പിന്റെ പേർ. ൧൫. തുവച്ചിലക്കാരം. ൧൬. താന്നി (താന്നിക്കായ്) ൧൭. തുത്ഥാഞ്ജനം. ൧൮. ദേവസർഷപം (വെൺകടുക്). ൧൯. കടുകപ്പാലയരി. ൨൦. മാതളനാരകം. ൨൧. കണ്ണ്.

അക്ഷകം - തൊട്ടുകാര (ഗ്രാഹ്യാംശം പുറന്തൊലിയാണ്. ഇതിനു 'തേരുമരം' എന്നും 'തോട്ടുകാര' എന്നും കൂടി പറയാറുണ്ട്.)

അക്ഷകർണ്ണം - സമകോണത്രികോണത്തിൽ സമകോണത്തിനെതിരായി കിടക്കുന്ന വര.

അക്ഷകീലം - അച്ചുതണ്ടിന്റെ ആണി.

'നിന്നോടുകൂടായ വിഷ്ണുചക്രംപോൽ [രാ
സന്നദ്ധനായ്ച്ചെന്നസുരരോടേററാൽപ്പാ
ഷിന്നമായ്പ്പോന്ന രഥാക്ഷകീലം പാരി-
ലെന്നറിഞ്ഞീടുമില്ല ശരഭൻ'

(അദ്ധ്യാത്മരാമായണം)

അക്ഷകുമാരൻ - രാവണന്റെ ഇളയ മകൻ. അക്ഷൻ എന്നും പറയും. ഇവനെ ഹനുമാൻ കൊന്നു.

'വിനയമൊടുതൊഴുതിളയമകനുമുരചെയ്തു
വീരപുംസാമയോഗ്യമല്ലൂമേ. [ളു

അലമലമിതറികിലനുചിതമഖിലലോകോ-
മത്താരഘരാമെയ്യ്ശൌര്യതോഷാഹരം.
അരിവരനെനിമിഷമിഹകൊണ്ടുവരുവെ-
ന്നക്ഷകുമാരനംനിർഗ്ഗമിച്ചീടിനാൻ [നെ-
കപിവരനുമതുപൊഴുതുതോരണമേറിനാൻ
കാണായിതക്ഷകുമാരനെ സന്നിധൌ
ശരനികരശകലിതശരീരനായ്ക്കുന്നിതു
ശാഖാമൃഗാധിപൻതാനുമതുനേരം
മുനിവിനൊടുഗഗനഭുവിനിന്നുതാണാശ്ശുത
ന്മുഷ്ടിനിമുദ്ഗരംകൊണ്ടെറിഞ്ഞീടിനാൻ.
ശമനപുരിവിരവിനൊടുചെന്നുപൂക്കീടിനാ
ശക്തനാമക്ഷകുമാരൻമനോഹരൻ. [ൻ

(അദ്ധ്യാത്മരാമായണം)

അക്ഷകുശല - വി. ചൂതുകളിയിൽ സാമർത്ഥ്യമുള്ള.

അക്ഷകൂടം - കണ്ണിലെ കറുത്തമിഴി, അക്ഷത്തി(കണ്ണി)ന്റെ കൂടം (മുഖ്യഭാഗം).

അക്ഷകൈതവം - കള്ളച്ചൂത്.

'അക്ഷകൈതവഹേതുനാ
സകലംപിടിച്ചുപറിച്ചതും'

(പതിനാലുവൃത്തം)

അക്ഷകോവിദ - വി. ചൂതുകളിയിൽസാമർത്ഥ്യമുള്ള.

അക്ഷക്രിയ - ചൂതാട്ടം, ചൂതുകളി.

അക്ഷക്രീഡ - ചൂതാട്ടം, ചൂതുകളി.

'ദേവനമക്ഷക്രീഡ കഴിഞ്ഞൊരനന്തരം
ദേവിമാരാടരുംചെയ്തു നീയിനിവയ്യാനു
(ഭാരതം) [വേണം'

അക്ഷഗ്ലഹൻ — ചൂതു കളിക്കുന്നവൻ.

'ഗ്ലഹം എന്നാൽ ചൂതിൽ വാതുവെച്ചുള്ളി
പണയംകെട്ടിയതിന്റെ പേരാകുന്നു',

'പണോക്ഷേഷു ഗ്ലഹഃ' (അമരം)

അക്ഷജ - ൧. പ്രത്യക്ഷജ്ഞാനം, നേരിട്ടു കിട്ടിയ അറിവ്. ൨. വൈരക്കല്ല്. ൩. ഇടിവീഴുക.

അക്ഷജൻ - വിഷ്ണു.

അക്ഷജ്ഞ - വി. ചൂതുകളിയിൽ സാമർത്ഥ്യമുള്ള

**അക്ഷണം**-പു. വേഗം, ഉടൻ വ. ഉത്സവംഇല്ലായ്മ. ന. നാഴികയിൽ ആറിലൊരുഭാഗം ഇല്ലായ്മ.

'ക്ഷമാരിപാശ്ചാമുപഗമ്യനിർജ്ജരന്മാരോ
ടക്ഷണമവസ്ഥകളെപ്പേരമറിയിച്ചാൻ'
(ഭാഗവതം)

**അക്ഷണിക**-വി. സ്ഥിരതയുള്ള. (ക്ഷണനേരത്തേയ്ക്ക് ഒരേ സ്ഥിതിയിലിരിക്കുന്നതു ക്ഷണികം).

'ഹരിവീക്ഷണാക്ഷണികചക്ഷുഷാ'
(മാഘം)

'ക്ഷണികമതാകിനവിഷയസുഖത്തിൽ
പ്രണയമിയന്നോരരസികന്മാർ'
(കിരാതം ഓട്ടൻതുള്ളൽ)

**അക്ഷണ്വാൻ**-കണ്ണുള്ളവൻ.

**അക്ഷന്വതി**-കണ്ണുള്ളവൾ.

**അക്ഷന്വത്ത്**-കണ്ണുള്ളത്.

**അക്ഷത**-പു. പകുത്തിട്ടില്ലാത്ത. വ. ന്യൂനത (ക്ഷയം) തട്ടീട്ടില്ലാത്ത, ഉപദ്രവം തട്ടാത്ത, മുറിപ്പെടാത്ത, മുറിവില്ലാത്ത.

'അക്ഷരമീവകക്കൂട്ടിച്ചേർത്തി-
ലക്ഷതമാകിയ രസമുളവാക്കി'
(സ്യമന്തകം തുള്ളൽ)

'ക്ഷണംപുനരത്രതന്നെനി
നക്ഷനമോടുകൂടവേ
പക്ഷമെങ്കിലതങ്ങിനെമമ
പക്ഷമിക്ഷണമക്ഷത.'
(പതിനാലുവൃത്തം)

'സാമർത്ഥ്യംസൃഷ്ടിയിങ്കൽ കമലഭവനിന
ക്ഷതം സംഭവിക്കും'
(ഭാഷാനാരായണീയം)

'അക്ഷരവീര്യമഹാബലധീര
അക്ഷിയുഗവുമിന്നുസഫലമായ്'
(ഗന്ധർവ്വവിജയം കഥകളി)

**അക്ഷതൻ**-പു. മുറിവുപെടാത്തവൻ. (ക്ഷതം=മുറിവ്). വ. ശിവൻ.

**അക്ഷതം**-പു. അരി. വ. മലര്. ന. യവം. (ഒരുവക ധാന്യം). ശ. നപുംസകൻ. ഒ. നെല്ലും അരിയുംകൂടെ പൂജ മുതലായതിനു ബ്രാഹ്മണൻ നനച്ചുവെക്കാറുണ്ട്, അതിന്റെ പേർ. ഉണക്കലരിക്കും പറയുന്നു.

**അക്ഷത**-വിവാഹം കഴിയാത്ത സ്ത്രീ.

**അക്ഷതണ്ഡുല**-വലിയ കുറുന്തോട്ടി. ഇതിനു സംസ്കൃതത്തിൽ 'മഹാബല' എന്നു പേർ (മലയാളത്തിൽ ആനക്കുറുന്തോട്ടി എന്നു പറയുന്നതും ഇതുതന്നെ.).

**അക്ഷതന്ത്രം**- ചൂതുകളിശ്ശാസ്ത്രം, ചൂതുകളിയുടെ വിധം.

**അക്ഷതധാന്യം**-യവം (വാൽഗോതമ്പ്)

**അക്ഷതയോനി**-ഋതുശാന്തി കഴിഞ്ഞിട്ടില്ലാത്ത സ്ത്രീ.

**അക്ഷതങ്ങൾ(അക്ഷതം)**-മലര്.

[അക്ഷതങ്ങൾ എന്നു ബഹുത്വത്തിൽ പ്രയോഗിക്കരുത്.]

**അക്ഷതാഡനം**-വൈകുന്നേരം വാദ്യമടിക്കുക.

'സായംഭൂർയ്യക്ഷതാഡനം'(വൈജയന്തി)

**അക്ഷതികം**-നൽപഞ്ഞി.

**അക്ഷതൈലം**-താന്നിയെണ്ണ.

**അക്ഷത്രം**-തല. അക്ഷങ്ങളെ (ഇന്ദ്രിയങ്ങളെ) ത്രാണനം (രക്ഷ) ചെയ്യുന്നത്.
'മുണ്ണീഷംശീഷമക്ഷത്രം' (വൈജയന്തി)

**അക്ഷത്രിയൻ**-പു. ക്ഷത്രിയൻ അല്ലാത്തവൻ. വ. കണ്ടാൽ ക്ഷത്രിയനെപ്പോലെയിരിക്കും, എന്നാൽ ക്ഷത്രിയനല്ലതാനും, അങ്ങിനെയുള്ളവൻ.

**അക്ഷത്രിയി**-ക്ഷത്രിയന്റെ ഭാര്യയല്ലാത്തവൾ.

**അക്ഷത്രയോഗ്യ**-ക്ഷത്രിയനു യോഗ്യമല്ലാത്ത.

**അക്ഷദർശകൻ**-പു. ജഡ്ജി, മജിസ്ട്രേട്ട്, ന്യായാധിപതി. വ. ചൂതുകളിയിൽ പ്രധാനി. വാദിപ്രതിവാദികളുടെ വിവാദത്തിൽ തീർപ്പുകല്പിക്കുന്നവനത്രെ ന്യായാധിപതി. ഈ അവസ്ഥ ചൂതുകളിയിൽ പ്രധാനിക്കും ഉള്ളതുകൊണ്ട് ഈ പേരുണ്ടായി.

'പ്രാഡ്വിവാകോക്ഷദർശകഃ' (അമരം)

അക്ഷദൃക്ക്-൧. ജഡ്ജി, മജിസ്ട്രേട്ട്, ന്യായാധിപതി. ൨. ചൂതുകളിയുടെ പ്രധാനി. [അക്ഷങ്ങൾ=വ്യവഹാര നിയമങ്ങൾ.]

അക്ഷദേവി-ചൂതുകളിക്കുന്നവൻ (ഇവിടെ 'ദിവ്' ധാതുവിനു 'ക്രീഡ' എന്നർത്ഥം)

'ധൂർത്തോക്ഷദേവീകിതവോ-
'ക്ഷധൂർത്തോദ്യൂതകൃത്സമാഃ' (അമരം)

(ധൂർത്തൻ, അക്ഷദേവി കിതവൻ, അക്ഷധൂർത്തൻ, ദ്യൂതകൃത്ത് ഇവ അഞ്ചും ചൂതുകളിക്കുന്നവന്റെ പേർ.)

അക്ഷദ്യൂതം-ചൂതുകളി.

'ദ്യൂതോസ്ത്രിയാമക്ഷവതീ
കൈതവം പണ ഇത്യപി' (അമരം)

(ദ്യൂതം, അക്ഷവതി, കൈതവം, പണം ഇവ നാലും ചൂതിന്റെ പേർ)

അക്ഷധരം-പതവമരം. ശാഖോടവൃക്ഷം എന്നും പറയും.

അക്ഷധരൻ-വിഷ്ണു.

അക്ഷധാന്യം-യവം (വാൽഗോതമ്പ്).

അക്ഷധൂർത്തൻ-൧. ചൂതുകളിക്കാരൻ. ൨. കള്ളച്ചൂതാളി. മടങ്ങുമ്പോൾ ദേഷ്യംകൊണ്ടു ചൂതെടുത്തു് എറിയുന്നതിനാൽ ഈ പേർ വന്നു.

അക്ഷധൂർത്തം-പതവമരം. (ശാഖോട വൃക്ഷം.)

അക്ഷധൂർത്തില-വണ്ടിയിൽ കെട്ടീട്ടുള്ള കാള.

അക്ഷൻ-൧. ഗരുഡൻ ൨. അക്ഷകുമാരൻ (രാവണന്റെ ഇളയ മകൻ). ഇവനെ ഹനുമാൻ കൊന്നു. (അക്ഷകുമാരൻ എന്ന ശബ്ദവും നോക്കുക)

'അക്ഷൻ മരിച്ചപോലെയെന്ന വിശേഷങ്ങ
ളുക്ഷണം ചെന്നങ്ങറിയിച്ചപ്പോൾ
രാക്ഷസാധിനാഥനും ദുഃഖം പെരുത്തുട-
നക്ഷികളും വാർത്തു നാരായണ'
(രാമായണം ൨൪ വൃത്തം)

൩. ജനനാൽ കുരുടൻ (ജന്മാന്ധൻ). ൪. കണ്ണുള്ളവൻ. ഉ-ം, 'അബ്ജകളാക്ഷൻ' പങ്കജാക്ഷൻ.

അക്ഷപടലം-൧. നിയമപ്രമാണങ്ങൾ സൂക്ഷിക്കുന്ന സ്ഥലം. ൨. നീതിന്യായക്കോടതി.

അക്ഷപാടകൻ-ന്യായാധിപതി. പാടകൻ എന്നാൽ പാടനം ചെയ്യുന്നവൻ (സൂക്ഷ്മമായി ഗ്രഹിക്കുന്നവൻ) എന്നർത്ഥം.

അക്ഷപാദൻ -൧. ന്യായദർശനത്തെ സ്ഥാപിച്ച ഗൌതമമഹർഷി. ൨. ന്യായദർശനത്തെ ആശ്രയിക്കുന്നവൻ ന്യായദർശനം എന്നതു ഷഡ്ദർശനങ്ങളിൽ ഒന്നാണ്. ഷഡ്ദർശനങ്ങൾ (തത്വദർശനങ്ങൾ). ൧. ന്യായം. ൨. വൈശേഷികം. ൩. സാംഖ്യം. ൪. യോഗം. ൫. പൂർവ്വമീമാംസ. ൬. ഉത്തരമീമാംസ ഇവയാകുന്നു.

അക്ഷപാദൻ എന്നതിന്റെ വ്യുൽപത്തിക്ക് ഒരു പുരാണകഥയുണ്ട്. അതിന്റെ സംഗ്രഹം താഴെ ചേർക്കുന്നു. തന്റെ മതത്തെ ദ്വേഷിക്കുന്ന വ്യാസന്റെ മുഖത്തു തന്റെ കണ്ണുകൊണ്ടു നോക്കുകയേ ഇല്ല എന്നു ഗൌതമൻ ശപഥം ചെയ്തിരിക്കേ, വ്യാസൻ അദ്ദേഹത്തെ സന്തോഷിപ്പിച്ചു. അനന്തരം ഗൌതമൻ തന്റെ പാദത്തിൽ കണ്ണുണ്ടാക്കി വ്യാസനെ നോക്കി. അതുകൊണ്ടു ഗൌതമനു് അക്ഷപാദൻ എന്ന പേരുണ്ടായി.

അക്ഷപിത-നശിപ്പിക്കപ്പെട്ടതല്ലാത്ത.

അക്ഷപീഡ-൧. ഇന്ദ്രിയങ്ങൾക്കുള്ള പീഡ (ഉപദ്രവം). ഷഡ്രസങ്ങൾ ഹേതുവായിട്ട് അധികവും നാവിനുള്ള പീഡയ്ക്കാണ് ഈ പേർ പറയുന്നതു്. ൨. കീരവള്ളി.

അക്ഷഫലം-രുദ്രാക്ഷം.

അക്ഷബീജം-താന്നിക്കുരു.

അക്ഷഭാഗം-ഭൂമിയുടെ അക്ഷരേഖയിൽ നിന്നു ദൂരം ഗ്രഹിപ്പാൻ എളുപ്പത്തിനു സങ്കല്പിക്കുന്ന ദൂരവിഭാഗം.

അക്ഷഭാരം-വണ്ടിച്ചുമട്.

അക്ഷഭീരു-ചൂതുകളിയിൽ ഭയമുള്ളവൻ.

അക്ഷമ-പു. കരുത്തില്ലാത്ത. വ. ശക്തിയില്ലാത്ത. ന. സഹനശക്തിയില്ലാത്ത.

'അക്ഷമന്മാരായ ചക്ഷുശ്രവണന്മാർ
പക്ഷീശനാം മമ ഭക്ഷണമാകണം'
(ഭാരതം)

അക്ഷമൻ-അശക്തൻ, സഹനശക്തിയില്ലാത്തവൻ.

'അക്ഷഹൃദയം വശമായ് വരും തവ
അക്ഷമനാം കലിയുമന്നൊഴിയും'
(നളചരിതം കഥകളി)

അക്ഷമണി-പു. മാല. വ. രുദ്രാക്ഷക്കായ്.

അക്ഷമം കരുകിൽപക്ഷി.

അക്ഷമാത്രം-പു. പകിടയെപ്പോലെയുള്ളത്, പകിട. വ. കണ്ണിമപ്പനിമിഷം.

അക്ഷമാല-പു. ജപമാല(രുദ്രാക്ഷമാല)

'പുരഃ പ്രവാളൈരിവപൂരിതാഭ്യാം
വിഭാന്തമച്ഛസ്ഫടികാക്ഷമാലയാ'
(മാഘം)

വ. അരുന്ധതി.

അക്ഷമാലിക-ജപമാല.

'സരസീരുഹമക്ഷമാലികാ
സരസം വരപുസ്തകം ശുകം
കരപത്മപുടത്തിലേന്തിടും
വരദാ സുമുഖി ജയിക്കണം'
(വൃത്തമഞ്ജരി)

അക്ഷമി-ക്ഷമാശീലനല്ലാത്തവൻ, സഹനശക്തിയില്ലാത്തവൻ.

അക്ഷയ-വി. ക്ഷയം (കുറവ്) ഇല്ലാത്ത, നാശമില്ലാത്ത.

'തപസ്സാം ധനത്തിന്റെ ഷഷ്ഠാംശമല്ലോ
തരുന്നതക്ഷയം താപസന്മാർ'
(അഭിജ്ഞാനശാകുന്തളം)

'അക്ഷയേണമരുവുന്നിതു ദൈവം
രക്ഷയുണ്ടിഹ സമസ്തജനനാം'
(ഭൂലോകമാഹാത്മ്യം തുള്ളൽ)

അക്ഷയത-ക്ഷയമില്ലായ്മ, നാശമില്ലായ്മ, കുറവില്ലായ്മ.

അക്ഷയൻ-പു. പരമാത്മാവ്. വ. ശിവൻ. ന. സന്യാസി.

അക്ഷയണി-പാർവ്വതി.

അക്ഷയതൃതീയ-വൈശാഖമായ ചാന്ദ്രമാസത്തിൽ (മേടം, ഇടവം) ശുക്ലപക്ഷത്തിലുള്ള തൃതീയ. ഇതു കൃത്തിക നക്ഷത്രത്തിലോ രോഹിണീനക്ഷത്രത്തിലോ വരും. ഈ ദിവസം ചെയ്യുന്ന പ്രവൃത്തികളുടെ ഫലം ക്ഷയിക്കയില്ല.

'വൈശാഖേ മാസി രാജേന്ദ്ര
ശുക്ലപക്ഷേ തൃതീയികാ
അക്ഷയാ സാ തിഥിഃ പ്രോക്താ
കൃത്തികാരോഹിണീയുതാ
തസ്യാം ദാനാദികം സർവ്വ
മക്ഷയം സമുദാഹൃതം'
(ഭവിഷ്യൽപുരാണം)

അക്ഷയപാത്രം-സൂര്യൻ പാണ്ഡവന്മാൎക്കു കൊടുത്ത പാത്രം.

'കുന്തീതനയന്മാർദിനകരനെ
ചിന്തിച്ചാശ്രുതപസ്സുതുടങ്ങി;
കാന്ത്യാ മാമഹനനാകിയസൂര്യന-
മന്നു കനിവിനാൽ വന്നുവിളങ്ങി;
ശാസ്ത്രംകൊണ്ടും ദുർഗ്രഹമാകിന
ഗാത്രംപൂണ്ടദിനേശനവൎക്കൊരു
പാത്രം ദാനംചെയ്തുവിശേഷം
മാത്രം കേട്ടുമഹീസുരവരരേ!
എന്തൊരുവസ്തു ലഭിക്കണമെന്നാൽ
കുന്തീകുമാരന്മാൎക്കുതദ്വാ
ചിന്തിതമന്നു ചമയ്ക്കിൽകണ്ണാം
എന്തൊരു വിസ്മയമസ്സാദികളേ!
ചോറും കറിയും ചാറും പുളിയും
നൂറുസഹസ്രം ജനമെന്നാലും
ചോറുകൊടുപ്പാൻ തടവില്ലിതിലും
ദ്രുപതിമാരുടെവല്ലഭയാകും
ദ്രൗപതിവേണ്ടതൊക്കെവിളമ്പാൻ;
കൊററുകഴിഞ്ഞവരാം പാഞ്ചാലി
ഖലമവരിൽകാണുകയില്ലെന്നോൎക്ക
(പാത്രചരിതം തുള്ളൽ)

**അക്ഷയലോകം**-സ്വൎഗ്ഗം.

**അക്ഷയ്യ**-വി. ക്ഷയമില്ലാത്ത, ക്ഷയമുണ്ടാകാത്ത.

**അക്ഷയ്യോദകം**-ക്ഷയമില്ലാത്ത വെള്ളം. ശ്രാദ്ധത്തിൽ പിണ്ഡദാനാനന്തരമുള്ള തൃപ്തിജലം. ഈ ജലം മധുവും എള്ളും കലൎന്നതായിരിക്കും.

'പ്രാണിനാമുദകം ദത്തമക്ഷയ്യമുപതിഷ്ഠതു'
(ശ്രുതി)

**അക്ഷര**-൧. നാശമില്ലാത്ത, അക്ഷയമായ. ൨. ഇളക്കമില്ലാത്ത. ൩. പരബ്രഹ്മത്തെ സംബന്ധിച്ച. ൪. മാററമില്ലാത്ത.

**അക്ഷരം**-൧. അകാരാദിവൎണ്ണങ്ങളുടെ പേർ. വ്യഞ്ജനത്തോടുകൂടിയും കൂടാതെയും ഇരിക്കുന്ന ഒററസ്വരം.

'അക്ഷരമെന്നാലമ്പതുമൊന്നു-
മതില്പരമെങ്ങാൻ കേൾപ്പാനുണ്ടോ?'
(സ്യമന്തകം തുള്ളൽ)

൨. മോക്ഷം. ൩. പരബ്രഹ്മം. ൪. ജലം. ൫. ആകാശം. ൬. പ്രണവം (ഓം എന്നതു്). ൭. ധൎമ്മം. ൮. പ്രകൃതി. ൯. യാഗം. ൰. തപസ്സ്.

**അക്ഷരകം**-ഒരക്ഷരം, ഒരു സ്വരം.

**അക്ഷരകാഠിന്യം**-അക്ഷരത്തിന്റെ കഠിനത (കടുപ്പം), ഒരക്ഷരം ശബ്ദിക്കുന്നതിനുള്ള കടുപ്പം.

**അക്ഷരചണ**-വി. എഴുതുവാൻ സാമൎത്ഥ്യമുള്ള, എഴുതുന്നതിൽ തഴക്കമുള്ള.

'ലിപികാരോക്ഷരചണോ-
ക്ഷരചുഞ്ചുശ്ച ലേഖകഃ' (അമരം)

(ലിപികാരൻ, അക്ഷരചണൻ, അക്ഷരചുഞ്ചു, ലേഖകൻ ഇവ നാലും എഴുത്തുകാരന്റെ പേർ).

**അക്ഷരചഞ്ചു, അക്ഷരചുഞ്ചു**-എഴുതുന്നതിനു തഴക്കമുള്ളവൻ (സാമൎത്ഥ്യമുള്ളവൻ).

**അക്ഷരചയം**-അക്ഷരങ്ങളുടെ കൂട്ടം.

**അക്ഷരച്ഛന്ദസ്സ്**-കവിതയ്ക്കു് അടിയൊന്നിനു് ഇത്ര അക്ഷരമുണ്ടായിരിക്കണമെന്നു കണക്കാക്കുക(കവനം), വൎണ്ണവൃത്തം.

**അക്ഷരച്ഛായ**-അക്ഷരത്തിന്റെ നിഴൽ (പ്രതിബിംബം). ഒരക്ഷരംപോലെ മറെറാരക്ഷരം ഇരിക്കുക.

**അക്ഷരച്യുത**-വി. അക്ഷരം വീണുപോയ, അക്ഷരം ഇളകിയ.

**അക്ഷരച്യുതകം**-ഒരക്ഷരം വിട്ടു മുമ്പിലത്തേതല്ലാത്ത അൎത്ഥം ഉണ്ടാക്കുക.

**അക്ഷരച്യുതി**-ഏതെങ്കിലും അക്ഷരം വിട്ടുപോകുന്നതു്.

**അക്ഷരജനനി**-എഴുത്തുതൂവൽ, അക്ഷരത്തെ ജനിപ്പിക്കുന്നതു്.

**അക്ഷരജീവൻ, അക്ഷരജീവികൻ, അക്ഷരജീവി**-എഴുതി ഉപജീവനം കഴിക്കുന്നവൻ.

**അക്ഷരജ്ഞാനം, അക്ഷരപരിജ്ഞാനം**-അക്ഷരത്തിലുള്ള പരിചയം, എഴുത്തറിവു്.

'അക്ഷരജ്ഞാനവുമില്ല വിദ്യാഭ്യാസവുമില്ല
രക്ഷശിക്ഷാദികളില്ല രാജ്യസംസാരവുമില്ല'
(സഭാപ്രവേശം തുള്ളൽ)

**അക്ഷരൻ**-൧. ശിവൻ. ൨. വിഷ്ണു. ൩. ബ്രഹ്മാവു്. ൪. കൂടസ്ഥൻ.

'ക്ഷരസ്സൎവ്വാണി ഭൂതാനി കൂടസ്ഥോക്ഷര
[ഉച്യതേ' (ഭഗവദ്ഗീത)

**അക്ഷരപരിജ്ഞാനി**-അക്ഷരത്തിൽ പരിചയമുള്ളവൻ, എഴുത്തറിവുള്ളവൻ.

**അക്ഷരതൂലിക**-എഴുതുന്ന തൂവൽ, സ്റ്റീൽപേന. ൨. ചായമിടുന്നതിനുള്ള ഉപകരണവിശേഷം.

**അക്ഷരന്യാസം**-൧. എഴുതുക ൨. അക്ഷരമാല. ൩. അക്ഷരക്രമം.

**അക്ഷരഭൂമിക**-എഴുതാനുള്ള പലക.

**അക്ഷരമാല**-അക്ഷരക്രമം, അ, ആ, ഇ ത്യാദി തുടൎച്ചയായി വിവരിക്കുന്നതു്; ഭാഷയിലുള്ള എല്ലാം അക്ഷരങ്ങളും കൂടി പറയുന്ന പേർ.

**അക്ഷരമുഖൻ**-വിദ്വാൻ, വിദ്യാൎത്ഥി. മുഖത്തു് അക്ഷരമയങ്ങളായ ശാസ്ത്രങ്ങളുള്ളവൻ എന്നു വ്യുൽപത്തി.

അക്ഷരലക്ഷം-ഒരു സമ്മാനം. ഭോജചരിത്രം മുതലായ ഗ്രന്ഥങ്ങളിൽ കവികൾക്ക് 'അക്ഷരലക്ഷം' കൊടുത്തു എന്നു കാണുന്നുണ്ട്. വിശേഷമായ ശ്ലോകമാണെങ്കിൽ അതിൽ എത്ര അക്ഷരമുണ്ടോ അത്രയും അക്ഷരങ്ങൾക്കു ലക്ഷം പണം വീതം കൊടുക്കുന്നതിനാലാണ് അക്ഷരലക്ഷം എന്നു പറയുന്നത്. മഹാകവി കാളിദാസൻ ഒരിക്കൽ ഉണ്ടാക്കിയ നാലു ശ്ലോകത്തിനു പ്രതിഫലമായി ഭോജരാജാവു തന്റെ രാജ്യം മുഴുവൻ കൊടുത്തു എന്നു നാം പ്രസിദ്ധമായി കേട്ടിട്ടുണ്ടല്ലോ.
(ഒരു മാസിക)

അക്ഷരവഞ്ജിത-വി. വിദ്യയില്ലാത്ത, പഠിത്തമില്ലാത്ത. പഠിത്തമുള്ളവനെ(വിദ്വാനെ) സാക്ഷരൻ എന്നും പഠിത്തമില്ലാത്തവനെ അക്ഷരവഞ്ജിതൻ എന്നും പറയുന്നു.

അക്ഷരവിദ്യ-സാഹിത്യവിദ്യ, പഠിപ്പ്.

'സാക്ഷരന്മാർമറിക്കുമ്പോൾ
രാക്ഷസന്മാരായിത്തീരും
പക്ഷപാതമതുപിന്നെ
അക്ഷരവിദ്യയിൽവേണം'
(ത്രിപുരദഹനം തുള്ളൽ)

അക്ഷരവിന്യാസം-അക്ഷരത്തെ വിന്യസിക്കുന്നത്. വിന്യാസം എന്നാൽ വേണ്ടുംപ്രകാരമുള്ള നിരത്തൽ എന്നർത്ഥം.

ഉ-ം, ബലവിന്യാസം-സൈന്യത്തെ വേണ്ടുംപ്രകാരം നിരത്തുക.

അക്ഷരശഃ ഓരോ അക്ഷരമായിട്ട്, സൂക്ഷ്മമായിട്ട്.

അക്ഷരശ്ലോകം-൧. ഒരു വിനോദം. ഒരാൾ ശ്ലോകം ചൊല്ലിയാൽ ആ ശ്ലോകത്തിന്റെ മൂന്നാംപാദത്തിന്റെ ആദ്യ അക്ഷരം ഏതോ ആ അക്ഷരത്തിൽ തുടങ്ങുന്ന ശ്ലോകം എതിർകക്ഷി ചൊല്ലേണ്ടതാണെന്നുള്ള വ്യവസ്ഥയോടുകൂടിയതു് ആയതു നടത്തി ജയത്തെയും തോൽവിയേയും പരീക്ഷിച്ചറിയുക. ൨. ഹരിനാമകീർത്തനം മുതലായ പുസ്തകങ്ങളുടെ അക്ഷരമാല പോലുള്ള ശ്ലോകസമൂഹം.

അക്ഷരസംഖ്യ-കടപയാദി, പരപ്പേർ.

അക്ഷരസംഖ്യാസൂത്രം താഴെ കാണിക്കുന്നു.

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| ൧ | ൨ | ൩ | ൪ | ൫ | ൬ | ൭ | ൮ | ൯ | ൦ശൂന്യം |
| ക | ഖ | ഗ | ഘ | ങ | ച | ഛ | ജ | ഝ | ഞ |
| ട | ഠ | ഡ | ഢ | ണ | ത | ഥ | ദ | ധ | ന |
| പ | ഫ | ബ | ഭ | മ | ,, | ,, | ,, | ,, | ,, |
| യ | ര | ല | വ | ശ | ഷ | സ | ഹ | ള | ,, |

ഇങ്ങിനെ ക=൧ ഖ=൨ ഗ=൩. എന്നിപ്രകാരം ധരിക്കണം. വ്യഞ്ജനത്തോടു സ്വരം ചേൎന്നാൽ സംഖ്യ ഭേദപ്പെടുകയില്ല ഉ-ം, കെ കൈ കൊ. ഇവയൊക്കയും ൧ എന്നുതന്നെ. കൂട്ടക്ഷരങ്ങളിൽ അവസാനത്തുള്ള വ്യഞ്ജനം കൂട്ടേണ്ടതാണ്. സ്പ=പ=൧. ക, ട, പ, യ=൧. ഖ, ഠ, ഫ, ര=൨. ഗ, ഡ, ബ, ല=൩. ഘ, ഢ, ഭ, വ=൪. ങ, ണ, മ, ശ=൫. ച, ത, ഷ=൬. ഛ, ഥ, സ=൭. ജ, ദ, ഹ=൮. ഝ, ധ, ള=൯. ഞ, ന ഇവ ൨-ം, അ ആ മുതലായ ൧൬ കേവലസ്വരങ്ങളും ശൂന്യം.

അക്ഷരസംയുക്തൻ-വിദ്യാഭ്യാസത്തോടുകൂടിയവൻ.

ശൂദ്രമക്ഷരസംയുക്തം' (നീതിസാരം)

അക്ഷരസംസ്ഥാനം-൧. എഴുതപ്പെട്ട അക്ഷരം.

'ലിഖിതാക്ഷരസംസ്ഥാനേ
ലിപിർല്ലിബിരുഭേസ്ത്രിയൌ' (അമരം)

[ലിഖിതം, അക്ഷരസംസ്ഥാനം, ലിപി, ലിബി ഇവ നാലും എഴുതപ്പെട്ട അക്ഷരത്തിന്റെ പേർ. 'ലിഖിതാക്ഷരവിന്യാസേ' എന്നും പാഠം കാണുന്നു]

൨. അക്ഷരങ്ങളെ വേണ്ടുംവണ്ണം കൂട്ടിച്ചേൎക്കുക. ൩. അക്ഷരമാല.

അക്ഷരാംഗം-ലിപി. മലയാളത്തിൽ൫൦ അക്ഷരങ്ങളുടെ ഉച്ചാരണത്തിനു വൎണ്ണം എന്നു പേർ. വൎണ്ണത്തെ എഴുതിക്കാണിപ്പാൻ പാടില്ല. ഉച്ചാരണത്തെ കുറിക്ക

ന്ന അ, ആ മുതലായ ചിഹ്നങ്ങൾക്കു 'ലിപി' എന്നു പറയുന്നു.

അക്ഷരാജൻ–പു. ചൂതുകളിയിൽ അധികം ശീലപ്പെട്ടിട്ടുള്ളവൻ ഉ. ചൂതുകളിയിൽ അതിപ്രധാനമായ 'കലി' എന്ന കരുവ്.

രാജാ, അഹസ്സ്, സഖി ഈ ശബ്ദങ്ങൾക്കു സമാസാന്തത്തിൽ 'ടച്ച്' പ്രത്യയം വന്ന് അകാരാന്തത്വം വരുന്നു. ഉ-ം, ദേവരാജൻ, മകരകന്ധധരസഖൻ 'രാജാഹസ്സഖിഭ്യഷ്ടച്' എന്നു പാണിനിസൂത്രം.

അക്ഷരാഡംബരം–പു. ഒച്ചമുഴങ്ങുന്ന വിധത്തിലുള്ള അക്ഷരങ്ങൾ പ്രയോഗിക്കുക. ഉ. ചമൽക്കാരം, ദുര്യൃത ഇവ അക്ഷരങ്ങളിൽ വരുത്തുക.

അക്ഷരാഭ്യാസം–പു. അക്ഷരങ്ങൾ അഭ്യസിക്കുക (പഠിക്ക). ഉ. അക്ഷരവിദ്യ

അക്ഷരാരംഭം–വിദ്യാരംഭം, കുട്ടികൾക്കു സാഹിത്യവിദ്യ അല്ലെങ്കിൽ അക്ഷരവിദ്യ തുടങ്ങുക.

അക്ഷരാർത്ഥം– വ്യുൽപത്തിയനുസരിച്ചു പദങ്ങൾക്കുള്ള അർത്ഥം.

അക്ഷരി–മഴക്കാലം.

അക്ഷലീല–ചൂതുകളി.

'അക്ഷലീലാവിധൌ നിത്യം
ദക്ഷവൈരിശിവാനും
തൽക്ഷണം തന്നുടെ രൂപം
പ്രകാശിപ്പിച്ചതാൾചെയ്തു'
(പാഞ്ചേന്ദ്രോപാഖ്യാനം തുള്ളൽ)

അക്ഷവതി-ചൂതുകളി.

'ദ്യൂതോസ്ത്രിയാമക്ഷവതീ
കൈതവം പണ ഇത്യപി' (അമരം)

ദ്യൂതം, അക്ഷവതി, കൈതവം, പണം ഇവ നാലും ചൂതിന്റെ പേർ.

അക്ഷവതീക്രീഡ-ചൂതുകളി, അക്ഷമുള്ള കളി.

അക്ഷവാടം, അക്ഷവാടി, അക്ഷവാടിക-ചൂതുകളിക്കുള്ള ഇടം, ചൂതുകളിപ്പാനുള്ള പലക.

അക്ഷവിത്ത്–പു. ചൂതുകളി അറിയുന്നവൻ. ഉ. വ്യവഹാരം അറിയുന്നവൻ.

അക്ഷവിദ്യ-ചൂതുകളിയുടെ അറിവ്.

അക്ഷവൃത്തൻ-ചൂതുകളി പരിചയിച്ചവൻ

അക്ഷവേത്താ–പു. ചൂതുകളി അറിയുന്നവൻ. ഉ. വ്യവഹാരം അറിയുന്നവൻ,

അക്ഷശാകം-വ്. ഉമർമരം.

അക്ഷശൌണ്ഡൻ-ചൂതുകളിപ്പാൻ സമർത്ഥൻ.

അക്ഷസസ്യാ-വ്. ഉമർമരം.

അക്ഷസൂത്രം-ജപമാലയ്ക്കുള്ള ചരട്.

'അക്ഷസൂത്രം ശിവലിംഗം
വ്യാഘ്രചർമ്മമിവയെല്ലാം
രക്ഷയും തൽക്ഷണം ദൂര-
ത്തുപേക്ഷിച്ചു കശ്മലന്മാർ'
(ത്രിപുരദഹനം തുള്ളൽ)

അക്ഷഹൃദയം-ഒരു മന്ത്രം. അക്ഷഹൃദയം ഒരു സിദ്ധവിദ്യയാണ്. ഇത് അറിയാവുന്നവർക്ക് ഒരു മരത്തിൽ എത്ര ഇല പൂവു മുതലായവ ഉണ്ടെന്ന് എണ്ണം തെറ്റാതെ പറവാൻ കഴിയും.

'വിശ്വാസഭാജനമായ് വന്നാൽപിന്നെ
അശ്വഹൃദയമവനായ് നൽകീടുകിൽ
അക്ഷഹൃദയം വശമാക്കുമതു വെച്ച്
അക്ഷമനാംകലിയുമകന്നൊഴിയും'
(നളചരിതം കഥകളി)

അക്ഷാഗ്രകീല(ക)ം– അക്ഷത്തിന്റെ അഗ്രത്തിലുള്ള കീല(ക)ം (അച്ചുതണ്ടിയുടെ തലയ്ക്കുള്ള ആണി), അച്ചുതണ്ടിന്റെ ആണി

'പിണ്ഡികാനാഭിരക്ഷാഗ്ര
കീലകേതുദ്വയോരണി.' (അമരം)

പിണ്ഡിക, നാഭി ഇവ രണ്ടും ചക്രകൂടത്തിന്റെ പേർ. അക്ഷാഗ്രകീല(ക)ം, അണി ഇവ രണ്ടും അച്ചുതണ്ടിന്റെ പേർ.

അക്ഷാന്തി-ക്ഷാന്തിയില്ലായ്മ, ഈർഷ്യ, ക്ഷമയില്ലായ്മ.

'അക്ഷാന്തിരീർഷ്യാ' (അമരം)

അക്ഷാന്തി, ഈൎഷ്യ ഇവ രണ്ടും ഈൎഷ്യയുടെ പേർ.

**അക്ഷാന്തിമാൻ** - ക്ഷമയില്ലാത്തവൻ, ഈൎഷ്യയില്ലാത്തവൻ, അസൂയയില്ലാത്തവൻ, വിരോധമില്ലാത്തവൻ സ്ത്രീ- അക്ഷാന്തിമതി. ന-അക്ഷാന്തിമത്തു്.

**അക്ഷാമ**-ക്ഷാമം (ദുൎഭിക്ഷത) ഇല്ലാത്ത.

'അക്ഷാമമക്ഷതിപ്രവണേനമൂർധ്നാ
മുഗ്രാഹരാത്രിഞ്ചരകാളരാത്രിഃ'
(ഉത്തരരാമായണം ചമ്പു)

**അക്ഷാര**-വി. സാക്ഷാൽ ഉപ്പായ.

**അക്ഷാരം**-സാക്ഷാൽ ഉപ്പ്.

**അക്ഷാരലവണം**-സാക്ഷാൽ ഉപ്പ്, ഇന്തുപ്പ്.

**അക്ഷാവപനം**-ചൂതുകളിപ്പലക. (ഇതു ചൂതിലുള്ള കരുക്കളെ ഇളക്കിയിടുന്നതിനുള്ള ആധാരസാധനം).

**അക്ഷാവലി**-ജപമാല (അക്ഷമാല)

**അക്ഷാവാപൻ**-ചൂതുകളിക്കുന്നവൻ അക്ഷങ്ങളെ ഇളക്കിക്കളിക്കുന്നതുകൊണ്ടു് ഈ പേർ വന്നു.

**അക്ഷാംശം**-ഭൂമധ്യരേഖയിൽനിന്നു വടക്കോട്ടോ തെക്കോട്ടോ ഉള്ള ദൂരത്തിന്റെ പേർ.

അക്ഷം (അച്ചുതണ്ടു്) വടക്കേ ധ്രുവം മുതൽ തെക്കേ ധ്രുവംവരെ ഭൂമിയുടെ ഉള്ളിൽക്കൂടി കടന്നുപോകുന്നതായി ഒരു അക്ഷം (അച്ചുതണ്ടു്) ഉണ്ടെന്നാണു ശാസ്ത്രജ്ഞമതം. അതിന്റെ ഒത്ത നടുവിലാണു ഭൂമധ്യരേഖ

**അക്ഷി**-കണ്ണു്. വിഷയങ്ങളെ വ്യാപിക്കുന്നതു്, വസ്തുക്കളെ വ്യാപിച്ചറിയുന്നതു് എന്നു വ്യുൽപത്തി.

**അക്ഷികം**-കണ്ണിനു ഹിതമായതു്.

**അക്ഷികൎണ്ണം**-പാമ്പു്.

'അക്ഷികൎണ്ണന്മാർവംശം നഷ്ടമാക്കീടുവാ [നായ്'
(ഭാരതം)

**അക്ഷികമ്പം**-കണ്ണിമയ്ക്കുക.

**അക്ഷികൂടം**-കറുത്ത മിഴി.

**അക്ഷികൂടകം**-കണ്മണി.

**അക്ഷികോണം**-കടക്കണ്ണ്,

'ബലാമൎഷാതിരേകഭ്രമിതപരിഘ-
താതിരൂക്ഷാക്ഷികോണഃ'
(കല്യാണസൌഗന്ധികം കഥകളി)

**അക്ഷിഗത**-വി. കണ്ട, കണ്ണിൽപ്പെട്ട, കണ്ണിനു നേരെ വന്ന.

**അക്ഷിഗതൻ** - ദ്വേഷിക്കപ്പെടത്തക്കവൻ.

'ദ്വേഷ്യേത്വക്ഷിഗതഃ' (അമരം) ദ്വേഷ്യൻ, അക്ഷിഗതൻ ഇവ രണ്ടും ദ്വേഷിക്കപ്പെടത്തക്കവന്റെ പേർ.

**അക്ഷിഗോളം**-കറുത്തമിഴി.

**അക്ഷിഗോചര**-വി കാണാകുന്ന.

**അക്ഷിതാര**-കറുത്തമിഴി.

**അക്ഷിദ്വന്ദ്വം**-കണ്ണിണ.

**അക്ഷിപക്ഷ്മം**-ഇമ, കൺപീലികൾ.

**അക്ഷിപടലം**-കണ്മിഴിയുടെ പുറത്തെ തൊലി. ഉ. കണ്മിഴിയുടെ പുറത്തെ തൊലിയുടെ മീതെയുണ്ടാകുന്ന ഒരു രോഗം.

**അക്ഷിപാകാത്യയം**-ഒരു നേത്രരോഗം. വാതാദിദോഷം നിമിത്തം കൃഷ്ണമണ്ഡലം മുഴുവനും വെളുത്തതായ ശുക്ലം വ്യാപിക്കുന്നതാണു ലക്ഷണം. സന്നിപാതജമായ ഈ രോഗം വൎജ്ജനീയമാകുന്നു.

'ശ്വേതംസമാക്രാമതിസർവതോഹി
ദോഷേണയസ്യാസിതമണ്ഡലന്തു
തമക്ഷിപാകാത്യയമക്ഷിരോഗം
സർവാത്മകം വൎജ്ജയതവ്യമാഹുഃ'
(മാധവനിദാനം)

**അക്ഷിപീലു**-വലിയ വെപ്പ്.

**അക്ഷിപ്നു**-ക്ഷിപ്നു (നിന്ദാശീലൻ) അല്ലാത്തവൻ.

'നിരാകരിഷ്ണുഃക്ഷിപ്നുസ്സ്യാൽ' (അമരം)

**അക്ഷിഭ്രു**-സത്യമായതു്, പ്രത്യക്ഷമായതു്.

**അക്ഷിഭേഷജം**-ചെമന്ന പാച്ചോററി, വെളുത്ത പാച്ചോററി എന്ന പാഠം.

**അക്ഷിഭ്രുവം**-പുരികവും കണ്ണും തമ്മിൽ മുട്ടുക. ഇതു കോപാദിഭാവങ്ങളിൽ ഉണ്ടാകും.

അക്ഷിമണി-കണ്മണി, കണ്മിഴി, അക്ഷികൂടകം.

അക്ഷിയുഗം-കണ്ണിണ.

അക്ഷിലക്ഷീഭവിക്ക-കാണുമാറാക

അക്ഷിലോമം, അക്ഷിരോമം-ഇമ, കണ്ണിന്റെ രോമം.

അക്ഷിവ(ബ)ം-പു. കടലപ്പ്. കണ്ണിന്നു പ്രീതിയെ ഉണ്ടാക്കുന്നതു് എന്നു താൽപര്യം. ൨. മഞ്ഞനിറമുള്ള മുരിങ്ങ (ശോഭാഞ്ജനവൃക്ഷം.)

അക്ഷിവികൂണിതം - കടക്കണ്ണുകൊണ്ടുള്ള നോട്ടം.

അക്ഷിവികൂശിതം- കടക്കണ്ണുകൊണ്ടുള്ള നോട്ടം.

അക്ഷിവിലാസം-കണ്ണിന്റെ ഭംഗി.

അക്ഷിസ്പന്ദം-വ്ളർമമം.

അക്ഷീണ-വി. ക്ഷീണമില്ലാത്ത, തളർച്ചയില്ലാത്ത.

'വീക്ഷിച്ചുവിഘ്നരഹിതംമുനികൃത്യമെല്ലാ
മക്ഷീണവിക്രമവിജൃംഭിതമാംതപീയം'
(അഭിജ്ഞാനശാകുന്തളം)

അക്ഷീണത-ക്ഷീണം(തളർച്ച)ഇല്ലായ്മ.

അക്ഷീണരുക്ക്-പ്രബലമായ താപം.

'സാക്ഷാദച്യുതനാകുന്ന
വീക്ഷേവിധാനംഹരി-
ണാക്ഷീംത്വവിനാവിരഹേ-
ണാക്ഷീണരുജാവിവശാം'
(നളചരിതം കഥകളി)

അക്ഷീര-വലിയവെപ്പ്.

അക്ഷീവ(ബ)ം-പു. കടലപ്പ്. കറികളിൽ വ്യാപിക്കുന്നതിനാൽ ഈ പേരുണ്ടായി എന്നു കാണുന്നു.

'സാമുദ്രം യത്തുലവണ
മക്ഷീബംവസിരഞ്ചതൽ' (അമരം)

അക്ഷീബം, വസിരം ഇവരണ്ടും കടലുപ്പിന്റെ പേർ.

൨. (മഞ്ഞപ്പൂവുള്ള) മുരിങ്ങ.

'ശോഭാഞ്ജനേശിഗ്രുതീക്ഷ്ണ
ഗന്ധകാക്ഷീബമോചകാഃ' (അമരം)

ശോഭാഞ്ജനം, ശിഗ്രു, തീക്ഷ്ണഗന്ധകം, അക്ഷീബം, മോചകം ഇവ അഞ്ചും മുരിങ്ങയുടെ പേർ.

അക്ഷീബ-വി. മദിച്ചിട്ടില്ലാത്ത.

'മത്തേശൌണ്ഡോൽക്കടക്ഷീബാഃ'
(അമരം)

മത്തൻ, ശൌണ്ഡൻ, ഉൽക്കടൻ, ക്ഷീബൻ ഇവ നാലും കുടിച്ചു മദിച്ചവന്റെ പേർ.

അക്ഷീരം-പു. വലിയ വെപ്പ്. ൨. മുളവെണ്ണ.

അക്ഷുണ്ണ-വി. പു. പരിചയിക്കപ്പെടാത്ത. (ഉ-ം, അക്ഷുണ്ണശിഖരങ്ങൾ. 'അക്ബർ'). ൨. ചതയ്ക്കപ്പെട്ടതല്ലാത്ത, പൊടിക്കപ്പെട്ടതല്ലാത്ത, മുറിക്കാത്ത, മുറിയാത്ത. ൩. ജയിക്കപ്പെടാത്ത. ൪. ജയശീലമുള്ള. ൫ കുറക്കാത്ത, കുറയാത്ത. ൬. ചവുട്ടീട്ടില്ലാത്ത. ൭. അസാധാരണമായ. ൮. അഭ്യസിക്കാത്ത. ൯ തുടരെ നിവിന്നു കിടക്കുന്ന.

അക്ഷുദ്രൻ-പു. ക്ഷുദ്രനല്ലാത്തവൻ. ക്ഷുദ്രൻ=പിശുക്കിന്റെ ശക്തികൊണ്ടു ദരിദ്രൻ എന്നപോലെ കഷ്ടമായി ജീവിക്കുന്നവൻ. ൨ ശ്രേഷ്ഠൻ. ൩. നിസ്സാരനല്ലാത്തവൻ ൪. ശിവൻ.

അക്ഷുദ്ര-വി. പു. ഹീനമല്ലാത്ത. ൨. ലുബ്ധുള്ള ൩. നിസ്സാരമല്ലാത്ത. ൪. ക്രൂരമല്ലാത്ത [മൊട്ട

'ത്ര്യക്ഷാട്ടഹാസമൊട്ടമക്ഷിസ്ഫുലിംഗ
മക്ഷീണമാമസുരരക്ഷോമദപ്രകര
ഥക്ഷപ്രധാനികളമക്ഷുദ്രപക്ഷികരാ-
രക്ഷുക്കളുംവളരെവിശപ്പാരായനമഃ'
(പതിനാലുവൃത്തം)

അക്ഷ്ണത-ക്ഷ്ണതം (മുച്ചുകുടപ്പെട്ടതു്) അല്ലാത്തതു്.

അക്ഷേത്ര-വി. പു. കൃഷിചെയ്തിട്ടില്ലാത്ത. ൨. വയലുകൾ ഇല്ലാത്ത.

അക്ഷേത്രാജീവൻ-കൃഷിക്കാരനല്ലാത്തവൻ.

**അക്ഷത്രഃ**-പു. നല്ല വിദ്യാർത്ഥി അല്ലാത്തവൻ ഉ. ചീത്തവയല്. ന. ക്ഷേത്രം (ഭാര്യ) അല്ലാത്ത. മ. ക്ഷേത്രം (ശരീരം) അല്ലാത്ത.

**അക്ഷേത്രി**-ഭാര്യയുടെനാഥനല്ലാത്തവൻ

**അക്ഷേപിഷ്ണു**-ക്ഷേപിഷ്ണു (വേഗാതിശയമുള്ളവൻ) അല്ലാത്തവൻ.

**അക്ഷോടം, അക്ഷോഡ(ക)ം**- മലയുകമരം,

'അക്ഷോടകന്ദരാളൌ' (അമരം)

അക്ഷോടം, കന്ദരാളം (കപ്പരാളം) രണ്ടും മലയുകമരത്തിന്റെ പേർ.

**അക്ഷോഭിഷ്ണു**- ക്ഷോഭിഷ്ണു (അതിക്ഷുദ്രൻ) അല്ലാത്തവൻ.

**അക്ഷോഭ്യ**-വി. ഇളകാത്ത, ഇളക്കാൻ കഴിയാത്ത, ഇളക്കപ്പെട്ടവാൻ വയ്യാത്ത, സ്ഥിരമായ. [തെ

'സമ്മാനത്തിങ്കലുള്ളിൽ സന്തോഷമുണ്ടാകാ നിർമ്മലമപമാനത്തിങ്കലുംഖേദിയാതെ[വെ അക്ഷോഭ്യനായിഗംഗതന്നിലെഹ്രദംപോലെ രക്ഷിച്ചു ധർമ്മത്തെയുംവാണീടുന്നവൻ വി (ഭാരതം വിദുരവാക്യം) [ദ്വാൻ'

**അക്ഷോഭ്യനിശ്ചയ(ൻ)**-ഇളകാത്ത മനസ്സുറപ്പുള്ളവൻ.

**അക്ഷൌഹിണി**-ഒരു വലിയ സൈന്യവിഭാഗം.

'ഏകേഭൈകരഥാ ത്ര്യശ്വാ പത്തിഃപഞ്ചപദാതികാ' എന്നതനുസരിച്ച് ഒരു ആന, ഒരു തേര്, മൂന്നു കുതിര, അഞ്ചു കാലാൾ ഇത്രയും കൂടിയ സൈന്യത്തിനു 'പത്തി' എന്നു പേർ.

൩ പത്തി-ഒരു സേനാമുഖം.

൩ സേനാമുഖം-ഒരു ഗുല്മം.

൩ ഗുല്മം-ഒരു ഗണം.

൩ ഗണം-ഒരു വാഹിനി.

൩ വാഹിനി-ഒരു പൃതന

൩ പൃതന-ഒരു ചമൂ.

൩ ചമൂ-ഒരു അനീകിനി.

൧൦ അനീകിനി-ഒരു അക്ഷൌഹിണി.

ഇതനുസരിച്ച് ൨൧,൮൭൦ ആന ൨൧,൮൭൦ തേര്, ൬൫,൬൧൦ കുതിര, ൧൦൯,൩൫൦ കാലാൾ ഇത്രയും കൂടിയ സൈന്യവിഭാഗമാണ് ഒരു അക്ഷൌഹിണി. ആനകളും തേരുകളും എണ്ണത്തിൽ തുല്യമായിരിക്കയും, കുതിരയും കാലാളും യഥാക്രമം മുൻചൊന്നവയുടെ മൂന്നും അഞ്ചും ഗുണംവീതം ആയിരിക്കയും ചെയ്യുന്നത് ഇൻഡ്യയിലെ പണ്ടത്തെ യുദ്ധസമ്പ്രദായമാകുന്നു. [ഗം

'ഹസ്തിയുംതേരുമൊരോന്നശ്വംമൂന്നഞ്ചുകാലാൾ പത്തിയാം,മൂന്നുപത്തികൂടിയാൽസേനാമുഖം തത്ത്രിഗുണിതംഗുല്മം,തത്ത്രിഗുണിതം ഗ ണത്രിഗുണിതമല്ലോവാഹിനിയാകുന്നതും[ണം തത്ത്രിഗുണിതയല്ലോ പൃതനയാകുന്നതും തത്ത്രിഗുണിതംചമൂരാഖ്യയെന്നതു നൂനം തത്ത്രിഗുണിതയല്ലോചൊല്ലുവമനീകിനി തദ്ദശഗുണിതയാകുന്നതുമക്ഷൌഹിണി ഇരുപത്തൊരായിരത്തെണ്ണൂറുമെഴുപതും കരികളാവണം നല്ലരഥവുമത്രവേണം മുമ്മടങ്ങതിലശ്വം കാലാളുമഞ്ചുമട- ങ്ങിമ്മതമറിയിച്ചാൻ മുനികളോടുസൂതൻ' (ഭാരതം)

**അഖചിതം**-ഖചിതം (പതിച്ചിട്ടുള്ളത്) അല്ലാത്തത്, ചേർക്കപ്പെട്ടതല്ലാത്തത്.

**അഖട്ടം**-മുറമരം (പ്രിയാളുവൃക്ഷം).

**അഖട്ടി**-അനുചിതമായ വിസ്താരം. ശിഷ്ടമല്ലാത്ത വ്യവഹാരം.

**അഖണ്ഡ**-വി. മുഴുവനായ, ഉ, മുറിഞ്ഞിട്ടില്ലാത്ത.

**അഖണ്ഡൻ**-പൂർണ്ണൻ, എല്ലായിടവും നിറഞ്ഞവൻ. [ള്ളാ-

'മരുത്തവസ്ഥിതിസംഹാരങ്ങൾകളുചെ നഖണ്ഡൻബ്രഹ്മവിഷ്ണുരുദ്രനാമങ്ങളാപൂ (അദ്ധ്യാത്മരാമായണം) [ണ്ട'

**അഖണ്ഡം**-അ. മുടക്കംകൂടാതെ, ഇടവിടാതെ, തടവുകൂടാതെ, വിഘ്നംകൂടാതെ.

**അഖണ്ഡം**-മുട്ടാഴിയാതെയുള്ളത്.

പു. സമം. ഉ. സർവം. ന. വിശേഷം. മ. അശേഷം, ഇ. കൃത്സ്നം. ന്യ. സമസ്തം.

൭. നിഖിലം. ൮. അഖിലം, ൯. നിശ്ശേഷം. ൧൦. സമഗ്രം. ൧൧. സകലം. ൧൨. പൂർണ്ണം. ൧൩. അഖണ്ഡം. ൧൪. അന്യൂനകം. ഇവ പതിനാലും 'ഒട്ടൊഴിയാതെയുള്ളതു്', എന്ന അർത്ഥത്തോടുകൂടിയവയാകുന്നു.

'...............സമം സർവ്വം
വിശ്വമശേഷം കൃത്സ്നം
സമസ്തനിഖിലാഖിലാനി നിശ്ശേഷം
സമഗ്രം സകലം പൂർണ്ണ-
മഖണ്ഡം സ്യാദന്യൂനകെ' (അമരം)

**അഖണ്ഡന**-വി. മുഴുവനായ, മുറിഞ്ഞിട്ടില്ലാത്ത.

**അഖണ്ഡനം**-ന. മുറിഞ്ഞിട്ടില്ലാത്തതു്. ൨. മുറിയാതിരുന്നസ്ഥിതി, എതിർക്കപ്പെടാതെയിരിക്കുന്ന സ്ഥിതി, അസാധുവാകാതെയിരിക്കുന്ന സ്ഥിതി. ൩. കാലം.

'വിഷ്ണോരധീശ്വരൻ വജ്രം പ്രയോഗിച്ചു
ഖണ്ഡനംചെയ്തു വധിച്ചുകമാരനെ'.
(ഹനുമദുത്ഭവം തുള്ളൽ)

**അഖണ്ഡന**-മുഴുവനായവൾ, മുറിഞ്ഞിട്ടില്ലാത്തവൾ.

**അഖണ്ഡാനന്ദൻ**-പരിപൂർണ്ണ സച്ചിദാനന്ദത്തോടുകൂടിയവൻ.

**അഖണ്ഡിത**-വി. ൧. ഖണ്ഡിതം (മുറിക്കപ്പെട്ടതു്) അല്ലാത്ത, മുഴുവനായ, അംശിക്കപ്പെട്ടതല്ലാത്ത. ൨. തടവുകൂടാത്ത, ഉപദ്രവം നേരിടാത്ത.

'അഖണ്ഡിതായുധമുഖങ്ങളും'
(നളചരിതം തുള്ളൽ)

**അഖണ്ഡിതൎത്തു**, **അഖണ്ഡിതൎത്തു**-പൂക്കളും മററും വേണ്ടതുപോലെ പതിവനുസരിച്ചു് ഉണ്ടാകുന്ന കാലം. വിശേഷണമായാൽ ഫലവത്തായ എന്നർത്ഥം വരും.

**അഖണ്ഡ്യ**-വി. ഖണ്ഡ്യം (മുറിക്കത്തക്കതു്) അല്ലാത്ത.

**അഖർവ്വ**-വി. പൂർണ്ണതയുള്ള, തികവായ, ചെറുതല്ലാത്ത, വലുതായ.

'താവൽക്കല്പാന്തകാലോൽകടപവനചല-
ൽപുഷ്കലാവർത്തകാഭ്ര-
പ്രഖ്യാപാനാഖർവ്വഗർവ്വത്രുടനപടുതര-
സ്ഫാരവിസ്ഫാരനാദഃ'
(ഉത്തരാസ്വയംവരം കഥകളി)

**അഖലതി**-വി. കഷണ്ടിയല്ലാത്ത.

**അഖലൻ**-ഖലൻ (ദുഷ്ടൻ) അല്ലാത്തവൻ, ക്രൂരനല്ലാത്തവൻ.

**അഖാതം**-വി. ൧. കുഴിച്ചിട്ടില്ലാത്ത ൨. കുഴിച്ചിട്ടിട്ടില്ലാത്ത.

**അഖാതം**-ന. താനേയുണ്ടായ കുളം. പുണ്യതീർത്ഥം. ൨. ദേവക്ഷേത്രങ്ങളോടു ചേർന്നുള്ള പൊയ്ക (മററു ജലാശയം).

'അഖാതം ദേവഖാതകം' (അമരം)

അഖാതം=വെട്ടപ്പെടാത്തതു. ദേവഖാതകം=ദേവന്മാരാൽ വെട്ടപ്പെട്ടതു്. (രണ്ടും പുണ്യതീർത്ഥത്തിന്റെ പേർ)

**അഖാതകൻ**-കടം വാങ്ങിയവൻ.

**അഖാദകൻ**-ഭക്ഷിക്കാത്തവൻ.

**അഖാദനം**-തിന്നാതിരിക്ക

**അഖാദുക**-വി. ഉപദ്രവം ചെയ്യുന്നതല്ലാത്ത, ദോഷംചെയ്യുന്നതല്ലാത്ത, ദോഷം ചെയ്യണമെന്നുള്ള വിചാരം ഇല്ലാത്ത. സ്ത്രീലിംഗം-അഖാദുകി.

**അഖാദ്യം**-ഖാദ്യം (കടിച്ചുതിന്നാനുള്ളതു്) അല്ലാത്തതു്, ഭക്ഷണസാധനമല്ലാത്തതു്.

**അഖാർവാടൻ**- കഷണ്ടിത്തലയനല്ലാത്തവൻ.

**അഖിദിരൻ**-ദരിദ്രനല്ലാത്തവൻ, സന്ന്യാസം വന്നവനല്ലാത്തവൻ.

**അഖിന്ന**-വി. ഖേദമില്ലാത്ത, ക്ഷീണമില്ലാത്ത, തളർച്ചയില്ലാത്ത.

'നിന്നോടുപോരാത്തിട്ടുവാൻ നാണിച്ചു
ഖിന്നനായ്വന്നു ഞാനതറിക നീ'
(അദ്ധ്യാത്മരാമായണം)

**അഖിന്നത**-ഖേദമില്ലായ്ക, ക്ഷീണമില്ലായ്ക, തളർച്ചയില്ലായ്ക.

ഖിന്നതയും പറവതിനിഹ നഹി
നിന്നുടെ കൃപതാനിഹ ശരണം'
(രുഗ്മിണീസ്വയംവരം തുള്ളൽ)

അഖില-വി. പൂൎണ്ണമായ,തികവായ.[അഖണ്ഡം എന്നതു നോക്കുക.] [ല്വം

'അഖിലമൊന്നുമിച്ഛചെന്നാവഹംചെയ്തു
അഖിലബലവീൎയ്യനാമഞ്ജനാപുത്രനെ'
(രാമായണചരിതം തുള്ളൽ)

അഖിലാണ്ഡം-ലോകം മുഴുവനും.

കൈലാസവാസികരുണാനിധികാഗ്രവൎയ്യ-
മാലാകലാപനഖിലാണ്ഡകടാഹനാഥൻ.
(സ്തുതികുസുമാഞ്ജലി)

അഖിലഭൂമി-കൃഷിചെയ്ത ഭൂമി.

അഖിലാധാരൻ-എല്ലാത്തിനെയും താങ്ങുന്നവൻ,എല്ലാത്തിനും ആശ്രയമായിത്തീൎന്നവൻ.

അഖിലെന-അ. പൂൎണ്ണം,പൂൎണ്ണമായിട്ട്.

അഖിലേശൻ-എല്ലാത്തിനും നാഥനായവൻ, ദൈവം, ഈശ്വരൻ.

അഖുല്ലകൻ-നീചനല്ലാത്തവൻ.

അഖേചര-വി. ആകാശത്തിൽ സഞ്ചരിക്കാത്ത.

അഖേദം-ഖേദം(ദുഃഖം, തളൎച്ച) ഇല്ലായ്ക.

അഖേടികം-പു. വൃക്ഷം. ൨. നായാട്ടു ശീലിച്ചിട്ടുള്ള നായ്.

അഖേദനം-ദുഃഖമില്ലായ്ക,തളൎച്ചയില്ലായ്ക

അഖ്യാത-ദുഷ്കീൎത്തിയുള്ള, യശസ്സുകെട്ട.

അഖ്യാതി-ദുഷ്കീൎത്തി, യശസ്സുകേട്.

അഗ-വി. ൧. ഗമിക്കാത്ത, പോകാത്ത. ൨. അടുക്കാൻവയ്യാത്ത (പാടില്ലാത്ത)

അഗം-പു. വൃക്ഷം. ൨. പൎവ്വതം.(രണ്ടിനും ഗമിക്കാത്തതു് എന്നു വ്യുൽപത്തി.) ൩. പാമ്പ്. ൪. ഏഴ് എന്ന ലക്കം. കുലപൎവ്വതങ്ങൾ ഏഴാകയാൽ ഈ പേർ വന്നു.

അഗൻ-സൂൎയ്യൻ.

അഗച്ഛം-വൃക്ഷം. (ഗമിക്കാത്തതിനാൽ ഈ പേരുണ്ടായി.)

അഗജ-പാൎവ്വതി.

അഗജ-വി. ൧. മലയിൽ നിന്നുണ്ടായ. ൨. വൃക്ഷത്തിൽ നിന്നുണ്ടായ.

അഗജം-കന്മദം. പൎവ്വതശിലയിൽ നിന്നുണ്ടാകയാൽ ഈ പേരുണ്ടായി.

അഗണന-എണ്ണായ്ക.

അഗണനീയൻ-ഗണിക്കപ്പെടാൻ യോഗ്യനല്ലാത്തവൻ, നിസ്സാരൻ.

അഗണിതം-വി. ഗണിതമല്ലാത്ത,എണ്ണപ്പെട്ടതല്ലാത്ത, അറിയപ്പെട്ടതല്ലാത്ത.

അഗണ്യ-വി. ഗണ്യം (ഗണിക്കത്തക്കതു്) അല്ലാത്ത. ൨. സംഖ്യയില്ലാത്ത. ൩. ഗണനത്തിന് അവകാശമില്ലാത്ത.

അഗത-പു. പോകാത്ത ൨. നശിക്കാത്ത.

അഗതി-പു. കാലക്ഷേപത്തിനു പാങ്ങില്ലായ്ക, ഉപജീവനത്തിനു വഴിയില്ലായ്ക. ൨. ഗതിയില്ലാത്തവൻ ൩. ഗതിയില്ലാത്തവൾ. ൪. ഗതിയില്ലാത്തതു്.

അഗതിക-വി. ഗതിയില്ലാത്ത.

അഗതീക-വി. ഗതിയില്ലാത്ത. (പ്രയോഗം ചുരുക്കം).

അഗത്യന്തര-ഗത്യന്തരം (അന്യ ഗതി) ഇല്ലാത്ത.

അഗദ-വി. ഗദം (രോഗം) ഇല്ലാത്ത.

അഗദം-പു. ഔഷധം, ഗദം (രോഗം) ഇല്ലാതാകുന്നതിനാൽ ഈ പേരുണ്ടായി. ൨. വൈദ്യശാസ്ത്രം. ൩. അരോഗത. ൪. കൊട്ടം എന്ന ഔഷധം.

അഗദരാജം-കടുക്ക.

അഗദംകാരൻ-വൈദ്യൻ അഗദം(രോഗം) ഇല്ലാതാക്കുന്നവൻ

അഗദിത-ഗദിതം (പറയപ്പെട്ടതു്) അല്ലാത്തതു്.

അഗാംഭീൎയ്യം-ഗാംഭീൎയ്യമില്ലായ്ക, മഹത്വമില്ലായ്ക.

അഗമം-പു. പൎവ്വതം ൨. വൃക്ഷം, ഗമിക്കാത്തതു്=സഞ്ചരിക്കാത്തതു് എന്നു വ്യുൽപത്തി.

അഗമ്യ-വി. ഗമ്യം(പ്രവേശിക്കത്തക്കതു്) അല്ലാത്ത, പ്രവേശിക്കത്തക്കതല്ലാത്ത, അടുക്കാൻ പാടില്ലാത്ത.

അഗമ്യ-സംയോഗത്തിനു കൊള്ളാത്തവൾ.

**അഗമ്യാഗമനം**-അഗമ്യയായസ്ത്രീയോടു കൂടിയുള്ള സംയോഗം.

**അഗമ്യാഗാമി**-അഗമ്യാഗമനം ചെയ്യുന്നവൻ.

**അഗംഭീരത**-ഗാംഭീര്യമില്ലായ്മ, മഹത്വമില്ലായ്മ.

**അഗരി**-ദേവതാളിവൃക്ഷം. വിഷമില്ലാതാക്കുന്നതിനാൽ ഈ പേർ സിദ്ധിച്ചു. വിഷമില്ലാത്തതാക്കുന്ന മററു സാധനങ്ങൾക്കും അപൂർവമായി 'അഗരി' എന്നു പറയുന്നുണ്ടു്. ദേവതാളിക്കു 'ദേവതാഡം' എന്നും പറയും.

**അഗരിഷ്ഠ**-വി. ഗുരുത്വമില്ലാത്ത, ഉറപ്പില്ലാത്ത, കനമില്ലാത്ത.

**അഗരു**-അകിൽ (അഗരുചന്ദനം). അഗ്ഗരു എന്നും പാഠമുണ്ടു്. ('അകിൽ' എന്ന ശബ്ദം നോക്കുക.)

**അഗരുവാചക**-മല്ലപ്പൂനാറി അകിൽ.

**അഗരുസാരം**-അകിൽ.

**അഗർവ്വ**-ഗർവ്വം (അഹങ്കാരം) ഇല്ലായ്ക.

**അഗർഹണം**-നിന്ദിക്കായ്ക.

**അഗർഹിത**-വി. നിന്ദിക്കപ്പെട്ടതല്ലാത്ത.

**അഗർഹ്യ**-വി. നിന്ദിക്കത്തക്കതല്ലാത്ത.

**അഗശി(അതസി)** - ചണച്ചെടി, പട്ടുനൂൽ ചണം, ഒരുവക ചെറിയ ചണം.

**അഗശിഖരം**-പർവ്വതത്തിന്റെ കൊടുമുടി. 'പൊങ്ങിപ്പോരുന്നപോലുള്ളഗശിഖരമതി[ൽ' (ശാകുന്തളം)

**അഗസ്തി**-൧. അഗസ്ത്യൻ എന്ന മുനി. ൨. അകത്തിവൃക്ഷം അഗസ്ത്യമഹർഷിക്കു പ്രിയമുള്ള വൃക്ഷമായതുകൊണ്ടു് ഈ പേരുണ്ടായി. ൩. അഗസ്ത്യസംബന്ധമുള്ള തെക്കേദിക്ക്.

**അഗസ്തിദ്രു**-അകത്തിവൃക്ഷം. 'അകത്തി' ശബ്ദം നോക്കുക.

**അഗസ്ത്യൻ**-അഗസ്ത്യൻഎന്ന മഹർഷി. വിന്ധ്യപർവ്വതത്തെ അമർത്തിയതിനാൽ ഈ പേരുണ്ടായി.

ഇദ്ദേഹമാണു തമിഴ് ഭാഷയ്ക്കു് ആദ്യമായി വ്യാകരണം നിർമ്മിച്ചതു്. സംസ്കൃതരീതിയെ ആശ്രയിച്ചു് ആ ഭാഷയ്ക്കു് ലിപികളും മററും നിശ്ചയിച്ചതും ഇദ്ദേഹം തന്നെ. ആദികാലത്തു് ഇൻഡ്യയിലെ തെക്കൻദിക്കുകളിൽ സഞ്ചരിക്കയും പാർക്കുകയും ചെയ്ത മഹർഷിമാരിൽ ഇദ്ദേഹം പ്രഥമഗണനീയനാകുന്നു. ഇന്ദ്രദ്യുമ്നൻ എന്ന പാണ്ഡ്യരാജപുത്രൻ ആനയായിത്തീർന്നതിനു കാരണം ഇദ്ദേഹത്തിന്റെ ശാപമാകുന്നു. മലയാദ്രിയിൽ ഇന്ദ്രദ്യുമ്നൻ തപസ്സുചെയ്യുന്ന സന്ദർഭത്തിൽ അവിടെ അഗസ്ത്യമഹർഷി ചെന്നതിന്റെ ശേഷം ഉപചരിച്ചില്ല എന്നുള്ളതാണു ഹേതു. നഹുഷൻ സർപ്പമായതും ഇദ്ദേഹത്തിന്റെ ശാപംനിമിത്തം തന്നെ. ഇദ്ദേഹമത്രേ ശ്രീരാമനു വൈഷ്ണവശാപം നൽകിയതു്. രാവണവധം കഴിഞ്ഞു ശ്രീരാമാദികൾ അയോദ്ധ്യക്കു പോകുമ്പോൾ ഇദ്ദേഹവുംകൂടി പോവുകയുണ്ടായി. വാതാപി എന്നും ഇല്വലൻ എന്നും രണ്ടു ദുഷ്ടരാക്ഷസന്മാരെ ഇദ്ദേഹം കൊന്നിട്ടുണ്ടു്.

ഇദ്ദേഹത്തിന്റെ ഭാര്യയെ ലോപാമുദ്ര, വരപ്രദ, കൌശീതകി എന്നിങ്ങനെ വിളിക്കുന്നു. സർവ്വമൃഗങ്ങളുടേയും ഭംഗിയേറുന്ന ഭാഗങ്ങളെ എടുത്താണു ലോപാമുദ്രയെ സൃഷ്ടിച്ചിട്ടുള്ളതു്. അഗസ്ത്യൻ തന്നെയാണു സൃഷ്ടിച്ചതു്. ഈ ലോപാമുദ്ര സീതയ്ക്കു വളരെ ഉപകാരങ്ങൾ ചെയ്തിട്ടുണ്ടു്. അതു ശ്രീരാമനാൽ ത്യജിക്കപ്പെട്ടകാലത്താണു്. ഗംഗാദേവിയുടെ അപേക്ഷയനുസരിച്ചാത്രേ ഉപകാരങ്ങൾ ചെയ്തതു്.

അഗസ്ത്യന്റെ പേരുകൾ.

൧. മൈത്രാവരുണി-ഉർവ്വശിയെ മോഹിച്ച മിത്രൻ, വരുണൻ ഇവരുടെ ബീജമായതുകൊണ്ടു്.

൨. പീതാബ്ധി, സമുദ്രചുളകൻ-ദേവാസുരയുദ്ധത്തിൽ ദൈത്യന്മാർ സമു

ദ്രത്തിൽ ഒളിക്കയാൽ അതിനെ കുടിച്ചു വറ്റിച്ചതുകൊണ്ടു്.

൩. മാന്യൻ-ജനിച്ചപ്പോൾ വളരെ ചെറുതായിരുന്നതിനാൽ.

൪. കുംഭസംഭവൻ-കുംഭത്തിൽ നിന്നു ജനിച്ചതുകൊണ്ടു്, ബീജം കുംഭത്തിൽ വീണുണ്ടായതുകൊണ്ടു്.

൫. വിന്ധ്യകൂടൻ – വിന്ധ്യൻപർവ്വതം വണങ്ങിയതുകൊണ്ടു്.

'അഗസ്ത്യഃ കുംഭസംഭവഃ,
മൈത്രാവരുണിരസ്യൈവ
ലോപാമുദ്രാസധർമ്മിണീ' (അമരം)

അഗസ്ത്യഗീത-ഭാരതത്തിലെ ശാന്തിപർവ്വത്തിൽ അടങ്ങിയ ഒരു മുഖ്യഭാഗം.

അഗസ്ത്യതീർത്ഥം-പഞ്ചതീർത്ഥങ്ങളിൽ ഒന്നു്.

അഗസ്ത്യരസായനം- ഒരു ലേഹ്യം. (ക്ഷയം, കാസം ഇവയ്ക്കു നന്നു്).

അഗസ്ത്യസംഹിത - വിഷ്ണുപൂജ മുതലായവ നടത്തേണ്ടും ക്രമത്തെ ഉപദേശിക്കുന്ന ഒരു ഗ്രന്ഥം.

അഗാധം-നിലയില്ലാത്ത പ്രദേശം, ആഴമുള്ള കുഴി.

അഗാധജലം-ആഴമുള്ള ജലാശയം.

അഗാത്മജ-പാർവ്വതീദേവി.

അഗാരം-വീടു്, ഗൃഹം. ഗമിക്കാത്തവരെ പ്രാപിക്കുന്നതു് എന്നു വ്യുല്പത്തി.

'വിദ്യാദഗാരമാഗാരമപഗാമാപഗാമപി എന്നുള്ളതിനാൽ 'ആഗാരം' എന്നും പറയാം.

അഗാരദാഹി-വീട്ടിനു തീ വയ്ക്കുന്നവൻ.

അഗാരദാഹിനി-വീട്ടിനു തീ വയ്ക്കുന്നവൾ.

അഗിരം-൧. സ്വർഗ്ഗം. ൨. അഗ്നി. ൩. കൊടുവേലി.

അഗിരൻ-൧. ഒരു രാക്ഷസൻ. ൨. ആദിത്യൻ.

അഗിരൌകസ്സ്-ദേവൻ. അഗിരഃസ്വർഗ്ഗഃ ഓകോ വാസസ്ഥാനം യസ്യ= അഗിരം(സ്വർഗ്ഗം), ഓകസ്സ് (വാസസ്ഥാനം) ആയുള്ളവൻ.

അഗീർണ്ണ-വി. ൧. വിഴുങ്ങപ്പെടാത്ത. ൨. സ്തുതിക്കപ്പെടാത്ത.

അഗു-൧. രാഹു. ൨. ഇരുട്ടു്. നാസ്തി ഗൌരസ്യ-ഗോ (കിരണം) ഇല്ലാതിരിക്കുന്നു എന്നു വ്യുൽപത്തി. രാഹുവിൽ സൂര്യപ്രകാശം തട്ടാത്തതിനാൽ ഈ പേരുണ്ടായി. രാഹു ഒരു ഗ്രഹമല്ലെന്നും ഇരുട്ടാണെന്നുമത്രേ ഒരു മതം.

അഗുണ-൧ നല്ല ശീലമൊന്നും ഇല്ലാത്ത. ൨. ഗുണങ്ങൾ (വിശേഷങ്ങൾ) ഒന്നുമില്ലാത്ത.

അഗുണവാദി-കുറ്റം (ദോഷം) പറയുന്നവൻ.

അഗുണം-ദോഷം, കുറ്റം.

അഗുപ്ത-ഗുപ്തം(മറയ്ക്കപ്പെട്ടതു്) അല്ലാത്ത.

അഗുരു-വി. ഗുരുവല്ലാത്തതു്, ഭാരമില്ലാത്തതു്, ഘനമില്ലാത്തതു്. സ്ത്രീലിംഗം-അഗുർവ്വി.

അഗുരു-൧. ഗുരുവല്ലാത്തവൻ. ൨. ഗുരുവില്ലാത്തവൻ. ഗുരു=ഉപദേശകൻ. ൩. അഗരുചന്ദനം. ൪. ഒരു മാത്രയുള്ള അക്ഷരം (ലഘുവർണ്ണം). ൫. ഇരുവൂൾമരം. ൬. അകിൽ.

അഗുരുശിംശപ-ഇരുവൂൾമരം.

അഗുരുസാരതൈലം-അകിലെണ്ണ.

അഗൃദ്ധഗന്ധ-വി. മറച്ചുവയ്ക്കാൻ പാടില്ലാത്ത ഗന്ധമുള്ള.

അഗൃദ്ധഗന്ധം-പെരുങ്കായം. കടുപ്പമായ ഗന്ധമുള്ളതിനാൽ ഈ പേരുണ്ടായി.

അഗൃധ്നു-വി. ആഗ്രഹമില്ലാത്ത.

അഗൃഭീത-ഗ്രഹിച്ചിട്ടില്ലാത്ത. (ഇതു വളരെപഴയകൃതികളിലേ കാണൂ) ഭീ=ഹീ.

അഗൃഹൻ-൧. ഗൃഹമില്ലാതെ അലയുന്നവൻ. ൨. സന്യാസി, വാനപ്രസ്ഥൻ.

അഗൃഹീത-വി. അറിയപ്പെട്ടതല്ലാത്ത

അഗൃഹീതദിക്കു്-വി. ദിക്കറിഞ്ഞിട്ടില്ലാത്ത, കുഴഞ്ഞുപോയ.

അഗൃഹ്യ-വി. ഗ്രഹിക്കത്തക്കതല്ലാത്ത.

**അഗോചര**-വി. ഇന്ദ്രിയങ്ങളെക്കൊണ്ടു അറിയാൻ വയ്യാത്ത.

'സൎവ്വേഷാമഗോചരനായന്തൎയ്യാമിയായ്
സൎവ്വഗതൃത്വവാഹകനായനീ'
(അദ്ധ്യാത്മരാമായണം)

**അഗോചരം**-ന. ഇന്ദ്രിയങ്ങളെക്കൊണ്ടു ഗ്രഹിച്ചിട്ടില്ലാത്ത വസ്തു. ൨. പരബ്രഹ്മം.

**അഗോപന**-വി. ഗോപനം (മറവു്) ഇല്ലാത്ത, രക്ഷണമില്ലാത്ത.

**അഗോപനീയ**-വി. ഗോപനീയമല്ലാത്ത, മറയ്ക്കത്തക്കതല്ലാത്ത, രക്ഷിക്കത്തക്കതല്ലാത്ത.

**അഗൌകസ്സ്**-പു. അഗഃ പൎവ്വതഃ ഓകോ യസ്യ. അഗം (പൎവ്വതം) ഓകസ്സ് (വാസസ്ഥാനം) ആയിട്ടുള്ള മനുഷ്യൻ അല്ലെങ്കിൽ മൃഗം. ൨. വൃക്ഷവാസി എന്ന പക്ഷി. ൩. ശരഭം എന്ന മൃഗം.

ശരഭത്തിനെ മലയാളത്തിൽ എട്ടടിമാൻ എന്നു പറയാറുണ്ടു്. ശരഭം മഹാമൃഗവൎഗ്ഗത്തിൽപെട്ടതാണു്. മാനിന്റെ ജാതിയിൽ ചേൎന്നതല്ല. ഈ ശരഭമൃഗത്തിനു എട്ടു പാദങ്ങളും ഉണ്ടു്.

'ശരഭസ്സഗജോരാതിഃ വ്യാളീതു ചാഷ്ടപാൽ
(മഹാഭാരതം) [ഭക്ഷ
എന്നതുകൊണ്ടു ഇതു ഗജത്തെ കൊല്ലുന്നതാണെന്നും ഇതിനു വ്യാളി എന്നു പേരുണ്ടെന്നും തെളിയുന്നു. അഗൌകസ്സ് എന്ന ശബ്ദം ശരഭത്തിനു പൎയ്യായമെന്നും കാണുന്നുണ്ടു്.

**അഗൌര**-വി. വെളുത്തതല്ലാത്ത, മഞ്ഞനിറമല്ലാത്ത, ചെമപ്പല്ലാത്ത.

**അഗൌരവ**-വി. ഗൌരവമില്ലാത്ത, ഗുരുത്വമില്ലാത്ത, മാനമില്ലാത്ത, ശ്രേഷ്ഠതയില്ലാത്ത, ലഘുവായ.

**അഗ്നാമരുത്തു്**-അഗ്നിയും മരുത്തിനും കൂടി ഒന്നായുള്ള പേർ. ഒരേ ഹവിസ്സിനെ ഭക്ഷിക്കുന്നവരാകയാൽ ഈ പേർ വന്നു.

**അഗ്നായി**-സ്ത്രീ. സ്വാഹാദേവി (അഗ്നിയുടെ ഭാൎയ്യയാണു്) ൨. ത്രേതായുഗം.

**അഗ്നി**-മേൽപ്പെട്ടു പോകുന്നതിനാൽ ഈ പേർ വന്നു. യജ്ഞാഗ്നി മുതലായ നേരെയും ഗമിക്കുന്നതു എന്നും കാണുന്നു. ൧. തീ. ൨. അഗ്നിഭഗവാൻ.

'അഗ്നിൎവ്വൈശ്വാനരോവഹ്നി
ൎവ്വീതിഹോത്രോധനഞ്ജയഃ
കൃപീടയോനിൎജ്ജ്വലനോ
ജാതവേദാസ്തനൂനപാത്
ബൎഹിശ്ശുഷ്മാകൃഷ്ണവൎത്മാ
ശോചിഷ്കേശ ഉഷൎബ്ബുധഃ
ആശ്രയാശോബൃഹൽഭാനുഃ
കൃശാനുഃ പാവകോനലഃ
രോഹിതാശ്വോവായുസഖ
ശ്ശിഖാവാനാശുശുക്ഷണിഃ
ഹിരണ്യരേതാഹുതഭു
ഗ്ദഹനോഹവ്യവാഹനഃ
സപ്താൎച്ചിൎദ്ദമുനാശ്ശുക്രശ്ചിത്രഭാനുൎവ്വിഭാ
വസുഃ ശുചിരപ്പിത്തം' (അമരം)

൧ അഗ്നി. ൨. വൈശ്വാനരൻ. ൩. വഹ്നി. ൪. വീതിഹോത്രൻ. ൫. ധനഞ്ജയൻ. ൬. കൃപീടയോനി. ൭. ജ്വലനൻ. ൮. ജാതവേദസ്സ്. ൯. തനൂനപാത്തു്. ൧൦. ബൎഹിസ്സ്. ൧൧. ശുഷ്മാവ്. ൧൨. കൃഷ്ണവൎത്മാവ്. ൧൩. ശോചിഷ്കേശൻ. ൧൪. ഉഷൎബ്ബുധൻ. ൧൫. ആശ്രയാശൻ. ൧൬. ബൃഹൽഭാനു. ൧൭. കൃശാനു. ൧൮. പാവകൻ. ൧൯. അനലൻ. ൨൦. രോഹിതാശ്വൻ. ൨൧. വായുസഖൻ. ൨൨. ശിഖാവാൻ. ൨൩. ആശുശുക്ഷണി. ൨൪. ഹിരണ്യരേതസ്സ്. ൨൫. ഹുതഭുക്ക്. ൨൬. ദഹനൻ. ൨൭. ഹവ്യവാഹനൻ. ൨൮. സപ്താൎച്ചിസ്സ്. ൨൯. ദമുനസ്സ്. ൩൦. ശുക്രൻ. ൩൧. ചിത്രഭാനു. ൩൨. വിഭാവസു. ൩൩. ശുചി. ൩൪ അപ്പിത്തം. ഇവ മുപ്പത്തിനാലും അഗ്നിയുടെ പേർ.

അഗ്നി വിഷ്ണുവിന്റെ മൂത്തപുത്രനാണെന്നു വിഷ്ണുപുരാണം ഘോഷിക്കുന്നു. അഗ്നിയുടെ ഭാൎയ്യ സ്വാഹാദേവിയാണു്. അഗ്നിക്കു സ്വാഹയിൽ പാവകൻ, പവമാനൻ, ശുചി എന്നു മൂന്നു പുത്രന്മാരും ഇവർ എല്ലാംകൂടി നാല്പത്തഞ്ചു പുത്ര

ന്മാരും ഉണ്ടായിട്ടുണ്ട്. അഗ്നിയേയും അഗ്നിയുടെ പുത്രപൌത്രന്മാരേയും ഉൾപ്പെടുത്തിയാണു നാല്പത്തൊമ്പതഗ്നികൾ എന്നു പറയുന്നതു്. അഗ്നിദേവൻ ഖാണ്ഡവവനം മുഴുവനും ദഹിപ്പിച്ചു. ഇതു കൃഷ്ണന്റെയും അർജ്ജുനന്റെയും സഹായത്തോടുകൂടിയായിരുന്നു. ആ വനത്തിലുള്ള ഔഷധികൾകൊണ്ടു്, തന്റെ ശക്തിക്ഷയം ശമിപ്പിക്കുന്നതിനായിരുന്നു ഇപ്രകാരം ചെയ്തതു്. അഗ്നിയെ ദേവന്മാരുടെ മുഖമായി സങ്കല്പിച്ചുകാണുന്നു.

'കരാളീധൂമിനീശ്വേതാ
ലോഹിതാനീലലോഹിതാ
സുവർണ്ണാപത്മരാഗേ ച
ജിഹ്വാസ്സപ്തവിഭാവസോഃ'

എന്നതനുസരിച്ച് അഗ്നിക്ക് ൧. കരാളി. ൨. ധൂമിനി. ൩. ശ്വേത. ൪. ലോഹിത ൫. നീലലോഹിത. ൬. സുവർണ്ണ. ൭. പത്മരാഗ. ഇങ്ങിനെ ഏഴു നാവുകൾ ഉണ്ടു്. അഗ്നിക്കു 'സപ്തജിഹ്വ' എന്നു പേരുണ്ടായതു് ഇതുകൊണ്ടു വെളിവാകുന്നു.

൩. ജഠരത്തിലെ അഗ്നി. ൪. യാഗത്തിലെ അഗ്നി ൫ സ്വർണ്ണം ൬. പിത്തം. ൭. മൂന്ന്. മൂന്ന് എന്ന അർത്ഥം വരുന്നതിന്റെ കാരണം ഗാർഹപത്യം, ആഹവനീയം, ദക്ഷിണം എന്നിങ്ങനെ മൂന്നു യാഗാഗ്നികൾ ഉള്ളതിനാലാണ്. ൮. കൊടുവേലി. ൯. ചേരുമരം. ൧൦. വട്ടകപ്പുളി. ൧൧. നാരകം.

**അഗ്നികം**-൧. മിന്നാമിനുങ്ങ്, അഗ്നിയെപ്പോലെ പ്രകാശിക്കുന്നതിനാൽ ഈ പേരുണ്ടായി. ൨. കൊടുവേലി. ൩. ചേരുമരം.

**അഗ്നികണം**-തീപ്പൊരി.

'ത്രിഷുസ്ഫുലിംഗോഗ്നികണഃ'(അമരം)

സ്ഫുലിംഗം, അഗ്നികണം രണ്ടും തീപ്പൊരിയുടെ പേർ.

**അഗ്നികർമ്മം**-ഹോമം, അഗ്നിഹോത്രം.

**അഗ്നികല**-അഗ്നിയുടെ അവയവഭേദം. അഗ്നികലകൾ പത്തുവിധം.

'ധൂമ്രാർച്ചിരുഷ്മാജ്വലിനിജ്വാലിനി വി
സ്ഫുലിംഗിനി സുശ്രീഃ സുരൂപാകപിലാ
ഹവ്യകവ്യവഹേ അപി'

**അഗ്നികാര്യം**-ഹോമം. ബ്രാഹ്മണർ അഗ്നിയിൽ കഴിക്കുന്ന ഒരു കർമ്മം.

**അഗ്നികാരിക**-ഹോമത്തെ ശുദ്ധമാക്കുവാനുള്ള വിധം.

**അഗ്നികാഷ്ഠം**-അകിൽ. അഗ്നിയെ ഉദ്ദീപനം ചെയ്യുന്നതു് എന്നു വ്യുല്പത്തി.

**അഗ്നികുക്കുടം**-അഗ്നി ജ്വലിക്കുന്ന പുൽക്കൂട്ടം. കുക്കുടം എന്നാൽ എരിയുന്ന ചൂട്ട് എന്നു് (ഇവിടെ) അർത്ഥം.

**അഗ്നികുണ്ഡം** - അഗ്നിയിടുന്നതിനുള്ള വളച്ചുകെട്ടു്, തീച്ചൂള, അഗ്നിയെവെച്ചിരിക്കുന്ന പാത്രം, തീക്കുഴി.

**അഗ്നികുമാരൻ**-കാർത്തികേയൻ (സുബ്രഹ്മണ്യൻ). അഗ്നിയിൽനിന്നുണ്ടാകയാൽ സുബ്രഹ്മണ്യനു ഈ പേർ സിദ്ധിച്ചു.

**അഗ്നികുമാരരസം**-ഒരു ഔഷധം. ഇതു് ആമദോഷങ്ങളെ നീക്കും.

**അഗ്നികേതു**-൧ പുക. ൨. രാവണന്റെ ഇഷ്ടന്മാരായ രണ്ടു രാക്ഷസന്മാർ. ഇവരെ ശ്രീരാമൻ കൊന്നു.

**അഗ്നികോണം**-തെക്കുകിഴക്കേ ദിഗ്ഭാഗം, തെക്കുകിഴക്കേമൂല. ഈ മൂല അഗ്നിയായ ദേവതയോടുകൂടിയതുകൊണ്ടു് ഈ പേർ സിദ്ധിച്ചു.

**അഗ്നിക്രിയ**-൧. ശവം ദഹിപ്പിക്കുക. ൨. ചൂടുവെയ്ക്കുക.

**അഗ്നിക്രീഡ**-വെടിക്കെട്ടു്, കരിമരുന്നുപ്രയോഗം.

**അഗ്നിഗർ** മദ്ധ്യഭാഗത്തിൽ അഗ്നിയുള്ള, അകത്തു് അഗ്നിയുള്ള.

**അഗ്നിഗർഭം**-൧. സൂര്യകാന്തം. അഗ്നി ഉള്ളിൽ ഉള്ളതിനാൽ ഈ പേർ വന്നു. സൂര്യകിരണം ഹേതുവായിട്ടു തീയുണ്ടാകുന്നതിനാലാണു് ഉള്ളിൽ അഗ്നിയുള്ളതെന്നു പറവാൻ കാരണം ൨. ശമിവൃക്ഷം (വന്നി). ൩. അക്കുരി.

**അഗ്നിഗൎഭ**-പു. ഭൂമി. അകത്തു അഗ്നിയുള്ളതുകൊണ്ടു ഈ പേർ വന്നു. ഉ. വലിയവാലുഴവം എന്ന ഔഷധി. ന. വന്നി.

**അഗ്നിഗൃഹം**-ഹോമാദികൾക്കുള്ള ഗൃഹം.

**അഗ്നിഗ്രന്ഥം**-ഹോമാദികളെ വിവരിക്കുന്ന ഗ്രന്ഥം.

**അഗ്നിഘൃതം**-വൈദ്യശാസ്ത്രപ്രകാരമുള്ള ഒരു നെയ്യ്, ഇതു ജഠരാഗ്നിയെ ഉദ്ദീപിപ്പിക്കും.

**അഗ്നിചയം, അഗ്നിചയനം**-പു. അഗ്നി വൎദ്ധിക്കുന്നതിനുള്ള വസ്തു, അഗ്നിയെ വൎദ്ധിപ്പിക്കുന്നതു എന്നു വ്യുല്പത്തി. ഉ. ഒരു മന്ത്രം. ന. തീക്കുമ്പാരം. ർ. ഹോമാഗ്നിയെ സമ്പാദിച്ചു സൂക്ഷിക്കുക.

**അഗ്നിചിത്ത്**-അഗ്നിഹോത്രാദികൾ നടത്തുന്ന ഗൃഹസ്ഥൻ, അക്കിത്തിരി. ഹോമാഗ്നിയെ സമ്പാദിച്ചു സൂക്ഷിക്കുന്നവൻ

**അഗ്നിചിത്യാ**-ഗൃഹസ്ഥൻ ചെയ്യേണ്ടുന്ന അഗ്നിസംരക്ഷണം (അഗ്ന്യാധാനം). ഹോമാഗ്നിയെ സൂക്ഷിക്കുക.

**അഗ്നിചൂൎണ്ണം**-വെടിമരുന്നു.

**അഗ്നിജ**-വി, അഗ്നിയിൽ നിന്നുജനിച്ച.

**അഗ്നിജൻ**-സുബ്രഹ്മണ്യൻ. ഉ. വിഷ്ണു.

**അഗ്നിജം**-സ്വൎണ്ണം. അഗ്നിയിൽ നിന്നുണ്ടായതെന്നു തോന്നുന്നതിനാൽ ഈ പേർ വന്നു. ഉ. അഗ്നിജാരം എന്ന ഔഷധി (അക്കുരാരി).

**അഗ്നിജന്മാവ്**-പു. സുബ്രഹ്മണ്യൻ, ഉ. സ്വൎണ്ണം.

**അഗ്നിജാതം**-സ്വൎണ്ണം.

**അഗ്നിജാതൻ**-പു. സുബ്രഹ്മണ്യൻ. ഉ. വിഷ്ണു.

**അഗ്നിജാരാ**-അക്കുരാരി.

**അഗ്നിജിഹ്വാ**-പു. തീനാക്ക്, അഗ്നിജ്വാല. ഉ. മേത്തോന്നി.

**അഗ്നിജിഹ്വിക**-മേത്തോന്നി.

**അഗ്നിജ്വാല**-പു. തീജ്ജ്വാല, തീനാക്ക്. ജ്വാലമെന്നാൽ ജ്വലിക്കുന്നതു എന്നൎത്ഥം.

'വഹ്നേർദ്വയോർജ്ജ്വാലകീലാ
വൎച്ചിർഹേതിശ്ശിഖാസ്ത്രിയാം' (അമരം)

(ജ്വാല, കീല, അൎച്ചിസ്സ്, ഹേതി, ശിഖ ഇവ അഞ്ചും അഗ്നിജ്വാലയുടെ പേർ. ജ്വാലകീലൌദ്വയോഃ-ജ്വാല കീല ശബ്ദങ്ങൾ പുല്ലിംഗമായിട്ടും സ്ത്രീലിംഗമായിട്ടും വരും. സ്ത്രീലിംഗത്തിലായാൽ 'ജ്വാലം' 'കീലം' ഇപ്രകാരമിരിക്കും. (മലയാളമായാൽ ജ്വാല, കീല) ജ്വാല-ജ്വലിക്കുന്നതു. കീലം-പക്ഷി മുതലായവയുടെ ഗതിയെ തടുക്കുന്നതു). ഉ. താതിരി. ന. തീത്തിപ്പലി.

**അഗ്നിതനയൻ**-സുബ്രഹ്മണ്യൻ.

**അഗ്നിതപസ്സ്**-കഠിനമായ തപസ്സ്, പഞ്ചാഗ്നിമദ്ധ്യത്തിലുള്ള തപസ്സ്, അഗ്നിയെപ്പോലെ എരിയുന്ന, (കത്തുന്ന, ജ്വലിക്കുന്ന).

**അഗ്നിതേജസ്സ്**-അഗ്നിയുടെ പ്രകാശം (ശക്തി)

**അഗ്നിത്രയം**-ദക്ഷിണാഗ്നി, ഗാൎഹപത്യാഗ്നി, ആഹവനീയാഗ്നി ഈ മൂന്നഗ്നികളുംകൂടി അഗ്നിത്രയം എന്നു പറയുന്നു.

'ദക്ഷിണാഗ്നിയതും ഗാൎഹ
പത്യമാഹവനീയവും
ഏവമഗ്നികൾമൂന്നെന്നു
ചൊല്ലീടുന്നു ബുധാവലി'
(സുരോക്തിരത്നാകരം)

**അഗ്നിദ**-വി. തീവയ്ക്കുന്ന.

**അഗ്നിദഗ്ദ്ധ**-വി. അഗ്നി(തീ)യിൽ ദഹിച്ച, തീകൊണ്ടു ദഹിച്ച.

**അഗ്നിദമനി**-ചെറിയ കണ്ടകാരിച്ചുണ്ട. (ചിലർ 'ഉത്തുവമു' എന്നും പറയുന്നുണ്ടു).

**അഗ്നിദാതാവ്**-ശേഷക്രിയ ചെയ്യുന്നവൻ.

**അഗ്നിദീപ്ത**-വലിയ വാലുഴവം.

**അഗ്നിദീപ്ത**-വി. തീ ജ്വലിക്കുന്ന, തീപോലെ പ്രകാശിക്കുന്ന.

**അഗ്നിദീപ്തി**-ദഹനശക്തി.

**അഗ്നിദൂഷിത**-വി. ചൂടുവച്ച, തീക്കൊള്ളിവച്ച.

അഗ്നിധമനം-വെപ്പ്.

അഗ്നിധമനി-ചെറിയ കണ്ടകാരി.

അഗ്നിധാനം-അഗ്നിഹോത്രിയുടെ ഭവനം. ഗൃഹസ്ഥാഗ്നിയെ സൂക്ഷിപ്പാനുള്ള പാത്രം, അല്ലെങ്കിൽ സ്ഥലം.

അഗ്നിധാരണം-ഗൃഹസ്ഥൻ അഗ്നിയെ സംരക്ഷിക്കുക.

അഗ്നിനിർയ്യാസം-അഗ്നിജാരം(അക്കുരി)

അഗ്നിനേത്ര-വി. തീക്കണ്ണുള്ള.

അഗ്നിപദം-പ്ര. തീയിടുന്ന സ്ഥലം. ദ്വി. അഗ്നി എന്ന പദം (വാക്ക്).

അഗ്നിപരിക്രിയ, അഗ്നിപരിഷ്ക്രിയ-അഗ്നിപൂജ.

അഗ്നിപരിച്ഛദം- ഹോമത്തിനാവശ്യമുള്ള ഉപകരണങ്ങൾ.

അഗ്നിപരിധാനം-ഒരുമാതിരി തിര (മറയ്ക്കുന്ന വസ്തു) കൊണ്ട് ഹോമാഗ്നിയെ വളയുക, പൊതിയുക, വളച്ചുകെട്ടുക.

അഗ്നിപരീക്ഷ-തീയിൽ ചാടി സത്യത്തെ പരിശോധിക്ക, തീയിൽ പതിച്ചു ശുദ്ധിയെ പരിശോധിക്ക.

അഗ്നിപർവ്വതം-ചില കാലങ്ങളിൽ തീ പൊട്ടിത്തെറിക്കുന്ന മല. ഭൂമിയുടെ അന്തർഭാഗത്തോട് ഒരു കുഴൽവഴിയായി ചേർന്നിരിക്കുന്നതും ഉരുകിയപാറകൾ, വസ്തുശകലങ്ങൾ, ആവി ഇവയെമുഖത്തിൽകൂടി വെളിയിൽ പുറപ്പെടുവിച്ചുകൊണ്ടിരിക്കുന്നതുമായ കുന്നുകന്ന് (പർവ്വതം). ഭൂലോകത്തിൽവച്ച് ഉയരം ഊർജ്ജിതമായിരിക്കുന്ന ആൻഡിസ് പർവ്വതത്തിലുള്ള 'കൊട്ടപ്പാക്സി' എന്ന അഗ്നിപർവ്വതത്തിന്ന സമുദ്രനിരപ്പിൽനിന്നു ൧൯,൫൫൦ അടി പൊക്കമുണ്ട്. അഗ്നിപർവ്വതത്തിനകത്തുള്ള സാധനങ്ങളെ പുറത്താക്കുന്നതിന് അതിന്റെ മുകളിൽ ഒരു വലിയ ദ്വാരം ഉള്ളതിന് ഇംഗ്ലീഷിൽ 'ക്രേറർ' എന്നാണ പേർ. ഇതിന്റെ രൂപം കിണ്ണം പോലെയാണ്. അഗ്നിപർവ്വതം പൊട്ടുമ്പോൾ നാം കേൾക്കുന്നത്, ഭൂമിക്കകത്തു കുടുപിടിച്ച ജലം ആവിയാകുന്നസമയം അതു ഭൂമിയെ ഭേദിക്കുന്ന ശബ്ദമാകുന്നു. ചളിയെയും ജലത്തെയും മാത്രം വമിക്കുന്ന കുന്നുകൾക്ക 'സാൽസെസ' എന്നു പറയുന്നു. ഇവയിൽ മണ്ണെണ്ണ ധാരാളം കാണുന്നു. അഗ്നിപർവ്വതത്തിന്റെ അകത്തുനിന്നു ദ്രവിച്ച ധാതുക്കൾ ഉൽക്കടമായ ചൂടോടുകൂടി ക്രേറർമാർഗ്ഗമായി കവിനുമായ ജലപ്രവാഹം എന്നവണ്ണം പുറത്തൊഴുകുന്നതിനു ആഗ്നേയാംഗാരം(ലാവാ) എന്നാണ പേർ. എ. ഡി. ൭൯-ൽ വിസൂവിയസ് അഗ്നിപർവ്വതത്തിന്റെ ലോകപ്രസിദ്ധമായ പൊട്ടൽനിമിത്തം ഹർകുലേനി, സ്റ്റാബി, പാംപി മുതലായ റോമൻപട്ടണങ്ങൾ നശിച്ചു. ആസന്ദർഭത്തിൽ അതിനുചുററും ൧൫ നാഴിക അകലമുള്ള സ്ഥലത്തു പകൽസമയം അർദ്ധരാത്രി എന്നവണ്ണം ഇരുട്ടടഞ്ഞിരുന്നു. ഇപ്പോൾ ഭൂലോകത്തിൽ ൩൦൦-ൽ അധികം ഊർജ്ജിതങ്ങളായ അഗ്നിപർവ്വതങ്ങൾ ഉണ്ട്.

അഗ്നിപാദപം-വന്നിമരം (ശമിവൃക്ഷം)

അഗ്നിപുരാണം-പതിനെട്ടു പുരാണങ്ങളിൽ ഒന്ന്. ഇതിൽ ൧൫,൪൦൦ ശ്ലോകം കാണുന്നു. ഈ പുരാണത്തിൽ ജ്യോതിഷം, വൈദ്യം, സ്വപ്നഫലം, ഹസ്തരേഖ, വേദം, വ്യാകരണം, അലങ്കാരം, ഛന്ദസ്സ്, പാമ്പുകടിച്ചികിത്സ ഇത്യാദിയെ ചുരുക്കമായി പ്രസ്താവിക്കുന്നു.

അഗ്നിപുഷ്പിക-താതിരി.

അഗ്നിപ്രവേശം, അഗ്നിപ്രവേശനം-തീയിൽ ചാടി മരിക്കുക. ഇതിന് ഉടന്തടി ചാടുക എന്നും പറയും.

അഗ്നിഫല-വലിയ വാലുഴവം.

അഗ്നിബലം-പ്ര. ദഹനശക്തി, ദ്വി. തീയുടെ ശക്തി.

അഗ്നിബാധ-തീകൊണ്ടുള്ള ഉപദ്രവം.

അഗ്നിബാഹു-ഒന്നാമത്തെ മനുവിന്റെ ഒരു പുത്രൻ.

അഗ്നിബീജം-സ്വർണ്ണം.

അഗ്നിഭ-ചെമപ്പുന്ന.

അഗ്നിഭം-സ്വർണ്ണം.

**അഗ്നിഭവം**-സ്വൎണ്ണം.

**അഗ്നിഭാൎയ്യ**-സ്വാഹാദേവി.

'.......... ആഗ്നേയീ
സ്വാഹാ ച ഹുതഭുൿപ്രിയ' (അമരം)

(ആഗ്നേയി, സ്വാഹാ, ഹുതഭുൿപ്രിയ-ഇ-ം അഗ്നിഭാൎയ്യയുടെ പേർ.)

**അഗ്നിഭാസ**-ചെറുപ്പുന്ന.

**അഗ്നിഭൂ**-സ്വൎണ്ണം.

**അഗ്നിഭൂവ്**-സുബ്രഹ്മണ്യൻ (അഗ്നിയിൽ നിന്നുണ്ടായവൻ).

'സേനാനീരഗ്നിഭൂൎഗ്ഗുഹഃ' (അമരം)

**അഗ്നിഭുസിത**-ഏഴിലമ്പാല.

**അഗ്നിമണി**-൧. സൂൎയ്യകാന്തം. ൨. ചക്കുമുക്കുകല്ല് (ചക്കിമുക്കി.)

**അഗ്നിമന്ഥകം**-മുഞ്ഞ.

**അഗ്നിമഥനം**-൧. മുഞ്ഞ. ൨. തീകടഞ്ഞെടുക്കുക.

**അഗ്നിമന്ഥം, അഗ്നിമന്ഥനം**-൧. ഉരച്ചു തീയുണ്ടാക്കുക. ൨. മുഞ്ഞ.

**അഗ്നിമന്ഥാദി**-ഒരു കഷായം.

മുഞ്ഞവേർ, കുറുന്തോട്ടിവേർ, ആവണക്കിൻവേർ, ചെറുതേക്ക്, കൊട്ടം, ചുക്ക് ഇവകൊണ്ടുള്ളതാണ്. ഇതു് ഇക്കിൾ, ശ്വാസം, കാസം ഇവയെ ശമിപ്പിക്കും.

'അഗ്നിമന്ഥബലൈരണ്ഡ
ഭാൎങ്ഗീകുഷ്ഠമഹൌഷധൈഃ
പിബേൽ പ്രകഥിതം തോയം
ഹിൿമാരുൿശ്വാസകാസവാൻ'
(വൈദ്യസംഗ്രഹം)

**അഗ്നിമത്ത്**-വി. തീയുള്ള.

**അഗ്നിമയം**-വി. തീയു[illegible].

**അഗ്നിമാൻ**-തീയുള്ളവൻ, ഉപനയനം കഴിഞ്ഞ ബ്രാഹ്മണൻ, ഗൃഹസ്ഥാശ്രമത്തിലുള്ള ആൾ.

**അഗ്നിമാന്ദ്യം**-൧. ദഹനക്കുറവ്. ൨. തീയുടെ മന്ദത.

ജഠരാഗ്നി-മന്ദം, തീക്ഷ്ണം, വിഷമം, സമം ഇങ്ങനെ നാലുവിധമുണ്ട്. ദോഷങ്ങളുടെ ആധിക്യംനിമിത്തം ഇവയുണ്ടാകുന്നു ജഠരാഗ്നി കഫാധിക്യത്താൽ മന്ദമായും പിത്താധിക്യത്താൽ തീക്ഷ്ണമായും വാതാധിക്യത്താൽ വിഷമമായും മൂന്നു ദോഷങ്ങളുടെയും തുല്യതനിമിത്തം സമമായും ഭവിക്കുന്നു. [ത്രിവിധഃ

'മന്ദസ്തീക്ഷ്ണോഥ വിഷമസ്സമശ്ചേതി ച
കഫപിത്താനിലാധിക്യാത്തത്സാമ്യാജ്ജാ
ഠരാനലഃ'

അഗ്നികളിൽവെച്ചു സമാഗ്നിയാകുന്നു ശ്രേഷ്ഠം. ഈ അഗ്നി ഉചിതമായ മാത്രയെ അനുസരിച്ചു ഭക്ഷിക്കുന്നവരുടെ ആഹാരത്തെ നല്ലവണ്ണം പചിക്കും.

'സമാഗ്നിഃ ശ്രേഷ്ഠ ഉച്യതേ'
(മാധവനിദാനം)

**അഗ്നിമാലി**-കൊട്ടുവേലി. അഗ്നിയുടെ പൎയ്യായങ്ങളെല്ലാം കൊട്ടുവേലിയുടെ പേരാണ്.

**അഗ്നിമിത്രൻ**-കാളിദാസന്റെ മാളവികാഗ്നിമിത്രം നാടകത്തിലെ നായകൻ. ഇദ്ദേഹം ശുംഗകുലത്തിലെ ഒരു രാജാവാണ്. അച്ഛന്റെ പേർ പുഷ്പമിത്രൻ.

**അഗ്നിമുഖം**-൧. കുങ്കുമം. ൨. മൂട്ട. ൩. കയ്യുന്നി. ൪. ചേരുമരം. ൫. കൊട്ടുവേലി.

**അഗ്നിമുഖൻ**-ദേവൻ. ൨. ബ്രാഹ്മണൻ.

'അഗ്നിമുഖാ വൈ ദേവാഃ' (എന്നു ശ്രുതി)

**അഗ്നിമുഖി**-൧. അടുക്കള. ൨. ചേരുമരം. ൩. മേത്തോന്നി.

**അഗ്നിമൂല**-തെക്കുകിഴക്കേദിക്ക് (കോണ്)

**അഗ്നിരജസ്സ്**-൧. മിന്നാമിനുങ്ങ് (ഇന്ദ്രഗോപകീടം) ൨. അഗ്നിയുടെ ശക്തി. ൩. സ്വൎണ്ണം.

**അഗ്നിരാശി**-തീയുടെ സമൂഹം, തീക്കുമ്പാരം.

**അഗ്നിരുഹ**-മാംസരോഹിണി (ഔഷധി)

**അഗ്നിരൂപ**-വി. അഗ്നിയെപ്പോലെ ആകൃതിയുള്ള, അഗ്നിയുടെ സ്വഭാവമുള്ള.

**അഗ്നിരേതസ്സ്**-സ്വൎണ്ണം.

**അഗ്നിരോഹിണി**-ഒരു രോഗം.

അന്തർദ്ദാഹം, ജ്വരം ഇവയോടുകൂടി ജ്വലിച്ചിരിക്കുന്ന അഗ്നിപോലെയുള്ള പുളകങ്ങൾ മാംസം ഭേദിച്ചു കക്ഷഭാഗങ്ങളിൽ ഉത്ഭവിക്കുക. ഇതു് ഏഴോ പത്തോ പതിനഞ്ചോ ദിവസംകൊണ്ടു പ്രാണഹാനി ചെയ്യും.

'കക്ഷഭാഗേഷുയസ്ഫോടാ
ജായന്തേമാംസദാരണാഃ
അന്തർദ്ദാഹജ്വരകരാ
ദീപ്തപാവകസന്നിഭാഃ
സപ്താഹാദ്വാദശാഹാദ്വാ
പക്ഷാദ്വാഘ്നന്തിമാനവാം'
(മാധവനിദാനം)

**അഗ്നിലിംഗം**—൧. തീയുടെ അടയാളം ൨. പുക.

**അഗ്നിലോകം**—മഹാമേരു പർവ്വതശൃംഗത്തിൻ കീഴുള്ള ഒരു ഭാഗം.

**അഗ്നിവക്ത്രകം**—ചേരുമരം.

**അഗ്നിവർണ്ണൻ** - സൂര്യകുലത്തിലെ ഒരു രാജാവു്.

**അഗ്നിവധു**—സ്വാഹാദേവി (അഗ്നിയുടെ ഭാര്യ)

**അഗ്നിവർദ്ധക**-ദഹനശക്തിയുണ്ടാക്കുന്ന

**അഗ്നിവല്ലഭം**-മരുതു്. ൨. ചെഞ്ചല്യം.

**അഗ്നിവാഹം**—൧. പുക. ൨. ആടു്.

**അഗ്നിവിസർപ്പം**-ഒരു രോഗം.

അതിസാരം, പനി, ഛർദ്ദി ഇന്ദ്രിയസാദം, തണ്ണീർദാഹം, തലതിരിച്ചിൽ എല്ലുപൊട്ടൽ, അഗ്നിമാന്ദ്യം, തമകശ്വാസം, അരുചി ഇവയോടുകൂടിയ വിസർപ്പം ഉണ്ടാവുക.

ഈ വിസർപ്പം ശരീരത്തിൽ എവിടെ വ്യാപിക്കുന്നുവോ അവിടം കരിക്കട്ട എന്നവണ്ണം കറുക്കയോ നീലിക്കയോ ചെയ്യും. ഉടനെ തീ തട്ടിയ ദേഹംപോലെ ചില പൊള്ളലുകളോടുകൂടിയുമിരിക്കും. എല്ലാടവും വ്യാപിക്കുന്നതിനാൽ വിസർപ്പം എന്നു പേരുണ്ടായി.

**അഗ്നിവീര്യം**—൧. സ്വർണ്ണം. ൨. തീയുടെ ശക്തി.

**അഗ്നിവേശൻ**—ഒരു മുനി. (ചരകം മുതലായ വൈദ്യഗ്രന്ഥങ്ങളുടെ കർത്താവു്), അഗ്നിയുടെ പുത്രൻ, ദ്രോണരുടെ ഗുരു.

**അഗ്നിശരണം**-ഗൃഹസ്ഥന്റെ അഗ്നി സൂക്ഷിക്കുന്ന സ്ഥലം.

'ചെന്നാശു ഗ്രഹിയാതെ അഗ്നിശരണേ പൊട്ടിച്ചു പാത്രങ്ങളെ'
(ജാനകീപരിണയം)

**അഗ്നിശാല**-ഗൃഹസ്ഥന്റെ അഗ്നി സൂക്ഷിച്ചിരിക്കുന്ന സ്ഥലം.

**അഗ്നിശിഖ**—൧. തീജ്വാല. ൨. മേത്തോന്നി ൩. കപ്പമഞ്ഞൾ ൪. പാച്ചോറ്റി.

**അഗ്നിശിഖം**-൧. വിളക്കു്. ൨. ശരം. ൩. കരിമരുന്നുപ്രയോഗത്തിനുള്ള വസ്തു ൪. സ്വർണ്ണം ൫ മഞ്ഞൾ. ൬. കുങ്കുമം. (തീനാക്കുപോലെ ശിഖയുള്ളതുകൊണ്ടു് ഈ പേർ വന്നു). ൭. കയ്യുന്നി.

**അഗ്നിശേഖരം**-൧. കുങ്കുമം(കുങ്കുമമരം) ൨. കയ്യുന്നിരം.

**അഗ്നിഷ്ഠം**-ഹോമാഗ്നിയുടെ മുൻഭാഗത്തു നിറുത്തുന്ന യൂപം (തൂൺ).

**അഗ്നിഷ്ടോമം, അഗ്നിസ്തോമം** -ഒരു യാഗകർമ്മം.

**അഗ്നിസഖൻ**-വായു.

**അഗ്നിസാദം**-അഗ്നിമാന്ദ്യം, ദഹനശക്തിക്കുറവു്.

**അഗ്നിസഹായം**-പ്രാവു്.

**അഗ്നിസാരം**-രസാഞ്ജനം.

**അഗ്നിസംഗ്രഹം** ഹോമം നടത്തുവാനുള്ളിടത്തു് അഗ്നി വെയ്ക്കുക.

**അഗ്നിസംഭവം**-൧. സ്വർണ്ണം. ൨ അഞ്ജാതി ൩. കാട്ടുകയ്യുന്നി.

**അഗ്നിസംസ്കാരം**-ശവം ദഹിപ്പിക്കുക; അഗ്നികൊണ്ടു ശുദ്ധമാക്കുക.

**അഗ്നിസാക്ഷിക**-വി. അഗ്നിയെ സാക്ഷിയായി വെച്ചിട്ടുള്ള, അഗ്നിയുടെ മുൻവശമുള്ള

'സുഗ്രീവരാഘവന്മാരഗ്നിസാക്ഷിയായ
സഖ്യവുംചെയ്തുപരസ്പരംകാര്യവും'
(അദ്ധ്യാത്മരാമായണം)

**അഗ്നിസാത്**-അ. അഗ്നിയുടെ സ്ഥിതിയിൽ (അധീനം).

**അഗ്നിസാൽഭവിക്ക**- അഗ്നിസ്വരൂപമായിത്തീരുക.

**അഗ്നിസുതൻ**-സുബ്രഹ്മണ്യൻ.

**അഗ്നിസ്തംഭം**-അഗ്നിയുടെ ദഹനശക്തി കുറയ്ക്കുന്ന ഒരു മന്ത്രം.

**അഗ്നിസ്തുത്**-ഒരു നാളത്തേയ്ക്കു മാത്രം നടക്കുന്ന യാഗകർമ്മം.

**അഗ്നിസ്തോമം, അഗ്നിഷ്ടോമം**-ഒരു യാഗകർമ്മം.

**അഗ്നിസ്ഫുലിംഗം**-തീപ്പൊരി.
'ത്രിഷുസ്ഫുലിംഗോഗ്നികണഃ' (അമരം)
സ്ഫുലിംഗം-ചലിക്കുന്നത്.

**അഗ്നിഹോത്രഹവ(നി)ണി**-അഗ്നിഹോത്രത്തിന് ആവശ്യമുള്ള ഒരു പാത്രവിശേഷം.

**അഗ്നിഹോത്രം**-൧. അഗ്നിയിൽ അനുഷ്ഠിക്കുന്ന ഹോമം. ൨. ഒരു പ്രത്യേക ഹോമത്തിന്റെ പേർ.

'അഗ്നിഹോത്രവുംരക്ഷി
ച്ചുഗ്രമാംതപസ്സോടു
മഗ്നിസന്നിഭൻമഹാ
തേജസാതപോധനൻ'

(ബ്രഹ്മാണ്ഡപുരാണം)

**അഗ്നിഹോത്രി**-൧. അഗ്നിഹോത്രം പതിവായി നടത്തുന്ന ആൾ, അഗ്നിഹോത്രാദികർമ്മങ്ങൾപതിവായിഅനുഷ്ഠിക്കുന്ന ആൾ. ഹോമത്തിനുവെണ്ണ,പാൽ എന്നിവ നൽകുന്ന പശു എന്നു ശബ്ദാർത്ഥം.

'മുഞ്ജാന്നദാതാശരണോഗ്നിഹോത്രീ'

(നീതിസാരം)

൨. വരരുചിയുടെ മൂത്തപുത്രൻ.

**അഗ്നീധ്രൻ**-൧. സ്വായംഭുവ മനുവിനു ശതരൂപ എന്ന പത്നിയിൽ പത്തു പുത്രന്മാരും ഊർജ്ജസ്വതി എന്ന ഒരു കന്യകയും ജനിച്ചു. ഇവരിൽ മൂത്തവൻപ്രിയവ്രതനായിരുന്നു. ഈ പ്രിയവ്രതന്റെ പുത്രനത്രെ അഗ്നീധ്രൻ.

പ്രിയവ്രതന്റെ പത്നിയായ ബർഹിഷ്മതി വിശ്വകർമ്മാവിന്റെ മകളാണ്. പ്രിയവ്രതനു ബർഹിഷ്മതിയിൽ ജനിച്ചവരിൽ മൂത്തവനാത്രെ അഗ്നീധ്രൻ. ഇദ്ദേഹം ജംബുദ്വീപത്തിലെ അധിപനായിരുന്ന കാലത്തു പർവ്വതഗുഹയെ പ്രാപിച്ചു തപസ്സുചെയ്തു. അപ്പോൾ പൂർവ്വചിത്തി എന്ന അപ്സരസ്ത്രീ ബ്രഹ്മാവിന്റെ കല്പനപ്രകാരം അവിടെ ചെല്ലുകയും പ്രിയവ്രതനെ മോഹിപ്പിച്ചു ഭർത്താവാക്കുകയുംചെയ്തു. അവൾ ൧. നാഭി ൨. കിംപുരുഷൻ. ൩. ഹരി. ൪. ഇളാവൃത്തൻ. ൫ രമ്യകൻ. ൬. ഹിരണ്മയൻ ൭. കുരു. ൮. ഭദ്രാശ്വൻ. ൯. കേതുമാലൻ എന്നിങ്ങനെ ഒമ്പതുപേരെ പ്രസവിച്ചതിന്റെ ശേഷം ബ്രഹ്മലോകം പ്രാപിച്ചു. തദനന്തരം അഗ്നീധ്രൻ ജംബുദ്വീപത്തെ ഒമ്പതുപുത്രന്മാർക്കായി പകുത്തുകൊടുത്തിട്ടു ബ്രഹ്മലോകത്തിൽ ചെന്നു പൂർവ്വചിത്തിയുമായി രമിച്ചു.

'അക്കാലമഗ്നീധ്രനംതന്നുടെജംബുദ്വീപ
മൊക്കവെപകുത്തുതൻനന്ദനന്മാർക്കനല്കി
താൻപിന്നെതപോബലംകൊണ്ടുപോയ്
ബ്രഹ്മലോക
സംപ്രതംരമിച്ചാൻപൂർവചിത്തിയുമാ
(ഭാഗവതം) യി'

൨. അഗ്നിയെ സൂക്ഷിക്കുന്നബ്രാഹ്മണൻ.

**അഗ്നീന്ധനം**-അഗ്നിയെ സംരക്ഷിക്കുക, അഗ്നിയെ പോഷിപ്പിക്കുക.

**അഗ്ന്യാഗാരം**-അഗ്നികാര്യത്തിനുള്ള ഭവനം, ഹോമം മുതലായവയ്ക്കുള്ള ഗൃഹം.

**അഗ്ന്യാഖ്യം**-കോട്ടവെളി.

**അഗ്ന്യാധാനം** - ഹോമം നടത്താനുള്ള സ്ഥലത്തു അഗ്നിയിടുക.

**അഗ്ന്യാഹിതൻ**-അഗ്ന്യാധാനം ചെയ്ത ബ്രാഹ്മണൻ.

**അഗ്ന്യുൽപാതം**-ധൂമകേതു (വാൽനക്ഷത്രം), വാൽനക്ഷത്രത്തിന്റെ ഉദയം. അഗ്ന്യുൽപാതം-അഗ്നിയുടെ(ഉൽപാതം) പ്രകൃതിവികൃതിയെ പ്രദർശിക്കുന്ന സ്ഥിതി.

അഗ്ന്യൽപാതം എന്നതു ധൂമകേതുവിൻെറ ഉദയം എന്നു ചിലരുടെയും, വഹ്നിയാൽ ഉണ്ടാക്കപ്പെട്ട ആപത്തെന്ന് അന്യന്മാരുടെയും പക്ഷം.

'അഗ്ന്യൽപാത ഉപാഹിതഃ' (അമരം)

**അഗ്ര**-വി. ആദ്യമായുള്ള, ശ്രേഷ്ഠമായ, ഒന്നാമത്തെ, വർദ്ധനയുള്ള.

**അഗ്രകരം**-ഉള്ളങ്കൈ.

**അഗ്രം**-ന. മുകൾഭാഗം, ഉപരിഭാഗത്തുള്ളത്. ൨. അററം, മുന.

'പുരോധികമുപര്യഗ്രാ-
ണ്യഗാരേനഗരേപുരം' (അമരം)

അഗ്രം എന്നാൽ പുരോഭാഗത്തിൻെറയും അധികത്തിൻെറയും ഉപരിഭാഗത്തിൻെറയും പേർ.

'ഇരുണ്ടഗ്രം ചുരുണ്ടുള്ളതലമുടിവടിവോടെ' (നാളായണീചരിതം തുള്ളൽ)

'അഗ്രജൻതന്നെപ്പരിചരിച്ചെപ്പോഴു-
മഗ്രേനടന്നുകൊള്ളേണം പിരിയാതെ' (അദ്ധ്യാത്മരാമായണം)

൨. മൂപ്പ്. ൩. സൂക്ഷ്മത. ൪. (സാമുദ്രികശാസ്ത്രത്തിൽ) കേശം തുടങ്ങുന്ന നെററിയുടെ അവസാനത്തിൽനിന്ന് ആരംഭിച്ചു മൂർദ്ധാവിൻെറ നടുവുവരെ നേരെ നടുവിലുള്ള പ്രദേശം. ൫. ഉദ്ദേശ്യം. ൬. ആരംഭം. ൭. കാണാത്ത വസ്തുവെക്കുറിച്ചുള്ള സ്വപ്നം. ൮. കൊടുമുടി, ശൃംഗം.

'കൈലാസാഗ്രകദാചിദ്രവിശശിവിമലേ മന്ദിരരത്നപീഠേ' (രാമായണംമൂലം)

**അഗ്രഗൻ**-നേതാവ്, അഗ്രസ്ഥാനത്തു ഗമിക്കുന്നവൻ.

**അഗ്രഗണ്യൻ**-ഒന്നാമതായി വിചാരിക്കപ്പെടത്തക്കവൻ.

**അഗ്രഗാമി**-മുമ്പേ പോകുന്നവൻ, സമർത്ഥൻ.

**അഗ്രഗ്രാഹി**-അക്കിൽകറ എന്ന മരുന്ന്. (അക്കിൽകറ നോക്കുക).

**അഗ്രജൻ**-പു. ജ്യേഷ്ഠൻ, മുമ്പുജനിച്ചവൻ എന്നു വ്യുൽപത്തി. ൨. വിപ്രൻ (അഗ്രസ്ഥാനത്തു ജനിക്കുന്നവൻ).

**അഗ്രജന്മാവ്**-പു. ജ്യേഷ്ഠൻ. ൨. ബ്രാഹ്മണൻ.

**അഗ്രണി**-ശ്രേഷ്ഠൻ, അഗ്രസ്ഥാനത്തു നയിക്കുന്നതുകൊണ്ട് ഈ പേർ സിദ്ധിച്ചു. അഗ്രനിയാണ് അഗ്രണിയായതു്.

'അപ്യഗ്രണീർമന്ത്രകൃതാമൃഷീണാം' (രഘുവംശം)

**അഗ്രതഃ**-അ. പു. അഗ്രത്തിൽ, അഗ്രത്തിൽനിന്ന്. ഈ മാതിരി ശബ്ദങ്ങൾ ഭാഷയിൽ ഗദ്യങ്ങളിൽ പ്രയോഗിക്കാതെയിരിക്കുന്നതു് ഉത്തമം. ൨. കിഴക്കെ ദിക്കിൽ നിന്ന്.

**അഗ്രതഃകൃത്തു്**-മുമ്പിലാക്കപ്പെട്ടവൻ, മുമ്പിൽചെയ്യപ്പെട്ടവൻ.

**അഗ്രതസ്സര**-വി. മുന്നിൽനടക്കുന്ന.

**അഗ്രതസ്സരൻ**-നേതാവ്, മുന്നിൽനടക്കുന്നവൻ, പ്രമാണി.

**അഗ്രദാനി**-ശവദഹനം സംബന്ധിച്ചുള്ള ദാനം വാങ്ങിക്കുന്ന ബ്രാഹ്മണൻ. അത്യാഗ്രഹംകൊണ്ടും ദാരിദ്ര്യംകൊണ്ടും ദാനം വാങ്ങുന്നവൎക്ക് ഈ പേർ പറയാം.

**അഗ്രദിധിഷു**-മൂത്തവനായ (മരിച്ചു) ജ്യേഷ്ഠൻെറ ഭാൎയ്യയെ വേൾക്കുന്നവൻ.

**അഗ്രദൂതൻ**-ഒരു വൃത്താന്തം മുൻകൂട്ടി അറിവുകൊടുക്കുന്നവൻ.

**അഗ്രദ്വസംഹതി**-പശു.

**അഗ്രദീപം**-ഒരു പുണ്യസ്ഥലം.

ഇതു ബങ്കാളത്തുള്ള നദിയഡിസ്ത്രിക്റ്റിൽ ഭാഗീരഥീതീരത്താകുന്നു. പ്രസിദ്ധനായ നവദ്വീപചൈതന്യൻെറ ശിഷ്യനായ ഘോഷാശേഖരൻെറ പ്രതിഷ്ഠയായി ഒരു ശ്രീകൃഷ്ണക്ഷേത്രമുണ്ട്. ഗോപീനാഥൻ എന്നാണു മൂൎത്തിയുടെ പേർ. ഇവിടെ കുംഭം മീനംകാലത്തു ഒരു ഉത്സവമുണ്ട്. ൫൦,൦൦൦ ആളുകളോളം അന്നു അവിടെ കൂടുമത്രെ. അക്കാലത്തു തീൎത്ഥയാത്രക്കാരുടെ ആവശ്യത്തിന്നായി അപ്പ

പ്പോൾ കടിമുകൾ കെട്ടിയുണ്ടാക്കുകയാ
ണ പതിവ്. അല്ലാതെ സത്രങ്ങൾ
ഒന്നും ഇല്ല. (മംഗളമാല)

**അഗ്രൻ**-മുഖ്യൻ.

'ക്ലീബേ പ്രധാനം പ്രമുഖ
പ്രവേകാനുത്തമോത്തമാഃ
മുഖ്യവര്യവരേണ്യാശ്ച
പ്രബർഹോനവരാർദ്ധ്യവൽ
പരാർദ്ധ്യാഗ്രപ്രാഗ്രഹര
പ്രാഗ്ര്യാഗ്ര്യാഗ്രീയമഗ്രിയം'

പ്രധാനം ഇത് നിത്യനപുംസകമാകുന്നു
പ്രമുഖൻ, പ്രവേകൻ, അനുത്തമൻ,
ഉത്തമൻ, മുഖ്യൻ, വര്യൻ, വരേണ്യൻ,
പ്രബർഹൻ, അനവരാർദ്ധ്യൻ, പരാർദ്ധ്യൻ,
അഗ്രൻ, പ്രാഗ്രഹരൻ, പ്രാഗ്ര്യൻ,
അഗ്ര്യൻ, അഗ്രീയൻ, അഗ്രിയൻ ഇവ
൧൭-ം മുഖ്യനായവന്റെ പേർ.

**അഗ്രനഖം**-നഖത്തിന്റെ അഗ്രഭാഗം.

**അഗ്രനിരൂപണം**-മുൻകൂട്ടി നിശ്ചയി
ക്കുക, ദീർഘദർശനം.

**അഗ്രന്ഥികൻ**-ജൈനന്മാരിൽ ഒരു ഇന
ക്കാരൻ.

**അഗ്രപത്രക**-അമരി. തമിഴിൽ 'അ
വരി', സംസ്കൃതത്തിൽ 'നീലി'

**അഗ്രപർണ്ണി**-നായ്ക്കൊരണ.

**അഗ്രപാതി**-മുൻകൂട്ട് അനുഭവിക്ക, മുന്നം
യുള്ള, മുൻനടക്കുന്ന.

**അഗ്രപാദം**-പാദത്തിന്റെ മുൻവശം, വി
രൽ, വിരലുകൾ ചേർന്ന ഭാഗം.

**അഗ്രപൂജ**-മുഖ്യപൂജ. പ്രമാണിയെ ഉദ്ദേ
ശിച്ചു ചെയ്യുന്ന പൂജ. (സല്ലാപം)

'അഗ്രപൂജയ്ക്കുമേവർഭിന്നഭക്ഷിക-
ളുഗ്രനും ജ്ഞാനിയ് ധാർമ്മാവിലും ഭകം
(ഭാഗവതം, ഋഷ്യം'

**അഗ്രബീജം**-മഞ്ഞക്കറുത്ത.

**അഗ്രഭാഗം**-൧. മുഖ്യഭാഗം, പ്രധാനവ
ശം. ൨. മുൻവശം, മുന. ൩. അവ
ശേഷം.

'സുഗ്രീവനർഘ്യപാദ്യാദ്യൈരനപൂജ്യമചേ-
ഷ്ടഗ്രഹാംശേവീണാവീണാംവണങ്ങിനാൻ'
(അദ്ധ്യാത്മരാമായണം)

**അഗ്രഭാഗി**-ഒന്നാമതായി കൈക്കൊള്ളു
ന്നവൻ, ആദ്യമായവകാശപ്പെടുന്നവൻ.

**അഗ്രഭുക്ക്**-മുമ്പെ ഭക്ഷണംകഴിക്കുന്നവൻ,
പൂജ്യസ്ഥാനത്തു ഭക്ഷണംകഴിക്കുന്നവൻ.

**അഗ്രഭൂ, അഗ്രഭൂമി**-ആഗ്രഹവിഷയം.

**അഗ്രഭോജനം**-ആദ്യമായി മററുള്ളവക്കു
മുമ്പ് ഭക്ഷണം കഴിക്ക, പൂജ്യസ്ഥാനത്തു
ള്ള ഭക്ഷണം

**അഗ്രമാംസം**-അഗ്ര 'ഉൽകൃഷ്ടമായ' മാം
സം (ഇറച്ചി), ഹൃദയം. മാംസങ്ങളിൽ
പ്രധാനം ഹൃദയത്തിനാണല്ലോ. ഹൃദ
യാന്തർഗ്ഗതമായ മാംസവിശേഷം എന്ന്
പാരമേശ്വരി. മുഖ്യമാംസം എന്ന് ബാ
ലപ്രിയ.

'ബുക്കാഗ്രമാംസം ഹൃദയം
ഹൃന്മേദസ്തുവപാവസാ' (അമരം)

ബുക്കാ, അഗ്രമാംസം ഇവ രണ്ടും മു
ഖ്യമാംസത്തിന്റെ പേർ. ഹൃദയം, ഹൃ
ത്തു് ഇവ രണ്ടും ഹൃദയത്തിന്റെ പേർ.
ബുക്കാശബ്ദം തുല്യാർത്ഥമാകുന്നു എന്നും
ഒരു പക്ഷമുണ്ട്. ബുക്കാ എന്നതിനു
'വൃക്കാ' എന്ന പാഠവും കാണുന്നു.

**അഗ്രയാനം**-മുമ്പിൽഗമിക്കുക, യുദ്ധത്തി
നു മുന്നോട്ടടുക്കുക.

**അഗ്രയായി**-൧. സേനാനായകൻ, മുമ്പെ
ഗമിക്കുന്നവൻ. ൨. കൌരവരിൽ ഒരു
വന്റെ പേർ.

**അഗ്രയോധി**-യുദ്ധത്തിൽ മുഖ്യഭാഗം വ
ഹിക്കുന്നവൻ.

**അഗ്രലോഹിത**-ചീര അഗ്രം ലോഹി
തം യസ്യാഃ സാ (ചില്ലീശാക.)

**അഗ്രശാല**-മുഖപ്പുര, ബ്രാഹ്മണർക്കുള്ള ഭ
ക്ഷണശാല.

**അഗ്രശാലപ്പറ**-മുഖപ്പുറം, ഉരക്ക പത്തി
ങ്ങൾ കൊള്ളുന്ന പറ.

**അഗ്രസന്ധാനി**-മനുഷ്യരുടെ ശുഭാശുഭ പ്രവൃത്തികളുടെ വിവരം കുറിച്ചുവയ്ക്കുന്ന യമന്റെ പുസ്തകം.

**അഗ്രസന്ധ്യ**-സന്ധ്യക്കു കുറച്ചു മുമ്പുള്ള കാലം.

'കക്ഷ്യാന്തരം ഉപരിതുഹിനം ഗരഞ്ജയത്യഗ്ര
(ശാകുന്തളം) സന്ധ്യാ'

**അഗ്രസരൻ** - മുന്നിൽനടക്കുന്നവൻ, മുഖ്യൻ. (പ്രായംശപ്രചാരം ചുരുങ്ങും.)

**അഗ്രസാരം**-മുള.

**അഗ്രഹസ്തം**-കരത്തിന്റെ മുൻവശം വലംകൈയ്, വിരലുകൾ, തുമ്പിക്കരത്തിന്റെ മുൻഭാഗം.

**അഗ്രഹായനം, അഗ്രഹായണം** -വർഷത്തി (ആണ്ടി)ന്റെ ആരംഭം, മാർകഴി എന്ന ചാന്ദ്രമാസം.

**അഗ്രഹാരം**-രാജാക്കന്മാർ ബ്രാഹ്മണർക്കു ദാനംചെയ്ത ഭൂമി, ബ്രാഹ്മണർ പാർക്കുന്ന ഗ്രാമം മുൻവശം മാലപോലെ തൊട്ടിരിക്കുന്നതുകൊണ്ട് ഈ പേരുണ്ടായി.

'അഗ്രഭാഗേ രണ്ടു പന്തി നിരക്കവേ
അഗ്രഹാരംകണ്ടുകൗതുകംപൂണ്ടുടൻ'
(കല്യാണസൗഗന്ധികം തുള്ളൽ)

**അഗ്രാനീകം, അഗ്ര്യാനീകം**-മുന്നണിയിലുള്ള സൈന്യം.

**അഗ്രാമ്യ**-വി. ഫ ഗ്രാമസംബന്ധമല്ലാത്ത, പട്ടണസംബന്ധമായ. വ. സഭ്യമായ, സഭയിലേയ്ക്കു് അനുരൂപമുള്ള.

**അഗ്രാശനം**-മുമ്പേ ഭക്ഷണം കഴിക്ക, പൂജ്യസ്ഥാനത്തുള്ള ഭക്ഷണം.

**അഗ്രാശി**-പൂജ്യസ്ഥാനത്തിലുള്ള ഭക്ഷണം കഴിക്കുന്നവൻ, മുമ്പു ഭക്ഷിക്കുന്നവൻ.

**അഗ്രാശിനി**-പൂജ്യസ്ഥാനത്തിൽ ഭക്ഷണം കഴിക്കുന്നവൾ, മുൻകൂട്ടിഭക്ഷിക്കുന്നവൾ.

'അഗ്രാശിനീമന്യഗൃഹപ്രവാസിനീം
ഭാര്യാം ത്യജേൽപുത്രശതപ്രസൂതികാം'
(നീതിസാരം)

**അഗ്രാസനം**-പ്രധാനപീഠം, സഭാമുഖം ഒരു സഭയിൽ പ്രമാണികളുടെ പീഠം. ഈ പീഠത്തിൽ സ്ഥിതിചെയ്യുന്നവനെ അഗ്രാസനൻ, അഗ്രാസനാധിപതി, അഗ്രാസനപതി എന്നിങ്ങനെ പറയുന്നു.

**അഗ്രാഹ്യ**-ഗ്രഹിക്കാൻ വയ്യാത്ത, മനസ്സിലാക്കാൻ കഴിയാത്ത; കൈക്കൊള്ളുന്നതിനു യോഗ്യമല്ലാത്ത.

**അഗ്രിമ**-വി. ഫ. ശ്രേഷ്ഠമായ, പ്രധാനമായ, അഗ്രത്തിൽ വെച്ച വ. ജ്യേഷ്ഠതയുള്ള. ന. ഒന്നാമത്തെ.

**അഗ്രിയ**-ഫ. ശ്രേഷ്ഠമായ, പ്രധാനമായ, അഗ്രത്തിൽ വെച്ച. വ. ജ്യേഷ്ഠതയുള്ള. ന. ഒന്നാമത്തെ. (അഗ്രൻ എന്ന ശബ്ദം നോക്കുക).

**അഗ്രിയൻ, അഗ്രീയൻ**-ഫ. ജ്യേഷ്ഠഭ്രാതാവ്. വ. മുഖ്യൻ.

'വീരാഗ്രീയേഷു തേഷു പ്രതികലകലിതപ്രേമയാ യാജ്ഞസേന്യാ'
(കല്യാണസൗഗന്ധികം കഥകളി)

**അഗ്രേ**-അ. മുമ്പിലായിട്ട്, പ്രധാനസ്ഥാനത്ത്, പിൻവരുന്നഭാഗത്തിൽ. 'അഗ്രേ' ശബ്ദം അഗ്രപദത്തിന്റെ സപ്തമി(ആധാരിക)യായിട്ടാണ് അധികമായി പ്രയോഗിച്ചുകാണുന്നത്.

'അഗ്രേയാസ്യാമ്യഹം'
(അദ്ധ്യാത്മരാമായണം)

**അഗ്രേഗണ്യൻ**-പ്രധാനസ്ഥാനത്തു വിചാരിക്കപ്പെടേണ്ടവൻ.

'ഗ്രന്ഥന്മാരായ് ഗുരുവിനയരായ്
ശ്രോത്രിയന്മാരിലഗ്രേ
ഗണ്യന്മാരായ് ഗതകലുഷരാ-
യുള്ള ധാത്രീസുരന്മാർ'
(മയൂരസന്ദേശം)

**അഗ്രേദിധിഷു**-ഫ. ഒരിക്കൽകല്യാണം കഴിഞ്ഞ സ്ത്രീയെ വിവാഹംചെയ്യുന്ന ബ്രാഹ്മണൻ, ക്ഷത്രിയൻ അല്ലെങ്കിൽ വൈശ്യൻ. വ. ജ്യേഷ്ഠൻ ജീവിച്ചിരിക്കെ പിന്നെ ജ്യേഷ്ഠന്റെ ഭാര്യയെ വിവാഹം ചെയ്യുന്നവൻ. ന. (സ്ത്രീലിംഗമായാൽ) ജ്യേഷ്ഠത്തിക്കു വിവാഹം കഴിയാതെയി

രിക്കെ വിവാഹംകഴിഞ്ഞ അനുജത്തിയുടെ പേർ എന്നർത്ഥം.

പുനർവിവാഹം ചെയ്യപ്പെട്ടവളെ പ്രധാനഭാര്യയാക്കീട്ടുള്ള ബ്രാഹ്മണനെ അഗ്രേദിധിഷു എന്നു പറയുന്നു. ദിധിഷു എന്നും ദിധീഷൂ എന്നുമാകാം. രണ്ടും, പുനർവിവാഹം ചെയ്യപ്പെട്ടവളുടെ പേർ.

**അഗ്രേദിധീഷൂപതി**-ജ്യേഷ്ഠത്തിക്കു വിവാഹംകഴിയാതെയിരിക്കുമ്പോൾ വിവാഹംകഴിഞ്ഞ അനുജത്തിയുടെ ഭർത്താവിൻെറ പേർ.

**അഗ്രേഭവൻ**-മുമ്പിൽ ജനിച്ചവൻ.

**അഗ്രേവന(ണ)ം**-കാട്ടിൻെറ അററം.

**അഗ്രേസരൻ**-നേതാവ്, മുമ്പേ നടക്കുന്നവൻ.

'ഉഴിദേവകുലാഗ്രേസരനാകും
ആഴാഞ്ചേരിമഹീസുരരാജനും'
(മുറജപപ്പാന)

**അഗ്ര്യ**-വി. മുഖ്യമായ, പ്രധാനമായ, ശ്രേഷ്ഠമായ.

'അഗ്ര്യമായുള്ളോരുപൂജകൊണ്ടെല്ലാരും
വ്യഗ്രരായ്നിന്നു ചമഞ്ഞുകൂടി'
(കൃഷ്ണഗാഥ)

**അഗ്ര്യം**-വീട്ടിൻെറമേൽപുര, മേൽക്കൂട്.

**അഗ്ര്യൻ**-പു. മുമ്പൻ, ഒന്നാമൻ, മുമ്പിലുള്ളവൻ. ഉ. ജ്യേഷ്ഠഭ്രാതാവ്.

**അഗ്ര്യജന്മാവ്**-പു. ജ്യേഷ്ഠൻ. ഉ. ബ്രാഹ്മണൻ.

**അഗ്ര്യപൂജ**-മുഖ്യാരാധന.

**അഘം**-പു. പാപം. ഉ. വ്യസനം, ദുഖം. ദാനാദികൊണ്ടുപോകുന്നതിനാൽ ഈ പേരുണ്ടായി.

'അഹരഹമഹമഘമകലുവാ-
നഹികുലപതിശയനലീലകാം'
(ഭാരതം)

'അഘവുംനീങ്ങി മേ സർവ്വം
ഗൃഹവുംപൂതമായിപ്പോൾ'
(നളചരിതം കഥകളി)

**അഘകൃത്ത്**-വി. പാപംചെയ്യുന്ന, ദോഷംചെയ്യുന്ന. (പാപംചെയ്യുന്നവൻ,ദോഷംചെയ്യുന്നവൻ).

**അഘഘ്നൻ** കൃഷ്ണൻ. (അഘൻ എന്ന അസുരനെ കൊന്നവൻ).

**അഘൻ**-ഒരസുരൻ. (കൃഷ്ണൻ കൊന്നു).

### അഘാസുരവധം.

ഒരിക്കൽ ശ്രീകൃഷ്ണൻ ഗോപാലന്മാരൊന്നിച്ചു കാളിന്ദീതീരത്തിൽ കളിച്ചുകൊണ്ടിരിക്കുമ്പോൾ അഘൻ എന്ന അസുരൻ കംസനിയോഗം ഹേതുവായിട്ടു കൃഷ്ണനെകൊല്ലുന്നതിനു പെരുമ്പാമ്പായി വന്നു. ഈ അഘാസുരൻ പൂതനയുടേയും ബകാസുരൻെറയും ഭ്രാതാവാണ്. അവരെ കൃഷ്ണൻ കൊല്ലുകയാൽ അവനു ക്രമത്തിലധികമായ വിരോധവും ശ്രീകൃഷ്ണനിൽ ഉണ്ടായിരുന്നു. കൃഷ്ണനും ഗോപാലന്മാരും സഞ്ചരിക്കുന്ന വഴി നോക്കിയാണ് അഘാസുരൻ (പെരുമ്പാമ്പ്) കിടന്നതു്. അവൻ ഗുഹപോലെ വായ് പിളന്നിരുന്നു. ആദ്യം ഗോപാലന്മാർ വിവരം അറിയാതെ ചെന്നു വായ്ക്കകത്തുകയറി. അതറിഞ്ഞു കൃഷ്ണൻ ഗോപാലന്മാരെ രക്ഷിപ്പാനായി കൂടെക്കയറി. കാര്യം സാധിച്ചു എന്നു സന്തോഷിച്ച് ഉടൻ പെരുമ്പാമ്പ് വായ് മുറുക്കി. അതുകണ്ടു ഭഗവാൻ പണ്ടു മഹാബലിയോടു ഭൂമി അളന്നുവാങ്ങിക്കുന്നതിനു വളന്നതുപോലെ വളന്നു. അനന്തരം തലയും ഉടലും പൊട്ടി(പാമ്പു)അഘാസുരൻ മരിക്കയും ഭഗവാനും ഗോപാലന്മാരും പുറത്തുവന്നു രക്ഷപ്പെടുകയും ചെയ്തു.

**അഘനാശനൻ**-പാപത്തെ നശിപ്പിക്കുന്നവൻ, ദോഷത്തെ ഇല്ലാതാക്കുന്നവൻ.

**അഘഭോഗി**-പു. പാപത്തെ ഭുജിക്കുന്നവൻ (അനുഭവിക്കുന്നവൻ). ഉ. പാപകരമായ തീററിക്കാരൻ (ദൈവത്തിനു കൊടുക്കാതെ തന്നത്താൻ വെച്ചു ഭക്ഷിക്കുന്നവൻ).

**അഘമർഷണം**- സകല പാപങ്ങളേയും നശിപ്പിക്കുന്നതും നിത്യം ജപിക്കേണ്ടതുമായ ഒരു മന്ത്രം. പാപത്തെ നശിപ്പിക്കുന്നതുകൊണ്ട് ഈ പേർ സിദ്ധിച്ചു.

അഘമർഷണോമന്ത്രഃ, അഘമർഷണീ ഋക്, അഘമർഷണംസൂക്തം ഇങ്ങിനെ മൂന്നു ലിംഗങ്ങളിലും വരും.

**അഘമർഷണസൂക്തം**- ഋഗ്വേദത്തിലെ ഒരു ഗീതം. വെള്ളത്തിൽ നിന്ന് മൂന്നു പ്രാവശ്യം ഈ സൂക്തം ഉച്ചരിച്ചാൽ സർവ്വപാപവും നശിച്ചുപോകും.

**അഘമാര**-വി. പാപത്തെ നശിപ്പിക്കുന്ന.

**അഘമോചനം**-പാപനിവൃത്തി.

**അഘല**-വി. പാപത്തെ കളയുന്ന (നശിപ്പിക്കുന്ന).

**അഘവിഷം**-ഒരു പാമ്പ്, ഭയങ്കരവിഷമുള്ളത്.

**അഘർമ്മ**-വി. ചൂടില്ലാത്ത, തണുത്ത.

**അഘശംസൻ**-കള്ളനെപ്പോലെയുള്ള ദുഷ്ടൻ.

**അഘശംസി**-പാപത്തെ അറിയിക്കുന്നവൻ.

**അഘഹാരൻ**- പ്രസിദ്ധനായ കൊള്ളക്കാരൻ.

**അഘായു**-വി. പാപമുള്ള, ദുർഗ്ഗുണമുള്ള, ദ്വേഷമുള്ള, ഉപദ്രവമുള്ള.

**അഘാരി**-പു. വ്യസനത്തോടുകൂടിയവൻ. വ. ആപത്തോടുകൂടിയവൻ, ഭാഗ്യക്കേടോടുകൂടിയവൻ.

**അഘാസുരൻ**-അഘൻ എന്ന അസുരൻ. (അഘൻ എന്നതു നോക്കുക).

**അഘൃണ**-വി. ഘൃണ (ദയ) ഇല്ലാത്ത.

**അഘോര**-വി. വളരെ ഘോരമല്ലാത്ത.

**അഘോര**-ഉഗ്രമായ, കൊടുംകോപമുള്ള. ഉ-ം, 'അഘോരയുദ്ധം, അഘോരജ്വരം'

**അഘോര**-കന്നിമാസത്തിൽ കറുത്ത പക്ഷത്തിലെ പതിനാലാംദിവസം.

**അഘോരൻ**-പു. ശിവൻ. വ. ശിവവന്ദനക്കാരൻ, ദുർവ്വന്ദനക്കാരൻ.

**അഘോരപഥൻ, അഘോരമാർഗ്ഗൻ**-ശിവന്റെ അനുഗാമി.

**അഘോരപ്രമാണം**-ഒരു ഭയങ്കരമായ സത്യം.

**അഘോരമൂർത്തി**-ശിവൻ.

**അഘോരരൂപൻ**-ശിവൻ.

**അഘോരി**-കാര എന്ന മരുന്ന്. ഇതു കുരക്കരം, വീക്കം, സന്നിപാതം ഇവയ്ക്കു നന്ന്. ഇതിന്റെ കുരു ജ്വരത്തിനും സന്നിക്കും ഉപയോഗമുള്ളതാണ്. വിഷത്തിനുള്ള ഒരു പച്ചമരുന്ന്.

**അഘോഷ**-പു. ഘോഷം (ഉച്ചത്തിലുള്ള ശബ്ദം) ഇല്ലാത്ത. വ. ഇടയന്മാരില്ലാത്ത. ന. ഉച്ചശബ്ദമുള്ള.

**അഘൌഘം**-പാപാധികത.

**അഘ്ന്യ**-വി. ഹനിക്കത്തക്കതല്ലാത്ത, വധിക്കത്തക്കതല്ലാത്ത.

**അഘ്ന്യ**-പശു ഹനിക്കപ്പെടരുതാത്തതിനാൽ ഈ പേരുണ്ടായി. (പര്യായത്തിനു പശു എന്നതു നോക്കുക).

**അഘ്ന്യൻ**-പു. ബ്രഹ്മാവ്. വ. ഹനിക്കത്തക്കവനല്ലാത്തവൻ.

**അഘ്രേയ**- വി. ഘ്രാണിക്കത്തക്കതല്ലാത്ത, മണപ്പിക്കത്തക്കതല്ലാത്ത.

**അഘ്രേയം**-മദ്യം.

**അങ്ക്**-പു. അടയാളമിടുക, സ്ഥാപിക്ക. വ. എണ്ണുക. ന. കളങ്കപ്പെടുത്തുക, ദുഷ്കീർത്തിപ്പെടുത്തുക.

**അങ്കകരണം**-അടയാളം ഇടുക.

**അങ്കഗണിതം**-കണക്കുശാസ്ത്രം.

**അങ്കകാരൻ**-യോദ്ധാവ്, പോരാളി.

**അങ്കണം**-മുറ്റം. നടക്കുന്നതിനുള്ള സ്ഥലമാകയാൽ ഈ പേർ സിദ്ധിച്ചു. (അംഗനം, അംഗണം).

'അംഗണംചത്വരാജിരേ' (അമരം)

(അംഗണം, ചത്വരം, അജിരം ഇവ മൂന്നും അങ്കണത്തിന്റെ പര്യായങ്ങളാകുന്നു. അംഗണം എന്നതിനു അംഗനം എന്നും പാഠം കാണുന്നു).

'ഇന്ദ്രനീലശിലയാം നി-
ർമ്മിതമാം ശീവെളിപ്പന്തൽ
ഇന്ദ്രിയങ്ങൾക്കാനന്ദമാം-
മങ്കണങ്ങളും'
(കുചേലവൃത്തം വഞ്ചിപ്പാട്ട്)

**അങ്കതന്ത്രം**-കണക്കുശാസ്ത്രം.

**അങ്കതത്വം**-കണക്കുശാസ്ത്രം.

**അങ്കതി**-൧. കാററ്. ൨. തീയ്. ൩. ബ്രഹ്മാവ്, ൪. ഹോമാഗ്നിയെ സൂക്ഷിക്കുന്ന ബ്രാഹ്മണൻ.

**അങ്കധാരണം, അങ്കധാരണ**-കുറിയിടുക, ഗോപിയിടുക. (വൈഷ്ണവമതക്കാർ മാറും ഗോപിയിടുക പതിവാണല്ലോ)

**അങ്കനം**-൧. അടയാളം. ൨. അടയാളം ഇടുന്ന ക്രിയ. ൩. അടയാളംഇടുകയോ മുദ്രവയ്ക്കുകയോ ചെയ്യുന്ന വഴി.

**അങ്കപരിവർത്തം**-മടിയിൽ മറുപുറം തിരിയുക, ഒരാളുടെ മടിയിലോ ആയത്തിലോ മറിയുക (വിളയാടുക), വിനോദാർത്ഥം മറിയുകയും തിരിയുകയും ചെയ്ക.

**അങ്കപാലി**-൧. അങ്കദേശം, അങ്കത്തിൽ (മടിയിൽ) ഉള്ള ഇരിപ്പ്, ആലിംഗനം ചെയ്ക. ൨. ശിശുക്കളെ എടുത്തു വളർത്തുന്നവൾ.

**അങ്കപാലിക**-ആലിംഗനം.

**അങ്കപാശം**-അങ്കഗണിതത്തിലെ ഒരു പ്രയോഗം, ചങ്ങല തൊടുക്കുന്നതുപോലെ അക്കങ്ങൾ തൊടുക്കുക.

**അങ്കപൂരണം**-സംഖ്യകളെ ഗുണിക്കുക.

**അങ്കപ്പലക**-ആനയുടെ കൈകളുടെ മുകൾഭാഗമുള്ള വീതിയേറിയ എല്ലിന്റെ പേർ.

**അങ്കപ്രാസ**- പരസ്പരമായ ദ്വന്ദ്വയുദ്ധം (രണ്ടുപേർ കൂടി ചെയ്യുന്ന യുദ്ധം).

**അങ്കപ്രാന്തം**-അങ്കപ്രദേശം.

**അങ്കബന്ധഃ**-തുടകളെ ഒന്നോടൊന്നായി ബന്ധിച്ചു ക്രമപ്പെടുത്തുക, തുടയെ പിണച്ചുവയ്ക്കുക.

**അങ്കം**-൧. അടയാളം. അടയാളപ്പെടുത്തുന്നതിനാൽ അങ്കം എന്ന പേരുണ്ടായി.
ഉ-ം, മൃഗാങ്കൻ, ശശാങ്കൻ.
൨. മടി. ബാലന്മാർ ഇവിടെ ശയിക്കുന്നതുകൊണ്ട് ഈ പേർ വന്നു.

'അങ്കേചേർത്തിട്ടുപത്ന്യാഃപ്രണയപരവശൻ
ദക്ഷനിത്ഥം ബഭാഷേ'
(ദക്ഷയാഗം കഥകളി)

'ഉത്സംഗേ ചിഹ്നയോരങ്കഃ' അങ്കത്തിനു മടി, അടയാളം എന്നാണർത്ഥം. ൩. യുദ്ധം.

'പങ്കമകന്നൊരുതങ്കം പൊന്നിനൊ-
ടങ്കം പൊരുതുമൊരംഗപ്രഭയും'
(നളചരിതം തുള്ളൽ)

൪. അടുപ്പം. ൫. നാടകത്തിലെ അങ്കം. ൬. കൊളുത്തു, ചൂണ്ടൽ. ൭. ഒരാഭരണം. ൮. കളിയിലെ യുദ്ധം. ൯. സ്ഥലം. ൧൦. ദുഷ്കർമ്മം, പാപം, പിഴ. ൧൧. വളഞ്ഞ. ൧൨. ശരീരം. ൧൩. മല ൧൪. ഒരു അക്കം, സംഖ്യ.

**അങ്കം**-കലിവർഷം ൩൪൦൦-നു മുമ്പു പെരുമാക്കന്മാരുടെ കാലംമുതൽ പോലീസ് കാര്യാദികളെ സംബന്ധിച്ചുണ്ടായ സംഗതികൾക്കു പറയുന്ന പേർ.

'നാട്ടും നഗരവുമങ്കാചുങ്കം
വീട്ടും കുടികളുമെന്നിവയെല്ലാം'
(പാത്രചരിതം തുള്ളൽ)

**അങ്കഭാക്ക്**-വി. മടിയിൽ ഇരിക്കുന്ന, കഞ്ഞിനൊപ്പാലെ എളിയിൽ (ഇടുപ്പിൽ) എടുത്തുകൊണ്ടു പോകുന്ന.

**അങ്കമാലി**-൧. ആലങ്ങാട്ട് ഒരു സ്ഥലം. ൨. പട്ടണത്തിലുംമററും നാലു ചതുരമുള്ള സ്ഥലം. നാലുവശവും ഒരുപോലെയുള്ള പരസ്യമായ സ്ഥലം ൩. പഴയ സിറിയൻ ബിഷപ്പിന്റെ ഇരിപ്പിടം. പീഠം ആസനം.

**അങ്കലായ്പ്പ്**-ദുഃഖം, വ്യസനം. (ഈ ഗ്രാമ്യപദം പ്രയോഗിക്കാതെയിരിക്കുക നന്ന്).

അങ്കമുഖം-കഥ മുഴുവനും സൂചിപ്പിക്കുന്ന പൂർവ്വരംഗത്തിലെപ്രസ്താവന, മുന്നരങ്ങ്.

അങ്കലോപം-വ്യവകലനം (കുറയ്ക്കുക)

അങ്കവടി-കുതിരപ്പുറത്തു ചവിട്ടിക്കയറുന്നതിനുള്ള (ഇരിമ്പു) വളയം.

അങ്കവാൽ(ല്)-പൂവൻകോഴിയുടെ വളഞ്ഞ വാൽ.

അങ്കവിദ്യ-കണക്കുശാസ്ത്രം.

അങ്കവൃക്ഷം-കടമ്പ്.

അങ്കസ്സ്-ന. അടയാളം. വ. ശരീരം.

അങ്കാം, അങ്കാമി-തല്ക്കാലനിയമനം. ഉ-ം, 'അങ്കാംഗുമസ്തൻ,അങ്കാമിശിപായി'

അങ്കാങ്കം-ജലം.

അങ്കാവതാരം-മുമ്പിലത്തെ അങ്കത്തിന്റെ അവസാനത്തിൽ നടന്മാർ സൂചിപ്പിച്ചിട്ടുള്ള കഥയെ തുടർന്ന് അഭിനയിക്കുന്ന അങ്കത്തിന്റെ ആരംഭം.

അങ്കാശ്രയം - മടിയിൽ കയറിയിരിക്കുക.

'സന്താനാമരണാനിബാലതനയാ-
നങ്കാശ്രയപ്രാർത്ഥിനഃ'
(അഭിജ്ഞാനശാകുന്തളം)

അങ്കാളപ്പൻ-ഒരുവക കരപ്പൻ.

അങ്കി-വി. അങ്കമുള്ള, അടയാളമുള്ള.

അങ്കി-പു. മുഴുക്കുപ്പായം. വ. ഒരുമാതിരി വാദ്യം, തുടി, ഉടുക്ക്. ന. അഗ്നി (തത്ഭവം).

അങ്കിത-വി. എണ്ണപ്പെട്ട, അടയാളം ഇടപ്പെട്ട.

അങ്കിനി-അടയാളങ്ങളുള്ള സ്ത്രീ.

അങ്കുടം-താക്കോൽ.

അങ്കുപം-വെള്ളം.

അങ്കുരം-പു. മുള, വിത്തിൽനിന്നു പുറപ്പെടുന്ന മുള, കിളുന്ന്, തളിർ, കൂമ്പ്, നാമ്പ്. വ. വെള്ളം. (ഭാവിയെ സൂചിപ്പിക്കുന്നതുകൊണ്ട് ഈ പേർ വന്നു).

അങ്കുരക -പക്ഷിക്കൂട്, [illegible]ക്കൂട്.

അങ്കുരിക്കുക-മുളയ്ക്കുക, തളിർക്കുക. (മനസ്സിൽ അങ്കുരിക്കുന്നു = തോന്നുന്നു). സ. ക്രി. അങ്കുരിപ്പിക്കുക.

അങ്കുരിത-വി. മുളച്ച, മുളയുള്ള.

'അങ്കുരിതപുളകം കലർന്നിട്ട-
മെൻകപോലമതിങ്കലമ്പോട്'
(സംസ്കൃതകീർത്തനങ്ങളും പദങ്ങളും)

അങ്കുരോൽപത്തി-കിളുക്കുക, മുളയുണ്ടാകുക.

അങ്കുശം-പു. തോട്ടി (ആനത്തോട്ടി). അടയാളപ്പെടുത്തുന്നതിനാൽ ഈ പേർ വന്നു.

'സ്യാദങ്കുശോസ്ത്രീസൃണിർദ്വയോഃ'
(അങ്കുശം, സൃണി ഇവ ര-ം ആനത്തോട്ടിയുടെ പേർ).

വ. (വ്യാകരണത്തിൽ) ചിഹ്നങ്ങളിൽ ഒന്ന്. ഇത് അല്പമായ നിറുത്തലിനെ കുറിക്കുന്നു. തടവുകൂടാതെ വായിച്ചുകൊണ്ടു പോകുമ്പോൾ തോട്ടികൊണ്ട് ഒടക്കിയാലെങ്ങിനെ അതുപോലെ ഒന്നു തടയണം എന്ന് ഈ ചിഹ്നംകൊണ്ടു കാണിക്കുന്നു.

അങ്കുശഗ്രഹൻ-ആനപ്പാപ്പാൻ.

അങ്കുശധരൻ-പു. ഗണപതി.

'പാശാങ്കുശധരം വന്ദേ'
(ഗണാഷ്ടകം)

വ. ആനപ്പാപ്പാൻ.

അങ്കുശധാരണൻ-പു. ഗണപതി. വ. ആനപ്പാപ്പാൻ.

അങ്കുശധാരി-പു. ആനപ്പാപ്പാൻ. വ. ഗണപതി.

അങ്കുശിത-വി. തോട്ടികൊണ്ടു കുത്തിയ (ഉഴറിയ).

അങ്കുശി-തോട്ടിയുള്ള.

അങ്കൂരം-മുള, വിത്തിൽനിന്നു പുറപ്പെടുന്ന മുള, കൂമ്പ്.

'അങ്കൂരംകലത്തിന്നഭിനവമിളതെൻ-
മൂലമുണ്ടായ് ചമഞ്ഞു'
(ഉത്തരരാമായണം ചമ്പു)

'അങ്കൂരോങ്കുരഃ പ്രരോഹഃ' എന്നതിനാൽ അങ്കുരം അങ്കൂരം എന്നു രണ്ടുമാകാം.

അങ്കൂയത്ത്-വി. തപ്പിപ്പിഴപ്പാനായിട്ടു മെയ്യോളം ഇഴയുന്ന.

**അങ്കുഷ്ഠം**—അങ്കുശം (തോട്ടി).

**അങ്കോടം**-അഴിഞ്ഞിൽ (അങ്കോലം നോക്കുക).

**അങ്കോലം**-അഴിഞ്ഞിൽ. അടയാളപ്പെടുത്തുന്നതിനാൽ ഈ പേർ വന്നു. (ഇതിനു മുള്ളുണ്ട്).

ഇതിലുള്ള കായ്കളിൽ ചിലതിനു ദിവ്യശക്തിയുണ്ടെന്നും അവ താഴെ വീണാൽ ഉടൻ മുന്നേപ്പോലെ ഞെട്ടിൽ ചെന്നു പററിക്കൊള്ളുമെന്നും ഉള്ള സംഗതി സുപ്രസിദ്ധമാകുന്നു. ഈ വക കായ്കളെ തിരഞ്ഞുപിടിച്ചു കൈവശമാക്കി അവയിൽനിന്നു തൈലം എടുത്താൽ അതുകൊണ്ടു പലേ പ്രയോഗങ്ങൾ ഫലവത്തുകളാകും എന്നു മന്ത്രശാസ്ത്രം ഘോഷിക്കുന്നു. ഈ വൃക്ഷത്തിന്റെ ചുവട്ടിൽ ചാമ്പൽ (വെണ്ണീർ) പരത്തിയാൽ ദിവ്യശക്തിയുള്ള കായയെ കണ്ടുപിടിക്കുന്നതിനു എളുപ്പമുണ്ടുപോലും. ഇതിനു അങ്കോടം എന്നും അംഖോടം എന്നും പാഠാന്തരങ്ങൾ കാണുന്നു.

'അങ്കോലസ്തു നികോചകഃ' (അമരം)

അങ്കോലം, നികോചകം-ഉ-ം അഴിഞ്ഞിലിന്റെ പേർ. വേറേയും പല പര്യായങ്ങൾ കാണുന്നു.

**അങ്കോലാദി**-ഒരു എണ്ണ. അഴിഞ്ഞിൽ കുരു മുതലായ ഏതാനും മരുന്നുകൾ കൂട്ടിച്ചേർത്തു കാച്ചുന്നത്. തേച്ചുകുളിച്ചാൽ തലയിലെ ചൊറി ചിരങ്ങ മുതലായവ നശിക്കും.

**അങ്കോലസാരം** - അങ്കോലക്കുരുകൊണ്ടുണ്ടാക്കുന്ന ഒരുമാതിരി വിഷദ്രവ്യം.

**അങ്കോലിക**-ഫ. ആലിംഗനം.ഉ. അഴിഞ്ഞിൽ.

**അങ്ക്യ**-വി. അടയാളപ്പെടുത്തത്തക്ക, അതോടും ഇടത്തക്ക.

**അങ്ക്യം**—ഒരുമാതിരി വാദ്യം (മടിയിൽ വെച്ചു കൊട്ടുന്നതാണ്).

'ഡിണ്ഡിമമങ്ക്യമിടയ്ക്കയുടുക്കുകൾ
മഡ്ഡുഝല്ലികൾഝർഝരവാദ്യം'
(സ്യമന്തകം തുള്ളൽ)

**അങ്ക്റി**-(കർണ്ണാടകത്തിൽ അച്ചി) പശുവിന്റെയും മററും മുല, മുലക്കായ്, സ്തനം.

**അംഖ്**-ഇഴയുക.

**അംഖോടം**-അഴിഞ്ഞിൽ. (അങ്കോലം നോക്കുക)

**അംഗ**- അ. സംബോധനാർത്ഥകം. ഫ. ഹേ, അല്ലയോ, എടോ!

'അംഗ സ്വൈരം പ്രവിശ പലതും
തത്ര കാണാം വിശേഷം'
(മയൂരസന്ദേശം)

ഉ. പിന്നെ.

'പുനരർത്ഥേംഗ' (അമരം).

[അംഗ (അവ്യയം) പിന്നെ എന്നു ഇതിന്റെ അർത്ഥം]

**അംഗകം**-അവയവം.

'അനന്തരം വിദർഭജാ
ഭുജങ്ങളും കുചങ്ങളും
മനോഹരാധരോഷ്ഠവും
തദംഗകങ്ങളൊക്കവേ
തനിച്ചു തങ്ങളൊട്ടനാൾ
കൊടാഞ്ഞ കാംക്ഷിതങ്ങളെ
കണക്കു തീർത്തു നൽകിനാൾ
നളന്നു പുണ്യവാരിധി'
(ഭാഷാനൈഷധചമ്പു)

**അംഗക്രിയ**-ഫ. സുഗന്ധദ്രവ്യങ്ങളെ ശരീരത്തിൽ പൂശുക. ഉ. (വ്യാകരണത്തിൽ) സന്ധ്യക്രിയകളിൽ ഒന്ന്.

**അംഗഗ്രഹം**-തരിപ്പുവലി, കോച്ചൽ, ശരീരത്തിലെ കൊളുത്ത്.

**അംഗച്ഛേദം**-ശരീരം മുറിക്കുക, അവയവം മുറിക്കുക.

**അംഗജ**-വി. ശരീരത്തിൽനിന്നു ജനിച്ച.

**അംഗജ**-മകൾ.

**അംഗജൻ**-ഫ. കാമദേവൻ. (അംഗം=മനസ്സ്, മനസ്സിൽ ജനിക്കുന്നവൻ)

'അംഗജനല്ലീമതങ്ങാംഗരപൂജന-
ന്നംഗങ്ങളായുള്ള സാധനങ്ങൾ'

(കൃഷ്ണഗാഥ)

'അംഗം പുണരുവതിനമ്പോടു വരികനീ
അംഗജസമാനാകാര'

(നരകാസുരവധം കഥകളി).

൨. പുത്രൻ.

അംഗജരിപു-പരമേശ്വരൻ. അംഗജന്റെ (കാമദേവന്റെ) രിപു (ശത്രു).

അംഗജചാപം-കാമന്റെ വില്ല്.

അംഗജതാപം-കാമവേദന (ചൂട്).

അംഗജബാണം-കാമന്റെ ശരം.

അംഗജലീല-കാമക്രീഡ.

'അംഗജലീലപൂണ്ടന്തഃപുരത്തിങ്കൽ'

(അദ്ധ്യാത്മരാമായണം)

അംഗജാരി-കാമദേവന്റെ ശത്രു, ശിവൻ

അംഗജാർത്തി-കാമപീഡ.

'ബലവദംഗജാർത്തിപെരുത്തിതുഹൃദിമേ'

(നളചരിതം കഥകളി)

അംഗജം-ചോര.

അംഗജ്വരം-ക്ഷയം.

അംഗണം-അങ്കണം (മിററം).

അംഗദം-തോൾവള.

'കിരീടഹാരാംഗദവന്യമാല'

(ശ്രീകൃഷ്ണചരിതം)

'കേയൂരമംഗദം തുല്യേ' കേയൂരം, അംഗദം ൨-ം തോൾവളയുടെ പേർ. രണ്ടും രണ്ടുവിധത്തിലുള്ളതാണെന്നും അഭിപ്രായമുണ്ട്. കേയൂരം-തോളിലേയ്ക്കു കയറി നിൽക്കുന്നത്. അംഗദം-കേയൂരത്തിനു താഴെ കൈകളിൽ കെട്ടുന്നത്. രണ്ടിനും തോൾവള എന്നുതന്നെ പേർ.

അംഗദൻ-പു. ബാലിയുടെ മകൻ, വാനരാധിപതി.

ബാലിക്കു താരയിൽ ജനിച്ചവനാണ്. വാക്സാമർത്ഥ്യം ബൃഹസ്പതിക്കു കൂടുമല്ലോ. അതിനാൽ ശ്രീരാമനെ സഹായിക്കുന്നതിനു ബൃഹസ്പതിയുടെ അംശം കൊണ്ടു ജനിച്ചു. സീതയെ അന്വേഷിക്കാൻ സുഗ്രീവൻ നാലുദിക്കിലും വാനരന്മാരെ നിയോഗിച്ചു. തെക്കൻ ദിക്കുകളിൽ നിയമിക്കപ്പെട്ടവരിൽ മുഖ്യൻ അംഗദനായിരുന്നു. ഈ വാനരപുംഗവൻ രാമദൂതനായി രാവണസന്നിധിയെ പ്രാപിക്കയുണ്ടായിട്ടുണ്ട്. സുഗ്രീവനു പിന്നീടു അംഗദൻ കിഷ്കിന്ധയിൽ രാജാവായി.

൨. ലക്ഷ്മണനു ഊർമ്മിളയിൽ ഉണ്ടായവന്റെ പേർ. ൩. ദുര്യോധനകക്ഷിയിലുള്ള ഒരു യോദ്ധാവിന്റെ പേർ. ൪. കൃഷ്ണന്റെ ഭ്രാതാവായ ഗദന്റെ മകൻ.

അംഗദേശം-ബംഗാളിൽ ബഗൽപ്പൂർ ഡിസ്ത്രിക്റ്റ് ഉൾപ്പെട്ട സ്ഥലം.

അംഗന-പു. സ്ത്രീ.

'അലങ്കരിച്ചു നിജഗേഹമെല്ലാം
കലാംഗനാസങ്കുലമാം പ്രദേശം'

(ശ്രീകൃഷ്ണചരിതം)

൨. സുന്ദരി (നല്ല ശരീരമുള്ളവൾ). ൩. ദിക്കരിണി (വടക്കെ ദിഗ്ഗജത്തിന്റെ പിടിയാന). ൪. കററവാഴ. ൫. ഞാഴൽ.

അംഗനം-അംഗണം (അങ്കണം, മിററം)

'അംഗനം പ്രാംഗണേയാനേ
കാമിന്യാമംഗനാമതാ'

എന്നു വിശ്വവാക്യം.

അംഗനാജനം-സ്ത്രീജാതി.

അംഗനാപ്രിയം-പു. മാവ്. ൨. അശോകം.

അംഗപതി-കർണ്ണൻ, (അംഗദേശത്തിലെ അധിപൻ)

അംഗപാലിക-(അങ്കപാലികനോക്കുക)

അംഗപ്പട-സൈന്യങ്ങളുടെ പ്രത്യേക പിരിവിനുള്ള പേർ.

ഉ-ം, നാലംഗപ്പട, പത്തംഗപ്പട.

അംഗപ്രകാശം-ദേഹകാന്തി, ശരീരശോഭ, അവയവഭംഗി.

'അംഗപ്രകാശമുടയോരു ദേവനിതി-
മംഗീകരിച്ചുതൾകവാഞ്ഛിതമംഗനാനാം'

(ശ്രീകൃഷ്ണചരിതം)

അംഗപ്രത്യംഗം-ചെറുതും വലുതുമായ എല്ലാ അവയവങ്ങളും, അവയവങ്ങൾ തോറും.

അംഗഭംഗം-അവയവനാശം, കാൽകൈ എന്നിവ നശിക്കുക.

അംഗഭംഗി-സൌന്ദര്യം, ശരീരകാന്തി.

'അങ്ങുവന്നു ജനകാത്മജതന്നുടെ
അംഗഭംഗിവഴിപോലെചമഞ്ഞു'
(രാമാനുചരിതം തുള്ളൽ)

അംഗഭൂപൻ, അംഗഭൂപാല(ക)ൻ-൧. കർണ്ണൻ. ൨. അംഗദേശത്തിലെ രാജാവ്.

'അംഗഭൂപാലനെക്കാൺക നീ കന്യകേ'
(ഹരിണീസ്വയംവരം തുള്ളൽ)

അംഗഭൂവ്-൧. ശരീരത്തിൽനിന്നുണ്ടായവൻ (പുത്രൻ)

'ഹിരണ്യഗർഭാംഗഭുവംമുനിംഹരിഃ'
(മാഘം)

൨. കാമദേവൻ

അംഗം-൧. ശരീരം. ൨. അവയവം. ൩. പാഞ്ച് ൪. കൂട്ടത്തിൽഒരാൾ (മെമ്പർ) ൫. വേദത്തിന്റെയും സേനയുടെയും ഒരു ഭാഗം. ൬. (വ്യാകരണത്തിൽ) സാമാന്യക്രിയകളിൽ ഒന്ന്, വിശേഷണമായും അപ്രധാനമായും നിൽക്കുന്നത് അംഗം. 'ബ്രഹ്മാവ് കുംഭകർണ്ണനു കൊടുത്ത വരം ഉറക്കമായിരുന്നു' ഇതിൽ 'കൊടുത്ത'-അംഗം. ൭, ഭാഗം (വകുപ്പ്) ൮. ഗണിതശാസ്ത്രത്തിൽ ലഗ്നം. ൯. ൬ എന്ന അക്കം. (ആറു വേദാംഗങ്ങൾ ഉള്ളതിനാൽ.) ൧൦. മനസ്സ്. (ഉ-ം അംഗജൻ=മനസ്സിൽ ജനിക്കുന്നവൻ). ൧൧. ബംഗാളിൽ ഭാഗൽപ്പൂര് ഡിസ്ത്രിക്ട് ഉൾപ്പെട്ട സ്ഥലം.

അംഗചാത്രക-രാജാക്കന്മാർക്കും മററും ക്ഷൌരംചെയ്യുക.

അംഗമർദ്ദ(കാ)ൻ - കാൽമുതലായ അവയവം തിരുമ്മുന്നവൻ (തലോടുന്നവൻ)

അംഗമർദ്ദനം-കാൽ മുതലായ അവയവം തിരുമ്മുക (തലോടുക) മെയ്യുഴിയുക.

'സംവാഹനംമർദ്ദനംസ്യാൽ'
[സംവാഹനം, മർദ്ദനം ൨-ം, അംഗമർദ്ദനത്തിന്റെ പേർ.]

അംഗമന്ത്രം-ഒരുമാതിരി മന്ത്രം.

അംഗമർഷം-വാതവ്യാധി.

അംഗമഹീപതി-കർണ്ണൻ, അംഗദേശത്തിലെ രാജാവ്.

അംഗയജ്ഞം-ഒരുമാതിരി താഴ്ന്നതരം യാഗം.

അംഗരക-ചെറിയ ഉടുപ്പ്

അംഗരക്തം-കമ്പിപ്പാല, ഒരുവക ചാലുള്ള ചെറിയമരം.

അംഗരക്ഷ(ണം)-൧. ശരീരരക്ഷ(ണം) ൨. കുപ്പായം.

അംഗരക്ഷകൻ-ശരീരം കാക്കുന്നവൻ, ശരീരംകാത്തു(രക്ഷിച്ചു)നിൽക്കുന്നവൻ,

'രക്ഷിവർഗ്ഗസ്ത്വനീകസ്ഥഃ' (അമരം)
[രക്ഷിവർഗ്ഗം, അനീകസ്ഥം ൨-ം രാജാവിന്റെ അംഗരക്ഷകസമൂഹത്തിന്റെ പേർ].

അംഗരക്ഷിണി-൧. ഉടുപ്പ്, ചട്ട. ൨. ശരീരത്തെ രക്ഷിക്കുന്നവൾ.

അംഗരണം-മീററം.

അംഗരാഗം-കുറിക്കൂട്ട്, ശരീരത്തിൽ പൂശുന്ന സുഗന്ധദ്രവ്യം.

'മംഗലഗാത്രിയായൊരുതരുണിയെ
അംഗരാഗംനല്ലപാത്രത്തിൽവച്ചിട്ട്'
(ഭാഗവതം)

അംഗരാജൻ-കർണ്ണൻ. (അംഗദേശത്തിലെ രാജാവ്.)

അംഗരുഹം-ശരീരത്തിൽമുളച്ചുള്ള, രോമം

'വിഹംഗരാജാംഗരുഹൈരിവായതൈഃ'
(മാഘം)

അംഗലാവണ്യം-ശരീരശോഭ, സൌന്ദര്യം.

'അംഗലാവണ്യംകൊണ്ടംഗനമാർക്കുള്ളിൽ'
(വാതിൽതിറപ്പാട്ട്)

അംഗലി-മേത്തോന്നി എന്ന മരുന്ന്.

**അംഗലേപം** - ദേഹത്തിൽ പൂശുവാനുള്ള സുഗന്ധക്കൂട്ട്, കളഭം.

**അംഗലോഡ്യം** - പു. കാട്ടുവെള്ളരി. ൨. ഒരുമാതിരി പുല്ല്.

**അംഗല്യം** - വേപ്പ്.

**അംഗവം** - ഉണങ്ങിയ കായ്, പഴം, കനി.

**അംഗവളപ്പൻ** - ദേഹത്തിലുണ്ടാകുന്ന ഭയങ്കരമായ വീക്കം (നീര്). ഇതിനെ അങ്കാളപ്പൻ എന്നു പറയാറുണ്ട്. പക്ഷേ ഇങ്ങനെ പറയുന്നത് ഗ്രാമ്യമാകുന്നു.

**അംഗവസ്ത്രം** - ഉത്തരീയം, മേൽപ്പുടവ.

**അംഗവാക്യം** - (വ്യാകരണത്തിൽ ഒരു പ്രധാനവാക്യത്തിന്റെ അംഗമായത്.

**അംഗവികല** - വി. മുടന്തുള്ള, ശരീരത്തിന് അറ്റകുറ്റമുള്ള.

**അംഗവികൃതി** - ആട്ടക്കാരും മറ്റും ആടുമ്പോൾ കരചരണാദികൾകൊണ്ടു കാണിക്കുന്ന പ്രവൃത്തിഭേദം. ൨. അപസ്മാരം.

**അംഗവിക്ഷേപം** - ആട്ടക്കാരും മറ്റും ആടുമ്പോൾ കരചരണാദികൾകൊണ്ടു കാണിക്കുന്ന പ്രവൃത്തിഭേദം (ഗോഷ്ടി.) അംഗവിക്ഷേപം എന്നതിന് അംഗത്തിന്റെ പ്രേരണം എന്ന അർത്ഥം.

'അംഗഹാരോംഗവിക്ഷേപഃ' (അമരം)

[അംഗഹാരം, അംഗവിക്ഷേപം]

**അംഗവിദ്യ** - പു. വ്യാകരണശാസ്ത്രം. ൨. അവയവങ്ങൾ നോക്കി കുറിപറയുക. (ഗുണദോഷം പറയുക)

**അംഗവീരൻ** - പ്രധാന ശൂരൻ, മുഖ്യപരാക്രമി.

**അംഗവൈകല്യം** - ശരീരത്തിന്റെ മുടക്കം, അവയവങ്ങളുടെ മുടക്കം (ന്യൂനത)

**അംഗവൈകാര്യം** - അവയവങ്ങളുടെ ഭാവഭേദം, ശരീരത്തിന്റെ ഭാവഭേദം; ആംഗ്യം കാണിക്കൽ.

**അംഗവൈകൃതം** - ആംഗ്യം കാണിക്കൽ, അകമേയുള്ള വിചാരങ്ങളെ മുഖഭാവം കൊണ്ടു കാണിക്കൽ (അംഗവിക്ഷേപം നോക്കുക).

**അംഗവൈകൃത്യം** - (അംഗവികൃതി നോക്കുക).

'വികലാംഗസ്ത്വപോഗണ്ഡഃ' (അമരം).

വികലാംഗൻ, പോഗണ്ഡൻ - ൨-ം ജനിക്കുമ്പോൾ തന്നെ അംഗവൈകല്യമുള്ളവന്റെ പേർ. 'വികലാംഗസ്ത്വപൌഗണ്ഡഃ' എന്നും 'വികലാംഗസ്ത്വപോഗണ്ഡഃ' എന്നും പക്ഷാന്തരങ്ങൾ കാണുന്നു.

**അംഗവൈഗുണ്യം** - വിഷ്ണുഭജനത്തിലെ സങ്കല്പത്തിനുള്ള ന്യൂനത.

**അംഗവൈരൂപ്യം** - ശരീരത്തിന്റെ വിരൂപത (ഭംഗികേട്) അവയവങ്ങളുടെ ശോഭക്കുറവ്.

**അംഗസ്സ്** - ഒരു പക്ഷി.

**അംഗസത്വം** - ദേഹബലം.

**അംഗസംഗം** - പു. ദേഹസ്പർശം, അവയവത്തോടുചേരുക. ൨. ആലിംഗനം. ൩. സംയോഗം.

**അംഗസംജ്ഞം** - ആംഗ്യം.

**അംഗസംസ്കാരം** - ദേഹത്തെ ശുദ്ധമാക്കി വെക്കുക, ശരീരത്തെ വെടിപ്പാക്കുക.

'പരികർമ്മാംഗസംസ്കാരഃ' (അമരം)

പരികർമ്മം, അംഗസംസ്കാരം ൨-ം മലിനതകളഞ്ഞു ശരീരം വെടിപ്പാക്കുന്നതിന്റെ പേർ.

**അംഗസംഹതി** - പു. ശരീരബലം. ൨, സുലക്ഷണം, ഒത്തകണക്ക്, ചേർച്ച.

**അംഗസ്പർശം** - ശരീരത്തിൽ തൊടുക.
'അംഗസ്പർശം മമ സുലഭമ-
ല്ലെങ്കിലും നിങ്കലേവം' (മയൂരസന്ദേശം)

**അംഗഹാനി** - അവയവനാശം, കാലിന്റെയും മറ്റും മുടക്കം.

**അംഗഹാരം** - ആട്ടക്കാരും മറ്റും ആടുമ്പോൾ കരചരണാദികൾകൊണ്ടു കാണിക്കുന്ന പ്രവൃത്തിഭേദം. [അംഗവിക്ഷേപം നോക്കുക.] അംഗഹാരം എന്നതിന് അംഗത്തെ അന്യസ്ഥാനം പ്രാപിപ്പിക്കുക എന്നു വ്യുൽപത്തി.

**അംഗഹീനത** - ശരീരത്തിന്റെ അറ്റകുറ്റം (ന്യൂനത). അവയവങ്ങളുടെ കുറവ്

**അംഗഹീനൻ**-അവയവത്തിനോ അവയവങ്ങൾക്കോ ന്യൂനത തട്ടിയവൻ.

**അംഗാംഗിഭാവം** - അലങ്കാരത്തിന്റെ ഒരു പിരിവ്.

**അംഗാധിപൻ**-കർണ്ണൻ (അംഗദേശത്തിലെ രാജാവ്).

'സിന്ധുഭൂപനുമംഗാധിപനുമതുകണ്ടു
കന്ദീനന്ദനരഥം പൂട്ടീടുമശ്വങ്ങളെ'
(ഭാരതം)

**അംഗാധീശൻ** - (അംഗദേശത്തിലെ രാജാവ്) കർണ്ണൻ.

**അംഗാരം**-പ. തീക്കനൽ.

'ചലദളിഝങ്കാരംചെവികളിലംഗാരം'
(നളചരിതം കഥകളി)

വ. കരിക്കട്ട. ന. ചെമപ്പ് (ചെമന്ന നിറം). ർ. ചെമതേക്ക്. ഇ. കൊട്ടവേലി.

**അംഗാര**-വി. ചെമന്ന നിറമുള്ള.

'അംഗാരപ്രഭതേടുംത്രിഭുവന-
ഭംഗിയുമോമൽതിരുനാസികയും'
(വിഷ്ണുമായാചരിതം തുള്ളൽ)

**അംഗാരകം**-പ. തീക്കലം. വ. കരിക്കട്ട, തീപ്പൊരി. ന. (ചെമന്നപൂവുള്ള) മുരു കുറുഞ്ഞി. ർ. കയ്യോന്നി.

**അംഗാരകതൈലം**- പെരുംകുരുമ്പവേര് തുടങ്ങിയുള്ള ഏതാനും മരുന്നുകൾ ചേർത്തുണ്ടാക്കുന്ന എണ്ണ. ഇതു ജ്വരത്തിനു വളരെ നന്ന്.

**അംഗാരകൻ**-ചൊവ്വ എന്ന ഗ്രഹം. തീയെപ്പോലെ നിറമുള്ളവൻ; അവയവങ്ങളെ പീഡിപ്പിക്കുന്നവൻ; ഗമിക്കുന്നവൻ എന്നിങ്ങനെ വ്യുൽപത്തി. പര്യായത്തിന് 'ചൊവ്വ' എന്ന ശബ്ദം നോക്കുക.

**അംഗാരക**-ഒരു രാക്ഷസി.

**അംഗാരകമണി**-പവിഴം.

**അംഗാരകാരകൻ**- കരി ചുട്ടുണ്ടാക്കുന്നവൻ, കരിയെടുക്കുന്നവൻ. [ചെ

'ആരാമത്തിങ്കൽചെന്നുമാലാകാരനെപ്പോലെ
അരുമലത്തിലേക്കംഗാരകാരകന്റെ'
(ഭാരതം)

**അംഗാരകാരി**-വിറകുനീറ്റി കരിയുണ്ടാക്കുന്നവൻ.

**അംഗാരകിത**-വി. വറുത്ത, പൊരിച്ച.

**അംഗാരകുഷ്ഠകം**-ഹിതാവലി എന്ന ഔഷധം.

**അംഗാരഗ്രന്ഥികം**-ഹിതാവലി എന്ന ഔഷധം.

**അംഗാരധാനി(ക)**-തീച്ചട്ടി; നെരിപ്പോട്. കനൽ ഇതിൽ നിധാനം ചെയ്യുന്നതിനാൽ ഈ പേർ വന്നു.

**അംഗാരനേത്രൻ**-ശിവൻ. (കണ്ണിൽതീയോടുകൂടിയവൻ).

**അംഗാരപരിപാചിതം**-പൊരിച്ചമാംസം, പൊരിച്ച ആഹാരസാധനം.

**അംഗാരപാത്രി**-തീക്കലം, നെരിപ്പോട്.

**അംഗാരപുഷ്പം**-ഓടൽമരം. അംഗാരം (തീക്കനൽ) പോലെ പുഷ്പം ചെമന്നിരിക്കുന്നതിനാൽ ഈ പേർ വന്നു.

**അംഗാരബാഷ്പം**-ഒരു വായു.

**അംഗാരഭോജി**-ചകോരപ്പക്ഷി.

**അംഗാരമഞ്ജരി**-വലിയ ഉങ്ങ്.

**അംഗാരലോചനൻ**-ശിവൻ (കണ്ണിൽ തീയോടുകൂടിയവൻ).

'അംഗാരലോചനതുല്യൻഘടോൽക്കച-
നംഗേശനോടുമസുരവരനോടും'
(ഭാരതം)

**അംഗാരവട്ടക**-തീച്ചട്ടി, നെരിപ്പോട്.

**അംഗാരവർണ്ണൻ**-പാണ്ഡവരുടെ സഹായിയായ ഒരു ഗന്ധർവ്വരാജാവ്.

പാണ്ഡവന്മാർ അമ്മയുമായി ഏകചക്രയിൽ നിന്നു പാഞ്ചാലപുരിയിലേക്കു പോകുമ്പോൾ ഗംഗാതീരത്തുചെന്ന ഉടൻ അർദ്ധരാത്രിയായി. അർജ്ജുനൻ ഒരു കൊള്ളിയും മിന്നി ഗംഗകടക്കുന്നതിന് ആരംഭിച്ചു. അനന്തരം ഗംഗയിൽ സോമശ്രവായണം എന്ന തീർത്ഥത്തിൽ അംഗാരവർണ്ണൻ ഭാര്യയുമായി ക്രീഡിക്കുന്നതു കണ്ടു. എവിടെ പോകുന്നു എന്നുള്ള വിവരം പറയണമെന്നും അല്ലെങ്കിൽ യുദ്ധ

ത്തിന്നു തയാറായിക്കൊള്ളണമെന്നും അർജ്ജുനനോടു ഗന്ധർവ്വരാജൻ പറഞ്ഞു. അനന്തരം അവർ തമ്മിൽ ഘോരയുദ്ധം നടന്നു. ഫൽഗുനൻ അംഗാരവർണ്ണനെ കൊല്ലുന്നതിന്നു മുതിർന്നു. അതുകണ്ടു അവന്റെ ഭാര്യയായ കുംഭീനസി അർജ്ജുനന്റെ കാക്കൽവീണു ശരണംപ്രാപിച്ച് ഭർത്താവിനെ വധിക്കരുതെന്നു പ്രാർത്ഥിച്ചു. ഇതുകേട്ട് അർജ്ജുനൻ അവനെ വധിച്ചില്ല. പ്രാണരക്ഷ കിട്ടുകയാലും അർജ്ജുനന്റെ യുദ്ധസാമർത്ഥ്യം കാണുകയാലും ഗന്ധർവ്വശ്രേഷ്ഠൻ സന്തോഷിച്ച് അർജ്ജുനനു ചാക്ഷുഷി എന്ന വിദ്യ കൊടുത്തു. പകരം ആഗ്നേയമസ്ത്രം ഗന്ധർവ്വനേയും അർജ്ജുനൻ പഠിപ്പിച്ചു. അംഗാരവർണ്ണനു ചിത്രരഥൻ എന്നും പേരുണ്ട്. ഇപ്രകാരമാണ് അംഗാരവർണ്ണൻ പാണ്ഡവരുടെ മിത്രമായിത്തീർന്നത്.

**അംഗാരവർണ്ണം**-അംഗാരവർണ്ണൻ എന്ന ഗന്ധർവ്വന്റെ വക ഒരു വനം.

'അംഗാരവർണ്ണനെന്ന ഗന്ധർവ്വപ്രവരൻ്റെ-
യംഗാരവർണ്ണംമമനാമത്താൽ വനമിതും'
(ഭാരതം)

**അംഗാരവർണ്ണ**-ഇരുവൂൾമരം.

**അംഗാരവല്ലരി, അംഗാരവല്ലി(ക)**-പ. ചെറുതേക്ക്. ഒ. വലിയ മുങ്ങ്, മുങ്ങിൽ ഒരു വകഭേദം.

'അംഗാരവല്ലരീമൂലവല്ലൂലേനത്തൂതാമലം
മുഷൽകർപ്പൂരസംയുക്തം രജസ്സാമ്യകരം
(ഹോര) [പരം'

**അംഗാരവൃക്ഷം**-മാടൽമരം.

**അംഗാരവേണി**-ഒരുമാതിരി മുള.

**അംഗാരശകടി**-തെരിപ്പാട്, തീച്ചട്ടി

**അംഗാരസാര**-ഇരുവൂൾമരം.

**അംഗാരി**-പ. കന്നാൻ, മൂശാരി. ഒ. തീച്ചട്ടി. ന. പുളിയാരൽ.

**അംഗാരിക**-പ. തീക്കലം. ഒ. കരിമ്പിന്റെ തണ്ട്. ന. പ്ലാശിന്റെ മൊട്ട്.

**അംഗാരിണി**-ചെറിയ തീച്ചട്ടി.

**അംഗാരിത**-വി വറുത്ത, പൊരിച്ച.

**അംഗാരിതം**-പ്ലാശിന്റെ മൊട്ട്.

**അംഗി**-സാംഖ്യക്രിയകളിൽ ഒരിനം. വിശേഷമായും പ്രധാനമായും നിൽക്കുന്നതു് അംഗി 'ബ്രഹ്മാവു കാമകർണ്ണനു വരം കൊടുത്തു. അതു മുഖ്യമായിരുന്നു, ഇതിൽ 'കൊടുത്തു' അംഗി.

**അംഗിക**-ചട്ട.

**അംഗിരൻ, അംഗിരസ്സ്**-ഒരു പ്രജാപതിയും മഹർഷിയുമാണ്.

ഇദ്ദേഹത്തിന്റെ പത്നി കർദ്ദമന്റെ മകളായ ശ്രദ്ധയാകുന്നു. കൂടാതെ സ്മൃതി, സ്വധ, സതി എന്നിങ്ങനെ മൂന്നു ഭാര്യമാരും ഉണ്ട്. അംഗിരസ്സ് ബ്രഹ്മവിദ്യയിൽ ഒരുപാധ്യായനായിരുന്നു. ഇദ്ദേഹം ജ്യോതിഷഗ്രന്ഥങ്ങൾ ചമച്ചിട്ടുണ്ട്. ഊരുവിന് ആഗ്നേയിയിൽ ഉണ്ടായവനാണെന്നും, അഗ്നിയുടെ മകനാണെന്നും, അഗ്നിയുടെ അച്ഛനാണെന്നും, ബൃഹസ്പതിയെന്നും, ബൃഹസ്പതിയുടെ പിതാവെന്നും, വരുണൻ കഴിച്ച യാഗത്തിൽ നിന്ന് ഉത്ഭവിച്ച മൂന്ന് ഋഷികളിൽ ഒരുവനാണെന്നും പല കഥകൾ കാണുന്നു. അംഗിരസ്സ് ബ്രഹ്മാവിന്റെ പത്തു മാനസികപുത്രന്മാരിൽ ഒരുവനെന്നും പ്രജാപതികളിൽ ഒരാളാണെന്നും മററും പല അഭിപ്രായങ്ങൾ ഉണ്ട്.

**അംഗിരസൻ**-പരശുരാമാവതാരത്തിൽ വിഷ്ണുവിന്റെ ഒരു ശത്രു.

**അംഗീകരണം**-പ. കൈക്കൊള്ളുക. ഒ. പ്രതിജ്ഞചെയ്ക.

**അംഗീകരിക്കുക**-പ. കൈക്കൊള്ളുക. ഒ. പ്രതിജ്ഞചെയ്യുക.

'അംഗപ്രകാശമുദായോഭവാന്മാനീ-
മംഗീകരിച്ചരുൾകവാഞ്ഛിതമംഗനാനാം'
(ശ്രീകൃഷ്ണചരിതം)

**അംഗീകാരം**-പ. സ്വീകാരം (കൈക്കൊള്ളുക). ഒ. പ്രതിജ്ഞ, ന. സമ്മതം, ഉടമ്പടി.

അംഗീകാരം എന്നതിനു വിസമ്മതിച്ചതിനെ സമ്മതിക്കുന്നതു്, ആദ്യം സ്വീകരിക്കാതെയിരുന്നതിനെ സ്വീകരിക്കുന്നതു് എന്നു വ്യുൽപത്തി കാണുന്നു. അംഗീകാരം പ്രതിജ്ഞയുടെ പേരെന്നു് അമരം ഘോഷിക്കുന്നു.

**അംഗീകൃത**-വി. ൧. സ്വീകരിക്കപ്പെട്ട, കൈക്കൊള്ളപ്പെട്ട. ൨. പ്രതിജ്ഞ ചെയ്യപ്പെട്ട.

**അംഗീകൃതം**-സ്വീകരിച്ചതു (കൈക്കൊണ്ടതു).

**അംഗീകൃതി**-സ്വീകാരം (കൈക്കൊൾക)

**അംഗു**-കൈയ്.

**അംഗുലം**-൧. വിരൽ. ൨. എട്ടു യവത്തിന്റെ നീളം.

'കൊണ്ടങ്ങുചെന്നീടിനപാംശമെല്ലാം
രണ്ടംഗുലം നീളമതുന്നമായി'

(ശ്രീകൃഷ്ണചരിതം)

൩. പെരുവിരൽ. ൪. അരയാൽ.

**അംഗുലി(അംഗുലീ)**-൧. വിരൽ. (൧. അംഗുഷ്ഠം=തള്ളവിരൽ. ൨. തർജ്ജിനി=ചൂണ്ടുവിരൽ ൩. മദ്ധ്യമ=നടുവിരൽ. ൪ അനാമിക=മോതിരവിരൽ ൫. കനിഷ്ഠ=ചെറുവിരൽ.) ൨. ആനത്തുമ്പിക്കൈയ്.

'അംഗുലീയങ്ങളുംകൊണ്ടുവിളങ്ങീടു-
മംഗുലികളുംഹസ്തകടകവും'

(മുറജപപ്പാന)

**അംഗുലിതോരണം**-ചന്ദനം മുതലായവകൊണ്ടു നെററിയിൽ അൎദ്ധചന്ദ്രാകാരത്തിൽ കുറിയിടുക.

**അംഗുലിത്രാണകം**-ഒരുയന്ത്രം.

ഇതു് ആനക്കൊമ്പും മററും കൊണ്ടുണ്ടാക്കുന്നതാണ്. നീളം നാലു വിരൽ സുഷിരങ്ങളും രണ്ടുണ്ട്. ആകൃതി പശുവിൻ മുലപോലെയിരിക്കും. ഇതു വായു് വിടുക എന്ന ക്രിയയിങ്കൽ സുഖകരമാകുന്നു.

'അംഗുലീത്രാണകം മാന്തം
വൎക്ഷം വാചതുരംഗുലം
ദ്വിച്ഛിദ്രം ഗോസ്തനാകാരം
തദ്വക്ത്രാവിധൃതം സുഖം'

(അഷ്ടാംഗഹൃദയം)

**അംഗുലിത്രം, അംഗുലിത്രാണം**-വില്ലാളികൾ വിരലുകൾക്കു ഹാനി തട്ടാതിരിപ്പാൻ ഇടുന്ന ആവരണം.

'ബദ്ധഗോധാംഗുലിത്ര
യുക്തനായ്ഖഡ്ഗിയായ്സ-
ന്നദ്ധനായ്കവചിയായ്
ബ്രഹ്മനിൎമ്മിതമായി'

(ഭാരതം)

**അംഗുലിപഞ്ചകം**-അഞ്ചു വിരലുകൾ.

**അംഗുലിഫലം**-കോഴിയവര.

**അംഗുലിമാനം**-വിരൽ, കോൽ മുതലായതു കൊണ്ടുള്ള അളവ്.

'മാനം തുലാംഗുലിപ്രസ്ഥൈഃ' എന്നനുസരിച്ചു് മാനം-തുലാമാനം, അംഗുലിമാനം, പ്രസ്ഥമാനം ഇങ്ങനെ മൂന്നു വിധമാകുന്നു. തൂക്കി അളക്കുന്നതു് തുലാമാനം; വിരൽ, കോൽ മുതലായതുകൊണ്ടു അളക്കുന്നതു് അംഗുലിമാനം; ഇടങ്ങഴി, നാഴി എന്നിവകൊണ്ടു അളക്കുന്നതു് പ്രസ്ഥമാനം.

**അംഗുലിമുദ്ര, അംഗുലിമുദ്രിക**-മുദ്രമോതിരം.

'അംഗുലീമുദ്രയെടുത്തു ചാണക്യനും
തൽക്കരതാരിൽപിടിച്ചുനോക്കിനാൻ.'

(ചാണക്യസൂത്രം)

**അംഗുലിമോടനം**-൧. ഞൊട്ടയുടക്കുക. ൨. ഞൊടിക്ക.

**അംഗുലിസംഭൂതം**-നഖം. അംഗുലികളിൽ (വിരലുകളിൽ)നിന്നു സംഭൂതം (സംഭവിച്ചതു-ഉണ്ടായതു.)

**അംഗുലിസ്ഫോടനം**-൧. ഞൊട്ടയിടിക്ക ൨. ഞൊടിക്ക.

അംഗുലീയം, അംഗുലീയകം - മോതിരം. അംഗുലിയെ (വിരലിനെ) സംബന്ധിച്ചതെന്നർത്ഥം.

'ദേവനമമഹദിസപദിരംഭ്യപതിരനാരതം
തസ്യാംഗുലീയവുമുണ്ടുശിരസിമേ'
(അദ്ധ്യാത്മരാമായണം)

അംഗുഷ്ഠം - പെരുവിരൽ, തള്ളവിരൽ.

'അതുപൊഴുതുപവനസുതനതികൃശശരീരനാ
യംഗുഷ്ഠതുല്യനായുൾപ്പുക്കതളിനാൻ'
(അദ്ധ്യാത്മരാമായണം)

അംഗുഷ്ഠമാത്ര - പെരുവിരലോളമുള്ള. പും:—അംഗുഷ്ഠമാത്രൻ. സ്ത്രീ-അംഗുഷ്ഠമാത്രി.

അംഗുഷ്ഠ്യം - തള്ളവിരലിലെ നഖം. അംഗുഷ്ഠത്തിൽ ഭവിച്ചത് എന്നർത്ഥം.

അംഗ്രഷം - അഗ്ര്യം.

അംഗേശൻ - കർണ്ണൻ. അംഗദേശത്തിലെ രാജാവാകയാൽ ഈ പേർ വന്നു.

'ഇത്ഥമധിക്ഷേപവാക്കുകേട്ടംഗേശ-
നേത്രയുംകോപിച്ചുട്ടത്തുയുദ്ധംചെയ്താൻ'
(ഭാരതം)

അംഗേശ്വരൻ - കർണ്ണൻ. അംഗദേശത്തിലെ രാജാവ്.

'തുംഗനതാകിയ രുക്മിണിസുതനോടു-
മംഗേശ്വരനാം കർണ്ണനുമേറ്റ'
(കൃഷ്ണാർജ്ജുനവിജയം തുള്ളൽ)

അംഘ് - ൧. പുറപ്പെടുക. ൨. ബദ്ധപ്പെടുക. ൩. നിന്ദിക്ക.

അംഘസ്സ് - പാപം.

അംഘ്രി - ൧. പാദം. ഏതുകൊണ്ടു നടക്കുന്നുവോ അത് അംഘ്രി. ൨. വൃക്ഷാദികളുടെ വേർ. മനുഷ്യർക്കു പാദം എന്നപോലെ വൃക്ഷങ്ങൾക്കു വേരുള്ളതുകൊണ്ടു ഈ പേർ വന്നു. ൩. നാല്. പാദശബ്ദം നാല് എന്ന അർത്ഥത്തെ കുറിക്കുന്നതാകുന്നു. (അംഘ്രിശബ്ദം നോക്കുക).

അംഘ്രിനാമകം - മുരട്, വൃക്ഷത്തിന്റെ ചുവട്.

അംഘ്രിപം - വൃക്ഷം. പാദം (വേർ) കൊണ്ടു പാനം ചെയ്യു (കുടിക്കു)ന്നതിനാൽ ഈ പേർ വന്നു.

അംഘ്രിപർണ്ണി, അംഘ്രിപർണ്ണിക - ഓരില.

അംഘ്രിവല്ലി, അംഘ്രിവല്ലിക - ഓരില.

അംഘ്രിബല - ഓരില.

അംഘ്രിസ്കന്ധം - കാൽ പെരുവിരലിന്റെ സന്ധി, പുറംകാൽ.

അങ്ങനെ - അപ്രകാരം. (അങ്ങിനെ നോക്കുക.)

അങ്ങ് - അവ്യയം. ൧. ആ സ്ഥലത്തിൽ, അവിടെ. ൨. ദൂരെ.

അങ്ങ് - ൧. അവിടുന്ന്. ബഹുമാനമുള്ളവരെ നീ എന്നു പറയുന്നതിനു പകരം ഉപയോഗിച്ചുവരുന്ന വാക്ക്. വിപരീതപദം--ഇങ്ങ്).

അങ്ങാടി - വരിവരിയായകച്ചവടസ്ഥലം.

'അങ്ങാടികളിലുമാൽത്തറമേലും
ഭംഗ്യാനിന്നിതു ഘോഷം കണ്ടവർ'
(ഘോഷയാത്ര തുള്ളൽ)

'വിപണിഃ പണ്യവീഥികാ' എന്നമരം. [വിപണി, പണ്യവീഥിക] ൨-ം അങ്ങാടിത്തെരുവിന്റെ പേർ. ആപണം, നിഷദ്യ എന്നു രണ്ടുംകൂടി ഉൾപ്പെടുത്തി ൪ പേരുണ്ടെന്നും അഭിപ്രായമുണ്ട്.]

അങ്ങാടിക്കാരൻ - സാമാനങ്ങൾ വിൽക്കുന്നവൻ, അങ്ങാടിയിൽ ഇരുന്നു സാമാനങ്ങൾ വിലയ്ക്കു കൊടുക്കുന്നവൻ.

അങ്ങാടിച്ചരക്ക് - വിലയ്ക്കു കൊടുപ്പാനുള്ള സാമാനങ്ങൾ.

അങ്ങാടിത്തോലി - അങ്ങാടിയിൽ നിന്നു സാമാനം വാങ്ങുമ്പോൾ അറിയാതെ കൂടുതൽ വിലകൊടുത്തു പോവുക, ന്യായമായ വില അറിഞ്ഞു വാങ്ങുന്നതിനു വിവരമില്ലായ്ക.

'ഏങ്ങാളേറെയെന്നതുചെയ്യുകൊള്ളുമിപ്പോ-
ളങ്ങാടിത്തോഴിയങ്ങമ്മയോടെ'

(കൃഷ്ണഗാഥ)

**അങ്ങാടിത്തോലിയം**-വിലയ്ക്കു വാങ്ങുകയും കൊടുക്കുകയും ചെയ്യുന്നതിലുള്ള മായം. (കൃത്രിമം, ഉരുട്ടു, ചതി.)

**അങ്ങാടിപ്പാട്ടു**-പട്ടണ (നഗര)ത്തിലുള്ള പാട്ടു്.

**അങ്ങാടിപ്പീടിക**-അങ്ങാടിത്തെരുവിലുള്ള കച്ചവടപ്പുര.

**അങ്ങാടിമരുന്നു**-കടകളിൽ കൊണ്ടുവന്നു വച്ചു വിൽക്കുന്ന ഉണക്കമരുന്നു.

**അങ്ങിട്ടു്**-അവിടെ. (ഇങ്ങിട്ടു് = ഇവിടെ) ഈ പ്രയോഗം തെക്കൻദിക്കുകളിൽ നടപ്പില്ല. (അങ്ങിട്ടിങ്ങിട്ടു് = അവിടെയും ഇവിടെയും).

**അങ്ങിനെ, അങ്ങനെ**-അപ്രകാരം, അപ്രകാരം.

പഴയ കൃതികളിൽ അധികവും 'അങ്ങിനെ' എന്നു കാണുന്നു. വടക്കൻ ദിക്കുകളിലെ പ്രയോഗവും അപ്രകാരം തന്നെയാണു കാണുന്നതു്. തെക്കൻ ദിക്കുകളിൽ 'അങ്ങനെ' എന്നു എഴുതുക നടപ്പായിരിക്കുന്നു. 'അനെ' എന്നതിനു ആ വിധം എന്നർത്ഥം പറയുന്നു.

'അങ്ങിനെയുള്ളമരങ്ങളിന്നിങ്ങിനെ
അങ്ങിനെകാണായതെങ്കിലിപ്പോൾ'
'ഇങ്ങിനെചൊന്നവർവാഴ്ത്തിനനേരത്തു'

(കൃഷ്ണഗാഥ)

**അങ്ങിനത്തെ**-വി. അവ്വണ്ണമുള്ള, അതുപോലെയുള്ള, അപ്രകാരമുള്ള.

**അങ്ങില്ലാപ്പൊങ്ങു്**-വെള്ളത്തിലുണ്ടാകുന്ന ഒരുമാതിരി ചെടി (ഔഷധം)

**അങ്ങുന്നു്**-പ്ര. അവിടെനിന്നു്. ഉ. വലിയ ഉദ്യോഗസ്ഥന്മാരെ നീ എന്നുപറയുന്നതിനു പകരം ഉപയോഗിക്കുന്ന വാക്കു്. അങ്ങുനിന്നു് എന്നതു 'അങ്ങുന്നു്' എന്നായി. 'അങ്ങുന്നേ' എന്നു സംബോധന

'അങ്ങുന്നു് അകത്തുണ്ടാകണം. പൊന്നുതമ്പുരാനെൻറതിരുവുള്ളമങ്ങാപ്പുറത്ത്
ഉണ്ടാകട്ടെ'

(അഭിജ്ഞാനശാകുന്തളം)

**അങ്ങൂട്ടു്** (അങ്ങോട്ടു്, അങ്ങോട്ടു്) അവിടത്തെ, ആ ഭാഗത്തു്.

(ഊടു എന്ന പദത്തിനു മദ്ധ്യം, അകം, തവണ(പ്രാവശ്യം), പ്രധാനഭാഗം, ഇടയിൽ ചേർക്കുക, സൂക്ഷ്മം എന്നീ അർത്ഥങ്ങൾ കാണുന്നു.)

**അങ്ങൂട്ടു**-അങ്ങേവീട്ടിൽ.

**അങ്ങേ, അങ്ങേത്തെ**-വി. അവിടത്തെ, നിന്നെ സംബന്ധിച്ച അങ്ങേടെ എന്നു പറയുന്നതിനെക്കാൾ അങ്ങയുടെ എന്നു പ്രയോഗിക്കുന്നതു നന്നു്. ഉ-ം, 'അങ്ങയുടെ അഭിപ്രായം'.

**അങ്ങേക്കൂറു**-അയൽപക്കം, അടുത്ത ഗൃഹം.

'അങ്ങേരവളെപ്പിരിഞ്ഞൊരുനാഴിക
അങ്ങേക്കൂറിൽപോലുംപോകയുമില്ല'

(കുംഭകർണ്ണവധം തുള്ളൽ)

**അങ്ങേടം**-ആ സ്ഥലം. അങ്ങേ(ആ)ഇടം (സ്ഥലം.)

**അങ്ങേതു്**-അടുത്തവീടു്, അയൽവീടു്. അവിടുത്തേതു്.

**അങ്ങേൻ**-അവൻ എന്നതിനു പകരം മാനിച്ചുപറയുന്നവാക്കു്, അങ്ങുള്ളവൻ, അയാൾ, (പഴയപ്രയോഗമാകുന്നു)

**അങ്ങേർ**-അങ്ങുള്ളവർ, അവർ, അയാൾ

'അങ്ങേരവളെപ്പിരിഞ്ഞൊരുനാഴിക'

(കുംഭകർണ്ണവധം തുള്ളൽ)

**അങ്ങേയവർ**-അങ്ങുള്ളവർ, അവർ.

**അങ്ങേവർ**-അങ്ങുള്ളവർ, അവർ

**അങ്ങോട്ടു്**-ആ ഭാഗത്തെയ്ക്കു്, ആ സ്ഥലത്തെയ്ക്കു്, അവിടേയ്ക്കു്. (അകത്തോട്ടു് എന്ന ശബ്ദം നോക്കുക.)

**അങ്ങോൻ**-അവൻ എന്നതിനു പകരം ബഹുമാനാർത്ഥം പ്രയോഗിക്കുന്നതെങ്ങനെ

അങ്ങോര്‌-അദ്ദേഹം, അവൻ എന്നതിന പകരം ബഹുമാനസൂചകമായി പറയുന്ന ഒരു വാക്ക്.

'അങ്ങോർ അതിൽ എന്തോ ഒരു സൂക്ഷ്മസംഗതി കണ്ടു പിടിച്ചിട്ടുണ്ട്'

(കഥാരത്നമാല)

'അങ്ങോരായതുകേട്ടുകയൎത്തുട-
നങ്ങോട്ടുംപലവാക്കുപറഞ്ഞു'

(രുക്മിണീസ്വയംവരം തുള്ളൽ)

അച്‌-പോവുക, അനങ്ങുക, ബഹുമാനിക്കുക, അപേക്ഷിക്കുക.

അചക്ര-വി. ൧. ചക്രം (ഉരുൾ)ഇല്ലാത്ത. ൨. നീങ്ങാത്ത, അനങ്ങാത്ത. ൩. വിറയ്ക്കാത്ത.

അചക്ഷു-വി. കാഴ്ചയില്ലാത്ത.

അചക്ഷുസ്സ്‌-൧. ചീത്തക്കണ്ണു. ൨. കാഴ്ചയില്ലാത്തവൻ.

അചഞ്ചല-വി. ചഞ്ചലം (ഇളക്കം) ഇല്ലാത്ത; ഉറപ്പുള്ള.

അചണ്ഡ-വി. ക്രൂരതയില്ലാത്ത.

അചണ്ഡൻ-അക്രൂരൻ, ക്രൂരതയില്ലാത്തവൻ.

അചണ്ഡി-൧ കോപമില്ലാത്തവൾ. ൨. ഇണങ്ങിയ പശു.

'സ്യാദചണ്ഡീതുസുകരാ' എന്നമരം

(അചണ്ഡി, സുകര-൨-ം, ഇണക്കമുള്ള പശുവിന്റെ പേർ.)

അചതുര-വി. ൧. സാമൎത്ഥ്യമില്ലാത്ത. ൨. നാലല്ലാത്ത.

അചപല-വി. ചപലം (ഇളക്കം) ഇല്ലാത്ത

അചര-വി. ചരിക്കാത്ത, സഞ്ചരിക്കാത്ത.

'സഗുണനഗുണനായതും നീ
സകലചരാചരജീവനായതും നീ'

(ശ്രീകൃഷ്ണചരിതം)

ചരാചരങ്ങൾ, ചരങ്ങളും (ജംഗമങ്ങളും), അചരങ്ങളും (സ്ഥാവരങ്ങളും) ജംഗമങ്ങൾ ഇളകുന്നവ. സ്ഥാവരങ്ങൾ-ഇളകാത്തവ.

അചരരാശി-ചരരാശികൾ അല്ലാത്തവ ഇടവം, ചിങ്ങം, വൃശ്ചികം, കുംഭം ഇവ ൪-ം.

അചരമ-വി. അവസാനത്തതല്ലാത്ത.

അചല-വി. ചലം (ഇളക്കം) ഇല്ലാത്ത.

അചല-ഇളകാത്തതു്, പൎവ്വതങ്ങളോടുകൂടിയതു്. ആകാശരഹിതം.

അചലകന്യക—പാൎവ്വതി. അചലം (പൎവ്വതം), കന്യക (പുത്രി). പാൎവ്വതി ഹിമവാൻ പൎവ്വതത്തിന്റെ പുത്രിയാകയാൽ ഈ പേരുണ്ടായി. അചലശബ്ദത്തോടു 'പുത്രി' എന്നൎത്ഥമുള്ള ശബ്ദം ചേൎത്താൽ പാൎവ്വതി എന്നൎത്ഥം ഉണ്ടാകും.

അചലകീല-ഭൂമി.

അചലജാത - വി. പൎവ്വതത്തിൽനിന്നുണ്ടായ.

അചലജ-പാൎവ്വതി. പൎവ്വതത്തിന്റെപുത്രി, പൎവ്വതത്തിനു ജനിച്ചവൾ.

അചലതരം-അനക്കംകൂടാതെ.

അചലതമം-ഒട്ടും അനക്കംകൂടാതെ.

അചലദ്വേഷി-ഇന്ദ്രൻ.

ഇന്ദ്രൻ പൎവ്വതങ്ങളുടെ ചിറകുകളെ മുറിച്ചതുകൊണ്ടു ഈ പേരുണ്ടായി. പണ്ടു പൎവ്വതങ്ങൾക്കു ചിറകുണ്ടായിരുന്നു എന്നുള്ളതു പുരാണപ്രസിദ്ധമാണല്ലൊ.

അചലനന്ദിനി-പാൎവ്വതി, പൎവ്വതത്തിന്റെ പുത്രി. ഹിമവാന്റെ മകൾ.

'അഖിലശീൎവ്വാണതരുണിമാൎക്കുമ്പ-
മചലനന്ദിനീബാല'

(കിരാതം കഥകളിപ്പാട്ട്)

അചലൻ-൧. ശിവൻ ൨. ഗാന്ധാരരാജാവിന്റെ ഒരു പുത്രൻ.

അചലപതി-പൎവ്വതരാജാവ്.

അചലം-൧. പൎവ്വതം. ൨. ഇളക്കമില്ലാത്തതു്. (പൎയ്യായങ്ങൾക്കു പൎവ്വതം എന്ന ശബ്ദം നോക്കുക.)

അചലരാട്ട്-പൎവ്വതരാജാവ്.

അചലാ-ഭൂമി. (പര്യായങ്ങൾക്കു ഭൂമി എന്നതു നോക്കുക.)

അചാഞ്ചല്യം - അചഞ്ചലത. ചഞ്ചലത (ഇളക്കം) ഇല്ലാത്ത.

അചാതുര്യം-ചാതുര്യം (ചതുരത, സാമർത്ഥ്യം) ഇല്ലായ്ക.

അചാപല-ഉറപ്പുള്ള, ഇളക്കമില്ലാത്ത.

അചാപലം, അചാപല്യം-ഇളക്കം ഇല്ലായ്മ. ഉറപ്പ്.

അചാലനം-ചാലനം(ഇളക്കം) ഇല്ലായ്മ.

അചിക്കണം-പരുഷം, കഠിനം.

അചിത്ത്-ചിത്ത് (ജ്ഞാനം, അറിവ്) ഇല്ലാത്ത, ദൈവഭക്തിയില്ലാത്ത.

അചിത്ത-വി. അഗോചരമായ. വിചാരിച്ചിരിക്കാത്ത. ൨. മന്ദബുദ്ധിയായ.

അചിത്തം-മനസ്സില്ലാതെ, മനസ്സുകൂടാതെ.

അചിത്തി-മൂഢത.

അചിന്തനീയ-വി. വിചാരിക്കത്തക്കതല്ലാത്ത.

അചിന്തിതം-ചിന്തിതം, (ചിന്തിക്കപ്പെട്ടത്, വിചാരിക്കപ്പെട്ടത്) അല്ലാത്തത്.

'അചിന്തിതം കേട്ടഥ കണ്ണുശല്യം-
വചസ്സമീയം ഭൃശവിക്ലബാത്മാ'
(ഉത്തരരാമായണം ചമ്പു)

അചിന്ത്യ-വി. ചിന്ത്യം (വിചാരിക്കത്തക്കതു) അല്ലാത്ത, വിചാരിക്കപ്പെടുവാൻ കഴിയാത്ത.

അചിന്ത്യൻ—ഈശ്വരൻ, ദൈവം, ശിവൻ.

അചിന്ത്യജം-രസം.

അചിരം-ചിരം (ഏറെക്കാലം) ഇല്ലാത്ത.

അചിരദ്യുതി-മിന്നൽ, ഇടിവാൾ.

അചിരപ്രഭ-മിന്നൽപിണർ.

അചിരപരിചിതൻ-തൽക്കാലം പരിചയിക്കപ്പെട്ടവൻ.

അചിരഭാസ്സ്-മിന്നൽ.

അചിരരോചിസ്സ് -മിന്നൽ.

അചിരാൽ-താമസംകൂടാതെ, വേഗം.

അചിരാഭ-മിന്നൽ.

അചിരായ-(അവ്യയം) താമസംകൂടാതെ, വേഗം.

അചിരാംശു-മിന്നൽ.

അചിരേണ-താമസംകൂടാതെ, വേഗം.
'സിന്ധുവളരേണമചിരേണഹരശംഭോ'
(പതിന്നാലുവൃത്തം)

അചേതന-വി. ൧. ജീവനില്ലാത്ത. ൨. ചൊടിപ്പില്ലാത്ത. ൩. അറിവില്ലാത്ത.

അചേതസ്സ്-വി. ബുദ്ധിയില്ലാത്ത, ജീവനില്ലാത്ത.

അചേതാന — വി. മന്ദബുദ്ധിയായ, ബോധമില്ലാത്ത, നേരില്ലാത്ത. (വേദത്തിലെ പ്രയോഗമുള്ളു.)

അചേഷ്ട-വി. [നാസ്തിചേഷ്ടായസ്യ] ചേഷ്ട (ക്രിയ, പ്രവൃത്തി) ഇല്ലാത്ത, വ്യാപാരമില്ലാത്ത, അനക്കമില്ലാത്ത.

അചൈതന്യം-വി. ൧ വിശേഷജ്ഞാനമില്ലാത്ത, ബോധം (അറിവു) ഇല്ലാത്ത. ൨. ബുദ്ധിമാന്ദ്യമുള്ള.

അച്ച-അമ്മ. തമിഴിൽ—അത്തൈ.
'അച്ചതന്നുടെ മുലനൽകേണം'
(വൈരാഗ്യചന്ദ്രോദയം)

അച്ചൻ-൧. സ്ഥാനവലിപ്പമുള്ളവരെ പറയുന്ന പേർ. ൨. ചില രാജവംശങ്ങളിൽ പുരുഷന്മാർക്കുള്ള ബഹുമാനപ്പേര-കോമിയച്ചൻ, പാലിയത്തച്ചൻ ഇത്യാദി. ൩. ചിലർ അമ്മയുടെ സഹോദരനെ വിളിക്കുന്ന പേർ. ൪. പിതാവു, പിതൃ, ജ്യേഷ്ഠൻ. ൫. ചില ജാതിപ്പേരിന്റെയും പേരിന്റെയും ഒടുക്കം ചേർത്തു പറയുന്ന വാക്ക്. ഈ സ്ഥാനവലിപ്പത്തെയും ബഹുമാനത്തെയും കാണിക്കുന്നവാക്ക്. (ഉ-ം, കരണച്ചൻ.) തമിഴിൽ-അത്തൻ, കർണ്ണാടകത്തിലും തുളുവിലും 'അജ്ജൻ'.

അച്ചൻകോവിൽമല- തിരുവിതാംകൂറിൽ ചെങ്കോട്ട താലൂക്കിലുള്ള ഒരു മല.

**അച്ച്**-അ മുതൽ പതിനാറു അക്ഷരങ്ങൾ കൂടി ഒന്നായ പേർ.

**അച്ച്**-൧. അക്ഷരങ്ങൾ കൊത്തീട്ടുള്ള ആണി. ൨. അച്ചുതണ്ട്, അച്ചുതടി. ൩. കടച്ചിൽവേലയ്ക്കുള്ള ഒരു യന്ത്രം. ൪. ഒരുതരം ചെറിയ പുഴു. ൫. രാജമുദ്ര (ആധാരം മുതലായവയിൽ കുത്തുന്നത്) ൬. രൂപങ്ങൾ അടിച്ചെടുക്കുന്ന മാതൃക. ൭. അച്ചടിക്കുന്ന യന്ത്രം, ൮. പതിനാറു രാശി (൧൬൦ ചക്രം.) ൯. നെയ്യുന്നവരുടെ നൂൽ അടുപ്പിക്കുന്ന കോൽ (മുള). ൧൦. ഒററ് (അക്ഷരശ്ലോകത്തിൽ അച്ചു കൊള്ളുക)

അക്ഷരശ്ലോകമോതീടിൽ
അച്ചുകൂടാതെ ചൊല്ലണം
അച്ചുകൂടാതെ ചൊല്ലീടിൽ
അരക്കൈയ്ക്കു വള നൽകുവൻ'

൧൧. ചെറിയ നത്ത. തമിഴിൽ ഇതിന് നത്തു്, അചല എന്നു പറയും.

**അച്ചടക്കം**-ബഹുമാനം, ഭക്തി, ഉള്ളിലെ പേടി, ലജ്ജ, ശങ്ക.

**അച്ചടി, അച്ചടിപ്പ്**-൧. രൂപങ്ങളെയും അക്ഷരങ്ങളെയും കടലാസ്സിൽ പതിച്ചെടുക്കുക. ഈ വക രൂപങ്ങൾ വാർപ്പുണ്ടാക്കിയവയായിരിക്കും ൨. ഒരു മന്ത്രിശീലക്ക് 'അച്ചടി' എന്നു പറയാറുണ്ട്.

'അച്ചടി കോസടി കച്ചകരിമ്പടം'
(ഹരിണീസ്വയംവരം തുള്ളൽ)

**അച്ചടിക്കരുക്കൾ**-അക്ഷരങ്ങൾ കൊത്തുള്ള ആണികൾ. ഇവ പല മാതിരിയുണ്ട്. ഗ്രേറ്റ്പ്രൈമർ, ഇംഗ്ലീഷ്, പൈക്കാ, സ്മാൾപൈക്കാ, ലാംഗ്പ്രൈമർ മുതലായവ.

**അച്ചടിക്കാരൻ**-അച്ചടിക്കുന്നവൻ.

**അച്ചടിക്കുക**-കരുപ്പിടിക്കുക.

**അച്ചടിമഷി**-അച്ചടിപ്പാനുള്ള മഷി. ഇതു എണ്ണചേർത്തു നിർമ്മിക്കുന്നതാണ്. അതിനാൽ ഒരിക്കൽ കടലാസിൽ പതിഞ്ഞതിനെ മായ്ക്കുവാൻ സാധിക്കുന്നതല്ല.

**അച്ചടിയന്ത്രം**-അക്ഷരങ്ങളും രൂപങ്ങളും മററും പതിച്ചെടുക്കുന്നതിനുള്ള സൂത്രം.

റോമാപട്ടണമാണു അച്ചടിയന്ത്രത്തിന്റെ ജന്മഭൂമിയെന്നു റിസ്റ്റാലി എന്ന മഹാൻ അഭിപ്രായപ്പെടുന്നു, ജർമ്മനിയാണെന്നു ജർമ്മനിയും ഫ്രാൻസാണെന്നു ഫ്രാൻസും തർക്കിക്കുന്നുണ്ട്. അച്ചടിവിദ്യ ആദ്യം ചീനത്തു ഉത്ഭവിച്ചതായി നമുക്ക വാദിക്കാം. കടലാസുണ്ടായതു ആദ്യമായി അവിടെ ആണല്ലോ. കടലാസും അച്ചടിയും ആപ്തമിത്രങ്ങളാണെന്നുള്ളതിൽ പക്ഷാന്തരമെന്തുള്ളു. ഈ വിദ്യയെക്കുറിച്ചു സ്പഷ്ടമായ അറിവ് നമുക്കു കിട്ടീട്ടു ഇപ്പോൾ ൫൦൦ വർഷം ഇരിക്കും. അച്ചടിവിദ്യ ഒന്നാമതായി കണ്ടുപിടിച്ചതു ലോറൻ കാസ്റ്റൻ എന്ന മഹാനാണ്. ഇദ്ദേഹം ഡച്ചുദേശമായ ഹാർലം നഗരത്തിലെ ഒരു പള്ളിയുടെ വാർഡനായിരുന്നു. ഇദ്ദേഹം കുട്ടികളെ കളിപ്പിപ്പാൻ മരത്തൊലിയിൽ അക്ഷരങ്ങൾ കൊത്തി കടലാസിൽ പൊതിഞ്ഞു ഉടുപ്പിന്റെ ചേപ്പിൽ ഇടുക പതിവായിരുന്നു. ഒരിക്കൽ അവയെ എടുത്തു നോക്കിയപ്പോൾ അക്ഷരങ്ങൾ കടലാസിൽ പതിഞ്ഞുകണ്ടു. ഇങ്ങിനെയാണ് അച്ചടിവിദ്യയുടെ ഉത്ഭവം. പിന്നീടു പലരുടെയും സഹായം കൊണ്ടു അഭിവൃദ്ധിയിൽവന്നു, ഇപ്പോൾ വിദ്യുച്ഛക്തികൊണ്ടു പണിചെയ്യുന്ന അച്ചടിയന്ത്രങ്ങൾ ഉണ്ട്. ആ യന്ത്രത്തിൽ മണിക്കൂറൊന്നിനു ലക്ഷത്തിലധികം പ്രതികൾ വരെ കിട്ടും. കല്ലച്ചു എന്നതു മറെറാരുവിധം യന്ത്രമാകുന്നു. ഇതിനു കരുക്കൾ വേണ്ട. ഒരു പ്രതി എഴുതിയാൽ ആവശ്യമുള്ള പ്രതികൾ അതിൽനിന്നെടുക്കാം. ക്രിസ്തുവർഷം ൧൭൯൬ നു കൊല്ലവർഷം ൯൭൦-ലാണിതുണ്ടായത് മല

യംകുത്തിൽ ആദ്യം അച്ചുക്കൂടം സ്ഥാപിച്ചതു്. ഇതു കൊണ്ടുവന്നതു് ജെസ്യൂട്ട് പാതിരിമാരാകുന്നു. ആദ്യം സ്ഥാപിച്ച അച്ചുക്കൂടം കൊടുങ്ങല്ലൂരിനു സമീപം അമ്പലക്കാട്ട് എന്ന നഗരത്തിലായിരുന്നു.

അച്ചടിയോല-രാജമുദ്ര പതിച്ച ഓല.

അച്ചടിശാല-അച്ചുക്കൂടം.

അച്ചടിശ്ശീല-രൂപങ്ങൾ പതിച്ചെടുക്കുന്ന തുണി.

അച്ചട്ട-സൂക്ഷ്മം, ഉറപ്പ്, തികവ്.

അച്ചം-ഭയം.

'അച്ചമില്ലാത നൃപന്മാർക്കവനിയിൽ'
(ഭഗവൽഗീത)

അച്ചാരം-വല്ലതും തരാമെന്നോ വാങ്ങിക്കാമെന്നോ പറഞ്ഞു് ഒതുങ്ങി ഒരു തുക തീർച്ചപ്പെടുത്തി ഉറപ്പിനായിട്ടു കുറച്ചു പണം (ദ്രവ്യം) മുമ്പേറ കൊടുക്കുക.

'ഞാൻ ഇതു് വിലയ്ക്കു തരാം' 'ഞാൻ ഇതു വിലയ്ക്കു വാങ്ങിച്ചുകൊള്ളാം' എന്നിപ്രകാരം പറയുന്നതിൻെറ പേർ.

'ക്ലീബേ സത്യാപനം സത്യംകാരസ്സത്യാകൃതിഃസ്ത്രിയാം' എന്നമരം.

(സത്യാപനം, സത്യംകാരം, സത്യംകൃതി ഇവ ന-ം അച്ചാരത്തിൻെറ പര്യായങ്ങൾ ആകുന്നു. സത്യാപനം എന്നമാകാം)

അച്ചി-പ്ര. നായർസ്ത്രീ.

'മാമുനി ശൂദ്രനായപ്പോൾ
കാമിനി അച്ചിയായ്പ്പുന്നു'
(നാളായണീചരിതം തുള്ളൽ)

വ. അമ്മ. ന. വൃദ്ധമാതമായി വയസ്സിനു മൂത്തവരെ പറയുന്ന ഒരു വാക്ക്. (അച്ചൻ എന്നതു നോക്കുക.)

ഉ-ം, 'അക്കച്ചി, അമ്മച്ചി'.

അച്ചിക്കാരപ്പ്-കൊട്ടരങ്ങളിലും ക്ഷേത്രങ്ങളിലും മററും അടിച്ചുതളിക്കുന്ന സ്ത്രീകളുടെ മേൽവിചാരക്കാരൻ.

അച്ചിങ്ങ(അത്തിങ്ങ, അന്നിക്ക)-ചെറിയ പയറ്, ചെറിയ അമരയ്ക്ക. ഇതിനെ അച്ചിങ്ങഎന്നും പറയുന്നുണ്ട്. 'അച്ചിങ്ങ പീച്ചങ്ങ കെവ്വെയ്ക്കു പാവയ്ക്ക' എന്ന നമ്പ്യാരുടെ പ്രയോഗം കാണുക.

അച്ചിട്ടുക-അച്ചടിക്കുക.

അച്ചിമട്ടം-ഒരുതരം കതിരം.

അച്ചിരി-പ്ര. കോപത്തോടുകൂടിയുള്ള ചിരി, അട്ടഹാസം.

'തച്ചിതുരീമൻതരിച്ചിതുകൈകളും
ഉച്ചത്തിലൊച്ചപൊങ്ങീനിലത്തെല്ലായാൽ
അച്യുതൻകൂടെചിരിച്ചാനതുനേരം-
മച്ചിരിപൂണ്ടാനനിലതനയനും'
(ഭാരതം)

വ. മുഖത്തിനു വാട്ടമുണ്ടാക. ന. ലജ്ജയോടുകൂടിയ ചിരി.

അച്ഛൻചൊന്നതുകേട്ടി-
ട്ടച്ചിരിവന്നാകിൽ
നിശ്ചയംപൊറുക്കുന്ന
തന്നാല്യമെന്നാനവൻ'
(ഭാരതം)

ഇവിടെ 'അച്ചിരിവന്നാകിൽ' എന്നതിനു 'പരിഹാസമുണ്ടായാൽ' എന്നർത്ഥം.

അച്ചോ-അ. അയ്യോ, കഷ്ടം. അച്ഛോ എന്നും പറയാറുണ്ട്. വേദനയോ വ്യസനമോ ആശ്ചര്യമോ തോന്നുമ്പോൾ ഉപയോഗിക്കുന്നതാകുന്നു.

'അച്ചോ! നീലംനിറമളികൊളുംകുന്തൽ'

അച്ഛ-വി. നിർമ്മലമായ, തെളിവുള്ള. സ്ഫടികമെന്നുള്ള പദവിക്കാതു് എന്നവ്യുൽപത്തി.

'പൂരഃപ്രവാഹമേവ വപുരിന്ദ്രലോകം
വിഭാന്തമച്ഛസ്ഫടികാക്ഷമാലയാ'
(മാഘം)

'ത്രിഷ്വച്ഛായാൽപ്രസന്നോച്ഛഃ (അമരം.)
[പ്രസന്നം; അച്ഛം ഇവരണ്ടും തെളിഞ്ഞതിൻെറ പേർ.]

അച്ഛം-പ്ര. കരടി. വ. സ്ഫടികം. ന. നിർമ്മലം. ല. തെളിവുള്ളം.

'അച്ഛദീസ്ഫടികമല്ലേകനിമ്മലേഷ്വച്ഛ
മവ്യയം' എന്നു മേദിനി.

**അച്ഛദം**-ഹിമാലയത്തിലുള്ള ഒരുതടാകം.

**അച്ഛൻ**-പു. പിതാവ്. (അടിതോൽ എ
ന്നതു നോക്കുക.)

'താതസ്തുജനകഃപിതാ' എന്നമരം.
[താതൻ, ജനകൻ, പിതാവ് ഇവ ൩-ം
അച്ഛന്റെ പേർ. രാജാക്കന്മാരോടു
അച്ഛന 'തമ്പുരാൻ' എന്നു വേണം
പറവാൻ].

൧. ജെളിവോടുകൂടിയവൻ. ൨. യജമാ
നൻ. ൩. അമ്മയുടെ സഹോദരൻ (എ
ന്നും ചിലർ പറയുന്നു.)നാട്ട്യോക്തിയിൽ
അച്ഛന 'ആവുകൻ' എന്നു പറയുന്നു.

'ഗുരുശ്ശിഷ്ടഃപിതൃാദ്യൈ' എന്നതനു
സരിച്ച്'അച്ഛന'ഗുരു'എന്നുംപേരുണ്ട്.
ജനിപ്പിക്ക, പഠിപ്പിക്ക, ചോറുകൊടുത്തു
വളർത്തുക എന്നിത്യാദി ഉള്ളതിനാലും അ
ച്ഛൻ അത്രേ ഗുരു.

**അച്ഛന്ന**-വി. ഛന്നം(മറച്ചതു്)അല്ലാത്ത
അച്ഛന്നഭാവ്മിതുചെയ്തതുകൊണ്ടെനിക്ക
ല്ലച്ഛന്നമുണ്ടാകുന്നവന്നഴലേറ്റുന്നു'
(ദേവയാനീപരിണയം മണിപ്രവാളം)

**അച്ഛച്ഛൻ**-അച്ഛന്റെ അച്ഛൻ.

**അച്ഛഭല്ലം**-കരടിക്കരങ്ങ് (ആൺകരടി).
ആമിമുഖ്യമായി ഹിംസിക്കുന്നതു (ഇണ
ങ്ങിക്കൊല്ലുന്നതു)കൊണ്ടുഈപേരുണ്ടായി

**അച്ഛമ്മ**-അച്ഛന്റെ അമ്മ.

**അച്ഛാവാകൻ**-പു. യാഗക്രിയ ചെയ്യു
ന്നവൻ. ഋത്വിക്കുകൾ ൧൬. ൧. അഗ്നീ
ധ്രൻ. ൨. ബ്രാഹ്മണാച്ഛംസി. ൩. മൈ
ത്രാവരുണൻ. ൪. ഹോതാവ്. ൫. പോ
താവ്. ൬. പ്രശാസ്താവ്. ൭. അച്ഛാവാ
കൻ. ൮. ഗ്രാവസ്തുത്ത്. ൯. ബ്രഹ്മൻ. ൧൦
പ്രതിഹർത്താവ്. ൧൧. സുബ്രഹ്മണ്യൻ.
൧൨. ഉൽഗാതാവ്. ൧൩. പ്രതിപ്രസ്ഥാ
താവ്. ൧൪. നേഷ്ടാവ്. ൧൫. നേതാ
വ്. ൧൬. അച്ഛാവാകൻ. (ഋത്വിക്ക
കൾ=ഋതുവിങ്കൽ യജിക്കുന്നവർ.)

**അച്ഛി(അച്ചി)**-അമ്മ. സ്ത്രീ എന്നുള്ള
അർത്ഥങ്ങളിൽ ചില ദിക്കുകളിൽ പ്രയോ
ഗിക്കുന്നു.

**അച്ഛിദ്ര**-വി. ഛിദ്രം (ദ്വാരം) ഇല്ലാത്ത.
അററകുററമില്ലാത്ത, കലഹമില്ലാത്ത,
അവസരമില്ലാത്ത.

**അച്ഛിദ്രം**-അക്ഷതം, ആരോഗ്യത്തോടു
കൂടെ.
'അച്ഛിദ്രം നിന്തിരുവടിയിരിക്കേണമെ
ന്നോന്നുതാൻ' (മയൂരസന്ദേശം)

**അച്ഛിന്ന**-ഛിന്നം (മുറിക്കപ്പെട്ടതു്) അ
ല്ലാത്ത.

അച്ഛിന്നോത്ഥംനയനസലിലം
കൊണ്ടനച്ഛംസ്യനായി'
(മയൂരസന്ദേശം)

[അച്ഛിന്നശബ്ദത്തിന് ഇവിടെ ധാ
ര മുറിയാത്തതു് എന്നർത്ഥം].

**അച്ഛിന്നപത്രം**-ശാഖോടവൃക്ഷം.

**അച്ഛേദിക, അച്ഛൈദിക**-ഛേദിക്ക
(മുറിക്കു)ത്തക്കതല്ലാത്ത, (ഛേദനം നാ
ഹതി.)

**അച്ഛേദ്യ**-വി. വിഭജിക്കത്തക്കതല്ലാത്ത,
വേർപിരിച്ചുകൂടാത്ത, പകുത്തുകൂടാത്ത,
മുറിച്ചുകൂടാത്ത.

**അച്ഛോ (അച്ഛാ)** അയ്യോ, കഷ്ടം. അ
ച്ഛാ എന്നതു നോക്കുക.

**അച്ഛോദനം**-വേട്ട.

**അച്യുത**-വി. ച്യുതം (നാശം) ഇല്ലാത്ത.

**അച്യുതവാസം**-അരയാൽ. അച്യുത
വാസം എന്നുമുണ്ട്.

**അച്യുതസ്ഥലം**-പഞ്ചാബിൽ ഒരു സ്ഥ
ലത്തിന്റെ പേർ.

**അച്യുതൻ**-വിഷ്ണു. ഒരിക്കലും നശിക്കാ
ത്തവൻ എന്നു വ്യുൽപത്തി. (പഞ്ചായു
ധൻ വിഷ്ണു എന്നശബ്ദം നോക്കുക

'വിശ്വംഭരൻ വൃഷവാഹനവന്ദിത-
നച്യുതനവ്യയനവ്യക്തനഭയൻ'
(ഭാഗവതം)

**അച്യുതാഗ്രജൻ**-പു. ബലഭദ്രൻ. അച്യുത(കൃഷ്ണ)ന്റെ അഗ്രജൻ (ജ്യേഷ്ഠൻ). ൨. ഇന്ദ്രൻ.

'വാമനമൂൎത്തിമഹാബലിയെവഞ്ചിപ്പാനായ്
കാമമെനിന്ദ്രാനുജനായവതാരം ചെയ്താൻ'
(ഭാഗവതം)

**അച്യുതാഗ്രജം**-അഞ്ചുപുളി (കോൽപുളി, മതുംപുളി, ഞെരിഞ്ഞാംപുളി, മരപ്പുളി, പിണംപുളി ഇവ ൫-ം.)

**അച്യുതാത്മജൻ**-കാമദേവൻ, അച്യുത(കൃഷ്ണ)ന്റെ ആത്മജൻ(പുത്രൻ) കൃഷ്ണനു രുക്മിണിയിൽ ജനിച്ചവൻ.

**അച്യുതാവാസം**-അരയാൽ. അച്യുതവാസം എന്നുമാകാം.

**അച്യുതി**-നിലനില്പ്, സ്ഥിരത

**അജ**-വി. ജനിക്കാത്ത, ഉണ്ടാകാത്ത.

**അജ**-പു. പെണ്ണാട്, (ആട്ടിൻപെട), അജത്തിന്റെ സ്ത്രീ. (അജജാതിസ്ത്രീ). ൨. മായാദേവി.

**അജക**-ചെറിയ പെണ്ണാട്.

**അജക, അജകാജാതം**-ഒരു നേത്രരോഗം.

ആട്ടിൻകാഷ്ഠംപോലെ കറുത്തതും വേദനയോടും അല്പം ചെമപ്പായും ചെമന്ന് വഴുവഴുത്തു ചോരയോടെ സ്രവത്തോടും കൃഷ്ണമണ്ഡലത്തെ ഭേദിച്ചുണ്ടാകുന്ന രോഗം.

'അജാപുരീഷപ്രതിമോരുജാവാൻ
സലോഹിതോലോഹിതപിച്ഛിലാസ്രുഃ
വിഗൃഹ്യകൃഷ്ണം പ്രചയോന്നതൈതി
തച്ചാജകം നാമതിവ്യവാസ്യൽ'
(മാധവനിദാനം)

**അജകൎണ്ണ(ക)ം**-മരുത്.

**അജകവം**-പു. ശിവന്റെ വില്ല്. ൨. ആടുകൾക്കു പ്രിയമുള്ള ഒരുമാതിരി വൃക്ഷം. ൩. യാഗത്തിനുപയുക്തമായ ഒരുതരം മരപ്പാത്രം. ൪. അജകാജാതം എന്ന നേത്രരോഗം. ൫. വിഷമുള്ള ഒരുമാതിരി ചെറിയ ജന്തു.

**അജകാവം**-പു. ശിവന്റെ വില്ല്. വിഷ്ണുവിനെയും ബ്രഹ്മാവിനെയും രക്ഷിക്കുന്നതുകൊണ്ട് ഈ പേർ വന്നു.

**അജക്ഷീരം**-ആട്ടിന്റെ പാല്.

ആട്ടിൻപാൽ രാജയക്ഷ്മാവ്, പനി, ശ്വാസം, രക്തപിത്തം, അതിസാരം എന്നിവയെ ശമിപ്പിക്കും.

'ആജം ശോഷജ്വരശ്വാസ
രക്തപിത്താതിസാരജിൽ'

കറിയാടിന്റെ പാൽ ഹൃദയത്തിനു ഹിതമല്ല. ഉഷ്ണമാണ്. വാതവ്യാധിയെ ശമിപ്പിക്കും. എക്കിട്ടത്തെയും ഏക്കത്തെയും പിത്തകഫങ്ങളേയും ഉണ്ടാക്കും.

'അഹൃദ്യം ഉഷ്ണമാവികം
വാതവ്യാധിഹരം ഹിക്കാ
ശ്വാസപിത്തകഫപ്രദം'
(അഷ്ടാംഗഹൃദയം)

**അജഗജാന്തരം**-ആടും ആനയും തമ്മിലുള്ള വ്യത്യാസം.

**അജഗൻ**-പു. വിഷ്ണു. ൨. അഗ്നി.

**അജഗൎദ്ദം**-നീർക്കവി. ചിലർ വെള്ളത്തിലെ പായൽ, ജലവ്യാളം എന്നിങ്ങനെയും പറയുന്നു. അലഗൎദ്ദം എന്നാണു പാഠം.

ചവിട്ടിയവരെ പിടിപ്പിക്കുന്നവൻ ലഗൎദ്ദൻ, അങ്ങിനെ അല്ലാത്തവർ അലഗൎദ്ദൻ. കടിച്ചാലും വിഷമില്ലാത്തതിനാൽ ഉപദ്രവം ഒട്ടുകയില്ലെന്നൎത്ഥം. ഭക്ഷണപ്രിയം. അധികമുണ്ട്. സഞ്ചരിക്കയും ശബ്ദിക്കയും ചെയ്യുന്നതു.

അജഗന്ധ-൧. അയമോദകം. ൨. ആട്ടുനാറിവേള (വേള). തൈവേള എന്നും പറയുന്നു.

അജഗവം-ശിവന്റെ വില്ല്.

ത്രിപുരദഹനസമയം ബ്രഹ്മാവാണല്ലൊ സൂതനായിരുന്നത്; അതിനാൽ ഈ വില്ലിനെക്കുറിച്ച് അദ്ദേഹത്തിനു നല്ല അറിവുണ്ട്. അങ്ങിനെ ബ്രഹ്മാവ് അറിയുന്നതുകൊണ്ട് ഈ പേരുണ്ടായി. അജനെ (യജ്ഞപശുവിനെ) പിൻതുടൎന്നു ചെല്ലുന്നത്. ദക്ഷയാഗം മുടക്കുന്ന സമയം ശിവനെ പേടിച്ചു യജ്ഞം ഒരു മൃഗവേഷം അവലംബിച്ചു ഓടി. ഉടൻ ഭഗവാൻ വില്ലുംധരിച്ചു അതിന്റെ പിന്നാലെ ചെന്നു. 'മൃഗമനുഗതനാം പിനാകപാണിം നഗപതിനന്ദിനിതൻ പതിം സ്മരാമി' എന്ന വചനം നോക്കുക. അജഗവൻ-വിഷ്ണു ശരമായി ഇതിൽ സ്ഥിതി ചെയ്യുക കൊണ്ടും അജഗവം എന്ന പേർസിദ്ധിച്ചു എന്നു പറയുന്നു. ഇതിന് അജകവം എന്നും ആജഗവം എന്നും അജകാവം എന്നുംകൂടി പേരുണ്ട്.

'പിനാകോജഗവംധനുഃ' (അമരം.)

[പിനാകം, അജഗവം ൨-ം ശിവന്റെ വില്ലിന്റെ പേര്].

അജഗാവം-൧. ശിവന്റെ വില്ല്. ൨. സൂൎയ്യചന്ദ്രനക്ഷത്രാദികളുടെ പന്ഥാവിന്റെ തെക്കേ ഭാഗം. ൩. ഒരു സൎപ്പപ്രധാനി.

അജഗം-ശിവന്റെ വില്ല്.

അജഗരം പെരുമ്പാമ്പ്. (നാശമില്ലാത്ത വിഷമുള്ളത്, ഉറക്കമധികമുള്ളത്, ആടിനെക്കൂടി വിഴുങ്ങുന്നത്).

അജഗന്ധിക-ആട്ടുനാറിവേള, നായർവേള. ആടിന്റെ ഗന്ധമുള്ളതുകൊണ്ട് ഈ പേർ സിദ്ധിച്ചു.

പൎയ്യായങ്ങൾ-അജഗന്ധ, ബസ്തഗന്ധ, സുരപുഷ്പി, വിഗന്ധിക, ഉഗ്രഗന്ധ, ബ്രഹ്മഗർഭ, ബ്രാഹ്മി, പൂതിമയൂരിക.

അജഗന്ധിനി-ആട്ടുകൊട്ടപ്പാല. ഇതിനെ ആട്ടുതീണ്ടാപ്പാല, ആട്ടുതൊടാപ്പാല എന്നിങ്ങനേയും പറയുന്നു.

അജഗല്ലിക-പാലുണ്ണി. ഇതു ക്ഷുദ്രരോഗങ്ങളിൽ ഒന്നാകുന്നു.

മന്ദവേഗമായും മഹാവേഗമായും ക്രൂരമായും മറുമുള്ള രോഗത്തെ ക്ഷുദ്രരോഗം എന്നു പറയുന്നു. ബാലന്മാൎക്കു ഈ രോഗം ഉണ്ടാകുന്നു. കഫവാതമാണ് ഇതിനു കാരണം. ഈ കുരുക്കൾ മിനുമിനുത്തിരിക്കും. ഇതിന്റെ നിറം ശരീരത്തിനു തുല്യമായി കാണും. ആകൃതിയിൽ ചെറുപയറെന്നു തോന്നും.

'സ്നിഗ്ദ്ധാസവൎണ്ണാഗ്രഥിതാ
നീരുജാമുദ്ഗസന്നിഭാഃ
കഫവാതോത്ഥിതാജ്ഞേയാ
ബാലാനാമജഗല്ലികാഃ

(മാധവനിദാനം)

അജഗളം-കൊഴുത്ത മദ്യം.

അജഗളസ്തനം-ആട്ടിന്റെ കഴുത്തിൽ തൂങ്ങിക്കിടക്കുന്ന മുലക്കണ്ണ്

അജട-കിഴുകാനെല്ലി.

അജഡ-നായിക്കൊരണ.

അജഡ-വി. മൂഢനല്ലാത്ത

അജഥ്യ-മഞ്ഞക്കരമൊരി.

അജഥ്യ-ആട്ടിൻകൂട്ടം.

അജന്താ-മഹാരാഷ്ട്രത്തിനു കിഴക്കുഭാഗമുള്ള പ്രസിദ്ധമായ ഗുഹാസമൂഹം.

[അവിടെയുള്ള വിഹാരത്തിൽ സ്ഥാപിച്ചിരിക്കുന്ന ബുദ്ധപ്രതിമ എഴുപതടി ഉയരമുള്ളതാണു പോൽ.]

അജദണ്ഡി-ബ്രഹ്മദണ്ഡി. ചമതക്കോൽ എന്നു മറ്റൊരു പക്ഷം.

അജൻ-൧ ബ്രഹ്മാവ്. ൨. വിഷ്ണു. ൩. ശിവൻ. ജനിക്കാത്തവൻ=അജൻ. ൪.

ഒരു സൂൎയ്യവംശരാജാവു്. (ദശരഥന്റെ അച്ഛൻ, ശ്രീരാമന്റെ അപ്പൂപ്പൻ) ബ്രഹ്മമുഹൂൎത്തത്തിൽ ജനിക്കയാൽ അജൻ എന്ന പേരുണ്ടായി.

അയൻ എന്നതിനെ അജൻ (ബ്രഹ്മാവ്) എന്ന വിധത്തിൽ പ്രയോഗിച്ചിരിക്കുന്നതു കാണുക.

'മുരത്തിടകൊണ്ടു പൂണ്ടേ-
ന്തുക്കിലംവളെയെന്നു
മുരത്ത നളയനോടെല്ലാം
മുടനവൻ ചാപമിട്ടാൻ'
(രാമചരിതം)

അജൻ വിദൎഭരാജാവിന്റെ മകളായ ഇന്ദുമതിയെ വിവാഹം ചെയ്യുന്നതിന് പോകുന്നവഴിക്ക് ഒരു കാട്ടാനയെ വധിച്ചു. അനന്തരം ആ മൃഗത്തിൽ നിന്നു ഒരു ഗന്ധൎവൻ ആവിൎഭൂതനായി ഏതാനം ദിവ്യാസ്ത്രങ്ങളെ ദാനംചെയ്തു. ഇവകൊണ്ടത്രേ സ്വയംവരത്തിൽ ജയം നേടിയതു്.

൨. ഒരു ഋഷിയുടെ പേർ. ൩. ചന്ദ്രൻ. ൪. കാമദേവൻ. ൫. ദൈവം.

അജനനി- ജനനാഭാവം. (അകരണി, അജീവനി എന്ന ശബ്ദങ്ങൾ നോക്കുക).

അജനൻ-ഈശ്വരൻ, ബ്രഹ്മാവു്.

അജനനാമകം-മാക്കിക്കല്ലു്. (പൊൻനിറമുള്ളതു്; ഔഷധത്തിനു നന്നു്).

അജനപത്രകം-വാവൽ എന്ന പക്ഷി.

അജനയോനി- ദക്ഷൻ. അജനനിൽ (ബ്രഹ്മാവിൽ) നിന്നുണ്ടായവൻ

അജനി-വഴി.

അജന്മാവു്-ജനിക്കാത്തവൻ, ദൈവം.

അജന്യ- വി. ൧. ജനിപ്പിക്കത്തക്കതല്ലാത്ത. ൨. മനുഷ്യസ്വഭാവത്തിനു ചേരാത്ത.

അജന്യം-ഭൂകമ്പം ധൂമകേതു മുതലായവ ശുഭാശുഭസൂചകം. ജനങ്ങൾക്കു ഇഷ്ടമില്ലാത്തതു് എന്നു വ്യുൽപത്തി. അജനനിൽ (ഈശ്വരനിൽ) നിന്നുണ്ടായതു്.

അജപാല(ക)ൻ-ആട്ടിടയൻ.

അജപ്രിയ-൧. ലന്തമരം. ൨. വഹ്നിവൃക്ഷം (കൊട്ടവേലി).

അജഭക്ഷ-ചെറിയകൊടിത്തൂവ (വന്നി).

അജഭക്ഷം-കരുത്ത കാട്ടുതുളസി.

അജം-൧. ആടു്. ൨. വെളുത്ത ആട്ടിൻകുട്ടി. അവിടവിടെ സഞ്ചരിക്കുന്നതുകൊണ്ടു് ഈ പേർ വന്നു.

'ശുഭച്ഛാഗബസ്തച്ഛഗലകാജകേ' അമരം. (ശുഭം, ഛാഗം, ബസ്തം, ഛഗലകം, അജം ഇവ ൫-ം വെളുത്ത ആട്ടിന്റെ പേർ).

൩. മേടംരാശി. ൪. ഒരുമാതിരിധാന്യം. ൫. മാക്കികധാതു. ൬. സൂൎയ്യന്റെരഥം.

അജംഭ-വി. പല്ലില്ലാത്ത. നാസ്തി ജംഭോ (ദന്തോ) യസ്യ എന്നു വ്യുൽപത്തി.

അജംഭം- ൧. തവള. ൨. പല്ലില്ലാത്ത സ്ഥിതി. (കുട്ടികളെപ്പോലെ).

അജംഭൻ-സൂൎയ്യൻ.

അജമാംസം-ആട്ടിറച്ചി.

ആട്ടിന്റെ മാംസത്തിനു അല്പമായ തണുപ്പും, അല്പമായ ഗുരുത്വവും കുറച്ചു് സ്നിഗ്ദ്ധതയും ഉണ്ടു. ദോഷങ്ങളെ തുല്യമാക്കിച്ചെയ്യുന്നതാണു്. ആട്ടിന്റെ ശരീരധാതുക്കൾക്ക മനുഷ്യസാദൃശ്യമുണ്ടു്. അതിനാൽ കഫസ്രാവണകരമല്ല. ദേഹത്തിനു പുഷ്ടിയുണ്ടാകും. [ശ്ലോ

'നാതിശീതഗുരുസ്നിഗ്ദ്ധം മാംസമാജമദോഷളം
ശരീരധാതുസാമാന്യാദനഭിഷ്യന്ദിബൃംഹണം'
(അഷ്ടാംഗഹൃദയം) [ണം

അജമീഢം-ഒരു ദേശം.

അജമുഖൻ-ദക്ഷൻ. അജത്തി (ആട്ടി)ന്റെ മുഖമുള്ളവൻ.

അജമുഖി-ഒരു രാക്ഷസി.

രാവണൻ സീതയെ മോഷ്ടിച്ചു ലങ്കയിൽ അശോകവനത്തിൽ ഇരുത്തി പല

രാക്ഷസികളെയും കാവലാക്കിയിരുന്നു് അങ്ങനെ കാത്തുനിന്നവരിൽ ഒരുവളത്രേ 'അജമുഖി'.

അജമുഴ-മനുഷ്യന്റെ കഴുത്തിൽ മുൻഭാഗത്തുള്ള മുഴയുടെ പേർ.

ഇതിനെ 'തൊണ്ടമുഴ' എന്നും പറയും. മർമ്മശാസ്ത്രപ്രകാരം ഇതു് ഒരു മർമ്മമാണു് ഇവിടെ ബലം പ്രയോഗിച്ചാൽ അപകടം സംഭവിക്കും എന്നു മർമ്മശാസ്ത്രം ഉപദേശിക്കുന്നു.

അജമേധം-ആടിനെക്കൊണ്ടു ചെയ്യുന്ന ഒരു യാഗം.

അജമോജ-അയമോദകം, ഓമം.

അജമോജദ്രവം-ഒരു മരുന്നു്. ഇതു് അഗ്നിമാന്ദ്യം, വയറുവേദന ഇവയ്ക്കു നന്നു്.

അജമോജദ്രാവകം-ഒരു മരുന്നു്. ഇതു് അഗ്നിമാന്ദ്യം, വയറുവേദന ഇവയ്ക്കു നന്നു്.

അജമോദ-പു. അയമോദകം, ഓമം. ആട്ടിന്റെ ഗന്ധത്തിനു തുല്യമായ ഗന്ധമുള്ളതുകൊണ്ടു് ഈ പേർ വന്നു. ൨. ഇലവിൻപശ.

അജമോദിക-കുറാശാണി.

അജയ-വി. ജയമില്ലാത്ത.

അജയ-ദുർഗ്ഗയുടെ ഒരു സഖി.

അജയൻ-പു. അഗ്നി. ൨. വിഷ്ണു. ജയിക്കപ്പെടുവാൻ വയ്യാത്തവൻ എന്നു വ്യുൽപത്തി. ൩. ജയമില്ലാത്തവൻ.

അജയം-തോല്‌വി, അപജയം.

അജയ്യ-വി. ജയിക്കപ്പെടുവാൻകഴിയാത്ത.

അജര-വി. ജരയില്ലാത്ത, എന്നും യൌവ്വനമുള്ള.

അജര-ചെറിയമറിക്കുന്നി. ൨. കറുവാഴ.

അജരം-പു. സ്വർണ്ണം. ൨. കിരം.

അജലംബനം-സ്രോതോഞ്ജനം.

അജവസൂരി-ആട്ടിനുണ്ടാകുന്ന വസൂരി.

മനുഷ്യർക്ക് എന്നപോലെ വസൂരിദീനം ആട്ടിനും ഉണ്ടാകുന്നു. അതിനെയാണു് അജവസൂരി എന്നു പറയുക. ആട്ടിന്റെ തുട, ചുണ്ടു്, വായ്, മൂക്കു് ഈ സ്ഥലങ്ങളിൽ കുരുവുണ്ടാകുന്നു. മൂക്കിൽനിന്നു വെള്ളം ഒഴുകുകയും പനിയും അതിസാരവും ക്ഷീണവും ഉണ്ടാകുകയും ചെയ്യും. ക്ഷണം പകരും. രണ്ടാഴ്ചവട്ടത്തോളം നിൽക്കും. വേഗത്തിൽ പരത്തും. ഉപ്പു ധാരാളം ചേർത്തു കുറച്ചു കുറച്ചു ഗുണമുള്ള ഭക്ഷണം കഞ്ഞിയായി കൊടുക്കണം. സ്ഥലശുദ്ധി വരുത്തിക്കൊള്ളേണ്ടതു് എത്രയും ആവശ്യം.

അജശൃംഗി(ക)-ആടുതൊടാപ്പാല (ഒരു ചെടി), ആടുതീണ്ടാപ്പാല ആട്ടുകൊട്ടപ്പാല എന്നും മററും കൂടെ പറയുന്നു. ആട്ടിന്റെ കൊമ്പുപോലെയുള്ള ഫലമുള്ളതിനാൽ ഈ പേർ സിദ്ധിച്ചു. വെലിപ്പരത്തിക്കും ഈ പേർ പറയുന്നു.

അജസ്രം-അ. എല്ലാപ്പോഴും.

'അജസ്രമാസ്ഫാലിതവല്ലകീഗുണ-
ക്ഷതോജ്ജ്വലാംഗുഷ്ഠനഖാംശുഭിന്നയാ'
(മാഘം)

അജഹ-വി. ഉപേക്ഷിക്കാത്ത.

അജഹ-നായ്ക്കുരണ. ശൂകങ്ങളെ ഉപേക്ഷിക്കാത്തതു്.

അജാക്ഷി-കാട്ടത്തി (പേയത്തി), ഒരു മരം.

അജാഗര-വി. ഉണർച്ചയില്ലാത്ത, ശ്രദ്ധയില്ലാത്ത.

അജാഗരണം-വി. ജാഗരണം (ഉണർച്ച) ഇല്ലാത്ത.

അജാഗരം-കയ്യോന്നി.

അജാഗ്രത-ജാഗ്രത (ശ്രദ്ധ, ഉത്സാഹം) ഇല്ലായ്ക.

അജാവല്ല്യതം-ആട്ടിൻതൊഴു്.

അജാജി-൧. ജീരകം. സ്വാഭാവികമായ മന്ദാഗ്നിത്വത്തെ കളയുന്നതു്. ൨. വെളുത്ത ജീരകം. ൩. കാട്ടത്തി.

അജാജീവൻ, അജാജീവി-ആട്ടുമേച്ചു കാലം കഴിക്കുന്നവൻ.

'ജാബാലസ്ത്വജാജീവഃ' (അമരം).

[ജാബാലൻ, അജാജീവൻ (അജാജീവി) ൨-ം ആട്ടുമേക്കുന്നവൻെറ പേർ]

അജാഗന്ധി-മറിക്കുന്നി(ഒരുമാതിരി ചെടി)

അജാത-വി. ജാതം (ജനിച്ചതു്) അല്ലാത്ത, ജനിക്കാത്ത.

അജാതവ്യവഹാരൻ-വയസ്സു (പ്രായം) തികയാത്തവൻ (മൈനർ).

അജാതവ്യഞ്ജന-വി. തരംതിരിക്കുന്ന അടയാളമോ ആകൃതിയോ ഇല്ലാത്ത.

അജാതദന്ത-വി. പല്ലില്ലാത്ത, പല്ലില്ലാത്ത സ്ഥിതി.

അജാതപക്ഷ-തൂവലുകൾ വന്നു മൂടീട്ടില്ലാത്ത ചിറകോടുകൂടിയ.

അജാതരിപു-ധർമ്മപുത്രൻ.

അജാതശത്രു-൧. ധർമ്മപുത്രൻ. ൨. ഒരു മധുരരാജാവു്. ൩. ശിവൻ. ൪. ഒരു കാശിരാജാവു്. (വിദ്വാനും വിദ്യയുടെ രക്ഷകനുമായിരുന്ന ഇദ്ദേഹം ഒരു ബ്രാഹ്മണനു ജ്ഞാനം ഉപദേശിച്ചിട്ടുണ്ടു്).

അജാതി-വി. ജാതിയല്ലാത്ത.

അജാതി-ശാശ്വതൻ, നിത്യൻ.

അജാതൈഡബലി-ഒരു മുനി. ഇദ്ദേഹം ആട്ടിൻപാൽ മാത്രം കുടിച്ചു് ഉപജീവിച്ചതായി പറയുന്നു.

അജാദധി-ആട്ടിൻതൈരു്.

അജാദനി-ചെറിയ കൊടിത്തൂവ.

അജ്ഞാനി-ബുദ്ധിയില്ലാത്തവൻ, ബുദ്ധി മറിച്ചുപോയവൻ. 'നാസ്തിജ്ഞാനമസ്യ' എന്നു വ്യുൽപത്തി.

അജാനികൻ-ആട്ടിടയൻ.

അജാനേയ-വി. ഒരു കുതിരയെപ്പോലെ ഭയമില്ലാത്തെയും ശക്തിമത്തായുമുള്ള ജനനത്തിലുൾപ്പെട്ട.

അജാനേയം-ധൈര്യവും ശക്തിയുമുള്ള വിധം ജനിച്ച ഒരു കുതിര.

അജാന്ത്രി-മറക്കുടരി, മറക്കുന്നി, ചെറിയ മറക്കുന്നി.

അജാപയസ്സു്-ആട്ടിൻപാലു്.

അജാമിളൻ-കന്യാകുബ്ജത്തിലെ ഒരു ബ്രാഹ്മണൻ. (കാന്യകുബ്ജം എന്നും പറയുന്നു).

### അജാമിളമോക്ഷം.

അജാമിളൻ കന്യാകുബ്ജപുരത്തിൽ ഗൃഹസ്ഥാശ്രമാചാരപ്രകാരമുള്ള കർമ്മങ്ങളും ചെയ്തു താമസിച്ചുവന്നു. ചമത മുതലായവയ്ക്കായി ഒരു ദിവസം ഇദ്ദേഹം കാട്ടിൽ ചെന്നപ്പോൾ അവിടെ ഒരു ശൂദ്രാംഗനാരത്നത്തെ കണ്ടെത്തി. സംഭാഷണം കൊണ്ടും മററും അന്യോന്യം അനുരാഗവശനായി ഒന്നുചേർന്നു തിരിയെ വന്നു ശൂദ്രസ്ത്രീയുടെ ഭവനത്തിൽ താമസമായി. തദനന്തരം ക്രമേണ ബ്രാഹ്മണൻ നിത്യവൃത്തിക്കായി ദുഷ്കർമ്മങ്ങൾ തുടങ്ങി. ഏതാനും പുത്രരും അക്കാലത്തു ജനിച്ചു അവരെ പോററുന്നതിനു് അകൃത്യങ്ങൾ അനവധി ചെയ്തുവന്നു. തൻെറ വർണ്ണധർമ്മങ്ങളും കർമ്മവും ഒക്കെ മറന്നു മാംസത്തിനായി കൊന്ന പക്ഷികൾക്കും മററും കണക്കില്ല. ഒരു കാശിനും വകയില്ലാതായപ്പോൾ കട്ടും കവർന്നും മററും കാലയാപനം തുടങ്ങി. വൃദ്ധവയസ്സോളം ഇങ്ങനെ കഴിഞ്ഞു. അനന്തരം യമകിങ്കരന്മാരുടെ പുറപ്പാടായി. ഉടൻ ഭയത്തോടെ മൂത്തമകനായ നാരായണനെ 'നാരായണ! നാരായണ! രക്ഷിക്കരക്ഷിക്ക' എന്നു വിളിച്ചുപറഞ്ഞു. അപ്പോൾ തന്നെ വിഷ്ണുവിൻെറ അനുചരന്മാരായ നാലുസിദ്ധയോഗീന്ദ്രന്മാർ വന്നുചേർന്നു. കാലദൂതന്മാരോടു് എതിർത്തു് അജാമിളനെ കെട്ടിയ പാശത്തെ വേർപെടുത്തുകയും ഉടൻ കാലകിങ്കരന്മാർ പരമാർത്ഥം

ചോദിച്ചു മനസ്സിലാക്കി. അജാമിളൻ വൈഷ്ണവരൂപം കാണാറായി എന്നു തന്നെയല്ല മതിയായ ജ്ഞാനവും ലഭിച്ചു. വിഷ്ണുഭൂതന്മാരും നിർഗ്ഗമിച്ചു. അജാമിളൻ ഗംഗാതടം പ്രാപിച്ച് വിഷ്ണുഭക്തനായി സ്ഥിതിചെയ്തു. അനന്തരം വിഷ്ണുപാർഷദന്മാർ വന്നു തേരിൽ കയററി വൈകുണ്ഠത്തേക്കു കൊണ്ടുപോയി.

**അജാമൂത്രം**- ആട്ടിൻമൂത്രം. (മരുന്നിനു കോലാട്ടിൻമൂത്രം നന്നു്.)

ആട്ടിൻമൂത്രം മരുന്നിനു വിശേഷമാണു്. അരേണകം, തിപ്പലി, രസാഞ്ജനം, ഇന്തുപ്പു് ഇവ ആട്ടിൻമൂത്രത്തിൽ അരച്ചു ചമച്ച ഗുളിക കണ്ണിലെഴുതുക. രാക്കണ്ണു കാണാതെതു ശമിക്കും.

'അജാമൂത്രേണവാരകൈന്തി
കൃഷ്ണസ്രോതോജ സൈന്ധവൈഃ'
(സഹസ്രയോഗം)

**അജികാ**-ചെറിയ പെണ്ണാടു്.

**അജിത**-വി. ജയിക്കപ്പെടാത്ത, ആക്കും ജയിപ്പാൻ കഴിവില്ലാത്ത.

'അസുരമസ്ത്രമയച്ചിതു സാബലൻ
അജിതശരംമോചിച്ചു വിമതൻ'

**അജിത**-പു. മിററം. ൨. തുവരിമണ്ണു്.

**അജിതൻ**-പു. വിഷ്ണു. ൨. ജയിക്കപ്പെടാത്തവൻ.

'വിഷ്ണാവപ്യജിതൌ' (അമരം)

കൌരവന്മാരിൽ ഒരുവനേയും ബുദ്ധമുനിയേയും അജിതൻ എന്നു പറയുന്നുണ്ടു്.

**അജിതാപീഡൻ**-ഒരു രാജാവു്.

**അജിനം**-മാൻ മുതലായവയുടെ തോലിന്റെ പേർ. ക്ഷേപിക്കപ്പെടുന്നതുകൊണ്ടു് ഈ പേർ സിദ്ധിച്ചു.

**അജിനപത്രാ, അജിനപത്രി, അജിനപത്രിക**-ആവലിന്റെ പേർ. നരിച്ചീർ, വാവൽ, വവ്വാൽ എന്നും മററും ക്രൂരി പറയുന്നുണ്ടു്.

'ജതുകാജിനപത്രാസ്യാൽ
പരോഷ്ണീതൈലപായിക' (അമരം)

(ജതുക, അജിനപത്ര ഇവ ൨-ം, ആവലിന്റെ പേർ. പരോഷ്ണി, തൈലപായിക ഇവ ൨-ം, നരിച്ചീറിന്റെ പേർ. 'ജതുകാജിനപത്രാസ്യാൽ പരോഷ്ണീതൈലപായികാ' എന്നും പാഠംകാണുന്നു. ഇവ ൪-ം ആവലിന്റെ പേർ എന്നും അഭിപ്രായം ഉണ്ടു്.) തോലിനെപ്പോലെയുള്ള ചിറകുള്ളതുകൊണ്ടു് ഈ പേരുണ്ടായി.

വാവൽ എന്ന പ്രാണിയെ 'വൌവ്വാൽ' എന്നും 'കടവാതൽ' എന്നും ക്രൂരി പറയുന്നുണ്ടു്. ഇതു പക്ഷിജാതിയിൽ പെട്ടതല്ല. പക്ഷികൾക്കു പല്ലില്ലം. വവ്വലിനു പല്ലുകൾ ഉണ്ടു്. ഇതു തലകീഴായി തൂങ്ങിക്കിടക്കും. ഇതു ജീവനോടെ കുട്ടിയെ പ്രസവിച്ചു മുലകൊടുത്തു വളർത്തുന്നു. ഈ പക്ഷികളിൽ നിന്നും ഇവയ്ക്കുള്ള വലിയ ഒരു അന്തരമാണു്. നരിച്ചീർ വാവലിന്റെ ജാതിയിൽ ഒരു വകഭേദമാകുന്നു.

**അജിനയോനി**- മാൻ. ധ്യാനാസനമാകുന്ന അജിനമുള്ളതു് എന്നു വ്യുൽപത്തി. (അജിനയോനികൾ = കൃഷ്ണസാരാദികൾ, മാന്തോലുണ്ടാകുന്നതിനു കാരണമാകയാൽ ഈ പേർ വന്നു).

**അജിര**-വി. വേഗമുള്ള.

**അജിര**-പു. ദുർഗ്ഗാദേവി. ൨. ഒരു നദി.

**അജിരം**-പു. അങ്കണം (അംഗണം), മിററം; മല്ല മുതലായതു ചെയ്യുന്ന സ്ഥലം, ഗമിക്കുന്നിടം. ൨. ശബ്ദസ്പർശരൂപരസഗന്ധങ്ങളാകുന്ന വിഷയങ്ങൾ. ൩. ശരീരം. ൪. ഒരുമാതിരി ചുണ്ടെലി.

'അജിരം വിഷയകായേ' (അമരം)

**അജിഹ്മ**-വി. വളവോടുകൂടാത്ത, വളവില്ലാത്ത.

അജിഹ്മഗം-അമ്പ്. വളഞ്ഞു ഗമിക്കാത്തത് എന്നു വ്യുൽപത്തി. നേരെ പോകുന്നത്.

അജിഹ്മഗ-വി. വളഞ്ഞു ഗമിക്കാത്ത.

'ഋജാവജിഹ്മപ്രഗുണൌ' (അമരം)

ഋജു, അജിഹ്മം, പ്രഗുണം ഇവ മൂ-ം വളവോട്ടക്കൂടാത്തതിന്റെ പേർ.

അജിഹ്വം-തവള. ഇതു അഗ്നിയെ കോപിപ്പിക്കയാൽ അദ്ദേഹം ശപിച്ചു. അതുകൊണ്ടു ഇതിനു നാവില്ലാതായി.

അജികവം-ശിവന്റെ വില്ല്.

അജിഗരം-പാമ്പ്.

അജീഗർത്തൻ-ഭൃഗുവംശത്തിലെ ഒരു ബ്രാഹ്മണൻ (ഋഷി).

ശുനശ്ശേഫന്റെ അച്ഛനാണ്. ബലികഴിപ്പാൻവേണ്ടി ശുനശ്ശേഫനെ വിലയ്ക്കുകൊടുത്തു.

അജീത-വി. തളരാത്ത, ക്ഷീണിക്കാത്ത.

അജീതി-അഭിവൃദ്ധി, രക്ഷണം.

അജീവ-വി. ജീവനില്ലാത്ത, ചത്തുപോയ.

അജീവന-വി. ജീവനത്തിനു(കാലക്ഷേപത്തിനു) ഇല്ലാത്ത.

അജീവനി-ജീവിച്ചിരിക്കായ്ക.

'അല്ലേ മൂഢ, നിനക്ക അജീവനി ഭവിക്കട്ടെ' എന്നതിന്റെ അർത്ഥം നീ മരിക്കട്ടെ എന്നാകുന്നു. നിന്ദിച്ചുപറയുന്ന വാക്കിൽ അന്തർഭവിച്ചിട്ടല്ലാതെ ഈ ശബ്ദം പ്രയോഗിക്കരുത്. 'അകരണി' എന്നപദം നോക്കുക.

അജീവനം-നാശം, മരണം.

അജീവം-മരണം, നാശം.

അജീർണ്ണ-വി. ദഹിക്കാത്ത, കേടുവരാത്ത

അജീർണ്ണകരം-ഉഴുന്ന്.

അജീർണ്ണജരണം-കച്ചോലം.

അജീർണ്ണം-പു. ദഹനക്കേട്. വ, ദഹനമില്ലായ്ക എന്ന രോഗത്തിന്റെ പേർ.

### അജീർണ്ണലക്ഷണം.

കഫം ഹേതുവായിട്ടു ദഹിക്കാതെ കിടക്കുന്ന അന്നത്തിനു ആമം എന്നും, വായു ഹേതുവായിട്ടുണ്ടാകുന്ന അജീർണ്ണത്തിനു വിഷ്ടബ്ധം എന്നും, പിത്തം ഹേതുവായിട്ടുണ്ടാകുന്ന അജീർണ്ണത്തിനു വിദഗ്ദ്ധം എന്നും പറയപ്പെടുന്നു. ആമം, വിദഗ്ദ്ധം, വിഷ്ടബ്ധം എന്നീ മൂന്നു അജീർണ്ണങ്ങൾക്കേ ദോഷസംബന്ധമുള്ളു. മൂ-ം അന്നത്തിൽനിന്നു ജനിക്കുന്നവയാണ്. ആഹാരരസത്തിങ്കൽ നിന്നു ജനിക്കുന്നതായി 'രസശേഷം' എന്നു ഒന്നുണ്ട്. ഈ അജീർണ്ണത്തിനു ദോഷസംബന്ധമില്ല. വയറുവീർക്ക മുതലായ ഉപദ്രവങ്ങളോടുകൂടി ഒരുദിവസം മുഴുവനും കൊണ്ടു ആഹാരം ദഹിക്കുന്നതിനായി ഒരു അജീർണ്ണമുള്ളതിനെ അഞ്ചാമതായി ഗണിക്കാറുണ്ട്. വയറുവീപ്പ് എന്നിത്യാദി ഉപദ്രവങ്ങളൊന്നും കൂടാതെ ഒരു പകൽ കൊണ്ടു ആഹാരം ദഹിക്കുന്നതു ആറാമത്തെ അജീർണ്ണമെന്നു പറയുന്നു. ഭക്ഷണം കഴിഞ്ഞാൽ ഉടൻ നൂറടി നടക്കണം. തദനന്തരം ഇടത്തുഭാഗം ചെരിഞ്ഞു കിടക്കണം. മനസ്സിനു സന്തോഷത്തെ ചെയ്യുന്ന ശബ്ദരൂപസ്പർശരസഗന്ധങ്ങളെ സേവിക്കണം. ഭക്ഷിച്ച അന്നം ദഹിക്കുന്നതിനു മേൽപ്പറഞ്ഞവ നല്ല മാർഗ്ഗങ്ങളാകുന്നു.

'ഭുക്ത്വാപദശതംഗത്വാ
വാമപാർശ്വേനസംവിശേൽ
ശബ്ദരൂപരസസ്പർശ
ഗന്ധാംശ്ചമനസഃപ്രിയാൻ
ഭുക്തവാനുപസേവേത
തേനാന്നംസാധുതിഷ്ഠതി'

(സുശ്രുതം)

അധികമായി ജലപാനം ചെയ്ക, സമയംതെററി ആഹാരം കഴിക്ക, മലമൂത്രാദിവേഗങ്ങളെ തടുക്കുക, പകൽ ഉറങ്ങുക മുതലായവയത്രെ അജീർണ്ണത്തിനുള്ള പ്രധാന കാരണങ്ങൾ.

'അത്യംബുപാനാദ്വിഷമാശനാച്ച
സന്ധാരണാൽസ്വപ്നവിപര്യയാച്ച
കാലേപിസാത്മ്യംലഘുചാപിഭുക്ത
മന്നംനപാകംഭജതേനരസ്യ'

(മാധവനിദാനം)

അജുഷ്ടി-ഇഷ്ടാഭംഗം ഉണ്ടാകുക, അതൃപ്തി തോന്നുക, സുഖാനുഭവം ഇല്ലായ്ക.

അജേയ-വി. ജേയം (ജയിക്കത്തക്കതു്) അല്ലാത്ത,ജയിക്കപ്പെടുവാൻകഴിയാത്ത.

അജൈത്ര-വി. ജൈത്രം (ജയശീലം)അല്ലാത്ത, ജയിക്കത്തക്കതല്ലാത്ത.

അജോഷ-വി. തൃപ്തിയുണ്ടാകാത്ത, ഭാഗ്യമില്ലാത്ത, സുഖമില്ലാത്ത.

അജ്ജുക-വേശ്യാ (ഗണിക,ദാസി)

'നാട്യോക്തൗ' എന്നുള്ളതിനാൽ ഈശബ്ദം നാട്യോക്തിയിലാണ പ്രയോഗിക്കേണ്ടതു്.

അജ്ജുകാശബ്ദം നാട്യോക്തിയിലല്ലാതെയും പറയാം.

'ഗണികാപ്യജ്ജുകാവേശ്യാ
ഭോക്ത്രീതുനാരീഭേദവാചക
പ്രോക്തോജ്ജുകാശബ്ദോനാട്യ
ഗണികായാമേവനാന്യത്ര'

(മേദിനി)

അജ്ഝടാ-കീഴുകാനെല്ലി. കീഴാനെല്ലി എന്നും പറയുന്നുണ്ട്. ആശ്ചര്യജനകമായ സംഘാതത്തോടുകൂടിയതു്.

അജ്ഝടാദി-ഒരു തൈലം.

കീഴുകാനെല്ലി, വെപ്പിൻതൊലി, കരിഞ്ചാലി ഇവററിൻനീരു വട്ടമഞ്ഞൾ കൽക്കവും. ഈ തൈലം ഭാണ്ഡരോഗം ശമിപ്പിക്കും; ധൃണിലെ വ്യാധികൾക്കു നന്ന്.

അധ്ഝടാനിംബനിർഗ്ഗുണ്ഡീ
സ്വരസേനവിപാചിതാ
നിശാകല്ക്കയുതം തൈലം
ഭാണ്ഡരോഗവിനാശനം.

(സഹസ്രയോഗം)

അജ്ഞ-വി. അറിവില്ലാത്ത, ജഡബുദ്ധിയായ.

'അജ്ഞേമൂഢയഥാജാത മൂർഖവൈധേയബാലിശാഃ' (അമരം)

[അജ്ഞൻ, മൂഢൻ, യഥാജാതൻ, മൂർഖൻ, വൈധേയൻ, ബാലിശൻ ഇവ ആറും മൂഢന്റെ പേർ.]

'അജ്ഞരെച്ചെയ്യുവാചജ്ഞനായുള്ളഞാൻ'

(കൃഷ്ണഗാഥ)

അജ്ഞക-മൂഢസ്ത്രീ.

അജ്ഞഭ്രുവ്-ചെറുപയറ്.

അജ്ഞാത-വി. ജ്ഞാതം (അറിയപ്പെട്ടതു്) അല്ലാത്ത.

അജ്ഞാതചര്യ-അജ്ഞാതവാസം. ആരുമറിയാതെയുള്ള പാർപ്പ്.

അജ്ഞാതവാസം- ആരുമറിയാതെയുള്ള പാർപ്പ്.

കൗരവന്മാർ കള്ളച്ചൂതു പൊരുതു പാണ്ഡവരെ ജയിക്കയും പന്ത്രണ്ടു സംവത്സരം വനവാസവും ഒരു സംവത്സരം അജ്ഞാതവാസവും അവർക്ക് ശിക്ഷയായി കല്പിക്കയും ചെയ്തു. വനവാസം കഴിഞ്ഞതിൽ പിന്നെ പാണ്ഡവർ വേഷപ്രച്ഛന്നരായ് ഒരു വർഷം വിരാടപുരത്തിലാണ കഴിച്ചുകൂട്ടിയതു. ഇപ്രകാരം ആരുമറിയാതെ ചെയ്യുവാസത്തിന് (പാർപ്പിന്) അജ്ഞാതവാസം എന്നു പറയുന്നു.

'അജ്ഞാനമെല്ലാമകലെക്കളഞ്ഞൊരു
വിജ്ഞാനികളായ ധർമ്മജന്മാദികൾ
ആയുധമൊക്കെശ്ശമീവൃക്ഷത്തിന്മേൽവ-
ച്ചായതനേത്രയാം കൃഷ്ണയും തങ്ങളും
ഛന്നമായുള്ളൊരു നാനാവേഷത്തോടും
ചെന്നു വിരാടപുരിയിലകംപുക്ക'
(ഭാരതം)

ഈ കഥാവസ്തു അടങ്ങിയതിനാൽ ഈ പേരോടുകൂടിയ ഒരു ഭാഷാനാടകമുണ്ട്.

അജ്ഞാനം-ജ്ഞാനം (അറിവ്) ഇല്ലായ്മ. ജ്ഞാനസമ്പാദനത്തിൽ നശിക്കുന്നത്.
'അജ്ഞാനമവിദ്യാഹമ്മതിസ്ത്രീയാം' അമരം.
[അജ്ഞാനം, അവിദ്യ, അഹമ്മതി ഇവ ൩-ം അജ്ഞാനത്തിന്റെ പേർ]

അജ്ഞാനി-അറിവില്ലാത്തവൻ.
'അജ്ഞാനംകൊണ്ടുമല്ലമത്സരംകൊണ്ടുമല്ല
വിജ്ഞാനമുള്ളജനംകേൾക്കണമെന്റെവാ[ക്യം
അജ്ഞാനിശിവനിവനെത്രയുമതിനീചൻ
വിജ്ഞാനമുണ്ടെന്നുള്ളാളുകളെയുള്ളൂന്നം'
(ദക്ഷയാഗം കിളിപ്പാട്ട്)

അജ്ഞേയ-വി. ജ്ഞേയം (അറിയേണ്ടതു്) അല്ലാത്ത.

അഞ്ചടി-ഒരുവിധം പാട്ട്.

അഞ്ചതി-൧. കാറ്റ്. ൨. അഗ്നി.

അഞ്ചനം-അഞ്ജനം, അഞ്ചനം എന്ന് പണ്ടു ചെറുശ്ശേരി മുതലായവർ പ്രയോഗിച്ചിട്ടുണ്ട്. ഇപ്പോൾ ഈ പ്രയോഗം നടപ്പില്ല.

അഞ്ചം-ഒരുമാതിരി ചെറിയ കിണ്ണൻ പാത്രം.

അഞ്ചമ്പൻ-കാമദേവൻ. അഞ്ചു അമ്പുള്ളവൻ.

അഞ്ചും പുഷ്പങ്ങളാണ്. ൧. അരവിന്ദം (താമരപ്പൂവ്) ൨. അശോകം (അശോകപ്പൂവ്). ൩. ചൂതം (മാമ്പൂവ്), ൪. നവമാലിക (പിച്ചകപ്പൂവ്) നവമല്ലിക എന്നും പാഠമുണ്ട്. ൫. നീലോല്പലം (കരിങ്കുവളപ്പൂവ്) ഇവ ൫-ം കാമദേവന്റെ അസ്ത്രങ്ങളാണ് പഞ്ചബാണശബ്ദം നോക്കുക.

അഞ്ചൽ-ഒരു ദിക്കിൽനിന്നു മറ്റൊരു ദിക്കിലേയ്ക്കു എഴുത്തുകളും പണവും സാമാനങ്ങളും മററും കൊണ്ടുപോകുക ഇതു സർക്കാർ ഏർപ്പാടാണ്. ഇതിലേക്കു സർക്കാരിൽനിന്ന് ഏർപ്പെടുത്തീട്ടുള്ള കാര്യാലയത്തിന് അഞ്ചലാഫീസ് എന്നു പേർ.

അഞ്ചലം-അററം.
'ചഞ്ചലഭാവവൃന്ദഖിലമകനക-
രാഞ്ചലയുഗളം മുകുളിതമാക്കി'
(കിരാതം തുള്ളൽ)
'അതുപൊഴുതുപവനതന-
യനെയുമവരാദരി-
ച്ചാലിംഗ്യഗാഢമാ
ചുംബ്യബാലാഞ്ചലം'
(അദ്ധ്യാത്മരാമായണം)

അഞ്ചാതെ-൧. കലുക്കംകൂടാതെ. ൨. പേടിക്കാതെ.
'പഞ്ചശരൻതന്റെ പഞ്ചശരങ്ങളെ
അഞ്ചാതെ കൈയിലാക്കിവന്നു'
(രുക്മിണീസ്വയംവരം തുള്ളൽ)

അഞ്ചാൻ-ഒരുവ്.

അഞ്ചാംപനി-പൊങ്ങൻപനി. വസൂരിസംബന്ധിച്ചുണ്ടാകുന്നതാണ്. ശരീരത്തിൽ തടിപ്പുണ്ടായിരിക്കും.

അഞ്ചാംപുര-വ്യഭിചാരദോഷം ഉണ്ടെന്നു തോന്നുന്ന ബ്രാഹ്മണസ്ത്രീകളെ, അതിനെ നിർണ്ണയപ്പെടുത്തുന്നതുവരെ താമസിപ്പിക്കുന്ന സ്ഥലം (ഗൃഹം)

അഞ്ചായുധൻ-കാമദേവൻ. അഞ്ചു ആയുധമുള്ളതുകൊണ്ട് ഇപ്രകാരം പറയുന്നു. (അഞ്ചമ്പൻ എന്ന ശബ്ദം നോക്കുക).

'അഞ്ചാറന്നജന്മാര നമുക്ക-
ഞ്ചായുധനെക്കാൾ വിരുതന്മാർ'
(ഘോഷയാത്ര തുള്ളൽ)

അഞ്ചിത-വി. ൧. പൂജിക്കപ്പെട്ട ൨. മനോഹരമായ. ൩. തോററതു. ൪. വളഞ്ഞതു.

'അഞ്ചുപൂജനെ' എന്നുള്ളതിനാൽ ഈ ധാതുവിനു പൂജിയ്ക്ക എന്നുള്ള അർത്ഥം സ്പഷ്ടം. അഞ്ചു എന്ന ധാതുവിനു പൂജിക്ക എന്നും ഗമിക്ക എന്നും അർത്ഥമുള്ള പ്രകാരവും കാണുന്നുണ്ടു്.

'പൂജിതേഞ്ചിതഃ (പൂജിതേച്ചിതഃ)' എന്നമരമുള്ളതിനാൽ പൂജിക്കപ്പെട്ടതു് എന്നുതന്നെയാണു് പ്രധാനമായ അർത്ഥം.

'വഞ്ചിമഹീപതി വരകുലശേഖര-
നഞ്ചിതവിമലമഹാഗുണസഞ്ചയ
സഞ്ചിതനാകിന സകലജനേശന-
മഞ്ചിതധനജനകലബലശാലി'
(പ്രദോഷമാഹാത്മ്യം തുള്ളൽ)

അഞ്ചു്-എന്നതിനു ൧. വളയുക, ചുരുളുക. ൨. പോവുക, അനങ്ങുക. ൩. ഭജിക്ക, ബഹുമാനിക്ക, പൂജിക്ക. ൪. വന്ദിക്ക ൫. അപേക്ഷിക്ക. ൬. അനുഗ്രഹിക്ക. ൭. ഉരുവാക്കുക എന്നീ അർത്ഥങ്ങൾ ഉള്ള പ്രകാരവും വെളിവാകുന്നുണ്ടു്.

അഞ്ചിതഭ്രൂ-മനോഹരമായ പുരികമുള്ളവൾ, വളഞ്ഞ പുരികമുള്ളവൾ.

അഞ്ചുക-൧. ഭയപ്പെടുക. (അഞ്ചി=ഭയപ്പെട്ടു).
'വീരനാമച്ചുററച്ചുമികവെഴുംപിഴകണ്ടഞ്ചി.'
(രാമചരിതം)
൨. ലജ്ജിക്കുക.

അഞ്ചുതെങ്ങു്-ചിറയിൻകീഴ് താലൂക്കിലുള്ള ബ്രിട്ടീഷ് സ്ഥലം.

അഞ്ചുവർണ്ണം-കറുപ്പു്, വെളുപ്പു്, ചുവപ്പു്, പച്ച, മഞ്ഞ ഇവ ൫-ം.

അഞ്ജനൻ-൧. പടിഞ്ഞാറെ ദിക്കപാലകന്റെ ആന, മഷിപോലെ നിറമുള്ളതു്, ഭംഗിയായി ഗമിക്കുന്നതു്, പ്രകാശിക്കുന്നതു് എന്നു വ്യുൽപത്തി. കദ്രുകുലത്തിലെ ഒരു സർപ്പം. അതിനു് അനേകം തലകൾ ഉണ്ടു്.

അഞ്ജനദ്യുതി-മഷിയുടെ നിറം പോലെയുള്ള ശോഭ.
'വസാനമൈണാജിനമഞ്ജനദ്യുതിഃ'
(മാഘം)

അഞ്ജനം-൧. മഷി. ൨. സൌവീരാഞ്ജനം, രസാഞ്ജനം, സ്രോതോഞ്ജനം ഇവ മൂന്നും. ൩. ഒരു പർവ്വതം. ൪. ഒരുതരം ഗൌളി. ൫. ഒരു നേത്രരോഗം.

അഞ്ജനകേശി-൧. പവിഴക്കൊടി. അഞ്ജനവർണ്ണമായ കേശമുള്ളതുകൊണ്ടു് ഈ പേർ സിദ്ധിച്ചു. (പര്യായങ്ങൾക്കു പവിഴക്കൊടി നോക്കുക). ൨. നളിനാമലകം എന്ന ഗന്ധദ്രവ്യം. ഇതിനു് ഉത്തരദേശങ്ങളിലെ പ്രസിദ്ധിയുള്ള നളിനാമലകം എന്നതിനു ഭാഷയിൽ 'പവാരി' എന്ന ശബ്ദം കാണുന്നു. ൩. കറുത്ത തിരതാളി.

അഞ്ജനക്കല്ലു്-ഒരുവക കറുത്ത ഭേഷജ കല്ലു്.

അഞ്ജനക്കുന്നു-അഞ്ജനപർവ്വതം.
'അഞ്ജനക്കുന്നിന്മേൽനിന്നവിളങ്ങിന
കഞ്ജമനോഹരമെന്നപോലെ'
(കൃഷ്ണഗാഥ)

അഞ്ജനശൈലം-അഞ്ജനപർവ്വതം.
'അഞ്ജനശൈലംപോലെ ശരീരവു-
മതിഭീഷണമുഖവും കണ്ടാൽ'
(കാർത്തവീര്യാർജ്ജുനവിജയം തുള്ളൽ)

അഞ്ജനവർണ്ണൻ-൧. വിഷ്ണു. ൨. കൃഷ്ണൻ (കറുത്ത നിറമുള്ളവൻ).
'അഞ്ജനവർണ്ണനകാണ്മാനാഗ്രഹ-
മധികമതുണ്ടെന്നറികയിലെന്നിൽ'
(രാമാനുചരിതം തുള്ളൽ)

അഞ്ജനശലാക-മഷി പിരട്ടി ഉപയോഗിക്കുന്ന ചെറിയ കമ്പു് (പെൻസിൽ.)

**അഞ്ജന**-ഹനുമാന്റെ അമ്മ.

അഞ്ജന എന്ന ഈ വാനരസ്ത്രീ മുമ്പു പുഞ്ജികസ്ഥലി എന്ന ഒരു അപ്സരസ്ത്രീയായിരുന്നു. ശാപം നിമിത്തമാണ് വാനരസ്ത്രീയായ് ഭവിച്ചത്. അഞ്ജനയുടെ പിതാവിനെ കുഞ്ജരൻ എന്നും ഭർത്താവിനെ കേസരി എന്നും വിളിക്കുന്നു. ഹനുമാനെ പ്രസവിച്ചത് ഈ അഞ്ജനയാണ്. എന്നാൽ പിതാവ് വായു ആകുന്നു ഹനുമാൻ ശ്രീപരമേശ്വരന്റെ ബീജം കൊണ്ടുണ്ടായി എന്നുള്ളതിനും മററും ഹനുമദുത്ഭവം നോക്കുക.

**അഞ്ജനാദ്രി**-അഞ്ജനപർവ്വതം.

**അഞ്ജനനാമിക**-ഒരു നേത്രരോഗം.

ഇതിനു പോളയിൽ കുരുവുണ്ടാകും. ചെറുതായിരിക്കും, ചൂടും കുത്തലും കാണും. ചെമ്പിച്ചും നേർത്തുമിരിക്കും. അല്പമായ വേദനയും നേരിടും. ഇതു നേത്രവർത്മഗതരോഗമാണ്.

'ദാഹതോദവതീതാമ്രാ
പിടികാവർത്മസംഭവാ
മൃദ്വീമന്ദരുജാസൂക്ഷ്മാ
ജ്ഞേയാസാഞ്ജനനാമികാ'
(മാധവനിദാനം)

**അഞ്ജനാതനയൻ**-ഹനുമാൻ. അഞ്ജനയുടെ തനയൻ (പുത്രൻ)

അഞ്ജന എന്ന ശബ്ദത്തോടുകൂടി ആത്മജൻ, സുതൻ, നന്ദനൻ, സൂനു, തനുജൻ എന്നിപ്രകാരം പുത്രൻ എന്ന അർത്ഥത്തെ കുറിക്കുന്ന ശബ്ദങ്ങൾ ചേർന്നാൽ ഹനുമാൻ എന്നർത്ഥം വരും.

**അഞ്ജനാംഭസ്സ്**-കണ്ണുനീർ.

**അഞ്ജനാവതി**-ദിക്കരിണി, വടക്കുകിഴക്കേദിക്പാലകന്റെ ആനയായ സുപ്രതീകന്റെ പിടിയാന. മഷിപോലെ നിറമുള്ളത്, അഞ്ജനപർവ്വതംപോലെ ഇരിക്കുന്നത് എന്നു വ്യുൽപത്തി.

**അഞ്ജനി**-കടുരോഹിണി.

**അഞ്ജനിക**-ഫ. ഒരുമാതിരി ചുണ്ടെലി. ൨. സുപ്രതീകൻ എന്ന ആനയുടെ പിടി. ൩. വേദപാഠത്തിൽ അട്ടക്കംപിടിക്കുക.

**അഞ്ജലി**-ഫ. തൊഴുകൈ, കൂപ്പുകൈ. രണ്ടുകൈയുംകൂട്ടി തൊഴുതുപിടിച്ചത്. രണ്ടുകൈയും കൂട്ടി വെള്ളം കൊള്ളത്തക്കവണ്ണം പിടിച്ചത്.

'ചിന്മയനായ ഭഗവാനെ നാരായണനെ
അഞ്ജലികൊണ്ടുസേവിച്ചീടുന്നിവർകളും'
(ഭാഗവതം)

'അഞ്ജലികൂപ്പിയുണർത്തിച്ചാനട-
നഞ്ജനതനയടെമകനുടെവചനം'
(രാമാനുചരിതം തുള്ളൽ)

൨. വെള്ളം എടുക്കുവാനുപയോഗിക്കുന്ന ഒരു പാത്രം. ൩. ഇരുപത്തിനാലു അംഗുലം നീളമുള്ള ആശാരിമുഴക്കോലിന്റെ പേർ. ൪. എല്ലാവിരലും നിവർത്തിപ്പിടിച്ചു കൈപ്പടത്തോടുകൂടിയ കൈത്തണ്ടിന്റെ പേർ. ൫. ൨ പലം = ഒരു പ്രസൃതം, ൨ പ്രസൃതം = ഒരഞ്ജലി. ഇതിനു കുടുംബം എന്നു പറയും.

**അഞ്ജലിക**-ചെറിയ ചുണ്ടെലി.

**അഞ്ജലികം**-അർജ്ജുനന്റെ ഒരു അസ്ത്രത്തിന്റെ പേർ.

**അഞ്ജലികാരിക**-ഫ. തീണ്ടാനാഴി (തീണ്ടാനാവി, മുക്കുററി). ൨. തൊട്ടാവാടി.

**അഞ്ജലിബന്ധം** — രണ്ടുകൈയുംകൂട്ടി തൊഴുതുപിടിക്കുക.

**അഞ്ജസാ**-വേഗത്തിൽ, ഉടനെ

'ഡംബരംതവശംക്കമാഹവ
ശംബരാ! വരികപോരിനഞ്ജസാ'
(ശ്രീകൃഷ്ണചരിതം)

**അഞ്ജീര(കം)**-അഞ്ജീർ. ശീമഅത്തിപ്പഴം.

**അഞ്ജീർ**-അഞ്ജീർ, (തമിഴിൽ ചീമെ അത്തിപ്പഴം).

അഞ്ഞായം-അന്യായം. അഞ്ഞായം എന്നു ഇപ്പോൾ പറയാറില്ല.

അട-(ധാതു) വഴിമറയ്ക്കുക.

അട-ം ഒരുപലഹാരം (അപ്പം). ൨. സഞ്ചാരം, ഭിക്ഷാർത്ഥമായും മററും അവിടവിടെ സഞ്ചരിക്കുക.

'പ്രവ്രജ്യാടാട്യാപര്യടനം' അമരം.

[പ്രവ്രജ്യാ, അടം, അട്യാ, പര്യടനം ഇവ ൪-ം, പര്യടനത്തിന്റെ പേർ.] പര്യടനം-എല്ലാ പ്രദേശങ്ങളിലുമുള്ള നടപ്പ്. അടാട്യാ എന്നു സമസ്തമായും കാണുന്നു. 'അടാപര്യടനം ഭ്രമഃ' എന്ന രത്നകോശത്തെയും 'വൃഥാട്യാംഖല്യസൌരസ്യ' എന്ന പ്രയോഗത്തെയും അനുസരിച്ച മഹേശ്വരടീക അടാ അട്യാ എന്നുരണ്ടു പദമാക്കി പ്രതിപാദിക്കുന്നു.

൩. താഴ് (പൂട്ട്). ൪. വിളക്ക്.

അടകല്ല്-ം. അടയ്ക്കുന്ന കല്ല്. ൨. ലോഹങ്ങൾവെച്ച് അടിച്ചുപണിയുന്ന ഇരുമ്പുകട്ടി.

അടക്കലം-രക്ഷാസ്ഥലം, രക്ഷ, ആശ്രയം.

അടക്കാവ്-ം. ഉരക്കുരികിൽ, അടുക്കളക്കുരികിൽ, അടക്കാപ്പക്ഷി. ൨. രക്ഷാസ്ഥലം.

അടക്കം-ം. ക്ഷമ.

'പെരികതടക്കമിക്കാലമന്നിങ്ങുമേ' (രാമചരിതം)

൨. വിനയം.

'അടകിയജ്ഞാചന്നരചനെത്തൊഴുതുചൊല്ല
ള്ളടങ്കിനൻപിചീഴണന്തണന്തുയരെല്ലാം' (രാമചരിതം)

൩. രഹസ്യം.

'ചരിയായിതെൻറെള്ളടക്കമായവർകൾചൊ
ല്ലിനാർ' (രാമചരിതം)

൪. സംസ്കാരം, ശവം അടക്കുക. ൫. മുഴവൻ.

'പളുകപ്പറന്തടക്കംമുടിക്കം
വെൻറിവിളന്തിരിക്കം' (രാമചരിതം)

൬. കീഴടക്കുക. ൭. അപഹരിക്കുക. ൮. ഒതുക്കം.

അടങ്ങുക-ക്രി. സമാധാനപ്പെടുക. ൨. ചേരുക. ൩. കൊള്ളുക. ൪. താഴുക.

അടങ്കൽ-ം. ഒരു പണിവകയ്ക്ക് ആകപ്പാടെ നിശ്ചയിക്കുന്ന ചെലവുതുക. ൨. മുഴവൻ.

അടത്തുന്നു-പിഴുന്നു, മുറിച്ചെടുക്കുന്നു, വെട്ടിഎടുക്കുന്നു.

അടച്ചുപാററി-അടപലക.

അടച്ചൂററി-അടപ്പ്, അടയ്ക്കുന്നപലക.

അടനം-സഞ്ചാരം, ചുററിത്തിരിയുക. അട എന്ന ശബ്ദം നോക്കുക.

അടന-യാചിക്കുക.

'യാച്ഞാഭിക്ഷാർദ്ദനാർത്ഥനാ' (അമരം)

[യാച്ഞാ, ഭിക്ഷാ, അടനാ, അർത്ഥനാ ൪-ം, യാചിക്ക എന്നതിന്റെ പേർ]

അടനി-വില്ലിന്റെ തല, വില്ലിന്റെ അററം, വില്ലിന്റെ അഗ്രം. ഞാൺ ഇതിനെ പ്രാപിക്കുന്നതിനാൽ ഈ പേർവന്നു.

അടന്ത-ഒരു താളം.

അടപതിയൻ-ഒരു പച്ചമരുന്ന്.

ഇതിനെ അടപതിയൻ, അടകൊതിയൻ, അടവതിയൻ ഇങ്ങനെ പലവിധം പറയുന്നു.

'ജീവന്തി ജീവനീ ജീവാ ജീവനീയാ മധുസ്രവാ' അമരം.

[ജീവന്തി, ജീവനി, ജീവ, ജീവനീയ, മധുസ്രവ ഇവ അടപതിയന്റെ പേരുകൾ. മധു, സ്രവം എന്നുരണ്ടിന്റെയും പാഠമുണ്ട്.]

'ജീവന്തീസ്യാജ്ജീവനീജീവനീയാ
ജീവാജീവ്യാജീവദാജീവിദാത്രീ'

ശാകശ്രേഷ്ഠാജീവഭദ്രാചഭദ്രാ
മംഗല്യാചക്ഷുഷ്യജീവായശസ്യാ
ശൃംഗാടീജീവപുഷ്പാച
കാഞ്ജികാശശശിംബികാ
സൂപിംഗാളതിജീവന്തീ
ജ്ഞേയാ അഷ്ടാദശാഭിധാ’

അടപതിയന്റെ ഇല പുഴുങ്ങിത്തിന്നാൽ രക്തസ്കന്ദകാണാത്തതു ശമിക്കും. ഓജസ്സിനെ വർദ്ധിപ്പിക്കും. ദേഹപുഷ്ടിയെ ചെയ്യും. ഒച്ച നന്നാക്കും. ഗുരുതാമുള്ളതാണ്. ശുക്ലത്തെ അധികമാക്കും. യൌവനത്തെ അധികകാലം നിറുത്തും. കണ്ണിന് ഹിതമാണ്. സകല ദോഷങ്ങളേയും ഇല്ലാതാക്കും. രസം മധുരവും വീര്യം ശീതവുമാണ്. [യന്തി ‘ജീവനീയാംഹണീകണ്ഠ്യാഗുർവീവൃഷ്യാരസം ചക്ഷുഷ്യാസർവ്വദോഷഘ്നീജീവന്തീമധുരാഹി (അഷ്ടാംഗഹൃദയം) [മം’

അടപലക-ഫ. കഞ്ഞിയും ചോറും വേർതിരിപ്പാൻ ഉപയോഗിക്കുന്ന പാത്രം.

പാത്രത്തിന്റെ വക്കിൽ ഈ പലക വച്ചാണു വാർക്കുന്നത്. ചിലേടത്തു പുററിയാമി എന്നു പറയുന്നു. പിച്ചളകൊണ്ടു ഈയിട ചിലതു കാണുന്നുണ്ട്. അതിനെ ചിപ്പിലി എന്നു വിളിക്കുന്നു. ഇതു് അരിവടിക്കുന്നതിനും ചോറു വിളമ്പുന്നതിനും ഉപയോഗിക്കുന്നു. ചോറു വിളമ്പുന്നതിൽ ഭാരം കാണുകയില്ല.

അടമ്പു്-ഒരുവക വള്ളി അടമ്പു് എന്നു ചിലദിക്കിൽ പറയുന്നു.

അടപ്പു്-ഫ. അടയ്ക്കുന്ന സാധനം, മരണിയും കപ്പിയും മററും തുറന്നുകിടക്കാതെ മൂടിവയ്ക്കുന്നതിനുള്ള വസ്തു. ഉ. അടയ്ക്കുന്ന സ്ഥിതി.

അടപ്പൻ, അടപ്പം-ഫ. ഏറെ (മുണ്ടും മ്) ഇട്ടുവയ്ക്കുന്ന പാത്രം. ഉ. വെററില പാക്കു മുതലായവ ഇട്ടുവയ്ക്കുന്ന സഞ്ചി. ന. ക്ഷുരകന്മാർ കത്തിയും മററും ഇട്ടു സൂക്ഷിക്കുന്ന ഉറ.

അടപ്പാംകരു-കണ്ഠകാളികൾക്കുള്ള ഒരു വ്യാധി.

[ഇതു പകരുന്നതാണ്. മൃഗങ്ങളിൽ നിന്നു മനുഷ്യർക്കും പകരും. ആടു മാടു കാളയും കുതിരകാളയും നശിപ്പിക്കുന്ന അസാദ്ധ്യരോഗമാണ്. ഇതിനെ ഫ. സന്നിപാതോദരഗ്രന്ഥി. ഉ. തൊണ്ടിവീക്കം. ന. ശംഖപിടകം. ഭ. ബ്രാംക്സി. ഇ. വിഷജ്വരം. തു. രാജകരു ഇങ്ങിനെ തരംതിരിച്ചിരിക്കുന്നു.]

അടപ്പുക്കാരൻ-വെററിലയും പാക്കും എടുത്തുകൊടുക്കുന്ന വേലക്കാരൻ.

അടപ്രഥമൻ-ഒരു മധുരക്കറി.

പഴപ്രഥമൻ, പരിപ്പുപ്രഥമൻ, ചക്കപ്രഥമൻ, കടലപ്രഥമൻ, അവൽപ്രഥമൻ, പാൽപ്രഥമൻ, ഗോതമ്പുപ്രഥമൻ, ചവ്വരിപ്രഥമൻ ഇത്യാദി പലവിധമുണ്ട്. ചേന, മത്തങ്ങ, ശീമച്ചക്ക, ഉരുളക്കിഴങ്ങു മുതലായ ദ്രവ്യങ്ങൾകൊണ്ടും ഈയിട പ്രഥമൻ ഉണ്ടാക്കാറുണ്ട്. ഈയിട അമേരിക്കൻമാവുകൊണ്ടാണ് അധികമായി അടപ്രഥമൻ പാകംചെയ്തു കാണുന്നത്.

അടമഴ-ഇടവിടാതെയുള്ള വർഷം.

അടമാങ്ങ-നല്ലവിളഞ്ഞ പച്ചമാങ്ങ നുറുക്കി ഉപ്പുംഇട്ടു വയ്ക്കുകയും, ഉപ്പുപിടിക്കുമ്പോൾ വെയിലിൽഇട്ട് ഉണക്കുകയും ചെയ്യുന്നു. ഇങ്ങിനെ എടുക്കുന്ന മാങ്ങയ്ക്കു് അടമാങ്ങ എന്നു പേർ.

അടമാനം-ഫ. അടയ്ക്കുന്ന സാധനം. ഉ. ഈടു (പണയം). ന. ജാമ്യം.

അടമാറി-ഞാററടി (അരു വരുത്തുന്ന ചെറിയ വയൽ. ഇതിനെ ചില ദേശങ്ങളിൽ പള്ളത്തൊയൽ, പള്ളിയാൽ, പള്ളിയാലി, പള്ളിമത്തൊയൽ ഇങ്ങിനെ പലവിധം പറയുന്നു. ഉ. ഭൂമിയുടെ തിരപ്പിലുള്ള.

അടയ, അടയെ-മുഴുവൻ, എല്ലാം.

'പൊരുതുപാർത്ഥനെക്കൊലചെയ്യാപൊരിൽ
പൊരുതവനമ്മുതടയനൽകുവൻ'
(ഭാരതം)

അടയർ-ശത്രുക്കൾ.

അടയലർ-ശത്രുക്കൾ.

അടയാളം-വ്യത്യാസം അറിയിപ്പാനുള്ള ലക്ഷ്യം, പദാർത്ഥത്തെ കാണിച്ചുതരുന്നതു്.

'കളങ്കാങ്കൌലാഞ്ഛനഞ്ച
ചിഹ്നം ലക്ഷ്മലക്ഷണം' (അമരം)

[കളങ്കം, അങ്കം, ലാഞ്ഛനം, ചിഹ്നം, ലക്ഷ്മ, ലക്ഷണം ഇവ ആറും, അടയാളത്തിന്റെ പേർ. ലക്ഷണം എന്നതിനു ലക്ഷ്മണം എന്നും പറയാം].

അടയാളവാക്കു്-അടയാളത്തെ പ്രദർശിപ്പിക്കുന്ന വാക്കു്.

'എന്നുടെകാര്യത്തിനൊക്കിൽപ്രമാണം നീ
യെന്നിയേ മറ്റാരുമില്ലെന്നു നിർണ്ണയം
പിന്നെ 'അടയാളവാക്ക്' മതാം ചെയ്തു
മന്നവൻപോയാലുമെന്നു വച്ചീടിനാൻ'

എന്നു് അദ്ധ്യാത്മരാമായണത്തിൽ പറയുന്ന * അടയാളവാക്കു് ഒരു ഉദാഹരണമാകുന്നു ഇതു് ശ്രീരാമൻ ഹനുമാനോടു പറഞ്ഞയച്ചതാണു്.

* പഞ്ചവടിയിൽവച്ചു് 'രാവണൻവന്നു നിന്നെക്കൊണ്ടുപോകും; അതുകൊണ്ടു് നീ അഗ്നിയിൽ മറഞ്ഞിരിക്കണം; മായാസീതയെ ആശ്രമത്തിലാക്കണം' എന്നു ശ്രീരാമൻ സീതയോടു കല്പിച്ചതു്.

അടയുക-ക്രി. നിറയുക, മൂടുക.

'ചെകിടടയുമാറാം വാദ്യങ്ങൾ'
(ഭാരതം)

വി. പ്രവേശിക്കുക, ലഭിക്കുക.

അടയ്ക്ക-പാക്കു്, കവുങ്ങിന്റെ കായ്.

പൂഗഞ്ചിക്കണീചിക്കം
ചിക്കണം ശ്ലക്ഷ്ണകം തഥാ
ഉദ്വേഗം ക്രമുകഫലം
ജ്ഞേയം പൂഗഫലം വസു'

എന്നു അടയ്ക്കയുടെ പര്യായങ്ങൾ. വെററിലയ്ക്കുമുമ്പായി അടയ്ക്ക തിന്നരുതു്. അങ്ങിനെ തിന്നുന്നവൻ ബുദ്ധിയില്ലാത്തവനും ദരിദ്രനുമാകും. മരണകാലത്തു് ഈശ്വരസ്മരണയും ഉണ്ടാകയില്ല.

'അനിധായമുഖേ പർണ്ണം പൂഗം ഖാദതിയോ നരഃ
മതിഭ്രംശോ ദരിദ്രസ്സ്യാദന്തേ സ്മരതി നോ ഹരിം'
എന്നു പ്രമാണം.

അടയ്ക്കാക്കത്തി-പാക്കുവെട്ടി, പാക്കുവെട്ടുന്നതിനുള്ള കത്തി (ആയുധം).

അടയ്ക്കാമണിയൻ-ഒരുമരുന്നുചെടി (ചെടി). ഇതു വയലുകളിലും മറ്റും കിട്ടും.

അടയ്ക്കാമരം-കവുങ്ങു്, പാക്കുകായ്ക്കുന്ന വൃക്ഷം.

'പൂഗസ്തുപൂഗവൃക്ഷശ്ച ക്രമുകോ ദീർഘപാദപഃ
ഉദ്ധ്വാല്ക്കോ വല്ക്കതരുശ്ചിക്കണശ്ച മുനിപ്രിയ
എന്നു കവുങ്ങിന്റെ പര്യായങ്ങൾ.

'ഘോണ്ടാതുപൂഗഃ ക്രമുകോ
ഗുവാകഃ ഖപുരോസ്യതു' അമരം

[ഘോണ്ട, പൂഗം, ക്രമുകം, ഗുവാകം, ഖപുരം ഇ ൫ം കവുങ്ങിന്റെ പേർ. 'ഗുവാകോപി ച ഗൂവാകഃ' എന്നു ശബ്ദഭേദമുള്ളതിനാൽ ഗൂവാകം എന്നും പറയാം]

അടയ്ക്കുക-മൂടുക, പൊതിയുക, നിറയ്ക്കുക.

അടർ-യുദ്ധം, അടൽ.

അടര-ക്രി. അടു [illegible], നാ [illegible]. വ. ഒഴുകിയ വെള്ളം മണലും കല്ലും ചെളിയും അടരടരായി വിട്ടിരിക്കുന്നതു് [illegible] ഭൂമിയുടെ പേർ എന്നു കൃഷിശാസ്ത്രം പറയുന്നു.

അടരുക-പൊട്ടിവീഴുക, ഇളകിവീഴുക.

അടരൂഷം- ആടലോടകം. വഴിപോകുന്നവർ തട്ടിത്തടയുന്നതുകൊണ്ടു് ഈ പേർ സിദ്ധിച്ചു

[ഇതിനു് അടരൂഷകം എന്നും അട്ടരൂഷകം എന്നും പാഠാന്തരങ്ങളുണ്ടു്.

പര്യായങ്ങൾക്ക് ആടലോടകം എന്ന ശബ്ദം നോക്കുക.]

അടച്ച്-അടഞ്ഞ സ്ഥിതി.

അടത്തുക- പൊളിക്കുക (അടത്തി= പൊളിച്ചു)

'മരുപചർവിക്രമവൃന്ദമശേഷം
കത്തിയടത്തുനശിപ്പിച്ചുടനെ'

(ഉത്തരരാമായണം ചമ്പു)

അടപ്പ്-അടച്ചെടുത്ത കക്ഷണം, പൂള്.

അടൽ-യുദ്ധം.

'കടിലമതേ! പടപൊരുവതിന്നടമയൊ
ടടൽനിലമതിൽവാടാ'

(കീചകവധം കഥകളി)

'അപടുതയൊടടൽനടുവി-
ലിടരൊടുധനഞ്ജയൻ'

(ഭാരതം)

അടൽ-വി. കൊല്ലുന്ന.

'അടലിടിപോലെ നാശംചെയ്യാൻ'

(ഭഗവൽഗീത)

[അടൽ എന്നതിനു യുദ്ധം എന്നും അർത്ഥമുണ്ട്. 'അടർ' എന്ന ഭാഷയിൽ രൂപാന്തരം.]

അടൽകരി-കൊലയാന(കൊല്ലുന്നആന)

'അടൽകരിക്കൂട്ടംകണ്ടഥറിനചികംപോലെ'

(രാമചരിതം)

അടൽകിടക്കുക-പോരിൽ എതിർക്കുക.

'ചിവനോടുമടൽകിടക്കാം
ചീർമചേർകരങ്കളാളൻ'

(രാമചരിതം)

അടൽക്കളം-യുദ്ധാങ്കണം, പടനിലം

അടൽത്തറ-യുദ്ധാങ്കണം, പടനിലം.

അടൽനിലം-യുദ്ധാങ്കണം, പടനിലം.

അടൽമഴ-ഇടവിടാത്ത മഴ, അടമഴ.

അടല-വി. ഇളക്കമില്ലാത്ത, ഉറപ്പുള്ള.

അടലാർ-പു.ശത്രുക്കൾ വ.യോദ്ധാക്കൾ.

'പിണഞ്ഞുമടലർചുറപ്പാടുനാക്കിത്തിറം'

(രാമചരിതം)

അടലാശ്രു ആടലോടകം.

അടലിട-യുദ്ധത്തിൽ.

അടവഴി-അടച്ചിട്ടുള്ളവഴി, ഒരിക്കൽ വഴിയായിരുന്ന് പിന്നീട് അടച്ച വഴി.

അടവി-കാട്. (സാധാരണയുള്ളത്). മൃഗങ്ങളും കിരാതന്മാരും, നായാട്ടിനായി മററുള്ളവരും സഞ്ചരിക്കുന്നതിനാൽ ഈ പേർ സിദ്ധിച്ചു. കർണ്ണാടകത്തിലും തെലുങ്കിലും അഡവ്വ എന്ന് പറയുന്നു. (പര്യായത്തിനു കാട് എന്ന ശബ്ദം നോക്കുക.)

'അവരെവില്ലുമായടുത്തുകണ്ടപ്പോ-
ളവനിമുട്ടപ്പാഞ്ഞടവിതേടും നീ'

(ഭാരതം)

അടവികൻ— വനംവിചാരിപ്പുകാരൻ, വനചരൻ, കാട്ടാളൻ.

അടവിക്കച്ചോലം-ഒരു ഔഷധി.

ഇത് വിഷം, രക്തദോഷം, കഷ്ടം, ചൊറി, വ്രണം, കൃമി, വായുക്ഷോഭം, നാസാരോഗം, മുഖരോഗം ഇവയെ ശമിപ്പിക്കും ഉഗ്രഗന്ധമുള്ള ഒരു ധൂപദ്രവ്യമാകുന്നു.

'.........................രാക്ഷസീ
ചണ്ഡാധനഹരീക്ഷേമ
ദുഷ്പുത്രഗണഹാസകൾ'

രാക്ഷസി, ചണ്ഡ, ധനഹരി, ക്ഷേമം, ദുഷ്പുത്രം, ഗണഹാസകം ഇവ പര്യായങ്ങളാകുന്നു. ഇതിനെ കരിങ്കച്ചോലം, ചെറുകച്ചോലം, അടവിക്കച്ചൂരം, കാട്ടുകച്ചോലം, ചണ്ഡക്കിഴങ്ങ് എന്നുംമററും കൂടി പറയാറുണ്ട്.

അടവീലതാ-കാട്ടുവള്ളി.

'അടവീലതയാഗ്ഗണെസ്സ്വകീയൈഃ'

(അഭിജ്ഞാനശാകുന്തളം)

അടവ്-അഭ്യാസരീതി, യുദ്ധസമ്പ്രദായം, മറ.

'പടയണിനടുവിലൊരടവുപിടിപ്പാൻ
പടുതയറിയുമത് ല്ലാത്തവനടെ'

(പ്രദോഷമാഹാത്മ്യം തുള്ളൽ)

അടാ—അടുക്കുന്നതല്ല, യോഗ്യമല്ല

അടാട്ട്യ—സഞ്ചാരം. (അട എന്ന ശബ്ദം നോക്കുക).

അടാതേതാർ—അടുക്കാത്തവർ

'മന്ത്രനരകത്തുപൂക്കമറവിതൻപുരമടാതോർ (രാമചരിതം)

അടാപിടി—വെറുതേ വഴക്കുണ്ടാക്കുക, വ ഴ്യംവലി, ക്രമക്കേട്.

അടാംപിടി—മുറയ്ക്ക്, യഥാക്രമം. അമ വാംപടി എന്നും കാണുന്നു.

അടാവഴി—കടക്കാൻപാടില്ലാത്ത വഴി, ദുർഘടമായ വഴി.

അടാത്ത—വി. തെററായ, അടാത്തതു ചെയ്ക=തെററുചെയ്ക.

അടി—പ്ര. പാദം. ര. തല്ല്. ന. കാൽചുവ ടുകൊണ്ടുള്ളഅളവ്. ൪. താഴ്ന്നവശം.

അടികലശൽ—അടിക്കയും ശണ്ഠകൂടുക യും മററും ചെയ്ക. അക്രമത്തിനായുള്ള ഒരുമ്പാടോ ദേഹോപദ്രവമോ കാണിച്ചാൽ ശിക്ഷാനിയമപ്രകാരം ഒരു കുററമാകു ന്നു. തിരുവിതാംകൂർ ശിക്ഷാനിയമം വകുപ്പ് ൩൫൨.

അടിതിരി—ആഹിതാഗ്നിയുടെ പേർ. ആധാനം എന്ന കർമ്മം ചെയ്തവനു അ ടിതിരി എന്നു ഭാഷ. അക്കിത്തിരിക്കു അടുത്ത സ്ഥാനമുള്ള ആൾ.

[അഗ്നിചിത്ത്, അഗ്നിയെ ചയിച്ച വന്റെ പേരെന്നും ഭാഷ അക്കിത്തിരി എന്നും കാണുന്നുണ്ട്.]

അടിയ്ക്കുടി—ഒല്ലിന്തല്ല്, പിന്നെയും പി ന്നെയും, പകംപ്രതി, കൂടക്കൂടെ.

അടിക്കാട്ട്—മൂല്യംകൊണ്ടു അടിച്ചുകൂട്ടിയ തിന്റെ പേർ, മൂല്യംകൊണ്ടു അടച്ചുകള യപ്പെട്ടതിന്റെ പേർ.

'സങ്കരാവകരസ്സ്യയം' (അമരം)

സങ്കരം, അവകരം ര—ം, മൂല്യംകൊ ണ്ടു അടിച്ചുകൂട്ടിയഅടിക്കാട്ടിന്റെ പേർ 'സംസ്തരാവകരഃ' എന്നു 'സങ്കാരാവ കരഃ' എന്നും പാഠം.

അടിക്കുക—തല്ലുക, വീശുക, അറയുക.

അടിത്തലമണ്ണ്—അടിപ്പാറയുടെ മുക ളിൽമണ്ണുണ്ടായസ്ഥലത്തുകിടക്കുന്നമണ്ണ്.

മണ്ണിന്റെ ഗുണം പാറകളുടെ ഗുണ ത്തെ ആശ്രയിച്ചിരിക്കും. മണ്ണു പാറക ളിൽനിന്നു ഉത്ഭവിക്കുന്നതാണല്ലോ. അ ടിത്തലമണ്ണ് കോയമ്പുത്തൂർ മുതലായ ചില ജില്ലകളിലുള്ള ഉയർന്ന ഭൂമികളിൽ കാണുന്നുണ്ട്. ഈമണ്ണ് അതിന്റെ ഉത്ഭ വത്തിനു കാരണമായ പാറയുടെ മേൽ ഘനംകുറഞ്ഞ അട്ടിയായി കിടക്കുന്നതു നിമിത്തം അതിൽ ചെടികൾ നല്ലപോ ലെ വളരുന്നില്ല.

അടിച്ചരക്ക്—പ്ര. കപ്പൽ മുതലായവയെ സ്ഥിരഗതിയാക്കുന്നതിനു അടിയിൽ ക യററുന്ന ഭാരം, അടിയിലിടുന്ന സാമാ നം. ര. പലവെഞ്ജനംമുതലായവയുടെ അടിയിൽ കിടക്കുന്ന ഉച്ഛിഷ്ടം മുതലാ യവ; അതായതു മുളകിന്റെ തൊലി, മഞ്ഞയുടെ പൊടി എന്നിത്യാദി. മററു വാരികൾ സാമാനങ്ങൾക്കു കുറിച്ചുകൊ ക്കുമ്പോൾ 'അടിച്ചരക്ക' എന്നുകൂടി എഴു താറുണ്ട്.

അടിച്ചിൽ—പ്ര. എലിയെപിടിക്കുന്ന ഒരു യന്ത്രം, ര. വീണു നിലത്തോടുപററുക.

അടിച്ചിപാര, അടിച്ചാം—അടിച്ചു വാരാനുള്ള ചൂലുണ്ടാക്കുന്ന ഈർക്കിൽ എന്നു മുതലായതു അരിക്കാനുള്ള കോച്ച ട്ടു(ട്ട) പന്തൽക്കും മററുമുള്ള കൊളുത്ത്, ചൂട്ട, ഓല മുതലായവ.

അടിതൊൽ—രാജാക്കന്മാരോടു ജനങ്ങൾ വന്ദ്യം എന്നതിന പകരംഅറിയിക്കുന്ന ഒരു വാക്ക് (ചിലതാഴ്ന്ന ജാതിക്കാർ ഉൽകൃഷ്ടജാതിക്കാരോടും ഇങ്ങിനെ പറ യാറുണ്ട്. അടിയങ്ങൾ എന്നുംപറയും)

രാജാക്കന്മാരോടു ജനങ്ങൾ ഉപയോ ഗിപ്പാനുള്ള ഏതെങ്കിലും വാക്കുകൾ അതെ ചേർക്കുന്നു.

ഞരി=കല്ലർ.

അപ്പൻ=തന്തപ്പുഴവൻ.

അനന്തരവൻ = അനന്തരവകാശിയാം
തൻ.
ഏഴുതുക = കൈക്കുറിപ്പാടുചെയ്യുക.
കഞ്ഞി = കരിക്കാടി.
കാരണവൻ = കാരണവപ്പഴവൻ.
ഗൃഹം = കപ്പൽപ്പാട്.
ഞാൻ = അടിയൻ.
തള്ള = പഴന്തള്ള.
പോക = വിടകൊള്ളുക.
മകൻ = മകൻകിടാത്തൻ.
മുണ്ട് = അടിത്തുകിൽ (അടിതോൽ)
മരിക്കുക = കാട്ടുമറയുക.
രാജാക്കന്മാരെ സംബന്ധിച്ചു ജന
ങ്ങൾ ഉപയോഗിപ്പാനുള്ള വാക്കുകൾ:
ഉപനയനം = തിരുമാടമ്പ്.
ഊണ് = അമൃതേത്ത്.
ഊണില = അടീക്കില.
ഓടം = പള്ളിത്തോട്ട്, പള്ളിഓടം.
കുളി = നീരാട്ടുപള്ളി.
കെട്ടുകല്യാണം = പള്ളിക്കെട്ട്.
ഗർഭം = തിരുവയർ വാഴ്ക.
ദീനം = ആലസ്യം.
പല്ലുതേക്കുക = തിരുമുത്തു വിളക്കുക.
മാതൃ = അമ്മ (അമ്മച്ചി)
മാതൃഗൃഹം = അമ്മവീട്.
മരണം = നാടുനീങ്ങൽ.
മകൻ = തമ്പി.
മകൾ = പൊന്നമ്മ.
മൂത്രവിസർജ്ജനം = നീപ്പള്ളി.
യാത്ര = എഴുന്നള്ളത്ത്.
ശവസംസ്കാരം = പള്ളിയടക്കം.
സന്തോഷം = തിരുവുള്ളം (കരുണ)

അടിനാശം - അടിയറവ്.

അടിപണിയുക - വണങ്ങുക, കുമ്പിടുക.

അടിപതറുക - നടക്കുക.

അടിപിടി - ശണ്ഠ, അടികലശൽ, അടി
ക്കയും പിടിക്കയും ചെയ്ക.

അടിപെടുക - അകപ്പെടുക, അടിയിൽ
വീഴുക, വീഴുക.
'പടുതരവിമർശനാംഗുദമുന്നംപാശത്തി
ലടിപെടുമൊരിക്കലെന്നോർത്തുകൊൾക
(പഞ്ചതന്ത്രം) [ഭവാൻ'

അടിത്തട്ട് - ന. കീഴിലുള്ള (താഴെയുള്ള)
തട്ടുപലക. വ. ചുവട്ടിലെ ഭാഗം.

അടിത്തളിർ - ന. അടി, പാദം ആകുന്ന
തളിർ. വ. തളിരുപോലെ മൃദുത്വമുള്ള
പാദം. (കാൽചുവടിനെ ബഹുമാനിച്ചു
പറയുന്ന ഒരു വാക്ക്). ന. പാദം.

അടിത്താർ - പൂപോലെ മൃദുത്വമുള്ള പാ
ദം. (മുന്നർത്ഥം നോക്കുക.)

അടിത്തുകിൽ - മുണ്ട് (അടിതോൽ നോ
ക്കുക.)

അടിപ്പടവ് - അടിവാരം, അസ്ഥിവാരം
കെട്ടിടത്തിനും മറ്റും അടിയിൽ കല്ലു
കെട്ടിയുറപ്പിക്കുന്നത്.

അടിപ്പാട് - ന. കീഴ്വശം. വ. അടി
നിമിത്തമുണ്ടായ പാട് (വടിവ്.)

അടിപ്പായൽ - ന. അടിയിലുള്ള പായൽ
(ചണ്ടി). വ. ഒരുമാതിരി കളി.

അടിപ്പ് - ന. അടിച്ചുണ്ടാക്കുക, തകിടു മു
തലായവ അടിച്ചുണ്ടാക്കുക. വ. അടിച്ചു
ണ്ടാക്കിയ സാധനം.

അടിപ്രമാണം - കീഴ്പ്രമാണം.

അടിമ - ദാസ്യവൃത്തിചെയ്യുന്നവൻ(ൾ), കീ
ഴ്പ്പെട്ടവൻ(ൾ).

അടിമക്കച്ചവടം - അടിമകളെ വില്ക്കുക.
പണ്ടു തിരുവിതാംകൂറിൽ അടിമക്ക
ച്ചവടം ഉണ്ടായിരുന്നു. നമ്മുടെ പൂർവ്വികം
ഉം-ൽ അടിമക്കച്ചവടം നിറുത്തി
തിരുവെഴുത്തുവിളംബരം ഉണ്ടായി തിരു
വിതാംകൂറിലെ അടിമക്കച്ചവടം തീരെ
ഇല്ലാതായതു ക്രി. പി. ൧൮൫൫-ൽ
ആകുന്നു.

അടിമണ്ണ് - കൃഷിക്കനുകൂലമായുള്ള ഒരു
തരം മണ്ണ്.

ഇതു സാധാരണ ഒരു മങ്ങിയ നിറത്തിലുള്ളതാണ്. മേൽ മണ്ണിൽനിന്നും ഫലസമൃദ്ധിയിൽ ഭേദഗതിയുള്ളതാകുന്നു. അടിമണ്ണു കട്ടപ്പുള്ള കളിയായോ ചാലായോ കല്ലായോ ഇരുന്നാൽ അത്രഫലവത്തല്ല. ചാലിൽ വളം വളരെ കീഴ്പോട്ടു വലിച്ചു വേരുകൾക്കു കിട്ടാതാകും. വളം വളരെ പ്രാവശ്യം ചെയ്ക്കുന്നതിനാൽ ഈ മാതിരി മണ്ണിനെ 'ആരത്തിപിടിച്ച മണ്ണ്' എന്നു പറയുന്നു.

അടിമപ്പണി-അടിമകളുടെപണി, (വേല), കീഴടങ്ങിയവൻ ചെയ്യാനുള്ള തൊഴിൽ.

അടിമപ്പെടുക-കീഴ്പ്പെടുക, വരുതിയിൽ ഉൾപ്പെടുക.

അടിമയാവന-അടിമകൾക്കു കരം ഒഴിവായി കൊടുത്തിട്ടുള്ള നിലം പുരയിടം മുതലായവ.

അടിമയോല-അടിമകളെ വിൽക്കുകയും വാങ്ങുകയും ചെയ്യുന്നതിന് എഴുതുന്ന പ്രമാണം.

അടിമരം-തായ്മരം.

അടിമലർ-പുഷ്പംപോലെ മൃദുവായപാദം.

അടിമവേല-അടിമകൾ ചെയ്യുന്ന തൊഴിൽ.

അടിമുടി-പാദം മുതൽ തലവരെ (പാദാദികേശം)

'കണ്ണൻകാണിക്കിടക്കുന്നടിമുടിമുഴുവൻ
മുടിമണ്ണിൽവച്ചമാത്രാ'

(അജ്ഞാതവാസം നാടകം)

അടിമുണ്ട്-അടിയിൽ ഉടുക്കുന്ന മുണ്ടു(വസ്ത്രം.) കോണകത്തിനും (കൌപീനത്തിനും) ചിലർ അടിമുണ്ടെന്നു പറയുന്നു.

അടിയൻ-അടിമക്കാരൻ.

അടിയന്തു, അടിയന്തിരം-ഌ. അടിയന്തരം, കെട്ടുകല്യാണം, പുളവകൊട മുതലായ മുടക്കചാൻ വയ്യാത്ത കർമ്മം.

ഫ. അവസരം. ന. നിർബ്ബന്ധം, അത്യാവശ്യം.

അടിയളവു-പാദം (കാൽചുവട്)കൊണ്ട് അളക്കുക, സമയം അറിയാൻ നിഴൽ അളക്കുക.

അടിയറ പദവി (സ്ഥാനമാനം) അവകാശം എന്നിവ നേടുന്നതിനും മറ്റും സർക്കാരിലേക്കു കൊടുക്കുന്ന ഫീസ്(ആദായം).

അടിയറവു-ചതുരംഗാപ്പോരിൽ തോല്പിക്കുന്ന കരുത്തുള്ളൽ.

അടിയാത്തി(ട്ടി), അടിയാൾ-അടിമക്കാരി.

അടിയാൻ-അടിമക്കാരൻ. അടിയം = അടിയൻ.(ഉ-ം അടിയത്തിനപ്രയാസം)

അടിയാർ-ഌ. അടിമകൾ. ഫ. അടിവണങ്ങുന്നവർ.

അടിയാർ> <കടിയാർ.

'അടിയാരെക്കുറിച്ചേറ്റമകരുണയും
കഠിനദുഷ്ടരോടെഴുന്നാകോപവും'

(ഭാരതം)

ന. ഭൃത്യജാതിക്കാരുടെ ഒരു ശാഖ. ര. അണഞ്ഞാതിക്കാർ.

അടിയാർപണം- ജന്മികൾക്കു കൊടുക്കുന്ന പഴയ ഒരുതരം കരം.

അടിയായ്മ-ദാസ്യം, ദാസവൃത്തി, അടിമയുടെ സ്ഥിതി.

അടിയിടുക-ആരംഭിക്ക, അടിയ്ക്കുക.

അടിയുറക്കുക-വരുക നടക്കുക പോകുക എന്നതിനു പകരം താഴ്ന്നജാതിക്കാർ ഉൽകൃഷ്ടജാതിക്കാരോടു പറയുന്ന വാക്ക്.

അടിയില-രാജാക്കന്മാർ ക്ഷേത്രത്തിന് ഉപായാഗിക്കുന്ന ഇല. അരിയ്ക്കും (ആരാധന.)

അടിയുക-ഌ. തറപറ്റ് അമരുക, അഴുക, ചേരുക.

'ദീനാരോട്ടടനടിഞ്ഞു വാഴ്കവെ
ശീലമൻപുകലതാം ഭാനോ'
(ഉത്തരരാമായണം ചമ്പു)

൨. മലത്തിലെ വസ്തു കാററടിച്ചു കരയ്ക്കുവന്നു ചേരുക ൩. നശിക്കുക ൪. അടിക്കുക,

അടിയേൻ-ഇതു അടിയൻ എന്നതിന്റെ പൂർവ്വരൂപമാണു്. അടിമക്കാരൻ.

'നിറമെഴുമാഴിയങ്ങുകൊണ്ടു
തൊട്ടുതൊഴുതുചെയ്യുന്നതൽ
ച്ചെഴുമണിയും തരിത്തടിയേൻ
തിരിച്ചിങ്ങുമീണ്ടിതെന്റെ'
(രാമചരിതം)

അടിയോടിമാർ-നായന്മാരിൽ ഒരു വക്കാർ. (പ്രധാനമായി കടത്തുവനാട്ടിൽ).

അടിവയറു- പൊക്കിളിന്റെ (നാഭിയുടെ) കീഴ്വശം.

അടിവയ്ക്കുക-പതുക്കെ നടക്കുക.

അടിവഴക്കൽ, അടിവഴുതൽ-പാദം (ചുവടു) തെററുക. (ചറുക്കുക, വീഴുന്നതിനു തുടങ്ങുക).

അടിവഴക്കുക, അടിവഴുതുക-ചുവടു തെററുക(ചറുക്കുക).

അടിവാനം-അസ്ഥിവാരം. കെട്ടിടമുതലായവയ്ക്കു അടിയിൽചെയ്യുന്നകല്പണി.

അടിവാരം-൧. കുന്നു മല ഇവയുടെ താഴ്വര. ൨. താഴ്ന്നപ്രദേശം. ൩. വൃക്ഷത്തിന്റെ ചുവടു.

അടിസ്ഥലം-കീഴ്നിലം.

അടിസ്ഥാനം-അടിവാനം, കെട്ടിടം മുതലായതു പണിയുമ്പോൾ ബലത്തിനു ചുവട്ടിൽ ചെയ്യുന്ന കല്പണി.

അടീ-താണനിലയിലുള്ള സ്ത്രീകളെ വിളിക്കുന്ന വിധം. ചിലർ 'എടീ' എന്നു വിളിക്കുന്നു, ഇതു തന്നു്. അടോ എന്ന ശബ്ദം നോക്കുക.

അടീക്കലം-രാജാക്കന്മാർ അമൃതത്തു കഴിക്കുന്നതിനിടുന്ന ഇലയും മററും.

അടുക്കൽ-സമീപത്തു, അരികെ.

അടുക്കള-അരിയും കറിയും മററും പാകം ചെയ്യുന്ന മുറി (പുര), മടപ്പള്ളി.

'സമാനൌരസവത്യാംതു
പാകസ്ഥാനമഹാനസേ' (അമരം)

രസവതി, പാകസ്ഥാനം, മഹാനസം ൩-ം അടുക്കളയുടെ പേർ.

അടുക്കളക്കാരൻ- അരിവയ്പുകാരൻ.

അടുക്കളപ്പൂങ്കാവു-ഗൃഹത്തിലെ പൂങ്കാവു്. ഉമ്മറപ്പൂങ്കാവു് എന്നും പറയുന്നു.

'ഗൃഹാരാമസ്തു നിഷ്കുടഃ'

ഗൃഹാരാമം, നിഷ്കുടം ൨-ം, അടുത്തുള്ള പൂങ്കാവി (ഗൃഹത്തോടു ചേർത്തു വച്ചുപിടിപ്പിച്ചുണ്ടാക്കുന്ന പൂന്തോട്ടത്തി)ന്റെ പേർ.

അടുക്കളവിചാരിപ്പു്-അരിയുംകറിയും പാകം ചെയ്യുന്നവരുടെ മേലധികാരി, മടപ്പള്ളി വിചാരിപ്പു്.

[അടുക്കള എന്ന പദത്തിന്റെ പര്യായങ്ങളിൽ ഓരോന്നിനോടും 'അദ്ധ്യക്ഷൻ' എന്ന ശബ്ദം കൂടി ചേർത്താൽ 'അടുക്കളവിചാരിപ്പുകാരൻ' എന്നർത്ഥം വരും].

അടുക്കു് - മുറയ്ക്കുള്ള ഇരിപ്പു്, നിര, ഒപ്പം, ക്രമം.

അടുക്കളക്കരികിൽ-ഒരുതരം ചെറിയ കരികിൽ (പക്ഷി).

അടുക്കളപ്പുര-മടപ്പള്ളി, ചോറും മററും പാകംചെയ്യുന്ന മുറി.

അടുക്കളപ്രവൃത്തി-അരിവെയ്പുതൊഴിൽ, പാചകവൃത്തി.

അടുക്കളവെയ്പു്-അരിയുംകറികളും വെയ്ക്കുക.

അടുക്കളവല-അടുക്കളത്തൊഴിൽ.

അടുക്കുക-മുറ ചേർത്തുവയ്ക്കുക.

അട്ടക്കൂത്തു-മുതലാമുന്ന കൊഴുവൻ കൊണ്ടുനടന്ന ഒരു അവകാശം.

അട്ടത്ത-വി. ഗ. സമീപമുള്ള. ഉ. യോജിക്കുന്ന, സംബന്ധമുള്ള.

അട്ടത്തുണൻ-നിശ്ചയിച്ചിട്ടുള്ള കൊല്ലത്തോളം കാലം ഒരാൾ സർക്കാരിനെ സേവിച്ചാൽ അനന്തരം ജോലിയിൽ നിന്നു വിട്ടതിനു കൊടുക്കുന്ന ജീവനാംശം.

അട്ടപ്പ്-പാത്രങ്ങൾ മുതലായവ മുകളിൽ വെച്ചു തീകത്തിക്കുന്നതിനു തക്കവണ്ണം കല്ലുകൊണ്ടും മററും ഉണ്ടാക്കുന്നതു്.

'അശ്മന്തമുദ്ധാനമധി
ശ്രയണീചുല്ലിരന്തികം' (അമരം)

[അശ്മന്തം, ഉദ്ധാനം, അധിശ്രയണി, ചുല്ലി, അന്തിക ഇ-ം, അട്ടപ്പിന്റെ പേർ. അശ്മന്തം എന്നതിനു 'അസന്തം' എന്നും ഉദ്ധാനം എന്നതിനു 'ഉദ്ധ്മാനം' എന്നും പാഠാന്തരം കാണുന്നു.]

അട്ടപ്പം-ഗ. സമീപം. ഉ. സ്നേഹം. ന. ബന്ധം.

'സന്നിധിസ്സന്നികർഷണം' (അമരം)

[സന്നിധി, സന്നികർഷണം ഉ-ം, അട്ടപ്പത്തിന്റെ (സന്നിധാനത്തിന്റെ) പേർ. സന്നിധിക്കു സന്നിധം എന്നും പാഠം കാണുന്നു.]

'സ്യാദുപാഘ്നോന്തികാശ്രയേ'

[ഉപാഘ്നം, അന്തികാശ്രയം ഉ-ം, അടുത്ത ആശ്രയത്തിന്റെ പേർ.]

അടോ-താണനിലയിലുള്ളവരെ വിളിക്കുന്ന വിധം. എടാ എന്നതു നന്നു്.

എടാ! എന്ന നിപാതത്തിനു ലിംഗവ്യവസ്ഥയുണ്ടു്.

ഉ-ം, എടാ!-പുല്ലിംഗം,
എടീ!-സ്ത്രീലിംഗം.
എടോ!-സാധാരണലിംഗം.

അടോല, അടോലം-അടകല്ലു്.

അട്ടാണ-ഒരു മരം.

അറില്ലു-ഒരു വൃക്ഷത്തിന്റെ പേർ.

അട്ട-ഗ. കറുപ്പു ചെമപ്പു മുതലായ നിറങ്ങളോടും വളരെ കാലുകളോടും കൂടിയ ഒരുതരം ജന്തു. (ഒരു നെല്ലിട മുതൽ ഒരു ചാൺവരെ നീളം കാണും). ഉ. വെള്ളത്തിലെ അട്ട.

'രക്തപാതുജലൗകയാം
സ്ത്രീയാംഭൂമ്നിജലൗകസഃ' (അമരം)

(രക്തപാ, ജലൂക, ജലൗകസ്സ് ന-ം അട്ടയുടെ പേർ. രക്തപാതുജലൂകായാംസ്ത്രീയാംഭൂമ്നിജലൗകസഃ എന്നും പാഠം കാണുന്നു.)

അട്ട-വി. ഗ. ഉന്നതമായ. ഉ. ഉച്ചത്തിലുള്ള, ഉയർന്ന ശബ്ദമായുള്ള.

അട്ടകംപിടിക്കുക—സ്വാതന്ത്ര്യത്തിന്നിരിക്കുമ്പോൾ ഉള്ള ക്രിയ. (ബ്രഹ്മാഞ്ജലി=വേദത്തിന്നായി കൈ കൂപ്പി തൊഴുകൈ)

അട്ടക്കരി-പുകയറ,ഇല്ലക്കരി,ദീപകിട്ടം

അട്ടക്കുളങ്ങര-തിരുവനന്തപുരത്തു കിഴക്കേകോട്ടവാതലിനു സമീപിച്ചു ഒരു സ്ഥലത്തിന്റെ പേർ.

അട്ടം-ഗ. മാളിക, മേട. ഉ. മച്ചികയുടെ ഉപരിഗൃഹം. ന. യുദ്ധംചെയ്യാൻ കെട്ടിയ തറയോ മണ്ഡപമോ കൊത്തളമോ. ർ. മിററത്തിന്റെ പിൻപുറമാക്കിയ സ്ഥലം. ഇ. കൊത്തളം.

ഈ കൊത്തളത്തിൽ രാജഭടന്മാർ എല്ലാ സാമഗ്രികളോടുകൂടി സദാ ഒരുങ്ങായിരിക്കും.

'സ്യാദട്ടഃ ക്ഷൗമമസ്ത്രിയാം' (അമരം)

[അട്ടം, ക്ഷൗമം ഉ-ം, കൊത്തള (തറവുമണ്ഡപ)ത്തിന്റെ പേർ.]

'അട്ടങ്ങളും മണിഹർമ്മ്യങ്ങളും പല
ചട്ടങ്ങളുള്ളൊരു മന്ദിരങ്ങൾ'

(സന്താനഗോപാലം ഉമ്മർ)

അട്ടനം-ചക്രാകാരമായ ഒരായുധം.

**അട്ടസ്ഥലി**–വളരെ കൊട്ടാരങ്ങളും മാളികകളും കൊത്തളങ്ങളും ഉള്ള സ്ഥലമോ രാജ്യമോ.

**അട്ടഹസിക്കുക**–ക്രി. അലറുക. ഉ. ഉറക്കെ ചിരിക്കുക.

**അട്ടഹസിതം**–ന. പൊട്ടിച്ചിരി. ഉ. അലച്ച്.

**അട്ടഹാസം**–ന. ഉറക്കെയുള്ള ചിരി (പൊട്ടിച്ചിരി). ഉ. അലറുക. ന. കയ്ക്കത്തിമുല്ല

**അട്ടഹാസകം**–കയ്ക്കത്തിമുല്ല

**അട്ടഹാസി**–ന. പൊട്ടിച്ചിരിക്കുന്നവൻ. ഉ. ശിവൻ

**അട്ടഹാസ്യം**–ന. ഉറക്കെച്ചിരിക്കുക. ഉ. അലറുക.

**അട്ടാട്ടം**–ന. നിന്ദ. ഉ. കവിച്ചിൽ, ആധിക്യം. ന. വലിപ്പം, പ്രധാനത, വിശേഷത.

**അട്ടാലം, അട്ടാലകം**–ന. യുദ്ധം ചെയ്യുന്നതിനായി തെരുവു മണ്ഡപത്തിലോ കൊത്തളത്തിലോ കെട്ടുന്ന വീട്, കൊട്ടാരം, മാളിക

'അട്ടാലസൗധാലയ രത്നവാപീ
ഘട്ടങ്ങളും ശോഭയിലത്രകണ്ടാൻ'
ശ്രീകൃഷ്ണചരിതം മണിപ്രവാളം

**അട്ടാലിക**–ന. മാളിക, കൊട്ടാരം. ഉ. ഒരു രാജ്യത്തിന്റെ പേർ.

**അട്ടാലികാകാരൻ**–കൊട്ടാരമോ വലിയ ഭവനമോ കെട്ടുന്നവൻ (ഉണ്ടാക്കുന്നവൻ), കല്ലാശാരി, വെട്ടുകൽപണിക്കാരൻ

**അട്ടി**–അടുക്ക്, കൂട്ടം, നിര, മുറ (ക്രമം)

**അട്ടിപ്പേറ്**–നിലം പുരയിടം മുതലായവയെ വിലയായി എഴുതിവാങ്ങുന്നതിനു ചില സ്ഥലങ്ങളിൽ പറയുന്ന പേർ.

**അട്ടിപ്പേറോല**–വിലതീറായി എഴുതിവാങ്ങുന്നതിനുള്ള അച്ചാരിയോല.

**അട്ടിപ്പേറോലക്കരണം**–വില തീറായി എഴുതിവാങ്ങിച്ച പ്രമാണം (മല.)

**അട്ടിമധുരം**–ഇരട്ടിമധുരം.

**അഡഹു**–അയനിപ്ലാവ്. വിറകിനെ യോഗിച്ച് ഭസ്മമാക്കുന്നതുകൊണ്ട് ഈ പേരുണ്ടായി.

'ലകുചോ ലികുചോ ഡഹുഃ' (അമരം)

[ലകുചം, ലികുചം, ഡഹു ഇവ അയനിപ്ലാവിന്റെ പേർ. 'ഡഹു' എന്നതിനു 'അഡഹു' എന്നും 'ഡഹ്ലു' എന്നും പാഠാന്തരം.]

**അഡ്ഡനം**–ചക്രാകാരമായ ഒരായുധം, പരിശ (അട്ടനം).

**അഡ്ഡചലം**–കലപ്പയുടെ ഒരു ഭാഗം.

**അഡ്ഡീൽ**–സ്ത്രീകളുടെ ഒരാഭരണം, ഇതു കണ്ഠത്തിൽ അണിയുന്നതാണ്.

**അണ**–(ധാതു) ചേരുക

**അണ**–ന. ഒരു ബ്രിട്ടീഷ് നാണയം. (ക്രൈ ചക്രം അരക്കാശു). ഉ. ചിറ. ന. വായ്ക്കകത്ത് ഇടത്തും വലത്തുമുള്ള രണ്ടു ഭാഗം. വാഴക്കൈയെന്നും കാണുന്നു.

**അണക**–വി. അധമസ്ഥിതിയിലുള്ള, നിന്ദിക്കപ്പെട്ട.

**അണകൻ**–നിന്ദിതൻ, അധമൻ. (ആണകൻ എന്നുമാകാം)

**അണകം**–ഒരുതരം പക്ഷി.

**അണക്കടപ്പല്ല്**–വായ്ക്കകത്തു കോണിലുള്ള പല്ല്. (അണക്കടപ്പല്ല് > < മുമ്പരപ്പല്ല്).

**അണച്ചൽ**–ന. ആലിംഗനം (കെട്ടിപ്പിടിക്കുക). ഉ. അടുത്തുവരുക. ന. മൂച്ചുകൂട്ടുക.

**അണപ്പ്**–കിതശലം.

**അണപ്പല്ല്**–അണയിലെപ്പല്ല്, ഇരട്ടപ്പല്ല് (അണക്കടപ്പല്ല് നോക്കുക.) വിപരീതപദം–മുമ്പരപ്പല്ല്

**അണയത്തു്**-സമീപത്തു്, അടുക്കെ.
'ദുഃഖിച്ചുകിടക്കുന്നോരപതിതന്നണയത്തു്' (ഭാഗവതം)

**അണയം**-അടുക്കൽ, സമീപം.

**അണയുക**-൧. അടുക്കുക. ൨. നശിക്കുക

**അണയ്ക്കുക**-൧. ചേൎക്കുക, ആലിംഗനം ചെയ്യുക. ൨. കരയ്ക്കുക. ൩. ഇല്ലാതാക്കുക. ൪. മൂൎച്ചയുണ്ടാക്കുക.

**അണയ്പു്**-൧. അരികിൽ ചേൎക്കുക. ൨. ആലിംഗനം. ൩. മൂൎച്ചയുണ്ടാക്കുക. ൪. ഇല്ലാതാക്കുക. (ഉ-ം, വിളക്കണച്ചു)

**അണൽ**-അണ്ണാക്കു്.

**അണലി**-ഒരുവക വിഷമുള്ള സൎപ്പം.

**അണവീനം**-ചെറുനെല്ലു വിളയുന്നതിനു യോഗ്യമായ സ്ഥലം.

**അണവു**-൧. ചേൎച്ച. ൨. ആലിംഗനം.

**അണവ്യം**-ചെറുനെല്ലു വിളയുന്നതിനു യോഗ്യമായ സ്ഥലത്തിന്റെ പേർ.

**അണി**-൧. നിരനിരയായി നിറുത്തുക ൨. വണ്ടിച്ചക്രത്തിന്റെ ആണി. ൩. സേനയുടെ നില. ൪. മൂൎച്ചയുള്ള ആയുധത്തിന്റെ മുന. ൫. അലങ്കാരം (ഉ-ം, മുത്തണിക്കോങ്കയാൾ, മുത്തണിപ്പോർമുലയാൾ)

**അണിച്ചൽ**-ആഭരണങ്ങൾ വസ്ത്രങ്ങൾ പുഷ്പങ്ങൾ എന്നിവകൊണ്ടു ദേഹത്തെയും ഗൃഹത്തെയും മററും അലങ്കരിക്കുക.

**അണിമതി**-ചന്ദ്രൻ.
'അണിമതിശകലവുമംബരനദിയും
ഫണിപതിഫണിഗണമണികളുമണിയും'
(പ്രദോഷമാഹാത്മ്യം തുള്ളൽ)

**അണിമാവു്**-അഷ്ടൈശ്വൎയ്യങ്ങളിൽ ഒന്നാമത്തേതു്. ചെറുതാകണമെന്നു തോന്നിയാൽ ഇഷ്ടംപോലെ അവിധമാകുന്നതിനുള്ള ഒരു സിദ്ധി.

**അണിമാണ്ഡവ്യൻ**-ഒരു ഋഷി.

വിഖ്യാതനായ ഈ ബ്രാഹ്മണശ്രേഷ്ഠൻ കാട്ടിൽ തപസ്സുചെയ്യുമ്പോൾ അവിടെ കുറെ കള്ളന്മാർ വന്നുചേൎന്നു. അവരെ തിരഞ്ഞു രാജഭടന്മാരും അവിടെചെന്നു കള്ളന്മാർ ഭയാക്രാന്തന്മാരായി ഓടിപ്പോയി. കള്ളന്മാർ എവിടെ എന്നു നൃപകിങ്കരന്മാർ മഹൎഷിയോടു ചോദിച്ചു. ധ്യാനത്തിലാകയാൽ ആയതു് അദ്ദേഹം ശ്രവിച്ചില്ല. ഇദ്ദേഹംതന്നെ ഒരു കള്ളനാണെന്നു അവൎക്കു സംശയം തോന്നി. ചില കള്ളന്മാരെയും അവൎക്കു പിടികിട്ടി. വിവരം തിരുമനസ്സറിയിച്ചു് കള്ളന്മാരെ ശൂലത്തിലിടുവാൻ കല്പന വാങ്ങി. മാണ്ഡവ്യനേയും ശൂലത്തിന്മേലിട്ടു. അനേകംനാൾ കഴിഞ്ഞിട്ടും അദ്ദേഹംമരിച്ചില്ല. അങ്ങനെയിരിക്കുമ്പോൾ ചില മുനികൾ പക്ഷികളായിഅവിടെചെന്നു് അദ്ദേഹത്തോടു വിവരം ചോദിച്ചു. കൎമ്മഫലമാണെന്നും നൃപനു ദോഷമില്ലെന്നും അദ്ദേഹം മറുപടി പറഞ്ഞു മുനികൾ വിവരം നൃപനോടറിയിച്ചു. ഉടൻ രാജാവു മാണ്ഡവ്യനെ വന്നു വണങ്ങുകയും ശൂലം മുറിച്ചുവിടുകയുംചെയ്തു. അതിൽപിന്നീടു് ഇദ്ദേഹത്തിനു് ആണിമാണ്ഡവ്യൻ (അണിമാണ്ഡവ്യൻ) എന്നപേർ സിദ്ധിച്ചു. തന്നെ ശൂലത്തിലിടുന്നതിനു കാരണമെന്താണെന്നു മാണ്ഡവ്യൻ അന്തകനോടു ചോദിച്ചു. കുട്ടിക്കാലത്തു് ഈൎക്കിൽ കുത്തിച്ചു ഈച്ചയിൽ കയററിയതിന്റെ ഫലമാണെന്നു അന്തകൻ മറുപടി പറഞ്ഞു. ൧൪ വയസ്സുവരെയുള്ള ബാലന്മാരുടെ പ്രവൃത്തിക്കു ദോഷമില്ലാത്തതിനാൽ 'നീ ഭൂമിയിൽ പോയി ജനിക്കുക' എന്നു ഉടൻ മാണ്ഡവ്യൻ ശപിച്ചു. അനന്തരം ധൎമ്മരാജാവു് ഭൂമിയിൽ വിദുരരായി ജനിച്ചു.

**അണിയം**-വള്ളത്തിന്റെ തല.

വള്ളങ്ങൾ ബോട്ടുകൾ കപ്പലുകൾ മുതലായ വാഹനങ്ങൾക്ക രണ്ടു ഭാഗങ്ങൾ ഉണ്ട്. അവ പൃഷ്ഠഭാഗവും പൂർവ്വഭാഗവുമാണ്. പൃഷ്ഠഭാഗത്തിന് അമരം എന്നുപേർ. പൂർവ്വഭാഗത്തിന് അണിയം (തല) എന്നു പേർ. അമരത്തിൽ ഇരിക്കുന്നവന് അമരക്കാരൻ എന്നാണു പേര്. വാഹനങ്ങളുടെ ഗതിയെ നിയന്ത്രണംചെയ്യുന്നത് ഇവനാകുന്നു. (അമരം > <അണിയം.)

**അണിയൽ**-അലങ്കാരം.

'ആടാം ചാക്യാർക്കണിയൽ പ്രധാനം'
(പഴഞ്ചൊല്ല്)

**അണിയറ**-ആട്ടക്കാർ, നാടകക്കാർ മുതലായവർ വേഷം കെട്ടുന്ന സ്ഥലം.

**അണിയുക**-അലങ്കരിക്കുക.

**അണിവിരൽ**-മോതിരവിരൽ.

**അണിവ്**-ആഭരണം, അലങ്കാരം.

**അണീയസ്സ്**-ഏററവും ചെറുത്, അത്യല്പം. (അത്യല്പം നോക്കുക. പര്യായം കാണും).

**അണീയാൻ**-ഏററവും ചെറിയത്.

**അണു**-൧. സൂക്ഷ്മമായ വസ്തു, ഏററവും ചെറിയപൊടി. ൨. ചെറുനെല്ല്. ൩. ശബ്ദിക്കുന്നതിനാൽ പേരുണ്ടായി. ൪. ശർമ്മിഷ്ഠയിൽ യയാതിക്കു ജനിച്ചവൻ. (അനു എന്നും പറയുന്നു. അച്ഛന്റെ യൌവനം കൊടുക്കായ്കയാൽ ശപിക്കപ്പെട്ടു) ൫. വാഴയിലയുടെ നടുവിലെ തണ്ട്. ൬. ശിവന്റെ ഒരു പേർ. ൭. ഒരു മുഹൂർത്തത്തിന്റെ ൫൪,൬൭,൦൦൦-ാം ഭാഗം. ൮. കണക്ക ശാസ്ത്രം അനുസരിച്ച് ൪൩,൭൪,൦൦-ൽ ഒരു ഭാഗം.

**അണുക**-വി. വളരെ ചെറുതായ, മിടുക്കുള്ള.

**അണുകം**-ചെറുനെല്ല്.

**അണുകൻ**-അല്പൻ.

**അണുക്കുക**-അടുക്കുക.

**അണുത**-വളരെ ചെറുതാകുന്ന സ്ഥിതി.

**അണുതൈലം**-നസ്യത്തിനുള്ള ഒരു വിധം തൈലം.

**അണുപ്രാണിവിജ്ഞാനീയം**-അണുപ്രാണിശാസ്ത്രം.

**അണുപ്രായം**-അതിസൂക്ഷ്മം, വളരെ ചെറുത്.

**അണുഭ**-മിന്നൽ.

**അണുമതി**-അല്പബുദ്ധി.

'അണുമതിയാകുമൊരടിയനു വടിവോടു'
(പ്രദോഷമാഹാത്മ്യം തുള്ളൽ)

**അണുമാത്രം**-അല്പമെങ്കിലും.

**അണുമുഷ്ടികം**-വിഷമുഷ്ടി എന്ന ഔഷധം. വിഷമുഷ്ടി എന്നതിനു പിറാക്കെനാറി, കാട്ടുതിപ്പലി, കാട്ടുപ്പു, കക്കോടി, (തമിഴിൽ) കാഞ്ഞിരം എന്നിങ്ങനെ അർത്ഥം കാണുന്നു.

**അണുവീക്ഷണം**-൧. അല്പനേരത്തേക്കുള്ള നോക്ക്. ൨. ഭൂതക്കണ്ണാടിപോലെയുള്ള ഒരു യന്ത്രം.

**അണുവ്രീഹി**-ഒരുവിധം ധാന്യം(നെല്ല്)

**അണുരേവതി**-ചെറിയ രേവതി.

**അണ്ട**-൧. ആനയുടെ കാലും (പിണ്ടി). ൨. ചെറിയ കട്ട (ക്രമ്പാരം).

**അണ്ടർ**-ദേവകൾ.

**അണ്ടർകോൻ**-ഇന്ദ്രൻ.

'അണ്ടർകോൻനാട്ടിലെശാരി
പ്പണിക്കുവിശ്വകർമ്മാവെ
ന്നുണ്ടാമതുകേട്ടശലക്കാരൻ
നല്ലചിത്രപ്പണിക്കാരൻ'
(സഭാപ്രവേശം തുള്ളൽ)

**അണ്ഡം**-൧. വൃഷണം. (അണ്ഡം എന്നതിന്റെ തത്ഭവം.) ൨. വൃഷ്ണം. ൩. മുഷ്കാണ്ഡം.

'അണ്ടമിളകുംപടിയരക്കനലറകേട്ട്'
(രാമചരിതം)

**അണ്ടി**-പ്ര. മാങ്ങ മുതലായവയുടെ അകത്തെക്കുരു. വ. വൃഷണം.

**അണ്ടിയാട്ടം**-പ്ര. തായംകളി, പകിടകളി. വ. പറങ്കിമാങ്ങയുടെ അണ്ടികൊണ്ടുള്ള ഒരുവിധം കളി.

**അണ്ഡം**-പ്ര. മുട്ട(മൊട്ട). എല്ലാ മുട്ടകൾക്കും അണ്ഡമെന്നു പറയാം. ഇതിൽനിന്നു ശിശു പുറത്തുവരുന്നതിനാൽ ഈ പേർ വന്നു. വ. വൃഷണം. ന. ബ്രഹ്മാണ്ഡം.

**അണ്ഡകടാഹം**-ലോകം ഒട്ടൊഴിയാതെ
'ദണ്ഡമുസലശൂലങ്ങൾധരിച്ചുകൊ-
ണ്ടണ്ഡകടാഹംനടുങ്ങുമാറാറമാം'
(ഭാഗവതം)

**അണ്ഡകം**-പ്ര. വൃഷണം. വ. ചെറിയ മൊട്ട (മുട്ട)

**അണ്ഡകോടരപുഷ്ടി**-മറിക്കുന്നി എന്ന ചെടി.

**അണ്ഡകോശം**-പ്ര. വൃഷണം. അണ്ഡങ്ങളെ (മുട്ടകളെ) സൂക്ഷിക്കുന്ന ഉറയാകയാൽ ഈ പേർസിദ്ധിച്ചു. അണ്ഡകോഷം-എന്നു പാഠാന്തരം. വ. ഭൂഗോളം.

**അണ്ഡഗജം**-തകര.

**അണ്ഡഗോളം**-അണ്ഡാകാരമായ ഗോളം.

**അണ്ഡജ**-വി. മൊട്ടയിൽനിന്നു ജനിക്കുന്ന.

**അണ്ഡജ**-കസ്തൂരി.

**അണ്ഡജൻ**-ബ്രഹ്മാവ്.

**അണ്ഡജനായകൻ**-ചുണ്ടും കാലും ചെമന്നിരിക്കുന്ന അന്നം

**അണ്ഡജം**-പ്ര. മത്സ്യം വ. സർപ്പം. ന. പക്ഷി. ഭ. ഗൗളി. ഉ. നക്രം. ഋ. ഉടുമ്പ്. മുട്ടയിൽനിന്നു ജനിക്കുന്ന എല്ലാ പ്രാണികൾക്കും പറയാം. അണ്ഡത്തിൽ (മുട്ടയിൽ) ജനിച്ചതു്.
'പക്ഷിസർപ്പാദയോണ്ഡജാഃ' (അമരം)

**അണ്ഡധരൻ**-ശിവൻ.

**അണ്ഡപേശി**-മൊട്ടുണ്ണകൾ.

**അണ്ഡവർദ്ധനം**, **അണ്ഡവൃദ്ധി**-വൃഷണത്തിലെ വീക്കം.

**അണ്ഡശുക്ലകം**-മുട്ടയുടെ വെള്ളപോലെയുള്ള ഒരു സാധനം.

**അണ്ഡഹസ്തി**-തകര.

**അണ്ഡവാതം**-വൃഷണത്തിലുണ്ടാകുന്ന വീക്കം.

**അണ്ഡാലു**-ഒരുമാതിരി മത്സ്യം.

**അണ്ഡീരൻ**-ശക്തിമാൻ (ബലശാലി)

**അണ്ഡുകം**-ആനച്ചങ്ങല.

**അണ്ണ**-മേൽഭാഗം.

**അണ്ണൻ**-പ്ര. ജ്യേഷ്ഠൻ.
'അണ്ണനമാത്രംചോറുണ്ടവിടവ-
നണ്ണാമ്പോൾനല്ലതല്ലകൊടുക്കും'
(കിരാതം തുള്ളൽ)
വ. ശ്രേഷ്ഠൻ. ന. അണ്ണാൻ. ഭ. ഭഗവാൻ.

**അണ്ണൽ**-പ്ര. അണ്ണാൻ. വ. ദൈവം.

**അണ്ണം**-അണ്ണാക്ക്.

**അണ്ണാക്ക്**-തൊണ്ട (നാക്കുതൊടിക്കുന്ന സ്ഥലം.)
'താലുതുകാകുദം' (അമരം)
[താലു, കാകുദം-ഉ-ം, അണ്ണാക്കിന്റെ പേർ]
'അണ്ണയാക്കിയകമ്പനൻമെയ്യെല്ലാം' എന്നു രാമചരിതത്തിൽ കാണുന്നു. ഈ കൃതി ൭-ാം ശതവർഷത്തിലുണ്ടായതാണ്. 'അണ്ണൻ' എന്ന വാക്കിന്റെ അർത്ഥം 'മേൽഭാഗം' എന്നാകുന്നു. ഇങ്ങനെയാണ് 'അണ്ണാക്ക്' എന്നായതു്.
'വണ്ണംപെരുകിയനിന്നുടെയുടലി-
ന്നണ്ണാക്കിൽതടയാതെജ്ജനിപ്പൻ'
(ലങ്കാമർദ്ദനം തുള്ളൽ)

**അണ്ണാക്കണ്ണൻ**-അണ്ണാൻ (അണ്ണിപ്പിള്ള).
ഇതിനു അണ്ണാക്കണ്ണൻ, അണ്ണാക്കൊട്ടൻ, അണ്ണാൻ, അണ്ണി, അണ്ണപ്പിള്ള ഇങ്ങനെ മാതൃഭാഷയിൽ ഓരോപേർ പറഞ്ഞുവരുന്നു. പണ്ടു ശ്രീരാമചന്ദ്രൻ സേതുബന്ധനം ചെയ്യുമ്പോൾ വാനരന്മാർ മലകൾ എടുത്തും അടുത്തും കൊണ്ടുവന്നിടുന്നതു കണ്ടു അണ്ണാക്കണ്ണൻ അതിനൊന്നും സമർത്ഥം നികത്തുന്നതിനു വെള്ളത്തിൽ മുങ്ങി കരയിൽ വരികയും

മണലിൽ കിടന്നതണ്ടു തന്റെ ദേഹത്തിൽ പറ്റിയ മണൽ വീണ്ടും ജലത്തിൽ കൊണ്ടുചെന്നു കലക്കുകയും ചെയ്തു. ഇതുകണ്ടു സ്വാമി പ്രസാദിച്ച് അണ്ണാക്കണ്ണന്റെ മുതുകിൽ തൃക്കൈകൊണ്ടു മൂന്നു വരവരച്ചു. അതിൽപിന്നീട് 'അണ്ണാക്കണ്ണനും തന്നാലായത് അണ്ണാൻപിള്ളയും തന്നാലായത്' എന്നുള്ള പഴമൊഴിയുണ്ടായി. ഇതു ജന്തു ഒരു പൂച്ചക്കുട്ടിയോളം വളരും; ഇതിന്റെ രോമം ചിത്രമെഴുത്തുകാർക്ക് ബ്രഷിനു (തൂലികക്ക്) ഉപയോഗമുള്ളതാണ്. ഉടുപ്പിന്റെ വക്കിലുള്ള വരികൾ ഉണ്ടാക്കുന്നതിനും ഇതുപയോഗമുണ്ട്.

അണ്ണാക്കോട്ടൻ-അണ്ണാൻ.

അണ്ണാടി-താടി. കവിൾ എന്നും കാണുന്നു.

അണ്ണാൻ-അണ്ണിപ്പിള്ള. (സാധാരണ അണ്ണാൻ, മലയണ്ണാൻ ഇങ്ങനെ രണ്ടു വിധമുണ്ട്).

അണ്ണാന്ന്-മേല്പോട്ടു നോക്കീട്ട്. (അണ്ണാ + എന്ന് = അണ്ണാന്ന്.)

'കാച്ച്യപാൽചെന്നുള്ളഭാജനാന്തമൂട്ടിൽ
മൂച്ച്യേറ്റുന്നേരകാൽകൊണ്ടുടൻ
കത്തിക്കൊണ്ടണ്ണാന്നുവായുംപിളന്നവൻ
ആസ്ഥയിൽനിന്നനൽപ്പാൽകുടിക്കും'

(കൃഷ്ണഗാഥ)

അണ്ണാവി-പ്ര. അണ്ണൻ, ൨. ഉപാദ്ധ്യായൻ, ൩. നടപ്രധാനി.

അണ്ണി-പ്ര. (ഞണൽ) കവിൾത്തടത്തിനകം, കൊറട്ട്. ൨. അണ്ണാൻ.

അതകൻ-സഞ്ചരിക്കുന്നവൻ.

അതകത-ബലപ്പാട്ട് (തമിഴിൽ അതളി)

അതക്കുക-ഒതുക്കിവയ്ക്കുക, ഞെരുക്കുക. (തമിഴിൽ-അടുക്കം)

അതടം-പ്ര. മലച്ചരിവ്. ൨. നിരപ്പില്ലാത്തേടം.

'പ്രപാതസ്ത്വതടോഭൃഗു' (അമരം)

[പ്രപാതം, അതടം, ഭൃഗു ൩-ം, മലച്ചരിവിന്റെ പേർ].

അതട്ടുക-ഭയപ്പെടുത്തുക.

അതനൻ-സഞ്ചരിക്കുന്നവൻ.

അതനം-സഞ്ചാരം.

അതനു-വി. തനു (കൃശം) അല്ലാത്ത.

'പരമതനുശരീരേ!താപംതപിപ്പിച്ചിടുന്നു'

(അഭിജ്ഞാനശാകുന്തളം)

അതനു-കാമദേവൻ. തനു (ശരീരം) ഇല്ലാത്തവൻ എന്നു വ്യുൽപത്തി.

അതപ്ത-വി. തപ്തം (തപിപ്പിക്കപ്പെട്ടതു്) അല്ലാത്ത.

അതയ്ക്കുക-തടിയ്ക്കുക.

അതർക്കിതം-വിചാരിക്കപ്പെടാത്തതു്.

അതർക്കിതം-ഊഹിച്ചിരിക്കാതെ.

അതദ്ഗുണം-ഒരലങ്കാരം.

'സംസർഗ്ഗത്താൽപരഗുണം
പകരായ്കിലതദ്ഗുണം'

(ഭാഷാഭൂഷണം)

അതലം-പതിനാലു ലോകങ്ങളിൽ ഒന്ന്.

അതലൻ-ശിവൻ.

അതലസ്പർശം-നിലയില്ലാത്ത പ്രദേശം. അടി തൊടുന്നതിനു നിവൃത്തിയില്ലാത്തേടം എന്നു വ്യുൽപത്തി.

'അഗാധമതലസ്പർശം' (അമരം.)

[അഗാധം, അതലസ്പർശം-൨-ം, നിലയില്ലാത്തവിധം കയമുള്ളപ്രദേശത്തിന്റെ പേർ.]

അതലാന്തിക്‌വീചി-അററ്ലാൻറിക് മഹാസമുദ്രത്തിലെ തിരമാല.

അതസം-പ്ര. വായു, കാററ്. ൨. ആത്മാവ്.

അതസി-അഗസി (നാട്ടുചെറുവിത്തു്) പരക്കുന്നതു് എന്നു വ്യുൽപത്തി.

'അതസീസ്യാദുമാക്ഷുമാ' (അമരം)

[അതസി, ഉമ, ക്ഷുമ ഇവ ന-ം, അഗശിയുടെ പേർ. ഇതിനു തമിഴിൽ 'അലിസി' എന്ന പേർ കാണുന്നു.]

അതസി-ഭിക്ഷ എടുത്തു നടക്കുന്നവൻ. (വേദത്തിൽ പ്രയോഗം.)

അതളി-പു. ശബ്ദം. വ. അമളി. ന. കലശൽ. (തമിഴ്വാക്കാണ്).

അതഃ-അ. ഇവിടെനിന്നു്, ഇതിൽനിന്നു ഇതുമുതൽ, ഇതുകൊണ്ടു്.

അതാ-അ. ദൂരത്തുള്ള വസ്തുവിനെ ചൂണ്ടിക്കാണിച്ചു പറയുന്ന വാക്കു്.

അതാവു്-പു. ക്ഷീണം, തളൎച്ച. വ. ഇഷ്ടഭംഗം.

'ആശ വലിയോൻ അതാവുപെട്ടുപോം'

(പഴഞ്ചൊല്ലു്)

[തെക്കോട്ടു് ഈ ശബ്ദം കേൾക്കുന്നില്ല.]

അതി-അ. പു. പ്രകൎഷം (ആധിക്യം.)

ഉ-ം, അതിരൂപയായ സ്ത്രീ.

വ. ലംഘനം (അതിക്രമിക്കുക.)

ഉ-ം, അതിസൎവ്വനായ മഹേശൻ.

'പ്രകൎഷേലംഘനേപ്യതി' (അമരം)

ന. ഭൃശം (ഏറ്റവും).

ഉ-ം, അതിവൃഷ്ടി.

അതി എന്ന ശബ്ദത്തെ തമിഴിൽ അസി എന്നതിനു പകരം ഉപയോഗിക്കുന്നുണ്ടു്.

'ഇതവിടയക്കൂടം ചൂഴമീട്ടിവിട്ടേറച്ചൊട്ട-യതിയിരിപ്പുഴകകന്തമാഴിവിൽപീലി

(രാമചരിതം) [കൃന്തം

അതികഥ-വി. പു. പറയത്തക്കതല്ലാത്ത. വ. അധികമായി കൂട്ടിക്കെട്ടിയ.

അതികഥ-പു. കൂട്ടിച്ചേൎത്തുപറയുന്ന കഥ വ. അൎത്ഥമില്ലാത്ത സംസാരം.

അതികന്ദകം-മാറമ്പു.

അതികണ്ടകം-ഏറെകൊള്ളുവ.

അതികരണം-ഏററവും ഭയങ്കരം.

അതികൎഷണം-പു. വലിയ ഉപദ്രവം. വ. വലിയ പ്രയത്നം (ശ്രമം.) ന. ക്രമത്തിലധികമായി വലിക്കുക.

അതികായ-വി. വലിയകായം, (ശരീരം) ഉള്ള

അതികായൻ-രാവണന്റെ പുത്രൻ. ഇവനെ ലക്ഷ്മണൻ കൊന്നു.

അതികുമാരൻ-വളരെ ചെറുപ്പക്കാരൻ.

അതികൃച്ഛ്ര-വി. വളരെ പ്രയാസമുള്ള.

അതികൃച്ഛ്രം-അസാധാരണമായ കഷ്ടത, വലിയ സങ്കടം.

അതികൃതി-പു. അധികമായിചെയ്യുക. വ. ഒരുവൃത്തം (വരിയൊന്നിനു ൨൫ അക്ഷരം കാണും.)

അതികൃതം-അധികമായി ചെയ്തതു്.

അതികേസരം, അതികേശരാ-മുള്ളചെമന്തി.

അതികേസര-മുള്ളുചെമന്തി.

അതികൊട്ടുരം-ബഹുകഠിനം, ഭയങ്കരമായവണ്ണം.

അതികോട്ടു്-അ. വാളുകൊണ്ടു്.

'വഴിയിൽമതിത്തടുത്തുതടു
ത്തതിത്തുകവന്തതൊക്കെ
യതികൊട്ടരിന്തവന്നവരതെ
നില്ലയിമ്മോകമിപ്പോഴ്'

(രാമചരിതം)

അതികോപി-അധികം കോപമുള്ളവൻ 'ചണ്ഡസ്ത്വത്യന്തകോപനഃ' (അമരം)

[ചണ്ഡൻ, അത്യന്തകോപനൻ ൨-ം അതികോപശീലന്റെ പേർ.]

അതിക്കുക-നടക്കുക.

[ഉ-ം, യുഗാദ്യുഗം, യുഗാന്തങ്ങളുടെ യുഗം. യുഗങ്ങളുടെ, യുഗംകൊണ്ടു അതിക്കുന്നവ, യുഗം-നുകം. അതിക്കുക-നടക്കുക. യുഗാദ്യുതമെന്നതു് പ്രസംഗമാണു്. പ്രസംഗം-നുകത്തിന്മേൽവച്ചുകെട്ടുന്ന നുകം.]

അതിക്രമം-ഫ. ക്രമത്തിന്റെ വിരോധം, ക്രമംവിട്ട പ്രവൃത്തി.

പര്യായമതിക്രമസ്സുസ്സിന്നതിപാതഉപാത്യയ (അമരം.)

[പര്യായം, അതിക്രമം, അതിപാതം ഉപാത്യയം ൪ ..., ക്രമംവിട്ട പ്രവൃത്തിയുടെ പേർ.]

ഉ. തെല്ലുപോലും ഭയംകൂടാതെ യുദ്ധത്തിൽ ശത്രുക്കളോട് എതിർത്തുചെല്ലുക (അതിക്രമം.)

അതിക്രമക്കാരൻ-ക്രമംവിട്ടു പ്രവൃത്തിക്കുന്നവൻ.

അതിക്രമിക്കുക-ലംഘിക്കുക, കവിഞ്ഞുനിൽക്കുക.

അതിഘോഷം-വളരെ ഉറക്കെ.

അതിക്ഷുദ്രൻ-അധികം ലുബ്ധൻ, വളരെ പിശുക്കൻ.

അതിക്ഷുദ്രന് 'ക്ഷോഭിഷ്ഠൻ' എന്നു പര്യായം.

അതിഖരം-(വ്യാകരണത്തിൽ) ഖ ഛ ഠ ഥ ഫ ഇവ ഓരോന്നിന്നുമുള്ള പേർ.

അതിഗണ്ഡൻ-വലിയ കവിൾത്തടമുള്ളവൻ.

അതിഗന്ധ-വി. വളരെ മണമുള്ള.

അതിഗന്ധം-ഫ. ഗന്ധകം. ൨. ചെമ്പകം, ഭൂതൃണം, മുദ്ഗരം മുതലായവ.

അതിഗന്ധം എന്നതിന് പുതിനക്കപ്പുല്ല്, ഏലവപ്പുല്ല്, കൊതിപ്പുല്ല്, ഇഞ്ചിപ്പുല്ല് എന്നിങ്ങനെയും അർത്ഥം കാണുന്നു.

അതിഗന്ധകം-ഓടമരം.

അതിഗന്ധാല്യ-പുത്രമായി എന്ന ഔഷധം.

അതിഗന്ധിക-അടക്കാവാണിയൻ.

അതിഗന്ധി-വി. വളരെ മണമുള്ള.

അതിഗർജ്ജനം-അലച്ചു.

അതിഗർജ്ജിക്കുക-അധികം അലറുക.

അതിഗുണ-വി. വിശേഷഗുണമുള്ള.

അതിഗുരു-വി. വളരെ ഘനമുള്ള.

അതിഗുരു-ബഹുമാനിക്കത്തക്കവൻ (അച്ഛൻ മുതലായവരെപ്പോലെ).

അതിഗുരുത്രയം-പിതാവ്, മാതാവ്, ആചാര്യൻ ഇവർ മൂവരും.

അതിഗുഹ-മൂവില.

അതിഗ്രഹ-വി. ഗ്രഹിക്കാൻ പ്രയാസമുള്ള.

അതിഗ്രഹം, അതിഗ്രാഹം-ഗ്രഹങ്ങളുടെ വിഷയങ്ങൾ.

| ഗ്രഹങ്ങൾ | അതിഗ്രഹങ്ങൾ |
|---|---|
| ൧. പ്രാണൻ | അപാനൻ. |
| ൨. വാക്ക് | നാമം. |
| ൩. ജിഹ്വ | രസം. |
| ൪. ചക്ഷുസ്സ് | രൂപം |
| ൫. ശ്രോത്രം | ശബ്ദം |
| ൬. മനസ്സ് | കാമം. |
| ൭. ഹസ്തം | കർമ്മം. |
| ൮. ത്വക്ക് | സ്പർശം. |

അതിചണ്ഡ-വി. അധികം ക്രൂരതയുള്ള.

'അതിചണ്ഡരിപുക്ഷണ്ഡഗളഖണ്ഡനപണ്ഡിത' (നളചരിതം കഥകളി)

അതിചര-വി. മറുപുറംപോകുന്ന.

അതിചര-ഓരിലത്താമര. വേഗത്തിൽ വ്യാപിക്കുന്നതു് എന്നു വ്യുൽപത്തി.

അതിചാരവു്-വലിയ അയവു്, അധികമായ അയച്ചിൽ.

അതിച്ഛത്ര-ശതകുപ്പ. ഛത്രത്തെക്കാൾ ഭംഗിയുള്ള പൂവോടുകൂടിയതു്.

അതിച്ഛത്രം-കരപ്പുല്ല്. പുതിനക്കപ്പുല്ല് എന്നും കാണുന്നു. ഛത്രത്തെക്കാൾ ഭംഗിയുള്ളതു് എന്നു വ്യുൽപത്തി.

അതിജഗതി-ഛന്ദസ്സുകളിൽ ഒന്നു്. ഇതു വൃത്തത്തിന്റെ പാദത്തിൽ ൧൩ അക്ഷരങ്ങൾ വീതം കാണും.

**അതിജവൻ**-അതിവേഗത്തിൽ നടക്കുന്നവൻ.

'ജംഘാലോതിജവസ്തുല്യൗ' (അമരം)

[ജംഘാലൻ, അതിജവൻ ൨-ം അതിവേഗത്തിൽ നടക്കുന്നവന്റെ പേർ.]

**അതിജാഗരം**-പു. അധികം ഉണർവുള്ള സ്ഥിതി. ൨. കരിഞ്ഞാറൽപക്ഷി.

**അതിതരാം**-അ. ഏററവും.

**അതിതാപം**-വലിയ ചൂട്, അധികമായ വ്യസനം.

**അതിതീക്ഷ്ണം**-കരിമുരിങ്ങ.

**അതിതീക്ഷ്ണ**-ചെങ്കടുക്.

**അതിതീവ്ര**-മീൻകണ്ണിക്കറവ.

**അതിഥി**-പു. വഴിപോക്കനായി ഭവനത്തിൽ വന്നവൻ. [ദേ

'സ്യാദാവേശികആഗന്തുരതിഥിർന്നഗൃഹാഗതേ' (അമരം)

[ആവേശികൻ, ആഗന്തു, അതിഥി. ഗൃഹാഗതൻ ഇവ ൪-ം അതിഥിയുടെ പേർ. നടന്നും വിശന്നും തളർന്നും ഭക്ഷിപ്പാനാഗ്രഹിച്ചുവരുന്നവനാണ് അതിഥി. ക്ഷണിച്ചുവരുന്നവനല്ല.]

൨. ഒരിക്കൽ വന്നു പോയതിൽ പിന്നെ പതിനഞ്ചുദിവസത്തിനകം വരാത്തവൻ. തിഥി, പ്രഥമ ദിവസം (അ+തിഥി, അതിഥി.)

൩. ഒരു നാൾ തികച്ചു താമസിക്കാത്തവൻ.

ഇവിടെ തിഥി എന്നാൽ ദിവസം എന്നർത്ഥം. അതിഥിയുടെ ലക്ഷണമില്ലാതെ വരുന്നവരൊക്കെ അഭ്യാഗതന്മാരാകുന്നു. അന്വയജ്ഞബന്ധുക്കൾ, കാര്യം പ്രമാണിച്ചു വരുന്നവർ മുതലായവരത്രെ.

൪. ഒരു സൂര്യവംശരാജാവ്. കുശാവതിയിൽ കുശന്റെ പുത്രൻ, (രാമന്റെ പൌത്രൻ.)

൫. കന്മഷം.

**അതിഥിഘ്നൻ**-ദിവോദാസൻ. ദേവന്മാരുടെ സഹായത്തോടുകൂടിയുദ്ധത്തിൽ ശംബരനെ ജയിച്ചു.

**അതിഥിപൂജ**-വഴിപോക്കന്ന് ഭക്ഷണവുംമററും കൊടുക്കുക (മനുഷ്യയജ്ഞം, അതിഥിസൽക്കാരം, അതിഥിപൂജനം)

**അതിഥിസപര്യാ**-അതിഥിപൂജ.

**അതിസർജ്ജനം**-അധികമായ വിട്ടുകൊടുക്കൽ.

**അതിഥിസൽക്കാരം**-അതിഥിപൂജ.

**അതിഥേയം**-അതിഥികൾക്കുള്ള തീൻപണ്ടങ്ങൾ (ഭക്ഷണസാധനങ്ങൾ) (സാധുവല്ല.)

**അതിദയാപരൻ**-വളരെദയയുള്ളവൻ.

**അതിദാനം**-ഔദാര്യം, അധികമായ വിട്ടുകൊടുക്കൽ.

'വിലംഭസ്ത്വതിസർജ്ജനം' (അമരം)

[വിലംഭം, അതിസർജ്ജനം ൨-ം അതിദാനത്തിന്റെ പേർ.]

**അതിദീപ്യം**-ചെമന്ന കൊടുവേലി

**അതിദൂരം**-ഏററവും ദൂരം (അകലം)

'ദവീയശ്ചദവിഷ്ഠഞ്ചസുദൂരേ' (അമരം)

[ദവീയസ്സ്, ദവിഷ്ഠം, സുദൂരം ൩-ം അതിദൂരത്തുള്ളതിന്റെ അല്ലെങ്കിൽ അതിദൂരത്തിന്റെ പേർ.]

**അതിദേവൻ**-പു. ശിവൻ. ൨. ഏററവും ശ്രേഷ്ഠനായ ദേവൻ.

**അതിധനപാവ്** - തുല്യതയില്ലാത്ത വില്ലാളി.

**അതിധൃതി**-ഛന്ദസ്സുകളിൽ ഒന്ന്. ഇവൃത്തത്തിന്ന പാദത്തിൽ ൧൯ അക്ഷരം വീതം കാണും.

**അതിനിഷ്ഠുരൻ**-വലിയക്രൂരൻ, വളരെ കഠിനൻ.

**അതിനിർഹാരി**-വളരെ ദൂരവ്യാപിയായ സുഗന്ധമുള്ള വസ്തു.

അതിനൗ-തോണിയെ അതിക്രമിച്ചുവന്തിക്കുന്നതിന്റെ പേർ. തോണിയെ അതിക്രമിച്ചതു (നാവം അതിക്രാന്തം).

അതിപഞ്ച-അഞ്ചുവയസ്സായ പെൺകുട്ടി. (പഞ്ചവർഷമതിക്രാന്താ).

അതിപതനം-൧. അതിക്രമം (ലംഘനം). ൨. വീഴ്ച. ൩. വിരോധം.

അതിപത്രകം-തേക്കുമരം.

അതിപത്രം-മറായ്ക്.

അതിപഥി-നല്ല റോട്ട് (വഴി).

അതിപദ-വി. ൧. പാദമില്ലാത്ത. ൨. പദത്തെ അതിക്രമിച്ച. (അതിക്രാന്തഃ പദം).

അതിപത്തി-൧. അപ്പുറംപോകുക. ൨. തോല്വി.

അതിപന്ന-വി. അപ്പുറംപോയ,കടന്ന.

അതിപന്ഥാവ്-നല്ലവഴി.

'അതിപന്ഥാസ്സുപന്ഥാശ്ചസൽപഥശ്ച' (അമരം)

(അതിപന്ഥാവ്, സുപന്ഥാവ് സൽപഥം ൩-ം നല്ലവഴിയുടെ പേർ).

അതിപര-വി. ശത്രുക്കളെ തോല്പിച്ച.

അതിപരൻ-വലിയ ശത്രു

അതിപരാക്രമം- മറെറല്ലാവരെക്കാളും അതിശയിതമായ ശക്തിയോടു ക്രിയമാവം.

'വിക്രമസ്ത്വതിശക്തിതാ' (അമരം)

(വിക്രമം, അതിശക്തിത ൨-ം; അതിപരാക്രമത്തിന്റെ പേർ).

അതിപൂരുഷൻ-ജിഷ്ണുകൻ.

'പട്ടാളക്കാരതിപൂരുഷരായങ്ങുമിങ്ങുംനടക്കും' (മയൂരസന്ദേശം)

അതിപരോക്ഷ-വി. കാഴ്ചയിൽനിന്നു വളരെ ദൂരത്തായ, കാണാകുന്നതല്ലാത്ത.

അതിപാതം-൧. അതിക്രമം(ലംഘനം) ൨. വീഴ്ച, വിരോധം.

അതിപാതകം-ഏററവും ഹീനമായ പാപം.

അതിപാദം-ക്രമാതിക്രമം.

അതിപിച്ഛില-കറവാഴ.

അതിപുകച്ചൽ-൧. വലിയ കത്തൽ. ൨. വലിയ നീറൽ. ൩. തീരെ തെളിവില്ലായ്മ.

അതിപ്രകാശം-അധികമായ ശോഭ.

'ശുഭ്രമുദ്ദീപ്തശുക്ലയോഃ' (അമരം)

(ശുഭ്രം—അധികമായ പ്രകാശത്തോടു കൂടിയതിന്റെയും വെളുപ്പുനിറത്തോടു കൂടിയതിന്റെയും പേർ).

അതിപ്രബന്ധം-൧. വലിയ യോജിപ്പ്, വലിയ കൂട്ടിക്കെട്ട്, വലിയചേർച്ച. ൨. വലിയ സന്ധിബന്ധം. ൩. വലിയ തുടർച്ച.

അതിപ്രയോഗം-൧. അധികമായ യത്നം, അധികമായ പ്രവൃത്തി. ൨. കടന്ന പ്രവൃത്തി.

അതിപ്രവൃദ്ധ-വി. വളരെ വളൎന്ന.

അതിപ്രശ്നം-മര്യാദവിട്ടുള്ള ചോദ്യം, അസഹ്യമായുള്ള ചോദ്യം.

അതിപ്രസംഗം-അതിവ്യാപ്തി, ശകാരം, നിന്ദ.

അതിപ്രസിദ്ധ-വി. പ്രകാശിക്കുന്ന.

'പ്രകാശോതിപ്രസിദ്ധോപി' (അമരം)

(പ്രകാശം പ്രകാശിക്കുന്നതു്-ഇതു് അത്യന്തംപ്രസിദ്ധമായിട്ടുള്ളതിന്റെ പേർ).

അതിപ്രസിദ്ധി-വിശേഷമായകേൾവി.

'വിശ്രാവസ്തുപ്രവിഖ്യാതി' (അമരം)

[വിശ്രാവം, പ്രവിഖ്യാതി ൨-ം അതിപ്രസിദ്ധിയുടെ പേർ.]

അതിപ്രഹർഷം-അത്യന്തസന്തോഷം.

അതിപ്രാണപ്രിയം - ജീവനേക്കാളുമുള്ള സ്നേഹം (സന്തോഷം, ഇഷ്ടം).

അതിപ്രിയൻ-അധികം സന്തോഷിപ്പിക്കുന്നവൻ.

[പ്രേഷ്ഠൻ എന്നതു് അതിപ്രിയന്റെ പേരാകുന്നു. അതിശയേനപ്രിയൻ-പ്രേഷ്ഠൻ].

**അതിപ്രീതൻ**-വളരെസന്തോഷിച്ചവൻ

**അതിപ്രീതി**-അധികം സന്തോഷം, അധികം തൃപ്തി.

**അതിബല**-പ്ര. ഒരു മന്ത്രം.

ശ്രീരാമലക്ഷ്മണന്മാരൊന്നിച്ചു വിശ്വാമിത്രൻ വനത്തിൽ പോകുന്നമദ്ധ്യേ ബല എന്നും അതിബല എന്നും രണ്ടു മന്ത്രങ്ങൾ ഉപദേശിച്ചിട്ടുണ്ട് എന്നുള്ളതു രാമായണം കൊണ്ടു സുപ്രസിദ്ധമാകുന്നു

'ദാഹവും വിശപ്പുമുണ്ടാകാതെയിരിപ്പാനായ്
മാഹാത്മ്യമേറുമന്നാരു വിദ്യകളിവരണ്ടും
ബാലന്മാരേ! നിങ്ങൾ പഠിച്ചുജപിച്ചാലും
ബലയുംപുനരതിബലയുംമടിയാതെ'

(അദ്ധ്യാത്മരാമായണം)

൨. ദക്ഷന്റെ ഒരു പുത്രി. ൩. കാട്ടുകുറുന്തോട്ടി.

**അതിബലൻ**-തുല്യനില്ലാത്തയോദ്ധാവ്

**അതിബലവാൻ**-അധികം ശക്തിയുള്ളവൻ.

'ഊർജ്ജസ്വലസ്സ്യാദൂർജ്ജസ്വീ' (അമരം)

[ഊർജ്ജസ്വലൻ, ഊർജ്ജസ്വി ൨-ം അതിബലവാന്റെ പേർ.]

**അതിബലം**-പവിഴം.

**അതിബാല**-പ്ര. വളരെബാല്യമായ പശു. ൨. രണ്ടുവയസ്സായ പശുക്കുട്ടി.

**അതിബാന്ധവൻ** - പ്ര. ഉററബന്ധു ൨. വളരെ ഭക്തിവിശ്വാസമുള്ളവൻ.

**അതിബൃഹത്ഫലം**-പ്ലാവ്.

**അതിബ്രഹ്മചര്യൻ** - ബ്രഹ്മചര്യത്തെ അദ്ധ്യയനവൃത്തിയെ)കടന്നവൻ, സ്ത്രീയോടു ചേർച്ച തുടങ്ങിയവൻ.

**അതിഭക്ഷകൻ**-വലിയ തീററിക്കാരൻ.

**അതിഭക്ഷണം**-ക്രമത്തിലധികമായ തീററി (ഭക്ഷണം).

**അതിഭരം, അതിഭാരം**-വലിയ ചുമട്.

**അതിഭാരഗം**-പ്ര. കഴുത. ൨. വെളിക്കുതിര.

**അതിഭീ**-മിന്നൽ, ഇന്ദ്രന്റെ വജ്രായുധത്തിന്റെ കാന്തി.

**അതിഭീരുത**-വലിയ ഭയം.

**അതിഭൂമി**-പ്ര. അധികത്വം, കവിച്ചൽ. ൨. ധൈര്യം. ൩. ഉന്നതി, പ്രഭാവം. അധീശത്വം.

**അതിഭോജനം**-അധികം തിന്നുക (ഭക്ഷിക്കുക).

**അതിമണ്ഡലം** - പത്രുഷകം (ചിററീന്തൽ).

**അതിമതി**-അധികമായ ജ്ഞാനം (ഗർവ്വം).

**അതിമധുര**-വി. പ്ര. അധികംഇനിപ്പുള്ള. ൨. വളരെ മനോഹരമായ.

'അതിമധുരതരവപുഷമരികിലുടനൊരുവമ
മൃതമൊഴിസഖികളോടു കണ്ടു' [ഷ

(നളചരിതം കഥകളി)

**അതിമധുരം**-പ്ര ഇരട്ടിമധുരം. ൨. അധികമായ മധുരം.

**അതിമര്യാദ**-ക്രമത്തെ കവിഞ്ഞ സ്ഥിതി, ചട്ടത്തെ ലംഘിച്ച സ്ഥിതി, ആചാരത്തെ തെററിയുള്ള സ്ഥിതി, അതിര കവിഞ്ഞ സ്ഥിതി.

**അതിമലിന**-വി. വളരെ അഴുക്കുള്ള

**അതിമാത്രം**-അതിശയം (ഏററവും). അല്പത്തെ അതിക്രമിച്ചതു് എന്നു വ്യുല്പത്തി.

'അതിവേലഭൃശാത്യർത്ഥാ
തിമാത്രോദ്ഗാഢനിർഭരം
തീവ്രൈകാന്തനിതാന്താനി
ഗാഢബാഢദൃഢാനി ച'

(അമരം)

[അതിശയം, ഭരം, അതിവേലം, ഭൃശം, അത്യർത്ഥം, അതിമാത്രം, ഉദ്ഗാഢം, നിർഭരം, തീവ്രം, ഏകാന്തം, നിതാന്തം, ഗാഢം, ബാഢം, ദൃഢം ൧൪-ം അതിശയം (ഏററവും) എന്നതിന്റെ പേരാകുന്നു.]

അതിമാനം -അളക്കാൻപാടില്ലാത്തതു്, അളവുകടന്നതു്. ഉ. ബ്രഹ്മമാനം.

അതിമാനഘ്ന-വി. തീരെ മാനമില്ലാത്ത.

അതിമാനുഷൻ, അതിമർത്ത്യൻ- മനുഷ്യന്റെ സ്ഥിതിയെകടന്നവൻ, ദൈവികസ്ഥിതിയുള്ളവൻ.

'അതിമാനുഷനിവനെങ്കിലുമനവധി
മതിമുഖിമാരൊടുക്രീഡിരമിപ്പാൻ'
(രാമചരിതം തുള്ളൽ)

അതിമാന്യൻ-വളരെമാനിക്കത്തക്കവൻ

അതിമംഗല്യ-വി. വളരെ ശുഭമായ.

അതിമംഗല്യഃ-കൂവളം.

അതിമായികൻ-ഈശ്വരൻ.

അതിമാരുത-വി. അധികം കാററുള്ള.

അതിമാംസ-വി. വളരെ മാംസമുള്ള; വളരെ തടിച്ച.

അതിമിത-വി. അളവുകടന്ന. അതിമിത (അ+തിമിത)=നനയാത്ത.

അതിമിത്രം-ഉററസ്നേഹിതൻ.

അതിമുദിതം-ഒരു വൃത്തത്തിന്റെ പേർ. (അഷ്ടിച്ഛന്ദസ്സിൽചേർന്നതാണ്. വരിഒന്നിൽ പതിനാറു അക്ഷരം വീതം കാണും.)

'തംതംതസംതംഗമത്രം
തിമുദിതാംകേൾവൃത്തമാം'
(വൃത്തമഞ്ജരി)

അതിമുക്ത-വി. പു. ലോകവ്യാപാരങ്ങളെ വെടിഞ്ഞ ഉ. വിരക്തന്മാരായ ജനങ്ങളെ അതിക്രമിച്ച.

അതിമുക്തഃ-പു. കരക്കത്തിമുല്ല. വിരക്തന്മാരായവർക്കുകൂടി ഇതിൽതാൽപര്യമുള്ളതിനാൽ അവരെ അതിക്രമിച്ചതു്, വെള്ളനിറം ഹേതുവായിട്ട് മുത്തുമണിയെക്കൂടി അതിക്രമിച്ചതു് എന്നു വ്യുൽപത്തി. [ഈ വള്ളിച്ചെടിക്കു കസ്തൂരിഗന്ധമുണ്ടെന്നു പറയുന്നു. കരക്കത്തി എന്ന പദം തമിഴാണു].
ഉ. തൊട്ടുകാര. സ. പനച്ചി.

അതിമുക്തി-മോക്ഷം.

അതിമൃത്യു-മോക്ഷം.

അതിമൈഥുനം-സ്ത്രീ പുരുഷന്മാർതമ്മിലുള്ള കവിഞ്ഞ ചേർച്ച.

അതിമോഘ-വി. നിഷ്ഫലമായ.

'അതിമോഘങ്ങളലഘങ്ങൾ'
(നളചരിതം കഥകളി)

അതിമോദ- പു. അധികമായ സുഗന്ധം. ഉ. നവമല്ലികം, തുളസിമുല്ല.

അതിമോഹനം-അധികം മോഹിക്കത്തക്കതു്.

'അതിമോഹനമെന്നുടെയാനം
അതിമോഹനമെന്നുടെഗാനം'
(കിരാതം തുള്ളൽ)

അതിരു്-അതിർത്തി (അതിർത്തി എന്ന ശബ്ദം നോക്കുക).

അതിരഞ്ജക-വി. അധികം ശോഭിപ്പിക്കുന്ന (ചേർക്കുന്ന.)

അതിരക്ത-വി. വളരെ ചെമന്ന, വളരെ പ്രിയമുള്ള (രാഗമുള്ള).

അതിരഥൻ - പ്രസിദ്ധനായ വലിയ യോദ്ധാവ്. അതിരഥനു മഹാരഥന്മാരേക്കാൾ പത്തുമടങ്ങു ഗുണമുണ്ട്. സാരഥി മരിച്ചുപോയാലും താൻതന്നെ തേർതെളിച്ചുംകൊണ്ടു യുദ്ധംചെയ്തു ശത്രുവിനെ ജയിക്കുന്ന വില്ലാളി. (മഹാരഥശബ്ദം നോക്കുക.)

അതിരഭസം-വലിയ സാഹസം, വളരെവേഗം, വലിയ ബദ്ധപ്പാട്.

അതിരസ-പു. അരത്ത, ഉ. വള്ളിഏരളി മധുരം.

അതിരാജൻ-പു. ഒരു അസാധാരണ രാജാവ്. ഉ. രാജാവിനെവെല്ലുന്നമറെറാരു രാജാവ്.

**അതിരാത്രം** - പു. രാത്രികഴിഞ്ഞു്. ൨. അശ്വമേധത്തിന്റെ മൂന്നാംനാൾ.

**അതിരിക്ത**-വി. ൧. അധികം ഏറിയ, അത്യന്തം അധികമായ, അതിരേചിച്ചതു് = അതിരിക്തം.

'അതിരിക്തഃസമധികഃ' (അമരം)

[അതിരിക്തം, സമധികം ഇ-ം അത്യന്തം അധികമായിട്ടുള്ളതിന്റെപേർ ]

൨. ഒഴിഞ്ഞ, ൩. പൊള്ളയായ.

**അതിരിച്യമാനം**-വി. കവിഞ്ഞ, അത്യധികമായ.

**അതിരുക** - ഭയപ്പെടുക. ഇതു് തമിഴും പ്രാചീനമലയാളവുമാണ്.

**അതിരുക്ക്**-പു. അതിസുന്ദരി. ൨. കാലിന്റെ മുട്ടു് (മുഴങ്കാൽ).

**അതിരൂക്ഷ**-വി. അധികം കഠിനമായ.

**അതിരുചിര**-വളരെ മനോഹരമായ, അധികം ഭംഗിയുള്ള.

**അതിരുചിര**-ഒരു വൃത്തത്തിന്റെ പേർ. അതിജഗതി ഛന്ദസ്സിൽ ഉൾപ്പെട്ടതാണ്. വരി ഒന്നിൽ ൧൩ അക്ഷരം വീതം കാണും.

'ചതുർഗ്രഹൈരതിരുചിരാജഭസ്ജഗം'

(വൃത്തമഞ്ജരി)

ഉ-ം 'സപത്നസംഗതവതിനാരദേവം
സപത്നാധിപിനിരഗാൽത്രിവിഷ്ടപാൽ
ഗമനായുഃശിഖിയമപാശപാണയഃ
ക്രമാദമീയയുരഥകുണ്ഡിനാന്തികം'

(നളചരിതം കഥകളി)

**അതിരുചിരം**-രണ്ടു വൃത്തങ്ങളുടെ പേർ. (ജഗതി ഛന്ദസ്സിൽ ഉൾപ്പെട്ടതിനു വരി ഒന്നിൽ ൧൨ അക്ഷരം വീതം കാണും).

'നജനനസാചലകിലതിരുചിരം'

[പ്രകൃതിഛന്ദസ്സിൽ ചേർന്നതും ൨൧ അക്ഷരം വീതമുള്ളതുമായ മറ്റൊരു വൃത്തം].

'ഇഹപതുലഘുരവോതഗുരവോരടോട്ടവി-
ലതിരുചിരമതം'

(വൃത്തമഞ്ജരി)

**അതിരുച്യം**-പു. ഏററവും മനോഹരം. ൨. (അന്നപക്ഷത്തിൽ) ഏററവും സ്വാദുള്ള.

**അതിരൂപ**-വി. ൧. ഭംഗിയില്ലാത്ത, രീതിയില്ലാത്ത, കാററിനെപ്പോലെ നിരാകൃതിയായ. ൨. വളരെ ഭംഗിയുള്ള.

**അതിരൂപൻ** - ദൈവം, സർവ്വശക്തൻ (അതിക്രാന്തോരൂപം).

**അതിരേകം**-വി. കവിയുന്ന, വർദ്ധിക്കുന്ന.

'അതിരേകംകൊതിയുമു
ണ്ടതിനൊത്തവിധിയുമു
ണ്ടതിൽക്കൂടെസ്ഥിതിചെയ്ക,
മതിഭ്രമീപതിവീര'

(സഭാപ്രവേശം തുള്ളൽ)

**അതിരേചക**-വി. വളരെ വയറിളക്കുന്നതിനുള്ള.

**അതിരോഗം**-ക്ഷയം എന്ന രോഗം.

**അതിരോമശ, അതിലോമശ**-വി. വളരെ മുടിയുള്ള (രോമമുള്ള.)

**അതിരോമശം**-കരിംകുരങ്ങു്. ൨. ഇണക്കമില്ലാത്ത ആടു് (കാട്ടാടു്).

**അതിർത്തി**-എല്ലക. കവിഞ്ഞു് അപ്പുറം കടന്നുകൂടാ എന്ന നിർബ്ബന്ധമുള്ളതു്.

'ഗ്രാമാന്തമുപശല്യംസ്യാൽ'

'സീമസീമെസ്ത്രിയാമുഭേ' (അമരം)

സീമാവു്, സീമ ഇ-ം ഗ്രാമാദികളുടെ അതിർത്തിയുടെ പേർ. ഋ ൠ ഇവ രണ്ടു സ്വരങ്ങളും ദ്രാവിഡത്തിലില്ലാത്ത സംസ്കൃതങ്ങളാകയാൽ ശുദ്ധമലയാളത്തിൽ ഋകാരം കാണുകയില്ല. എന്നാൽ ഈ ചില മലയാളപദത്തിലും ഉപയോഗിച്ചു കാണുന്നു. ഇതു സംസ്കൃതപദങ്ങളിലെ ആവശ്യത്തിനായിട്ടാണു സ്വീകരിക്കാനിടയായതു്. ഉ-ം, തൃപ്പാദം, മൃതിൽ, അതൃത്തി ഇവയിൽ തൃപ്പാദത്തിലെ 'തൃ' മാത്രം ഉചിതംതന്നെ. മററുള്ളവ മതിൽ, അതിർത്തി, എന്നുതന്നെ എഴുതണം.

അതിർത്തിതർക്കം - അതിർത്തി സംബന്ധിച്ച വാദം.

അതിലംബി-ശരകപ്പ.

അതിലിഹി-ഒരു വൃത്തം. (ഈ പ്രാകൃത വൃത്തത്തിന് ഓരോരോവരിയിൽ മാത്ര ൧൬ വീതം).

അതിലോമശം-൧. കരിംകുരങ്ങ്. ൨. ഇണക്കമില്ലാത്ത ആട് (കാട്ടാട്.)

അതിവക്ര-വി. വളരെ വളഞ്ഞ.

അതിവക്താവ്-അധികം പറയുന്നവൻ

'വാവദൂകോതിവക്തരി' (അമരം)

[വാവദൂകൻ, അതിവക്താവ് ൨-ം, അധികം പറയുന്നവന്റെ പേർ.]

അതിവക്തൃ-വി. വളരെപറയുന്ന(സംസാരിക്കുന്ന).

അതിവർത്തനം-൧. ലംഘനം. ൨. മാപ്പുകൊടുക്കത്തക്ക കുററം.

അതിവർത്തിക്ക-ലംഘിക്ക.

അതിവർത്തുള-വി. അധികം വൃത്താകാരമായ (വട്ടമായ).

അതിവർത്തുളം-മലങ്കടല.

അതിവാദി-അധികം സംസാരിക്കുന്നവൻ, വാചാലൻ.

അതിവാദം-മുഷിഞ്ഞു പറയുക. അപ്രിയംപറയുക. അതിരുകടന്നവാക്ക് എന്നു വ്യുൽപത്തി.

'പാരുഷ്യമതിവാദഃസ്യാൽ' (അമരം)

[പാരുഷ്യം, അതിവാദം, ൨-ം, അപ്രിയമായി മുഷിഞ്ഞു പറയുന്ന വാക്കിന്റെ പേർ ]

അതിവാസന-നല്ല മണം (ഗന്ധം) ഗ്രഹിപ്പാനുള്ള ശക്തി (മനസ്സിലാക്കുന്നതിനുള്ള സാമർത്ഥ്യം.)

അതിവാസനം-സുഗന്ധദ്രവ്യങ്ങൾകൊണ്ട് ശരീരാദികൾക്കു സൌരഭ്യമുണ്ടാക്കുക.

അതിവാസം-ശ്രാദ്ധത്തിന്റെ തലേദിവസമുള്ള ഉപവാസം.

അതിവാഹകൻ-മരിച്ചാൽ ജീവനെ മറെറാരു ശരീരത്തിലാക്കി കൊണ്ടുപോകുന്ന ദേവൻ.

അതിവാഹനം-വലിയ ചുമട്.

അതിവികട-വി. ൧. വളരെ ഭയങ്കരമായ. ൨. ദുശ്ശീലമുള്ള.

അതിവികടൻ-൧. വളരെ ദുശ്ശീലമുള്ളവൻ. ൨. ദുശ്ശീലമുള്ള ആന

അതിവികൃതം-ഏററവും വഷളായതു്.

അതിവിടയം-ഒരങ്ങാടിമരുന്ന്.

അതിവിടയം എന്നതു തമിഴാകുന്നു. സംസ്കൃതത്തിൽ ഇതിന് 'അതിവിഷ' എന്നു പേർ.

'വിശ്വാവിഷാപ്രതിവിഷാ
തിവിഷോപവിഷാരുണാ
ശൃംഗീമഹൌഷധം' (അമരം)

[വിശ്വ, വിഷ, പ്രതിവിഷ, അതിവിഷ, ഉപവിഷ, അരുണ, ശൃംഗമഹൌഷധം ൮-ം, അതിവിടയത്തിന്റെ പേർ.]

അതിവിഷ എന്നതിനു വിഷത്തെ അതിക്രമിച്ചതു് എന്നർത്ഥം. ഇതു് കാസം, കഫപിത്തജ്വരം, വിഷം, ആമചകാതിസാരം, ഛർദ്ദി ഇവയെ ശമിപ്പിക്കുന്നതാകുന്നു.

അതിവിഡ്ഢി-ഒട്ടും അറിവില്ലാത്തവൻ.

അതിവിതത-വി. വളരെ പരന്ന.

അതിവിഭവം-൧. വളരെ വിഭവത്തോടുകൂടുംവണ്ണം. ൨. വലിയ സമ്പത്തു്.

'അത്യാനന്ദംരചിച്ചാനതിവിഭവമഹോ
ധന്യനാം വന്യമാലീ'
(ശ്രീകൃഷ്ണചരിതം)

അതിവിഷ-വി. വളരെ വിഷമുള്ള.

**അതിവിഷ**-അതിവിടയം. (അതിവിടയം എന്ന ശബ്ദം നോക്കുക.)

**അതിവിഷാദ്രാവകം**-ഇതു മരുന്നു ഗ്രഹണി, അതിസാരം ഇവയ്ക്കു നന്ന്.

**അതിവിസ്താര**-വി. അധികംപരപ്പായ, അധികം വിസ്തീർണ്ണതയുള്ള, അധികം വ്യാപകമായ.

**അതിവൃഷ്ടി** – അധികമായ മഴ, ഈതിദോഷങ്ങളിൽ ഒന്ന്.

**അതിവേലം**-ഏററവും. വേലയെ (മര്യാദയെ) അതിക്രമിച്ചതു് എന്നു വ്യുല്പത്തി. അതിമാത്രം എന്ന ശബ്ദം നോക്കുക).

'ലീലയാതാംബൂലചർവ്വണാമൈത്ര്യരതി
വേലംവിനോദിച്ചിരുന്നതല്ലന്നേരം'
(അദ്ധ്യാത്മരാമായണം

**അതിവേപിത**-വി. ഏററവും വിറച്ച

**അതിവ്യഥ**-വലിയ വേദന.

**അതിവ്യഥനം**-വലിയ വേദന.

**അതിവ്യക്ത**-വി. അധികം സ്പഷ്ടമായ (തെളിവായ).

**അതിവ്യാപ്തി**-ന. അധികമായി വ്യാപിക്കുന്ന (പരക്കുന്ന) സ്ഥിതി. ഉ. ലക്ഷ്യത്തിന്റെ മറുപുറം കടക്കുക.

**അതിവ്യായാമം**-അധികമായ ദേഹായാസം.

കസറത്തെടുക്കുക, ഓടുക, ചാടുക മുതലായവയാകുന്നു. സ്ത്രീകൾക്കു തിരുവാതിരകളിമുതലായതും ഗൃഹജോലിയും വ്യായാമമാകുന്നു. വ്യായാമം അധികമായി ചെയ്യരുതു്. അങ്ങിനെ ചെയ്താൽ കാസം, പനി, തൃഷ്ണ, ക്ഷയം, പ്രതമകം, രക്തപിത്തം, ദേഹേന്ദ്രിയങ്ങൾക്കു തളർച്ച ഇവയുണ്ടാകും.

'അതിവ്യായാമതഃകാസോ
ജ്വരശ്ഛർദ്ദിശ്ചജായതേ
തൃഷ്ണാക്ഷയഃപ്രതമകോ
രക്തപിത്തംശ്രമഃക്ലമഃ'
(അഷ്ടാംഗഹൃദയം)

**അതിശക്തിത**-അതിപരാക്രമം. മററുള്ളവരിൽ കൂടുതലായ ശക്തിയുള്ള സ്ഥിതി എന്നു വ്യുല്പത്തി (അതിപരാക്രമം എന്ന ശബ്ദം നോക്കുക)

**അതിശക്തിഭാക്ക്** – അധികം ബലമുള്ളവൻ.

**അതിശക്വരി**-ഛന്ദസ്സുകളിൽ ഒന്ന്.

[ഈ വൃത്തത്തിന് പാദത്തിൽ ൧൫ അക്ഷരം വീതം കാണും].

**അതിശങ്ക**-വലിയ സംശയം.

**അതിശയം**-ഏററവും.

'ഇതിയുവതിജനാനാംദീനവാക്യങ്ങൾകേട്ട-
ങ്ങതിശയകരുണാവാന്നഞ്ജസാകഞ്ജനാഭൻ'
(ശ്രീകൃഷ്ണചരിതം)

(ഭാഷയിൽ) വിസ്മയം. സംസ്കൃതത്തിൽ അതിശയശബ്ദത്തിന്നു വിസ്മയം എന്നർത്ഥമില്ല. (അതിമാത്രം എന്ന ശബ്ദം നോക്കുക).

'ഉൽകർഷോതിശയേ' (അമരം).

[ഉൽകർഷം, അതിശയം ഉ-ം ഉൽകർഷത്തിന്റെ പേർ.] ഇവിടെ അതിശയശബ്ദത്തിന്ന അതിക്രമിക്കുക എന്നർത്ഥം.

**അതിശയനം**-മഹത്വം, വലിപ്പം, പ്രഭാവം.

**അതിശയനീയ** -(ഭാഷയിൽ) വിസ്മയിക്കത്തക്കതു്.

അതിശയിക്കുക എന്ന ക്രിയക്ക് വിസ്മയിക്കുക എന്നു സംസ്കൃതത്തിൽ അർത്ഥമില്ല. ഈ അർത്ഥം ഭാഷയിൽ എങ്ങിനെയോ വന്നുചേർന്നതാണ്. അനീയം എന്നതു സംസ്കൃതത്തിലെ കൃത്യപ്രത്യയം ആകുന്നു (അതിശയ-അനീയം-അതിശയനീയം.)

അതിശയിക്കുക-(സംസ്കൃതത്തിൽ) അതിക്രമിക്കുക. (ഭാഷയിൽ) വിസ്മയിക്കുക ആശ്ചര്യപ്പെടുക.

അതിശയനി-ഒരു വൃത്തം. (ചിത്രലേഖ എന്നും പറയും)

അതിശയോക്തി-൧ വസ്തുവത്തെ കവിഞ്ഞു പറക. ൨. അലങ്കാരങ്ങളിൽ ഒന്നു്.

'ചൊല്ലുള്ളതിൽകവിഞ്ഞുള്ള
തെല്ലാമതിശയോക്തിയാം'
(ഭാഷാഭൂഷണം)

അതിശസ്തൻ-൧ അധികം ശ്രേഷ്ഠൻ. ൨. ശത്രുവിനാൽ നേരിടപ്പെട്ടവൻ.

അതിശേഷം-അല്പമുള്ള മിച്ചം.

അതിശായനൻ-ഏററവും ശ്രേഷ്ഠൻ.

അതിശോഭനം-വളരെ ശോഭയുള്ളതു്. അതിശയേന (ഏററവും) ശോഭനം (ശോഭയുള്ളതു്.)

അതിശ്രേയസി-ഏററവും മഹത്വമുള്ള ഒരു സ്ത്രീയുടെ അധിപതി. [ശ്രേയസീമതിക്രാന്തഃ]

അതിസക്തി-൧. വലിയ അടുപ്പം(ചേർച്ച). ൨ അധികമായ സ്നേഹം.

അതിസന്ധാനം-കളവു്. ൨. ചതിവു്.

അതിസന്ധ്യ-ഉഷസ്സിനു മുമ്പും സന്ധ്യയ്ക്കു പിമ്പുമുള്ള അല്പസമയം.

അതിസമ്പന്നൻ-വളരെ സമൃദ്ധിയുള്ളവൻ.

'അധികർദ്ധിസ്സമൃദ്ധസ്സ്യാത്' (അമരം)
[അധികർദ്ധി, സമൃദ്ധൻ ഇ-ം അതിസമ്പന്നന്റെ പേർ].

അതിസംസ്കൃത-വി. അധികം പരിഷ്കരിക്കപ്പെട്ട.

അതിസമ്മത-രാമായണം ൨൪ വൃത്തത്തിലെ ൧൧-ം വൃത്തത്തിന്റെ പേർ.

നയജസഗംചേർന്നതതിസമ്മതയായിടും
(വൃത്തമഞ്ജരി)

ഉ-ം,—
'തനുപവനാത്മജൻമാനകീവല്ലഭം [ൻ
നിജമനസി ചേർത്തു രാമമഞ്ചിതാംഗമാഹം
(ഇരുപത്തിനാലുവൃത്തം)

അതിസംവത്സരം-ഒരു വർഷത്തിലധികം.

അതിസർഗ്ഗം-൧. അനുഗ്രഹംപോലെ അനുവദിക്ക. ൨. ജോലിയിൽനിന്നും പിരിച്ചുവിടുക. ൩. കൊടുക്കുക. ൪. അധികമായ നിശ്ചയം.

അതിസർജ്ജനം- അധികമായി വിട്ടുകൊടുക്കൽ. (അതിദാനം എന്ന ശബ്ദം നോക്കുക.)

അതിസർപ്പണം-ഗർഭത്തിലുള്ള ശിശുവിന്റെ അതിയായ ഇളക്കം.

അതിസർവ്വ-വി. എല്ലാററിലും വിശേഷമായ (ഉപരിയായ).

അതിസർവ്വൻ-ഈശ്വരൻ, ദൈവം.

അതിസാഹസ്രകവത്സരം-ആയിരം വർഷത്തിലധികം,

അതിസാന്തപനം-ഒരുതരംകഠിനമായ തപസ്സ്.

അതിസാമ്യ-ഇരട്ടിമധുരം (ഒരൌഷധം)

അതിസാര-വി. ൧. അധികം ബലമുള്ള ൨. അധികം സ്ഥിരമുള്ള. ൩. അധികം ശ്രേഷ്ഠമായ.

അതിസാരകി-അതിസാരരോഗത്തോടുകൂടിയവൻ.

'സാതിസാരോതിസാരകീ' (അമരം.)
[സാതിസാരൻ, അതിസാരകി ഇ. അതിസാരരോഗമുള്ളവന്റെ പേർ]

അതിസാരഘ്നി-അതിവിടയം.

അതിസാരം-വയറിളകിപ്പോകുന്ന ഒരു ദീനം, വയററൊഴിവു്. പലകപ്പയ്യാനിയുടെ തൊലി നാക്കിച്ചതച്ചു നെയ്യിൽ കാച്ചി ആവിയിൽ വാട്ടിപ്പിഴിഞ്ഞു നീരിൽ തേൻചേർത്തു സേവിച്ചാൽ എത്ര

ശക്തിയായ അതിസാരവും വേഗം ശമിക്കും.

കനം, വളരെ മയം, വളരെകട്ടപ്പം, അധികം ചൂട് ഇത്യാദിയായുള്ള പദാർത്ഥങ്ങൾ ഭക്ഷിക്കുക നിമിത്തവും മററും ദുഷിച്ച രസം, ജലം, മൂത്രം, സ്വേദം, മേദസ്സ്, കഫം, പിത്തം, രക്തം മുതലായവ ജഠരാഗ്നിയെ മന്ദിപ്പിച്ചിട്ട് അധോഭാഗത്തിൽ വായുവിനാൽ പ്രേരിതമായി മലത്തെ അയച്ചിട്ടു ഗുദമാർഗ്ഗമായി വെളിയിൽ കളയുന്നു. ഇതത്രേ അതിസാരം അതിസാരത്തിൻെറ പൂർവ്വരൂപങ്ങൾ-ഹൃദയം, നാഭി, ഗുദം, വയറു, കുക്ഷി ഇവയിൽ കുത്തിനോവുക, ദേഹത്തിനു ക്ഷീണം, വായുവിനു പ്രവൃത്തിയില്ലായ്ക, മലബന്ധം ഉണ്ടാക്കുക, വയറു വീർക്കുക, ദഹിക്കാതെയിരിക്കുക ഇവയാണ്.

'ഹൃന്നാഭിപായൂദരകുക്ഷിതോദ-
ഗാത്രാവസാദാനിലസന്നിരോധാഃ
വിട്സംഗമാധ്മാനമഥാവിപാകോ
ഭവിഷ്യതസ്തസ്യ പുരസ്സരാണി'
(മാധവനിദാനം)

അതിസൂക്ഷ്മം-ന. ഏററവും ചെറുതായിട്ടുള്ളതു്. ഉ. കരിക്കിൽ.

അതിസൌരഭം-ന. അധികമായുള്ള സുഗന്ധം. ഉ. തേന്മാവു്. ന. മാവു്.

അതിസൌഹിത്യം-ആഹാരം കൊണ്ടു നിറയുക.

അതിസ്തിമിത-രാമായണം ൨൪ വൃത്തത്തിലെ ൧൦-ാം വൃത്തം. [ധാം

'സജസംജലംമാദ്യൈഹിന്നാതിസ്തിമിതാഖ്യം'
(വൃത്തമഞ്ജരി)

ഉ-ം,—
'[illegible]-
[illegible]'

അതിസ്ഥിരം- അതിശയനസ്ഥിരമായിട്ടുള്ളതു്. (ഉറച്ചതിൽ കൂന്നതു്).

'സ്ഥാസ്നുസ്ഥിരതരസ്ഥേയാൻ' (അമരം)

[സ്ഥാസ്നു, സ്ഥിരതരം, സ്ഥേയാൻ ൩-ം, അത്യന്തം സ്ഥിരമായിട്ടുള്ളതിൻെറ പേർ].

അതീത-വി. കഴിഞ്ഞ.

'അതീതജന്മങ്ങളിൽനിന്നുള്ളചെയ്തോ-
രതീവപുണ്യക്രിയകൊണ്ടിദാനീം'
(ശ്രീകൃഷ്ണചരിതം)

അതീക്ഷ്ണം-കഠിനമല്ലാത്തതു്.

അതീതനൌകം-തോണിയെ അതിക്രമിച്ച ഏതെങ്കിലും വസ്തുവിൻെറ (ആളുടെ) പേർ. തോണിയെ അതിക്രമിച്ചു വർത്തിക്കുന്നതു് എന്നു വ്യുൽപത്തി.

അതീതേദ്യുഃ-കഴിഞ്ഞ ദിവസം.

അതീന്ദ്രിയ-വി. ഇന്ദ്രിയങ്ങൾക്കു വിഷയമല്ലാത്ത, ഇന്ദ്രിയങ്ങളെക്കൊണ്ടു അറിയത്തക്കതല്ലാത്ത. ഇന്ദ്രിയങ്ങളെ അതിക്രമിച്ചതു് എന്നു ശബ്ദാർത്ഥം.

'അപ്രത്യക്ഷമതീന്ദ്രിയം' (അമരം)

[അപ്രത്യക്ഷം, അതീന്ദ്രിയം ൨-ം, ഇന്ദ്രിയങ്ങൾക്കു വിഷയമല്ലാത്തതിൻെറ പേർ.]

അതീന്ദ്രിയജ്ഞാനം-ഇന്ദ്രിയങ്ങളെ കവിഞ്ഞുള്ള അറിവു്.

### അതീന്ദ്രിയജ്ഞാനം.

യോഗാഭ്യാസം എന്നൊരു വിദ്യയുണ്ടു് അതു് ആഹാരാദികളെത്തന്നെ ചുരുക്കി ഇന്ദ്രിയചാപല്യത്തോടുകൂടി ദേഹത്തിലുള്ള വാതകഫാദികളുടെ സ്ഥിതിക്കു ഭേദം വരുത്തി ക്ഷുൽപിപാസാദികളെ ജയിച്ചു ആകാശഗമനാദി ശക്തിവിശേഷത്തെ കൊടുക്കുന്ന സമ്പ്രദായമാകുന്നു. അവരുടെ അഭ്യാസവിശേഷം കൊണ്ടു ദൃഷ്ടിക്കു കുഴൽക്കണ്ണാടിയുടെ ചില്ലുകൾപോലെ നാലുപടലങ്ങളുള്ളതു തെളിഞ്ഞുവരും. അപ്പോൾ അതിദൂരത്തിലുള്ള സൂക്ഷ്മപദാർത്ഥങ്ങളേയും കാണും. അങ്ങിനെകണ്ടു

റിയുന്നതു് അതീന്ദ്രിയജ്ഞാനം എന്നു പറയുന്നു.

അതീവ-വളരെ (ഏററവും) അതി+ഇവ=അതീവ. (അതിച ഇവച).

'അതിൽകിടന്നൊക്കെദഹിച്ചുപോയാ-
രതീവകഷ്ടം! ബതപാണ്ഡവന്മാർ'
(ശ്രീകൃഷ്ണചരിതം)

അതു്-ആ കാര്യം, ആ വസ്തു.

[പുല്ലിംഗം-അവൻ. സ്ത്രീലിംഗം-അവൾ. നപുംസകലിംഗം-അതു്. അതു് എന്നതിൻെറ ബഹുവചനം അവ അല്ലെങ്കിൽ അതുകൾ അവകൾ എന്നും ഉപയോഗിക്കുന്നുണ്ടു്. അവ എന്നതു മതിയാകും.]

അതുക്കുക-കശക്കുക, ഞെക്കുക, പിതുക്കുക, തിക്കിക്കടത്തുക.

അതുച്ഛം-വലിയ.

'അതുച്ഛമാംജപംപൂണ്ടൽപതിച്ചുകന്ധിന
(നളചരിതം കഥകളി) [പുരം'

അതുന്ദ-വി. തടിപ്പില്ലാത്ത, മെലിഞ്ഞ.

അതുല-തുല്യം (സദൃശം) അല്ലാത്ത.

'അതുലപരാക്രമശാലികളാകം
ധൃതരാഷ്ട്രാത്മജരോടമർചെയ്യാൻ'
(ഘോഷയാത്ര തുള്ളൽ)

അതുലം-പ്ര. തുല്യമല്ലാത്തതു്. ഉ, എള്ളിൻെറ ഒരു. പയിലെള്ളു്.

അതുലിത-വി. തുലിതം (തുല്യമാക്കപ്പെട്ടതു്) അല്ലാത്ത.

അതുഷാരകരൻ-സൂര്യൻ.

അതൃണാദ-വി. പുല്ലുതിന്നാത്ത.

അതൃണാദം-അപ്പോൾ ജനിച്ച കിടാവു് (കന്നു്).

അതൃഷ്ണകർമ്മാവു്-പുണ്യകർമ്മങ്ങൾ ചെയ്യുന്നവൻ, സദാചാരയുക്തൻ.

അതേ-അ. അപ്രകാരംതന്നെ, ഉവ്വു്.

അത്ത-(അത്ത നോക്കുക).

അത്തം-പ്ര. ഇരുപത്തേഴു നക്ഷത്രങ്ങളിൽ ഒന്നു്. ഉ. ചിങ്ങത്തിലും മീനത്തിലും കൊച്ചിയിലുള്ള ഒരു ആഘോഷം.

അത്തനയിൽ-ആ അളവിൽ. (പ-മ.)

അത്തൽ-പ്ര. വ്യസനം, ദുഃഖം. ഉ, ഭയം.

'അത്രമഹാബലനാകിയദശമുഖ-
നത്തൽവെടിഞ്ഞുതപംചെയ്തുടനേ'
(കാർത്തവീര്യാർജ്ജുനവിജയം തുള്ളൽ)

അത്തർ-ഒരു സുഗന്ധദ്രവ്യം. റോസാപ്പൂവിൻെറ സത്തെന്നു പറയുന്നു, മുല്ലപ്പൂവിൻെറ സത്തെന്നു ചിലർ.

അത്തരം-അ. അപ്രകാരം.

അത്താണി-ചുമടുതാങ്ങി.

'നവമലർവിലസിതപൂങ്കാവുകളും
തറകളുമന്തണമത്താണികളും'
(നളചരിതം തുള്ളൽ)

അത്തായിത്തായി-കൊഞ്ചവാക്കു്, വിക്കിപ്പറക.

അത്താഴം-രാത്രിയിലെ ഭക്ഷണം. അത്താഴം >< മുത്താഴം.

[അൽ+താഴം-അൽ+തായം, അല്ലി(രാത്രി)ലെ തായം (ഭാഗം)-പങ്കു്. തായം എന്നതിന്നു മക്കത്തായം മരുമക്കത്തായം ഇവ നോക്കുക].

'അത്താഴത്തിന്നു തരമെയില്ല-
തെത്താനതിനൊരുസംശയമില്ല'
(പ്രദോഷമാഹാത്മ്യം തുള്ളൽ)

അത്താറ്-മുളകൊണ്ടുള്ള ഒരുവിധം പായു്.

അത്തി-പ്ര ഒരു വൃക്ഷം.

'ഉദുംബരോജന്തുഫലോ
യജ്ഞാംഗോഹേമദുഗ്ദ്ധകഃ'

[ഉദുംബരം (ഉഡുംബരം), ജന്തുഫലം, യജ്ഞാംഗം, ഹേമദുഗ്ദ്ധകം ഇ-ം അത്തിയുടെ പേർ. അത്തിക്കാക്കു് സംസ്കൃതത്തിൽ 'പ്ലാക്ഷം' എന്നപേർ കാണുന്നു.]

ഉ. അമ്പ്. (പ-മ)

അത്തി-നാടനും ശീമയുമുണ്ടു്. 'കടകളിൽ വാങ്ങാൻ കിട്ടുന്നതു ശീമഅത്തിപ്പഴമാണു്. നാടൻഅത്തിയുടെ പഴം ഭക്ഷണയോഗ്യമല്ല.

അത്തിക, അത്ത-ജ്യേഷ്ഠത്തി, മാതൃതുല്യ. എപ്പോഴും തന്റെ (അനുജത്തിയുടെ) സമീപത്തിരിക്കുന്നവൾ എന്നു താല്പര്യം 'അന്തിക' എന്നുമാകാം. അത്തികഎന്ന ശബ്ദത്തിനു സോദരന്റെ മാഹാത്മ്യവാക്കുകൾകൊണ്ടു ഹിംസിക്കുന്നവൾ എന്നും വ്യുൽപത്തി കാണുന്നു. (നാടകത്തിൽ പ്രയോഗം).

അത്തിത്തിപ്പലി-ഒരങ്ങാടിമരുന്ന്.

'.................. ....കരിപിപ്പലീ
കപിവല്ലീ കോലവല്ലീ
ശ്രേയസീ വശിരഃ പുമാൻ'

[കരിപിപ്പലി, കപിവല്ലി, കോലവല്ലി, ശ്രേയസി, വശിരം ഇ-ം അത്തിത്തിപ്പലിയുടെ പേർ. ഇതിനു സംസ്കൃതത്തിൽ 'ഹസ്തിപിപ്പലി' എന്നും തമിഴിൽ യാനൈത്തിപ്പലി എന്നും പറയുന്നു ഇതിന്റെ ഗുണം സാധാരണ തിപ്പലിക്കുള്ളതുതന്നെ. മുലപ്പാലിനെ വർദ്ധിപ്പിക്കുക ദേഹത്തിനു നിറം ഉണ്ടാക്കുക ഇവ രണ്ടും വിശേഷാൽഉള്ള ഗുണങ്ങളാകുന്നു]

അത്തിയാൽ-അത്തിവൃക്ഷം (അത്തിഎന്ന ശബ്ദം നോക്കുക).

അത്തു-ഇഞ്ച, ഈഞ്ച (ഈഞ്ഞ. തെക്കൻദിക്കുകളിൽ ഇഞ്ച (ഈഞ്ഞ) എന്നേ പറയാറുള്ളു.

അത്ഭുതം-പ്ര. ആശ്ചര്യം. ഉ. നവരസങ്ങളിൽ ഒന്ന്. 'അലൌകികവസ്തുദർശനജന്യമായആശ്ചര്യമെന്നത്രേഅത്ഭുതം' എന്ന് അലങ്കാരങ്ങളിൽ (ഭാഷാഭൂഷണത്തിൽ) പറയുന്നു. (അത്=ആശ്ചര്യം) ആശ്ചര്യ കാരിയായുണ്ടാകുന്നത് എന്നു വ്യുൽപത്തി.

'വിസ്മയോത്ഭുതമാശ്ചര്യം ചിത്രം....'
(അമരം)

[വിസ്മയം അത്ഭുതം ആശ്ചര്യം ചിത്രം 4-ം അത്ഭുതത്തിന്റെ പേർ]

അത്ഭുതൻ- ഒന്നാമത്തെ മന്വന്തരത്തിലെ ഇന്ദ്രന്റെ പേർ.

അത്യഗ്നി- (അതി + അഗ്നി = അത്യഗ്നി). പ്ര. അഗ്നിയെക്കാൾ അധികമായത് ഉ. കഠിനമായ ദഹനം.

അത്യധികം-വളരെ അധികം. (അതി + അധികം = അത്യധികം). അതിരിക്തം എന്ന ശബ്ദം നോക്കുക.

അത്യന്തശോണിതം-പൊൻകാവി.

അത്യല്പം-വളരെകുറച്ച്; ഏററവുംഅല്പം (അതി + അല്പം = അത്യല്പം).

'അത്യല്പേല്പിഷ്ഠമല്പീയഃകനീയോണീയ
(അമരം) [ഇത്യപി'

[അത്യല്പം അല്പിഷ്ഠം അല്പീയസ്സ് കനീയസ്സ് അണീയസ്സ് ഇ-ം അത്യല്പത്തിന്റെ പേർ.]

അത്യനർത്ഥം-വലുതായ അപകടം.

അത്യന്ത-വി. ഏററവും അധികമായ.

അത്യന്തം-അ. ഏററവും, നല്ലവണ്ണം.

അത്യന്തകോപന-വി. വളരെ കോപശീലമുള്ള.

'ചണ്ഡസ്ത്വത്യന്തകോപനഃ' (അമരം)

[ചണ്ഡൻ അത്യന്തകോപനൻ 2-ം അതികോപശീലന്റെ പേർ.]

അത്യന്തഗാമി-വി. വേഗം നടക്കുന്ന (ഗമിക്കുന്ന).

അത്യന്താതിശയോക്തി-ഒരു അലങ്കാരം.

'ഹേതുവിൻമുന്നേകാര്യ
മത്യന്താതിശയോക്തിയാം
മാനംപോയ്മുന്നമേകാന്തൻ
പിന്നത്താൻസാന്ത്വമോതിനാൻ'
(ഭാഷാഭൂഷണം)

അത്യന്തി-അന്തിഷ്ഠമുള്ളവൻ.

അത്യന്തിക-വി. പ്ര. വളരെ അടുത്ത. ഉ. വളരെ ദൂരംപോകുന്ന, വളരെവേഗംപോകുന്ന.

അത്യന്തികം-പു. വളരെ സമീപം. ൧. അന്തികത്തെ അതിക്രമിച്ചതു്.

അത്യന്തീനൻ-പു. വളരെദൂരം നടക്കുന്നവൻ, വേഗം നടക്കുന്നവൻ.

'കാമംഗാമ്യനുകാമീനോഽത്യന്തീനസ്തഥാഭൃശം' (അമരം) [ഭൃശം'

[യുദ്ധാദികളിൽ വീണ്ടുംവീണ്ടും ഗമിക്കുന്നവൻ അത്യന്തീനൻ ]

അത്യമ്ലപർണ്ണി-കാട്ടുമാതളനാരകം.

അത്യമ്ല-വി. വളരെ പുളിപ്പുള്ള.

അത്യമ്ല-കാട്ടുമാതളനാരകം.

അത്യമ്ലം-പു. മരപ്പുളി. ൧. കാട്ടുമാതളനാരകം. ൨. കോൽപുളി.

അത്യയം-പു. മരണം. മടങ്ങിവരാത്തഗമനം എന്നു വ്യുൽപത്തി. ൧. നാശം, അവസാനം.

'അത്യയോതിക്രമേകൃച്ഛ്റേ
ദോഷേദണ്ഡേപ്യഥാപദി'
(അമരം)

[അത്യയം എന്നാൽ അതിക്രമിച്ചു ഗമിക്കുക അത്യയം എന്നതു് അതിക്രമം ദുഃഖം ദോഷം ദണ്ഡം ഇവയുടെ പേർ എന്നു് നാനാർത്ഥവർഗ്ഗം.]

അത്യർക്കം-പു. മന്ദാരം. ൧. വെള്ളെരുക്കു്.

അത്യർത്ഥം-ഏററവും. അർത്ഥത്തെ (വിഷയത്തെ) കടന്നിരിക്കുന്നതു് എന്നു വ്യുൽപത്തി. പര്യായങ്ങൾക്കു് അതിമാത്രം എന്ന ശബ്ദം നോക്കുക.

അത്യഷ്ടിക്കു്-ഛന്ദസ്സുകളിൽഒന്നു്. പാദത്തിൽ ൧൭ അക്ഷരം വീതം കാണും.

അത്യാകാര -പു. നിന്ദ. ൧. ദൂഷണം. ൨. അപമാനം, ആക്ഷേപം.

അത്യാക്രമിക്കുക-എതിർക്കുക. (സമീപത്തുവരിക എന്ന അർത്ഥവും കാണുന്നു).

അത്യാദരക്ഷേപം-പു. വലിയ അസഭ്യം. ൧. വലിയ കററം. ൨. വലിയ ശോധന. ൩. വലിയ വിരോധം. ൪. വലിയ ചോദ്യം.

അത്യാഗ്രഹം-അധികമായ ആഗ്രഹം, അധികമായ ഇച്ഛ (മോഹം).

'ലാലസാംദ്ധായോഃ' (അമരം)

[ലാലസ എന്നാൽ അധികമായ ആഗ്രഹം എന്നർത്ഥം. ലാലസം എന്നും പറയാം.]

അത്യാചാരം-പൂർവികമര്യാദയ്ക്കു വിപരീതമായ പ്രവൃത്തി.

അത്യാദിത്യം-ആദിത്യനേക്കാൾ ശോഭയുള്ളതു്.

അത്യാനന്ദ- രതിയിൽ ആസക്തിയില്ലായ്മ.

അത്യാനന്ദം-അതിസന്തോഷം.

അത്യാപത്തു്-വലിയഅപകടം.

അത്യായം-പു. അതിക്രമം, ലംഘനം, കററം, ദോഷം. ൧. അധികലാഭം. ൨. വലിയലാഭം.

അത്യായത-വി. അധികം നീണ്ട.

അത്യായു-യാഗത്തിനുള്ളഒരുവകപാത്രം

അത്യാരൂഢൻ-പു. അധികം വളൎന്നവൻ. ൧. ഉയൎന്ന സ്ഥിതിയിലുള്ളവൻ.

അത്യാവശ്യം-വളരെ കൂടിയേതീരു എന്നുള്ള സ്ഥിതി.

അത്യാശ-അധികമായ ആഗ്രഹം.

'ലോലുപലോലുഭൌ' (അമരം.)

[ലോലുപൻ ലോലുഭൻ ൨-ം അത്യാശയുള്ളവന്റെ പേർ.]

അത്യാസക്തി-അധികമായ ആഗ്രഹം.

അത്യാസന്ന-വി. വളരെസമീപമായ.

അത്യാഹിതം-പു. അതികലശലായ ഭയം. അതീവാധീയതേസ്മമനസി (മനസ്സിൽ ഏററവും പതിയുന്നതു്) എന്നു വ്യുൽപത്തി. ൧. ജീവനിൽ കൊതിയില്ലാതെ ചെയ്യുന്ന സാഹസകർമ്മം ൨. വലിയ ആപത്തു്.

അത്യുക്ത-ഒരു ഛന്ദസ്സ്. ഒരുപാദത്തിൽ രണ്ടു് അക്ഷരം വീതം കാണും.

**അത്യുക്തി**-യഥാർത്ഥത്തെ അധികമാക്കിപ്പറക, കടന്ന സംസാരം, അസാധാരണ വചനം.

**അത്യുഗ്ര**-പ്ര. വളരെ ഭയങ്കരമായ. ഉ. വളരെ കഠിനമായ.

**അത്യുഗ്രം**-പെരുംകായം.

**അത്യുഗ്രഗന്ധം**-പ്ര. അയമോദകം. ഉ. കരുത്ത മലയമുക്കി.

**അത്യുച്ച**-വി. പ്ര. വളരെ ഉയൎന്ന. ഉ. വളരെ ഉറക്കെയുള്ള.

'അത്യുച്ചൈരഥപത്മനാഭഗിരിജം
പാദ്യോസ്സദൈവോച്ചരൻ'
(സിംഹധ്വജചരിതം കഥകളി)

**അത്യുത്സാഹം**-അധികമായ ജാഗ്രത.

**അത്യുത്സാഹി**-അത്യുത്സാഹം ചെയ്യുന്നവൻ.

'മഹോത്സാഹോമഹോദ്യമഃ' (അമരം)

[മഹോത്സാഹൻ, മഹോദ്യമൻ ഉ-ം വലുതായ ഉത്സാഹത്തോടുകൂടിയ സാധിക്കാൻ പ്രയാസമുള്ള കാര്യംകൂടി സാധിപ്പാനായി ഉത്സാഹം ചെയ്യുന്നവന്റെ പേർ].

**അത്യുന്നതം**-വി. അധികം ഉയൎന്ന.

**അത്യുത്തമം**-ഏററവും ശ്രേഷ്ഠം.

**അത്യുപധൻ**-ധൎമ്മാദിപരിചയംകൊണ്ടു പരിശുദ്ധനായ മന്ത്രി.

**അത്യുഷ്ണം**-അധികമായ ചൂടോടുകൂടിയതു്.

'തിഗ്മംതീക്ഷ്ണംഖരം' (അമരം)

[തിഗ്മം, തീക്ഷ്ണം, ഖരം ന-ം അത്യുഷ്ണത്തിന്റെ പേർ]

**അത്യൂഹം**-പ്ര. അന്യവിചാരത്തോടു കൂടാത്ത ധ്യാനം, ചിന്ത. ഉ. നീൎക്കാക്ക.

**അത്യൂഹ**-അമരി.

**അത്ര**-അ. ഇവിടെ.

'വൃത്രവൈരിസുതനാംനിന്നുടെ
വീൎയ്യമത്രകാണലാമെടോ'
(സുഭദ്രാഹരണം കഥകളി)

**അത്ര**-വി. വളരെ.

'അത്രമേലിദ്ദയയുള്ളവനിന്നക-
ളത്രംവച്ചുപുലൎത്താൻമോഹം'
(പ്രദോഷമാഹാത്മ്യം തുള്ളൽ)

**അത്രത്തോളം, അത്രോളം**-പ്ര. അത്രമാത്രം. ഉ. അതുവരെ.

**അത്രമാത്രം**-അത്രത്തോളം.

**അത്രമേചകം**-കാരപ്പു്.

**അത്രയ്യം**-മുഴവനും.

അത്രയ്യം > < ഇത്രയ്യം.

**അത്രാന്തരെ**-അ. ആ സമയത്തിങ്കൽ.

'അത്രാന്തരേതത്രസമീപവാസീ
സത്രാജിദാഖ്യൻഖിലയാദവേന്ദ്രൻ'
(ശ്രീകൃഷ്ണചരിതം)

**അത്രി**-ഒരു മഹർഷി.

ദക്ഷന്റെ മകളായ അനസൂയ സ്വായംഭുവ വൈവസ്വതമന്വന്തരങ്ങളിൽ ഇദ്ദേഹത്തിന്റെ ഭാൎയ്യയായിരുന്നു. ഈ അനസൂയയിൽ സ്വായംഭുവ മന്വന്തരത്തിൽ 'ദത്തൻ' ദുൎവ്വാസസ്സ്, 'സോമൻ' ഇങ്ങിനെ മൂന്നു പുത്രന്മാർ ജനിച്ചു. പിന്നത്തേതിൽ അൎയ്യമൻ എന്ന ഒരു പുത്രനും അമല എന്ന ഒരു പുത്രിയുമുണ്ടായി. അത്രിയുടെ ആശ്രമം ചിത്രകൂടത്തിന്ന തെക്കുഭാഗത്താണ്. ശ്രീരാമനും സീതയും ഇദ്ദേഹത്തെ അവിടെച്ചെന്നു കാണുകയും യഥാമതി അദ്ദേഹം സല്ക്കരിക്കയും ചെയ്തിട്ടുണ്ടു്. ഇദ്ദേഹം തപസ്സു ചെയ്തുകൊണ്ടിരിക്കുമ്പോൾ കണ്ണിൽനിന്നു ചന്ദ്രനുണ്ടായി. അത്രിമുനി ബ്രഹ്മാവിന്റെ മാനസപുത്രനെന്നും പത്തു പ്രജാപതികളിൽ ഒരുവനെന്നും ബ്രഹ്മാവിന്റെ കണ്ണിൽനിന്നു ജനിച്ചവനെന്നും അഗ്നിജ്വാലയിൽ നിന്നുത്ഭവിച്ചവനെന്നും മററും പലവിധം കാണുന്നുണ്ട്. ഇദ്ദേഹം സപ്തൎഷികളിൽ ഒരുവനാകുന്നു.

**അത്രേ**-തന്നെ.

**അത്രിജൻ**-ചന്ദ്രൻ.

**അത്രിതനയൻ**- ഭൂ. ദുർവ്വാസസ്സ്. വ. ചന്ദ്രൻ.

**അത്രിനേത്രപ്രസൂതം**-കർപ്പൂരം.

**അത്രിനേത്രപ്രസൂതൻ**-ചന്ദ്രൻ

**അത്രേടം**-അതുവരെ (അത്ര + ഇടം = അത്രേടം). അത്രോടം എന്നും പറയുന്നുണ്ട്, അതു നന്നല്ല.

**അഥ**-അനന്തരം, പിന്നീട്, എന്നിട്ട്, അഥ, അഥോ വ-ം, പക്ഷാന്തരത്തേയും മംഗളാർത്ഥത്തേയും സൂചിപ്പിക്കുന്ന അവ്യയങ്ങളാകുന്നു.

'അഥധ്യായൻ ജായാംകതിപയദിനൈഃ'
(നളചരിതം കഥകളി)

'അഥ' എന്നതിനെ ശുഭസൂചകമായി വിചാരിപ്പാൻ കാരണം ബ്രഹ്മാവിന്റെ കണ്ഠം ഭേദിച്ചുവന്നതാകുന്നു.

'ഓങ്കാരശ്ചാഥശബ്ദശ്ച
ദ്വാവേതൌ ബ്രഹ്മണഃപുരാ
കണ്ഠം ഭിത്വാ വിനിര്യാതൌ
തേനമാംഗലികാവുഭൌ'

**അഥവാ**-മറ്റൊരു പ്രകാരം.

**അഥർവൻ**-ഋഗ്വേദത്തിൽ ഒരാചാര്യൻ. അഥർവവേദത്തിന്റെ കർത്താവാണ്. ഒരു പ്രജാപതിയാകുന്നു. ബ്രഹ്മാവിന്റെ വായിൽ നിന്നുണ്ടായ മൂത്ത പുത്രനാണെന്നു പറഞ്ഞുകാണുന്നു.

ഇദ്ദേഹത്തിനു 'ശാന്തി' എന്നും 'ചിത്തി' എന്നും രണ്ടു ഭാര്യമാരുണ്ടായിരുന്നു. ശാന്തി കർദ്ദമപ്രജാപതിയുടെ പുത്രിയാണ്. തീ ആദ്യം സ്വർഗ്ഗത്തിൽനിന്നു ഭൂമിയിൽ കൊണ്ടുവന്നതു ഇദ്ദേഹമാകുന്നു. ബ്രഹ്മാവിൽ നിന്നാണ് അഥർവൻ ബ്രഹ്മവിദ്യ അഭ്യസിച്ചിട്ടുള്ളതു.

**അഥർവ്വം**-നാലാമത്തെ വേദം. ഇതിൽ പ്രാർത്ഥനകളും അഭിചാരമന്ത്രങ്ങളും മറ്റും കൂടി അടങ്ങീട്ടുണ്ട്.

**അഥർവാംഗിരസർ**-അഥർവന്റേയും അംഗിരസ്സിന്റേയും സന്തതി.

**അഥാപി**-അ. എന്നിട്ടും.

**അഥോ**-അ. പിന്നീട്. (അഥശബ്ദം നോക്കുക).

**അദഗ്ധ**-വി. ദഹിപ്പിക്കപ്പെടാത്ത.

**അദണ്ഡ്യൻ**-ശിക്ഷിക്കപ്പെടുവാൻ യോഗ്യനല്ലാത്തവൻ.

**അദത്ത്**-വി. പല്ലില്ലാത്ത.

**അദനം**-ഭക്ഷിക്കുക.

**അദന്ത**-വി. ദന്തം (പല്ല്) ഇല്ലാത്ത.

**അദന്തൻ**-ആദിത്യന്മാരിൽ ഒരുവനായ പൂഷാവിന്റെ പേർ. ദക്ഷയാഗത്തിൽ പല്ലുപോയതിനാൽ ഈ പേർ വന്നു.

**അദല**-വി. ഇലയില്ലാത്ത, ഇതളില്ലാത്ത.

**അദല**-കറവാഴ.

**അദലം**-നീർക്കടമ്പ്.

**അദഭ്ര**-വി. അല്പമല്ലാത്ത, ഏറവും, പെരുകിയ.

**അദംഭ**-വി. ചതിവില്ലാത്ത, ഡംഭമില്ലാത്ത, യോഗ്യതയുള്ള.

**അദംഭൻ**-ശിവൻ

**അദർശനം**-കാണാതാവുക, നശിക്കുക ദർശനത്തിന്റെ അഭാവം എന്നു വ്യുൽപത്തി.

**അദായ**-വി. പങ്കിനവകാശമില്ലാത്ത.

**അദാലത്ത്**-ദ്രവ്യസംബന്ധമായ വ്യവഹാരം. (സിവിൽകോടതി, നീതിന്യായക്കോടതി).

**അദാഭ്യ**-വി. ഭൂ. നമ്പിയുള്ള, വിശ്വാസമുള്ള. വ. ഉപദ്രവപ്പെടാത്ത, ദോഷം ഭവിക്കാത്ത. ന. നിർമ്മലമായ. (വേദത്തിലെ പ്രയോഗമുള്ള).

**അദിക്കുക**-ഭക്ഷിക്കുക.

**അദിതി**-ദേവമാതാവ്.

അദിതി, ഋഗ്വേദത്തിൽ ദക്ഷന്റെ അമ്മ എന്നും പുത്രിയെന്നും, യജുർവ്വേദത്തിൽ വിഷ്ണുവിന്റെ ഭാര്യയെന്നും മഹാഭാരതം രാമായണം മുതലായവയിൽ

വിഷ്ണുവിന്റെ മഹാത്മാവനും, വിഷ്ണുപുരാണം അനുസരിച്ചു കശ്യപന്റെ ഭാര്യയെന്നും, ദക്ഷന്റെ മകളെന്നും, വാമനാവതാരത്തിൽ ഇന്ദ്രന്റെയും വിഷ്ണുവിന്റെയും അമ്മയെന്നും മററും കാണുന്നു. അദിതി ആകാശത്തിന്റെ രക്ഷാകർത്രിയും ഭൂമിയെ ആദരിക്കുന്ന മഹതിയും ഭൂമിയുടെ ഭരണകർത്രിയും ആണെന്നു വേദ ഒരു ഭാഗം വിവരിക്കുന്നു. കൃഷ്ണന്റെ അമ്മയായ ദേവകി അദിതിയുടെ അവതാരമാകുന്നു. ഇന്ദ്രൻ അദിതിക്കു രണ്ടു കുണ്ഡലങ്ങൾ സമ്മാനിച്ചു. ഇവ പാലാഴിമഥനത്തിൽകിട്ടിയതാണ്. നരകാസുരൻ അവയെ മോഷണം ചെയ്തു. അനന്തരം കൃഷ്ണൻ ആ വിവരം അറിഞ്ഞു നരകാസുരനെകൊന്നു കുണ്ഡലങ്ങൾ തിരിയെ എടുത്തുകൊടുത്തു. അദിതി എന്നതിന്റെ അർത്ഥം 'അഖണ്ഡമായും അനവച്ഛിന്നമായും ശാശ്വതമായും ഇരിക്കുന്ന വസ്തു എന്നാകുന്നു. ഭൂമിയേയും മേഘമണ്ഡലത്തെയും ആകാശത്തെയും അതിക്രമിച്ച് ആദിയും അവസാനവുമില്ലാതെ വാചാമഗോചരമായിരിക്കുന്നവസ്തുവിങ്കൽ മനുഷ്യനാൽ സൂക്ഷ്മത്തിങ്കൽ ഒന്നാമതായി ആരോപിക്കപ്പെട്ട വാക്ക് ഇതുതന്നെ ആയിരിക്കണം' എന്നു പ്രാചീനാർത്ഥാവത്താ പറയുന്നു.

**അദിതിനന്ദനന്മാർ**-അദിതിയുടെ നന്ദന (പുത്ര) ന്മാർ. ദൈത്യമാതാവായ ദിതിയുടെ പുത്രന്മാരെ വധിക്കകൊണ്ടു അവർക്കു സന്തോഷത്തെ നൽകാത്തവർ (വ്യസനത്തെ നൽകുന്നവർ).

**അദീർഘൻ** - ദേവവരിൽ (ശരവേദിൽ), ദേവൻ.

**അദൂരം** സമീപം.

**അദൂരവർത്തി**-സമീപത്തു അധിവസിക്കുന്നവൻ.

**അദൃക്ക്**-ദൃക്ക് (കണ്ണ്) ഇല്ലാത്തവൻ, കുരുടൻ.

**അദൃശ്യ**-വി. കാണാൻ വയ്യാത്ത, കാണരുതാത്ത.

**അദൃശ്യന്തി**-ശക്തിയുടെ ഭാര്യ.

**അദൃഷ്ട**-വി. ദൃഷ്ടം (കാണപ്പെട്ടതു്) അല്ലാത്ത, കാണപ്പെടാത്ത.

**അദൃഷ്ടചരൻ**-കാണപ്പെട്ടിട്ടില്ലാത്തവൻ.

**അദൃഷ്ടം**-ന. കാണപ്പെടാത്തതു്. ഉ. എപ്പോഴാണു തീയ്, വെള്ളം മുതലായവയിൽ നിന്നു പൊട്ടുന്നവ ഉണ്ടാകുന്ന ഭയം വന്നുചേരുന്നതെന്നു മുൻകൂട്ടി അറിയാൻ നിവൃത്തിയില്ലാത്തതു്. ന. പ പം. ര്. ഭാഗ്യക്കേട്.

**അദൃഷ്ടി**-കോപാവേശം ഹേതുവായിട്ടുള്ള ക്രൂരമായ ദൃഷ്ടി (നോട്ടം). അദൃഷ്ടി-വിപരീതമായ ദൃഷ്ടി എന്നു വ്യുൽപത്തി.

**അദേയം**-കൊടുത്തുകളയാൻ പാടില്ലാത്തതു്. (ഭാര്യ, പുത്രൻ മുതലായവർ).

'അന്വാഹിതംയാചിതക
മാധി സാധാരണംചയൽ
നിക്ഷേപഃപുത്രദാരാംശ്ച
സർവ്വസ്വംചാന്വയേസതി
ആപൽസ്വപിചകഷ്ടാസു
വർത്തമാനേനദേഹിനാ
അദേയാന്യാഹുരാചാര്യാ-
യച്ചാന്യസ്മൈപ്രതിശ്രുതം'

**അദേയദാനം**-ന്യായമല്ലാത്തദാനം.

**അദേശം**-ന. തെററിയ സ്ഥലം; ഉറപ്പില്ലാത്ത സ്ഥലം. ദേവന്റെ ശരിയായ സ്ഥലം അല്ലാത്തതു്. ഉ. ഗുണമില്ലാത്ത രാജ്യം.

**അദോഷം**- ന്യൂനതയില്ലാത്തതു്, കുററം ഇല്ലാത്തതു്.

**അദ്ധാ**-അ. ന. സത്യമായിട്ടു, പരമാർത്ഥമായിട്ടു.

'അദ്ധാതമാമേഷമദീയസമാനം
ബദ്ധാഞ്ജലിംമൗലിമവാപ്യ'
(നിവാതകവചവധം കഥകളി)

ദ്. ൨. ഒരു, പ്രത്യക്ഷമായിട്ട്. ൩. വെണ്ണതുപോലെ.

അഘോരഥൻ-തേരിൽ ഏകനായി സ്ഥിതിചെയ്തു സാരഥ്യകർമ്മം വഹിച്ചുംകൊണ്ടു വളരെ വില്ലാളികളോടു യുദ്ധംചെയ്വാൻ സമർത്ഥൻ.

അദ്മരൻ-ഭക്ഷണം പ്രധാനമായിട്ടുള്ളവൻ, അതിഭക്ഷണക്കാരൻ. അദിക്കുന്നവൻ (ഭക്ഷിക്കുന്നവൻ) എന്നു വ്യുൽപത്തി.

അദ്യ-അ. ൧. ഇന്ന്. ൨. ഇപ്പോൾ.

അദ്യാപി-അ. ൧. ഇന്നും ൨. ഇപ്പോഴും (അദ്യ+അപി=അദ്യാപി.)

അദ്യതനം-ഇന്നുള്ളത്, ഇപ്പോഴുള്ളത്.

അദ്യം-ഭക്ഷിക്കത്തക്കത്, ഭക്ഷണം.

അദ്യൈവ-അ. ൧. ഇന്നുതന്നെ. ൨. ഇപ്പോൾതന്നെ. (അദ്യ+ഏവ=അദ്യൈവ.)

അദ്രി-൧. പർവ്വതം, ഫലമൂലാദികൾ ഭക്ഷിപ്പാൻ കിട്ടുന്നേടം. ൨. വൃക്ഷം. ൩. ആദിത്യൻ ൪. ഇടിവാൾ. ൫. കല്ല്. ൬. മേഘക്കൂട്ടം. ൭. ഒരളവ്. വ്യ. ഏഴ് എന്നക്കം.

അദ്രികന്നി-മലയമക്കി.

അദ്രികന്യ-പാർവ്വതി. പർവ്വതത്തിന്റെ പുത്രി. പർവ്വതത്തിന്റെ പര്യായങ്ങളോടു പുത്രി എന്നർത്ഥംവരുന്ന പദംചേർത്താൽ പാർവ്വതി എന്നർത്ഥംവരും.

അദ്രിക-ഒരപ്സരസ്ത്രീ.
കാളിന്ദിയിൽ മത്സ്യമായിട്ടു കിടന്നു. ഇവളുടെ മകൾ കാളി(വേദവ്യാസന്റെ അമ്മ)

അദ്രികുക്ഷി-മലയിലെ ഗുഹ.

അദ്രിജ-വി. പർവ്വതത്തിൽനിന്നുണ്ടായ.

അദ്രിജ-൧. പാർവ്വതി. (അദ്രികന്യ നോക്കുക.) ൨. മലത്തിപ്പലി. പൃക്കാവി എന്നും കാണുന്നുണ്ട്.

അദ്രിജം-൧. കന്മദം. ൨. തുമ്പൂണി. കാവിമണ്ണെന്നും കാണുന്നു.

അദ്രികീല-ഭൂമി.

അദ്രികീലം-ഒരു പർവ്വതം.

അദ്രിജതു-കന്മദം.

അദ്രിപതി-൧. ശിവൻ. ൨. ഹിമാലയപർവ്വതം.

അദ്രിരാജൻ-പർവ്വതങ്ങളുടെ രാജാവ്, ഹിമവാൻ.

'ഹിമാലയോനാമനഗാധിരാജഃ'
(കുമാരസംഭവം)

അദ്രിശൃംഗം-കൊടുമുടി.

അദ്രിസരിത്ത്-മലയിൽനിന്നു പുറപ്പെടുന്ന നദി.

അദ്രിസാരം-ഇരുമ്പ്.

അദ്രുതം-അ. പതുക്കെ.

അദ്രുമം-പവിഴം.

അദ്രോണി-അമരി. (പര്യായങ്ങൾ അമരി എന്ന ശബ്ദം നോക്കുക) തൊടത്തക്കതല്ലാത്തതിനാൽ സജ്ജനങ്ങൾ ഇതിനടുത്തുചെല്ലുന്നില്ല, അതുകൊണ്ട് ഈ പേർവന്നു.

[സ്മൃതികാരന്മാർ അസ്പൃശ്യങ്ങളുടെകൂട്ടത്തിൽ അമരിയെക്കൂടി ചേർത്തുകാണുന്നില്ലാത്തതിനാൽ ദ്രോണി എന്നപാഠം നന്ന്. ദ്രോണിഎന്നാൽ രോഗത്തെ പിൻതുടരുന്നത് എന്നു ശബ്ദാർത്ഥം. അമരത്തിൽ താഴെ പറയുംപ്രകാരം കാണുന്നു.] [നീലിനീ'
'രഞ്ജനീശ്രീഫലീതുത്ഥാദ്രോണീദോലാച
[ഇവിടെ ദ്രോണി എന്നും അദ്രോണി എന്നും പദച്ഛേദംചെയ്യാനും എളുപ്പമുണ്ടല്ലോ.]

അദ്വയം-വി. ദ്വയം (ഇരട്ട, രണ്ട്) അല്ലാത്ത, ഒന്നായ.

അദ്വയം-നിശ്ചയം.

അദ്വയവാദി-൧. സർവ്വജ്ഞൻ ൨. ബു

ഷ്മഹർഷി. സ. ബ്രഹ്മമക്കാരിൽ ഒരുവൻ, ജീവാത്മാവും പരമാത്മാവും ഒന്നെന്നു പറയുന്നവൻ.

അദ്വയൻ-രണ്ടല്ലാത്തവൻ.

അദ്വിതീയ-വി. രണ്ടല്ലാത്ത.

അദ്വിതീയൻ-ദ്വിതീയൻ (രണ്ടാമൻ) അല്ലാത്തവൻ, ഒന്നാമത്തവൻ.

അദ്വിതീയം-ബ്രഹ്മം.

അദ്വൈതം-ഏകമായ പരബ്രഹ്മം, പരമാത്മാവും ജീവാത്മാവും അഭേദം എന്നുള്ള മതം.

അദ്വൈതക്കാരൻ-പു. ശങ്കരിപൂജക്കാരൻ. ഉ. പരമാത്മാവും ജീവാത്മാവും ഒന്നുതന്നെ എന്നുള്ളവൻ.

അധന്യൻ-ധന്യനല്ലാത്തവൻ, സുകൃതമില്ലാത്തവൻ, ഭാഗ്യമില്ലാത്തവൻ.

അധമ-വി. നിന്ദിക്കപ്പെട്ട, കീഴ്ത്തരമായ.

'നികൃഷ്ടപ്രതികൃഷ്ടാർവരേഫയാപ്യാവമാധമാഃ
കുപൂയകുത്സിതാവദ്യഖേടഗർഹ്യാണകാഃ-
[സമാഃ

[നികൃഷ്ടം, പ്രതികൃഷ്ടം, അർവ്, രേഫം യാപ്യം, അവമം, അധമം, കുപൂയം, കുത്സിതം, അവദ്യം, ഖേടം, ഗർഹ്യം, അണകം ഇവ പന്ത്രണ്ടും ജാത്യാചാരകുലാദികളെക്കൊണ്ടു നിന്ദിക്കപ്പെട്ടതിന്റെ പേർ 'അമരമന്യൂനകുത്സിതൌ' എന്നനുസരിച്ചു ന്യൂനമായിട്ടുള്ളതിന്റെയും നിന്ദ്യമായിട്ടുള്ളതിന്റെയും പേർ എന്നു നാനാർത്ഥം. അധമം > < ഉത്തമം.]

അധമഭൃത(ക)ൻ-ചുമട്ടുകാരൻ. താണതരത്തിലുള്ള ഒരു വേലക്കാരൻ. മൂന്നുവിധമുള്ള വേലക്കാരിൽ ഒരുവൻ.

'ഉത്തമസ്ത്വായുധീയോത്ര
മധ്യമസ്തു കൃഷീവലഃ
അധമോ ഭാരവാഹീസ്യാ
ദിത്യേവം ത്രിവിധോ ഭടഃ'

അധമർണ്ണൻ-കടം വാങ്ങുന്നവൻ, അധമമായ ഋണത്തോടുകൂടിയവൻ എന്നു വ്യുൽപത്തി.

അധര-വി. താഴത്തെ, കീഴുള്ള.

അധരകണ്ഠിക-ശതാവരി.

അധരകണ്ഠം-കഴുത്തിന്റെ കീഴ്ഭാഗം.

അധരകായം-ശരീരത്തിന്റെ കീഴ്ഭാഗം.

അധരൻ-അധമൻ.

അധരപാനം-പു. അധരത്തെ ആസ്വദിക്കുക. ഉ. ചുംബനം.

അധരം-പു. ചുണ്ട്. (താഴെയും മേലെയുമുള്ള രണ്ടു ചുണ്ടിനും പറയാം). സ്ഥിരമായി നില്ക്കാത്തത് എന്നു വ്യുൽപത്തി.

പശ്ചിമയങ്ങൾക്ക ചുണ്ട് എന്ന ശബ്ദം നോക്കുക ഓഷ്ഠം എന്നതു മുകളിലത്തെ ചുണ്ടെന്നും അധരം എന്നതു താഴത്തെ ചുണ്ടെന്നും അഭിപ്രായം കാണുന്നുണ്ട്. ഇതു ശരിയല്ല. താഴെയും മേലെയുമുള്ള ചുണ്ടിനു അധരം എന്നുപറയാം. ഓഷ്ഠം എന്നുംപറയാം. ഓഷ്ഠം മേലെ ചുണ്ടെന്നു സ്ഥാപിക്കുന്നപക്ഷം 'ബിംബോഷ്ഠീ' എന്നുള്ളേടത്തു മേലെ ചുണ്ടുമാത്രം ബിംബതുല്യമെന്നുള്ള അർത്ഥം വരുന്നു. ഇതു തീരെ യോജിക്കുന്നതല്ല.

ഉ. താഴെയുള്ള വസ്തു, (കീഴെ ഇരിക്കുന്ന വസ്തു). ധരിക്കാത്തതു് എന്നു വ്യുൽപത്തി

അധരമധു, അധരാമൃതം- ചുണ്ടിലെ സുധ (പീയൂഷം).

അധരാംബരം-അധര (താഴത്തെ) അംബരം (വസ്ത്രം), ഉടുത്തിട്ടുള്ള വസ്ത്രം

'സുവർണ്ണസൂത്രാകലിതാധരാംബരം'
(മാഘം)

അധരിത-താഴ്ത്തിയ, കീഴാക്കപ്പെട്ട.

'മധുരിമകൊണ്ടുതന്നെയധരിതമധുരാ-
മധരസുധാരസമേകചള്ളുംവൃന്ദൻ'
(ഭാഷാനൈഷധചമ്പു)

അധരീണ-വി. അധിക്ഷേപിക്കപ്പെട്ട, കുറപ്പെടുത്തപ്പെട്ട.

**അധരേദ്യുഃ**-അ. താഴെ ദിവസത്തിൽ, ഇന്നലെ.

**അധരോത്തരം**-കീഴ്മേൽ.

**അധൎമ്മ**-വി. ൧. ധൎമ്മം(പുണ്യം)ഇല്ലാത്ത. ൨. ചെയ്യേണ്ടതിതു എന്നുള്ള മുറ ഇല്ലാത്ത ൩. വേദത്താൽ വിധിക്കപ്പെട്ട യാഗാദികൎമ്മങ്ങൾ ഇല്ലാത്ത.

**അധൎമ്മദണ്ഡനം** - ന്യായരഹിതമായ ശിക്ഷ.

**അധൎമ്മിഷ്ഠൻ**-പുണ്യമില്ലാത്തവൻ, ചെയ്യേണ്ടതിതു എന്നുള്ള മുറ ഇല്ലാത്തവൻ, ദുൎമ്മാൎഗ്ഗമുള്ളവൻ.

**അധൎമ്മ്യ**-വി. പാപമുള്ള, ദുഷ്ടതയുള്ള, ന്യായരഹിതമായ, നീതിരഹിതമായ.

**അധവ**-ധവൻ (ഭൎത്താവ്) ഇല്ലാത്തവൾ.

**അധഃപതനം**-കീഴ്പ്പെട്ടു വീഴുക.

**അധശ്ചരൻ**-൧. കള്ളൻ. ൨. കീഴ്പ്പെട്ടുപോകുന്നവൻ.

**അധസ്തന**-വി. താഴെയുള്ള. ൨. മുമ്പുള്ള.

**അധസ്ഥലം**-താഴത്തെ പ്രദേശം.

**അധസ്താൽ**-അ. അധോഭാഗത്തിൽ, കീഴെ

**അധസ്ഥ, അധസ്ഥിത**-വി. കീഴ്പ്പെട്ട, കീഴുള്ള.

**അധാമാൎഗ്ഗവം**-കടലാടി.

**അധാൎമ്മിക**-വി. ധൎമ്മവിരുദ്ധമായ.

**അധി**-മേലെ, മീതെ, ഉയരെ, മുൻ, കവിഞ്ഞ, ശ്രേഷ്ഠം. (ഈ പദം സംസ്കൃതപദങ്ങളുടെ ആദിയിൽ വരുമ്പോൾ മുൻപറഞ്ഞ അൎത്ഥങ്ങൾ ഉണ്ടാകും).

**അധിക**-വി. വളരെ, പെരുകിയ, വൎദ്ധിച്ച.

**അധികകണ്ടകം**-വെരുകൊടുവ. (അധികണ്ടകം എന്നും കാണുന്നു).

**അധികത**-അധികമായ സ്ഥിതി.

**അധികം**-൧. വളരെ. ൨. ലാഭം.

'ലാഭോധികം ഫലം' എന്നമരം.

(ലാഭം=ഒരു തുകയിട്ടു വ്യാപാരം ചെയ്താൽ ആ തുകയിന്മേൽ കൂടുതൽ കിട്ടുന്നതുക.)

൩. അലങ്കാരം.

'ആധേയാധിക്യമധിക-
മാധാരാധിക്യവും തഥാ'
(ഭാഷാഭൂഷണം)

**അധികപ്പെടുക**-അധികമാവുക.

[അധികമാവുക എന്ന അൎത്ഥത്തിൽ 'അധികരിക്കുക' എന്നു ചിലർ പ്രയോഗിക്കുന്നുണ്ട്. അധികരിക്കുക എന്നതു അധികാരം എന്ന നാമത്തിന്റെ ക്രിയാരൂപമാണ്. അധികശബ്ദത്തോട് യാതൊരു സംബന്ധവും അധികരിക്കുക എന്നതിനില്ല. അതിനാൽ അധികരിക്കുക എന്നതിനെ തള്ളി അധികപ്പെടുക എന്നതിനെ സ്വീകരിക്കുകയാണ് നന്ന്.]

**അധികരണം**-൧. വല്ലതും വെക്കുന്നതിനുള്ള പാത്രവും മറ്റും. ൨. നിയമനം. ൩. ചേൎച്ച, സംബന്ധം. ൪. (വ്യാകരണത്തിൽ) സപ്തമിവിഭക്തി. ൫. നീതിന്യായക്കോടതി. ൬. അവകാശം, വ്യവഹാരം ൭. മേലധികാരം. ൮. സംഗതി, വിഷയം.

**അധികരണികൻ**-൧. ന്യായാധിപതി, മജിസ്ട്രേറ്റ്. ൨. സൎക്കാർ ഉദ്യോഗസ്ഥൻ.

**അധികരണ്യം**- അധികാരം, ആധിപത്യം.

**അധികൎദ്ധി**- അതിസമ്പന്നൻ. അധികമായ ഋദ്ധിയോടുകൂടിയവൻ എന്നു വ്യുൽപത്തി. ഋദ്ധി=സമ്പത്ത്.

**അധികൎമ്മികൻ**-ചന്തയിലെ ചുങ്കം ഈടാക്കുന്ന മേൽവിചാരിപ്പുകാരൻ.

**അധികാധികം**-വളരെവളരെ.

**അധികാംഗ**-വി. സാധാരണയിൽ കൂടുതൽ അവയവങ്ങൾ ഉള്ള.

**അധികാംഗം**-ചട്ടയുടെ മദ്ധ്യത്തിൽകെട്ടുന്ന പട്ട (കച്ച), ഒട്ടിപ്പൂട്ട്. അംഗത്തിൽനിന്ന് അധികമായിട്ടുള്ളത് എന്നു വ്യുൽപത്തി.

'അധികാംശം സാരസനം' എന്നമരമാല.
അധിപാംശം എന്നും പാഠാന്തരംകാണുന്നു.
'അധിപാംശം സാരസനം' എന്നു കാത്യ
[വചനം.

ഇതിന്ന അംശത്തിൽ അധിഷ്ഠാനംചെയ്തു പാലിക്കുന്നതു് എന്നു വ്യുൽപത്തി. അധികാംശം എന്നതിന്ന മറെറാരു പൎയ്യായമുള്ളതു സാരസനം (സാരസനാ) എന്നാകുന്നു.

അധികാരപത്രം - എഴുതിയ ഉടമ്പടി. സ്ഥാനമാനങ്ങളെ കല്പിച്ചു കൊടുക്കുന്ന തീട്ടു്.

അധികാരം - പ്ര. മേൽവിചാരം. ദ്വി. ഉദ്യോഗം. തൃ. കാൎയ്യവിചാരം. ച. സ്ഥാനമാനം. പ. അവകാശം. ഷ. ഒരു രാജാവിന്റെ പ്രത്യേകമുള്ള അവകാശം. സ. ഉത്സാഹം, ശ്രമം, വ്യവസായം. അ. അദ്ധ്യായം.

അധികാരി - അധികാരമുള്ളവൻ, ഭരിക്കുന്നവൻ, അവകാശി.

അധികാരിചതുഷ്ടയം - മന്ദൻ, മദ്ധ്യമൻ, ഉത്തമൻ, ഉത്തമോത്തമൻ ഇവരത്രെ ഗുരൂപദേശത്തിന്നധികാരികൾ.

അധികാരിത - അധികാരിയുടെ സ്ഥിതി, ആധിപത്യം.

അധികൃതൻ - ഒരു കാൎയ്യത്തിൽ പ്രത്യേകമായ അധികാരം ലഭിച്ചവൻ. അധികമായി പ്രവൎത്തിക്കുന്നവൻ എന്നു വ്യുൽപത്തി.

'ശാദ്ധ്യക്ഷാധികൃതൌസമൌ' എന്നമരം.
[അദ്ധ്യക്ഷൻ, അധികൃതൻ ഇ-ം, ഏതെങ്കിലും സംഗതിക്കു പ്രത്യേകാധികാരം ലഭിച്ചവന്റെ പേർ.]

അധികൃതി - പ്രത്യേകാധികാരം, മേൽവിചാരം, അവകാശം.

അധിക്രമം - ആക്രമിക്കുക, ബലമായുള്ള ഉൾപ്രവേശം, എതിൎക്കുക.

അധിക്ഷിപ്തം - വി. പ്ര. അധിക്ഷേപിക്കപ്പെട്ട, നിന്ദിക്കപ്പെട്ട.
'അധിക്ഷിപ്തഃപ്രതിക്ഷിപ്തഃ' എന്നമരം.
[അധിക്ഷിപ്തൻ, പ്രതിക്ഷിപ്തൻ ഇ-ം, അധിക്ഷേപിക്കപ്പെട്ടവന്റെ പേർ.]
ദ്വി. എറിയപ്പെട്ട. തൃ. അയക്കപ്പെട്ട.

അധിക്ഷേപം - നിന്ദിക്കുക. ഒരുവന്റെ ശൌൎയ്യം, വീൎയ്യം, മുതലായവയെക്കുറിച്ചു് അന്യൻ ചെയ്യുന്ന ആക്ഷേപമത്രെ അധിക്ഷേപം.

അധിക്ഷേപൻ - കൎമ്മഹീനനായിട്ടുള്ള ബ്രാഹ്മണൻ.

അധിഗതം - വി. പ്രാപ്തം, പഠിച്ച, അറിഞ്ഞ മനസ്സിലാക്കിയ.

അധിഗമം, അധിഗമനം - പ്ര. ലഭിക്കുക, പ്രാപിക്കുക ദ്വി. അറിവു്, പഠിത്തം. തൃ. സാമൎത്ഥ്യം, ജയം.

അധിജിഹ്വ - പ്ര സൎപ്പം.
[കശപ്പുല്ലിലുണ്ടായിരുന്ന അമൃതം നക്കിക്കുടിക്കയാൽ നാവു രണ്ടായിക്കീറി; തന്നിമിത്തം ഈ പേർ സിദ്ധിച്ചു]
ദ്വി. തൊണ്ടയിൽ ഉണ്ടാകുന്ന ഒരു രോഗം.
[നാക്കിന്റെ മുകളിൽ നാവിന്റെ അഗ്രം എന്നപോലെ ഉണ്ടാകുന്ന വീക്കമാകുന്നു. പഴുത്താൽ ഉപേക്ഷിക്കണം]

അധിജ്യം - ഞാണേറെപ്പെട്ടതു്.
'ജ്യാരോപകല്പ്യശായുധഖഡ്ഗമു-
ഖ്യാധിജ്യമാം വില്ലിലും'
(അഭിജ്ഞാനശാകുന്തളം)

അധിതടം - അ. തടത്തിങ്കൽ.

അധിത്യക - പൎവ്വതത്തിന്റെമുകൾഭാഗം, ഉയൎന്നഭൂമി.
'ഉപത്യകാദ്രേരാസന്നാ-
ഭൂമിരൂൎദ്ധ്വമധിത്യകാ' (അമരം)

അധിദന്തം - ഒരു പല്ലിന്റെ മീതെ വളരുന്ന അധികപ്പല്ലു്.

അധിദൈവതൻ - ഉത്തമദേവൻ, പ്രധാനദൈവതൻ.

**അധിദേവ, അധിദേവത**-പ്രധാന ദേവത, രക്ഷിക്കുന്ന ദേവത. (ദൈവം, ദേവൻ.)

[ഓരോ ഇന്ദ്രിയത്തിനും ഓരോ അധിദേവതയുണ്ടു്. ചെവിയ്ക്കു-ദിക്കു്. ത്വക്കിനു്-വാതം. നേത്രത്തിനു-അർക്കൻ. നാക്കിനു-വരുണൻ. മൂക്കിനു അശ്വികൾ. വാക്കിനു-അഗ്നി. ഹസ്തത്തിനു ഇന്ദ്രൻ. പാദത്തിനു-ഉപേന്ദ്രൻ. വായുവിനു-മിത്രൻ. ഉപസ്ഥത്തിനു്-പ്രജാപതി. മനസ്സിനു-ചന്ദ്രൻ.]

**അധിനാഥൻ**-അധീശൻ. (അധിഭർത്താവു് എന്നതു നോക്കുക.)

**അധിപൻ**-പു. പ്രഭുത്വമുള്ളവൻ. അധിപാലനം ചെയ്യുന്നവൻ എന്നു പദാർത്ഥം.

'.......സ്വാമീത്വീശ്വരഃപതിരീശിതാ
അധിഭൂർന്നായകോനേതാ പ്രഭുഃ
'പരിവൃഢോധിപഃ' എന്നമരം.

[സ്വാമി, ഈശ്വരൻ, പതി, ഈശിതാവു്, അധിഭൂവു്, നായകൻ, നേതാവു്, പ്രഭു, പരിവൃഢൻ, അധിപൻ ൧൦-ം പ്രഭുത്വമുള്ളവന്റെ പേർ.]

൨. മേലധികാരി ൩. ഉദ്യോഗസ്ഥൻ. ൪. ഉടയക്കാരൻ. ൫. രാജാവു്.

**അധിപാംഗം**-ഉടുപ്പിടുന്നവൻ മുറുപ്പിനായിട്ടു് അതിന്റെ മദ്ധ്യേ കെട്ടുന്ന പട്ട (കച്ച), ഇളക്കൂട്ടു്. (അധികാംശം എന്നതു നോക്കുക).

**അധിഭർത്താവു്**-അധീശൻ [സാങ്കേതികശബ്ദമാകയാൽ (Governor-General) ഗവർണർ ജനറൽ.]

**അധിഭൂവു്**- പ്രഭുത്വമുള്ളവൻ-അധിഭവിക്കുന്നവൻ (മേലെ നിൽക്കുന്നവൻ) പര്യായങ്ങൾക്കു അധിപൻ എന്ന ശബ്ദം നോക്കുക.

**അധിമന്ഥം**-ഒരു നേത്രരോഗം. കണ്ണു് അത്യധികം പിളർക്കപ്പെടുന്നു എന്നും മഥിക്കപ്പെടുന്നു എന്നും തോന്നുന്നതാണു് ഇതിന്റെ സാമാന്യലക്ഷണം.

'ഉൽപാട്യതഇവാത്യർത്ഥം
നേത്രംനിർമ്മഥ്യതേതഥാ'
(മാധവനിദാനം)

**അധിമാംസം**-ദന്തരോഗങ്ങളിൽ ഒന്നു്. കടവായിൽ താടിയെല്ലിനെ സംബന്ധിച്ച പല്ലിന്റെ ചുവട്ടിൽ വലിയ നീരും വളരെ വേദനയും ഉണ്ടാകയും ജലം ഒലിക്കയും ചെയ്യും. ഇതിനു കഫം നിമിത്തമുള്ള അധിമാംസം എന്നു പറയുന്നു.

**അധിരഥ**-വി. രഥത്തിൽ കയറിയ.

**അധിരഥൻ**-പു. കർണ്ണന്റെ വളർത്തച്ഛനായ അംഗദേശത്തിലെ ഒരു രാജാവു്. ൨. സാരഥി. ൩. ധൃതരാഷ്ട്രരുടെ സാരഥി.

**അധിരഥം**-വണ്ടിയിൽ കൊള്ളുന്ന ഭാരം ചാട്ടിൽ കൊള്ളുന്നതു്. (വേദത്തിലെ പ്രയോഗമുള്ളു).

**അധിരാട്ടു്** അധിരാജൻ, ചക്രവർത്തി.

**അധിരുക്മ**-വി. സ്വർണ്ണാഭരണങ്ങളുള്ള.

**അധിരൂഢ**-വി. ൧. വർദ്ധിച്ച. ൨. കരേറിയ. ൩. കരേറ്റപ്പെട്ട.

**അധിരോഹൻ**-ആരോപ്പിച്ചവൻ.

**അധിരോഹണം**-കരേറ്റം.

**അധിരോഹിണി**-കോണി, കല്പട, അധിരോഹണം ചെയ്യുന്നതു(കയറുന്നതു) എന്നു വ്യുൽപ്പത്തി.

**അധിവചനം**-ന. അധികംപറക, ഒരുവനിലിനുപ്പോലെ വ്യവഹരിക്കുക, ൨. അനുകൂലം പറക.

**അധിവസിക്കുക**-പാർക്ക.

**അധിവാസനം**-ന. കറിക്കൂട്ടുകൾ, മലയധൂപം ഇത്യാദികൊണ്ടു ശരീരവസ്ത്രാദികൾക്കു ചെയ്യുന്ന പരിഷ്കാരം. ൨. ബിംബപ്രതിഷ്ഠ.

'സംസ്കാരോ ഗന്ധമാല്യാദ്യൈ-
ൎയ്യസ്സ്യാത്തദധിവാസനം'

(അമരം.)

അധിവാസി-വി. ൧. അധിവസിക്കുന്ന പാൎക്കുന്ന ൨. സുഗന്ധം ഉണ്ടാക്കുന്ന.

അധിവാസം-൧. പാൎപ്പ്. ൨. സുഗന്ധം വരുത്തുക. ൩. വസ്ത്രം, ഉടുപ്പ് (കുപ്പായം.)

അധിവാസൻ-അയല്ക്കാരൻ, സമീപസ്ഥൻ.

അധിവാഹനം-എടുക്കുക, ചുമക്കുക, കൊണ്ടുപോകുക.

അധിവികൎത്തനം-വെട്ടുക.

അധിവിന്ന-ഒരുവൻ രണ്ടാമതു വേട്ട സ്ത്രീ, വിവാഹാനന്തരം സപത്നീലാഭമുണ്ടായവൾ എന്നു വ്യുല്പത്തി. (ദശരഥന്റെ ഭാൎയ്യയായകൈകേയിക്കു ഈ പേർ ഉചിതം തന്നെ.)

അധിഷവണം, അധിഷവണനം-ഒരു മുഷ്ടിയെക്കൂടി വേർപെടുക.

അധിശ്രയണി-അടുപ്പ് ഇതിൽ പാകം ചെയ്യുന്നതിനാൽ ഈ പേർ സിദ്ധിച്ചു (പൎയ്യായങ്ങൾക്കു 'അടുപ്പ്' എന്ന ശബ്ദം നോക്കുക.)

അധിഷ്ഠാനം-൧. ആധാരം. ൨. ആശ്രയം. ൩. വണ്ടിച്ചക്രം. ൪. പട്ടണം. ൫. നഗരം. ൬. പ്രഭാവം. ൭. ആക്രമിക്കുക (സ്ഥിതിചെയ്യുക.) ആശ്രയിച്ചിട്ടുള്ള ഇരിപ്പു എന്നു ചിലർ പറയുന്നു.

അധിഷ്ഠിതം-൧. അധികാരണം. ൨. ഉറപ്പിക്കപ്പെട്ടതു്. ൩. നിശ്ചയിക്കപ്പെട്ടതു്.

അധീത-വി. ൧. പഠിച്ച ൨. ഓൎമ്മിച്ച

അധീതി-൧. പഠിത്തം. ൨. ഓൎമ്മ.

അധീതി-വി. ൧. പഠിത്തമുള്ള. ൨. ഓൎമ്മയുള്ള.

അധീതി-൧. പഠിത്തമുള്ളവൻ, ൨. ഓൎമ്മയുള്ളവൻ.

അധീന-വി. അന്യന്റെ ചൊല്ക്കീഴിൽ അടങ്ങിയ.

അധീനൻ-അധി (മേൽ) ഇനൻ (സ്വാമി) ഉള്ളവൻ ഇങ്ങനെ (പ്രഭുവിനെ) അധിഗമിച്ചവൻ എന്നു വ്യുല്പത്തി.

'അധീനോനിഘ്നആയത്തോ-
സ്വച്ഛന്ദോഗൃഹ്യകോപ്യസൌ,

(അമരം.)

[അധീനൻ, നിഘ്നൻ, ആയത്തൻ, അസ്വച്ഛന്ദൻ, ഗൃഹ്യകൻ-൫-൦, അന്യന്റെ അധീനനായിട്ടുള്ളവന്റെ പേർ. 'പരതന്ത്രഃ പരാധീനഃ പരവാൻനാഥവാനപി' അമരം. പരതന്ത്രൻ, പരാധീനൻ, പരവാൻ, നാഥവാൻ ൪-൦, അന്യന്റെ ചൊല്പടിക്കു നടക്കുന്നവന്റെപേർ. ൯-൦ പരതന്ത്രത്തിന്റെ പേരാണം പറയുന്നു.]

അധീനത-അന്യന്റെ ചൊല്ക്കീഴിൽ അടങ്ങിയ സ്ഥിതി.

അധീനം-കീഴടങ്ങൽ, വശം.

അധീര-വി. ധൈൎയ്യമില്ലാത്ത, ഉറപ്പില്ലാത്ത, ഭയമുള്ള.

എന്നെഅധീരനെന്നോൎത്തുമപഹസിക്കരുതേ'

(നളചരിതംകഥകളി)

'അധീരകാതരഃ' (അമരം.)

[അധീരൻ, കാതരൻ ൨-൦, ഭയാദികൊണ്ടു് വ്യാകുലമനസ്സായിട്ടുള്ളവന്റെ പേർ ]

അധീവാസസ്സ്-മുഴുവൻ ദേഹവും മറയ്ക്കുന്ന ഉടുപ്പ് (കുപ്പായം).

അധീശൻ-അധിനാഥൻ, അധിഭൂവു എന്നതു നോക്കുക.

അധീശ്വരൻ-നാടുവാഴികളാൽവണങ്ങപ്പെട്ട രാജാവ്. തന്റെ ചുററുമുള്ള മററു രാജാക്കന്മാരെ കീഴടക്കി വാഴുന്ന രാജാവ്. അധികനായ ഈശ്വരൻ എന്നു അൎത്ഥം.

അധുനാ-അ. ഇപ്പോൾ (ഈ കാലത്തിൽ).

'ഏതൎഹിസംപ്രതീദാനീ
മധുനാസാംപ്രതംതഥാ' (അമരം)

[ഏതൎഹി, സമ്പ്രതി, ഇദാനീം, അധുനാ, സാംപ്രതം-ഈ ൫-നും, ഇപ്പോൾ (ഈ കാലത്തിൽ) എന്നൎത്ഥം].

'നന്മയോടിന്ദ്രവരാംശയതാകും
പെണ്മണിതന്നുടെമുഖമിദമധുനാ'
(ഉത്തരാസ്വയംവരം കഥകളി)

അധുനാതന-വി. ഇപ്പോഴുള്ള, ഇക്കാലത്തുള്ള.

അധൃതി-ധൈൎയ്യമില്ലായ്ക.

അധൃഷ്ട-വി. ലജ്ജയുള്ള, സഭാകമ്പമുള്ള.

'സ്യാദധൃഷ്ടസ്തുശാലീനഃ' (അമരം)

[അധൃഷ്ടൻ, ശാലീനൻ ൨ം, ലജ്ജിച്ചവൻെറ പേർ]

അധൃഷ്യ-വി. ജയിച്ചുകൂടാത്ത, അതിക്രമിച്ചുകൂടാത്ത, ലജ്ജയുള്ള. അധൃഷ്യ > < അഭിഗമ്യം.

അധൃഷ്യ-ഒരാറ്.

അധേനു-പാൽ നൽകാത്ത പശു.

അധോക്ഷ-വി. വണ്ടിയുടെ അച്ചിൻെറ താഴെയുള്ള.

അധോക്ഷജൻ-വിഷ്ണു, തപസ്വികളാൽ മാത്രം കാണപ്പെടാവുന്നവൻ, ഇന്ദ്രിയങ്ങളെ താഴ്ത്തി ഉണ്ടായവൻ, അധോക്ഷ (ജിതേന്ദ്രിയ) ന്മാരാൽ ജനിക്കുന്നവൻ (പ്രത്യക്ഷനായി ഭവിക്കുന്നവൻ.)

അധോഗതി-കീഴ്പെട്ടുള്ളപോക്ക്.

അധോഗന്താവ്-എലി.

അധോഘണ്ട-വലിയ കടലാടി. നായുരിഞ്ഞാം പായും.

അധോജിഹ്വിക-ഉൾനാക്ക്.

അധോഫല-കീഴാനെല്ലി.

അധോഭക്ത-ആഹാരം കഴിഞ്ഞതിൻെറശേഷം കഴിക്കുന്ന ഔഷധം (ഒരു നേരത്തെമാത്ര (അടങ്ങിയതു) വെള്ളം അല്ലെങ്കിൽ മരുന്ന്.

അധോഭാഗം-കീഴ് വശം, താഴത്തെ പ്രദേശം.

അധോഭുവനം-പാതാളം. താഴത്തെ ലോകം എന്നു ശബ്ദാൎത്ഥം.

അധോമുഖ-വി. തലതാഴ്ത്തിയ.

[അവാങ്, അധോമുഖൻ ൨-ം, തലതാഴ്ത്തിയവൻെറ പേർ. 'അവാഗ്രം' അവനതം, ആനതം-൩-ം, അധോമുഖമായിട്ടുള്ളതിൻെറ പേർ]

അധോമുഖ-കൊഴുപ്പാ.

അധോലോകം-പാതാളം, താഴത്തെലോകം.

അധോവാതം-കീഴ്പെട്ടുള്ള വായു.

[കീഴ്പ്പെട്ടുള്ള വായുവിൻെറ ഗതിയെ തടുത്താൽ ഗുന്മം, ഉദാവൎത്തം, വ്യക്ഷോദരവസ്ത്യാദികളിൽ വേദന, ഇന്ദ്രിയങ്ങൾക്കു തളൎച്ച, വായുവിനും മൂത്രത്തിനും മലത്തിനും തടവ്, ദൃഷ്ടിനാശം അഗ്നിനാശം, ഹൃദ്രോഗം ഇവ സംഭവിക്കും.]

'അധോവാതസ്യരോധേന
ഗുന്മോദാവൎത്തരുക്ക്ലമാഃ
വാതമൂത്രശകൃത്സംഗ
ദൃഷ്ട്യഗ്നിവധഹൃൽഗദാഃ'
(അഷ്ടാംഗഹൃദയം)

അധോവായു-കീഴ്പ്പെട്ടുള്ള വായു. (അധോവാതം നോക്കുക).

അധോംശുകം-ഉടുക്കുന്നവസ്ത്രം. ദേഹത്തിൻെറ താഴെയുള്ള വസ്ത്രം എന്നു പദാൎത്ഥം.

അധഃ-അ. താഴെ, കീഴ്.

അധഃകരിക്ക-താഴ്ത്താക്കുക.

അധഃപതനം-അധോഗതി, സ്ഥാനത്തുനിന്നു താഴുക, കീഴ്പ്പെട്ടുവീഴുക.

അധഃപുഷ്പി-കൊഴുപ്പം.
അധഃശല്യാ-വലിയകടലാടി.
അധ്യണ്ഡ-നാഗ്ദൂരണ, കിഴുകാനെല്ലി.
അധ്യക്കം-മന്ദാരം.
അധ്യയനം, അധ്യായം-പു. പഠിത്തം. ൨. ഓത്ത.
അധ്യവസിത-വി. പു. ഉത്സാഹിച്ച, ശ്രമിച്ച. ൨. നിശ്ചയിച്ച.
അധ്യവസാനം-പു. ഉത്സാഹം. ൨. ശ്രമം.
അധ്യവസായം-ഉത്സാഹം. അവസാനംവരെ നിലനില്ക്കുന്നതു് എന്നു വ്യുൽപത്തി.
അധ്യവസായി-വി. ഉത്സാഹമുള്ള.
അധ്യശനം-അമിതമായ ഭക്ഷണം.
അധ്യക്ഷ-വി. ഒരു കാൎയ്യത്തിൽ പ്രത്യേകാധികാരം ലഭിച്ച. അധ്യക്ഷൻ എന്നാൽ എല്ലാടിക്കിലും ചെല്ലുന്നവൻ, പ്രത്യേകമായി കണ്ടറിയുന്നവൻ എന്നു താൽപൎയ്യം.

അധികൃതങ്ങളായ ജനക്ഷങ്ങളോടുകൂടിയവൻ അധ്യക്ഷൻ.

അധ്യക്ഷാ-പു. പ്രത്യക്ഷമായിട്ടുള്ളതു്. ൨. പഴമുണ്ണായ.
അധ്യാകാശം-അ. ആകാശത്തിങ്കൽ.
അധ്യാത്മ-വി. തന്നെ സംബന്ധിച്ച
അധ്യാത്മജ്ഞാനം, അധ്യാത്മവിദ്യ- ആത്മാവിനെക്കുറിച്ചുള്ള അറിവു്.
അധ്യാത്മപ്രദീപ(ക)ം - പരമാത്മജ്ഞാനത്തെ തെളിയിക്കുന്നതു്.
അധ്യാത്മരാമായണം-പരമാത്മജ്ഞാനത്തെ കൊടുക്കുന്നവനായ ശ്രീരാമൻ ചെയ്തിട്ടുള്ള കൃത്യങ്ങളെ അറിവാനുള്ള മാൎഗ്ഗം.
അധ്യാത്മവിചാരം-പരമാത്മജ്ഞാനത്തെ സംബന്ധിച്ച ആലോചന.
അധ്യാത്മം-പു. സൂക്ഷ്മശരീരം. ൨. തന്നെസംബന്ധിച്ചതു്. ന. പരമാത്മാവു്.
അധ്യാപകൻ-പഠിപ്പിക്കുന്നവൻ. അധ്യയനംചെയ്യിക്കുന്നവൻ എന്നു വ്യുൽപത്തി.

'ഉപാധ്യായോധ്യാപകോഥ' (അമരം)
[ഉപാധ്യായൻ, അധ്യാപകൻ ൨-ം പഠിപ്പിക്കുന്നവന്റെ പേർ.]

അധ്യാപനം-അധ്യയനംചെയ്ക, പഠിപ്പിക്ക.
അധ്യായം-വകപ്പുകൾ ചേൎന്നുണ്ടാകുന്നതിന്റെ പേർ. പദങ്ങൾ ചേൎന്നു വാക്യവും വാക്യങ്ങൾചേൎന്നു വകപ്പും ഉണ്ടാകുന്നു.

[വകപ്പിനു ഖണ്ഡിക എന്നും പറയുന്നു. കീഴ്‌വകപ്പു്-ഉപഖണ്ഡിക. അധ്യായത്തിനു പകരം സൎഗ്ഗം, അങ്കം, കാണ്ഡം ഇത്യാദിയും ഉപയോഗിച്ചുവരുന്നു.]

അധ്യായി-വി. പഠിക്കുന്ന.
അധ്യാരൂഢ-വി പു. പെരുകിയ. ൨. കേറിയ.
അധ്യാരോപം, അധ്യാരോപണം-ചുമത്തുക (ചുമത്തൽ).
അധ്യാരോപിത-വി. ചുമത്തപ്പെട്ട.
അധ്യാരോഹം, അധ്യാരോഹണം-കയറുക (കാററം).
അധ്യാസനം-കയറിയിരിപ്പു്, ഇരിപ്പു്, സ്ഥലം.
അധ്യാസിക്കുക-ഇരിക്കുക.

'അധ്യാസ്യ ചക്രസ്ഥാംപത്മിവരമണി'
(അമരുകശതകം)

അധ്യാസിതൻ-കയറിയിരിക്കുന്നവൻ.
അധ്യാഹാരം, അധ്യാഹരണം-ഊഹം, കുറവുള്ളതിനെ തീൎപ്പാൻ കൂടുതൽ പദത്തെ ചേൎക്കുക.
അധ്യൂഢ-വി. പു. അധികം വൎദ്ധിച്ച ൨. ഐശ്വൎയ്യമുള്ള (സമ്പത്തുള്ള).

അധ്യൂഢ-വളരെ സ്ത്രീകളെ വിവാഹം ചെയ്തവൻ ആദ്യം വിവാഹംചെയ്ത സ്ത്രീയുടെ പേർ. ഈ സ്ത്രീക്ക് പിന്നീട്, ഭർത്താവ് വേട്ട മറ്റൊരുവളോടുകൂടിയവൾ എന്നു വ്യുൽപത്തി. അധിശബ്ദത്തിന് ഇവിടെ ഊർദ്ധ്വം എന്നർത്ഥം. (അധിവിന്ന എന്ന ശബ്ദം നോക്കുക).

അധ്യൂഢൻ-ശിവൻ.

അധ്യൂധ്നി-തടിച്ചുനിറഞ്ഞ അകിടുള്ള പശു. അധികം 'ഊധോ യസ്യാഃ' എന്നു വ്യുൽപ്പത്തി. (ഊധസ്സ് എന്നത് അകിടിന്റെ പര്യായമാകുന്നു.)

അധ്യേക്ഷണ-ഗുരു മുതലായവരെ ആരാധിക്കുക, ഗുരു മുതലായവരെ ഒരു കാര്യത്തിൽ പ്രവർത്തിപ്പിക്ക (ക്ഷണിക്ക), ഗുരു മുതലായവരെ അപേക്ഷാപൂർവ്വമായി ഏതെങ്കിലും ഒരു കാര്യത്തിൽ നിയോഗിക്കുക. സൽക്കാരപൂർവ്വമായിട്ടുള്ളത് എന്നു വ്യുൽപത്തി.) അധ്യേക്ഷണൻ എന്നതിനു കണ്ടാൽ ക്ഷണിക്കുന്നവൻ എന്നുള്ള അർത്ഥവും കാണുന്നു).

'സന്നിസ്താദ്ധ്യേക്ഷണ' (അമരം)

[സന്നി, അധ്യേക്ഷണം ഉ-ം ഗുരു മുതലായവരെ ആരാധിക്കുന്നതിന്റെ പേർ.]

അധ്യേതാവ്-വിദ്യാർത്ഥി.

അധ്രുവ-വി. നിശ്ചയമില്ലാത്ത, ഉറപ്പില്ലാത്ത.

അധ്രൂഷം-പനിക്കൂടിയുള്ള ഒരുവക രോഗം. അണ്ണാക്കിൽ ചെമന്നനിറത്തിൽ മന്ദമായ നീരുണ്ടാകും. കഠിനമായ വേദനയും കാണും.

അധ്വഗഭോഗ്യം, അധ്വഭോഗ്യം-അമ്പഴം.

അധ്വഗ-ഗംഗാനദി.

അധ്വഗൻ-വഴിപോക്കൻ.

അധ്വഗം-൧. ഒട്ടകം. ൨. വെള്ളിക്കുതിര.

അധ്വഗമനം-വഴിനടപ്പ്.

അധ്വനീനൻ-വഴിപോക്കൻ. നല്ലവണ്ണം വഴിനടക്കുന്നവൻ എന്നു വ്യുല്പത്തി.

'അധ്വനീനൈരതിശ്രാന്തൈ
രവാകേശീവപാദപഃ'

(ഭാരതചമ്പു)

അധ്വന്യൻ-വഴിപോക്കൻ. അധ്വാവിനെ ഗമിക്കുന്നവൻ എന്നു വ്യുൽപത്തി.

അധ്വപ്രശോഷി-അധികം വഴിനടക്കുകനിമിത്തം ക്ഷീണിച്ചവൻ.

അധ്വപ്രശോഷം-ക്ഷയരോഗം.

[അധികം വഴിനടക്കുക ഹേതുവായിട്ടുണ്ടാകും. ഉണങ്ങിയ മുഖം, ഉണങ്ങിയ മൂത്രാശയം, ഉണങ്ങിയ അണ്ണാക്ക് ഇവ ലക്ഷണങ്ങൾ.]

അധ്വബാധം-വഴിയടപ്പ്.

അധ്വര-വി. ൧. വളഞ്ഞതല്ലാത്ത. ൨. കഴങ്ങാത്ത. ൩. ശ്രദ്ധയുള്ള.

അധ്വരഥൻ-വഴിയാത്രയിൽ സാമർത്ഥ്യമുള്ള ദൂതൻ.

അധ്വരഥം-വഴിപോകാനുള്ള തേര്.

അധ്വരം-യാഗം. സ്വർഗ്ഗമാർഗ്ഗത്തെ തരുന്നത്, വൈദികമാർഗ്ഗത്തെ ദാനംചെയ്യുന്നത്.

'അധ്വരത്തിങ്കൽച്ചെന്നു
ശ്വാനകൻ മന്ത്രംകൊണ്ടു
ശുദ്ധമാംപുരോഡാശം
കൊണ്ടുപോകുന്നപോലെ'

(അധ്യാത്മരാമായണം)

അധ്വര്യു-യാഗത്തിങ്കൽ യജുർവ്വേദകർമ്മം ചെയ്യുന്ന ഋത്വിക്കിന്റെ പേർ. താൻതന്നെ വിചാരത്തോടുകൂടെ (കപടം കാണിക്കാതെ) യാഗത്തിൽ പ്രവർത്തിക്കുന്നവൻ.

അധ്വശല്യം-വലിയ കടലാടി.

അധ്വസിദ്ധകം-നൊച്ചി.

അധ്വസ്ത-വി. ഇല്ലാതാക്കപ്പെട്ട, നശിപ്പിക്കപ്പെട്ട.

അദ്ധ്വാധിപൻ-വഴി (റോട്ടു) വിചാരിപ്പുകാരൻ.

അദ്ധ്വാനപ്പെടുക-പ്രയത്നപ്പെടുക; വലിയ വേലചെയ്യുക.

അദ്ധ്വാനം-പു. പ്രയത്നം. ര. ധ്വാനം (ശബ്ദം) ഇല്ലായ്ക.

അദ്ധ്വാന്തം-പു. ഇരുട്ടിപ്പോയ്ക. ര. അസ്തമനശോഭ.

അദ്ധ്വാവ്-വഴി. ബലത്തെ ഭക്ഷിക്കുന്നതു (ഇല്ലാതാക്കുന്നതു) എന്നു വ്യുൽപത്തി.

'അദ്ധ്വപരിശ്രമമുടക്കൊണ്ടേയ്യും
നിദ്രവരാഞ്ഞതുമായ്മറന്നോ'
(ഉത്തരരാമായണം ചമ്പു)

അന-അ. ഇല്ലാ, അല്ല.

ഉ-ം 'അനോപമയായശക്തി' ഇത്യാദി.

അനക-വി. അധമസ്ഥിതിയിലുള്ള. (അണക എന്നതു നോക്കുക).

അനക്കം-ഇളക്കം.

അനക്കുക-ഇളക്കുക, ചലിപ്പിക്കുക.

അനക്ഷ-വി. പു. കണ്ണില്ലാത്ത. ര. അച്ചുതണ്ടിയില്ലാത്ത.

അനക്ഷരം-പു. പറവാൻ യോഗ്യമല്ലാത്തതു. ര. വിദ്യയില്ലാത്തതു. നിന്ദ്യങ്ങളായ അർത്ഥത്തോടുകൂടിയതു എന്നു വ്യുൽപത്തി.

'അനക്ഷരമവാച്യംസ്യാതു' (അമരം)
[അനക്ഷരം, അവാച്യം ര-ം പറവാൻയോഗ്യമല്ലാത്ത വാക്കിന്റെ പേർ]

അനഗാരൻ-അഗാരം (ഭവനം) ഇല്ലാത്തവൻ, സന്യാസി.

അനഗാരിക-അലഞ്ഞുനടക്കുന്ന സന്യാസിയുടെ ഭവനമില്ലാത്ത സ്ഥിതി.

അനഘ-വി. പു. അഘം (പാപം) ഇല്ലാത്ത. ര. വ്യസനമില്ലാത്ത, ന. ദോഷം ഇല്ലാത്ത, ൪. കറ ഇല്ലാത്ത.

'അനഘമതാകിന കനകഗൃഹത്തിൽ
കനിവിലിരുത്തിപ്പരിപാലിച്ചു'
(പ്രദോഷമാഹാത്മ്യം തുള്ളൽ)

അനഘ-അതിവിടയം.

അനഘൻ-പു. വിഷ്ണു. ര. ശിവൻ.

അനങ്ങുക-ഇളകുക, ചലിക്കുക. ധാതു-അനങ്ങ്.

അനംഗ-വി. പു. അംഗം (ശരീരം) ഇല്ലാത്ത. ര. അവയവം ഇല്ലാത്ത. ന. ജ്ഞാനമില്ലാത്ത.

അനംഗൻ-കാമദേവൻ. അംഗം (ശരീരം; ജ്ഞാനം) ഇല്ലാത്തവൻ എന്നു വ്യുൽപത്തി. (ശിവന്റെ തീക്കണ്ണിൽ കാമൻ ദഹിച്ചതു സുപ്രസിദ്ധമാണല്ലോ).

അനംഗം-പു. ആകാശം. ര. കാറ്റ്.

അനംഗാരി-ശിവൻ. അനംഗ(കാമ)ന്റെ അരി(ശത്രു). കാമദേവൻ എന്നതിന്റെ പര്യായങ്ങളോടു ശത്രു എന്നർത്ഥമുള്ള പദം ചേർത്താൽ ശിവൻ എന്നർത്ഥമുണ്ടാകും.

അനച്ച-വി. ചൂടുള്ള. (അനൽച്ച എന്നും കാണുന്നുണ്ട്).

'അനച്ചയുള്ളവെള്ളംകൊ-
ണ്ടശേഷംക്ഷാളനംചെയ്തു'
(നാളായണീചരിതം തുള്ളൽ)

അനച്ഛ-വി. അച്ഛം (തെളിഞ്ഞതു) അല്ലാത്തതു, തെളിവില്ലാത്തതു.

അനഞ്ജന-വി. പു. അഞ്ജനം (മഷി) ഇല്ലാത്ത, ചായക്കൂട്ടില്ലാത്ത. ര. മലിനതയില്ലാത്ത, കളങ്കമില്ലാത്ത, കറയില്ലാത്ത.

അനഞ്ജനം-പു. ആകാശം. ര. മോക്ഷം; വിഷ്ണു.

അനഡുഹ്ജിഹ്വ-കൊഴുപ്പ.

അനഡ്വാൻ-കാള. അനസ്സിനെ (വണ്ടിയെ) വഹിക്കുന്നതിനാൽ ഈ പേർ വന്നു.

അനഡ്വാഹി-പശു.

അനതി-വി. അധികമല്ലാത്ത.

അനതിതീവ്രം-വി. ൧. അതിതീവ്രം (അതികഠിനം) അല്ലാത്ത. ൨. ഏതിനെക്കാളും അതിതീവ്രമായി മറ്റൊന്നില്ലയോ അതു്.

അനതിപ്രാംശു - അതിദീർഘനല്ലാത്തവൻ.

അനതിരിക്തം-അതിയായി കഴിഞ്ഞതു് (പൊള്ളയായതു് അതിരിക്തം അങ്ങിനെ അല്ലാത്തതു് അനതിരിക്തം).

അനതിലംഘ്യം-കടക്കാൻ കഴിയാത്തതു്.

അനതിവാമനൻ-അധികം ഹ്രസ്വകായൻ (കിളരം കുറഞ്ഞവൻ) അല്ലാത്തവൻ.

അനതിശയനൻ - അതിശയിക്കപ്പെടുവാൻകഴിയാത്തവൻ, (അതിശയിക്ക= കവിയുക).

അനതീത-വി. അതീതം (കഴിഞ്ഞുപോയതു്) അല്ലാത്ത.

അനത്തിനു്-എല്ലാത്തിനും (പ. മ.)

'വരുമെന്തപുണ്യക്ഷേത്രമനത്തിനു' (ഭഗവൽഗീത)

അനത്തു-മുഴുവനും, എല്ലാം. (പ്രാചീനമലയാളം. പ്രചാരലുപ്തം).

അനത്തുക-മൂടപിടിപ്പിക്കുക.

അനധീനകൻ-തന്റെയിൽ അവകാശിയല്ലാത്ത തച്ചൻ. ആർക്കും അധീനനല്ലാത്തവൻ എന്നു വ്യുൽപ്പത്തി.

ഇവനെ ബോധിച്ചതുപോലെ ഏതുസമയവും ആർക്കും വേലചെയ്യാം, തായിൽ അവകാശിയായതച്ചനു ഗ്രാമതക്ഷൻ എന്നു പേർ. ഇവൻ ഇന്നപ്പോൾ ഇന്നവേലകൾ ചെയ്യേണ്ടതാണെന്നു നിർബന്ധമുണ്ടു്. അനധീനകൻ > < ഗ്രാമതക്ഷൻ.

അനധ്യക്ഷ-വി. ൧. മേലധികാരമില്ലാത്ത. ൨. പ്രത്യക്ഷമല്ലാത്ത.

അനനാസ്-കൈതച്ചക്ക, (അന്യഭാഷയിൽനിന്നു വന്നതായിരിക്കണം.)

അനനുവൃത്തനം-അനുസരിക്കായ്ക.

അനധ്യയന, അനധ്യായ-വി. പഠിത്തമില്ലാത്ത, ഒഴിവുള്ള.

അനന്ത-വി. അന്തം (നാശം) ഇല്ലാത്ത, അവസാനമില്ലാത്ത.

അനന്ത-൧. ഭൂമി. അനന്തൻ ധരിച്ചിരിക്കുന്നതു് എന്നും അവസാനമില്ലാത്തതു് എന്നും വ്യുൽപ്പത്തി. ൨. കൊട്ടത്തൂവ്വാ, അവസാനമില്ലാത്തതു് എന്നർത്ഥം. ൩. നറുനീണ്ടി, അവസാനമില്ലാത്ത മാഹാത്മ്യത്തോടുകൂടിയതു്. ൪. കുപ്പമഞ്ഞൾ, പല രാജ്യങ്ങളിലും പരന്നിരിക്കുന്നതു്. ൫. കറുക, നാടെങ്ങും വ്യാപിക്കുന്നതു്. ൬. കടുക്ക. ൭. മുഞ്ഞ. ൮. നെല്ലി. ൯. ചിററമൃതു്. ൧൦. തിപ്പലി. ൧൧. ത്രികോല്പക്കൊന്ന. ൧൨. വെററിലക്കൊടി. ൧൩. മേത്തോന്നി. ൧൪. പുരുവിനു കൌസല്യയിലുണ്ടായ ജനമേജയന്റെ ഭാര്യ. ൧൫. പാർവ്വതി. ൧൬. ചെറുചീര.

അനന്തകൻ-വേഴൽ,

അനന്തജിത്തു്-വി. സർവ്വവും ജയിക്കുന്ന

അനന്തജിത്തു്-വിഷ്ണു.

അനന്തൻ-ആദിശേഷൻ.

'ശേഷോനന്തഃ' (അമരം)

[ശേഷൻ, അനന്തൻ ൨-ം ആദിശേഷന്റെ പേർ.]

അനന്താ - ൧. ആകാശം. ൨. അന്തം (അവസാനം) ഇല്ലാത്തതു്. ൩. അഭ്രകം. ൪. സ്വർഗ്ഗം. ൫. വെളുങ്കൊടിത്തൂവ. ൬. നൊച്ചി. ൭. ചക്ഷു്. ൮. പരബ്രഹ്മം.

അനന്തദൃഷ്ടി - ൧. ശിവൻ. ൨. ഇന്ദ്രൻ.

അനന്തദേവൻ-൧. ആദിശേഷൻ. ൨. വിഷ്ണു.

**അനന്തപടം**-നാഗപടം, കഴുത്തിലെ ഒരാഭരണം. ഇപ്പോൾ അധികം നടപ്പില്ല. നാഗപടത്താലി ഇതിൽ ഉൾപ്പെട്ടതാണ്. നാഗപടത്തിന്റെ മാതിരി ഇപ്പോൾ തോടയിലും മററും കൊത്തുപണി കാണുന്നുണ്ട്.

**അനന്തമുടി, അനന്തോടി**-കാതില. (കാതിലിടുന്ന ആഭരണം).

**അനന്തമൂലം**-നറുനീണ്ടി.

**അനന്തര**-വി. ൧. അതിന്റെ ശേഷമുള്ള, പിന്നത്തെ. ൨. വളരെ സമീപിച്ച.

**അനന്തരപ്പാട്**-അവകാശി.

**അനന്തരാ**-അ. അതിന്റെ ശേഷം.

'അനന്തരംബ്രാഹ്മണനേവമൂചെ'
(ശ്രീകൃഷ്ണചരിതം)

**അനന്തരവൻ** - ൧. ശേഷക്കാരൻ. (സഹോദരിയുടെ പുത്രൻ). ൨. പിൻവാഴ്ചക്കാരൻ. (അടിതോൽ എന്നതു നോക്കുക). ൩. മരുമകൻ (മകളുടെ ഭർത്താവ്) ൪. മുതലവകാശമുള്ളവൻ. ൫. അനുജൻ.

**അനന്തരസ്ഥാനം** - പിൻവാഴ്ച. അനന്തരവന്റെ സ്ഥാനം (അവകാശം)

**അനന്തൽ**-ചിററുറക്കം.

**അനന്തവിജയം**-ധർമ്മപുത്രരുടെ ശംഖിന്റെ പേർ.

**അനന്തശയനം**-൧. തിരുവനന്തപുരത്തുള്ള സുപ്രസിദ്ധമായ ഒരു ക്ഷേത്രമാകുന്നു. പരശുരാമൻ തിരുവല്ലത്ത് എഴുന്നള്ളിത്താമസിക്കുമ്പോഴാണ് അനന്തശയനം ഉണ്ടായതെന്ന് ഐതിഹ്യമുണ്ട്. ൨. തിരുവനന്തപുരം, തിരുവിതാംകൂർ.

**അനന്തശീർഷ**-വാസുകിയുടെ ഭാര്യ.

**അനന്തവാതം**-ഒരു രോഗം.

[ഇതു പിൻകഴുത്തിലെ ഞരമ്പുകളെ പീഡിപ്പിച്ചിട്ട് പടലികളിൽ കഠിനമായ വേദന ഉണ്ടാക്കുകയും മററും ചെയ്യും.]

**അനന്താസനൻ**-വിഷ്ണു.

'മനാഗനന്താസനനായദേവൻ
മനോഹരംസാദരമാബഭാഷേ'
(ശ്രീകൃഷ്ണചരിതം)

**അനന്യ**-വി. തുല്യമില്ലാത്ത.

**അനന്യജൻ**-കാമദേവൻ. മനസ്സിൽ അല്ലാതെ വേറെ ഒരിടത്തും ജനിക്കാത്തവൻ. (പ്രത്യക്ഷമാവാത്തവൻ). വിഷ്ണുപുത്രൻ.

'അനന്യജശരങ്ങളാൽനിഹിതനാ
യൊരീയെന്നെനീ'
(മലയാളശാകുന്തളം)

**അനന്യബന്ധു**-വേറെബന്ധുവില്ലാത്ത.

**അനന്യബുദ്ധി**-വി. ഒന്നിൽതന്നെമനസ്സുറച്ച.

**അനന്യവൃത്തി**-ഒന്നിൽതന്നെ മനസ്സുപതിച്ചവൻ. ഒന്നിൽതന്നെ ശ്രദ്ധയുള്ളവൻ. വേറെ ഒന്നിൽ പ്രവർത്തിക്കാത്തവൻ എന്നു താൽപര്യം.

**അനന്യശാസന**-വി. അന്യശാസന(വേറെകല്പന) കൂടാത്ത, ഒരേ കല്പനയുള്ള.

**അനന്യാദൃശ**-വി. വിശേഷമായ, മററുള്ളവരെപ്പോലെയല്ലാത്ത.

**അനന്വയ**-വി. സംബന്ധമില്ലാത്ത, കൂടെ ചേർന്നു ഗമിക്കാത്ത.

**അനന്വയം**-൧. സംബന്ധമില്ലായ്മ. ൨. ഒരലങ്കാരം.

വേറെ ഒരു സദൃശവസ്തുവില്ലെന്നു കാണിപ്പാനായി ഒരു വസ്തുവിനെ അതിനോടു തന്നെ ഉപമിക്കുന്നത് അനന്വയം എന്ന അലങ്കാരമാകുന്നു. ഉ-ം, രാമരാവണയുദ്ധത്തിനു സദൃശം രാമരാവണയുദ്ധം തന്നെ.

**അനപത്യ**-വി. അപത്യം (സന്തതി) ഇല്ലാത്ത.

അനപത്യത, അനപത്യതാം-സന്തതിയില്ലായ്ക.

അനപത്യൻ-സന്തതിയില്ലാത്തവൻ.

അനപായ-വി. അപായം (നാശം) ഇല്ലാത്ത.

അനപായം-ന. നാശമില്ലാത്തതു്. ൨. ഒരു വൃത്തം. (പ്രകൃതിഛന്ദസ്സിലുൾപ്പെട്ടതു്. വരി ഒന്നിനു ൨൧ അക്ഷരംവീതം കാണും.)

'സഭദത്തൊടിഹകേൾസസനയചെരുകിലെപ്പെട്ടമനപായം'

(വൃത്തമഞ്ജരി)

അനപേക്ഷ-അപേക്ഷ (ആഗ്രഹം) ഇല്ലായ്ക, ഉപേക്ഷ.

അനപേക്ഷൻ-യോഗി, ആഗ്രഹമെല്ലാം ത്യജിച്ചവൻ.

അനപേതാൎത്ഥൻ-അൎത്ഥത്തോടു കൂടിയവൻ.

അനപ്പു്-ചൂടു്, ഉഷ്ണം.

അനഭിജ്ഞൻ-അറിവില്ലാത്തവൻ, മൂഢൻ, വേണ്ടതുപോലെ അറിഞ്ഞിട്ടില്ലാത്തവൻ.

അനഭ്രാ-വി. മേഘമില്ലാത്ത,

അനഭ്രംശാ-ഭ്രഷ്ടിക്കപ്പെടാത്തതു്.

അനമ്രമൽഫല-വാഴ.

അനമൻ-ബ്രാഹ്മണൻ.

അനമിതംപചൻ-ലുബ്ധൻ(പിശുക്കൻ) മിതംപചൻ എന്നാൽ മിതമായി പാകം ചെയ്യുന്നവൻ എന്നൎത്ഥം. അങ്ങിനെയല്ലാത്തവൻ അനമിതംപചൻ

അനമ്ര-വി വണക്കമില്ലാത്ത.

അനയം-ന. ചൂതു മുതലായ സപ്തവ്യസനങ്ങൾ. ൨, പൂൎവ്വത്തിൽ ചെയ്ത പാപകൎമ്മം. ൩. ആപത്തു്. ഇതുകൊണ്ടു സുഖത്തിൽ എത്തുന്നില്ലെന്നു വ്യുൽപത്തി. ൪. നീതികേടു്, മുറാകടു്.

അനരണ്യൻ-സൂൎയ്യവംശത്തിലെ ഒരു രാജാവു്.

അനറുക-കായുക, ചൂടുപിടിക്കുക.

അനൎഗ്ഗള-വി. തടവുകൂടാത്ത.

'അനൎഗ്ഗളംവൈദഗ്ദ്ധ്യമായവിഭ്രമം
നിനയ്ക്കിലിബ്ഭൂമിയിലത്ഭുതവിക്രമം'

(അഭിജ്ഞാനശാകുന്തളം)

അനൎഘ-വി, വിലമതിക്കവയ്യാത്ത,

'അനൎഘാക്രൂരാതേനരവരനണ-
ഞ്ഞൊന്നുകളുകം-
മനൎഘസപൎണ്ണാംശയിതമരയ-
ന്നപ്പരിവൃഢം'

(നളചരിതം കഥകളി)

അനൎഘം-ശരിയല്ലാത്ത വില.

അനൎഘരാഘവം-ഒരു നാടകം. ഇതിന്റെ കൎത്താവു് മുരാരിമിശ്രനാണു്. അതിനാൽ മുരാരിനാടകമെന്നും പറയുന്നുണ്ടു്. കഥാവസ്തു രാമായണംആകുന്നു.

അനൎത്ഥ-വി. ൧. അൎത്ഥം (സമ്പത്തു്) ഇല്ലാത്ത. ൨. പ്രയോജനമില്ലാത്ത.

അനൎത്ഥം-ഉപദ്രവം, ദുൎഘടം, ആപത്തു്.

അനൎത്ഥകം-അനുചിതവാക്കു്, അൎത്ഥമില്ലാത്ത വാക്കു്.

'അബദ്ധംസ്യാദനൎത്ഥകം' (അമരം)

[അബദ്ധം, അനൎത്ഥകം ൨-ം, അൎത്ഥമില്ലാത്ത വാക്കിന്റെ പേർ.]

അനൎത്ഥചതുഷ്ടയം-ദൃഷ്ടജന്യം സ്മൃതജന്യം അപരാധജന്യം ശ്രോത്രജന്യം-മനസ്സിനെ നേർവഴിയിൽ വിടാതെ കഴയ്ക്കുന്നവയാകുന്നു.

അനൎഹൻ-അയോഗ്യൻ.

അനൽ-ന. ചൂടു്. ൨. തീയു്.

അനല്ച്ച-ചൂടു്. (അനച്ച നോക്കുക.)

അനലൻ-ന. അഗ്നിദേവൻ. സകല പ്രാണികളും ഇതിനാൽ ജീവിക്കുന്നതുകൊണ്ടു ഈ പേരുണ്ടായി. ഭക്ഷണസാധനങ്ങളിൽ തൃപ്തിയില്ലാത്തവൻ എന്നും ജീവിച്ചിരിപ്പാൻ ഹേതുഭൂതൻ എന്നും വ്യുൽപത്തികാണുന്നു ൨. തീയ്.

൩. പിത്തം. ൪. കൊടുവേലി. ൫. വെളുത്ത വെണ്ടകം. ൬. വിഷ്ണു, വാസുദേവൻ. ൭. അഷ്ടവസുക്കളിൽ ഒരുവൻ.

അനലനാമാ-കൊടുവേലി.

അനലപ്രഭ-൧. അഗ്നിപ്രഭ. ൨. ചെറുപ്പുന്ന.

അനലപ്രിയ - (അഗ്നിയുടെ ഭാര്യ) സ്വാഹാ.

അനലം-൧. ചേരുമരം. ൨. കൊടുവേലി. ൩. സ്വർണ്ണം.

അനലംകൃത-വി. അലംകൃതം(അലങ്കരിക്കപ്പെട്ടത്) അല്ലാത്ത.

അനലി-കൊക്കമന്ദാരം.

അനല്പ-വി. വളരെ, അല്പമല്ലാത്ത.

അനവച്ഛിന്നം- അവച്ഛിന്നമല്ലാത്തത് മുറിക്കപ്പെടാത്തത്, ഒന്നിച്ചിരിക്കുന്നത്.

അനവധാന-വി. മനസ്സിരുത്തൽ ഇല്ലാത്ത.

അനവധാനത-പ്രമാദം (മനസ്സിരുത്തൽ ഇല്ലായ്ക,) സാവധാനം ഇല്ലായ്ക.

'പ്രമാദോനവധാനതാ' (അമരം)

[പ്രമാദം, അനവധാനത ൨-ം പ്രമാദത്തിന്റെ പേർ].

അനവധാരിതൻ — അറിയപ്പെടാത്തവൻ, അനിശ്ചിതൻ.

അനവദ്യ-വി. കുറ്റമില്ലാത്ത, കളങ്കമറ്റ.

'അനന്തജന്മാർജ്ജിതമസ്മൽപുണ്യഫലം
അനവദ്യകന്യാരൂപം കാൺകനീ'
(ദക്ഷയാഗം കഥകളി)

അനവധി-വി. വളരെ, അവധി(അതി) ഇല്ലാത്ത.

അനവമം-ദോഷമില്ലായ്ക.

അനവമ-നിർദ്ദോഷ.

'ഭീമനരേന്ദ്രസുതാ ദമയന്തീ
നാമ്നാമനവമാ'
(നളചരിതം കഥകളി)

അനവരത-വി. എല്ലായ്പോഴുമുള്ള.

അനവരാർദ്ധ്യൻ-മുഖ്യൻ, ശ്രേഷ്ഠൻ.

അനവരാർദ്ധ്യം-മുഖ്യം, ശ്രേഷ്ഠം, അവരമായ അർദ്ധത്തിൽ (ഒടുക്കം) ഭവിച്ചത് അവരാർദ്ധ്യം. അതല്ലാത്തത് അനവരാർദ്ധ്യം അതായത് ആദ്യമായത്,(മുഖ്യം എന്ന പദാർത്ഥം.)

അനവസരം-വി. ജോലിയുള്ള.

അനവസ്കരം-അവസ്കരം (മലം) ഇല്ലാത്തത്, ശുദ്ധി വരുത്തിയത്.

അനവസ്ഥിത-വി, സ്ഥിരമായില്ലാത്ത, വ്യവസ്ഥയില്ലാത്ത.

അനവസ്ഥിതൻ.

'ക്രോധിക്കർത്ഥവുമില്ല, ശഠനു മിത്രമില്ല
ക്രൂരനു നാരിയില്ല, സുഖിക്കു വിദ്യയില്ല,
കാമിക്കു നാണമില്ല, കോശമില്ലലസനു
സർവ്വവുമില്ലനൂനമനവസ്ഥിതമാനസനാൽ'
(ഭാരതം-വിദുരവാക്യം)

അനവസ്ഥിതി-അവസ്ഥിതി (സ്ഥിരത) ഇല്ലാത്തത്, വ്യവസ്ഥയില്ലാത്തത്.

അനവഹിതത-അന്ധാളിത്തം, മനസ്സിരുത്തായ്ക.

അനവഹിതൻ-കരുതൽ കൂടാത്തവൻ.

'അലംഭാവില്പുക്കനവഹിതനാ
യങ്ങുമിങ്ങും നടന്നാൽ'
(മയൂരസന്ദേശം)

അനവാപ്ത-വി. അവാപ്തം(ലഭിക്കപ്പെട്ടത്)അല്ലാത്ത, ലഭിക്കാത്ത.

അനവീകൃതം-കാവ്യദോഷങ്ങളിൽ ഒന്ന്.
'ഭംഗികൾ മാറ്റി പുതുപ്പിക്കാതെ ഒരേ മട്ടിൽ തന്നെ തുടരുന്നത്' എന്നു ലക്ഷണം.

അനവ്രതൻ-൧. അന്യം സന്യാസവൃത്തിയുള്ളവൻ. ൨. മേൽപ്രകാരമുള്ള ഒരു ഋഷിവരൻ.

അനശന-വി. അശനം (ഭക്ഷണം) ഇല്ലാത്ത, ഉപവസിക്കുന്ന.

'അനശനേനപരമംബുഭക്ഷം
അവനിദേവന്മാരുമഴലോടെ'
(കിമ്മീരവധം കഥകളി)

അനശനദീക്ഷ-സർവ്വം വെടിഞ്ഞു സന്ന്യസിച്ചതിൽപിന്നീട് മേലിൽ ജലപാനംപോലും ചെയ്കയില്ലെന്നുള്ള ദൃഢനിശ്ചയം, ഉണ്ണുകയില്ലെന്നുള്ള വ്രതം.

അനശ്വര-വി. നശ്വരം (നാശം) ഇല്ലാത്ത, എന്നുമുള്ള.

അനസ്സ്-ന. വണ്ടി (ചാട്).
'ക്ലീബേനസ്സുകടഃ' (അമരം)
[അനസ്സ്, ശകടം ഇ-ം വണ്ടിയുടെ (ചാടിന്റെ) പേർ.]
'അത്രൈവ വിചാരിച്ചുനാന്മുഖനതുനേര-
മത്രയും വിരവിനാലനസ്സുനിർമ്മിച്ചഥ'
(സ്കാന്ദപുരാണം)

ഉ. ജനനം. ന. ജീവൻ, ശ്വാസം. ർ. അടുക്കള. ഇ. അമ്മ, അച്ഛൻ. ന. ദചാര.

അനസൂയ-ന. അത്രിമുനിയുടെ പത്നി, ദുർവ്വാസസ്സുമഹർഷിയുടെ അമ്മ.

മാണ്ഡവ്യൻ എന്ന മഹർഷി 'നാളെ സൂര്യനുദിക്കുന്ന നേരത്തു നാശം വന്നുഭവിക്കും നിനക്കെടോ' എന്ന് ഉഗ്രതപസ്സിനെ ശപിക്കയാൽ അദ്ദേഹത്തിന്റെ ഭാര്യയായ ശീലവതി സൂര്യനെ തപസ്സുചെയ്തു ഉദിക്കാതാക്കി. അക്കാലത്തു അനസൂയ തന്റെ പ്രിയസഖിയായശീലവതിയ്ക്കു മാംഗല്യദോഷം നേരിടാത്ത വിധത്തിൽ സൂര്യനെ ഉദിപ്പിക്കയും ഈ വിഷയത്തിൽസഹായിക്കണമെന്നപേക്ഷിച്ച ത്രിമൂർത്തികൾക്കും മൂന്നും ഇഷ്ടവരം വരുത്തുകയുംചെയ്തു. അനസൂയതന്റെ ഭർത്താവിന്റെ ആശ്രമത്തിൽക്കൂടെ ഗംഗയെ പ്രവഹിപ്പിച്ചു. ഒരിയ്ക്കൽ ഘോരമായ ക്ഷാമം ഉണ്ടായപ്പോൾ ഈ പതിവ്രതാരത്നം ജലഫലമൂലാദികൾ സൃഷ്ടിച്ചു ജനങ്ങളെ സംരക്ഷിച്ചു. ഒരിക്കൽ അനസൂയയുടെ പാതിവ്രത്യപരീക്ഷണാർത്ഥം ത്രിമൂർത്തികൾ അവരുടെ ഭാര്യമാരുടെ വാക്കുകേട്ടു ചെന്നപ്പോൾ അവരെ ശിശുക്കളാക്കിത്തീർക്കുകയും ആ ഭാര്യമാർ വന്നു സങ്കടം പറകയാൽ ത്രിമൂർത്തികളെ പൂർവ്വസ്ഥിതിയിലാക്കുകയും ചെയ്തു. ശ്രീരാമനും സീതയും ലക്ഷ്മണനും അത്രിയുടെ ആശ്രമത്തിൽ ചെന്നപ്പോൾ അനസൂയ വേണ്ടുംവണ്ണം അവരെ സൽകരിക്കയും സീതക്കു തക്ക ഗുണദോഷങ്ങളും, പോകുമ്പോൾ ശരീരകാന്തി സദാപി നിലനിൽക്കുന്നതിനു സീതയെ അനുഗ്രഹിച്ചു വിശ്വകർമ്മാവു നിർമ്മിച്ച ഒരു ദുകൂലവും കുണ്ഡലവും അംഗരാഗവും നൽകയും ചെയ്തിട്ടുണ്ട്.

ഉ. ശകുന്തളയുടെ ഒരു തോഴി.

അനഹങ്കാരം, അനഹംകൃതി-അഹങ്കാരം, അഹംകൃതി (ഞാൻ എന്നുള്ള ഭാവം) ഇല്ലായ്ക, അടക്കം.

അനാകാര-വി. ആകാരം (ശരീരം) ഇല്ലാത്ത, രൂപംഇല്ലാത്ത.

അനാകാലം-ന. ക്ഷാമം, ഉ. അനവസരം.

അനാകുല-വി. ആകുലം (വ്യസനം) ഇല്ലാത്ത, ദുഃഖം ഇല്ലാത്ത, ചിന്നിച്ചിതറിയതല്ലാത്ത.

അനാകൃത-വിരോധിക്കപ്പെടാത്ത.

അനാകൃഷ്ട-വി. ആകൃഷ്ടം (ആകർഷിക്കപ്പെട്ടത്) അല്ലാത്ത.

അനാക്രാന്ത-വി. എതിർക്കപ്പെടാത്ത, ആക്രമിക്കപ്പെടാത്ത.

അനാക്രാന്ത-ന. കണ്ടകാരിച്ചുണ്ട. ഉ. ചെറുവഴുതിന.

അനാഗത-വി. ന. വരാത്ത. ഉ. വരാനിരിക്കുന്ന. (ഭാവികാലത്തോടു ചേരും).
ന. പഠിക്കാത്ത. ർ. പ്രാപിക്കാത്ത, ലഭിക്കാത്ത. ഇ. അറിയാത്ത

അനാഗതശ്മശ്രു-മീശവരാത്തവൻ.

'ഉദ്വൃഢാനാഗതശ്മശ്രുപൂർവ്വകേ' (അമരം)

'ബാലകനനാഗതശ്മശ്രുവാം വടുവിനു
കാലദേശാവസ്ഥാദിഭേദബുദ്ധിയുമില്ല'
(ഭാരതം)

അനാഗതാഹം-നാളെ, അപ്രാപ്തമായ ദിവസം.

അനാഗതാർത്തവ-തിരളാത്തവൾ. അനാഗതമാർത്തവം യസ്യാഃ (ഋതുകാലം വരാത്തവൾ) എന്നു വ്യുൽപത്തി.

അനാഗമം-വി. ഭൂ. ആഗമമല്ലാത്ത. ഉ. വ്യവഹാരത്തിൽ ആധാരമില്ലാത്ത.

അനാഗമ്യൻ-അടുത്തുകൂടാത്തവൻ.

അനാഘ്രാതം-മണപ്പിക്കപ്പെട്ടതല്ലാത്ത.

'അനാഘ്രാതം പുഷ്പം പുതുമധുവനാം
സ്വാദിതരസം'
(അഭിജ്ഞാനശാകുന്തളം)

അനാചാര-വി. ആചാരം (മര്യാദ, സന്മാർഗ്ഗം) ഇല്ലാത്ത.

അനാജി-ധാന്യം.

അനാജ്ഞപ്ത-വി. ആജ്ഞപ്തം (ആജ്ഞാപിക്കപ്പെട്ടതു, കല്പിക്കപ്പെട്ടതു്) അല്ലാത്ത.

അനാജ്ഞാതൻ-ഭൂ. അറിയപ്പെടാത്തവൻ. ഉ. അറിയപ്പെട്ട എല്ലാററിനെക്കാൾ ശ്രേഷ്ഠൻ.

അനാതപം-തണൽ.

അനാതുര-വി. ഭൂ. ദുഃഖമില്ലാത്ത. ഉ. രോഗമില്ലാത്ത.

അനാത്യന്തിക-വി. ഭൂ. നിലനില്ക്കാത്ത, സ്ഥിരതയില്ലാത്ത, അവസാനമായതല്ലാത്ത. ഉ. ഇടയ്ക്കിടവരുന്ന, കൂടക്കൂടെവരുന്ന.

അനാഥ-വി. നാഥൻ (രക്ഷിതാവ്, ഭർത്താവ്, [illegible]) ഇല്ലാത്ത.

അനാഥത്വം-രക്ഷിതാവില്ലാത്ത സ്ഥിതി.

അനാഥപിണ്ഡദൻ-ഒരു കച്ചവടക്കാരൻ. ബുദ്ധഗൌതമൻ ശിഷ്യരെ അഭ്യസിപ്പിച്ചതു് ഇയാളുടെ തോട്ടത്തിൽ വെച്ചാകുന്നു.

അനാദരം-നിന്ദ, ആദരം (സൽക്കാരം) ഇല്ലായ്ക.

'അനാദരഃ പരിഭവഃ
പരീഭാവസ്തിരസ്ക്രിയാ
രീഢാവമാനനാവജ്ഞാ-
വഹേളനമസൂക്ഷണം' (അമരം)

[അനാദരം, പരിഭവം, പരീഭാവം, തിരസ്ക്രിയ, രീഢ, അവമാനന, അവജ്ഞ, അവഹേളനം, അസൂക്ഷണം ൯-ം, അനാദരത്തിന്റെ പേർ.]

അനാദി-വി. ആദി (ആരംഭം, തുടച്ച്) ഇല്ലാത്ത.

അനാദിത്വം-ആദിയില്ലാത്ത സ്ഥിതി.

അനാദിതരിശ്-പണ്ടേ തരിശായ്ക്കിടന്ന സ്ഥലം.

അനാദിനിധനം-ആദിയും അവസാനവും ഇല്ലാത്തതു്.

അനാദിബന്ധം-മായയുടെ കെട്ടുപാട്.

അനാദിമദ്ധ്യാന്ത-വി. ആദിയും മദ്ധ്യവും അന്തവും ഇല്ലാത്ത.

അനാദീനവ-വി. കുറ്റമില്ലാത്ത; നിർദ്ദോഷമായ, പിഴയില്ലാത്ത, കാവില്ലാത്ത.

അനാദൃത-വി. ആദൃതം (ആദരിക്കപ്പെട്ടതു്) അല്ലാത്ത, നിന്ദിക്കപ്പെട്ട.

അനാദേയ-വി. സ്വീകരിക്കാൻ യോഗ്യമല്ലാത്ത, കൈക്കൊള്ളത്തക്കതല്ലാത്ത.

അനാദ്യ-ഭൂ. അദി (ഭക്ഷി) ക്കത്തക്കതല്ലാത്ത. ഉ. ആദ്യമല്ലാത്ത.

അനാദ്യൻ-ആദിയില്ലാത്തവൻ, ഈശ്വരൻ.

അനാദ്യന്തൻ-ആദിയും അന്ത(അവസാന)വും ഇല്ലാത്തവൻ, ഈശ്വരൻ.

'കല്പപാസുകരാവക്ഷമനാദ്യന്തം'
(ഭാഗവതം)

അനാദ്യവിദ്യ-മായം, ഈശ്വരന്റെ ശക്തി.

അനാധാര-വി. ആധാരം (സഹായം, ആശ്രയം) ഇല്ലാത്ത.

അനാധി-വി. ആധി (ദുഃഖത്തെ ഉണ്ടാക്കുന്നതു) ഇല്ലാത്ത, വ്യാകുലമില്ലാത്ത.

അനാധൃഷ്യൻ-കൌരവരിൽ ഒരുവൻ.

അനാധൃഷ്ട-വി. ൧. അഹംകാരമില്ലാത്ത. ൨. കററമില്ലാത്ത. ൩. തടുക്കപ്പെടാൻ വയ്യാത്ത.

അനാധൃഷ്ടി-യാദവസൈന്യത്തിന്റെ അധിപൻ, ഉഗ്രസേനന്റെ പുത്രൻ.

അനാപ്തി-ലഭിക്കായ്ക.

അനാമക-വി. ൧. പ്രസിദ്ധിയില്ലാത്ത, കേൾവിയില്ലാത്ത. ൨. പേരില്ലാത്ത.

അനാമകം-അർശസ്സ് എന്ന മൂലരോഗം.

അനാമത്ത്- സൂക്ഷിപ്പാൻ ഏല്പിക്കൽ, രക്ഷക്കായിവെയ്ക്കുക.

അനാമയ-വി. ൧. ആമയം (വ്യാധി) ഇല്ലാത്ത. ൨. ദുഃഖമില്ലാത്ത.

അനാമയം-രോഗമില്ലായ്മ. (രോഗത്തിന്റെ അഭാവമെന്നു ശബ്ദാർത്ഥം).

'അനാമയംസ്യാദാരോഗ്യം' (അമരം)

[അനാമയം, ആരോഗ്യം ൨-ം, രോഗമില്ലായ്മയുടെ പേർ.]

അനാമിക-മോതിരവിരൽ. പേരു പറവാൻ പാടില്ലാത്തതു് എന്നു ശബ്ദാർത്ഥം. (അംഗുലി എന്നതു നോക്കുക).

[ബ്രഹ്മാവു കള്ളം പറഞ്ഞതിനാൽ ശിവൻ ഈ വിരൽകൊണ്ടാണു ബ്രഹ്മാവിന്റെ തല മുറിച്ചതു്. അന്നിമിത്തം ഇതിനു ബ്രഹ്മഹത്യാദോഷം ഉണ്ടു്. ഈ വിരലിന്മേൽ പവിത്രധാരണം ചെയ്യുന്നതിനു കാരണം ഇതാകുന്നു. മോതിരം ധരിക്കുന്നതിനും [illegible]

'അനാമികാൽപരം രേഖാ
കനിഷ്ഠാംസ്യാദ്ഗതാധികാ
ധനവൃദ്ധികരാംപുംസാം
മാതൃപക്ഷാദ്ബഹുസ്തഥാ'

(സാമുദ്രികാലക്ഷണം)

[മോതിരവിരലിൽനിന്നു് ആരംഭിച്ചു് ഒരു രേഖ ചെറുവിരലിനെ പ്രാപിക്കയാണെങ്കിൽ ആയാൾ ധനികനും അമ്മയുടെ ഇഷ്ടനും ആകും.]

അനാമിഷ-വി. ൧. ആമിഷം(മാംസം) ഇല്ലാത്ത. ൨. ലാഭമില്ലാത്ത.

അനാമൃത-വി. മരണമില്ലാത്ത, നാശമില്ലാത്ത, നിത്യമായ.

അനായാസം-വി. മനസ്സിൽ ഭാരമില്ലാത്ത, പ്രയാസമില്ലാത്ത.

അനായാസകൃത-വി. പ്രയാസംകൂടാതെ ചെയ്യപ്പെട്ട.

അനായാസകൃതം-എളുപ്പത്തിൽ ഉണ്ടാക്കപ്പെട്ട കഷായവിശേഷം. പ്രയാസംകൂടാതെ ചമയ്ക്കപ്പെട്ടതു് എന്നു ശബ്ദാർത്ഥം.

അനായുഷ്യ-അധികം ആയുസ്സില്ലാത്ത.

അനാരതം-എല്ലായ്പോഴും.

'അനാരതം തുംബുരുനാരദാദി
മുനീന്ദ്രവന്ദ്യസ്തുതിവാദ്യഘോഷം'

(ശ്രീകൃഷ്ണചരിതം)

അനാര്യകം-൧. അകിൽ. ൨. കറുപ്പു മഞ്ഞനിറമുള്ള അകിൽ.

അനാര്യജം-അല്പം മഞ്ഞനിറമുള്ള അകിൽ.

അനാര്യതിക്ത-കിരിയാത്ത. ഇതിനു തമിഴിൽ 'നിലവേപ്പ്' എന്നു പറയുന്നു. കിരാതദേശത്തുണ്ടാകുന്നതു കിരിയാത്ത (കിരിയാത്തു്).

[illegible]

അനാലസ്യം-൧. ആലസ്യം (ക്ഷീണം) ഇല്ലായ്ക. ൨. ചൊടിപ്പ്.

അനാലംബു(ബ്ദ)ക-രജസ്വല. (തീണ്ടായിരുന്നവൾ).

അനാലോകിതൻ - നോക്കപ്പെടാത്തവൻ.

അനാവശ്യം-൧. ആവശ്യമില്ലായ്ക. ൨. പ്രയോജനമില്ലായ്ക.

അനാവസഥയോഗ്യം-പാർക്കുന്നതിന് തക്കതല്ലാത്തത്.

അനാവില-വി. ആവിലം (കലങ്ങിയത്) അല്ലാത്ത, തെളിഞ്ഞ.

അനാവൃത-വി ആവൃതം (മറയ്ക്കപ്പെട്ടത്) അല്ലാത്ത, മറയ്ക്കപ്പെടാത്ത.

അനാവൃതൻ- മറയ്ക്കപ്പെടാത്തവൻ, നഗ്നൻ.

അനാവൃഷ്ടി-വൃഷ്ടി (മഴ) ഇല്ലായ്മ.

അനാവേധോൽകീർണ്ണം-ആവേധോൽകീർണ്ണം(കത്തിത്തുളക്കപ്പെട്ടത്)അല്ലാത്ത.
‘അനാവേധോൽകീർണ്ണം മണി’
(അഭിജ്ഞാനശാകുന്തളം)

അനാശ-വി. ൧. ആശ (ആഗ്രഹം) ഇല്ലാത്ത. (അൻ+ആശ). ൨. നാശം ഇല്ലാത്ത.—(അ+നാശ).

അനാശസ്ത-വി. സ്തുതിക്കപ്പെടാത്ത, പ്രശംസിക്കപ്പെടാത്ത.

അനാശ്രയ-ആശ്രയം (രക്ഷ) ഇല്ലായ്ക.

അനാശ്രവ-വി. കേൾക്കാത്ത, ചെവിപൊട്ടായ.

അനാസ്ഥ-വി. ൧. വിചാരമില്ലാത്ത. ൨. മാനമില്ലാത്ത. ൩. വിശ്വാസമില്ലാത്ത ൪. ആഗ്രഹമില്ലാത്ത.

അനാസ്ഥാന-വി. ൧. സഭയില്ലാത്ത. ൨. ശരിയായ സ്ഥാനം ഇല്ലാത്ത, ഇരിപ്പിടം ഇല്ലാത്ത.

അനാഹത-വി. ആഹതം (മുറിക്കപ്പെട്ടത്, അടിക്കപ്പെട്ടത്) അല്ലാത്ത.

അനാഹതം-൧. നെയ്ത്തുതറിയിൽനിന്ന് ഉടൻ എടുത്തതും മുറിക്കാത്തതും അലക്കാത്തതുമായ വസ്ത്രം. (കോടി എന്ന ഭാഷ). ൨. ആറാധാരങ്ങളിൽ ഒന്ന്.

അനാഹാരം-ആഹാരമില്ലായ്ക.

അനാഹാര്യ-വി. ൧. സ്വാഭാവികമായ. ൨. ഭക്ഷിക്കത്തക്കതല്ലാത്ത, കൈക്കൊള്ളത്തക്കതല്ലാത്ത.

അനിക-കിണികിണിപ്പാല.

അനിക്ഷു-ചെറിയ കരുവിക്കരിമ്പ്.

അനിഗൂഹിതം-മറയ്ക്കപ്പെടാത്തത്.

അനിച്ഛം-ഉപ്പനിച്ചം.

അനിത്യ-വി. സ്ഥിരമില്ലാത്ത, ഏറെക്കാലം നിൽക്കാത്ത.

അനിത്യക്രിയ-കൂടക്കൂടെയുള്ള പ്രവൃത്തി.

അനിന്ദിത-വി. നിന്ദിതം (നിന്ദിക്കപ്പെട്ടത്) അല്ലാത്ത.

അനിമിത്ത-വി. അടിസ്ഥാനമില്ലാത്ത, കാരണമില്ലാത്ത

അനിമിത്തലിംഗനാശം-ഒരു നയനരോഗം.
[ദേവന്മാരെയും ഋഷികളെയും ഗന്ധർവ്വന്മാരെയും മഹാസർപ്പങ്ങളെയും സൂര്യനെയും സൂക്ഷിച്ചുനോക്കുന്നതുകൊണ്ട് മനുഷ്യന്റെ കണ്ണിന് കാഴ്ചയില്ലാതാവുക.]

അനിമിഷം-മത്സ്യം. ഇമച്ചു മിഴി ഇല്ലാത്തത്.

അനിമിഷൻ-ദേവൻ.
‘അനിമിഷവരരെ ധരിച്ചുകൊൾവിൻ
കനിവൊടുമെകടമെവരിതന്നിയോഗം’
(ശ്രീകൃഷ്ണചരിതം)

അനിമേഷ-ഇമച്ചു മിഴിയോടുകൂടാത്ത.
‘ജനമെല്ലാമുൻമുഖമാ-
യനിമേഷകളായ നേത്രപംക്തികളാൽ,’
(അഭിജ്ഞാനശാകുന്തളം)

അനിമേഷം-മത്സ്യം.

അനിയന്ത്രണീയൻ-തടുക്കാൻകഴിയാത്തവൻ, അടക്കിവയ്ക്കാൻ കഴിയാത്തവൻ.

അനിയന്ത്രിതൻ-തനിക്കു ബോധിച്ചതുപോലെ ചെയ്യുന്നവൻ.

അനിയന്ത്രിതം-അടക്കി വെക്കപ്പെടാത്തത്, സ്വാതന്ത്ര്യമുള്ളത്.

അനിയമപരിവൃത്തം-കാവ്യദോഷങ്ങളിൽ ഒന്ന്.

[നിയമം വേണ്ടാത്തിടത്തു അതു ചെയ്യുന്നത് ഉദാ., 'വദനം ചന്ദ്രകാന്തം താൻ' ഇവിടെ 'ചന്ദ്രകാന്തം താൻ' എന്ന നിയമം അനാവശ്യകം. [ഭാഷാഭൂഷണം].

അനിരുദ്ധ-വി. നിരുദ്ധം (തടഞ്ഞത്) അല്ലാത്ത, തടുക്കപ്പെടുവാൻ കഴിയാത്ത

അനിരുദ്ധൻ-കൃഷ്ണന്റെ പുത്രനായ പ്രദ്യുമ്നന്റെ മകൻ. ബാണാസുരന്റെ മകളായ ഉഷയുടെ ഭർത്താവ്.

അനിർദ്ദേശം-ആജ്ഞയില്ലായ്ക, (കല്പനയില്ലായ്ക).

അനിർദ്ദേശ്യം-വി. തിരിച്ചു പറയപ്പെടുവാൻ കഴിയാത്ത.

അനിർദ്ധാരിത-വി. ക്ലുപ്തപ്പെടുത്താത്ത

അനിർമ്മല-വി. നിർമ്മലം (പരിശുദ്ധം) അല്ലാത്ത.

അനിർവ്വചനീയ-വി. പറയുവാൻ കഴിയാത്ത

അനിർവ്വചനീയസർവ്വസ്വം-ശ്രീഹർഷന്റെ ഒരു പുസ്തകം.

അനിർവ്വചനീയൻ-ഈശ്വരൻ. ഇന്ന പ്രകാരമുള്ളവൻ എന്നു പറയപ്പെടുവാൻ ആർക്കും കഴിയാത്തതുകൊണ്ട് ഈ പേർ വന്നു.

അനിർവ്വാണ-വി. ൧. കഴുകാത്ത, കുളിക്കാത്ത. ൨. മോക്ഷമില്ലാത്ത.

അനിർവ്വാച്യം, അനിർവ്വചനീയം-പറയപ്പെടുവാൻ കഴിയാത്തത്.

അനിവാര്യ-വി. തടുത്തുകൂടാത്ത (നിവാര്യം-നിവാരണം ചെയ്യത്തക്കത്. നിവാരണം ചെയ്ക=തടുക്കുക).

അനിർവ്വാഹം-പു. നിർവ്വാഹമില്ലായ്ക. ൨. തീർച്ചയില്ലായ്ക. ൩. സാദ്ധ്യമില്ലായ്ക.

അനിർവ്വേദാ-വി. ൧. തളർച്ചയില്ലാത്ത. ൨. വിനയമില്ലാത്ത. ൩. വെറുപ്പില്ലാത്ത

അനിർവ്വേശം-പു. ശമ്പളമില്ലായ്ക. ൨. അധമമായ. ൩. പ്രവൃത്തിയില്ലായ്ക. ൪. ഉറച്ചുനിൽക്കായ്ക.

അനിലഘ്ന(കം)-താന്നി.

അനിലൻ-വായു, സകലപ്രാണികളെയും ജീവിപ്പിക്കുന്നവൻ എന്നു വ്യുൽപത്തി.

അനിലന്മാർ-അനിലന്മാർ എന്ന ഗണദേവതകൾ (അനിലന്മാർ ൪൯.)

അനിലാത്മജൻ-ഭീമൻ. ൨. ഹനുമാൻ

അനിലോദ്ധത-വി. വായുവിനാൽ അടിച്ചു പറത്തപ്പെട്ട.

അനിശം-അ. എപ്പോഴും, രാത്രിയിലും അടങ്ങിയിരിക്കാത്തത്, വിച്ഛേദത്തോടുകൂടാത്തത്.

അനിഷിദ്ധ-വി. നിഷിദ്ധം (നിഷേധിക്കപ്പെട്ടത്) അല്ലാത്ത.

അനിഷ്കൃത-വി. സ്ഥിരപ്പെടുത്താത്ത. ഒതുങ്ങാത്ത, നിവർത്തിക്കാത്ത, തീർച്ചയാക്കാത്ത.

അനിഷ്ട-വി. ഇഷ്ടം (പ്രിയം) അല്ലാത്ത, അനുഗ്രഹിക്കപ്പെടാത്ത,

അനിഷ്ടഗ്രഹം-പാപഗ്രഹം, ദുഷ്ടഗ്രഹം.

അനിഷ്ടാപത്തി, അനിഷ്ടാപാദനം-അനിഷ്ടവാദം.

അനിഴം-ഒരു നക്ഷത്രം. അനൂഷം, അനുഷം ഇങ്ങനെയും പറയുന്നുണ്ട്.

അനിസ്തീർണ്ണ-വി. കടക്കപ്പെടാത്ത.

അനീകം-പു. സേന. ഇതിനാൽ രാജശക്തി ജീവിക്കുന്നു എന്നു താല്പര്യം. ൨. യുദ്ധം.

അനീകസ്ഥാ-പു. രാജാവിന്റെ അംഗരക്ഷകഗണം. സൈന്യത്തിൽ ചേൎന്നവർ എന്നു വ്യുല്പത്തി. വ. അടയാളം. ന. യുദ്ധത്തിലുള്ള കാഹളം. (ഉത്സവകഴൽ).

അനീകസ്ഥൻ-പു. യോദ്ധാവ് (പോരാളി). വ. ആയുധപാണിയായ ഒരു കാവൽക്കാരൻ. ന. ആനപ്പാപ്പാൻ.

അനീകിനി-പു. സേന. വ. സൈന്യവിഭാഗം. (അക്ഷൗഹിണി എന്നശബ്ദം നോക്കുക.)

അനീതി-നീതി (മര്യാദ) കേട്, ദുഷിച്ച നടപ്പാവസ്ഥ (ദുൎന്നടപ്പ്).

അനീലവാജി-അൎജ്ജുനന്റെ ഒരു പേർ. (വെള്ളക്കുതിരയെ വാഹനമാക്കിയവൻ)

അനീശ്വര-വി, പു. ഈശ്വരൻഇല്ലാത്ത. വ. രക്ഷിതാവില്ലാത്ത.

അനീശ്വരവാദി-ദൈവം ഇല്ലെന്നു പറയുന്നവൻ, നാസ്തികൻ.

അനീഹൻ-പു. അയോദ്ധ്യയിലെ ഒരു രാജാവ്. വ. ആഗ്രഹം ഇല്ലാത്തവൻ.

അനു-അ. പു പിന്നാലെ. വ. സാദൃശ്യം. ന. തരം. ശ. ഭാഗം. ൭. ലക്ഷണം. ൮. സന്നിധി. ൯ ആയാമം. ൧൦. ഹീനം. ൧൧. പിൻഭാഗം. ൧൨. കൂടെ.

അനുക-വി. കാമിക്കുന്ന ശീലമുള്ള.

അനുകൻ-പു. ഭൎത്താവ്. വ. കാമുകൻ, സ്ത്രീ തുടങ്ങിയുള്ള കാമവസ്തുക്കളെ കാമിക്കുന്നവൻ (ആഗ്രഹിക്കുന്നവൻ).

അനുകഥനം-കൂടെ (കഥിക്കുക) പറയുക

അനുകഥനീയം-കൂടെ (കഥിക്കത്തക്കതു) പറയത്തക്കതു.

അനുകമ്പ-കരുണാരസം, ദയ, കൃപ, പരദുഃഖത്തിൽ മനസ്സിനെ ഇളക്കുന്നതു (ചലിപ്പിക്കുന്നതു).

'അനുകമ്പയെരിതവമന്ദാരസ'

(നളചരിതം കഥകളി)

അനുകമ്പി-കൃപയുള്ളവൻ, ദയയുള്ളവൻ.

'വാനോർനദീപുരവാണനാളീടുന്ന
ദീനാനുകമ്പിയാംകൃഷ്ണൻതിരുവടി'

(കല്യാണസൗഗന്ധികം തുള്ളൽ)

അനുകമ്പിത-വി. കൃപചെയ്യപ്പെട്ട.

അനുകമ്പ്യ-കൃപ (ദയ) ചെയ്യത്തക്ക.

അനുകരണം-അന്യനെപ്പോലെയുള്ള പ്രവൃത്തി.

അനുകരിക്കുക - അന്യൻ ചെയ്യുന്നതുപോലെ ചെയ്യുക, മാതൃകയാക്കി സ്വീകരിക്കുക.

അനുകല്പ-വി. ഏകദേശം സദൃശമായ.

അനുകല്പം - സൎവ്വാംഗയുക്തമായ കൎമ്മത്തിൽനിന്ന് ഏതാനും കുറഞ്ഞ കൎമ്മം

[ശാസ്ത്രോക്തവിധി രണ്ടു പ്രകാരമുണ്ട്. മുഖ്യവിധിക്കു പ്രഥമകല്പം എന്നും അപ്രധാനവിധിക്കു (മുഖ്യ വിധിയെക്കാൾ താണതിന്) അനുകല്പം എന്നും പേർ. ഉ-ം, ഔപാസനത്തിനു നെല്ലു മുഖ്യം; അതു കിട്ടിയില്ലെങ്കിൽ വരിനെല്ലും മതിയാകും. ഇതു അനുകല്പം.]

അനുകൎഷം-പു. തേരിന്റെ അടിപ്പലക, അച്ചുതണ്ടിന്റെ ചുവട്ടിലെ ആണി, അനുകൎഷിക്കപ്പെടുന്നതു എന്നു വ്യുല്പത്തി. വ. മന്ത്രംകൊണ്ടു വിളിക്കുക, പിടിച്ചുവലിക്ക.

അനുകൎഷണം- പു. ആകൎഷിക്കുക. വ. മന്ത്രംകൊണ്ടു വിളിക്കുക.

അനുകാമം-ഇഷ്ടംപോലെ.

'അച്യുതാനുകാമമിവനോടുകൂടി നീ
മധുരാനാഥനനുവസിച്ചുകൊൾകൊടോ'

(ശ്രീകൃഷ്ണചരിതം)

അനുകാമീനൻ-ഇഷ്ടംപോലെ ചെയ്യുന്നവൻ, ഇഷ്ടംപോലെ നടക്കുന്നവൻ

'കാമംഗാമ്യനുകാമീനഃ' (അമരം)

[കാമംഗാമി, അനുകാമീനൻ ഉ-ം, യുദ്ധാദികളിൽ സ്വേച്ഛപോലെ മറ്റവന്റെ കീഴടങ്ങാതെ സഞ്ചരിക്കുന്നവന്റെ പേർ.]

അനുകാരം-ഒന്നിനു തുല്യമായിട്ടു ചെയ്യുക, മറെറാരുവനെപ്പോലെ ചെയ്യുക.
'അനുഹാരോനുകാരഃസ്യാൽ' (അമര)
[ഒരുവൻെറ രൂപം, ആചാരം, ലക്ഷണം മുതലായവയെ മറെറാരുവൻ അനുകരിക്കുന്നതിൻെറ പേർ.]

അനുകാരി-അനുകരിക്കുന്നവൻ.

അനുകാര്യൻ - അനുകരിക്കപ്പെടുവാൻ യോഗ്യൻ.

അനുകാലം-കാലത്തിനു തക്കവണ്ണം.

അനുകീർത്തനം-പറയുക, അറിയിക്കുക.

അനുകൂലം-വി. ഹിതമായ, ഇഷ്ടമായ.

അനുകൂല-ചെറിയ ഒന്തി.

അനുകൂലകം-ചെറിയ ഒന്തി.

അനുകൂലത-അനുസരിപ്പു, വിരോധമില്ലായ്മ

അനുകൂലശത്രു-ഇഷ്ടമുള്ളഭാവത്തിൽ അടുത്തിരിക്കുന്ന (പെരുമാറുന്ന) വിരോധി.

അനുകൂലിക്ക-അനുസരിക്കുക.

അനുഃകസംരാച്ചടാ-മുത്തങ്ങ.

അനുക്രമം-ക്രമത്തെ (മുറയെ) അനുസരിച്ചതു്.

അനുക്രമണം-ക്രമം, മുറ.

അനുക്രമണി, അനുക്രമണിക-ഒരു പുസ്തകത്തിലെ സംഗതിവിവരം.

അനുക്രോശം-കരുണാരസം, കൃപ, ദയ. ദീനന്മാരെ വിളിച്ചുവരുത്തുക, ദീനന്മാരെക്കുറിച്ചു വ്യസനിക്കുക എന്നർത്ഥം, അനുശോചനം.

അനുക്തവാച്യം - കാവ്യദോഷങ്ങളിൽ ഒന്നു്.
[അവശ്യം പറയേണ്ടുന്ന അംശത്തെ പറയാതിരിക്ക. ഉ-ം, 'തെല്ലുല്ലചില്ലും തെരാതെ വേലവില്ലാൽ' ഇവിടെ തെല്ലുപോലും അല്ലലില്ലാതെ എന്നു വേണ്ടതാണ്—മാഘോല്ലംഘനം.]

അനുക്തവാതം-ഒരു വാതരോഗം.

അനുക്ത-വി. പറയപ്പെടാത്ത(ഉക്തം= പറയപ്പെട്ടതു്.)

അനുക്ഷണം - വേഗത്തിൽ, പെട്ടന്നു, ക്ഷണത്തിൽ, ഇടവിടാതെ.

അനുഗ-വി. അനുഗമിക്കുന്ന, പിന്നാലെ പോകുന്ന.

അനുഗൻ-പിന്നാലെ നടക്കുന്നവൻ.

അനുഗത-വി. അനുഗമിക്കപ്പെട്ട (പിന്നാലെ ചെന്ന)

അനുഗതവ്യാഖ്യാനം- മൂലഗ്രന്ഥത്തെ പദംപ്രതി വിവരിച്ചു് ഉപപത്തി കാണിക്കുന്നതു്.

അനുഗതി-പിന്നാലെ ചെല്ലുക.

അനുഗം-പിമ്പേ പോകുന്നതു്, അനുഗമിക്കുന്നതു്.
'അന്വഗന്വക്ഷമനുഗമനുപദംക്ലീബമവ്യയം'
[അന്വക്ക്, അന്വക്ഷം, അനുഗം, അനുപദം ൪-ം പിന്നാലെ എന്ന അർത്ഥത്തിൽ ഉപയോഗം]

അനുഗമം-പിന്നാലെ പോവുക.

അനുഗമിക്ക-പിന്നാലെ ഗമിക്കുക.

അനുഗമ്യ-വി. പിന്നാലെഗമിക്കത്തക്ക (പോകത്തക്ക.)

അനുഗാനം-കൂടെപ്പാടുക.

അനുഗാമി-പിന്നാലെ ഗമിക്കുന്നവൻ (പോകുന്നവൻ.)

അനുഗാമിനൻ-ഒത്തവണ്ണം നടക്കുന്നവൻ.

അനുഗീതി-ഒരു വൃത്തത്തിൻെറ പേർ.

അനുഗുണ-വി. അനുകൂലമായ ഗുണം നിമിത്തം സദൃശമായ, ചേർച്ചയുള്ള.

അനുഗുപ്ത-വി. മറയ്ക്കപ്പെട്ട.

അനുഗൃഹീത-വി. അനുഗ്രഹിക്കപ്പെട്ട, നല്ലതുവരട്ടെ എന്നു കല്പിക്കപ്പെട്ട.

അനുഗ്രഹം-ന. പ്രസാദം, വരം, നല്ലതുവരട്ടെ എന്നു പറക.

[ഗുരുജനന്മാർ മുതലായവരുടെ കാൽ പിടിക്കുന്നതിന് 'അഭിവാദ്യം' എന്നു പേർ. അവർ ഇങ്ങോട്ടു ചെയ്യുന്ന അനുഗ്രഹത്തിനു, പ്രത്യഭിവാദനം എന്നു പറയപ്പെടുന്നു.]

ഉ. ഇഷ്ടത്തെ സമ്പാദിക്കയും അനിഷ്ടത്തെ തടുക്കുകയും ചെയ്യുക.

'അഭ്യുപപത്തിരനുഗ്രഹഃ' (അമരം)

[അഭ്യുപപത്തി, അനുഗ്രഹം ഉ-ം, അനുഗ്രഹത്തിന്റെ പേർ. അനുഗ്രഹം എന്നാൽ ചുറ്റും കാത്തു രക്ഷിക്കുക എന്നർത്ഥം.]

അനുഗ്രഹിക്കുക–'നല്ലതു വരട്ടെ' എന്നു കല്പിക്കുക.

അനുചരൻ- സഹായി, അകമ്പടിക്കാരൻ. പിന്നാലെ സഞ്ചരിക്കുന്നവൻ എന്നു വ്യുൽപത്തി.

അനുചരിക്കുക- പിന്നാലെ സഞ്ചരിക്കുക.

അനുചാരകൻ-ന. വേലക്കാരൻ. ഉ. പിന്നാലെ നടക്കുന്നവൻ.

അനുചാരി-വി. പിന്നാലെ നടക്കുന്ന.

അനുചാരിക-ന. പിന്നാലെ നടക്കുന്നവൾ. ഉ. വേലക്കാരി.

അനുചിത-വി. ഉചിതം (കൊള്ളാവുന്നത്) അല്ലാത്ത.

അനുചിതാർത്ഥം - കാവ്യദോഷങ്ങളിൽ ഒന്ന്.

[വിവക്ഷിതത്തിനു വിരോധമായത് അനുചിതാർത്ഥം എന്നു ദോഷലക്ഷണം.]

അനുചിന്ത, അനുചിന്തനം-വിചാരം

'മാരസംശമനുചിന്ത്യസന്തതം'
(ശ്രീകൃഷ്ണചരിതം)

[അനുചിന്ത്യ, അനുചിന്തനം ചെയ്തിട്ട് (വിചാരിച്ചിട്ട്) എന്നർത്ഥം.]

അനുച്ചാരകൻ-ന. ഒരുവൻ പിന്നാലെ ആവർത്തിച്ചുപറയുന്നവൻ. ഉ. ഉത്തരവാദി, പ്രതിവാദി.

അനുച്ഛ്രിതം-പൊക്കം ഇല്ലാത്തത്.

അനുജ-വി. പിന്നാലെ ഉണ്ടായ.

അനുജൻ പിന്നാലെ ജനിച്ചവൻ, രണ്ടാമതുണ്ടായവൻ (ഇളയ സഹോദരൻ.)

'ജഘന്യജേസ്യുഃകനിഷ്ഠ
യവീയോവരജാനുജാഃ' (അമരം)

[ജഘന്യജൻ, കനിഷ്ഠൻ, യവീയാൻ (കനീയാൻ), അവരജൻ, അനുജൻ ഇ-ം, അനുജന്റെ പേർ].

അനുജ-ഇളയ സഹോദരി.

അനുജത്തി-ഇളയസഹോദരി.

അനുജം- വീരപുണ്ഡരി (ഒരങ്ങാടിമരുന്നു.)

അനുജന്മ-വി. പിന്നീടുണ്ടായ.

അനുജന്മനക്ഷത്രം-ജന്മനക്ഷത്രം കഴിഞ്ഞുവരുന്ന ഒൻപതാമത്തെയും പതിനെട്ടാമത്തെയും നക്ഷത്രങ്ങൾ.

[അശ്വതിക്കു മകവും മൂലവും അനുജന്മനക്ഷത്രങ്ങളാകുന്നു. ഇങ്ങിനെ ക്രമപ്രകാരം കണ്ടുകൊൾക]

അനുജന്മാവ്-അനുജൻ.

അനുജാത-വി. പിന്നാലെ ജനിച്ച.

അനുജാതൻ-അനുജൻ (പിന്നാലെ ജനിച്ചവൻ).

അനുജീവനൻ, അനുജീവി-സേവകൻ.

അനുജീവി-വി. ആശ്രയിച്ചു പാർക്കുന്ന.

അനുജ്ഞ-കല്പന.

അനുജ്ഞാത-വി. കല്പിക്കപ്പെട്ട.

അനുജ്ഞാപനം, അനുജ്ഞപ്തി-കല്പന.

അനുജ്ഞാപകൻ-കല്പന കൊടുക്കുന്നവൻ, വഴി നൽകുന്നവൻ.

അനുജ്ഞാ,പ്രകാരം-(വ്യാകരണത്തിൽ) പ്രകാരങ്ങൾ നാലുവിധമുള്ളവയിൽ നാലാമത്തേത്.

അനുതപിക്കുക-ചെയ്തതിന്റെ ശേഷം അതിനെക്കുറിച്ചു ദുഃഖിക്കുക, മൂട്ടപിടിക്കുക.

അനുതപ്ത-വി. ചെയ്തതിനെക്കുറിച്ചു പിന്നീടു ദുഃഖിച്ച, ചൂടുപിടിപ്പിക്കപ്പെട്ട.

അനുതർഷം, അനുതർഷണം-ന. ൧. ദാഹം. ൨. മദ്യപാനം. ൩. പാനപാത്രം.

അനുതാപം-കഴിഞ്ഞതിനെക്കുറിച്ചു ദുഃഖിക്കുക.

അനുത്തമം - അത്യുൽകൃഷ്ടം, ഏതിനെക്കാൾ ഉത്തമമായിട്ടു മറ്റൊന്നില്ലയോ അതു് അനുത്തമം.

അനുത്തമൻ-ആരെക്കാൾ ഉത്തമനായിട്ടു മറ്റൊരുവൻ ഇല്ലയോ അവൻ, അത്യുൽകൃഷ്ടൻ.

അനുത്തരം-ന. ൧. മേൽഭാഗത്തിങ്കലല്ലാത്തതു് (കീഴ്ഭാഗം). ൨. വടക്കല്ലാത്ത മറ്റുദിക്കിലുള്ളതു്. ൩. ശ്രേഷ്ഠമല്ലാത്തതു്.

അനുത്ഥാനം-പ്രയത്നമില്ലായ്മ, അദ്ധ്വാനമില്ലായ്മ.

അനുൽപന്ന-ഉണ്ടാകാത്ത, ജനിക്കാത്ത.

അനുദക-വി. ഉദകം (ജലം) ഇല്ലാത്ത.

അനുദാത്തം-ഒരു സ്വരം. നീചസ്ഥാനത്തിൽ ഉച്ചരിക്കപ്പെടുന്നതു് എന്നു വ്യുൽപത്തി. ഉദാത്തം എന്നാൽ ഉച്ചത്തിൽ ഉച്ചരിക്കപ്പെടുന്നതു് എന്നർത്ഥം.

'ഉദാത്താദ്യാസ്ത്രയഃ സ്വരാഃ' (അമരം)

[സ്വരങ്ങൾ ഉദാത്തം, അനുദാത്തം, സ്വരിതം ഇങ്ങനെ ൩. പ്രചിതം എന്നു ഒരു സ്വരം കൂടെയുള്ള പ്രകാരം കാണുന്നു. അതു ഛാന്ദസമാത്രമാകയാൽ ഇവിടെ ഉപേക്ഷിച്ചിരിക്കുന്നു. 'ഉദാത്തശ്ചാനുദാത്തശ്ച സ്വരിതശ്ച സ്വരാസ്ത്രയഃ ചതുർത്ഥഃ പ്രചിതോ നാമ കഥിതോ യത്ര സാമ ഛന്ദസഃ സ്മൃതഃ' എന്നു പ്രമാണം].

അനുദിനം, അനുദിവസം-ദിവസം പ്രതി.

അനുദ്യമ-ഉത്സാഹമില്ലാത്ത, മടിയുള്ള.

അനുദ്ഢ - ശൂദ്രിയിൽ യാചകിക്ക ജനിച്ചവൻ.

അനുധാവനം-പിറകേ ഓടുക.

അനുദ്ധത-വി. ൧. അഹങ്കാരമില്ലാത്ത. ൨. ഉയർത്തപ്പെട്ടതല്ലാത്ത.

അനുദ്ഭട-വി. ശക്തിയില്ലാത്ത, ധൈര്യമില്ലാത്ത, ശാന്തമായ.

അനുനന്ദിക്കുക-സന്തോഷിക്കുക.

അനുനയം-വണക്കം, ഇഷ്ടം, സമ്മതം, നല്ലവാക്കു്.

അനുനായിക-നാടകങ്ങളിൽ നായികയുടെ സഖിയോ ദാസിയോ ആയവൾ.

അനുനാസികം-ങ, ഞ, ണ, ന, ഩ, മ, ഇവ ൬ം, മൂക്കിനെ ആശ്രയിച്ചുവരികയാൽ ഈ പേർ വന്നു ൨. പഞ്ചമം.

അനുപദം-അ. പിമ്പെ, പദംപ്രതി പദത്തോടും)പദത്തിന്റെ പിന്നാലെ എന്നു വ്യുൽപത്തി. അടുത്ത ക്ഷണത്തിൽ

അനുപദി-അന്വേഷണം ചെയ്യുന്നവൻ.

അനുപദീന-മൂടിച്ചെരിപ്പു് (ബൂട്സ്) കാലിന്റെ അകവും പുറവും ഒരുപോലെ മൂടിക്കൊണ്ടിരിക്കുന്നതു്.

അനുപധി-അ. നിർവ്യാജമായ.

'പ്രേമം നമ്മോടനുപധികല
ന്നീടുമസ്മൽപ്രിയായാഃ'
(മയൂരസന്ദേശം)

അനുപപത്തി-ന. ൧. കുറവു്, മുടക്കം. ൨. യുക്തമില്ലായ്മ, ചേരായ്മ. ൩. യുക്തിയില്ലായ്മ ൪. അതിദാരിദ്ര്യം, വിപത്തു്, കഷ്ടകാലം നിർഭാഗ്യം.

അനുപപന്നം-അയുക്തം.

അനുപഭുക്തം-ഉപഭോഗിക്കപ്പെടാത്തതു്. ഉപഭോഗിക്ക = അനുഭവിക്ക.

അനുപമ-വി. ഉപമ (സാദൃശ്യം, തുല്യം) ഇല്ലാത്ത.

'അനുപമഫലമിദമനുഷ്ഠാനാ-
മാനുഷനസംഗതിവരുമെന്നാകിൽ'
(പ്രദോഷമാഹാത്മ്യം തുള്ളൽ)

അനുപമ - തെക്കുപടിഞ്ഞാറെക്കോണിലെ ദിക്പാലകൻെറ ആനയായ കുമുദൻെറ പിടിയാന. തുല്യത്തോടുകൂടാത്തതു് എന്ന ശബ്ദാൎത്ഥം.

അനുപയുക്ത-വി. ഉപയോഗമില്ലാത്ത, ഉപയോഗിക്കപ്പെടാത്ത.

അനുപലബ്ധി-പു. മീമാംസകന്മാരിലുള്ള ഒരു പ്രമാണം. ൧. അപ്രത്യക്ഷം.

അനുപസ്ഥിതി-പു. ഹാജരില്ലായ്ക, കൂടെയില്ലായ്ക. ൧. ഓൎമ്മയിലുള്ള ശക്തിക്കുറവു്.

അനുപാതം-പു. തിട്ടം, വീതം, ക്രവു്, മാത്ര.

'തുല്യാനുപാതകൌതൂഹലം'

(ഭാഗവതം)

൧. കൂടെ വീഴുക,

അനുപാദേയം- സ്വീകാൎയ്യമല്ലാത്തതു്.

അനുപാനം-പു. ഒരു മരുന്നു സേവിക്കുന്നതിനു മുമ്പോ പിമ്പോ പാനം ചെയ്യപ്പെടുന്നതു്. ൧. ചില ഔഷധം സേവിച്ചാൽ ഉടൻ കുടിക്കുന്ന പാലോ മററു വല്ലതുമോ. ൨. മെരമ്പാടി (മെച്ചാടി)

അനുപാനീയം-കുടിച്ചതിൻെറ ശേഷം പിന്നീടും കുടിക്കുക,

അനുപാലനം-രക്ഷ. ൧. അനുസരണം.

അനുപുരുഷൻ-പിറകെ നടക്കുന്നവൻ.

അനുപേക്ഷണീയം-ഉപേക്ഷിക്കത്തക്കതല്ലാത്തതു്.

അനുപോതകം-വശള. (വശളച്ചീര= ഒരുമാതിരി വള്ളി.)

അനുപ്രദാനം-പു. സമ്മാനം, ദാനം. ൧ (വ്യാകരണത്തിൽ) വൎണ്ണങ്ങളുടെ പലമാതിരി ശ്രുതിവരുന്നതു് അഞ്ചുവക കാരണങ്ങളാലാണു്. അവയിൽ ഒന്നു്.

അനുപ്രയോഗം-പു. കൂടെ ഉപയോഗിക്കുക. (പ്രയോജനപ്പെടുത്തുക), പിന്നെയും പിന്നെയും ചെയ്യുക. ൧. മററൊരു ധാതുവിനെ സഹായിപ്പാനായി അതിനടുത്തു പരമായു് പ്രയോഗിക്കുന്ന ധാതു.

അനുപ്രവചനം-പിന്നെയും പിന്നെയും പറക.

അനുപ്രാപ്തി-അറുപത്തിനാലുകലകളിൽ ഒന്നു്.

അനുപ്രാസം-മററക്ഷരങ്ങളുടെ ആവൃത്തി. (പ്രാസം എന്നതു കവിതയുടെ ഒരുമാതിരി അക്ഷരച്ചേൎച്ചയാണു്) ശബ്ദാലങ്കാരങ്ങളിൽ ഒന്നു്.

പ്രതിഘടരിതഭാവാൽപ്രൌഢിജൃംഭിച്ചകംഭി

ഭയുടേയും മ്ഭിയുടേയും ആവൎത്തനം നോക്കുക.

അനുപ്ലവൻ-സഹായിക്കുന്നവൻ, സഹായി. പിന്നാലെ പോകുന്നവൻ എന്നു ശബ്ദാൎത്ഥം.

അനുബദ്ധ-വി. ഒന്നിച്ചുകൂടിയ, സംഘടിച്ച, ചേൎന്ന.

അനുബന്ധചതുഷ്ടയം-വിഷയം, പ്രയോജനം, സംബന്ധം, അധികാരി ഇവ നാലും.

അനുബന്ധം-പു. അച്ഛനമ്മമാരെ അനുസരിക്കുന്ന കുട്ടി. ൧. മോക്ഷസംഭവം. ൨. പ്രകൃതിപ്രത്യയാദികളിൽ നശിച്ചുപോകുന്ന അക്ഷരം. ൩. പ്രകൃതമായുള്ളതിനെ വിടാതെ രക്ഷിക്ക. ൪. അവസാനം. ൫. ഇടവാടു്. ൬. ചേൎച്ച. ൭. മണം ഇല്ലാതെ നശിച്ചുപോയതിനു മണം ഉണ്ടാക്കുക ൮. രോഗലക്ഷണം.

അനുബന്ധി-വി. സംബന്ധമുള്ള.

അനുബന്ധ്യ-വി. പ്രധാനമായുള്ള, മുഖ്യമായുള്ള.

അനുബിംബം-നിഴൽ (പ്രതിച്ഛായ).

അനുബിംബിക്കുക-നിഴലിക്കുക.

അനുബോധം-പു. ഓൎമ്മ, അറിയിപ്പു്. ൧. ഗന്ധം നശിച്ച വസ്തുവിനു പിന്നീടു ഗന്ധം ഉണ്ടാക്കുക.

**അനുബോധനം**-ഓൎമ്മ, അറിയിപ്പ്.

**അനുഭവം**-പു. പ്രത്യക്ഷം. ൨. ശമ്പളം. ൩. ഉപയോഗം. ൪. സഹിക്കുക. ൫. സ്വീകാരം.

**അനുഭാവക**-വി. തിരിച്ചുകാണിക്കുന്ന, അറിയിക്കുന്ന.

**അനുഭാവം**-പു. സത്തുക്കളുടെ ബുദ്ധിനിശ്ചയം, മനോഗതത്തെ തോന്നിക്കുന്നതു്, മനോവികാരങ്ങളെ പുറത്തറിയിക്കുന്ന ചേഷ്ടാവിശേഷം. ഭാവത്തിനു ശേഷം ഉണ്ടാകുന്നതു് എന്നു വ്യുൽപത്തി. ൨. അറിവ്. ൩. തേജസ്സ്, പ്രഭാവം.

'ജീവന്മുക്തൻപരമേശ്വരനോടനു-
ഭാവമൊരല്പണത്തിച്ചുംപൂണ്ണന്തടൻ'
(ഭാഗവതം)

**അനുഭാവൻ**-പരാക്രമമുള്ളവൻ.

**അനുഭാവനം**-തോന്നലിനെകാണിക്കുക.

**അനുഭാഷണം**- പറഞ്ഞതിനെ പിന്നെയും പറക, സഹഭാഷണം, സംസാരം, സംവാദം.

**അനുഭൂതി**-പു. തോന്നൽ, മനോഭാവം. ൨. അനുഭവം.

**അനുഭൂതിചതുഷ്ടയം**-പ്രത്യക്ഷം, അനുമിതി, ഉപമിതി, ശാബ്ദം ഇവ നാലും.

അനുഭൂതിസ്മൃതിശ്ചസ്യാദനുഭൂതിശ്ചതുൎവിധാ
പ്രത്യക്ഷമപ്യനുമിതിസ്തഥോപമിതിശബ്ദജേ
(കാരികാവലി)

**അനുഭോക്താവു**-അനുഭവിക്കുന്നവൻ.

**അനുഭോഗം**-അനുഭവം.

**അനുമണ്ഡപി**-ചെറിയ വശളച്ചീര.

**അനുമത**-പു. അനുവദിക്കപ്പെട്ട, അംഗീകരിക്കപ്പെട്ട. ൨. സന്തോഷിക്കപ്പെട്ട.

**അനുമതം**-പു. സമ്മതം. ൨ അംഗീകാരം.

**അനുമതി**-പു. സമ്മതം. ൨. അംഗീകാരം. ൩. പ്രഥമമുതൽ പതിനാലാം ദിവസം വരുന്ന വാവ്. ദേവകളാലും പിതൃക്കളാലും അനുമനനം ചെയ്യപ്പെടുന്നതു് എന്നു ശബ്ദാൎത്ഥം.

[ചന്ദ്രൻ അപൂൎണ്ണകലനായി ഏതൊരു വെളുത്തവാവുന്നാൾ ഉദിക്കുന്നുവോ ആ വെളുത്തവാവിനു 'അനുമതി' എന്നു പേർ.]

**അനുമതിക്കുക**-സമ്മതിക്കുക.

**അനുമനനം**-സമ്മതം, അനുജ്ഞ, അനുവാദം.

**അനുമരണം**-ഉടന്തടി (ഉടഞ്ചാവു). ഭൎത്താവിന്റെ മൃതശരീരത്തെ ദഹിപ്പിക്കുമ്പോൾ ഭാൎയ്യക്കൂടി തീയിൽ പതിച്ചു മരിക്കുക.

**അനുമാനം**-പു. ഊഹം. ൨. ശാസ്ത്രത്തിലെ ഒരു പ്രമാണം. ൩. അലങ്കാരങ്ങളിൽ ഒന്നു് (സാധനംകൊണ്ടു സാദ്ധ്യത്തെ ഊഹിക്കുന്നതു്).

**അനുമാനിക്കുക**-ഊഹിക്കുക, സംശയിക്കുക.

**അനുമാപകം**-സംശയിപ്പിക്കുന്നതു്.

**അനുമിത**-വി. ഊഹിക്കപ്പെട്ട, സംശയിക്കപ്പെട്ട.

**അനുമേയ**-വി. ഊഹിക്കത്തക്ക, സംശയിക്കത്തക്ക.

**അനുമോദം**-പു. കൂടെയുള്ള സന്തോഷം, സന്തോഷം, അനുകമ്പ നിമിത്തമുള്ള സന്തോഷം. ൨. അനുമോദനം.

**അനുമോദനം**-പു. അംഗീകാരം, താങ്ങൽ. ൨. സന്തോഷത്തെ ഉണ്ടാക്കുന്നതു്, സന്തോഷം, കൂടെയുള്ള സന്തോഷം.

**അനുമോദിക്കുക**-കൂടെസന്തോഷിക്കുക.

**അനുയവം**-പട്ടുവര

**അനുയാജം**-യാഗത്തിന്റെ ഭാഗം (യജ്ഞാംഗം).

**അനുയാത്ര**-ബഹുമാനമുള്ളവരെ യാത്ര അയക്കുമ്പോൾ കുറച്ചുദൂരം അവരൊന്നിച്ചു് ആചാരപൂൎവ്വം പോവുക.

**അനുയാത്രികൻ**-കൂടെ പോകുന്നവൻ, അകമ്പടിക്കാരൻ.

അനുയാനം-കൂടെ നടക്കുക, അകമ്പടി പോവുക.

അനുയായി, അനുയായികൻ- പിന്നാലെ പോകുന്നവൻ, പിൻഗാമി, അനുചരൻ.

അനുയുക്ത-അനുയോജിക്ക (ചോദിക്ക) പ്പെട്ടവൾ.

'ഹേതുംചോദിതംഗതാധർമ്മ്യുവമിയമനുയുക്താവദേദേവബാലം'

(അഭിജ്ഞാനശാകുന്തളം)

അനുയോഗം- ചോദ്യം. അർത്ഥയോജനയോടുകൂടിയതു് എന്നു വ്യുൽപത്തി.

അനുയോജനം-ചോദ്യം, അറിവാൻ വേണ്ടി ചോദിക്കുന്നതു്.

അനുയോജിക്കുക- ക്രി. ചേരുക. വ. ചോദിക്കുക. ന. ഇണങ്ങുക.

അനുയോജ്യൻ-ഭൃത്യൻ, താഴ്മയും അനുസരണവുമുള്ള ഭൃത്യൻ.

അനുരക്ത -അനുരാഗമുള്ള, സ്നേഹമുള്ള.

അനുരക്തൻ-അനുരാഗമുള്ളവൻ, സ്നേഹമുള്ളവൻ.

അനുരഞ്ജനജ്ഞാനം-അറുപത്തിനാലു കലകളിൽ ഒന്നു്.

അനുരഞ്ജനം-യോജിപ്പു്, ചേച്ച്, സ്നേഹം

അനുരണനം-മാറൊലി.

അനുരതൻ-താൽപര്യമുള്ളവൻ.

അനുരതി-സ്നേഹം, ആഗ്രഹം, താല്പര്യം.

അനുരഥ്യ-നടക്കുന്നവഴി, ഒരു തെരുവിന്റെ അരുക്, മറുവഴി.

അനുരസം, അനുരസിതം- മാറൊലി, മറുശബ്ദം.

അനുരാഗം-ക്രി. ആഗ്രഹം, സ്നേഹം. വ. വാത്സല്യം. വാത്സല്യം എന്ന അർത്ഥത്തിൽ ഉദാഹരണം താഴെ ചേർക്കുന്നു.

'തിന്നകമാരതിരമനമുഴിൽതി-
റഞ്ഞനുരാഗവശനാചറഞ്ഞാൻ'

(കണ്ണശ്ശരാമായണം)

[അനുരാഗത്തിനു രസം എന്നും പറയാം.]

'ഗുണരാഗദ്രവേരസഃ' (അമരം)

അനുരാഗിണി-അനുരാഗമുള്ളവൾ.

അനുരാത്ര-വി. രാത്രിയെ തുടന്ന്.

അനുരാത്രം-അ. എല്ലാരാത്രിയിലും.

അനുരാധ-വി. ക്ഷേമം ഉണ്ടാക്കുന്ന.

അനുരാധ-അനിഴം.

അനുരൂപ-വി. തുല്യമായ, തക്കതായ.

അനുരൂപം-ക്രി. സാദൃശ്യം (തുല്യത). വ. ചേച്ച്, ഉചിതം, യോജിപ്പു്.

അനുരോദനം-ക്രി. അലിവു്, വ്യസനം. വ. കൂടെ കരയുക.

അനുരോധം, അനുരോധനം-അനുസരണം, പിന്നാലെ ചെന്നു തടുക്കുക. 'പോകുമ്പോൾ സ്നേഹിതന്മാർ പിറകേ ചെന്നു് 'ഇന്നു പോകരുതേ' എന്നു തടുക്കുന്നതുകൊണ്ടു് ഈ പേരുണ്ടായി.

അനുരോധക-വി. ഇണക്കമുള്ള, അനുസരണമുള്ള, അനുകൂലമുള്ള.

അനുലഗ്ന-വി. ചേന്ന, പററിയ.

അനുലപിക്കുക-പറഞ്ഞതു തന്നെ പറയുക.

അനുലാപം-പിന്നെയും പിന്നെയും പറക, പറഞ്ഞുതീന്നഉടനേ വീണ്ടുംപറയുക.

'അനുലാപോമുഹുർഭാഷാ' (അമരം)

[അനുലാപം, മുഹുർഭാഷ ഇവ ര-ം, പിന്നെയും പിന്നെയും പറയുന്നതിന്റെ പേർ.]

അനുലാസം, അനുലാസ്യം-മയിൽ.

അനുലേപം, അനുലേപനം- കുറിക്കൂട്ടു്. (ദേഹത്തിൽ പൂശുവാനുള്ള ചന്ദനം മുതലായവ).

അനുലോമ-വി. മുറയുള്ള, ക്രമമായുള്ള, അനുകൂലമായ.

അനുലോമം-അനുകൂലം, മുറ, ക്രമം. അനുലോമം > < പ്രതിലോമം.

അനുലോമനം-ക്രി ക്രമേണകമ്പം, കരേററം. വ. ശമനം. (ഔഷധത്തിൽ) വിരേചിപ്പിക്കുക, ശുദ്ധിവരുത്തുക.

അനുലോമജൻ-ഹീനജാതിക്കാരൻ.

അനുൽപത്തി-ജനിക്കായ്ക, ഉണ്ടാകായ്ക.

അനുവദിക്കുക-സമ്മതിക്കുക, അനുസരിക്കുക.

അനുവർത്തകൻ-അനുസരിക്കുന്നവൻ.

അനുവർത്തനം-അനുസരണം.

അനുവർത്തനീയ-അനുസരിക്കത്തക്ക.

അനുവർത്തിക്കുക-കണ്ടുചെയ്യുക.

അനുവദി-തത്ത.

അനുവദിനം-കഴാച്ചുരിപ്പ്.

അനുവംശം-താഴ്വഴിപ്പട്ടിക, വംശപാരമ്പര്യപ്പട്ടിക.

അനുവാകം-൧. ഋഗ്യജുസ്സമുദായം, വേദത്തിന്റെ ഒരു ഭാഗം, വേദൈകദേശം. ൨. നീക്കടമ്പ്.

അനുവാതം-൧. കാററുവശം. ൨. ശിഷ്യനിൽനിന്നു ഗുരുവിന്മേൽ അടിക്കുന്ന കാററ്.

അനുവാദം-സമ്മതം, അനുസരണം.

അനുവാദക, അനുവാദി-വി. ൧. അനുസരിച്ചു പറയുന്ന, സമ്മതിക്കുന്ന. ൨. വിവരപ്പെടുത്തുന്ന.

അനുവാദപത്രം-സമ്മതപത്രം.

അനുവാസം, അനുവാസനം-൧. വസ്ത്രത്തിനും മററും സുഗന്ധമുണ്ടാക്കുക. ൨. സ്നേഹം.

അനുവാസരം-ദിവസംപ്രതി.

അനുവാസിത-ഉടുത്ത, ഉടുപ്പിട്ട.

അനുവിധം-പണയം.

അനുവിധാ-ജീവിതം (ശമ്പളം). ഇന്ന കർമ്മത്തിന് ഇന്നത് എന്നു തീർച്ചപ്പെടുത്തിയത് എന്നു വ്യുൽപത്തി.

അനുവിധാനം-അനുസരണം, താഴ്മ.

അനുവിദ്ധ-വി. ൧. തുളക്കപ്പെട്ട ദ്വാരം ഉണ്ടാക്കപ്പെട്ട. ൨. മുറിക്കപ്പെട്ട. ൩. ചേർക്കപ്പെട്ട.

അനുവൃത്തി-൧. കണ്ടുചെയ്യു. ൨. നിവൃത്തിയില്ലായ്ക; വിട്ടുപോകാത്ത വിധത്തിലുള്ള സ്ഥിതി.

അനുവേധം-തുളക്കുക (ദ്വാരമുണ്ടാക്കുക) മുറിക്കുക, ചേർക്കുക.

അനുവേലം-അ ഏററവും, അതിമാത്രം എന്ന ശബ്ദവും നോക്കുക. [ലെ

'അനുപമഗുണശീല! നിനക്കിതുവഴിപോലെ
അനുകൂലകർമ്മങ്ങൾ ചെയ്തിട്ടനുവേലം'
(സുഭദ്രാഹരണം കഥകളി)

അനുവ്യാഹാരം, അനുവ്യാഹരണം ൧. ആവർത്തിച്ചു പറക. ൨. ശപഥം, ശാപം.

അനുവ്രജനം, അനുവ്രജ്യ-കൂടെ പോവുക.

അനുവ്രജിക്കുക-കൂടെ പോവുക, അനുകരിക്കുക.

അനുശയം-൧. വിചാരിച്ചു ദുഃഖിക്കുക. പശ്ചാത്താപം. ൨. പണ്ടെയുള്ള ദ്വേഷം.

അനുശരൻ-രാക്ഷസൻ.

അനുശസ്ത്രം-ശരായുധത്തിനു പകരം മറെറല്ലാം ഉപയോഗിക്കുന്ന ആയുധം. (ഇതിൽ നഖവും ഉൾപ്പെട്ടു).

അനുശാസനം-വരുതി. ൨. ചട്ടം. ൩. ശാസ്ത്രം. ൪. ഗുണദോഷം.

അനുശാസിക്കുക-൧. വരുതികൊടുക്കുക. കല്പിക്കുക, ചട്ടംകെട്ടുക.

അനുശോകം, അനുശോചനം-൧. പശ്ചാത്താപം ൨. ദുഃഖം.

അനുഷക്തം-സംബന്ധം, സഹജം, (അനുഷംഗിച്ചത്=ഒന്നിച്ചു ചേർന്നത്).

'രംഗാദിരംഗാൻ സതതാനുഷക്താൻ'
(അഷ്ടാംഗഹൃദയം)

അനുഷക്ത-അനുരക്ത.

'നളേനുഷക്താമവബുദ്ധ്യ പുത്രീം'
(നളചരിതം കഥകളി)

അനുഷക്തി-സ്നേഹം, അനുരാഗം.

അനുഷംഗം (അനുസംഗം)-൧. ചേർച്ച ഒന്നിച്ചുചേരുക, സംബന്ധം. ൨. കലർച്ച, അലിവ്.

അനുഷംഗി(ക)-സംബന്ധിച്ച, ചേർന്ന.

അനുഷേകം, അനുസേചനം-വീണ്ടും നനക്കുക.

അനുഷ്ടുപ്-ഛന്ദസ്സുകളിൽ ഒന്ന്, ഈ വൃത്തത്തിന് വരി ഒന്നിൽ ൮ അക്ഷരം വീതം കാണും.

അനുഷ്ടുഭം-അനുഷ്ടുപ്പ്, (വൃത്തം) ഇതിനു പദ്യം, ശ്ലോകം ഈ പേരുകളും ഉണ്ട്.

അനുഷ്ഠാനം-പ്രവർത്തിക്കുക, ചെയ്യുക.

അനുഷ്ഠാപനം-ഒന്നു ചെയ്യാൻ ഇടയാക്കുക.

അനുഷ്ഠിക്കുക-പ്രവർത്തിക്കുക, ചെയ്യുക

അനുഷ്ഠിത-വി. പ്രവർത്തിക്കപ്പെട്ട, ചെയ്യപ്പെട്ട (അനുഷ്ഠിക്കപ്പെട്ട).

അനുഷ്ഠേയ, അനുഷ്ഠാതവ്യ - വി. ചെയ്യത്തക്ക.

അനുഷ്ണൻ-മടിയൻ. ഉഷ്ണം (ഉത്സാഹം) ഇല്ലാത്തവൻ; ഉഷ്ണൻ (ദക്ഷൻ) അല്ലാത്തവൻ; കാര്യങ്ങൾക്കു ചൂടില്ലാത്തവൻ.

അനുഷ്ണം-ഉല്പലം.

അനുസന്ധാനം-പ്ര. ശോധനം, അന്വേഷണം. ദ്വി. വിചാരണ. തൃ. ചേർക്കുക

അനുസന്ധിക്കുക-പ്ര. ശോധനചെയ്യുക. ദ്വി. ചേർക്കുക.

അനുസമാപനം-പ്ര. സംപൂർത്തി, പരിപൂർണ്ണത, അവസാനം. ദ്വി. തീർച്ച.

അനുസരണം-സമ്മതം, അനുവാദം, പിന്നാലെ നടക്കുക.

'അനുരോധാനുവർത്തനാ' (അമരം)

[അനുരോധം, അനുവർത്തനം ൨-ം, അനുസരണത്തിന്റെ പേർ]

അനുസരിക്കുക- സമ്മതിക്കുക, പിന്നാലെ നടക്കുക.

അനുസാരം- ക്രമം, മുറ

അനുസാരി-പിൻ തുടരുന്നവൻ.

അനുസ്യൂതം-ഇടവിടാതെ.

അനുസ്വാനം-മാറൊലി.

അനുസൃതി-പിൻ തുടർന്നുപോവുക.

അനുസ്മരണം, അനുസ്മൃതി - വീണ്ടുമുള്ള ഓർമ്മ. ഓർമ്മ.

അനുസ്വാരം-സ്വരത്തിനു പിന്നാലെ 'അം' എന്നപോലെ വരുന്ന ഉച്ചാരണം.

അനുഹാരം, അനുഹരണം-ഒന്നിനു തുല്യമായിട്ടു ചെയ്യുക, ഒരുവനെപ്പോലെ കാണിക്കുക, അനുകരിക്കുക. (അനുകാരം എന്നതു നോക്കുക).

അനൂകം-പ്ര. സ്വഭാവം. ദ്വി. വംശംവിടാതെ നില്ക്കുന്നതു് എന്നു ശബ്ദാർത്ഥം.

[പുല്ലിംഗമായാൽ 'പുംസിസ്യാദ്ഗതജന്മനി' എന്നതനുസരിച്ച് കഴിഞ്ഞ ജന്മം' എന്നും അനൂകത്തിനു അർത്ഥം കാണുന്നു.]

അനൂകാശം-പ്രതിഫലിക്കുക, ദീപത്തിന്റെ പ്രതിബിംബം.

അനൂചാനൻ - വേദത്തെയും വേദാംഗത്തെയും അഭ്യസിച്ചവൻ, ഗുരു പറഞ്ഞു കൊടുക്കുന്നതിനെ കേട്ടു കൂടെ ചൊല്ലി പഠിക്കുന്നവൻ എന്നു പദാർത്ഥം (അനുചാനൻ=കൂടെ ചൊല്ലിയവൻ).

അനൂഢ-വി. പ്ര. വഹിക്കപ്പെടാത്ത, അടങ്ങാത്ത. ദ്വി. വിവാഹം കഴിക്കപ്പെടാത്ത (കഴിഞ്ഞിട്ടില്ലാത്ത)

അനൂഢ-വിവാഹം കഴിയാത്ത സ്ത്രീ.

അനൂനം- ഒട്ടൊഴിയാത്തതു്. (കല്പവൃയ. കൂടാതെയുമാകാം. അതിനും ഈ അർത്ഥം തന്നെ)

അനൂനം-വി. ഊനം (കുറവ്) ഇല്ലാത്തതു്, പൂർത്തിയായതു്.

അനൂപ-വി. നനവുള്ള, വളരെ ശീതമുള്ള

അനൂപജം-ഇഞ്ചി.

അനൂപാല്യ-നീർച്ചേമ്പ്.

അനൂപം-പ്ര. വെള്ളംതുടർന്നുവരുമാറാണിരിക്കുന്ന സ്ഥലം.

'ജലപ്രായമനൂപംസ്യാൽ പുംസികച്ഛസ്തഥാവിധഃ' (അമരം)

[ജലപ്രായം, അനൂപം, കച്ഛം ൩-ം വെള്ളം വേണ്ടുവോളമുള്ള അനൂപദേശത്തിന്റെ പേർ.]

൨. ഒരു പ്രാചീനരാജ്യത്തിന്റെ പേർ. ൩. ഈറമുള്ള നിലം (ഈറനിലം). ൪. പോത്ത്. ൫. തവള. ൬. ആന. ൭. നദിയുടെയോ പർവ്വതത്തിന്റെയോ അരക്. ൮. കുളം (തടാകം).

അനൂരു-ഊരുക്കൾ (തുടകൾ) ഇല്ലാത്തവൻ, അരുണൻ (സൂര്യന്റെ സാരഥി).

വളരെക്കാലം കഴിഞ്ഞതിന്റെ ശേഷവും മുട്ടകൾ വിരികായ്കയാൽ കശ്യപന്റെ ഭാര്യയായ വിനത പരീക്ഷക്കായി അവയിൽ ഒരെണ്ണം പൊട്ടിച്ചു. ഉടനെ അരയ്ക്കു താഴെ മൂപ്പായിട്ടില്ലാത്ത ഒരു കുട്ടിയെ കണ്ടു. അതത്രേ അരുണൻ.

അനൂരുകൻ-അരുണൻ.

അനൂരുസാരഥി-സൂര്യൻ. അനൂരു (അരുണൻ) സാരഥിയായിട്ടുള്ളവൻ.

'ഗതാംതിരശ്ചീനമനൂരുസാരഥേഃ' (മാഘം)

അനൃജു-വി. ഋജു (കുടിലം, വളഞ്ഞത്) അല്ലാത്ത, ചൊവ്വില്ലാത്ത, നേരില്ലാത്ത.

അനൃജു-ശാഠ്യക്കാരൻ, നേരില്ലാത്തവൻ, കുടിലമായ മനസ്സോടുകൂടിയവൻ, അപകടമനസ്സുള്ളവൻ.

അനൃജുഗതി-വക്രമായിത്തന്നെ നടക്കുക.

'കേമതാപംപൂണ്ടനൃജുഗതിയാം' (മയൂരസന്ദേശം)

അനൃണ-വി. ഋണം (കടം) ഇല്ലാത്ത.

അനൃണത, അനൃണ്യം-കടം ഇല്ലായ്ക, കടം വീട്ടിയിരിക്കുന്ന സ്ഥിതി.

അനൃതം-പു. കളവ്, അസത്യം. ൨. കൃഷി

അനൃശംസൻ-നൃശംസൻ (ക്രൂരൻ) അല്ലാത്തവൻ.

അനേക-വി. ഏകം (ഒന്ന്) അല്ലാത്ത, പല.

അനേകജം-ഒരു പക്ഷി.

അനേകധാ-അ. പലപ്രകാരം.

അനേകപ-പിടിയാന.

അനേകപം-ആന. അനേക(കൂട്ട)ത്തെ പാലിക്കുന്നത്. തുമ്പിക്കൈയും വായും കൊണ്ടു കുടിക്കുന്നത്. (തുമ്പിക്കൈയ് കൊണ്ട് ആദ്യം പാനംചെയ്ത ജലത്തെ വായിലാക്കിക്കുടിക്കുന്നതുകൊണ്ട് ഈ പേർ വന്നു.)

അനേകപ്രകാരം- ഏകപ്രകാരമല്ലാത്തത്, അനേകഭേദങ്ങളുള്ളത്.

'ഉച്ചാവചംനൈകഭേദം' (അമരം)

[ഉച്ചാവചം, നൈകഭേദം ൨-ം അനേകപ്രകാരത്തിന്റെ പേർ].

അനേകമൂർത്തി-വിഷ്ണു. പല അവതാരങ്ങൾ എടുക്കുന്നതുകൊണ്ട് ഈ പേർ വന്നു.

അനേകശഃ-പലപ്രകാരം.

അനേകാത്ഥം-മാംസം.

അനേഡ(ള)മൂകൻ-ഊമച്ചെകിടൻ, മിണ്ടാനും ചെവികേൾപ്പാനും വയ്യാത്തവൻ. ഏഡ (ചെവികേൾക്കാത്തവൻ) മൂക (മിണ്ടാൻവയ്യാത്തവൻ) =ഏഡമൂകൻ. [ഇവനെക്കാൾ ഏഡമൂകൻ ഇല്ല എന്നു ശബ്ദാർത്ഥം].

അനേനസ്സ്-സൂര്യവംശരാജാവായ പുരഞ്ജനന്റെ പുത്രൻ.

'പുത്രനായ് ശശനെന്നുണ്ടായവനുടെ
പുത്രനായ് പുരന്ദരനെന്നുള്ളവനുമുണ്ടായ്
തൽപുത്രനനേനസ്സുമുണ്ടായവൻപ്രസിദ്ധ [നായ്
തൽപുത്രൻപൃഥുനൃപൻതൽപുത്രൻപൃഥുല [ശ്വൻ'
(ബ്രഹ്മാണ്ഡപുരാണം)

അനേകലോചനൻ-പു. ശിവൻ. ൨. ഇന്ദ്രൻ.

അനേഹസ്സ്-കാലം. നശിക്കാത്തത് എന്നു വ്യുൽപത്തി.

[അരനെവർ, അരനെനത്തും അത്രയും ഈ ശബ്ദം തമിഴും പഴയമലയാളവും പഴയ കർണ്ണാടകവുമാണെന്നു കാണുന്നു]

അനോകഹം-വൃക്ഷം. അനസ്സിന്റെ (വണ്ടിയുടെ) അക (വേഗ) ത്തെ ഹന്തി (തടസ്സപ്പെടുത്തുന്നതു്). മരത്തിന്റെ നേൎക്കു ചെല്ലുന്ന ഏതു വസ്തുവും അതിൽ മുട്ടുകയും ഗതിക്കു മുടക്കം വരുകയും ചെയ്യും. (അനൌകഹം എന്ന പാഠം സാധുവല്ല)

അനൌചിത്യം-ഉചിതമല്ലാത്തതു്, യോഗ്യമല്ലാത്തതു്.

അന്ത-വി. അവസാനത്തിലുള്ള.

അന്തം-പു. മരണം. യമപാശംകൊണ്ടു കെട്ടുന്നതിനാൽ ഈ പേർ വന്നു. ൨. അവസാനം. ൩. നാശം. ൪. അതിരു്. ൫. അയൽസ്ഥലം, അന്തികം. ൬. നിശ്ചയം. ൭. അകത്തുക. ൮. അഗ്രം.

[ഇതും പുരാതനവാക്കാണു്. പഞ്ചദ്രാവിഡഭാഷകളിലുമുണ്ടു].

അന്തകം-പു. അതിത്തി. ൨. സന്നിപാതം എന്ന രോഗം.

[ഇതിങ്കൽ ചൂടു്, സന്താപം, മോഹം, തലവിറയൽ, ഇക്കിൾ, ചുമ, ഇവയുണ്ടാകും. [അസാദ്ധ്യമാണു്.

അന്തകമാൎഗ്ഗം-കാലപുരത്തെക്കുള്ള വഴി.

[ഇതിനു വൈതരണിയെ കൂടാതെ എണ്ണത്താറായിരം യോജന വിസ്താരമുണ്ടു്. ഇതു് ഏറിനാല്പത്തേഴു യോജന (ദിവസംകൊണ്ടു) ദിവസംപ്രതി പ്രേതം നടക്കുന്നു.]

അന്തകൻ-പു. കാലൻ. അന്തം (നാശം) ചെയ്യുന്നവൻ, അവസാന(മരണ)ത്തെ ചെയ്യുന്നവൻ. ൨. ഒരു രാക്ഷസൻ. ൩. ഒരു യാദവൻ.

അന്തകരിപു - പരമശിവൻ. അന്തക (കാല) ന്റെ ശത്രു.

അന്തകാന്തകൻ-അന്തക (കാല)ന്റെ അന്തകൻ (കാലൻ)=ശിവൻ.

'അന്തകാന്തകനെ വേഗം ഏറി
ചിന്തിയാതെ മാധവനായ'
(ദക്ഷയാഗംകഥകളി)

അന്തൎക്കലഹം - അകത്തെ കലഹം. (ജനങ്ങളുടെ ഇടയിലുള്ള കലഹം)

അന്തജ-വി. ഒടുക്കം ജനിച്ച.

അന്തണൻ-ബ്രാഹ്മണൻ.

അന്തശള-നിലക്കുറഞ്ഞി എന്ന മരുന്നു്.

അന്തഗമനം-ഭക്ഷണംകൂടാതെ മരണത്തിന്നായിരിക്ക,

അന്തതഃ-ഒടുക്കം.

'അന്തതഃപറകിലില്ലതിനുനേ'
(അന്യാപദേശശതകം)

അന്തപാലൻ-അഗ്നിമിത്രന്റെകാലത്തു കോട്ടകൾ കാത്തുവന്ന ഉദ്യോഗസ്ഥന്റെ പേർ.

അന്തരതഃ-അ. അകത്തു്.

അന്തരവയവങ്ങൾ-അകത്തുള്ള അംഗങ്ങൾ. അന്തഃ + അവയവങ്ങൾ = അന്തരവയവങ്ങൾ, ആമാശയം, പക്വാശയം, അന്നവാഹി, സ്വേദവാഹി മുതലായവ.

അന്തരം-പു. അവകാശം. ൨. അവധി. ൩. ഉടുക്കുന്ന വസ്ത്രം. ൪. മറവു്. ൫. ഭേദം. ൬. അതിന്നായിക്കൊണ്ടുള്ളതു്. ൭. പഴുതു. ൮. തന്നസംബന്ധിച്ചതു്. ൯. കൂടാതെ ൰. ബഹിർഭാഗത്തിലുള്ളവ. ൰൧. അവസരം. ൰൨. മദ്ധ്യം. ൰൩. അന്തരാത്മാവു്. ൰൪. സാദൃശ്യം.

'അന്തരമവകാശാവധി
പരിധാനാന്തൎദ്ധിഭേദതാദൎത്ഥ്യേ
ഛിദ്രാത്മീയവിനാബഹി
രവസരമദ്ധ്യേന്തരാത്മനിച'
(അമരം.)

[പു. അവകാശം (സ്ഥലം)-ഉ-ം, പ്രവേശിപ്പാൻ അന്തരം അസ്തി-പ്രവേശിപ്പാൻ സ്ഥലമുണ്ടു്. ൨. അവധി-ഉ-ം,

നിമിഷാന്തരേ പേയം-ഒരു നിമിഷത്തിനുള്ളിൽ കുടിക്കണം. ൯. പരിധാനം (ഉടുക്കുന്ന വസ്ത്രം) ഉ-ം, അന്തരേസു ചേലകാഃ-ഉടുപ്പാൻ നല്ല യോഗ്യങ്ങൾ. ൰. അന്തർധി (മറവു) ഉ-ം, മേഘാന്തരിതോ ചന്ദ്രഃ-മേഘത്താൽ മറക്കപ്പെട്ട ചന്ദ്രൻ. ൰൧. ഭേദം (വിശേഷം)-ഉ-ം, യദന്തരം രാവണരാമയോഃ-രാവണന്നും രാമന്നും തമ്മിൽ എത്ര ഭേദമുണ്ടു്. ൰൨. താദർത്ഥ്യം – അതിന്നായിക്കൊണ്ടുള്ള-ഉ-ം, ഘൃതാന്തരഃക്ഷീരഃ-പാൽ നെയ്യുണ്ടാക്കുവാൻ വേണ്ടിയുള്ളതാകുന്നു. ൰൩. ഛിദ്രം (പഴുതു) ഉ-ം, അന്തരേപ്രഹർത്തവ്യാഃ–പഴുതുള്ളപ്പോൾ ശത്രുക്കൾ പ്രഹരിക്കപ്പെടുവാൻ യോഗ്യന്മാരാകുന്നു. ൰൪. ആത്മീയം-(തന്നെ സംബന്ധിച്ചതു്)-ഉ-ം അയമഭ്യന്തരോമമ-ഇവൻ എന്റെ സ്വന്ത ആളാകുന്നു. ൰൫. വിനാ (കൂടാതെ) ഉ-ം, അന്തരേണ പുരുഷാകാരം– പുരുഷാകൃതി കൂടാതെ. ൰൬. ബഹിഃ (ബഹിർഭാഗത്തിലുള്ളവ) ഉ-ം, അന്തരേചണ്ഡാലഗൃഹാഃഗ്രാമസ്യ- ചണ്ഡാലക്കുടികൾ ഗ്രാമത്തിന്നു പുറത്താകുന്നു. ൰൭. അവസരം-ഉ-ം, അത്രാന്തരേകിമപിമാന്മഥമാവിരാസീൽ-ഈ അവസരത്തിൽ ഒരു മന്മഥവികാരം പെട്ടെന്നുണ്ടായി. ൰൮. മദ്ധ്യം-ഉ-ം, ആവയോരന്തരേജാതം-നമ്മുടെ മദ്ധ്യത്തിലുണ്ടായതു്. ൰൯. അന്തരാത്മാവു്-ഉ-ം, ദൃഷ്ടാന്തരാത്മാ ജ്യോതിരൂപഃ-ജ്യോതിരൂപമായ അന്തരാത്മാവു കാണപ്പെട്ടു. ൨൰. സദൃശം ഉ-ം, ഹകാരസ്യാകാരോന്തരതമഃ-ഹകാരത്തിന്നാകാരം ഏറ്റവും സദൃശമാകുന്നു.]

**അന്തരംഗ**-അകത്തുള്ള, ഹൃദയത്തിലുള്ള.

**അന്തരംഗം**-ഹൃദയം, മനസ്സ്.

'അന്തരംഗത്തിലേതുമന്തരമില്ലതിനു'
(കിരാതം തുള്ളൽ)

**അന്തരാ, അന്തരേ, അന്തരേണ**–അ. ൧. മദ്ധ്യത്തിങ്കൽ (ഇടയിൽ). ൨. ഉള്ളിൽ, മനസ്സിൽ. ൩. കുറിച്ചു്.

**അന്തരാന്തരം**-അ. കൂടക്കൂടെ.

**അന്തരാഭവസത്വം**-അന്തരപിശാചു്.

**അന്തരായാമം**-ഒരു വാതവ്യാധി.

[വായു ശരീരത്തെ വില്ലുപോലെ അകത്തേക്കു വലിക്കുന്നതു് ഇതിന്റെ ലക്ഷണങ്ങളിൽ ഒന്നാണ്.]

**അന്തരായം**-മുടക്കം (വിഘ്നം). അന്തരത്തിന്റെ (മറവിന്റെ) അയം(ഗമനം) ഒന്നു തുടങ്ങിയാൽ മുഴുവനുമാകുവോളം അതിനിടയിലുണ്ടാകുന്ന മറവു്

'എന്തഹോ! കഥശരം തൊടുക്കിലാ-
ന്നന്തരായമപഹന്ത മന്നവൻ'
(അഭിജ്ഞാനശാകുന്തളം)

**അന്തരാത്തി**-മനോവേദന.

**അന്തരാത്മാവു്**-൧. ജീവാത്മാവു്-ദേഹത്തിനു ചൈതന്യമുണ്ടാക്കുന്നതു്, അന്തർഭാഗത്തിൽ ശോഭിക്കുന്ന തേജസ്സ്. ൨. മനസ്സ്.

**അന്തരാളദശ**-ഘട്ടം.

**അന്തരാളം**-൧. മദ്ധ്യപ്രദേശം-രണ്ടു വസ്തുക്കളുടെ ഇടയിലുള്ള പ്രദേശം. അവകാശത്തെ കൊടുക്കുന്നതു് എന്നു വ്യുൽപത്തി. ൨. എട്ടുദിക്കുകളുടെ നടുപ്രദേശം.

'അഭ്യന്തരന്ത്വന്തരാളം' (അമര.)

[അഭ്യന്തരം, അന്തരാളം ൨-ം, എട്ടു ദിക്കുകളുടെ നടുപ്രദേശത്തിന്റെ പേർ]

**അന്തരിക്കുക**-൧. മരിക്കുക. ൨. ഇടയിൽ വരുക, ഭേദിക്കുക.

**അന്തരിതം**-ഇടവിട്ടുള്ളതു്.

**അന്തരിക്ഷം** – ആകാശം. അന്തർഭാഗത്തിൽ ഋക്ഷ (നക്ഷത്ര)ങ്ങൾ ഉള്ളതു്. അന്തരീക്ഷം എന്നും പറയാം.

**അന്തരിക്ഷൻ**-ഒരു സൂര്യവംശരാജാവു്.

**അന്തരിക്ഷചരം**-ഒരു പക്ഷി.

**അന്തരീക്ഷം** - ആകാശം. അന്തർഭൂമത്തിൽ കാണുന്ന ജലത്തോടുകൂടിയതു് എന്നു വ്യുൽപത്തി.

**അന്തരീപം**-ദ്വീപം(ദ്വീപു്). വെള്ളത്തിന്റെ മദ്ധ്യത്തിലുള്ള തടം. ജലത്തിന്റെ മദ്ധ്യം, ജലമദ്ധ്യത്തിലിരിക്കുന്നതു് എന്നർത്ഥം.

**അന്തരീയം**-ഉടുക്കുന്ന വസ്ത്രം ഉപാക്കിളിന്റെയും ഞെരിയാണിയുടെയും മദ്ധ്യത്തിലുള്ളതു് എന്നർത്ഥം.

**അന്തരുദരം**-ഉൾവയർ.

**അന്തരേ**-മദ്ധ്യത്തിൽ (ഇടയിൽ.)

**അന്തരേണ**-മദ്ധ്യത്തിൽ (ഇടയിൽ).

**അന്തർഗ്ഗതം**-ഭൂ. വിസ്മൃത-മറയ്ക്കപ്പെട്ടതു്. അന്തർഭാഗത്തിൽ ഗമിച്ചതു് എന്നു വ്യുൽപത്തി. വ. ഉള്ളിലുള്ളതു്. ന. അഭിപ്രായം.

'എന്തിനശോകം തേടുന്നന്തർഗ്ഗതമതിൽചൊ [ല്ലു'
(ബകവധം കഥകളി)

**അന്തർഗ്ഗളം**-കരിംകുറഞ്ഞി.

**അന്തർഗ്ഗൃഹം**-സ്വകാര്യമുറി, അകത്തളം, ഉള്ളിലുള്ള ഗൃഹം.

**അന്തർജ്ജനം**-ബ്രാഹ്മണസ്ത്രീ.

**അന്തർധ**-മറയ്ക്ക എന്ന ക്രിയ.

**അന്തർധാനം**-അപ്രത്യക്ഷമാവുക,മറയുക.

'ദേവന്മാർ പ്രസാദിച്ചു നമുക്കു് ഓരോരോത്തനും ഇരണ്ടുവരം വീതംകൊടുത്തു് അന്തർധാനം ചെയ്തു'.
(കാന്താരതാരകം)

**അന്തർധാര**-ചെമ്പഴ.

**അന്തർധി**-മറയ്ക്ക എന്ന ക്രിയ. ഇതു് നാൽ പദാർത്ഥം. ഉള്ളിൽ മറയ്ക്കപ്പെടുന്നു എന്നർത്ഥം.

**അന്തർദ്ദൃഷ്ടി**-ഉൾക്കണ്ണു്.

**അന്തർദ്വാരം**-ഒളിവാതിൽ. ഗൂഢമാർഗ്ഗമുള്ളതു് എന്നർത്ഥം.

**അന്തർനഗരം**-രാജാവിന്റെ കൊട്ടാരം. (പട്ടണത്തിനകത്തുള്ളതു്).

**അന്തർഭവിക്കുക**-അടങ്ങിയിരിക്കുക, അകത്തുണ്ടാവുക.

**അന്തർഭാഗം**-അകം.

**അന്തർഭാവന**-ഭ്ര. ഉള്ളിലെ ധ്യാനം. വ. അകത്തടങ്ങിയ സ്ഥിതി.

**അന്തർഭാവം**-ഭ്ര. അന്തർഭവിച്ചിരിക്കുന്ന സ്ഥിതി. വ. കാണാതാവുക, മറയുക.

**അന്തർഭൂതം**-അകത്തുണ്ടായതു്.

**അന്തർമ്മദം**-ഗർവം.

**അന്തർമ്മനസ്സ്**-വ്യാകുലചിത്തൻ, വിചാരം നിമിത്തം അന്തർഭാഗത്തിൽ ലയിച്ച മനസ്സുള്ളവൻ, ദുഃഖിതമായ മനസ്സോടുകൂടിയവൻ.

**അന്തർമ്മഹാനാദം**-ശംഖു്.

**അന്തർമ്മോദം**-സന്തോഷം.

**അന്തർയ്യാഗം**-മനസ്സുകൊണ്ടു ചെയ്യുന്ന യാഗം, വന്ദിക്ക.

**അന്തർയ്യാമി**-വി. എല്ലാറ്റിന്റെയും ഉള്ളിൽ സഞ്ചരിക്കുന്ന.

**അന്തർയ്യാമി**-പരമാത്മാവു്.

**അന്തർയ്യാമം**-കടശിയിലെ യാമം. (ഒരു യാമം = ൭½ നാഴിക.)

**അന്തഃര്യ്യാഗം**-മാനസമായ ധ്യാനം.

**അന്തർവ്വത്നി, അന്തർവ്വത്നി**-ഗർഭിണി, അകത്തു ഗർഭം വഹിക്കുന്നവൾ.

'എന്തോര്യ്യാമന്താരാത്മകലുഷവിരഹിതാന്തങ്ങളും കൂടിയോരാമ-
മന്തർവ്വത്നിയെ വെടിഞ്ഞു വനഭൂവിൽ വച്ചേ-
ച്ചീടുതിന്നേതുമേ ഞാൻ'
(ഉത്തരരാമായണം ചമ്പു)

**അന്തർവ്വമി**-ഒരുരോഗം. (ദഹനക്കുറവു കൊണ്ടുമുണ്ടാകാം.)

**അന്തർവ്വംശം**-അന്തർഗൃഹം.

**അന്തർവ്വാഹിനി**-ഭൂമിയുടെ അടിയിൽ കൂടി ഒഴുകുന്ന നദി.

അന്തർവ്വേശ്മികൻ-പള്ളിയറ വിചാരിപ്പുകാരൻ, പള്ളിയറക്കാരൻ.

അന്തർവ്വംശികൻ, അന്തർവ്വേശികൻ-രാജസ്ത്രീകളുടെ ഭവനത്തിലെ അധികാരി, അന്തഃപുരത്തിൽ നിയോഗിക്കപ്പെട്ടവൻ.

അന്തർവ്വാണി-ശാസ്ത്രജ്ഞൻ, അന്തർഭാഗത്തിൽ വാക്കുള്ളവൻ, അപ്പഴപ്പോൾ സമയോചിതങ്ങളായ വാക്കുകൾ തോന്നിക്കൊണ്ടിരിക്കുന്നവൻ.

'പ്രീണിതയാണീയന്തർ-
വാണികളുണ്ണിമണിയിൽ വാണിടുന്നതി
(ഷഷ്ടിപൂർത്തിഷഷ്ഠി) [നാൽ'

അന്തർവ്വിദ്രധി-ഒരു രോഗം.

വാതം മുതലായ ദോഷങ്ങൾ പ്രത്യേകം പ്രത്യേകം കോപിച്ച ഗുന്മംപോലെ കഠിനമായും പുറവ് എന്നവണ്ണം പൊങ്ങിയും ഇരിക്കുന്ന വിദ്രധിയെ അന്തർഭാഗത്തിങ്കൽ ഉണ്ടാക്കുന്നു. ഗുദം, വസ്തി, മുഖം, നാഭി, വയറു, ഒടികൾ, പ്രധാനമായ മാംസപിണ്ഡങ്ങൾ, പ്ലീഹ, യകൃത്ത്, ഹൃദയം, ക്ലോമം (ഒരു മാംസപിണ്ഡം) ഇവയിൽ ഒന്നിനെ ആശ്രയിച്ചുണ്ടാകും.

അന്തർഹാസം-ഉള്ളിലെചിരി.

അന്തർഹിതം-മറഞ്ഞത്.

അന്തർഹിതാത്മാവ്-മറഞ്ഞിരിക്കുന്നവൻ.

അന്തസ്താപം-മനോദുഃഖം.

അന്തസ്ഥങ്ങൾ-യ. ര. ല. വ. (മധ്യമങ്ങൾ എന്നും പറയും).

അന്തസ്ഥ-വി. അകത്തിരിക്കുന്ന.

അന്തസ്ഥ-ഋഗ്വേദത്തിലെ ഒരു മന്ത്രത്തിന്റെ പേർ.

അന്തസ്ഥിത-വി. അകത്തിരിക്കുന്ന.

അന്തസ്സ്-ഗൌരവം.

അന്തസ്സാരം-ദ്ര. അകത്തെകാതൽ, ഗൌരവവിശേഷം. ഉ. മുഖ്യഭാഗം. ന. മനസ്സിന്റെ ഉറപ്പ്.

'അന്തകമാതതനന്ദനഗീതക-
മന്തസ്സാരവിഹീനമിവണ്ണം'
(ഐരാവതപൂജ തുള്ളൽ)

അന്തസ്സ്വേദം-ആന.

അന്ത്യാവസായി-ദ്ര. ക്ഷുരകൻ(ക്ഷൌരക്കാരൻ). അവസാനംവരെ മുറിപ്പാൻ ശീലമുള്ളവൻ എന്നർത്ഥം. ഉ. പറയൻ.

അന്താളം-ഡംഭം.

അന്താഴം, അന്തായം-തഴുത്-സാക്ഷ, തടവ്. (ജന്നലുകളുടെ മുൻഭാഗം കണന്നത്തുപോലെയുള്ളത്).

അന്തി-വൈകുന്നേരം. (സന്ധ്യ എന്നതിന്റെ തത്ഭവം).

[അന്തി-സന്ധ്യ. ശബ്ദങ്ങളുടെ ആദിയിലിരിക്കുന്ന ശ. സ-ഹങ്ങൾ ലോപിക്കുന്നതിന് ഇത് ഒരു ഉദാഹരണമാകുന്നു.]

അന്തി-മൂത്തപെങ്ങൾ.

അന്തിക-ദ്ര. അടുപ്പ്. ഇതിൽ പാത്രം ഉറപ്പിച്ചുവയ്ക്കുന്നതുകൊണ്ട് ഈ പേർ വന്നു. ഉ. ചമ്മലന്ത (ചമ്മക്കാ) ഒരു തൈ. ന. ജ്യേഷ്ഠത്തി, അത്തിക എന്നതു നോക്കുക.

അന്തികതമം-ഏറ്റവും അടുത്തത്.

അന്തികം-സമീപം. അന്തമുള്ളത് എന്നു ശബ്ദാർത്ഥം.

'നേദിഷ്ഠമന്തികതമം' (അമരം)

[നേദിഷ്ഠം, അന്തികതമം ഉ-ം, ഏറ്റവും അടുത്തതിന്റെ പേർ.]

അന്തികാ-ചെരപ്പിച്ചകം.

അന്തികാശ്രയം-ദ്ര. അടുത്ത ആശ്രയം. ഉ. കൊടി മുതലായവ കേറുന്ന കാൽ അല്ലെങ്കിൽ മരം.


അന്തിഗൃഹം-അയൽവീട്.

അന്തിത്തിരി-അന്തിവിളക്ക്, വൈകുന്നേരം (സന്ധ്യയ്ക്കു) വിളക്കുകത്തിക്കുക.

അന്തിമ-വി. വളരെ അടുത്ത.

അന്തിമന്താരം-(അന്തിമലരി നോക്കുക).

അന്തിമം-അന്തികം.



അന്തിമലരി - അന്തിമന്താരം, സന്ധ്യയ്ക്കു വിടരുന്ന പൂവുള്ള ഒരു ചെടി, ചന്തീരടിപ്പൂവ്. ഇതു വൈകുന്നേരം നാലുമണിക്കു വിടരുന്നതിനാൽ "നാലുമണിപ്പൂവ്" എന്നും പറയുന്നു.

അന്തിമഹാകാളൻ-ഒരു പരദേവത.

അന്തിയാവള്ളിയൻ-ഒരു മൈന.

അന്തിവിളക്ക്-അന്തിത്തിരി.

അന്തേവാസി-പ്ര. ശിഷ്യൻ. ഗുരുവിന്റെ അടുക്കൽ തന്നെ വസിക്കുന്നവൻ എന്നർത്ഥം. പ. ചണ്ഡാലൻ (പറയൻ). ഗ്രാമത്തിന്റെ അന്തത്തിൽ പാർക്കുന്നവൻ എന്നു വ്യുൽപത്തി.

അന്തോദ്ദേശചരൻ-ദൈവം, (വിലക്ഷണപദം) സർവ്വശക്തൻ.

അന്തോളം-പല്ലക്ക്, മഞ്ചൽ.

'ശിബികായാപ്യയാനംസ്യാൽ' (അമരം)

[ശിബിക, യാപ്യയാനം ര-ം, അന്തോളത്തിന്റെ പേർ.]

അന്തഃകരണം-മനസ്സ്.

അന്തഃകരണചതുഷ്ടയം-മനസ്സ്, ബുദ്ധി, ചിത്തം, അഹങ്കാരം.

അന്തഃകരണവിഷയചതുഷ്ടയം-മനസ്സിനു സങ്കല്പം, ചിത്തത്തിനു അനുസന്ധാനം, ബുദ്ധിക്കു നിശ്ചയം, അഹങ്കാരത്തിനു അഭിമാനം ഇങ്ങിനെ നാലു്.

അന്തഃകുപിതൻ-ഉള്ളിൽ കോപം തോന്നിയവൻ.

അന്തഃക്ഷോഭം-ആളുകളുടെ ഇടയിലുള്ള കലഹം.

അന്തഃപുരം-രാജാക്കന്മാരുടെ സ്ത്രീകൾ ഇരിക്കുന്ന ഗൃഹം. പുരത്തിന്റെ അകത്തുള്ളതു് എന്നു വ്യുൽപത്തി. (ഇതുതന്നെ രാജസ്ത്രീകളുടെ പേരായും വരും).

'സ്ത്ര്യഗാരംഭൂഭുജാമന്തഃപുരംസ്യാദവരോധനം ശുദ്ധാന്തശ്ചാവരോധശ്ച' (അമരം)

[അന്തഃപുരം, അവരോധനം, ശുദ്ധാന്തം, അവരോധം ര-ം, അന്തഃപുരത്തിന്റെ പേർ.]

അന്തഃപുരചാരി-രാജസ്ത്രീകൾ ഇരിക്കുന്നഭവനത്തിനുള്ളിൽസഞ്ചരിക്കുന്നവൻ. (സ്ത്രീലിംഗം-അന്തഃപുരചാരിണി).

'സൌവിദല്ലാഃ കഞ്ചുകിനഃ സ്ഥാപത്യാഃ സൌവിദാശ്ചതേ' (അമരം)

[സൌവിദല്ലൻ, കഞ്ചുകി, സ്ഥാപത്യൻ, സൌവിദൻ ർ-ം, രാജസ്ത്രീകൾ താമസിക്കുന്ന അന്തഃപുരത്തിന്റെ പുറത്തെ രക്ഷാധികാരികൾ (രാജസമീപത്തിങ്കലും രാജസ്ത്രീഗൃഹത്തിങ്കലും ഉള്ള വേത്രാധികാരികൾ).]

[അന്തഃപുരത്തിലെ ദാസിക്ക് അസിക്നി എന്നു പേർ.]

അന്തഃപുരികമാർ-അന്തഃപുരസ്ത്രീകൾ, രാജസ്ത്രീകൾ.

അന്ത്യ-വി. ഒടുവിലുള്ള.

അന്ത്യകൻ-താണജാതിയിലുള്ളവൻ.

അന്ത്യകാലം-അവസാനസമയം.

അന്ത്യജ-വി. ഒടുക്കം ജനിച്ച.

അന്ത്യജൻ-പ്ര. ശൂദ്രൻ. പ. പറയൻ.

അന്ത്യാത്യം-മുത്തങ്ങ.

അന്ത്യൻ-നീചൻ.

**അന്ത്യപ്രാസം**-ശബ്ദാലങ്കാരങ്ങളിൽ ഒന്ന്. ഈ പ്രാസം മഹാരാഷ്ട്രന്മാൎക്ക് വളരെ പ്രിയമാകയാൽ മഹാരാഷ്ട്രപ്രാസം എന്ന പേരിടാമെന്ന് ഭാഷാഭൂഷണം പറയുന്നു.

'കളഹംസവിരാജിതമന്ദഗതേ
കളധൌതമനോഹരദിവ്യലതേ
കളവല്ലകിയേക്കുഴൽതേടുതതേ
കളിയാടുകവാനുവരാത്മസുതേ'

തേരിൽക്കേറിത്തിരിച്ചു വിജനമതിലഹം
സൂതനോടും ചരിച്ചു
പാരം മോദം ഭവിച്ചു പല മൃഗതതിയെ-
ത്തൽക്ഷണം ഞാൻ വധിച്ചു
നേരെ മുന്നിൽഗ്ഗമിച്ചു വരതരുണിയൊരു-
ത്താൾതന്നാദം ശ്രവിച്ചു [തീ-
ച്ചാരെ ചെൽവാനുറച്ചു മനുജനിനദമ-
ല്ലെന്നു സൂതൻ വദിച്ചു.
(കനകലതാസ്വയംവരം നാടകം)

**അന്ത്യഭം**-രേവതി. അന്ത്യ (ഒടുക്കത്തെ) ഭം (നക്ഷത്രം).

**അന്ത്യം**-൧. അവസാനം. ൨. മരണം. ൩. നാശം. ൪. അവസാനത്തിൽ ഭവിച്ചതു്.

'അന്തോജഘന്യചരമ-
മന്ത്യപാശ്ചാത്യപശ്ചിമം' (അമരം)

[ജഘന്യം, ചരമം, അന്ത്യം, പാശ്ചാത്യം, പശ്ചിമം ഇ-൦ അവസാനത്തിങ്കൽ ഭവിച്ചതിന്റെ പേർ.]

**അന്ത്യമലലക്ഷണം**-ഒരു രോഗം.

[വിധിക്കനുസരിച്ചല്ലാതെ സേവിക്കുന്ന മദ്യം നിമിത്തമുണ്ടാകുന്നതാണ് ഈ രോഗം. മദ്യത്തിന്റെ മൂന്നാമത്തെ മദാവസ്ഥയിൽ പെട്ടവൻ ഗുരുത്വംകൂടാതെ ഗുരുഭാൎയ്യ മുതലായവരെ പരിഗ്രഹിക്കയും മററും ചെയ്യുന്നതു് ഇതിന്റെ ലക്ഷണമാകുന്നു.]

**അന്ത്യയുഗം**-കലിയുഗം.

**അന്ത്യവൎണ്ണം**-ശൂദ്രജാതി.

**അന്ത്യാവസായി**-കാട്ടാളസ്ത്രീയിൽ ചണ്ഡാലനുണ്ടായവൻ

**അന്ത്യവിപുല**-ഒരു വൃത്തം.

**അന്ത്രകൂജം, അന്ത്രകൂജനം, അന്ത്രവികൂജനം**-കടൽ ഇരപ്പ്, കടൽ മുഴങ്ങുന്ന ശബ്ദം.

**അന്ത്രം**-കടൽമാല. മാലയായിട്ടു വയററിൽ വ്യാപിച്ചുകിടക്കുന്നതു്. ആന്ത്രം എന്നും പറയുന്നു.

'ആന്ത്രം പുരീതൽ' (അമരം)

[അന്ത്രം (ആന്ത്രം), പുരീതൽ ൨-൦, കടൽമാലയുടെ പേർ]

**അന്ത്രമാംസം**-ഒരുമാതിരി പൊരിച്ച ഇറച്ചി.

**അന്ത്രവല്ലിക**-ഏരമവള്ളി.

**അന്ത്രവൃദ്ധി**-വൃഷണത്തിലുണ്ടാകുന്ന വീക്കം (നീര്).

**അന്ത്രശില**-വിന്ധ്യപൎവ്വതത്തിൽ നിന്നു പുറപ്പെട്ട ഒരു നദി.

**അന്ദിക**-൧. അടുപ്പ്. ൨. അന്തിക (ജ്യേഷ്ഠത്തി).

**അന്ദുക**-൧. ആനച്ചങ്ങല. ഇതുകൊണ്ടു ബന്ധിക്കപ്പെടുന്നതിനാൽ ഈ പേരുണ്ടായി. ൨. കാൽത്തള (നൂപുരം).

**അന്ദൂക**-൧. ആനച്ചങ്ങല. ൨. കാൽത്തള (നൂപുരം).

**അന്ദോളം**-അന്തോളം, മഞ്ചൽ.

'ആന്ദോളംപല്ലക്കുകൾ തൃഷിപാദാൎത്ഥങ്ങൾ'
(പ്രദോഷമാഹാത്മ്യം തുള്ളൽ)

**അന്ദോളിത**-വി. ഇളക്കപ്പെട്ട.

**അന്ധ**-വി. കണ്ണുകാണാത്ത.

**അന്ധക**-വി. കണ്ണുകാണാത്ത.

**അന്ധകൻ**-൧. കുരുടൻ ൨. ഒരസുരൻ.

അന്ധകൻ കശ്യപനു ദിതിയിലുണ്ടായ ഒരസുരനാണ്. ഇവനു ൧൦൦൦ ഭുജങ്ങളും ശിരസ്സുകളും, ൨൦൦൦ കണ്ണും കയ്യും ഉണ്ടാ

യിരുന്നു. കണ്ണുകൾക്കു കാഴ്ച വേണ്ടുവോളമുണ്ടായിരുന്നിട്ടും അവൻ കുരുടനാണെന്നുള്ള ഭാവത്തിൽ സഞ്ചരിച്ചതിനാൽ 'അന്ധകൻ' എന്നു വിളിക്കപ്പെട്ടു. പാർവ്വതിയെ മോഷ്ടിച്ചുകൊണ്ടുപോകുന്നതിനായി ഭാവിച്ചപ്പോൾ ശിവൻ ഇവനെ കൊല്ലുന്നതിന്നു മുതിൎന്നു, എന്നു മത്സ്യപുരാണത്തിൽ കാണുന്നു. അനന്തരം അവൻ അദ്ദേഹത്തോടു ക്ഷമായാചനം ചെയ്തു. അവന്റെ ഭക്തികണ്ടു ശിവൻ അവനെ ഗണങ്ങളുടെ കൂട്ടത്തിൽ ചേൎത്തു. ഒരിക്കൽ ഇവൻ സ്വൎഗ്ഗത്തിൽ നിന്നു പാരിജാതം മോഷ്ടിക്കാൻ ഉദ്യമിച്ചപ്പോൾ ശിവൻ ഇവനെ കൊന്നു.

൨. കൃഷ്ണന്റെ പൂൎവികനായ ഒരു യാദവൻ. അന്ധകനും വൃഷ്ണിയും കൂടി സ്ഥാപിച്ചതത്രേ അന്ധകവൃഷ്ണിവംശം. ൩. ഒരു ഋഷി. ഉചത്ഥ്യൻ എന്ന മുനിക്കു മമതയിലുണ്ടായവൻ.

**അന്ധകം**-തുംപൂണി.

**അന്ധകരിപു**-ശിവൻ. അന്ധകാസുരനെ കൊന്നവൻ എന്നു ശബ്ദാൎത്ഥം.

**അന്ധകവൎത്മ**- ഒരു പൎവ്വതത്തിന്റെ പേർ.

**അന്ധകവൃഷ്ണികൾ**- അന്ധകന്റെയും വൃഷ്ണിയുടെയും വംശത്തിലുള്ളവർ.

**അന്ധകാരി**-ശിവൻ, അന്ധകരിപു.

**അന്ധകാരം**-ഇരുട്ട്. കണ്ണുകാണാതാക്കുന്നതു് എന്നു ശബ്ദാൎത്ഥം. ലോകത്തെ ഇരുട്ടാക്കുന്നതു് എന്നുമാകാം.

**അന്ധകൂപം**-പൊട്ടക്കിണറു, ഇരുട്ടുകുഴി.

**അന്ധഗോലാംഗൂലന്യായം**-“ഒരു വികൃതിയുടെ ഉപദേശം കേട്ടു ബഹളിയുള്ള കാളക്കൂറ്റന്റെ വാൽ പിടിച്ചു വഴിയറിയാൻ ശ്രമിച്ച കുരുടനു വളരെ അനൎത്ഥം അനുഭവിക്കേണ്ടിവന്നു എന്ന സംഭവത്തെ ദൃഷ്ടാന്തപ്പെടുത്തിക്കൊണ്ടുള്ള ഈ ന്യായം, കണ്ണടച്ചു കാൎയ്യങ്ങളിൽ പ്രവേശിച്ചു് ആപത്തനുഭവിക്കുന്ന സമ്പ്രദായത്തെയാണു കാണിക്കുന്നതു്.”

**അന്ധത**-൧. കണ്ണുകാണായ്ക. ൨. അറിവില്ലായ്ക.

**അന്ധതമസം**-കൂരിരുട്ട്. അധികമായ ഇരുട്ട്, കണ്ണു അല്പവും കാണാത്ത ഇരുട്ട്.

**അന്ധതാമിസ്രം**-ഒരു നരകം.

**അന്ധതിമിരം**-കൂരിരുൾ, വലിയ ഇരുട്ട്.

**അന്ധൻ**-൧. കുരുടൻ. കണ്ണിന്റെ കാഴ്ച കെട്ടവൻ എന്നൎത്ഥം.

'അന്ധോദൃക്' (അമരം)

[അന്ധൻ, അദൃക്ക് ൨-ം, കുരുടന്റെ പേർ.]

൨. അറിവില്ലാത്തവൻ.

'കണ്ണിനും പിടിപെടാത്തവയെല്ലാ-
മെണ്ണിയെണ്ണിവിവരത്തോടുചിതം,
നിൎണ്ണയിപ്പതിനു നല്ലൊരു ശാസ്ത്ര-
കണ്ണുകളുതെളിയാത്തവനന്ധൻ'
(ബാലഭൂഷണം)

'എന്തിക്കാലമകാരണം കണവനോ-
ടന്ധകലമ്പിച്ചുനീ'
(അമരുകശതകം)

**അന്ധപംഗുന്യായം**-“കുരുടനും അവന്റെ തോളിൽ ഇരിക്കുന്ന മുടന്തനും, നടപ്പാനും വഴികാണ്മാനും പരസ്പരം സഹായികളായിത്തീരുന്നു. അപ്രകാരം പ്രത്യേകമായി സാധിപ്പാൻ കഴിയാത്ത കാൎയ്യങ്ങളെ യോജിച്ചു സാധിക്കുന്ന സമ്പ്രദായത്തെയാണ് ഈ ന്യായം കാണിക്കുന്നതു്.”

**അന്ധപൂതന**- കുട്ടികൾക്കു സുഖക്കേടുകൾ ഉണ്ടാക്കുന്ന ഒരു പിശാചു്.

പീഡിതനായ ശിശുവിനു ഛൎദ്ദി, കാസം, ജ്വരം, വെള്ളദാഹം, വസാഗന്ധം, അധികമായ കരച്ചൽ, പാലിൽ വെറുപ്പ്, അതിസാരം ഇവയുണ്ടാകും.

അന്ധം-പ്ര. ഇരുട്ട്. ര. തിമിരം എന്ന നേത്രരോഗം. മ. വെള്ളം, കലങ്ങിയ വെള്ളം

അന്ധമാൎഗ്ഗങ്ങൾ-അറിവില്ലാത്ത വിധങ്ങൾ.

അന്ധവിശ്വാസം-മൂഢവിശ്വാസം.

അന്ധവിശ്വാസം.

സ്വപ്നങ്ങൾ, ശകുനങ്ങൾ, ഭാഗ്യം, ഭാഗ്യക്കുറി, മന്ത്രവാദം മുതലായ അത്ഭുതകങ്ങളായ അനുഭവങ്ങൾ അന്ധവിശ്വാസമെന്ന പദത്തിലുൾപ്പെടുന്നു.

അന്ധസ്സ്-പ്ര. ചോറ്. ഭക്ഷിക്കപ്പെടുന്നത് എന്നൎത്ഥം. ര. സോമലത.

അന്ധഹസ്തിന്യായം-'നാലുകുരുടന്മാർ കൂടി ആനയുടെ ആകൃതി അറിവാൻ പുറപ്പെട്ടു. ഒരാളു കാലും മറെറാരാൾ വാലും വേറെ ഒരാൾ തുമ്പിക്കൈയും നാലാമൻ ചെവിയും മാത്രം തൊട്ടുനോക്കീട്ട് ആന തൂണപോലെയെന്നും കയറുപോലെയെന്നും, പാമ്പുപോലെ എന്നും മുറംപോലെയെന്നും ഓരോരുത്തർ തീൎച്ചയാക്കി. ഇപ്രകാരം ഒരു വസ്തുവിന്റെ അല്പം ഭാഗം മാത്രം ഗ്രഹിച്ച് അതിന്റെ പൂൎണ്ണസ്വഭാവം അറിഞ്ഞുവെന്ന് അഭിമാനിക്കുന്ന സമ്പ്രദായത്തെയാണ് ഈ ന്യായം കാണിച്ചു കളിയാക്കുന്നത്'

അന്ധാളി-മടയൻ. (അന്താളും നോക്കുക)

അന്ധാളിക്കുക - പരിഭ്രമംകൊണ്ടോ മറേറാ മറന്നുപോവുക

'അന്ധാളിപ്പോൽതനതുകഥയും
വിട്ടുപോകുന്നപോൽ'

(മലയാള ശാകുന്തളം)

അന്ധാളിത്തം-പരിഭ്രമംകൊണ്ടും മററും മറന്നുപോവുക.

അന്ധിക-പ്ര. രാത്രി. ര. കൺകെട്ടിക്കളി. മ. ഒരു നയനരോഗം.

അന്ധു-കിണറ്. ജനങ്ങൾക്കു ജീവനം കൊടുക്കുന്നത്, ജലദാനഹേതുവായിട്ടു പ്രാണികളെ ജീവിപ്പിക്കുന്നത്.

അന്ധുലം-ശിരീഷവൃക്ഷം (നെന്മേനിവാക)

അന്ധ്രാ-ഒരു രാജ്യം. [ഇപ്പോഴത്തെ തെലിംഗാന.]

അന്ന്-ആ ദിവസം.

അന്നടേ-അപ്പോൾതന്നെ, തൽക്ഷണം.

അന്നന്ന്-അതതുദിവസം.

അന്ന-വി. അദിക്കപ്പെട്ട, ഭക്ഷിക്കപ്പെട്ട.

അന്നകഫാമജാതൃഷ്ണ-തൃഷ്ണാരോഗം.

[ജലവാഹികളായ സ്രോതസ്സുകൾ അന്നം കഫം ആമദോഷം ആയ ദോഷങ്ങൾ ഹേതുവായിട്ടുദുഷിക്കുമ്പോഴ് തൃഷ്ണയുണ്ടാകുന്നു. ഇതു് ഏഴുവിധമുണ്ട്.]

അന്നക്കൊടി-പ്ര. അന്നത്തിന്റെ അടയാളമുള്ള ഒരു കൊടി. ര. വിശേഷപ്പെട്ട അരയന്നം. മ. അന്നം കൊടുക്കുന്നവരിൽ പ്രമാണി.

'തുള്ളുമിളമാൻകിടാവോ-ശോഭ
കൊള്ളുമൊരന്നക്കൊടിയോ'

(ഒരു പഴയ താരാട്ട്)

അന്നഗന്ധി-പ്ര. ഗ്രഹണി. ര. അതിസാരം.

അന്നജ-ഇക്കിൾ അഞ്ചുവിധം ഉണ്ട്, അവയിൽ ഒന്ന്. അന്നത്തിൽനിന്നുണ്ടാകുന്നതുകൊണ്ട് ഈ പേർ വന്നു.

[ബലപ്പെട്ടും അധികമായും ചെയ്യുന്ന അന്നപാനങ്ങൾകൊണ്ടു വായു മേല്പെട്ടു ഗമിച്ച് ഇക്കിൾ ഉണ്ടാകുന്നു. പ്ര. അന്നജം. ര. യമിള. മ. ക്ഷുദ്ര. ൪. ഗംഭീര. ൫. മഹതി. ഇങ്ങിനെ ഇക്കിൾ ൫ വിധം.]

അന്നഗൎത്താ-അന്നക്കുഴി.

ഭാൎയ്യയുടെ പരിണയത്തിനു ആ സ്ത്രീയുടെ അനുവാദപ്രകാരം അവസാന

മില്ലാത്ത ഭക്ഷണപദാൎത്ഥങ്ങൾ ശേഖരിച്ചിരുന്നു. വിവാഹംചെയ്യുവാൻ വരുന്ന പരമശിവന്റെ ഭൂതങ്ങളെ തൃപ്തിപ്പെടുത്താനായിട്ടാണ് ഇത്രയൊക്കെ ശേഖരിച്ചതു്. മലപ്രമാണം, ചെലവാകാതെ കിടപ്പുള്ള പദാൎത്ഥങ്ങളെ ചെലവാക്കുന്നതിനു മാൎഗ്ഗമുണ്ടാക്കിത്തരണമെന്നു തടാതക തന്റെ ഭൎത്താവിനോട് അപേക്ഷിച്ചു. ഇതുകേട്ടപ്പോൾ ഐശ്വൎയ്യമദോന്മത്തയായ തടാതകയുടെ അഹങ്കാരം ശമിപ്പിക്കണമെന്നാലോചിച്ചു ഭഗവാൻ സമീപത്തു നിന്നിരുന്ന ഹ്രസ്വഗാത്രനായ കുണ്ഡോദരനെ ഒന്നുനോക്കി. ഉടൻ അയാൾക്കു അത്യധികം വിശപ്പു പിടിപെട്ടു. കുണ്ഡോദരൻ അനന്തരം അവിടെയുണ്ടായിരുന്ന സകലവും ഭക്ഷിച്ചിട്ടും വിശപ്പു സഹിക്കാഞ്ഞു പരമശിവന്റെ കാക്കൽവീണു തന്റെ ക്ഷുദ്ബാധ തീൎക്കണമെന്നറിയിച്ചു. തടാതകയും അങ്ങിനെ ഉടൻ ചെയ്യണമെന്നും കുണ്ഡോദരന്റെ വിശപ്പു തീൎപ്പാൻ തനിക്കു ശക്തിയില്ലെന്നും ഭഗവാനെ അറിയിച്ചു. ശിവൻ ഉടൻ അന്നപൂൎണ്ണേശ്വരിയെ സ്മരിച്ചു. ദേവി പ്രത്യക്ഷമായി നാലു അന്നക്കുഴികൾ കുണ്ഡോദരനു കാണിച്ചുകൊടുത്തു. ഇവ നാലും സകല വിഭവസംപൂൎണ്ണങ്ങളായിരുന്നു. ഭഗവാന്റെ കല്പനപ്രകാരം കുണ്ഡോദരൻ അവയിലുള്ള സാധനങ്ങളെല്ലാം ഭക്ഷിച്ചു സംതൃപ്തനായി.

അന്നതൃഷ്ണ-തൃഷ്ണാരോഗം.
[മധുരം, പുളി, ഉപ്പ്, എരിവ്, ഗുരുദ്രവ്യം ഇത്യാദിപദാൎത്ഥങ്ങൾ ഭക്ഷിക്കുക നിമിത്തം ഉണ്ടാകുന്നു.]

അന്നദൻ-അന്നംകൊടുക്കുന്നവൻ.

അന്നദാതാവ്-അന്നംകൊടുക്കുന്നവൻ.

അന്നദാ-പ്ര. ദുൎഗ്ഗ. വ. അന്നപൂൎണ്ണേശ്വരി

അന്നദാനം-ഭക്ഷണം കൊടുക്കുക.

അന്നദ്രവശൂല-ഒരു രോഗം.
[ആഹാരം ദഹിച്ചതിന്റെ ശേഷവും ദഹിക്കുന്ന സമയവും ദഹിക്കാതിരിക്കുന്ന സമയവും വേദനയുണ്ടാകും.]

അന്നനട-പ്ര. അരയന്നം നടക്കുന്നതുപോലെ നടക്കുക. വ. കിളിപ്പാട്ടു സംബന്ധിച്ച ഒരു വൃത്തം. കൃഷ്ണഗാഥ ഈ വൃത്തമാണ്.

അന്നപാനാദി-ആഹാരം (ചോറ) ജലം മുതലായവ.

അന്നപൂൎണ്ണ-വി. അന്നം നിറഞ്ഞ.

അന്നപൂൎണ്ണ-ദുൎഗ്ഗയുടെ രൂപം.

അന്നപൂൎണ്ണേശ്വരി-പ്ര. ദുൎഗ്ഗ. വ. ഒരു ദേവിയുടെ രൂപം. (ഈ ദേവി സൃഷ്ടിക്കുന്നതിന് ഈശ്വരിയാകുന്നു.)

അന്നപ്രാശ(ന)ം-ചോറൂണ്.

'അന്നപ്രാശനമുണ്ണിക്കീമാസത്തിൽ
പിന്നെഞാനതുമങ്ങെത്തുമറികെടോ'
(മൂഢപ്പാന)

അന്നബലം-ഭക്ഷണസാധനങ്ങളിൽ നിന്നുണ്ടാകുന്ന ബലം.

അന്നഭേദി-ഒരു മരുന്ന്.

അന്നഭേദിസിന്ദൂരം(ഭസ്മം)-ഒരു മരുന്ന്. രക്താശയം, പാണ്ഡു, ഗ്രഹണി ഇവയ്ക്കു നന്ന്.

അന്നം-പ്ര. ചോറ്. അദിക്കപ്പെടുന്നതു് എന്നൎത്ഥം. അദിക്ക=ഭക്ഷിക്ക.

'ഭിസ്സാസ്ത്രീഭക്തമന്ധോന്ന
മോദനോസ്ത്രീസദീദിവിഃ' (അമരം)

അന്നം.

'വസ്ത്രദാനഫലംരാജ്യം
പാദുകാഭ്യാംചവാഹനം
താംബൂലാൽഭോഗമാപ്നോതി
അന്നദാനഫലംത്രയം'(നീതിസാരം)

[ഭിസ്സ, ഭക്തം, അന്ധസ്സ്, അന്നം, ഓദനം, ദീദിവി-ം, ചോറിന്റെ പേർ.]
വ. ഭക്ഷിക്കപ്പെട്ട അന്നാദികൾ. വ. അരയന്നപ്പക്ഷി.


അന്നം

അരയന്നം പാലിൽ കലൎന്ന നീരിനെ വേൎതിരിക്കും.

'പാലിൽകലൎന്നുള്ളനീരിനെവേറിട്ടു
പാൽകുടിച്ചീടുന്നോരന്നംപോലെ'
(കൃഷ്ണഗാഥ)

[മന്ദമായും മനോഹരമായുമുള്ള അന്നത്തിന്റെ നട പ്രസിദ്ധമാകുന്നു.]

അന്നമയം-ശരീരം. ചോറു മുതലായ ഭക്ഷണപദാൎത്ഥങ്ങൾ കൊണ്ടുണ്ടായതു് എന്നു താല്പൎയ്യം.

അന്നമയാദികോശം – പഞ്ചീകരിക്കപ്പെട്ട പഞ്ചഭൂതങ്ങളെക്കൊണ്ടുണ്ടായ സ്ഥൂലശരീരം.

അന്നമൂഷിക-ദേവതാളി. (പെരുംപീരം എന്നൊരു പക്ഷം).

അന്നരസം-൧. ഭക്ഷണസാധനങ്ങളുടെ വീൎയ്യം, സത്തു്. ൨. ഭക്ഷണസാധനങ്ങൾ പോകുന്ന ചെറുകുഴൽ.

അന്നൽ-൧. അന്നം, അരയന്നം.

'അന്നൽനേൎനടയാൾ'
(മഹാഭാരതം)

൨. വളരെ കട്ടി.

'അന്നലെപ്പോലെകരഞ്ഞു'
(കൃഷ്ണഗാഥ)

൩. ക്രൗഞ്ചപ്പക്ഷി.

അന്നവാഹി-വായിൽ നിന്നു് ആമാശയത്തിലേക്കുള്ള കുഴൽ.

അന്നസത്രം-ധൎമ്മമായി ഭക്ഷണംകൊടുക്കുന്ന സ്ഥലം.

അന്നിൽ- ക്രൗഞ്ചപ്പക്ഷി. (തമിഴിൽ) അൻറിൽപട്ച്ചി.

'ക്രുങ് ക്രൗഞ്ചഃ' (അമരം)

[ക്രുങ, ക്രൗഞ്ചം-൨-ം, അന്നിൽ പക്ഷിയുടെ പേർ. ക്രൗഞ്ചത്തിനു ക്രൗഞ്ചപ്പക്ഷി എന്നേ അധികം പറയാറുള്ളു.]

അന്നീനൻ-ഭക്ഷിക്കുന്നവൻ.

അനന്തരം-അപ്പുറം.

അമ്പട്ടൻ-ക്ഷൗരക്കാരൻ.

അൻപൻ-൧. സന്തോഷമുള്ളവൻ. സ്നേഹമുള്ളവൻ ൨. ഭൎത്താവു്. ഉ ം, 'മലമകളൻപൻ'-(രാമചരിതം)

അൻപാതെ-അ. വേഗത്തിൽ

അൻപിന-ഉള്ള.

അൻപു്-൧. സന്തോഷം, സ്നേഹം. ൨. ദയ. ൩. ഭക്തി. ൪. വാത്സല്യം.

അൻപുക-൧. സന്തോഷിക്കുക, സ്നേഹിക്കുക. ൨. ചേരുക. ൩. വസിക്കുക. ൪. ഏൎപ്പെടുക

അന്യ-വി. വേറെ, മറ്റു്.

അന്യചിന്ത-മറ്റു വിചാരം.

അന്യതരം-വേറൊട്ടൊന്നു്.

അന്യതരേദ്യു-അ. രണ്ടിൽ വച്ചൊരു ദിവസത്തിൽ, മറുനാൾ, രണ്ടിലൊരു നാൾ.

അന്യതോവാതം-ഒരു നേത്രരോഗം.

[വാതം, പിടലി, കണ്ണു്, ശിരസ്സു്, അടിഎല്ലു് ഇവയിലോ പിൻകഴുത്തിലോ ഞരമ്പിലോ വേറെ സ്ഥാനങ്ങളിലോ നിന്നിട്ടു് പുരികത്തിലും കണ്ണിലും വേദനയെ ഉണ്ടാക്കും. ഇതാണു് അന്യതോവാതം.]

അന്യത്തു്-മറ്റൊന്നു്.

അന്യത്ര-൧. വേറൊരിടത്തു്, മറ്റൊരിടത്തു്, വേറെ എവിടെയെങ്കിലും. ൨. കൂടാതെ.

അന്യഥാ-അ. മറ്റുപ്രകാരമായാൽ.

അന്യഥാത്വം-വേറൊരു പ്രകാരമുള്ള സ്ഥിതി.

അന്യഥാജ്ഞാനം-ഭ്രമം.

'ഭ്രാന്തിൎമ്മിഥ്യാമതിൎഭ്രമഃ' (അമരം)

[ഭ്രാന്തി, മിഥ്യാമതി, ഭ്രമം-൩-ം, അന്യഥാജ്ഞാനത്തിന്റെ പേർ.]

അന്യദ്രവ്യേച്ഛ-മററുള്ളവരുടെ വസ്തുക്കളെ ആഗ്രഹിക്കുക. (ഇതിന് 'അഭിധ്യ' എന്നു പര്യായം).

'അഭിധ്യാന്തുപരസ്വവിഷയേസ്പൃഹാ' (അമരം)

അന്യനാഭി-വി. മററൊരുവംശത്തിൽ ചേൎന്ന.

അന്യൻ-മററൊരുവൻ.

'ഭിന്നാൎത്ഥകാ അന്യതര
ഏകസ്ത്വന്യേതരാവപി' (അമരം)

[ഭിന്നൻ, അന്യതരൻ, ഏകൻ, ത്വൻ, അന്യൻ, ഇതരൻ ഈ-൬, അന്യന്റെ പേർ. അന്യതര എന്നതിന് ഏകതര എന്നും പാഠമുണ്ട്.]

അന്യംനില്പ്-വംശം മുടങ്ങുക.

അന്യപുഷ്ടം-കുയിൽ. അന്യനാൽ വളൎത്തപ്പെടുന്നതുകൊണ്ട് ഈ പേരുണ്ടായി. കുയിൽ അതിന്റെ കുഞ്ഞുങ്ങളെ കാക്കയുടെ കൂട്ടിൽ കൊണ്ടുവെക്കും. തന്റെ കുഞ്ഞെന്നു ഭ്രമിച്ചു കാക്ക അതുകളെ വളൎത്തും. പറന്നുതുടങ്ങിയാൽ അവ തങ്ങളുടെ കൂട്ടത്തിൽ ചേൎന്നുകൊള്ളും.

അന്യം-൧. മററൊന്ന്. ൨. വംശം, സന്തതി.

അന്യഭാവം-വേറൊരുഭാവം (വിചാരം).

'അന്യഭാവമെന്നിൽവേണ്ട ആശയം നീ ചൊൽകബാലെ!' എന്നു ദക്ഷയാഗം കഥകളിയിൽ കാണുന്നു. ഇവിടെ പരിചിതൻ എന്ന വിചാരം-പരിചയമില്ലല്ലോ എന്നുള്ള വിചാരം എന്നൎത്ഥം.

അന്യഭൃത്ത്-കാക്ക. മററൊന്നിനെ (കുയിലിനെ) വളൎത്തുന്നതുകൊണ്ട് ഈ പേരുണ്ടായി.

അന്യഭൃത-കുയിൽ. അന്യഭൃത്തായ കാക്ക വളൎത്തുകയാൽ ഈ പേർ സിദ്ധിച്ചു.

അന്യരൂപ-വി. രൂപം മാറിയ.

അന്യരൂപേണ-മററൊരു രൂപമായിട്ട്.

അന്യവാദി-വി. ൧. കള്ളവുപറയുന്ന. ൨. കള്ളത്തെളിവുകൊടുക്കുന്ന. ൩. മററുവല്ലതും പറയുന്ന.

അന്യശാഖൻ, അന്യശാഖകൻ-മററൊരുമതത്തിൽ ചേൎന്നവൻ, മതത്യാഗി, മതദ്വേഷി.

അന്യസംഗമം-൧. മററൊന്നിനോടുള്ള ചേൎച്ച.

'ആശയംതന്നിലന്യസംഗമ-
മംശയില്ലവൎക്കംബുജാക്ഷ' (പത്തുവൃത്തം)

൨. വ്യഭിചാരം.

അന്യാദൃശം-വി. ഒപ്പം ഇല്ലാത്ത, തുല്യമില്ലാത്ത, മററാരാലും ഇതുപോലെ കാണാത്തമട്ടിൽ അപൂൎവം.

അന്യാധീനൻ-മററൊരുവന് അധീനനായവൻ. (അധീനശബ്ദം നോക്കുക). (അന്യാധീനപ്പെടുത്തുന്നു).

അന്യാപദേശം-പറയുന്നത് ഒന്ന്, മനസ്സിലാക്കേണ്ടതു മററൊന്ന്, ഇതത്രേ അന്യാപദേശരീതി. (അന്യം = മററൊന്ന്. അപദേശം = വ്യാജം)

അന്യാപദേശശതകം-ഒരു പുസ്തകത്തിന്റെ പേർ.

ഇതിന്റെ മൂലഗ്രന്ഥകൎത്താവ് ശ്രീനീലകണ്ഠദീക്ഷിതരാകുന്നു. ഇതിലേക്ക് ൧൦൨൨-ാമാണ്ടു നാടുനീങ്ങിയ കവികുലശേഖരനായ സ്വാതിതിരുനാൾ മഹാരാജാവ് തിരുമനസ്സുകൊണ്ടു പ്രതിപദ്യം അവതാരിക എഴുതിച്ചേൎത്തും സാഹിത്യസാമ്രാജ്യചക്രവൎത്തിയായ മഹാമഹിമശ്രീ കേരളവൎമ്മവലിയകോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ട് മുഴുവനും ഭാഷപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

അന്യായക്കാരൻ-൧. സങ്കടക്കാരൻ. കോടതികളിൽ അന്യായം ബോധിപ്പിക്കുന്നവൻ (വാദി). ൨. ന്യായം വിട്ടു നടക്കുന്നവൻ, അന്യായംചെയ്യുന്നവൻ.

അന്യായത്തടങ്കൽ-ഫ. വല്ല ആളെയും അന്യായമായി തടയുക. ഉ. ശിക്ഷാനിയമപ്രകാരമുള്ള ഒരു കുറ്റം. (തിരുവിതാംകൂർ ശിക്ഷാനിയമം വകുപ്പ് ൩൪൧.

അന്യായത്തടവ്-ഫ. വല്ല ആളെയും അന്യായമായി തടവിൽ വെക്കുക. ഉ. ശിക്ഷാനിയമപ്രകാരമുള്ള ഒരു കുറ്റം. (തിരുവിതാംകൂർ ശിക്ഷാനിയമം വകുപ്പ് ൩൪൨-മുതൽ ൩൪൭-വരെ)

അന്യായം-ഫ. ന്യായം (നീതി) അല്ലാത്തത്, അധർമ്മം, മര്യാദക്കേട്. ഉ. കോടതിയിലും മററും എഴുതി ഹാജരാക്കുന്ന ഹർജി, ആവലാതി.

അന്യൂന-വി. കുറവില്ലാത്ത, മുഴുവനായ, വലുതായ.

അന്യൂനം-പരിപൂർണ്ണം. ന്യൂനം (കുറവ്) ഇല്ലാത്ത.

അന്യേ-അ. കൂടാതെ.

അന്യേതരൻ-അന്യനല്ലാത്തവൻ.

അന്യേദ്യുഃ-അടുത്തദിവസം. (അന്യസ്മിൻഅഹനി=മറെറാരുദിവസത്തിൽ)

'അന്യേദ്യുരുത്ഥായ ചയാത്രചൊല്ലി'
(ശ്രീകൃഷ്ണചരിതം)

അന്യോന്യ-വി. തമ്മിൽതമ്മിലുള്ള, പരസ്പരമുള്ള.

അന്യോന്യഭാവം - പരസ്പരമുള്ള സ്ഥിതി.

അന്യോന്യം-ഫ. പരസ്പരം. ഉ. തമ്മിൽതമ്മിലുള്ളസ്നേഹം. ന. ഒരലങ്കാരം.

'പരസ്പരോപകാരം താ-
നന്യോന്യാഖ്യയലംകൃതി
നിശയാൽശശിശോഭിക്കും
ശശിയാൽനിശയുംതഥാ'
(ഭാഷാഭൂഷണം)

അന്യോന്യവിരുദ്ധവാക്ക് - പരസ്പരം ചേർച്ചയില്ലാത്ത വാക്ക്.

'സംകുലക്ലിഷ്ടേ പരസ്പരപരാഹതേ'
(അമരം)

[സംകുലം, ക്ലിഷ്ടം, പരസ്പരപരാഹതം ൩-ം, അന്യോന്യവിരുദ്ധമായ വാക്കിൻറ പേർ ]

അന്വക്ക്-വി. പിമ്പേപോകുന്ന. പിന്നാലെ കൂടെ ഗമിക്കുന്നത് എന്നശബ്ദാർത്ഥം.

അന്വക്ഷം-അ. പിന്നാലെ. ഇന്ദ്രിയത്തെ അനുഗമിച്ചത് എന്നർത്ഥം.

അന്വയം-ഫ. വംശം. ഉ. അന്യോന്യം സംബന്ധിക്കുന്നത്. ന. അന്യോന്യാകാംക്ഷയെ വിവരിച്ചു കാണിക്കുക, പദങ്ങളെ വാചകമുറയ്ക്കുകൂട്ടുക.

അന്വയിക്കുക-പദങ്ങളെ യോജിപ്പായി ചേർക്കുക.

'അങ്ങുമിങ്ങുമിരിക്കുന്ന
പദങ്ങളെയഥാക്രമം
ചേരുന്നപടി ചേർക്കുന്ന-
തന്വയംപരികീർത്തിതം'
(ബാലപ്രബോധനം)

അന്വർത്ഥ-അർത്ഥത്തോടനുസരിച്ചുള്ള.

അന്വർത്ഥസംജ്ഞ-അർത്ഥത്തോടുകൂടിയ പേര്, ഉചിതമായ പേര്, യുക്തമായ പേര്, തക്കതായ പേര്.

അന്വർത്ഥം-ഏവ്വകാരുടെ നില.

അന്വവായം-ഫ. വംശം. മുത്തുമുത്തുള്ളവരെ പിന്നെപ്പിന്നെയുള്ളവർ പിൻതുടർന്നു നടക്കുക എന്നർത്ഥം, പൂർവ്വം അപരവുമായി അന്വയിക്കപ്പെടുന്നത്. ഉ. നാലനിരത്തുന്നത്.

അന്വവായചതുഷ്ടയം-സത്യം, ആർജ്ജവം, ദമം, ആനൃശംസ്യം ഇവ ൪-ം.

അന്വഹം-ഫ. ദിവസംപ്രതി. ഉ. എല്ലാദിവസവും.

അന്വാഖ്യാതസംഭാഷണം-'മറെറാരുവൻ റിപ്പോർട്ടുചെയ്യുന്നമട്ടിൽ വക്താവിൻറ വാക്യത്തെ ഉദ്ധരിക്കാതെ വിവരിക്കുന്നത്' എന്ന സാഹിത്യസംജ്ഞ.

അന്വാഖ്യാനം-റിപ്പോർട്ട് കേൾപ്പിക്കുക, വിവരം അറിയിക്കുക.

അന്വാചയം-പ്രധാനാപ്രധാനക്രിയകളുടെ സാഹിത്യം.

അന്വാധി-൧. ജാമ്യം, മൂന്നാംസ്ഥാനം, ഉറപ്പ്, രക്ഷ. ൨. പശ്ചാത്താപം. അല്ലെങ്കിൽ ഒരു കാര്യം ചെയ്തുംവച്ചു ദുഃഖിക്കുക.

അന്വാരോഹണം-ഉടന്തടി, ഉടഞ്ചാവു (അനുമരണം നോക്കുക.)

അന്വാസനം-൧. ശുശ്രൂഷ, ഉഴിയം. ൨. മറ്റൊരാളിനു പിന്നീടു സ്ഥാനം ഏൽക്കുക. ൩. ദുഃഖിക്കുക. ൪. സ്നേഹവസ്തി. ൫. പണിസ്ഥലം.

അന്വാഹാര്യം, അന്വാഹാര്യകം-മാസന്തോറുമുള്ള പിതൃകർമ്മം, മാസന്തോറും പിണ്ഡപിതൃയജ്ഞത്തിനു ശേഷം ചെയ്യുന്നതായ അമാവാസ്യാശ്രാദ്ധം.

'പിണ്ഡാന്വാഹാര്യകംശ്രാദ്ധം
കുർയ്യാന്മാസാനുമാസികം'
(മനുസ്മൃതി)

അന്വിത-വി. കൂടിയ.

അന്വിഷ്ട-വി. അന്വേഷിക്കപ്പെട്ട.

അന്വിഷ്ടം-അന്വേഷിക്കപ്പെട്ടതു് (തിരയപ്പെട്ടതു്.)

'അന്വേഷിതംഗവേഷിത-
മന്വിഷ്ടംമാർഗ്ഗിതംമൃഗിതം' (അമരം)

[അന്വേഷിതം, ഗവേഷിതം, അന്വിഷ്ടം, മാർഗ്ഗിതം, മൃഗിതം ഇ-ം, അന്വേഷിക്കപ്പെട്ടതിന്റെ പേർ].

അന്വീക്ഷണം-തേടുക.

അന്വേഷണം, അന്വേഷം-തേടുക.

'സംവീക്ഷണംവിചയനം
മാർഗ്ഗണംമൃഗണാമൃഗഃ' (അമരം)

സംവീക്ഷണം, വിചയനം, മാർഗ്ഗണം, മൃഗണാ, മൃഗം ഇ-ം, അന്വേഷണത്തിന്റെ പേർ.

'സത്യാന്വേഷണനിരതംവിധുരതാഹരമഹോ
(അഭിജ്ഞാനശാകുന്തളം)

അന്വേഷണ - ഭാഷാരീതിക്ക് യോഗ്യമേ അന്വേഷിക്കുക.

അന്വേഷിത-വി. അന്വേഷിക്കപ്പെട്ട (തിരയപ്പെട്ട).

അന്വേഷ്ടൃ-അന്വേഷിക്കുന്ന, തേടുന്ന.

അപ-അ. ൧. നീചം. ൨. വേർപാട്. ൩. കീഴ്ത്തരം. ൪. വികലം. ൫. ഹ്രസ്വത്വം, ഇല്ലാതാവുക. ൬. സന്തോഷം. ൭. സത്യക്കേട്.

അപകടം-൧. ആപത്തു്, ദോഷം, ൨. അഴിമതി.

അപകരുണം-കൃപകൂടാതെ.

അപകർഷം-൧. നിന്ദ, പരിഹാസം. ൨. തള്ളൽ, വലിക്കുക, തള്ളിപ്പുറത്താക്കൽ.

അപകർഷിക്കുക-൧. നിന്ദിക്കുക, പരിഹസിക്കുക, തള്ളുക, വലിക്കുക, തള്ളിപ്പുറത്താക്കുക.

അപകാമം-അ. ആഗ്രഹം കൂടാതെ, മനസ്സില്ലാതെ, മറ്റൊരാളിനു ഹിതക്കേടായിട്ടു്.

അപകാരഗീര്-അപകാരവാക്ക്, ചീത്തപറയുക.

അപകാരം-ഉപകാരക്കേടു്, വിപരീതമായി ചെയ്യുക.

'നികാരോവിപ്രകാരഃസ്യാൽ'
(അമരം)

[നികാരം, വിപ്രകാരം ഇ-ം, അപകാരത്തിന്റെ പേർ.]

അപകാരി, അപകാരകൻ-ഉപകാരം ചെയ്യുന്നവനല്ലാത്തവൻ, വിപരീതമായി ചെയ്യുന്നവൻ.

അപകിരണം-ചിതറൽ, ചിതറുക.

അപകീർത്തിപ്പെടുത്തുക-൧. ദുഷ്കീർത്തി ഉണ്ടാക്കുക. ൨. ശിക്ഷാനിയമപ്രകാരം ഒരു കുറ്റം. (തിരുവിതാംകൂർ ശിക്ഷാനിയമം വകുപ്പ് [illegible].)

അപകൃത-വി. അപകാരം ചെയ്യപ്പെട്ട. വിപരീതമായിചെയ്യപ്പെട്ട, ഇല്ലാതാക്കപ്പെട്ട.

അപകൃതശരണൻ-ശരണം ഇല്ലാത്തവൻ.

'അപകൃതശരണക്കപകൃതിചെയ്യും'

(ഉത്തരരാമായണം ചംപു.)

അപകൃതി, അപകൃത്യം-ഉപദ്രവം, വിരോധം, ധിക്കാരം, ധിക്കാരപ്രവൃത്തി, അകൃത്യം.

അപകീൎത്തി-ദുഷ്കീൎത്തി, കീൎത്തികേട്.

അപകൃഷ്ട-വി. ൧. താണതായ. ൨. ആട്ടിക്കളയപ്പെട്ട, പിടിച്ചുതള്ളിപ്പുറത്താക്കപ്പെട്ട.

അപകൃഷ്ടൻ-൧. പിടിച്ചുതള്ളി പുറത്താക്കപ്പെട്ടവൻ. ൨. താണവൻ.

അപകൃഷ്ടവംശജൻ-താണവംശത്തിൽ ജനിച്ചവൻ.

അപക്തി-പാകമാകാത്ത സ്ഥിതി.

അപക്രമം, അപക്രമണം-൧. ഓട്ടം. ശരിയല്ലാതെ കാൽവെയ്ക്കുക എന്ന ശബ്ദാൎത്ഥം. ൨. പുറകോട്ടുപോവുക, ഒഴിഞ്ഞുപോവുക.

അപക്രയം, അപക്രയണം-വില.

അപക്രിയ-൧. ദുഷ്പ്രവൃത്തി. ൨. അശുഭമായ കൎമ്മം. ൩. ഉപദ്രവം,

അപക്രോശം-൧. ശകാരം. ൨. നിന്ദ, ധിക്കാരം,

അപക്വ-വി. ൧. പക്വം (പാകം) വരാത്ത. ൨. പച്ചയായ. ൩. ദഹിക്കാത്ത.

അപക്വബുദ്ധി-വി. പാകംവരാത്ത ബുദ്ധിയുള്ള.

അപക്വമൂത്രരോഗം - ഒരുരോഗം. [പഴുക്കാത്ത നീര്, ചെറചൂട്, അല്പനീര്, കഠിനത, തൊലിയുടെ നിറം. മന്ദാവമന ഇവയോടുകൂടിയിരിക്കും ]

അപക്ഷ-വി. ൧. പക്ഷം (ചിറക്) ഇല്ലാത്ത. ൨. ഒരുഭാഗത്തു് (വശത്തു്) അല്ലാത്ത. ൩. പക്ഷം (സ്നേഹം) ഇല്ലാത്ത.

അപക്ഷേപം, അപക്ഷേപണം-എറിയുക, കീഴ്പ്പെട്ടിടുക.

അപഖ്യാതി-ദുഷ്കീൎത്തി, ദുൎയ്യശസ്സ്.

അപഗ-വി. പോകുന്ന.

അപഗ-പു. ജലംകൊണ്ടുഗമിക്കുന്നതു്. ['ആപഗ' എന്നതു് അധികം നടപ്പു്, 'അപഗ' എന്നും ആകാം. 'വിദ്യാഭഗാമ മംഗാമമപഗാമാംപഗാമപി' എന്ന വിശ്വപ്രകാശം].

അപഗണിതം-വി. അനാദരിക്കപ്പെട്ട, ധിക്കരിക്കപ്പെട്ട.

അപഗത-മാഞ്ഞ, കഴിഞ്ഞ, പോയ.

അപഗമം, അപഗമനം-പിരിയുക. മറയുക, യാത്ര.

അപഗരം-ആക്ഷേപം, അപവാദം, ദൂഷണം, അപഖ്യാതി, ധിക്കാരം, ശകാരം, നിന്ദ.

അപഗരൻ-നിന്ദിക്കുന്നവൻ, അധിക്ഷേപിക്കുന്നവൻ, ശകാരിക്കുന്നവൻ.

അപഗ്രഥിക്ക-കെട്ടഴിക്ക.

അപഘനം-കൈകാൽ മുതലായ അവയവങ്ങൾ കൂട്ടിത്തല്ലപ്പെട്ടതു്, പീഡിക്കപ്പെട്ടതു് എന്ന വ്യുൽപത്തി.

അപഘൎഷ്മത്തു്-നശിപ്പിച്ചിയങ്ങുന്നതു്.

'അപഘ്നന്തോദുരിതംഹവ്യവാദമഹേ'

(അഭിജ്ഞാനശാകുന്തളം)

അപചൻ-കൊള്ളരുതാത്ത വെയ്പുകാരൻ (പാചകൻ.)

അപചയം-൧. അപഹരണം (അന്യന്റെ ധനത്തെ അവന്റെ ഇച്ഛകൂടാതെ കൈവശമാക്കുക) [അപ=ഹ്രസ്വതാം. ചയം=വൃദ്ധി=വൃദ്ധിയില്ലായ്ക ] ൨. നാശം. ൩. കറവു്. ൪. താഴ്ച. ൫. വീഴ്ച, പിഴ.

അപചരിത-വി. ദുരാചാരമുള്ള, മരിച്ച, പൊയ്പ്പോയ.

അപചരിതം-വീഴ്ച, കററം, അകൃത്യം.

അപചായിതം-നമസ്കരിക്കപ്പെട്ടതു്. [അപചയിക്കപ്പെട്ടതു്=അപചായിതം. അപചയിക്ക=നമസ്കരിക്ക.]

അപചാരം-൧. തെററു്, പിഴ. ൨. മുഷിച്ചൽ. ൩. അപമാനം. ൪. മുട്ടു്. ൫. ക്രടെയില്ലായ്മ. ൬. മരണം.

അപചി-പ്രമേഹക്കുരുക്കളിൽ ഒന്നിന്റെ പേർ, അപചിക്കുരു എന്നും പറയാറുണ്ടു്. [ഞാറപ്പുഴം, ഉന്തക്കുരു എന്നവയെപ്പോലെ കഴുത്തു, കവിൾ, പിൻകഴുത്തു് ഇത്യാദി സ്ഥാനങ്ങളിൽ മുഴകൾ ഉണ്ടാകും. വളരെക്കാലം ചെന്നാൽ ഇവ പഴുക്കും. അതിനു ഗണ്ഡമാല എന്നു പറയും. മാലപോലെ മുഴകൾ ഉള്ളതു് എന്നർത്ഥം. പഴുക്കുകയും ഉണങ്ങുകയും എല്ലാംകൂടി വളരെക്കാലം വിട്ടുമാറാതെ നിന്നാൽ അതിനു അപചി എന്നുപേർ]

അപചിതം-൧. നമസ്കരിക്കപ്പെട്ടതു്. (അപചയിക്ക=നമസ്കരിക്ക) ൨. ഒരു മന്ത്രം.

അപചിതി-൧. പൂജ. ൨. ക്ഷയം. പൂജിക്കുക എന്നു പദാർത്ഥം. ൩. നാശം, ചേതം.

അപച്ഛേദനം, അപച്ഛേദം-൧. മുറിക്കുക, തടസ്സം, ഉപദ്രവം. ൨. നഷ്ടം.

അപച്യുത-വി. ൧. വീണുപോയ. ൨. ഒഴിച്ചുപോയ. ൩. പിരിഞ്ഞുപോയ.

അപജയം-മടക്കേട് (തോൽവി.)

അപജാതൻ-൧. ചീത്തപുത്രൻ, ൨. അച്ഛനമ്മമാരെക്കാൾ ഗുണം കുറഞ്ഞവൻ.

അപടാന്തര-വി. ഇടയിൽ മറവൊന്നില്ലാത്തവിധം തമ്മിൽ ഒന്നിച്ചുചേർന്ന.

അപടാന്തരം-ഇടയിൽ മറവൊന്നില്ലാത്തവിധം തമ്മിൽ ഒന്നിച്ചുചേർന്നതു്.

അപടി-തിരശ്ശീല.

അപടിക്ഷേപം-തിരശ്ശീലയിടുക.

അപടു-വി. ൧. പ്രവൃത്തിക്കു സാമർത്ഥ്യമില്ലാത്ത. ൨. രോഗമുള്ള. ൩. വാക്സാമർത്ഥ്യമില്ലാത്ത.

അപടു-അസമർത്ഥൻ, രോഗി, വ്യാധിയുള്ളവൻ.

അപഠ-വി. ൧. വായിപ്പാൻ ശക്തിയില്ലാത്ത. ൨. ചീത്തവായനയുള്ള.

അപണ്യ-വി. ൧. വില്ക്കത്തക്കതല്ലാത്ത. ൨. അഴിയുന്നതല്ലാത്ത.

അപതർപ്പണം-൧. ഉപവാസം (ദീനത്തിൽ.) ൨. തൃപ്തിയില്ലായ്മ.

അപതന്ത്രകം-ഒരു വാതവ്യാധി. [വായുകോപിച്ചു ദേഹത്തെ വില്ലുപോലെ വളയ്ക്കും. രോഗി മടപ്രാവുപോലെ കൂകും. പണിപ്പെട്ടു ശ്വാസം വിടും.]

അപതാനകം-ഒരു വാതവ്യാധി. വായു കണ്ണുകളുടെ രൂപഗ്രഹണശക്തി, അറിവു് ഇവയെ ഇല്ലാതാക്കി തൊണ്ടകൊണ്ടു ശബ്ദിക്കുമതലായവ ലക്ഷണം.

അപത്നീകൻ-ഭാര്യ മരിച്ചവൻ.

അപതാക-ചെനകലങ്ങിയ പശു.

അപത്യജീവ(ക)-പുത്തിലഞ്ഞി.

അപത്യം - സ്ത്രീസന്തതിയും പുരുഷസന്തതിയും, മാതാപിതാക്കന്മാരെ നരകത്തിൽ പതിപ്പിക്കാത്തവർ എന്നർത്ഥം.

അപത്ര-വി. ൧. ചിറകില്ലാത്ത. ൨. ഇലയില്ലാത്ത.

അപത്രപ-൧. അന്യന്മാരിൽനിന്നുള്ള ലജ്ജ. ൨. കഴപ്പ്. ൩. പരുങ്ങൽ.

അപത്രപിക്കുക-ലജ്ജിക്കുക.

'അപത്രപിച്ചീടേണ്ടാ ഞാനോ
വനത്തിൽമേവുന്നോനല്ലോ'
(നളചരിതം കഥകളി)

അപത്രവല്ലിക-ഞെരമവള്ളി.

അപത്രം-൧. കരീരം (മുളവള). ൨. തളിര, കമ്പ്. ൩. മുളയുടെ കമ്പ്.

൪. ചിറകില്ലാത്ത ഒരു പക്ഷി. ൫. ഇല പൊഴിഞ്ഞുപോയ വൃക്ഷം.

അപത്രപിഷ്ണു-ലജ്ജാശീലൻ, അന്യൻ നിമിത്തമായി ലജ്ജിക്കുന്നവൻ.

അപഥഗതി-ദുർന്നടപ്പ്.

അപഥം-൧. പിഴവഴി (തെറ്റിയവഴി). ൨. മാർഗ്ഗത്തിന്റെ അഭാവം (വഴിയില്ലായ്മ). ൩. ദുർമ്മാർഗ്ഗം.

അപഥ്യം-൧. പഥ്യക്കേട്, രോഗത്തിനു വിരുദ്ധമായി പദാർത്ഥങ്ങളെ ഭക്ഷിക്കുക ൨. ഹിതക്കേട്.

അപദ-വി. ൧. പദമില്ലാത്ത. ൨. സ്ഥാനമില്ലാത്ത.

അപദം-൧. ഇഴയുന്ന ജന്തു, അരിച്ചുനടക്കുന്ന ജന്തു. ൨. ഇരിപ്പിടമില്ലാത്തത് ൩. പദം (വാക്ക്) ഇല്ലാത്തത്.

അപദാനം-ഉൽകൃഷ്ടകൃത്യം, അത്ഭുതപരാക്രമം, നിർവ്വഹിക്കപ്പെട്ട കർമ്മം, മുൻകഴിഞ്ഞ ചരിത്രം.

'സുരയുവതിഭിരുച്ചൈർഗ്ഗീയമാനാപദാനം , (കൃഷ്ണവിലാസം)

(അവദാനം എന്നും പാഠം കാണുന്നു.)

അപദാഹം-രാമച്ചം.

അപദാന്തരം-ഇടയിൽ മറ്റൊന്നില്ലാതെ മട്ടിൽ ഒന്നിച്ചുചേർന്നതിന്റെ പേര്. ഒരു കാലടി അകലമില്ലാത്തത് എന്നു വ്യുൽപത്തി.

'സംസക്തേത്വവ്യവഹിത
മപദാന്തരമിത്യപി.' (അമരം)

[സംസക്തം, അവ്യവഹിതം, അപദാന്തരം ൩-ം, ഇടയിൽ മറ്റൊന്നില്ലാതെ മട്ടിൽ ഒന്നിച്ചുചേർന്നതിന്റെ പേര്].

അപദിശം-ദിങ്മദ്ധ്യം (ദിക്കുകളുടെ മദ്ധ്യപ്രദേശം) രണ്ടുദിക്കിന്റെ നടുക്കായുള്ള ദിക്കുകൾക്കു നാലുകോണുകൾ ഉള്ളവയിൽ ഒന്ന്. [നാലുകോണുകൾ= കിഴക്കുതെക്ക്, തെക്കുപടിഞ്ഞാറ്, പടിഞ്ഞാറുവടക്ക്, വടക്കുകിഴക്ക്]

അപദേശം-൧. വ്യാജം, മറയ്ക്കൽ, സ്വരൂപാച്ഛാദനം.

'വ്യാജോപദേശൗ ലക്ഷ്യം' (അമരം)

[വ്യാജം, അപദേശം, ലക്ഷ്യം ൩-ം, തന്റെ ആഗ്രഹം നേടുന്നതിനു ചെയ്യുന്ന പരവഞ്ചനസംസർഗ്ഗാദിവ്യാജപ്രവൃത്തിയുടെ പേര് ]

'കൃതാന്തീർത്ഥപ്രചാരം പ്രകടിതവനവാസാപദേശേന'
(കിർമ്മീരവധം കഥകളി)

൨. ലാക്ക്. ൩. നിമിത്തം.

അപദേശിക്കുക-മറയ്ക്കുക, സ്വരൂപാച്ഛാദനം ചെയ്യുക.

അപദ്രവ്യം-ചീത്തസാധനം.

അപദ്വാരം-ഒരുവശത്തെ വാതൽ, പ്രധാനവാതലല്ലാത്ത മറ്റൊരു വാതൽ.

അപധാവനം-ദുസ്തർക്കം, വക്രോക്തി.

അപധ്വസ്ത-വി. ൧. ധിക്കരിക്കപ്പെട്ട (നിന്ദിക്കപ്പെട്ട). ൨. കീഴ്പെട്ടു തള്ളപ്പെട്ട. ൩. പൊടിക്കപ്പെട്ട. ൪. ശപിക്കപ്പെട്ട, ശകാരിക്കപ്പെട്ട.

അപധ്വംസി-വി. നശിക്കുന്ന.

അപധ്വസ്തൻ - നിന്ദിതൻ (നിന്ദിക്കപ്പെട്ടവൻ)

അപനയം-൧. അകററൽ. ൨. അബദ്ധം. ൩. നീതികേട്. ൪. ആപത്ത്. ൫. കുററം, ഉപദ്രവം.

അപനയനം-൧. അകലെയാക്കുക, അകററൽ. ൨. കഴുകുക ൩. ഭിന്നംവാശിയാക്കുക. ൪. കടംവീട്ടുക.

അപനയിക്കുക-അകററുക.

അപനീത-വി. അകലത്താക്കിയ.

അപന്യായം-ന്യായക്കേട് (അന്യായം)

അപപ്രഥ-അപമാനം.

അപപ്രദാനം-കൈക്കൂലി.

അപന്ഥാവ്-൧. പിഴവഴി (പിഴച്ചവഴി). ൨. വഴിയില്ലായ്മ.

അപഭൃതി-കേളി, [illegible].

അപഭ്രംശം—അപശബ്ദം, തെറ്റായവാക്ക്. സംസ്കൃതത്തിൽനിന്ന് അധഃപതനം വന്നത് എന്നർത്ഥം.

'അപഭ്രംശോപശബ്ദഃ' (അമരം)

[അപഭ്രംശം, അപശബ്ദം ൨-ം, അപശബ്ദത്തിന്റെ പേർ.]

അപഭ്രഷ്ടൻ—അധമൻ.

അപമര്യാദ—മര്യാദകേട്.

അപമർദ്ദനം—പീഡ.

അപമാനം—മാനക്കേട്.

അപമാരിഷം—ചെറുചീര.

അപമിത—വി. ൧. ധിക്കരിക്കപ്പെട്ട. ൨. അലംകൃതമല്ലാത്ത.

അപമിത്യകം, അപമിത്യം—കടം.

അപമൃത്യു—ദുർമ്മരണം. വെട്ട്, കുത്ത് മുതലായവകൊണ്ടു മരിക്കുക.

അപയാനം—൧. ഓട്ടം. ൨. തിരിച്ചുപോവുക. ൩. തോറ്റോടുക.

അപര—വി. ൧. വേറൊന്ന്. ൨. വിലക്ഷണമായ. ൩. പടിഞ്ഞാറുള്ള. ൪. ഒടുക്കമുള്ള.

അപരക്രിയ—ശവം ദഹിപ്പിക്കുക മുതലായവ.

അപരത്വം—വിലക്ഷണം, വിപരീതം.

അപരൻ—ശത്രു.

അപരപക്ഷം—കൃഷ്ണപക്ഷം (കറുത്ത പക്ഷം.)

അപരം—ആനയുടെ പിൻകാൽ മുട്ടിന്റെ കീഴ്ഭാഗം.

അപരവർണ്ണൻ—ശൂദ്രൻ.

അപരസ്പര—വി. ൧. (അ+പരസ്പര) അന്യോന്യമല്ലാത്ത. ൨. ഇടവിടാതെ

അപര—൧. ഗർഭപാത്രം. ൨. പടിഞ്ഞാറ്

അപരാജിത—വി. ജയിക്കപ്പെടാത്ത

അപരാജിത—൧. ശീമരൽ (മരുന്ന്) ൨. ചെറിയ അമ്പുവെണ്ണിയൻ. ൩. പുഴമുത്ത. ൪. വെളുത്തതൊച്ചി. ൫. മലയമുക്കി. ൬. ദുർഗ്ഗാദേവി. ൭. ഒരു വിധം യോഗിനി. ൮. ഒരു വൃത്തത്തിന്റെ പേർ, ശക്വരിഛന്ദസ്സിൽ പെട്ടത്, വരി ഒന്നിൽ ൧൪ അക്ഷരം വീതം കാണും.

'നനരസലഗകേൾനടക്കപരാജിതാ' (വൃത്തമഞ്ജരി)

അപരാജിതൻ—൧. ശിവൻ. ൨. വിഷ്ണു. ൩. ഏകാദശരുദ്രന്മാരിൽ ഒരുവൻ. ൪. ഒരു മുനി.

അപരാജിതം—ഒരുതരം വിഷമുള്ള പുഴു.

അപരാദ്ധപൃഷത്ക—ലാക്കിൽനിന്ന് അമ്പു പിഴച്ചവൻ. തെറ്റിപ്പോയ ശരത്തോടുകൂടിയവൻ എന്നു ശബ്ദാർത്ഥം.

[ശരപര്യായങ്ങളിൽ ഏതെങ്കിലും ഒന്നിനോട് 'അപരാദ്ധ'ശബ്ദം ചേർത്താൽ മററു പര്യായങ്ങളും കിട്ടും. ഉദാഹരണത്തിന 'അപരാദ്ധേഷു' (അപരാദ്ധ+ഇഷു) നോക്കുക.]

അപരാദ്ധേഷു—ലാക്കിൽനിന്ന് അമ്പു പിഴച്ചവൻ.

അപരാധഗന്ധാസ്പൃഷ്ടൻ—കുററത്തിന്റെ ഗന്ധംപോലും സ്പർശിക്കപ്പെട്ടിട്ടില്ലാത്തവൻ.

അപരാധം—പിഴ, കുററം, ദൂഷ്യം, തെററ്. ഹിംസിക്കപ്പെടുന്നത്. കാര്യങ്ങളെ കെടുക്കുന്നത് എന്നു വ്യുൽപത്തി.

'ആഗോഽപരാധോമന്തുശ്ച' (അമരം)

[ആഗസ്സ്, അപരാധം, മന്തു ൩-ം, അപരാധത്തിന്റെ പേർ.]

അപരാധി—വി. തെററുചെയ്ത, പിഴചെയ്ത, കുററംചെയ്ത.

അപരാന്തിക—മിശ്രവൃത്തങ്ങളിൽ ഒന്ന്. 'പ്രവൃത്തകത്തിന്റെ സമപാദം കൊണ്ടുതന്നെ ശ്ലോകം മുഴുവനും ചമച്ചാലതു് അപരാന്തികാ' എന്നു വൃത്തമഞ്ജരി.

അപരാധിക്കുക- കുറ്റംചെയ്യുക, പിഴ ചെയ്യുക. (ഭാഷയിൽ) വ്യഭിചാരം ചെയ്യുക.

അപരാത്രി-പു. രാത്രിയുടെ അവസാനം. ഉ. ഒടുവിലത്തെ യാമം.

അപരാർത്തി-അന്ത്യദുഃഖം.

അപരാർദ്ധം-രണ്ടാമത്തെ പാതി.

അപരാസനം-ഹിംസിക്കുക.

അപരാഹം-ചീങ്കണ്ണി.

അപരാഹ്ണം-പകലിന്റെ ആറിലൊം തക്കൂറിൽ ഒടുക്കത്തേതു്, പത്തുനാഴിക പകലുള്ള സമയം മുതൽ അസ്തമനം വരെയുള്ള കാലം. അവസാന (ഒടുവില)ത്തെ അഹസ്സ് (പകൽ) എന്നു ശബ്ദാർത്ഥം.

അപരിണയം-ബ്രഹ്മചര്യം, വിവാഹം ചെയ്യായ്ക.

അപരു-ചെങ്കരിങ്ങാലി.

അപരിക്ഷതം-പരിക്ഷതം (മുറിവുപെട്ടതു്) അല്ലാത്തതു്.

'കൊണ്ടാടിയൻപൊടപരിക്ഷതകോമളം [നിൻ'
(അഭിജ്ഞാനശാകുന്തളം)

അപരിഗ്രഹം-ഒരാളിൽനിന്നു് ഏതുഭയേകരമായ രൂപത്തിൽകൂടിയും ഒരു ദാനവും സ്വീകരിക്കാതിരിക്കുക.

അപരിചിത-വി. പരിചയിക്കപ്പെടാത്ത, ശീലിക്കപ്പെടാത്ത.

അപരിചിതൻ- പരിചയിക്കാത്തവൻ.

അപരിച്ഛിന്നൻ-ഇന്ന പ്രകാരത്തിലുള്ളവനെന്നു ഗണിക്കാൻ നിവൃത്തിയില്ലാത്തവൻ. [നായ

'സർവ്വഭൂതങ്ങൾക്കെല്ലാം ജ്ഞാനസ്വരൂപ
അപരിച്ഛിന്നമായിപരമാനന്ദമായ'
(ഭാഗവതം)

അപരിച്ഛേദ്യ-വി. പരിച്ഛേദിക്കത്തക്കതല്ലാത്ത, നിശ്ചയിക്കുന്നതിനു നിവൃത്തിയില്ലാത്ത, കണക്കാക്കാൻ പാടില്ലാത്ത.

അപരിനിഷ്ഠ-നിശ്ചയമില്ലായ്ക.

അപരിമിത-വി. അളവില്ലാത്ത, അവധിയില്ലാത്ത. (പരിമിതമല്ലാത്തതു്-അപരിമിതം).

അപരിമ്ലാനം-ചെംകുറിഞ്ഞി.

അപരിഹാര്യം-പരിഹരിക്കാൻ പാടില്ലാത്തതു്, തള്ളിക്കളയാൻ വയ്യാത്തതു്, ഉപേക്ഷിക്കാൻ കഴിയാത്തതു്.

അപരിഹരണീയം-ഉപേക്ഷിക്കാൻ കഴിയാത്തതു്, തള്ളിക്കളയാൻ കഴിയാത്തതു്, പരിഹരിപ്പാൻ പാടില്ലാത്തതു്.

'അപരിഹരണീയവിധി
യന്ത്രത്തിരിപ്പുമൂന്നീ'
(നളചരിതം കഥകളി)

അപരൂപം-ഭംഗികേടു്, വിരൂപം.

അപരേദ്യുഃ-മറുനാൾ, മറ്റെന്നാൾ. (അപരെഅഹനി= മറ്റൊരു ദിവസത്തിൽ).

അപരോക്ഷം-പ്രത്യക്ഷം.

അപര്യാപ്തൻ-മതിയാകാത്തവൻ.

അപരോധം-പുറത്താക്കൽ, നീക്കം.

അപർണ്ണ-വി. പർണ്ണം (ഇല) ഇല്ലാത്ത.

അപർണ്ണ- പാർവ്വതി. കടത്തെ കളയുന്നവൾ, തപസ്സിങ്കൽ ഇലപോലും ഭക്ഷിച്ചിട്ടില്ലാത്തവൾ.

'സ്വയംവിശീർണ്ണദ്രുമപർണ്ണവൃത്തിതാ
പരാഹികാഷ്ഠാതപസസ്തയായതഃ
തദപ്യപാകീർണ്ണമതഃപ്രിയംവദാം
വദന്ത്യപർണ്ണേതിചതാംപുരാവിദഃ'
(കുമാരസംഭവം)

അപർണ്ണം-നിന്ദ. വിപരീതസ്തുതി എന്നു ശബ്ദാർത്ഥം.

അപലം-മൊട്ടുസൂചി, ആണി, സാക്ഷ.

അപലാപം, അപലപനം-യഥാർത്ഥത്തെ മറച്ചുപറക, കാര്യത്തെ മറച്ചുകളക. ദോഷപ്പെടുത്തുന്ന വാക്കു് എന്നു ശബ്ദാർത്ഥം.

അപവദിക്ക-ദോഷം പറക.

അപവൻ-വസിഷ്ഠൻ.

അപവൎഗ്ഗം-മോക്ഷം. ദുഃഖാദികളുടെ വൎജ്ജനം എന്നു വ്യുൽപത്തി.

അപവനം-നടക്കാവു്, ഉപവനം.

അപവൎജ്ജനം-൧. ദാനം. പാപത്തെ വൎജ്ജിക്കുന്നതിനാൽ ഈ പേർ വന്നു. ൨. മുക്തി, കൈവല്യം, പരമാനന്ദം. ൩. പരിത്യാഗം (വിട്ടൊഴിവു്).

അപവാദഗീര്-ദൂഷണവാക്കു്, നിന്ദാവാക്കു്.

അപവാദം-൧. ദുഷ്കീൎത്തി, മാനക്കേടു്. ൨. നിന്ദ. അപകൃഷ്ടമായ വചനം എന്നൎത്ഥം. വിരോധവാക്കു്, ദൂഷണം. ൩. ആജ്ഞ,

'അപവാദൌ തു നിന്ദാജ്ഞെ' (അമരം)

[അപവാദം നിന്ദയുടേയും ആജ്ഞയുടേയും പേർ എന്നൎത്ഥം. മുകടനം വിശദം 'അവവാദം' എന്നാണു പറയുന്നതു്. അവവാദം എന്നാൽ ഒരു കാൎയ്യത്തെ അടിസ്ഥാനമാക്കി സ്പഷ്ടമായി പറയപ്പെടുന്നതു് എന്നു ശബ്ദാൎത്ഥം.]

അപവാദി-അപവാദം (ദൂഷണം) പറയുന്നവൻ, വിരോധം പറയുന്നവൻ, കീൎത്തിദോഷം ഉണ്ടാക്കുന്നവൻ, കുറ്റം പറയുന്നവൻ.

അപവാൎയ്യ-മററാൾ കേൾക്കാതെ മററൊരാളോടു പറക. (നാടകങ്ങളിൽ പ്രയോഗം.)

അപവാരണം-മറയ്ക്കുക, മൂടുക. ഇതിനാൽ പരാൎത്ഥം മൂടപ്പെടുന്നതുകൊണ്ടു് ഈ പേർ വന്നു.

അപവിത്ര-വി. പവിത്രം (ശുദ്ധം) അല്ലാത്ത.

അപവിദ്ധം-വി. ൧. ഉപേക്ഷിക്കപ്പെട്ട. ൨. നികൃഷ്ടമായ.

അപവിദ്ധൻ, അപപുത്രൻ-മാതാപിതാക്കന്മാർ ഉപേക്ഷിക്കയും അന്യൻ എടുക്കയും ചെയ്ത ഒരു പുത്രൻ.

അപവിദ്ധലോക-വി ഇഹലോകം വെടിഞ്ഞ, മരിച്ച.

അപവിഷ-വി. വിഷമില്ലാത്ത.

അപവിഷ-നിൎവ്വിശി, രാമച്ചം.

അപവേധം-മണിയേയോ മുത്തിനേയോ മററോ നേരെ അല്ലാതെ തുളച്ചു (തുരന്നു) വൃഥാകളക.

അപവ്യയം-അനാവശ്യച്ചെലവു്, അഴിമതിയായ ചെലവു്, ധാരാളച്ചെലവു്, ദുൎവ്യയം.

അപവ്യയി, അപവ്യയമാന-വി. ൧. ദുൎവ്യയമുള്ള. ൨. കടം വീട്ടാത്ത, കടത്തെ നിഷേധിക്കുന്ന.

അപശകുനം-ദുശ്ശകുനം, ചീത്തശകുനം.

അപശദൻ-നിന്ദ്യൻ. നിൎഗ്ഗുണത്വാമൂലം ക്ഷയിക്കുന്നതുകൊണ്ടു് ഈ പേർ വന്നു.

അപശബ്ദം-തെററായ വാക്കു്, അസാധുവായ ശബ്ദം. (അപഭ്രംശം എന്നതു നോക്കുക.)

അപശ്ചിമൻ-ശ്രേഷ്ഠൻ.

അപശ്രയം-തലയണ, നീണ്ടമെത്ത.

അപശ്രുതി-ചീത്തക്കേൾവി, ദുൎയ്യശസ്സു്, അശുഭങ്ങളായ ശബ്ദങ്ങൾ.

'നിങ്കലപശ്രുതികേൾക്കാമ്പൊഴുതിൽ
സങ്കടമടിയങ്ങൾക്കു മഹേശ!'
(കിരാതം തുള്ളൽ)

അപഷ്ഠം-ആനത്തോട്ടിയുടെ അഗ്രം.

അപഷ്ഠു-൧. പ്രതികൂലം. അനുകൂലമില്ലാതെ നിൽക്കുന്നതു് എന്നു വ്യുൽപത്തി.

'നഷ്ടരാകൃതിരപഷ്ഠുനിരാശ
സ്ഥിഷ്ഠതേസ്സുഖവരവ്യുച്ഛ്രപീ'
(നാരായണീയം)

൨. വിപരീതം. ൩. വിരോധം. ൪. ക്രൂരം. ൫. ഇടത്തേതു്. ൬. കാലം, സമയം.

അപാഷ്ഠു-൧. ഭംഗിയായി. ൨. വിപരീതമായി. ൩. കളവായി. ൪. തെറ്റായി.

അപഷ്ഠുര-വി. പ്രതികൂലമായ, എതിരായ.

അപസജ്ജിപ്പിക്ക-കെട്ടുക.

അപസദൻ-നീചൻ. അപകൃഷ്ടമായ നടപടിയിൽ ചേരുന്നവൻ എന്നു ശബ്ദാർത്ഥം. 'അപശദൻ' എന്നുമാകാം.

അപസമം-കഴിഞ്ഞവർഷത്തിൽ, വർഷാവസാനത്തിൽ.

അപസർജ്ജനം-൧. ദാനം, സമ്മാനം. ൨. വിട്ടൊഴിവ്, പരിത്യാഗം. ൩. പരമാനന്ദം, മോക്ഷം.

അപസർപ്പൻ - ചാരപുരുഷൻ; ഒറ്റാളി, വേഷംമാറിനടന്നു രാജ്യകാര്യങ്ങൾ അറിയുന്നവൻ. ഒളിച്ചുനടക്കുന്നവൻ എന്നു ശബ്ദാർത്ഥം. (അപസർപ്പകൻ എന്നുമാവാം.)

അപസർപ്പണം-൧. തിരിയെ പോവുക, മടങ്ങുക, ൨. ചാരപുരുഷനെപ്പോലെ ആചരിക്കുക.

അപസവ്യം-൧. പ്രതികൂലം, ഇടത്തുഭാഗത്തിൽനിന്നു വിട്ടതു് എന്നു ശബ്ദാർത്ഥം. ൨. ശരീരത്തിന്റെ വലത്തുഭാഗം, ൩. പെരുവിരലിനും ചൂണ്ടാണിവിരലിനും മദ്ധ്യെയുള്ളസ്ഥലം.

അപസവ്യ-വി. ൧. വലത്തെ. ൨. എതിരായുള്ള. ൩. വിരോധമായുള്ള.

അപസ്കരം-രഥത്തിന്റെ അവയവങ്ങളുടെ പേർ. അതാതുസ്ഥാനത്തിൽ വെയ്ക്കപ്പെടുന്നതു് എന്നു ശബ്ദാർത്ഥം.

'രഥാംഗമപസ്കരഃ' (അമരം)

[രഥാംഗം, അപസ്കരം ൨-ം, തേരിന്റെ അവയവങ്ങളുടെ പേർ. അപസ്കരശബ്ദം ചക്രം ഒഴിച്ചു ബാക്കിയുള്ള രഥാവയവത്തെ പറയുന്നതാണെന്നും അഭിപ്രായമുണ്ട്.]

അപസാരണം-ദൂരെ നീക്കുക, ഓടിക്കുക, പുറത്താക്കുക.

അപസ്തംഭം-ഉറപ്പിക്കുക, ഉറപ്പിക്കൽ.

അപസ്തംഭം-ജീവശ്വാസം നിറഞ്ഞതായി നെഞ്ഞിന്റെ ഒരുവശത്തിരിക്കുന്ന ഒരു പാത്രം.

അപസ്ഖലം-ചാട്ടം.

അപസ്നാത-മരിച്ച ആളെ ഉദ്ദേശിച്ചു കുളിച്ചവൻ. അപകൃഷ്ടമായി സ്നാനംചെയ്തവൻ എന്നു ശബ്ദാർത്ഥം.

'അപസ്നാതോമൃതസ്നാതഃ' (അമരം)

[അപസ്നാതൻ, മൃതസ്നാതൻ ൨-ം, പുലകുളിച്ചവന്റെ പേർ.]

അപസ്നാനം-പുലകുളി (മരിച്ചവനെ ഉദ്ദേശിച്ചുള്ള കുളി.)

അപസ്മരിക്ക-മറക്കുക.

അപസ്മാരം - ബോധംകെട്ടുവീഴുന്ന ഒരു രോഗം.

അപസ്മൃതി-ഓർമ്മകേട്.

അപസ്വരം-തെറ്റിയ സ്വരം.

അപഹം-തള്ളിക്കളയുക, പുറത്താക്കുക ൧-ം, 'അതിസാരാപഹം' ക്ഷയാപഹം ഇത്യാദി.

അപഹർത്താവ് -അപഹരിച്ചവൻ, ബലാൽ കൈക്കലാക്കിയവൻ.

അപഹരിക്കുക-൧. പിടിച്ചുപറിക്കുക. ബലം പ്രയോഗിച്ചു കൈക്കലാക്കുക. ൨. ഇല്ലായ്മചെയ്യുക.

അപഹല-വി. ചീത്തകലപ്പയുള്ള.

അപഹസിക്കുക-പരിഹസിക്കുക, കാരണംകൂടാതെ ചിരിക്കുക.

അപഹായ-അ. കൂടാതെ, ഒഴിച്ചിട്ട്, വിട്ടിട്ട്, ഉപേക്ഷിച്ചിട്ട്.

അപഹാരം, അപഹരണം -കൊള്ള, പിടിച്ചുപറിക്ക, അന്യന്റെ ധനത്തെ അവന്റെ സമ്മതംകൂടാതെ കൈവശമാക്കുക.

'അപഹാരസ്ത്വപചയഃ' (അമരം)
[അപഹാരം, അപചയം ൨-ം, അന്യന്റെ സ്വത്തിനെ അവന്റെ സമ്മതം കൂടാതെ കൈവശമാക്കുന്നതിന്റെ പേർ]

അപഹാരകൻ, അപഹാരി-കൊള്ളക്കാരൻ, പിടിച്ചുപറിക്കുന്നവൻ.

അപഹാസം-൧. പരിഹാസം.
'ഭൂഷണങ്ങളധികം ധരിക്കിലും
ദോഷമെന്നിലപഹാസകാരണം'
(ബാലഭൂഷണം)
൨. അകാരണമായ ചിരി.

അപഹാസി-വി. പരിഹസിക്കുന്ന.

അപഹാസ്യ-വി. അപഹസിക്കത്തക്ക, പരിഹസിക്കത്തക്ക.

അപഹാസ്യം-൧. പരിഹാസം, ൨. അകാരണമായ ചിരി.

അപഹിതം-ഹിതക്കേട്.

അപഹൃത-വി. അപഹരിക്കപ്പെട്ട, പിടിച്ചുപറിക്കപ്പെട്ട.

അപഹ്നവം-൧. മറയ്ക്കൽ. ൨. സ്നേഹം, ൩. നിഷേധം.

അപഹ്നുതി-൧. ഒന്നിനെ അല്ലെന്നു മറയ്ക്കുക. ൨. അലങ്കാരങ്ങളിൽ ഒന്ന്. 'വർണ്ണ്യവസ്തുവിനെ അതല്ലെന്നു ശബ്ദം കൊണ്ടുതന്നെയോ അർത്ഥംകൊണ്ടോ നിഷേധിച്ചിട്ട് അതോട് സദൃശമായ മറൊരുവസ്തുവാണെന്നു പറയുന്നത്'. (ഭാഷാഭൂഷണം).

അപാക-വി. ൧. പാകമാകാത്ത, മൂക്കാത്ത, പഴുക്കാത്ത. ൨. വേകാത്ത. ൩. ദഹിക്കാത്ത.

അപാകത-സ്വഭാവത്തിന്റെ പാകതയില്ലായ്മ.

അപാകശാകം-ഇഞ്ചി.

അപാകൃതം-൧. നീക്കപ്പെട്ട. ൨. നശിക്കപ്പെട്ട.

അപാകൃതി-നീക്കം, മാററം.

അപാംഗ-വി. അവയവഹീനമായ.

അപാംഗക-വി. അവയവഹീനംവന്ന.

അപാംഗൻ, അപാംഗകൻ-കാമദേവൻ.

അപാംഗകം-൧. കടക്കണ്ണ്. കണ്ണിന്റെ പുറങ്കോണ്. ൨. വലിയകടലാടി. ൩. തിലകം (പൊട്ട്).

അപാംഗദർശനം, അപാംഗദൃഷ്ടി-കടക്കണ്ണുകൊണ്ടുള്ള നോട്ടം, ചിരിച്ചു നോക്കുക, കടാക്ഷം.

അപാംഗം-൧. കടക്കണ്ണ്, മിഴി ഇവിടെ ചെല്ലുകകൊണ്ട് ഈ പേരുണ്ടായി. (വാൽക്കണ്ണ്).
'അപാംഗൌ നേത്രയോരന്തൌ' (അമരം)
൨. തിലകം (പൊട്ട്.) ൩. മതസംബന്ധമായി നെററിയിലിടുന്ന കുറി.

അപാകന്മാർ-മഹാകാവ്യകാലത്തു ഹിന്തുക്കൾ ആദ്യനിവാസികളെ വിളിച്ചുവന്ന ഒരു പേർ.

അപാചി-തെക്കേദിക്ക്. സൂര്യൻ ഇവിടെ മദ്ധ്യാഹ്നത്തിൽ ഗമിക്കുന്നതിനാൽ ഈ പേർ വന്നു.
[ഇവിടെ അപ എന്നതിനു മദ്ധ്യം എന്നർത്ഥം. അമരത്തിൽ 'അവാചീ' എന്നു കാണുന്നു് അപപാഠമെന്നു രാമാശ്രമി പറയുന്നു.]

അപാചീന-വി. ൧. തെക്കുദിക്കിൽ ഭവിച്ച. ൨. പിൻകിലുള്ള.

അപാടവം-൧. പാടവം (സാമർത്ഥ്യം) ഇല്ലായ്മ. ൨. ദീനം.

അപാണിനീയ-വി. പാണിനിയുടെ വ്യാകരണം നല്ലവണ്ണം പഠിച്ചിട്ടില്ലാത്ത.

അപാത്രം-൧. അയോഗ്യം. ൨. ഉപയോഗമില്ലാത്ത പാത്രം. ൩. വിലയില്ലാത്ത ആൾ. ൪. സമ്മാനത്തിന് അർഹതയില്ലാത്ത ആൾ. ൫. അസ്ഥാനം.

**അപാത്രീകരണചതുഷ്ടയം**- നിന്ദിതന്റെ ധനം വാങ്ങുക, വാണിജ്യം, ശൂദ്രസേവനം, അസത്യഭാഷണം ഇവ നാലും ബ്രാഹ്മണരെ അയോഗ്യരാക്കുന്ന പ്രവൃത്തികളാകുന്നു.

'നിന്ദിതേഭ്യോധനാദാനം
വാണിജ്യംശൂദ്രസേവനം
അപാത്രീകരണംജ്ഞേയം
അസത്യസ്യചഭാഷണം'
(മനുസ്മൃതി)

**അപാദാന**-വി. ഉൽകൃഷ്ടചരിത്രങ്ങളോടുകൂടിയ.

**അപാദാനം**-൧. നീക്കം, എടുക്കുക. ൨. ഒന്നിൽനിന്നെടുക്കുക. ൩. അഞ്ചാമത്തെ വിഭക്തിയെക്കുറിച്ചുള്ള ഒരു സംജ്ഞ.

'ധ്രുവമപായേഽപാദാനം'
(പാണിനിസൂത്രം)

**അപാനൻ**- പഞ്ചവായുക്കളിൽ ഒന്ന് (അധോവായു). വിണ്മൂത്രങ്ങളെ അധോമുഖമാക്കിച്ചെയ്തു പ്രാണികളെ ജീവിപ്പിക്കുന്നവൻ എന്നർത്ഥം. അപാനന്റെ സ്ഥാനം ഗുദമാകുന്നു.

**അപാനം**-മലദ്വാരം. അധോവായുവിനെ വിടുന്നതു് എന്നർത്ഥം.

**അപാമാർഗ്ഗം**-൧. വലിയ കടലാടി. ൨. ചെറിയ കടലാടി. ഇതിന്റെ കതിരിന്മേലുള്ള മണികൾ വേഗം മേൽതറക്കുന്നതിനാൽ ഈ അർത്ഥമുണ്ടായി. ഇതിന്റെ അടുത്ത വഴികൾ എല്ലാം അപകൃഷ്ടമാണ്. (അപകൃഷ്ട ആസമന്താൽമാർഗ്ഗോസ്യ).

ഇതു മൂലക്കുരു, മഹോദരം, രക്തദോഷം, ആമദോഷം, അതിസാരം, ഛർദ്ദി, ചൊറി, കഫരോഗം ഇവയെ ശമിപ്പിക്കും, ചെമന്നപൂവുള്ളതിനു 'രക്തപുഷ്പം' എന്നു പേർ. ഇതു വിഷദോഷഹരമാണ്. വേറെയും പല ഗുണങ്ങൾ ഉണ്ട്.

**അപാംനാഥൻ**-൧. സമുദ്രം. ൨. വരുണൻ.

**അപാംനിധി**-൧. സമുദ്രം. ൨. വരുണൻ.

**അപാംപതി**-൧. സമുദ്രം. ൨. വരുണൻ. ജലങ്ങളുടെ നാഥൻ എന്നു താൽപര്യം.

**അപാംപിത്തം**-കൊട്ടവേലി.

**അപായശങ്ക**- അനർത്ഥത്തിനുള്ള സംശയം.

**അപാംയോനി**-സമുദ്രം.

**അപായം**-൧. അനർത്ഥം, നാശം. ൨. വ്യസനം. ൩. മരണം. ൪. ചേതം. ൫. മടങ്ങിപ്പോവുക. ൬. പുറപ്പാട്. ൭. വിയോഗം.

**അപാര**-വി. ൧. പാരം(മറുകര)ഇല്ലാത്ത. ൨. അതിരില്ലാത്ത.

**അപാര**-൧. ആനയുടെ രണ്ടു പിൻകാൽമുട്ടിന്റെ കീഴ്ഭാഗം, ഇതിന് 'അപരം' 'അവരം' എന്നിങ്ങനെ പാഠാന്തരങ്ങൾ കാണുന്നു. ൨. ഭൂമി.

**അപാരക**-വി. ശക്തിയില്ലാത്ത.

**അപാരം**-അതിരില്ലാത്തതു്, മറുകരയില്ലാത്തതു്.

**അപാർത്ഥ**-വി. ൧. അർത്ഥം(പ്രയോജനം) ഇല്ലാത്ത, പൊരുളില്ലാത്ത. ൨. ബുദ്ധിയില്ലാത്ത.

**അപാർത്ഥകരണം** - വ്യവഹാരത്തിൽ ഉടക്കുന്ന കളവായ വാദം.

**അപാവർത്തനം, അപാവൃത്തി**-൧. പിൻമാററം. ൨. തിരിച്ചൽ. ൩. മണ്ണിൽ ഉരുളുക.

**അപാവൃത**-വി. ൧ മൂടപ്പെട്ട ൨. പുറപ്പെട്ട. ൩. തടസ്സപ്പെട്ട. ൪. തുറക്കപ്പെട്ട. ൫. തന്നിഷ്ടമുള്ള.

**അപാവൃതൻ**-സ്വതന്ത്രൻ ആവരണം (തടസ്സം) ഇല്ലാത്തവൻ എന്നു ശബ്ദാർത്ഥം. തന്റെ ഇഷ്ടംപോലെ നടക്കുന്നവൻ;

അപാവൃതി, അപാവരണം-൧. തുറക്കുക. ൨. മൂടുക, മറയ്ക്കുക.

അപാസനം-കൊല, വധം.

അപാസരണം-മടങ്ങൽ, പിൻവാങ്ങൽ.

അപാസു-വി. ജീവൻപോയ, ചത്ത.

അപാസ്ത-വി. ൧. ഉപേക്ഷിക്കപ്പെട്ട. ൨. നിന്ദിക്കപ്പെട്ട. ൩. എറിയപ്പെട്ട. ൪. വധിക്കപ്പെട്ട. ൫. നിരസിക്കപ്പെട്ട.

അപാസ്തൻ-നിരസിക്കപ്പെട്ടവൻ.

അപി-അ. ൧. ഗർഹാ (നിന്ദ). ൨. സമുച്ചയം. ൩. പ്രശ്നം (ചോദ്യം). ൪. ശങ്ക (അനിഷ്ടമായതിന്റെ ഊഹം). ൫. സംഭാവന (ശക്ത്യുൽക്കർഷത്തെ പ്രകാശിപ്പിപ്പാനായിക്കൊണ്ടുള്ള അത്യുക്തി).

'ഗർഹാസമുച്ചയപ്രശ്ന
ശങ്കാസംഭാവനാസ്വപി (അമരം)

[൧. ഗർഹയിൽ ഉ-ം, അപിപലാണ്ഡു, സിഞ്ചേൽ ഉള്ളിയെ നനക്കുകതന്നെ നിന്ദക്കു കാരണം. ൨. സമുച്ചയത്തിൽ ഉ-ം, പാലയമാമപിപുത്രമപി- എന്നെയും പുത്രനെയും രക്ഷിച്ചാലും. ൩. പ്രശ്നം. ഉ-ം, അപിഭദ്രം-സൌഖ്യം തന്നെയോ. ൪. ശങ്ക ഉ-ം, അപിചോരോഭവേൽ- കള്ളനായിരിക്കുമോ. ൫. സംഭാവന. ഉ-ം, സമുദ്രമപിലംഘയേൽ -സമുദ്രത്തെക്കൂടി കടക്കും]

അപിഗീർണ്ണ-വി. സ്തുതിക്കപ്പെട്ട.

അപിച-അ. അത്രതന്നെയുമല്ല.

'അപിചമമമയിതാകളിയ-
ല്പനതിചിരസ്യതാ പ്രാണൻ'
(നളചരിതം കഥകളി)

അപിച്ഛില-വി. ൧. പശയില്ലാത്ത. ൨. തെളിവുള്ള. ൩. കലങ്ങൽ ഇല്ലാത്ത.

അപിതു-എങ്കിലും, എന്നാലും.

അപിതൃക-വി. ൧. പിതാവില്ലാത്ത. ൨. പിതൃസംബന്ധമില്ലാത്ത.

അപിധാനം-മറയ്ക്കുക.

അപിനദ്ധൻ-ചട്ടയിട്ടവൻ.

അപിനദ്ധം-കെട്ടപ്പെട്ട ചട്ട, കപ്പായം മുതലായവ ബന്ധിക്കപ്പെട്ടതു് എന്നു ശബ്ദാർത്ഥം.

അപിനദ്ധ-വി. ചട്ട ധരിക്കപ്പെട്ട, വസ്ത്രം ധരിക്കപ്പെട്ട. ൨. ബന്ധിക്കപ്പെട്ട.

അപീനസം-മൂത്ത നാസാരോഗം.

[വാതകഫങ്ങളാൽ ഉത്ഭവിക്കപ്പെട്ടതാണ്- ലക്ഷണം പീനസത്തിന്റേതു തന്നെ ]

അപുഷ്ടാ - കാവ്യദോഷങ്ങളിൽ ഒന്ന്. 'നിഷ്പ്രയോജനമോ അന്യഥാസിദ്ധമോ ആയതു്' എന്നു ദോഷലക്ഷണം.

ഉ-ം, ചെവികൊണ്ടുകേട്ടു്. കണ്ണുകൊണ്ടു കണ്ടു്.

അപുഷ്പഫലദം-പ്ലാവ്.

അപുഷ്പഫലസംബന്ധം — അത്തിയാല്.

അപൂപം-അപ്പം. പൊട്ടിച്ചിതറാത്തതു് എന്നർത്ഥം.

അപൂരണി-ഇലവ്.

അപൂർവ-വി. ൧. അസാധാരണമായ. ൨. വിശേഷമായ. ൩. മുമ്പേയില്ലാത്ത, പുത്തനായ. ൪. കീഴ്ക്കേളില്ലാത്ത.

അപൂർവപതി-കന്യക.

അപൂർവം-൧. പുതുമ. ൨. ഏതു സംഗതിക്കു പണ്ടേയുള്ള കാരണം. ൩. പരബ്രഹ്മം.

അപേത-വി. ൧. നശിച്ച. ൨. പോയ, ഇല്ലാത്ത. ൩. കൂടാത്ത.

അപേതരാക്ഷസി-തുളസി.

അപേയ-വി. പേയം (കുടിക്കത്തക്കതു്) അല്ലാത്ത.

അപേക്ഷ, അപേക്ഷണം-൧. ആഗ്രഹം. ൨. ആവശ്യം. ൩. കാത്തിരിപ്പ്. ൪. യാചന. ൫. വിചാരം. ൬. ഹർജി.

അപേക്ഷണീയ, അപേക്ഷ്യ, അപേക്ഷിതവ്യ-വി. ൧. വിചാരിക്ക

പ്പെടത്തക്ക. ൨. ആഗ്രഹിക്കപ്പെടത്തക്ക. ൩. ആവശ്യപ്പെടത്തക്ക.

അപേക്ഷണീയം> <ഉപേക്ഷണീയം.

'ആയാതമായാതമപേക്ഷണീയം
ഗതംഗതംസർവ്വമുപേക്ഷണീയം'

**അപേക്ഷിത**-വി. ൧. അപേക്ഷിക്കപ്പെട്ട. ൨. ആവശ്യപ്പെട്ട. ൩. ആഗ്രഹിക്കപ്പെട്ട.

**അപേക്ഷി**-വി. ൧. ആഗ്രഹിക്കുന്ന, അപേക്ഷിക്കുന്ന. ൨. ആവശ്യപ്പെടുന്ന.

**അപോഗണ്ഡൻ**-൧. ജനിക്കുമ്പോൾ തന്നെ അംഗവൈകല്യമുള്ളവൻ. അപകൃഷ്ടനായി ജനങ്ങളാൽ കണക്കാക്കപ്പെടുന്നവൻ എന്നു ശബ്ദാർത്ഥം. ൨. പത്തുവയസ്സുവരെ പ്രായമുള്ള കുട്ടി. മേലാസകലം ചുളിയുള്ളവൻ അപോഗണ്ഡൻ. ഏതെങ്കിലും ചില അംഗങ്ങൾ അധികമുള്ളവൻ.

**അപോദിക**-വലിയ വശളച്ചീര.

**അപോദ്ധാരം** - (വ്യാകരണത്തിൽ) അനേകം ഉപവാക്യങ്ങളെ കൂട്ടിക്കെട്ടിച്ചമച്ചിരിക്കുന്ന ഒരു പ്രധാന വാക്യത്തെ അഴിച്ചു തരംതിരിക്കുക.

**അപോഹം, അപോഹനം**-നിർണ്ണയിക്കൽ.

[ഊഹാപോഹം (ഊഹം + അപോഹം) ഊഹം = ഒന്നിനെക്കുറിച്ചുള്ള ആലോചന. അപോഹം = ആലോചിക്കപ്പെട്ടതിന്റെ തീരുമാനം.]

**അപോഹ്യ, അപോഹനീയ**-വി. നിർണ്ണയിക്കത്തക്ക.

**അപൌരുഷ, അപൌരുഷേയ**-വി. പുരുഷത്വമില്ലാത്ത, ധൈര്യക്കുറവുള്ള

**അപൌരുഷം**-പുരുഷത്വമില്ലായ്മ, ധൈര്യക്കുറവ്.

**അപ്തോര്യാമം**-ഒരുയജ്ഞം.

**അപ്പ്**-വെള്ളം.

**അപ്പക്കാരൻ**-അപ്പം (പലഹാരം) ഉണ്ടാക്കി വിൽക്കുന്നവൻ.

**അപ്പക്കാരിക**-അപ്പം വാർക്കുന്ന ഒരു പാത്രം. ഇതിനു കുഴികൂടിയുണ്ടായിരിക്കും.

**അപ്പക്കാരോൽ**-അപ്പം വാർക്കുന്ന ഒരു പാത്രം. ഇതിനു കുഴികൂടിയുണ്ടായിരിക്കും.

**അപ്പച്ചി**-അമ്മൂമ്മ.

**അപ്പച്ചൻ**-൧. ഭർത്താവിന്റെ അപ്പൻ. ൨. ഭാര്യയുടെ അപ്പൻ. ൩. അമ്മായപ്പൻ.

**അപ്പടി**-അപ്രകാരം.

**അപ്പടി**-മുഴുവനും.

**അപ്പതി**-൧. വരുണൻ. അപ്പുകളുടെ(ജലങ്ങളുടെ) പതി (നാഥൻ). ൨. സമുദ്രം.

**അപ്പൻ**-൧. പിതാവ് (അച്ഛൻ). ൨. പിതാവിന്റെ (അച്ഛന്റെ) അനുജൻ.

**അപ്പന്മാർ**-ദൈവങ്ങൾ. ഉ-ം, ഉദയനാപുരത്തപ്പൻ, വൈക്കത്തപ്പൻ ഇത്യാദി.

**അപ്പൻവിരൽ**-തള്ളവിരൽ.

**അപ്പം**-പലഹാരം, അരിമാവ്, ഗോതമ്പ് മുതലായവ തനിച്ചും വേറെപലതും കൂട്ടിച്ചേർത്തിട്ടും ഉണ്ടാക്കുന്ന തിൻപണ്ടം.

'പൂപോപൂപഃപിഷ്ടകഃസ്യാൽ' (അമരം)

[പൂപം, അപൂപം, പിഷ്ടകം ൩-ം അപ്പത്തിന്റെ പേർ.]

**അപ്പാ**-അ. ഒരു അത്ഭുതദ്യോതകപദം, ഒരു വ്യാക്ഷേപകം. അസാമാന്യമായ ദുഃഖത്തിലും ആശ്ചര്യത്തിലും സന്തോഷത്തിലും മററും പറയാറുണ്ട്. അപ്പാ, അപ്പപ്പാ, അപ്പടാ, അമ്പാ, അള്ളാ.

**അപ്പാടെ**-അപ്രകാരം.

**അപ്പാട്ട്**-അപ്രകാരം.

**അപ്പാട്ട്**-അയൽ, (അങ്ങേവീട്).

'അപ്പാട്ടെവീട്ടിലെകോഴിക്കിടാവിനെ
കട്ടവൻനമ്മുടെവീട്ടിലുംകേറിനാൻ'
(കൃഷ്ണലീല തുള്ളൽ)

**അപ്പാൽ**-അവിടെ.

'പൊരിടയറിഞ്ഞനൻമാമരത്താൽ
പോയിതുപലതരങ്ങായതപ്പോൾ'
(രാമചരിതം)

അപ്പായി-അച്ഛന്റെ അമ്മ.

അപ്പി-പ്ര. മലം. ഉ. കുഞ്ഞ്, ഓമന.

അപ്പിത്തം-പ്ര. തീയ്, അഗ്നി. പിത്തം എന്നപോലെ വെള്ളത്തെ ദഹിപ്പിക്കുന്നവൻ എന്നർത്ഥം. ഉ. കൊടുവേലി.

അപ്പു-ഇരവേലി.

അപ്പുപ്പൻ-അച്ഛന്റെയോ അമ്മയുടെയോ അച്ഛൻ.

അപ്പുറപ്പെടുക-മുതിരുക.

അപ്പുറം-അങ്ങേപ്പുറം, മറുപുറം.

അപ്പോൾ-അ. ആ സമയത്ത്, അന്നേരത്ത്.

അപ്പൊഴുത്-ആ സമയത്ത്, അപ്പോൾ.

അപ്പൊഴുതമരകൾകൈക്കൊണ്ടോരതിദ്രുതം
(ഭാഗവതം)

[പൊഴുതു-(കാലം) എന്ന ശബ്ദത്തിലെ 'തു' ലോപിക്കുമ്പോൾ 'അപ്പോൾ' 'ഇപ്പോൾ' 'എപ്പോൾ' എന്ന രൂപങ്ങൾ സിദ്ധിക്കുന്നു എന്നു പാണിനീയം.]

അപ്പോലെ-അതുപോലെ, അവ്വണ്ണം.
'അപ്പോലെ മന്ദരമെന്നതുഗന്ധവും'
(ഭാഗവതം)

അപ്രകരണം-പ്ര. സംബന്ധമില്ലാത്ത സംഗതി. ഉ. ഇടയിൽ സംഭവിക്കുന്നത്. ന. അപ്രധാനമായ സംഗതി, കാര്യം.

അപ്രകാണ്ഡം-പ്ര. തണ്ടില്ലാതെയും ഇല വിസ്താരമേറിയും ഉള്ള വള്ളി. ഉ. കറുക്കുവൽ. ന. കറുകാട്, തായ്ത്തടിയില്ലാത്ത കാട്.

അപ്രകാരം-അ. അതിന്മണ്ണം, അതനുസരിച്ച്, അവ്വണ്ണം.

അപ്രകാശം, അപ്രകാശനം-പ്ര. പ്രകാശം (തെളിവ്) ഇല്ലായ്ക. ഉ. മറഞ്ഞ സ്ഥിതി, രഹസ്യമായ സ്ഥിതി.

അപ്രകൃതശ്ലേഷം-ഒരലങ്കാരം. ശ്ലേഷത്താലുണ്ടാകുന്ന രണ്ടർത്ഥങ്ങളും അപ്രകൃതങ്ങളാകുന്നത്.

അപ്രകൃഷ്ട-വി. നിന്ദ്യമായ, ഹീനയായ നീചമായ.

അപ്രകൃഷ്ടാ-കാക്ക, കാകൻ.

അപ്രക്ഷിത-വി. നശിക്കാത്ത, ക്ഷയിക്കാത്ത.

അപ്രഗല്ഭ-വി. പ്ര. സാമർത്ഥ്യമില്ലാത്ത ഉ. ഹീനമായ. ന. പ്രസിദ്ധമല്ലാത്ത. ൪. ധൈര്യമില്ലാത്ത, കല്പകമില്ലാത്ത.

അപ്രഗല്ഭം-അസാമർത്ഥ്യം.

അപ്രഗുണ-ചിതറിയ, ചിന്നിച്ചിതറിയ

അപ്രഗ്രാഹ-പ്ര. കീഴടക്കമില്ലാത്ത. ഉ. ബന്ധനമില്ലാത്ത. ന. സ്വാതന്ത്ര്യമുള്ള.

അപ്രതാപം-പ്ര. പ്രതാപം (പ്രഭാവം) ഇല്ലായ്ക. ഉ. ചൂടില്ലായ്ക. ന. തേജസ്സില്ലായ്ക. ൪. മഹത്വമില്ലായ്ക.

അപ്രതി-വി. ശത്രുവില്ലാത്ത, വിരോധിയില്ലാത്ത.

അപ്രതിഗ്രാഹക-കൈക്കൊള്ളാത്ത.

അപ്രതിപക്ഷ-വി. ശത്രുവില്ലാത്ത.

അപ്രതിപത്തി-ഇന്നതു ചെയ്യണമെന്നുള്ള അറിവില്ലായ്ക, ശ്രദ്ധയില്ലായ്ക.

അപ്രതിബന്ധ-വി. തടസ്സമില്ലാത്ത.

അപ്രതിഭ-വി. പ്ര. പ്രതിഭ (ബുദ്ധിവിശേഷം) ഇല്ലാത്ത. ഉ. വിവേകശക്തിയില്ലാത്ത. ന. പ്രതിബിംബിക്കാത്ത.

അപ്രതിഭടൻ-എതിരില്ലാത്ത യോദ്ധാവ്, തുല്യനില്ലാത്തപടയാളി, യുദ്ധഭടൻ.

അപ്രതിമ-വി. തുല്യമില്ലാത്ത, ഉപമയില്ലാത്ത, മറ്റൊന്നിനോടു സദൃശപ്പെടുത്താൻ വയ്യാത്ത.

'കല്പമഹീരുഹചാപ്പേറമൊക്കെ
അപ്രതിമമുവനേ'
(നളചരിതം കഥകളി)

അപ്രതിയോഗി-പ്രതിയോഗി (എതിരാളി) ഇല്ലാത്ത, എതിരാളിയില്ലാത്ത.

അപ്രതിരഥൻ-൧. എതിരാളിയില്ലാത്ത യോദ്ധാവ്. ൨. മുനി.

അപ്രതിരവ-വി. തർക്കം ഉടക്കാത്ത.

അപ്രതിഷ്ഠ-വി. ൧. പ്രതിഷ്ഠ (ഉറപ്പ്) ഇല്ലാത്ത. ൨. പ്രയോജനമില്ലാത്ത ൩. യശസ്സില്ലാത്ത.

അപ്രതിഹത-വി. നശിക്കപ്പെടാത്ത.
'അപ്രതിഹതമദമത്തന്മാരിൽ'
(അംബരീഷചരിതം കഥകളി)

അപ്രതീക്ഷണം-ഓർത്തിരിക്കാത്തതു്.

അപ്രതീതം-൧. (കാവ്യത്തിൽ പദദോഷങ്ങളിൽ ഒന്ന്. 'ശാസ്ത്രമാത്രത്തിലല്ലാതെ ലോകത്തിൽ പ്രസിദ്ധികറഞ്ഞതു്' ഉ-ം, 'ഏഴാമെടം' ജ്യോതിശ്ശാസ്ത്രത്തിൽ 'മൃത്യു' എന്നർത്ഥം. ൨. പ്രസിദ്ധി കറഞ്ഞതു്.

അപ്രത്യക്ഷം-വി. ഇന്ദ്രിയങ്ങൾക്കു വിഷയമല്ലാത്തതു്, കാണാത്തതു്, ഇല്ലാത്തതു്. പ്രത്യക്ഷവിരുദ്ധം എന്നു ശബ്ദാർത്ഥം.

അപ്രഥമൻ-പ്രാഥമ്യമില്ലാത്തവൻ, പ്രാധാന്യമില്ലാത്തവൻ, ആദ്യത്തേവനല്ലാത്തവൻ.

അപ്രദക്ഷിണം - ഇടത്തുനിന്നു വലത്തോട്ടു്.

അപ്രധാനൻ-മുഖ്യനല്ലാത്തവൻ.

അപ്രധാനം-പ്രധാനമല്ലാത്തതു്.
'അപ്രാഗ്ര്യം ദ്വയഹീനോദ്വേ
അപ്രധാനോപസർജ്ജനേ'
(അമരം)
[അപ്രാഗ്ര്യം, അപ്രധാനം, ഉപസർജ്ജനം ൩-ം, അപ്രധാനത്തിൻെറ പേർ]

അപ്രമത്തഭാവം-മനസ്സിരുത്തൽ.
'ഇംവണ്ണമിഞ്ഞ് ഉവനപുസ്തകമപ്രമത്ത-
ഭാവംകലർന്നധികസൂക്ഷ്മതയോന്നബുദ്ധ്യാ'
(സുഭാഷിതരത്നാകരം)

അപ്രമാണം-൧. കുറവ്. ൨. പ്രമാണം (കാരണം) ഇല്ലാത്തതു്. ൩. വേദശാസ്ത്രാദികൊണ്ടു സാക്ഷിപ്പെടുത്തുവാൻ വയ്യാത്തതു്. ൪. പരിച്ഛേദമില്ലാത്തതു്. ൫. വിശ്വാസം ഇല്ലാത്തതു്. ൬. ദൃഷ്ടാന്തമില്ലാത്തതു്. ൭. നിശ്ചയമില്ലാത്തതു്. ൮ അതിർത്തിയില്ലാത്തതു്. ൯. തെറ്റായുള്ളതു്.

അപ്രമുക്ത-വി. ൧. കെട്ടഴിഞ്ഞ, ൨. വിട്ടയച്ച. ൩. അഴിച്ചുവിട്ട.

അപ്രമേയ-വി. ൧. പ്രമാണിപ്പാനുള്ളകാരണം ഇല്ലാത്ത. ൨. അളക്കത്തക്കതല്ലാത്ത. ൩. എണ്ണത്തക്കതല്ലാത്ത. ൪. ഗ്രഹിച്ചുകൂടാത്ത; നിർണ്ണയിക്കാൻവയ്യാത്ത.
'അപ്രമേയസ്ത്രീപുരുഷസംവാദങ്ങളും'
(കുചേലവൃത്തം വഞ്ചിപ്പാട്ട്)

അപ്രമോദം-സന്തോഷമില്ലായ്ക.

അപ്രയത്നം-പ്രയത്നമില്ലായ്ക, ഉത്സാഹമില്ലായ്ക, മടി.

അപ്രയാസം- എളുപ്പത്തിൽ, പ്രയാസമില്ലാതെ.

അപ്രയുക്തം-൧. പ്രയുക്തമല്ലാത്തതു്, പ്രയോഗിക്കാവുന്നതു്. ൨.(കാവ്യത്തിൽ) പദദോഷങ്ങളിൽ ഒന്ന്. ഒരു കാലത്തു നടപ്പുണ്ടായിരുന്നിട്ടു കാലക്രമേണ ഉപയോഗമില്ലാതെവന്നതു്. ഉ-ം, 'വിള്ള' ഇത്യാദി.

അപ്രയോജനം-വി. പ്രയോജനം (ഉപകാരം) ഇല്ലാത്ത.

അപ്രവക്തവ്യം-പറയത്തക്കതല്ലാത്ത.

അപ്രശസ്ത-വി. പ്രശസ്തം (പ്രശംസിക്കപ്പെട്ടതു്) അല്ലാത്ത, കീർത്തിയില്ലാത്ത, നല്ലതല്ലാത്ത.

അപ്രസക്ത-വി. ൧. ചേർന്നിട്ടില്ലാത്ത, ൨. പ്രിയമില്ലാത്ത.

അപ്രസന്ന-വി. പ്രസന്നം (തെളിവ്) ഇല്ലാത്ത, കലങ്ങിയ, പ്രസാദമില്ലാത്ത.

അപ്രസന്നത-തെളിവില്ലായ്മ.

അപ്രസവൻ-സന്തതിയില്ലാത്തവൻ(പ്രസവം സന്തതി.)

അപ്രസാദം-പ്രസാദം (സന്തോഷം) ഇല്ലായ്ക, തെളിവില്ലായ്ക.

അപ്രസൃത-വി. കഞ്ഞില്ലാത്ത, മച്ചിയായ.

അപ്രസിദ്ധ- വി. പ്രസിദ്ധമില്ലാത്ത, കേൾവിപ്പെടാത്ത, അപൂർവമായ, പ്രകർഷേണ സാധിച്ചതല്ലാത്ത.

അപ്രസ്തുത-വി. കാര്യത്തിനൊ സമയത്തിനോ യോജിക്കാത്ത. ൨. സംബന്ധമില്ലാത്ത. ൩. നിരർത്ഥകമായ.

അപ്രസ്തുതപ്രശംസ-ഒരലങ്കാരം.

ഇതിന്റെ ലക്ഷണം-'അപ്രസ്തുതപ്രശംസാഖ്യമപ്രസ്തുതമുരയ്ക്കുതാൻ'
(ഭാഷാഭൂഷണം)

'സാരസംവിരിയുന്നനേരത്തേപ്പാത്തുപാത്തു പാരാതെ മധുപാനംചെയ്തിട്ടും മധുപന്മാർ'
(സംഭവം)

ഇവിടെ ഭേദയന്തിക്ക് യൌവ്വനം പ്രാപ്തമായിരിക്കുന്ന സ്ഥിതിക്ക കാമുകനായ കചന് അവൾ അനുഭവയോഗ്യയായിരിക്കുന്നു എന്നുള്ള പ്രസ്തുതം വർണ്യമായിരിക്കെ, അപ്രസ്തുതമായിരിക്കുന്ന താമരയുടേയും വണ്ടിൻേറയും കാര്യം പറഞ്ഞിരിക്കയാൽ അപ്രസ്തുത പ്രശംസ എന്ന അലങ്കാരമാകുന്നു.

അപ്രഹത-വി. ൧. ഉപദ്രവിക്കപ്പെടാത്ത, അടിക്കപ്പെടാത്ത ൨. കൃഷിചെയ്യപ്പെടാത്ത.

അപ്രഹതം-മരിക്കലും വറ്റാത്ത ഭൂമി, ഒരുനാളും വറ്റാത്ത നിലം, ഒരു കാലത്തും ഉഴുതാത്ത ഭൂമി. കലപ്പ മുതലായതിനാൽ പീഡിക്കപ്പെടാത്തത് എന്ന് അർത്ഥം.

അപ്രാകൃത-വി. പ്രാകൃതമല്ലാത്ത, ഹീനമല്ലാത്ത, മുഖ്യമായ, പ്രത്യേകമായ, വിശേഷമായ, അകാര്യംചെയ്യാത്ത, സജ്ജനങ്ങളിൽനിന്ന വേർപിരിയാത്ത.

അപ്രാകാശ്യം-രഹസ്യമായിവയ്ക്കേണ്ട കാര്യങ്ങൾ- ഇവ- ൻ.

'ജന്മർക്ഷംമൈഥുനംമന്ത്രോ
ഗൃഹച്ഛിദ്രം ച വഞ്ചനം
ആയുർധനാപമാനം സ്ത്രീ
നപ്രാകാശ്യാനിസർവ്വഥാ'

അപ്രാഗ്ര്യ - വി. പ്രാഗ്ര്യം അല്ലാത്ത, അപ്രധാനമായ.

അപ്രാഗ്ര്യൻ-പ്രധാനനല്ലാത്തവൻ.

അപ്രാപണം-ലഭിക്കായ്ക, കിട്ടായ്ക.

അപ്രാപ്തകാലമൃതി-അകാലമരണം.

അപ്രാപ്തം-കിട്ടാൻ എളുപ്പമല്ലാത്തത്.

അപ്രാമാണിക-വി. ൧. വിശ്വസിക്കത്തക്കതല്ലാത്ത ൨. അധികാരമില്ലാത്ത

അപ്രിയ -വി. പ്രിയമല്ലാത്ത, ഇഷ്ടമല്ലാത്ത.

'ദുർമ്മുഖേമുഖരാബദ്ധമുഖഃ (അമരം)
[ദുർമ്മുഖൻ, മുഖരൻ, അബദ്ധമുഖൻ ന-ം, അപ്രിയത്തെ പറയുന്നവൻെറ പേർ.]

അപ്രിയവചനം-മുഷിഞ്ഞുപറയുക.

'പാരുഷ്യമതിവാദഃ (അമരം)
[പാരുഷ്യം, അതിവാദം, ഉ-ം അപ്രിയവചനത്തിൻെറ പേർ.]

അപ്രിയൻ-൧. മുഷിഞ്ഞുപറയുന്നവൻ. ൨. ശത്രു.

അപ്രിയവാദി-ഇഷ്ടക്കേടായി പറയുന്നവൻ, മുഷിഞ്ഞു പറയുന്നവൻ.

അപ്രിയ-൧ അപ്രിയം പറയുന്നവൾ. ൨. ഒരു മത്സ്യം (ശൃംഗീമത്സ്യം).

അപ്രീതി-൧. പ്രീതി (സന്തോഷം) ഇല്ലായ്ക. ൨. വിരോധം.

അപ്രതരാക്ഷസി-ഉലസി.

അപ്സരസ്സുകൾ-ഉർവ്വശി മുതലായ ദേവസ്ത്രീകൾ. അപ്പുകളിൽ (വെള്ളത്തിൽ) നിന്നുണ്ടായവർ, പുണ്യകൃത്തുക്കളാൽ പ്രാ

പിക്കപ്പെടുന്നവർ, ധൈര്യത്തിൽനിന്നു സർവരേയും തെററിക്കുന്നവർ.

[ഉർവശി മുതലായവർ പാലാഴിമഥനത്തിൽ ഉത്ഭവിച്ചവരാണ്. ഇവർ ദേവസുരന്മാക്കു പൊതുവേ ഭാര്യമാരാകുന്നു. ഇതിനു കാരണം അവർ രണ്ടു കൂട്ടരും ആര്യം സ്വീകരിക്കാത്തതുതന്നെ. യുദ്ധത്തിൽ മൃതന്മാരായി സ്വർഗ്ഗം പ്രാപിക്കുന്ന യോദ്ധാക്കന്മാർക്ക് ഇവരത്രേ ഭാര്യമാർ. കളിയിൽ ഇവക്കു താൽപര്യംകൂടും. ഇന്ദ്രനു വിപരീതമായി വല്ലവരും കഠിനതപം ആരംഭിച്ചാൽ ഉടനെ അദ്ദേഹം ഈ സ്ത്രീകളെ അയച്ചു തപോവിഘ്നം വരുത്തും. സുരാംഗനകൾ, സ്വർവേശ്യകൾ, സമുദ്രാത്മജമാർ എന്നും ഇവക്കു പേരുണ്ട്. വിചാരിക്കുന്ന രൂപത്തെ അവലംബിക്കുന്നതിന് ഇവക്കു ശക്തിയുണ്ട്. ഇന്ദ്രസ്വർഗ്ഗത്തിലെ പ്രധാന അപ്സരസ്ത്രീകൾ 'ഘൃതാചിമേനകാരംഭാ ഉർവശീ ച തിലോത്തമാ സുകേശീ മഞ്ജുഘോഷാദ്യാഃ കഥ്യന്തേപ്സരസോ ബുധൈഃ. അപ്സരസ്ത്രീകളിൽ ഉത്തമകൾ ആം 'ഉർവശീപൂർവ്വചിത്തിസഹജന്യയും പിന്നെമിശ്രകേശിയും മേനകയും വിശ്വാചീ ഘൃതാചിയും അപ്സരസ്ത്രീകളിൽവച്ചിവർ കളവാണമുള്ളതാംഗികളിൽമുഖ്യമാത്രമാം മേനകതാൻ'.] (ഭാരതം)

അപ്സരസ്തീർത്ഥം- അപ്സരസ്സുകൾ കളിക്കുന്ന ഒരു പരിശുദ്ധമായ തടാകം.

അപ്സരസ്പതി-ഇന്ദ്രൻ.

അഫല-വി. ൧. ഫലമില്ലാത്ത. ൨. കായില്ലാത്ത. ൩. ഉപയോഗമില്ലാത്ത. ൪. കാര്യമില്ലാത്ത.

അഫലം-൧. ഒരിക്കലും കായ്ക്കാത്തമരം. ഫലമില്ലാത്തതു് എന്നു ശബ്ദാർത്ഥം.

അഫല-കററവാഴ.

അഫുകം-കറുപ്പ്.

അഫേന-വി. നുരയില്ലാത്ത, പതയില്ലാത്ത.

അഫേന(ക)ം-കറുപ്പ്.

അപ്ലവിക്ക-സ്നാനംചെയ്ക.

അപ്ലവ-വി. ൧. കപ്പലില്ലാത്ത, ൨. നീന്താത്ത.

അബന്ധ്യ-വി. ബന്ധ്യം (ബന്ധിക്കത്തക്കതു്) അല്ലാത്ത.

അബദ്ധ-വി. ൧. കെട്ടപ്പെടാത്ത. ൨. സ്വാതന്ത്ര്യമുള്ള,

അബദ്ധം-൧. അർത്ഥമില്ലാത്തവാക്ക്. മനസ്സംബന്ധിക്കപ്പെടാത്തതു്, കേൾക്കുന്നവന്റെ മനസ്സ് ഇതിൽ ബന്ധിക്കുന്നില്ല എന്നർത്ഥം. ൨. തെററ്, ദോഷംപാടുക. ൩. കെട്ടപ്പെടാത്തതു്.

'അബദ്ധംസ്യാദനർത്ഥകം' (അമരം)

[അബദ്ധം, അനർത്ഥകം ൨-ം, അർത്ഥമില്ലാത്ത വാക്കിന്റെ പേർ. അബദ്ധ്യം എന്നും പാഠാന്തരം കാണുന്നുണ്ട്]

അബദ്ധമുഖൻ-അപ്രിയത്തെ പറയുന്നവൻ, മുഖത്തെ അടക്കാത്തവൻ എന്നു ശബ്ദാർത്ഥം.

അബദ്ധ്യം-അർത്ഥമില്ലാത്ത വാക്ക്. അബദ്ധം.

അബല-വി. ബലം (ശക്തി) ഇല്ലാത്ത.

അബല - സ്ത്രീ. ബലംകുറഞ്ഞവൾ എന്നർത്ഥം.

അബലം-൧. ബലമില്ലാത്തതു്. ൨. നീർമാതളം. ൩. യവം.

അബാധം-൧. ബാധ (തടവ്) ഇല്ലായ്മ. ൨. ഉപദ്രവമില്ലായ്മ.

അബാധിത-വി. ബാധിതം (ബാധിക്കപ്പെട്ടതു്) അല്ലാത്ത, തടുക്കപ്പെട്ടതല്ലാത്ത.

അബോധവേള-അർദ്ധരാത്രി.

അബ്ജൻ-൧. ചന്ദ്രൻ. വെള്ളത്തിൽ ഉണ്ടായവൻ എന്നു വ്യുൽപത്തി. ൨. ദേവവൈദ്യനായ ധന്വന്തരി.

അബ്ജകർണ്ണിക, അബ്ജകേസരം-താമരയല്ലി.

അബ്ജജൻ-ബ്രഹ്മാവ്. അബ്ജത്തിൽ (താമരയിൽ) ജനിച്ചവൻ. അബ്ജശബ്ദത്തോടു ഭൂ, ഭവൻ, യോനി ഇത്യാദി പദങ്ങളെ ചേർത്താൽ ബ്രഹ്മാവ് എന്ന അർത്ഥംവരും.

അബ്ജനയനൻ-താമരക്കണ്ണൻ, താമരയുടെ ഇതൾപോലെ നീണ്ടകണ്ണുള്ളവൻ. അബ്ജശബ്ദത്തോടു ദൃക്, ലോചന, നയന, നേത്ര, അക്ഷ ഇത്യാദി ചേർത്താൽ താമരപോലെ കണ്ണുള്ള എന്ന അർത്ഥംവരും.

അബ്ജബാന്ധവൻ-സൂര്യൻ; താമരബന്ധുവായുള്ളവൻ.

അബ്ജഭോഗം-൧. താമരക്കിഴങ്ങ്. ൨. കവടി.

അബ്ജം-൧. ശംഖ്. ൨. താമര. ൩. കർപ്പൂരം. ൪. നീർക്കടമ്പ്. ൫. വെളുത്ത ആമ്പൽ. ൬. ൧000,000,000 എന്ന സംഖ്യ.

അബ്ജവാഹനൻ-ശിവൻ. ചന്ദ്രനെ വഹിക്കുന്നവൻ എന്നർത്ഥം.

അബ്ജയോനി-ബ്രഹ്മാവ്, താമരയിൽ നിന്നു ജനിച്ചവൻ.

'ഗണപതിഭഗവാനമബ്ജയോനി
പ്രണയിനിയാകിയദേവിവാണിതാനും'
(ശ്രീകൃഷ്ണചരിതം)

അബ്ജസംഭവൻ-ബ്രഹ്മാവ് (താമരയിൽനിന്നുണ്ടായവൻ)

അബ്ജസ്ഥിതൻ-ബ്രഹ്മാവ്.

അബ്ജഹസ്തൻ- സൂര്യൻ. കൈയിൽ താമരയോടുകൂടിയവൻ എന്നർത്ഥം.

അബ്ജിനി-താമരപ്പൊയ്ക.

അബ്ജിനീപതി-സൂര്യൻ.

അബ്ദൻ-൧. ജലദാനത്തെ ചെയ്യുന്നവൻ. ൨. ഒരു രാക്ഷസൻ.

'അബ്ദൻകമ്പസ്യപാർശ്വമഹോദരൻ
ശംബുമാലിപ്രഭൃംഖവിശങ്കൻ'
(ലങ്കാമർദ്ദനം തുള്ളൽ)

അബ്ദം-൧. മേഘം. ൨. വത്സരം. ൩. മുത്തങ്ങ. ൪. ഒരു പർവ്വതത്തിന്റെ പേർ.

അബ്ദവാഹനൻ-൧. ഇന്ദ്രൻ. ൨. ശിവൻ.

അബ്ദസാരം-കർപ്പൂരം.

അബ്ധി-൧. സമുദ്രം. ജലത്തിന്റെ ഇരിപ്പിടം, വെള്ളത്തെ ധരിക്കുന്നതു് എന്നു വ്യുൽപത്തി. ൨. കുളം. ൩. കായൽ.

അബ്ധികഫം-കടൽനാക്ക് (കടൽനുര) സമുദ്രത്തിന്റെ കഫംപോലെയുള്ളതു് എന്നർത്ഥം.

അബ്ധിജ-വി. സമുദ്രത്തിൽനിന്നുണ്ടായ.

അബ്ധിജ-൧. ലക്ഷ്മീദേവി. ൨. മദ്യം.

അബ്ധിജൻ-ചന്ദ്രൻ.

അബ്ധിജന്മാർ-അശ്വനീപുത്രന്മാർ, ദേവന്മാർ.

അബ്ധിജാതൻ- ചന്ദ്രൻ, സമുദ്രത്തിൽ നിന്നു ജനിച്ചവൻ.

അബ്ധിജം-ശംഖ്, ചിപ്പി.

അബ്ധിഡിണ്ഡീരം-കടൽനാക്ക്, കടൽനുര.

അബ്ധിനഗരി-ദ്വാരക.

അബ്ധിനവനീത(ക)ം-ചന്ദ്രൻ.

അബ്ധിദ്വീപ-ഭൂമി, ദ്വീപം.

അബ്ധിനന്ദിനി- മഹാലക്ഷ്മി (സമുദ്രത്തിന്റെ മകൾ)

അബ്ധിപല്ലവം-പവിഴം.

അബ്ധിഫേനം-കടൽനുര, കടൽനാക്ക്

അബ്ധിഭവ - വി. സമുദ്രത്തിൽ നിന്നുണ്ടായ.

അബ്ധിമണ്ഡൂകി-മുത്തുച്ചിപ്പി.

അബ്ധിമേഖല-ഭൂമി. അബ്ധി (സമുദ്രം) ആകുന്നമേഖല (ഉടഞ്ഞാൺ) ഉള്ളതു്. വെള്ളംകൊണ്ടു ചുറ്റപ്പെട്ടിരിക്കുന്നതു് എന്നു താൽപര്യം.

അബ്ധിശയനൻ-വിഷ്ണു.

അബ്ധിസാരം-ഒരു രത്നം.

**അബ്ധ്യഗ്നി** - ബഡവാഗ്നി, സമുദ്രാഗ്നി.

**അബ്ധ്യംബുവികൃതി** - സമുദ്രജലത്തിന്റെ വികാരം, വേലിയേററം.

**അബ്രഹ്മണ്യം** - ബ്രാഹ്മണാദികളാൽ ചെയ്യപ്പെടുന്ന ദോഷോക്തി. ബ്രാഹ്മണന് ഇഷ്ടമല്ലാത്തത് എന്നർത്ഥം.

**അബ്രാഹ്മണൻ** - കണ്ടാൽ ബ്രാഹ്മണനെപ്പോലെ തോന്നും, എന്നാൽ ബ്രാഹ്മണനല്ലതാനും.

**അബ്ബാ!** - (വ്യാകരണത്തിൽ) പ്രധാന വ്യാക്ഷേപങ്ങളിൽ ഒന്ന്. അത്ഭുതം, ദുഃഖം, സന്തോഷം എന്നിവയുണ്ടാകുമ്പോൾ പറയുന്നത്. അപ്പാ എന്നതു നോക്കുക.

**അഭഗ** - വി. ഭാഗ്യംകെട്ട.

**അഭംഗം** - പു. നാശമില്ലായ്മ. ൨. തടവില്ലായ്മ. ൩. തിരമാലയില്ലായ്ക. ൪. ശ്ലേഷാലങ്കാരത്തിന്റെ ഒരു പിരിവ്.

**അഭംഗുര** - വി. നാശമില്ലാത്ത.

'തിങ്ങിയിണങ്ങിയഭംഗുരഭംഗിവിളങ്ങി'
(നളചരിതം കഥകളി)

**അഭയം** - പു. ശരണം.

'ശ്രുതമതിവസുദേവനേവമപ്പോ
ളഭയമിരന്നുവണങ്ങിനിന്നുചൊന്നാൻ'
(ശ്രീകൃഷ്ണചരിതം)

൨. പേടിയില്ലായ്ക, ധൈര്യം. ൩. രാമച്ചത്തിന്റെ വേർ. വ്യാധിഭയം കളയുന്നതുകൊണ്ട് ഈ പേർവന്നു.

**അഭയ** - പു. കടുക്ക. ഭയത്തെ കളയുന്നതു് എന്നർത്ഥം. ൨. ദുർഗ്ഗയുടെ ഒരു രൂപം.

**അഭയാരിഷ്ടം** - ഒരു മരുന്ന്. ഈ മൂലക്കുരു, ശോധനക്കുറവ് ഇവകൾക്കു നന്ന്.

**അഭയലവണം** - (ഒരു ഭസ്മം) ഈ മരുന്നു ദീപനക്ഷയം, പ്ലീഹാരോഗം ഇവയ്ക്കു നന്ന്.

**അഭയാവലേഹം** - ഈ മരുന്നു കാസത്തിനു പ്രധാനം.

**അഭയാഹ്വാ** - കണവീരം (എന്നാരപക്ഷം).

**അഭയൻ** - പു. ഭയമുള്ളവൻ. ൨. കൗരവരിൽ (നൂററുപേരിൽ) ഒരുവൻ.

**അഭാഗ** - വി. ഭാഗിച്ചിട്ടില്ലാത്ത, പകുത്തിട്ടില്ലാത്ത.

**അഭാഗ്യം** - വി. ഭാഗ്യം(ദൈവാനുകൂലം) ഇല്ലാത്ത.

**അഭാവം** - പു. ഇല്ലെന്നുള്ള അവസ്ഥ, ഇല്ലായ്മ. ൨. മരണം. ൩. നാശം, നാശമെന്നതു ധ്വംസം എന്ന അഭാവമാകുന്നു. ഇതിന്റെ പുറമെ പ്രാഗഭാവവും അത്യന്താഭാവവും അന്യോന്യാഭാവവുമുണ്ട്. അതുകളും അഭാവപദത്തിന്റെ അർത്ഥമാകുന്നു. ൪. ശ്ലോകാർത്ഥത്തിന് അലങ്കാരശാസ്ത്രമനുസരിച്ചുള്ള സാരഭാഗം ഇല്ലായ്ക.

**അഭാവന** - ധ്യാനം ഇല്ലായ്ക.

**അഭാഷണം** - പു. സംസാരിക്കാതിരിക്ക, മിണ്ടാതിരിക്ക. ൨. വ്രതങ്ങൾ നിമിത്തമായി മിണ്ടാതിരിക്ക.

**അഭാസ്വരൻ** - ശോഭയോടുകൂടാത്തവൻ.

**അഭി** - അ. ഏററവും, നേരെ, വേറെ, മീതെ, അടുക്കൽ.

**അഭിക** - വി. സ്ത്രീ തുടങ്ങിയുള്ള കാമ്യവസ്തുക്കളെ കാമിക്കുന്ന.

**അഭികൻ** - പു. ഭർത്താവ്. ൨. കാമുകൻ. സ്ത്രീ തുടങ്ങിയുള്ള കാമ്യവസ്തുക്കളെ കാമിക്കുന്നവൻ.

**അഭിക്രന്ദം** - അലച്ച, വലുതായ ഒച്ച.

**അഭികൃതി** - ഛന്ദസ്സുകളിൽ ഒന്ന്, പദം ഒന്നിനു ൨൫ അക്ഷരം വീതം കാണും.

**അഭിക്രമം** - പു. ശത്രുക്കളുടെ നേരെ ഭയപ്പെടാതെ പുറപ്പെടുക. അഭിമുഖമായി ക്രമണം എന്നു ശബ്ദാർത്ഥം. ൨. കേറുക.

**അഭിക്രോശം** - പു. കരച്ചിൽ. ൨. ശകാരം.

അഭിഖ്യ-സ്ത്രീ. സാമാന്യാശോഭ. പുകഴലവും പ്രസിദ്ധമായി കാണപ്പെടുന്നതു് എന്നർത്ഥം. 1. പേർ. 2. യശസ്സ്. 3. മഹത്വം.

'അഭിഖ്യാനാമശോഭയോഃ' (അമരം)

[അഭിഖ്യാ-പുകഴലവും പ്രസിദ്ധപ്പെട്ടതു്. ഇതു് പേരിന്റെയും ശോഭയുടെയും പേർ].

'ചിന്തിച്ചുവിദ്യാമഖനിച്ചുലർശരൻ
നാരായണാഭിഖ്യയം'

(ശ്രീമച്ഛിശങ്കരവിജയം)

അഭിഖ്യാതാ-വി. കീർത്തിപ്പെട്ട.

അഭിഖ്യാനം-ഇല്ലാത്തദോഷത്തെ ചുമത്തിപ്പറക. ഇല്ലാത്തതിനെഉണ്ടാക്കിപ്പറക എന്നു ശബ്ദാർത്ഥം, കാരണംകൂടാതെയുള്ള ചോദ്യം (വഴക്ക്).

അഭിഗമനം-നേരെവരിക, നേരെചെല്ലുക, അടുക്കൽചെല്ലുക.

അഭിഗന്ത്ര-സമീപത്തു ചെല്ലുവാൻതക്ക, നേരെ ചെല്ലുവാൻതക്ക.

അഭിഗരം-സ്തുതി.

അഭിഗർജ്ജനം - കഠിനമായ അലച്ച (അലറുക).

അഭിഗുപ്തി-സംരക്ഷിക്കുക

അഭിഗ്രസ്ത-വി. പ്ര. വിഴുങ്ങപ്പെട്ട. 1. കീഴ്പെടുക്കപ്പെട്ട. 2. പിടിക്കപ്പെട്ട.

അഭിഗ്രഹം-പു. പോരിനുവിളി. ചുറ്റും ഗ്രഹിക്കുക എന്നു ശബ്ദാർത്ഥം. 1. നല്ലവണ്ണം പറഞ്ഞുതടവുചെയ്ക.

അഭിഗ്രഹണം-പ്ര. നേരിട്ടു പോരിനുവിളിക്കുക, അഭിമുഖമായ ഗ്രഹണം എന്നു ശബ്ദാർത്ഥം. 1. മോഷണം.

അഭിഘർഷണം-ഉരസ്സുക.

അഭിഘാതി-പു. ശത്രു. അഭിഹനിക്കുന്ന ശീലമുള്ളവൻ എന്നർത്ഥം. 1. കൊല്ലുന്നവൻ. 2. ഉപദ്രവിക്കുന്നവൻ.

അഭിഘാതം-അടിക്കുക, അടി.

നിത്യംചാപലഗുണാഭിഘാതകാരിനി'
(അഭിജ്ഞാനശാകുന്തളം)

[ഇവിടെ ചാപലഗുണാഭിഘാതം എന്നതിനു ഞാണടി എന്നർത്ഥം]

അഭിഘാതജരോഗം-ഒരു രോഗം. മുറിയുക, വീണുപൊട്ടുക, ചതവുപററുക, ശീതക്കാററുകൊള്ളുക, കടൽക്കാററുകൊള്ളുക, ചേരിൽവാലു് നായ്ക്കുരണയുടെ ഒക്കു് ഇവ മേലിൽ തട്ടുക ഇത്യാദി ഹേതുക്കളാലുണ്ടാകുന്ന രോഗം. വിസർപ്പം, തീവ്രമായ ചൂടു്, ചെമപ്പുനിറം ഇത്യാദി ലക്ഷണം.

അഭിഘാരം-ഉരുക്കിയ പശുവിൻനെയ്യു്.

അഭിചരണം-മന്ത്രം, അഭിചാരം.

അഭിചരൻ-സഹായിക്കുന്നവൻ, പിന്നാലെ നടക്കുന്നവൻ, ഭൃത്യൻ. അഭി (ചുററിലും) ചരൻ (ഗമിക്കുന്നവൻ)

അഭിചാരം-മാന്ത്രികമായ മാരണാദികർമ്മം, മറെറാരുത്തനെ കൊല്ലുന്നതിനായി ചെയ്യുന്ന ഹോമം ജപം മന്ത്രം മുതലായവ.

'ഹിംസാകർമ്മാഭിചാരഃസ്യാൽ' (അമരം)

[ഹിംസാകർമ്മം, അഭിചാരം ഇവ രണ്ടും പര്യായങ്ങൾ.]

അഭിചാരിണി-ക്ഷുദ്രപ്രവൃത്തി ചെയ്യുന്നവൾ.

അഭിജനം-പു. വംശം. ഇടവിടാതെ ഉത്ഭവിക്കുന്നു, ഇതിന്നഭിമുഖമായിജനങ്ങൾ ജനിക്കുന്നു എന്നർത്ഥം. 1. ജന്മഭൂമി. (ജന്മഭൂമി). 2. വംശമുഖ്യൻ. 3. കീർത്തി. 4. ജ്ഞാനം. 5. സൌന്ദര്യം. 6. സൌഭാഗ്യം. 7. ഭാഗ്യാതിശയം. 8. കുലചിഹ്നം.

'ഇത്യാഭിജനിഃകോപ
കപടിനകലവ്യാജയശോജനങ്ങളിൽ
ഭാഗ്യാൽകഞ്ചനസമൈശ്വ്യ
ജ്ഞാനസന്ദേശ്ശയാരപി'

(ശബ്ദവ്യൂഹതരിംഗിണി)

**അഭിജന്മത്വം** – അഭിജന്മാവിന്റെ ഭാവം, ആഭിജാത്യം.

**അഭിജയം**–പൂൎണ്ണജയം.

**അഭിജാത**–വി. നല്ലകുലത്തിൽ ജനിച്ച. ൨. വിദ്വാനായ. ൩. യോഗ്യതയുള്ള. ൪. ഭംഗിയുള്ള.

**അഭിജാതൻ**–പു. നല്ലകുലത്തിങ്കൽ ജനിച്ചവൻ, നല്ല തറവാട്ടിലുള്ളവൻ. നല്ല ജനനത്തോടുകൂടിയവൻ എന്നൎത്ഥം. ൨. വിദ്വാൻ.

**അഭിജിത്ത്**–വി. ൧. പൂൎണ്ണജയമുള്ള. ൨. നക്ഷത്രക്കൂട്ടത്തിൽ ജനിച്ച.

**അഭിജിത്ത്**–പു. വിഷ്ണു. ൨. ഒരു യാഗം. ൩. ഒരു നക്ഷത്രത്തിന്റെ പേർ. ൪. ഒരു ദിവസത്തിന്റെ എട്ടാമത്തെ മുഹൂൎത്തം, ശ്രാദ്ധത്തിനുപയുക്തമായ മദ്ധ്യാഹ്നം. ൫. യാത്രയ്ക്കു കൊള്ളാവുന്ന ഒരു ലഗ്നത്തിന്റെ പേർ.

**അഭിജിഘ്രിക**–നറുനീണ്ടി.

**അഭിജ്ഞ**–വി. ൧. സാമൎത്ഥ്യമുള്ള. ൨. എല്ലാം അറിയുന്ന.

**അഭിജ്ഞൻ**–സമൎത്ഥൻ. എല്ലാം അറിയുന്നവൻ എന്നു ശബ്ദാൎത്ഥം.

**അഭിജ്ഞത**–സമൎത്ഥത.

**അഭിജ്ഞാതൻ**– വിദ്വാൻ, എല്ലാമറിഞ്ഞവൻ.

**അഭിജ്ഞാനശാകുന്തളം**–കാളിദാസൻ എഴുതിയ അതിപ്രസിദ്ധിയുള്ള ഒരു നാടകം. ഇതിനെ മഹാമഹിമശ്രീ കേരളവൎമ്മവലിയകോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ടു ഭാഷാന്തരപ്പെടുത്തിട്ടുണ്ടു്.

[ശ്രീമഹാഭാരതം ആദിപൎവ്വത്തിനുള്ളിലുള്ള സംഭവം എന്ന അവാന്തരപൎവ്വത്തിൽ ൬൯ മുതൽ ൭൪ വരെയുള്ള ൬ അദ്ധ്യായങ്ങളിൽ വിവരിക്കപ്പെട്ട ശകുന്തളോപാഖ്യാനമാകുന്നു അഭിജ്ഞാനശാകുന്തളത്തിലെ കഥാവസ്തു. കഥാസംഗ്രഹം—പണ്ടു ചന്ദ്രവംശത്തിൽ അതിധാൎമ്മികനായി ദുഷ്ഷന്തൻ എന്നൊരു രാജാവുണ്ടായിരുന്നു. അദ്ദേഹം ഒരിക്കൽ നായാട്ടിനു പോയപ്പോൾ കണ്വമഹൎഷിയുടെ ആശ്രമം കാണുകയുണ്ടായി. മഹൎഷിയെ അന്വേഷിച്ചു് അകത്തു കടന്നപ്പോൾ രൂപവതിയായ ഒരു മുനികന്യക വന്നു ആതിഥ്യം ചെയ്തു തന്റെ അച്ഛനായ കണ്വൻ ഫലാഹരണത്തിനായി വെളിയിൽ പോയിരിക്കുന്നു എന്നറിയിച്ചു. അവിടെ അവർ തമ്മിൽ ഉണ്ടായ സംഭാഷണത്താൽ പരസ്പരം അനുരാഗം വൎദ്ധിച്ചു. ശകുന്തള തന്റെ ഉൽപത്തിയെ ദുഷ്ഷന്തനെ സവിശേഷം കേൾപ്പിച്ചു. അനന്തരം അവിടെവച്ചു് അവർതമ്മിൽ ഗാന്ധൎവ്വവിവാഹം നടന്നു. കുറച്ചുകാലം ആശ്രമത്തിൽ താമസിച്ചു. പിന്നെ രാജാവു നഗരത്തിലേക്കു പോയി. ശകുന്തള ഗൎഭം ധരിച്ചു. മടങ്ങിവന്ന കണ്വമഹൎഷി കഥയെല്ലാം ദിവ്യചക്ഷുസ്സുകൊണ്ടറിഞ്ഞു. ശകുന്തള ആശ്രമത്തിൽ തന്നെ പ്രസവിച്ചു. കുഞ്ഞിനു 'സൎവ്വദമനൻ' എന്ന പേർ കല്പിച്ചു. കുമാരനു യൌവരാജ്യാഭിഷേകത്തിനു പ്രായമായപ്പോൾ കണ്വൻ ശിഷ്യരെ ഏല്പിച്ചു പുത്രനോന്നിച്ചു ശകുന്തളയെ നാട്ടിലേക്കയച്ചു. രാജാവു് ശകുന്തളയെ നിരാകരിച്ചു. ശകുന്തള മടങ്ങുന്നതിനു ഭാവിച്ചു. അപ്പോൾ അശരീരിവാക്കുണ്ടായി. അനന്തരം മഹാരാജാവു ശകുന്തളയെ സ്വീകരിച്ചു് പട്ടമഹിഷിയാക്കി അഭിഷേകംചെയ്തു. ഇങ്ങിനെയാണു മൂലഗ്രന്ഥകഥാസംഗ്രഹം. ദുൎവ്വാസശ്ശാപം, അംഗുലീയവൃത്താന്തം, സ്വൎഗ്ഗയാത്ര ഇവമൂന്നും നാടകകൎത്താവു വിശേഷാൽ ചേൎത്തിട്ടുണ്ടു്.]

**അഭിജ്ഞാനം**–അടയാളം. ൨. അറിവ്.

**അഭിജ്ഞാപക**–വി. അറിയിക്കുന്ന.

**അഭിതപിക്ക**–വ്യസനിക്ക.

അഭിതപ്ത-വി. ഏററവും ചൂടുള്ള, വളരെ വ്യസനിച്ച.

അഭിതരൻ-സഹായക്കാരൻ.

അഭിതഃ അ. ൧. അടുക്കെ, സമീപം. ൨. ഇരുഭാഗങ്ങളിൽ. ൩. പൊടുന്നനവെ. ൪. എല്ലാ ദേശങ്ങളിൽ. ൫. മുഖത്തിന നേരെയുള്ള ഭാഗത്തിൽ.

അഭിതാമ്ര-വി, വളരെ ചെമന്ന.

അഭിധ-൧. പേർ. ൨. (ശബ്ദാർത്ഥപ്രകരണത്തിൽ) "ഒരു വാചകശബ്ദം തന്റെ അർത്ഥത്തെ പ്രതിപാദിക്കുന്നതിൽ ചെയ്യുന്ന വ്യാപാരം അഭിധ". അഭിധ മൂന്നുവിധം. രൂഢി, യോഗം, യോഗരൂഢി.

അഭിധാദ്ധ്വാംസി-വി. ഒരുവന്റെ പേരിനെ കളയുന്ന.

അഭിധർമ്മം-ബുദ്ധമത സിദ്ധാന്തമനുസരിച്ചുള്ള അത്യുൽകൃഷ്ടമായ സത്യം.

അഭിധാനകം-ശബ്ദം.

അഭിധാനകോശം-നിഘണ്ടു.

അഭിധാനചിന്താമണി-ഹേമചന്ദ്രൻ ഉണ്ടാക്കിയ ഒരു പ്രസിദ്ധനിഘണ്ടു.

അഭിധാനമാല-ഒരു നിഘണ്ടു.

അഭിധാനരത്നമാല-ഹലായുധന്റെ ഒരു നിഘണ്ടു.

അഭിധാനം-നാമം (പേർ) ധരിക്കപ്പെടുന്നതു്.

അഭിധാവകൻ-൧. പിറകെ ഓടുന്നവൻ. ൨. കൈയേററം ചെയ്യുന്നവൻ.

അഭിധായ-പറഞ്ഞിട്ട്.

അഭിധാവനം-൧. പിന്നാലെയുള്ളഓട്ടം. ൨. കൈയേററം.

അഭിധേയ-വി. പറയത്തക്ക, പേരിടത്തക്ക.

അഭിധേയം-൧. പേർ. ൨. പദാർത്ഥം, വസ്തു. ൩. അർത്ഥമുള്ള വാക്ക്.

അഭിധ്യാ-അന്യദ്രവ്യത്തിങ്കലുള്ള ഇച്ഛ. പിടിച്ചടക്കുവാനുള്ളവിചാരം എന്നർത്ഥം.

അഭിധ്യാനം-മനസ്സുകൊണ്ടുള്ള ആരാധന.

അഭിനന്ദ-സന്തോഷം, അനുഗ്രഹം.

അഭിനന്ദനം-൧. സന്തോഷം, ൨. പ്രോത്സാഹിപ്പിക്കൽ.

അഭിനമിക്ക-നമസ്കരിക്ക.

അഭിനയം-ആട്ടം. മനോഭിപ്രായത്തെ കൈമുദ്രമുതലായവകൊണ്ടു പുറത്തു കാണിച്ചു മനസ്സിലാക്കിക്കൊടുക്കുക.

'വ്യഞ്ജകാഭിനയൌ' (അമരം)

[വ്യഞ്ജകം, അഭിനയം ഇവ ൨-ം, പര്യായങ്ങൾ. അഭിനയം രണ്ടു വിധം. ൧. ആംഗികം. ൨. സാത്വികം. ഇവ ൨-ം, ക്രമാൽ പുരികം മുതലായ അംഗങ്ങൾകൊണ്ടു ജനിപ്പിക്കുന്നക്രിയകൾക്കും സത്വത്താൽ ഉണ്ടാക്കപ്പെട്ട സ്വേദരോമാഞ്ചാദികൾക്കും ഉള്ള പേരാകുന്നു. ഭ്രൂവിക്ഷേപാദിക്രിയകൾ ആംഗികങ്ങൾ എന്നും, സ്തംഭം, പ്രളയം, രോമാഞ്ചം, സ്വേദം, വൈവർണ്യം, വേപഥു, അശ്രു, വൈസ്വര്യം ഇവ എട്ടും സാത്വികങ്ങൾ എന്നും അറിയുക ]

അഭിനയചതുഷ്ടയം-ആംഗികം, സാത്വികം, വാചികം, ആഹാര്യകം ഈ നാലും നാട്യത്തിൽ അടങ്ങിയവ.

അഭിനവ-വി. പുതിയ

അഭിനവപയസ്സ്-൧. നിർമ്മലജലം. ൨. പുതിയ പാൽ.

അഭിനവം-പുതിയതു്, ചുററും പ്രശംസിക്കപ്പെടുന്നതു് എന്നു ശബ്ദാർത്ഥം.

'പതിമതിലേഖാംവിലോകയാഭിനവം'

(അഭിജ്ഞാനശാകുന്തളം)

അഭിനവോദ്ഭിത്ത്-വിത്തിന്റെ പുതിയ മുള. അഭിനവ=പുതിയതു്. ഉത്ഭിത്ത്=പൊളിപ്പൊങ്ങിയുണ്ടാകുന്നതു്. ബീജത്തിൽനിന്നുണ്ടാകുന്ന മുള, കൂമ്പ്

**അഭിനിധാനം**-ഇടുക, വെയ്ക്കുക.

**അഭിനിയുക്ത**-വി. ജോലിയിൽ നിയോഗിക്കപ്പെട്ട.

**അഭിനിയോഗം**-൧. കല്പന. ൨. മഹോത്സാഹം, ജാഗ്രത.

**അഭിനിൎമ്മുക്ത**-വി. ഉപേക്ഷിക്കപ്പെട്ട, തള്ളപ്പെട്ട.

**അഭിനിൎമ്മുക്തൻ**-൧. തള്ളപ്പെട്ടവൻ. ൨. സൂൎയ്യൻ അസ്തമിക്കുന്നസമയം ഉറങ്ങുന്നവൻ. വൈകുന്നേരത്തെ സന്ധ്യാവന്ദനത്തെ ഉപേക്ഷിച്ചവൻ എന്നൎത്ഥം.

**അഭിനിൎയ്യാണം**-യാത്ര, പുറപ്പാട്. (എല്ലാവിധ യാത്രയ്ക്കും പറയാം).

**അഭിനിവേശ(ന)ം**-൧. അഭിപ്രായം. ൨. കാൎയ്യസാദ്ധ്യത്തിനുള്ള താല്പൎയ്യം. ൩. ശുഷ്കാന്തി.

**അഭിനിവേശിക്ക**-൧. ജാഗ്രതചെയ്ക. ൨. ശുഷ്കാന്തിയുണ്ടാക്കുക, പ്രവേശിക്കുക.

**അഭിനിഷ്ക്രമണം**-വെളിയിൽ പോവുക.

**അഭിനീത**-വി. ൧. യുക്തമായിട്ടുള്ള. ൨. ഏററവും അലങ്കരിക്കപ്പെട്ട. ൩. ക്ഷമയോടുകൂടിയ. ൪. സമീപത്തു കൊണ്ടുവന്ന.

**അഭിനീതം**-൧. ന്യായമായി കിട്ടുന്നതു്. ൨. യുക്തം. ൩. ന്യായത്തോടുകൂടിയതു്. കാൎയ്യങ്ങളെ സാധിപ്പിക്കുന്നതു് എന്നു ശബ്ദാൎത്ഥം.

**അഭിനീതൻ**-൧. യോഗ്യനായിട്ടുള്ളവൻ ൨. ക്ഷമയോടുകൂടിയവൻ.

**അഭിനുത**-വി. സ്തുതിക്കപ്പെട്ട.

**അഭിനേതാവ്**-൧. കാൎയ്യം നടത്തുന്നവൻ. ൨. ആട്ടക്കാരൻ.

**അഭിനേത്രി**-൧. കാൎയ്യം നടത്തുന്നവൾ. ൨. ആട്ടക്കാരി.

**അഭിന്യാസം**-ഒരുവക സന്നിപാതജ്വരം.

ഈ സന്നിപാതത്തിൽ മുഖത്തിനു മിനുമിനുപ്പ്, നിദ്രാഭംഗം, നിശ്ചേഷ്ടത, കഷ്ടവാക്ക്, ബലക്ഷയം, ശ്വാസകാസങ്ങൾക്കു് തടവ് ഇവയുണ്ടാകും. ഇതു കാലനാകുന്നു.

**അഭിന്നം**-വി. ൧. ഭിന്നം (ഖണ്ഡിക്കപ്പെട്ടതു്) അല്ലാത്ത. ൨. വ്യത്യാസം വന്നിട്ടില്ലാത്ത.

**അഭിപന്നൻ**-൧. അപരാധമുള്ളവൻ. ൨. ആപത്തിൽ അകപ്പെട്ടവൻ. ൩. ശത്രുവിനാൽ ആക്രമിക്കപ്പെട്ടവൻ. അഭിപതിച്ചവൻ എന്നു ശബ്ദാൎത്ഥം.

**അഭിപൂൎവ്വം**-അ. തുടരെ.

**അഭിപൂരണം**-നിറക്കുക.

**അഭിപ്രതപ്ത**-വി വളരെ ചൂടുപിടിച്ച, വേദനനിമിത്തം ക്ഷീണിച്ച.

**അഭിപ്രായം**-മനസ്സിലിരിപ്പ്, അവനവന്റെ മനസ്സിൽ തോന്നിയതു്. എല്ലാവൎക്കും തൃപ്തിവരുത്തുക എന്നു ശബ്ദാൎത്ഥം.
'അഭിപ്രായശ്ഛന്ദ ആശയഃ' (അമരം)
[അഭിപ്രായം, ഛന്ദസ്സ്, ആശയം ൩-ം, അഭിപ്രായത്തിന്റെ പേർ.]

**അഭിപ്രീതി**-സന്തോഷം.

**അഭിപ്രേത**-വി. ൧. ആഗ്രഹിക്കപ്പെട്ട. ൨. വിചാരിക്കപ്പെട്ട. ൩. യത്നിക്കപ്പെട്ട.

**അഭിപ്രോക്ഷണം**-തളിപ്പ് (തളിക്കുക).

**അഭിപ്ലവം**-൧. ഉപദ്രവം. ൨. തോൽവി. ൩. അവമാനം.

**അഭിബുദ്ധി**-ജ്ഞാനേന്ദ്രിയങ്ങൾ, കണ്ണ്, മൂക്ക്, ചെവി, നാക്ക്, തൊലി.

**അഭിഭവം**-൧. അവമാനം. ൨. തോൽവി.

**അഭിഭ**-ശോഭ, കാന്തി.

**അഭിഭാസം**-കാന്തി, തേജസ്സ്, പ്രകാശം.

**അഭിഭാര**-വി. വളരെ ഭാരമുള്ള.

**അഭിഭൂത**-വി. ൧. പരിഭവിക്കപ്പെട്ട. ൨. കീഴാക്കപ്പെട്ട, തോല്പിക്കപ്പെട്ട.

**അഭിഭൂതൻ**-പരിഭവിക്കപ്പെട്ടവൻ. അഭിഭവിക്കപ്പെട്ടവൻ എന്നു ശബ്ദാൎത്ഥം.

(പരിഭവിക്കപ്പെട്ടവൻ എന്നാൽ അന്യനാൽ അഹങ്കാരം ഇല്ലാതാക്കപ്പെട്ടവൻ എന്നർത്ഥം.)

**അഭിഭൂതി**-൧. നിന്ദ, അവമാനം, ൨. മേൽവിചാരം, ൩. ജയം.

**അഭിമത**-വി. ൧. സമ്മതിക്കപ്പെട്ട. ൨. അഭിപ്രായപ്പെട്ട, ൩. ആഗ്രഹിക്കപ്പെട്ട.

**അഭിമതം**-൧. സമ്മതം. ൨. ആഗ്രഹം, ഇഷ്ടം.

'അവനിവിബുധമെന്നപോലവേണ്ടപ്പോൾ അഭിമതമല്ലവനസഹായം'

(നളചരിതം കഥകളി)

**അഭിമത**-സഖി.

**അഭിമതൻ**-സ്നേഹമുള്ളവൻ, പ്രിയൻ.

**അഭിമന്ത്രണം**-൧. ക്ഷണിക്ക, വിളിക്ക, ൨. ആലോചന. ൩ വശീകരണം. ൪. മന്ത്രംചൊല്ലുക.

**അഭിമന്ത്രിത**-വി. ൧. ക്ഷണിക്കപ്പെട്ട, വിളിക്കപ്പെട്ട. ൨. ആലോചന ചെയ്യപ്പെട്ട. ൩. വശീകരിക്കപ്പെട്ട. ൪. മന്ത്രം ചൊല്ലപ്പെട്ട.

**അഭിമന്യു**-അർജ്ജുനനു സുഭദ്രയിൽ ജനിച്ചവൻ, ശ്രീകൃഷ്ണന്റെ അനന്തരവൻ

[അഭിമന്യു അതിസുന്ദരനും ധീരനുമാണ്. ജനനത്തിൽതന്നെ പരാക്രമശാലിയായും ദീർഘബാഹുവായും അഗ്നിസദൃശനായും കാണപ്പെട്ടു. അതിനാൽ അഭിമന്യു എന്നുപേർനൽകി വിരാടരാജാവിന്റെ പുത്രിയായ ഉത്തരയും, ബലരാമന്റെ പുത്രിയായ വത്സലയും തന്റെ ഭാര്യമാരാകുന്നു. ദുശ്ശാസനന്റെ മകനായ ലക്ഷ്മണനെ അഭിമന്യുവാണ് കൊന്നത്. കൌരവന്മാർ അഭിമന്യുവിനെ പത്മവ്യൂഹ (ചക്രവ്യൂഹ) ത്തിൽ അകപ്പെടുത്തി വളഞ്ഞു വധിച്ചു. അഭിമന്യുവിനു സൌഭദ്രൻ എന്നും പേരുണ്ട്. കർണ്ണൻ, കൃപൻ, ദ്രോണർ, അശ്വത്ഥാമാവ്, കൃതവർമ്മാവ്, ബൃഹദ്ബലൻ ഇങ്ങിനെ ആറു മഹാരഥന്മാർ കൂടിയാണ് അഭിമന്യുവിനെ ൧൩-ാം ദിവസം കൊന്നത്. അക്കാലം ഉത്തരയ്ക്കു ഗർഭമുണ്ടായിരുന്നു. അനന്തരം ഉത്തര പ്രസവിച്ചു, പുത്രനു പരീക്ഷിത്ത് എന്നു നാമകരണം ചെയ്തു. ഇദ്ദേഹം ഹസ്തിനപുരിയിൽ രാജാവായി.]

**അഭിമരം**-൧. യുദ്ധം. ൨. കൊല. ൩. സ്വന്തകക്ഷിയിലോ ആളിലോ നിന്നുണ്ടാകുന്ന ആപത്ത്. ൪. വിലങ്ങ്, ചങ്ങല, ബന്ധനം.

**അഭിമരൻ**-ആന, കടുവാ മുതലായവയോട് എതിർത്തു ശണ്ഠകൂട്ടുന്നവൻ.

**അഭിമർദ്ദം**-൧. യുദ്ധം. ൨. അടി. ൩. ഞെരുക്കൽ, പീഡ.

**അഭിമർശനം, അഭിമർഷണം**-൧. സ്പർശനം, തൊടൽ. ൨. കൈയേററം, അതിക്രമം. ൩. സംയോഗം ൪ ശോധനം.

**അഭിമാതി**-ശത്രു. പ്രതിപക്ഷത്തെ അറിയുന്നവൻ എന്നു ശബ്ദാർത്ഥം.

**അഭിമാത്രൻ**-ശത്രു.

**അഭിമാദം**-ലഹരി, മയക്കം.

**അഭിമാനം**-൧. ഗർവ്വം. തനിക്കു വളരെ അവസ്ഥയുണ്ട് എന്നുള്ള ഭാവം, ധനാദികളാലുണ്ടായ ഗർവ്വ, ഞാൻ എന്റേത് എന്നുതുടങ്ങിയ വിചാരം, എല്ലാവരും തന്നെ പൂജിക്കണം എന്നുള്ള വിചാരം.

'ഗർവ്വോഭിമാനോഹങ്കാരഃ' (അമരം)

[ഗർവ്വം, അഭിമാനം, അഹങ്കാരം ൩-ം, ഗർവ്വത്തിന്റെ പേർ.]

൨. അജ്ഞാനം (ജ്ഞാനം). ൩. പ്രാർത്ഥന. ൪. ഹിംസ മററുള്ളവരെ കെടുക്കുന്നു എന്നു ശബ്ദാർത്ഥം.

അഭിമാനി-പു. അഭിമാനമുള്ളവൻ ൨. തനിക്കു ബഹുമാനമുണ്ടെന്നു താൻതന്നെ വിചാരിക്കുന്നവൻ.

അഭിമാനിക്ക-അഹങ്കരിക്ക, അഭിമാനം കരുതുക.

അഭിമാനിത്വം-പു. അഹംബുദ്ധി, അഹംഭാവം. ൨. സ്നേഹം.

അഭിമുഖ-മുഖത്തിന്നുനേരെ ചെല്ലുക.

അഭിമുഖത-അനുകൂലത, മുഖത്തിന്നുനേരെയുള്ളതു്.

അഭിമുഖം-അ. എതിരേ, നേരിട്ടു്.

അഭിമുഖീകരിക്ക-മുമ്പെചെല്ലുക, നേരെചെല്ലുക, നേരേമുഖത്തോടുകൂടിയതാക്കിചെയ്യുക, മുൻഭാഗത്താവുക.

അഭിമോദം-സന്തോഷം.

അഭിയാതി-പു. ശത്രു. ൨. സവ്വ്യാപ്തി

അഭിയുക്ത-വി. തക്ക, ശരിയായ, അഭിയോജിക്കപ്പെട്ട.

അഭിയുക്തന്മാർ-യോഗ്യന്മാർ.

'അഭിയുക്തന്മാർകുശലന്മാരെന്നിവനാലും'
(ഭാഗവതം)

അഭിയോഗം - പു. പോരിന്നായിക്കൊണ്ടുള്ളവിളി, ചുററംക്രട്ടുക എന്നു ശബ്ദാർത്ഥം. ൨. നല്ലവണ്ണം പറഞ്ഞു തടവു ചെയ്യുക. ൩. അഭ്ഭുതപ്പെട്ടുചോദിക്കുക.

അഭിയോഗി-വി. പു. പോർക്കുവിളിക്കുന്ന. ൨. എതിർക്കുന്ന, കാത്തുവരുന്ന.

അഭിയോഗി-പു. പോർക്കുവിളിക്കുന്നവൻ. ൨. വാദി (അന്യായക്കാരൻ.)

അഭിയോക്താവു് -യുദ്ധസന്നദ്ധൻ, എതിരാളി, എതിർകക്ഷി.

അഭിരതം-ആനന്ദം, സന്തോഷം.

അഭിരാമ-വി. മനോഹരമായ, സൌന്ദര്യമുള്ള, ഭംഗിയുള്ള.

അഭിരാമത-മനോഹരത്വം.

അഭിരാമം-മനോഹരം, മനസ്സിനെ സന്തോഷിപ്പിക്കുന്നതു്.

അഭിരാമമണി സുന്ദരമിത്രൻ എഴുതിയ ഒരു നാടകം. (കഥാവസ്തു-രാമായണം)

അഭിരുചി-പു. ആഗ്രഹം. ൨. താൽപര്യം.

'മാധവൻകഥാമൃതംതന്നിലുള്ളഭിരുചി-
ചേതസികാണ്ടതീടിലേതുമേഹലമില്ല'
(ഭാഗവതം)

അഭിരുചിതം-ഇഷ്ടം.

അഭിരുചിതൻ-പ്രിയൻ, ഇഷ്ടൻ.

അഭിരുച്യം-പു. ഏററവും മനോഹരം. ൨. ഏററവും സ്വാദുള്ളതു്.

അഭിരുതം-കരച്ചൽ, ശബ്ദം.

അഭിരൂപൻ-പു. വിദ്വാൻ. ൨. സുന്ദരൻ. അഭിലക്ഷ്യമായ രൂപത്തോടുകൂടിയവൻ എന്നു ശബ്ദാർത്ഥം. ൩. ശിവൻ. ൪. വിഷ്ണു. ൫. കാമൻ. ൬. ചന്ദ്രൻ.

അഭിരൂപം-മനോഹരമായിട്ടുള്ളതു്.

അഭിലഷിത-വി. ആഗ്രഹിക്കപ്പെട്ട.

അഭിലഷിതം-അഭിലാഷം.

'നരപാല! ഭവദഭിലഷിതമെന്നാൽ
സാധിതപ്രായമിദം'
(നളചരിതം കഥകളി)

അഭിലാപം-വാക്കു്.

അഭിലാവം-കൊയിത്തു് (നെല്ലു മുതലായവ കൊയ്യുക) ഛേദിക്കുക എന്നു ശബ്ദാർത്ഥം.

അഭിലാഷം-ഇച്ഛ, വഴിപോലെ ആഗ്രഹിക്കുക. ചുഴലവും പ്രകാശിക്കുക എന്നു ശബ്ദാർത്ഥം.

'അഭിലാഷംകൊണ്ടുതന്നെഗുണമോഷംവേ
(നളചരിതം കഥകളി) [ല്ലല്ലാ

'.........................ഥ മോഹരം
ഇച്ഛാകാംക്ഷാസ്പൃഹേഹാ തൃഡ്
വാഞ്ഛാലിപ്സാ മനോരഥം
കാമോഭിലാഷസ്തർഷശ്ച' (അമരം)
[മോഹരം, ഇച്ഛാ, കാംക്ഷ, സ്പൃഹ, ഈഹ, തൃട്, വാഞ്ഛ, ലിപ്സ, മനോരഥം, കാമം, അഭിലാഷം, തർഷം,

ഗ്ര-ം, ഇഷ്ടയുടെ പേർ. ഈ ഇഷ്ട അത്യന്തം വർദ്ധിച്ചാൽ അതിനു 'ലാലസ' എന്നും, അഭിലാഷമുള്ളവർക്കു 'തൃഷ്ണാലു, മോഹമവതി' എന്നും അഭിലാഷാധിക്യത്തിനു 'ആശ' എന്നും പേർ.]

അഭിലാഷുക-വി. ആശയുള്ള (അഭിലാഷാധിക്യമുള്ള).

അഭിലിഖിതം, അഭിലേഖനം-എഴുത്ത്.

അഭിവന്ദനം-നമസ്കാരം, തൊഴുക.

അഭിവന്ദിത-വി. നമസ്കരിക്കപ്പെട്ട.

അഭിവന്ദ്യ-വി. നമസ്കരിക്കത്തക്ക. അ. നമസ്കരിച്ചിട്ട്.

അഭിലൂതാ-ഒരുമാതിരി ചിലന്തി.

അഭിവയസ്സ്-വളരെപ്പുതിയ, ചെറിയ.

അഭിവാഞ്ഛ-ആഗ്രഹം, മോഹം.

അഭിവാഞ്ഛിക്ക - ആഗ്രഹിക്ക, മോഹിക്ക.

അഭിവാഞ്ഛിത-വി. ആഗ്രഹിക്കപ്പെട്ട. മോഹിക്കപ്പെട്ട.

അഭിവാദക-വി. വന്ദനശീലമുള്ള.

അഭിവാദകൻ-വന്ദനശീലൻ, അഭിവാദ്യം ചെയ്യുന്നവൻ എന്നർത്ഥം.

അഭിവാദനം-ഗ്ര. അഭിവാദ്യം ചെയ്ക. വന്ദിക്കപ്പെട്ടവരായ അർഹന്മാരായ ഗുരുക്കന്മാർ മുതലായവരുടെ മുമ്പിൽ ചെന്നു തന്റെ പേരും കുലവും പറഞ്ഞു കാൽപിടിക്കുന്നതിന് അഭിവാദ്യം എന്നു പേർ. ഉ. ഉപചാരം, ഉക്തിവാക്ക്.

അഭിവാദ്യ-വി. വന്ദിക്കപ്പെടത്തക്ക.

അഭിവാദ്യം - വന്ദനം. (അഭിവാദനം നോക്കുക).

അഭിവാസം, അഭിവാസനം-ഗ്ര. മൂടുക. ഉ. മൂടുക.

അഭിവൃദ്ധി-വർദ്ധന, നന്മ, ഐശ്വര്യം, ജയം.

അഭിവ്യക്തത-വളരെ സ്പഷ്ടത (തെളിവ്)

അഭിവ്യക്താ-നല്ലസ്പഷ്ടം. (തെളിവ്)

അഭിവ്യഞ്ജനം-പ്രകാശിപ്പിക്കൽ, അറിയിക്കൽ.

അഭിവ്യഞ്ജിപ്പിക്ക- പ്രകാശിപ്പിക്ക, അറിയിക്ക.

അഭിവ്യാദാനം-പ്രതിബന്ധതി.

അഭിവ്യാപ്ത-വി. വ്യാപിക്കപ്പെട്ട, പരക്കപ്പെട്ട.

അഭിവ്യാപ്തി-എല്ലാം പ്രദേശത്തിങ്കലുള്ള വ്യാപനം.

അഭിശംസനം - അപവാദം, അവമാനം, കുറിവാക്ക്, അധിക്ഷേപം.

അഭിശസ്തൻ-ഗ്ര. ലോകാപവാദത്താൽ ദൂഷിതനായവൻ. ഉ. മൈഥുനം നിമിത്തമായി നിന്ദിക്കപ്പെട്ടവൻ. അഭിതഃ (ചുററും) വാക്കുകൊണ്ടു ഹിംസിക്കപ്പെട്ടവൻ എന്നു ശബ്ദാർത്ഥം.

'ആക്ഷാരിതഃക്ഷാരിതോഭിശസ്തേ'

(അമരം)

[ആക്ഷാരിതൻ, ക്ഷാരിതൻ, അഭിശസ്തൻ ന-ം; പര്യായം.]

അഭിശസ്ത-വി. ഉപദ്രവം ചെയ്യപ്പെട്ട, എതിർക്കപ്പെട്ട, അധിക്ഷേപിക്കപ്പെട്ട.

അഭിശസ്തി-ഗ്ര. യാചന (യാചിക്കുക.) അഭിമുഖമായി സ്തുതിക്കുക (യാചിക്കുക) എന്നു ശബ്ദാർത്ഥം. 'അഭിഷസ്തി' എന്നു പാഠാന്തരം. ഉ. നിർബ്ബന്ധമായി യാചിക്കുക. ന. അപവാദം, അധിക്ഷേപം. ര. ദൗർഭാഗ്യകേട്.

അഭിശാപം,അഭിശപനം-ഗ്ര. ഇല്ലാത്ത ദോഷത്തെ ഉണ്ടാക്കിപ്പറക. ആരോപിച്ചു ശപിക്കുക എന്നു ശബ്ദാർത്ഥം.

'......അഥമിഥ്യാഭിശംസനം

അഭിശാപഃ' (അമരം)

[മിഥ്യാഭിശംസനം, അഭിശാപം ൨-ം, 'നീ മോഷ്ടിച്ചു' എന്നും മററും ഇല്ലാത്തദോഷത്തെ ഉണ്ടാക്കിപ്പറയുന്നതിന്റെ പേർ.]

൨. ദൂഷ്യം, കറ, നിന്ദ, അപവാദം. ൩. ഉപദ്രവം.

അഭിശാപജ്വരം-ശാപോച്ചാരണം നിമിത്തമുണ്ടായ പനി.

അഭിശാപനം-ശാപോച്ചാരണം.

അഭിഷംഗം (അഭിസംഗം)-പു. ശാപം. ൨. തിരസ്കാരം. ചുററും പററുന്നതു് എന്ന ശബ്ദാർത്ഥം. ൩. ചേർച്ച ൪. പിശാചും മററും ഉപദ്രവിക്കുക. ൫. സത്യം. ൬. ആലിംഗനം. ൭. പരിഹാസം, നിന്ദ, അപമാനിക്കുക. ൮. പെട്ടെന്നുണ്ടായ. ഇളക്കം അല്ലെങ്കിൽ ദുഃഖം. ൯. അത്യാസക്തി.

അഭിഷംഗജ്വരം-പിശാചു ബാധിക്കകൊണ്ടുണ്ടാകുന്ന പനി.

അഭിഷവം-പു. സോമവള്ളി ഇടിച്ചുപിഴിയുന്ന ക്രിയ (സോമാഭിഷവം.) ൨. യജ്ഞാന്തസ്നാനം. ൩. ഠാക്ക കാച്ചുക (മദ്യസന്ധാനം). ആണ, മുള, കരിമ്പ് മുതലായവയിൽ നിന്നു ബഹ്ഹുകാലം കൊണ്ടു ചമച്ച മദ്യം. ൪. കാടി. ൫. അഭിഷേകം, കുളി.

അഭിഷസ്തി-യാചന, 'അഭിശസ്തി' നോക്കുക.

അഭിഷിക്ത-വി. അഭിഷേകം ചെയ്യപ്പെട്ട, നനയ്ക്കപ്പെട്ട.

അഭിഷുതം-കാടി. കുത്തിപ്പിഴിഞ്ഞതു് എന്ന ശബ്ദാർത്ഥം.

അഭിഷേകം-പു. എണ്ണമുതലായവ തലയിൽ ഒഴിക്കുക. ൨. രാജാവാകുന്നതിന്നു ചെയ്യുന്ന ഒരു ക്രിയ.

അഭിഷേചനം-അഭിഷേകം.

'ഉത്തരമഭിഷേചനംമേഗ്ഗുത്മനകാർത്ഥണ്യം സകലസാധകമെന്നു'

(നിവാതകവചവധം കഥകളി)

അഭിഷേണനം-പു. സൈന്യസമേതം ശത്രുവിന്നു് എതിരേ ചെല്ലുക. സേനയോടൊന്നിച്ചു് അഭിമുഖമായി ചെല്ലുക എന്നർത്ഥം. ൨. ആക്രമണം.

അഭിഷ്ടവം-സ്തുതി.

അഭിഷ്ടുത-സ്തുതിക്കപ്പെട്ട.

അഭിഷ്യന്ദ-വി. ഒലിക്കുന്ന (ഒഴുകുന്ന)

അഭിഷ്യന്ദം-ഒരു നേത്രരോഗം.

വാതം, പിത്തം, കഫം, രക്തം ഇവ ഓരോന്നും ഹേതുവായിട്ടു് ഈ രോഗം ൪ വിധം ഉണ്ടാകും. ദുസ്സഹമായ വേദന കാണും. പ്രായേണ എല്ലാ നേത്രരോഗങ്ങളേയും ഉണ്ടാക്കും.

അഭിഷ്യന്ദി-വി. ൧. ഒലിക്കുന്ന, ഒഴുകുന്ന. ൨. വയറിളക്കുന്ന.

അഭിഷ്യന്ദിരമണം-ഉപഗ്രാമം, ശാഖാനഗരം.

അഭിഷ്വംഗം-പു. സ്പർശം, സംഘട്ടം. ൨. അനുരാഗം, സ്നേഹം.

അഭിസന്താപം-പു. യുദ്ധം. ൨. ചൂടു്. ൩. വ്യസനം.

അഭിസന്ധ(ക)ൻ-ചതിയൻ.

അഭിസന്ധാനം-പു. ചേർച്ച. ൨. ചതി. ൩. സമാധാനം ഉണ്ടാക്കുക.

അഭിസംപരായം-വരുംഫലം.

അഭിസംപാതം-യുദ്ധം, പോർ. ശത്രുക്കൾക്കു് അഭിമുഖമായി ഗമിക്കുക. നേരിട്ടു ചാടിവീഴുക എന്നു ശബ്ദാർത്ഥം.

അഭിസംബോധനംചെയ്ക-നേരെ നോക്കി വിളിക്ക

അഭിസംവൃത-മൂടുന്ന, വസ്ത്രംധരിച്ച.

അഭിസംശ്രയം-രക്ഷാസ്ഥലം, അഭയസ്ഥലം.

അഭിസംസ്കാരം-പു. വിചാരം, അഭിപ്രായം. ൨. ലാഭമില്ലാത്ത പ്രവൃത്തി.

അഭിസംസ്തവം-വലിയ സ്തുതി.

അഭിസമവായം-ചേൎച്ച.

അഭിസരൻ-സഹായി. ചുററം സഞ്ചരിക്കുന്നവൻ എന്നു ശബ്ദാൎത്ഥം.

അഭിസരണം-എതിരേ ചെല്ലുക.

'പ്രസഭമഭിസരന്തിയമദ്യനന്ദീ'

(ദക്ഷയാഗം കഥകളി)

അഭിസാരണം-ഒരു പ്രിയനോടു ചേരുവാനായി പോവുക.

അഭിസാരം-പു. ചെന്നുചേരുന്നതിനായി പോവുക(ഒരുപ്രിയനോടെന്നപോലെ). ൨. അനുരാഗമുള്ളവർ മുറപ്രകാരം കൂടുന്ന സ്ഥലം (സംകേതം). ൩. എതിൎക്കുക. ൪. യുദ്ധം. ൫. ശക്തി. ൬. ഒരായുധം. ൭. മീൻ.

അഭിസാരൻ-സഹായക്കാരൻ. കൂടെനടക്കുന്നവൻ.

അഭിസാരിക-പുരുഷനെ അന്വേഷിച്ചു കുറിസ്ഥലത്തു ചെല്ലുന്നവൾ, നേരിട്ടുചെല്ലുന്നവൾ എന്നൎത്ഥം.

അഭിസാരികാലക്ഷണം—

'അഭിസാരയതേകാന്തംയാമന്മഥവശംവദാ
സ്വയംവാഭിസരത്യേഷാധീരൈരുക്താഭി
(സാഹിത്യദൎപ്പണം) [സാരികാ'

[കാമപരവശ കീഴ്പെട്ട് എവളാണോ കാന്തനെ കുറിസ്ഥലത്തേക്കു വരുത്തുകയും, താൻതന്നെ കുറിസ്ഥലത്തേക്കു ചെല്ലുകയും ചെയ്യുന്നു അവളത്രേ 'അഭിസാരിക' ൨-ം, തമ്മിൽ വളരെ അന്തരമില്ലാത്ത വേലത്തിനടുത്തുള്ള പൂങ്കാവുകളിലും മററും കാന്തനെ വരുത്തുകയായിരിക്കാം ഒന്നാമത്തേത്. രണ്ടാമത്തേതു പ്രസ്തുതത്തിലുള്ള അഭിസാരികയാകുന്നു.]

അഭിസാരികകളുടെ ഭേദങ്ങൾ:—

'സംലീനാസ്വേഷുഗാത്രേഷു
മൂകീകൃതവിഭൂഷണാ
അവഗുണ്ഠനസംവീതാ
കുലജാഭിസരേദ്യദി
വിചിത്രോജ്ജ്വലവേഷാ തു
രണന്നൂപുരകങ്കണാ
പ്രമോദസ്മേരവദനാ
സ്യാദ്വേശ്യാഭിസരേദ്യദി
മദസ്ഖലിതസംലാപാ
വിഭ്രമോൽഫുല്ലലോചനാ
ആവിദ്ധഗതിസഞ്ചാരാ
സ്യാൽപ്രേഷ്യാഭിസരേദ്യദി'

[കുലസ്ത്രീയാണെങ്കിൽ അവൾ അവയവങ്ങളെല്ലാം ഒതുക്കിയും ആഭരണങ്ങളുടെ ഒച്ച കേൾപ്പിക്കാതെയും വസ്ത്രം പൂമാല കുറിക്കൂട്ടു മുതലായവകൊണ്ടു ദേഹം മറച്ചും അഭിസരിക്കണം. ഒരു വേശ്യ എങ്കിൽ വിവിധം ശോഭിക്കുന്ന വേഷത്തോടും ഒച്ച പുറപ്പെടുവിക്കുന്ന കാൽചിലമ്പു വള മുതലായ ആഭരണങ്ങളോടും സന്തോഷിച്ചും ചിരിച്ചും അഭിസരിക്കണം. ഒരു ദാസിയാണെങ്കിൽ മദംകൊണ്ടു സ്ഖലിതമായ വാക്കുകളോടും വിലാസഹേതുവായിട്ടു വിടൎന്ന കണ്ണുകളോടും തട്ടിത്തടിഞ്ഞഗതിയോടും കൂടിയവളായി അഭിസരിക്കണം.]

അഭിസരണസ്ഥാനങ്ങൾ:—

'ക്ഷേത്രംവാടീഭഗ്നദേവാ
ലയോദൂതീഗൃഹംവനം
മാലാപഞ്ചശ്ശ്മശാനഞ്ച
നദ്യാദീനാംതടീതഥാ
ഏവംകൃതാഭിസാരാണാം
പുംശ്ചലീനാംവിനോദനേ
സ്ഥാനാന്യഷ്ടൗതഥാധ്വാന്തേ
ഛന്നേകുത്രചിദാശ്രയ'

൧. കൃഷിത്തോട്ടങ്ങൾ, വയലുകൾ. ൨. പൂങ്കാവുകൾ. ൩. ജീർണ്ണമായ ദേവാലയം. ൪. ദൂതിമാരുടെ ഭവനം. ൫. വനം. ൬. വഴിയമ്പലം. ൭. ചുടുകാട്. ൮. നദി മുതലായവയുടെ കര ഇവ എട്ടുമത്രെ അഭിക്രീഡാസ്ഥാനങ്ങൾ. ഇരുൾ നിറഞ്ഞ ഗുഹ മുതലായ സ്ഥലങ്ങളും ഇവക്കു യോഗ്യസ്ഥലങ്ങളാകുന്നു.]

**അഭിസർഗ്ഗം**—സൃഷ്ടി.

**അഭിസർജ്ജനം**—൧. ദാനം. ൨. കൊല.

**അഭിഹത**—വി. ൧. അടിക്കപ്പെട്ട. ൨. കീഴടക്കപ്പെട്ട. ൩. ഹനിക്കപ്പെട്ട. ൪. തടയപ്പെട്ട.

**അഭിഹനനം**—൧. കൊല. ൨. ഉപദ്രവം, നാശം.

**അഭിഹരണം, അഭിഹാരം**—൧. നേരിട്ടു പൊത്തിപ്പിടിക്കുക. ആഭിമുഖ്യേന ഉള്ള ഹരണം എന്നു ശബ്ദാർത്ഥം. (അഭിഗ്രഹണം നോക്കുക). ൨. മോഷണം. ൩. നേരെ ചെന്നാക്രമിക്കുക. ൪. കവചബന്ധനം മുതലായതു്.

**അഭിഹാസം**—ഉല്ലാസം, നേരമ്പോക്ക്, കളിവാക്ക്.

**അഭിഹിത**—വി. പറയപ്പെട്ട.

'വിതതംഗഗനം, ക്ഷിതിതലമപിഹിതം
മഭിഹിതമപിഹിതവചനംനശൃണുത'
(നളചരിതം കഥകളി)

**അഭിഹൂതി**—൧. വിളി. ൨. ഉപാസന, ആരാധനം.

**അഭീക**—വി. കാമശീലമുള്ള.

**അഭീകൻ**—൧. കാമുകൻ. അഭികാമിക്കുന്നവൻ എന്നു ശബ്ദാർത്ഥം. ൨. ഒരു വൃഷ്ണിവംശരാജാവ്. ൩. സ്ത്രീ തുടങ്ങിയുള്ള കാമവസ്തുക്കളെ കാമിക്കുന്നവൻ. ൪. ഒരു കവി.

**അഭീക്ഷ്ണം**—അ. ൧. പിന്നെയും പിന്നെയും. ൨. എല്ലായ്പ്പോഴും.

**അഭീത**—വി. ഭയമില്ലാത്ത.

**അഭീതി**—ഭയമില്ലായ്ക.

**അഭീപ്സിത**—വി. ആഗ്രഹിക്കപ്പെട്ട.

**അഭീപ്സിതം**—ഇഷ്ടമായതു്. പിന്നെയും പിന്നെയും പ്രാപിക്കാനിച്ഛിക്കപ്പെടുന്നതു് എന്നു ശബ്ദാർത്ഥം.

**അഭീരപല്ലി**—ഇടയന്മാരുടെ വാസസ്ഥലം (ആഭീരപല്ലി എന്നാണു് അധികം കാണുന്നതു്). അഭിരപല്ലി എന്നും പാഠമുണ്ടു്.

**അഭീമൻ**—൧. ഭയങ്കരനല്ലാത്തവൻ. ൨. വിഷ്ണു.

**അഭീരൻ**—പശുപാലൻ (ഇടയൻ). (ആഭീരശബ്ദമാണു് അധികം നടപ്പു്.)

**അഭീര**—കമിഴ്.

**അഭീരി**—അഭീരജനങ്ങളുടെ ഭാഷ.

**അഭീരു**—വി. ഭീരുവല്ലാത്ത, ഭയമില്ലാത്ത.

**അഭീരു**—൧. ശതാവരി. ഉറപ്പുള്ള മുള്ളും ഇലകളുമുള്ളതുകൊണ്ടു ഭയമില്ലാത്തതു് എന്നു ശബ്ദാർത്ഥം. ൨. ശിവൻ. ൩. യുദ്ധാങ്കണം.

**അഭീരുപത്രി**—ശതാവരി. ഉറപ്പുള്ള ഇലകൾ ഉള്ളതു് എന്നു ശബ്ദാർത്ഥം.

**അഭീവൃത**—വി. മൂടിയ, ചുററിയ.

**അഭീശു, അഭീഷു**—൧. കടിഞാൺ. ൨. രശ്മി. അഭിഗമിക്കുന്നതു്, അഭിഗമിപ്പിക്കുന്നതു് എന്നു ശബ്ദാർത്ഥം.

'അഭീഷുഃ പ്രഗ്രഹേ രശ്മൗ' (അമരം)

**അഭീഷംഗം**—ശാപം. അഭിമുഖമായി ശാപം ഏൽപ്പിക്കുക എന്നു ശബ്ദാർത്ഥം.

**അഭീഷ്ട**—പ്രിയപ്പെട്ട, ആഗ്രഹിക്കപ്പെട്ട.

**അഭീഷ്ടം**—൧. ഇഷ്ടമായതു്. എല്ലാടവും ഇച്ഛിക്കപ്പെടുന്നതു് എന്നു ശബ്ദാർത്ഥം. ൨. മനോഗതം.

'അഭീഷ്ടേഭീപ്സിതം ഹൃദ്യം
ദയിതം വല്ലഭം പ്രിയം'

[അഭീഷ്ടം, അഭീപ്സിതം, ഹൃദ്യം, ദയിതം, വല്ലഭം, പ്രിയം ന-ം, ഇഷ്ടമാ യതിന്റെ പേർ.]

ന. ഉണ്ണി, ഓമന. ര്‌. മയിലെള്ള്.

അഭീഷ്ട-സ്ത്രീ. പ്രിയമുള്ളസ്ത്രീ, പഠിപ്പിക്കുന്നസ്ത്രീ. ഖ. അരേണുകം.

അഭൂതപൂർവ്വ-മുമ്പിൽഉണ്ടായിട്ടില്ലാത്തതു

അഭൂതാത്മകം-പഞ്ചഭൂതസംബന്ധമല്ലാത്തതു്.

അഭൂതി-ദാരിദ്ര്യം.

അഭൂവ്-വിഷ്ണു. ജനനമില്ലാത്തവനെന്നർത്ഥം.

അഭേദ-വി. ഭേദമില്ലാത്ത, വ്യത്യാസമില്ലാത്ത, തുല്യമായ.

അഭേദ്യ-വി. ഭേദ്യം (ഭേദിക്കത്തക്കതു്) അല്ലാത്ത.

അഭേദ്യം-സ്ത്രീ. ഭേദ്യമല്ലാത്തതു്. ഖ. വജ്രം

അഭോഗം-അനുഭവമില്ലായ്ക.

അഭോജനം-ഭക്ഷണം ഇല്ലായ്ക, ഉപവാസം.

അഭോജ്യ-വി. ഭോജ്യം (ഭുജിക്കത്തക്കതു്) അല്ലാത്ത.

അഭൗതിക-വി. ഭൗതികം (ഭൂതസംബന്ധം) അല്ലാത്ത, മനസ്സോടുചേർന്ന.

അഭൗമം-ഭൂസംബന്ധമല്ലാത്തതു്.

അഭ്യക്തൻ-എണ്ണതേച്ചവൻ.

അഭ്യഗ്ര-വി. അടുത്ത, സമീപമുള്ള.

അഭ്യഗ്ര-സമീപം. അഭിമുഖമായ അഗ്രത്തോടുകൂടിയതു് എന്നു ശബ്ദാർത്ഥം.

അഭ്യംഗം-എണ്ണ, എണ്ണതേപ്പു്.

അഭ്യംഗസ്നാനം-എണ്ണതേച്ചുകുളി.

അഭ്യന്തരം-രണ്ടു വസ്തുക്കളുടെ ഇടയിലുള്ള സ്ഥലം, രണ്ടു ദിക്കുകളുടെ ഇടയിലുള്ള പ്രദേശത്തിന്റെ പേർ. അവകാശം (ഇട) മദ്ധ്യം എന്നു ശബ്ദാർത്ഥം.

അഭ്യന്തര-വി. ഉള്ളിലുള്ള.

അഭ്യന്തരകൻ-ഉററ സ്നേഹിതൻ.

അഭ്യനുജ്ഞ-കല്പന.

അഭ്യമനം-സ്ത്രീ. അക്രമം, ഉപദ്രവം. ഖ. വ്യാധി, രോഗം.

അഭ്യമിത-വി. രോഗമുള്ള.

അഭ്യമിതൻ-രോഗി, രോഗംകൊണ്ടു് ആഹാരനീഹാരങ്ങൾ മുടങ്ങിയവൻ.

അഭ്യമിത്ര്യൻ, അഭ്യമിത്രീയൻ, അഭ്യമിത്രീണൻ-യാവനൊരുത്തൻ ശത്രുക്കളെക്കുറിച്ചു യുദ്ധത്തിന്നായിക്കൊണ്ടുനേരിട്ടടുക്കുന്നുവോ അവൻ, ബലാൽക്കാരമായി ശത്രുവിന്റെ നേരെ എതിർത്തു ചെല്ലുന്നവൻ.

അഭ്യമിത്രം-ശത്രുവിനെ എതിർക്കുക.

അഭ്യർച്ചനം-പൂജ.

അഭ്യർച്ച-പൂജ.

അഭ്യർച്ചിത-വി. പൂജിക്കപ്പെട്ട.

അഭ്യർണ്ണ-വി. അടുത്ത.

അഭ്യർണ്ണം-സമീപം. അഭിഗമിക്കപ്പെട്ടതു് എന്നു ശബ്ദാർത്ഥം.

'സനാതനാഭ്യർണ്ണമണഞ്ഞുചൊന്നാൻ'

(ശ്രീകൃഷ്ണചരിതം)

അഭ്യർണ്ണത-സമീപം.

അഭ്യർത്ഥനം, അഭ്യർത്ഥന-അപേക്ഷ.

അഭ്യർത്ഥിത-വി. അപേക്ഷിക്കപ്പെട്ട, യാചിക്കപ്പെട്ട.

അഭ്യർദ്ദനം-പീഡ, ബന്ധം, വേദന, ദുഃഖം.

അഭ്യർഹിതൻ-പൂജ്യൻ.

അഭ്യവകരണം-പുറത്തു കളക.

അഭ്യവകർഷണം-പുറത്താക്കൽ, അമ്പ് മററും തറച്ചാൽ പറിച്ചു പുറത്തെടുക്കുക. അഭിമുഖമായി അവകർഷിക്കുകയെന്നു ശബ്ദാർത്ഥം.

അഭ്യവകാശം-തുറന്നസ്ഥലം.

അഭ്യവപത്തി-അനുഗ്രഹം.

അഭ്യവസ്കന്ദനം-ചതിച്ചാക്രമിക്കുക. പൃഷ്ഠിയോടു നിലനിന്നിരുന്നതിനെ പെട്ടെന്നവെ നശിപ്പിക്കുക എന്നു ശബ്ദാർത്ഥം.

അഭ്യവഹാരം-ഭക്ഷണം.

അഭ്യവഹൃത-വി. ഭക്ഷിക്കപ്പെട്ട.

അഭ്യാവഹൃതം-ഭക്ഷിക്കപ്പെട്ട അന്നം മുതലായതു്. അഭ്യവഹരിക്കപ്പെട്ടതു് എന്നു ശബ്ദാർത്ഥം.

അഭ്യസനം-ശീലം, പഠിത്തം.

അഭ്യസിക്കുക-ശീലിക്കുക, പഠിക്കുക.

അഭ്യസ്ത-വി. അഭ്യസിക്കപ്പെട്ട.

അഭ്യാഖ്യാനം-ഇല്ലാത്ത ദോഷത്തെ ചുമത്തിപ്പറയുക. ഇല്ലാത്തതു് ഉണ്ടെന്നാക്കിപ്പറയുന്ന ആക്ഷേപവാക്കു്. (അഭിഖ്യാനം എന്നും പറയാം).

അഭ്യാഗത-വി. നേരേ വന്ന.

അഭ്യാഗതൻ-പു. നേരേ വന്നവൻ. ൨. വിരുന്നുകാരൻ, തന്റെ ഗൃഹത്തിലേയ്ക്കു വന്ന അതിഥി.

'പ്രാഘൂർണ്ണികഃ പ്രാഘുണകഃ' (അമരം)

[പ്രാഘൂർണ്ണികൻ, പ്രാഘുണകൻ ൨-ം അഭ്യാഗതന്റെ പേർ. അതിഥിക്കു പറഞ്ഞ ലക്ഷണങ്ങൾ ഇല്ലാത്തവരെല്ലാം അഭ്യാഗതന്മാരാകുന്നു. ബന്ധുക്കൾ, കാര്യംപ്രമാണിച്ചു വരുന്നവർ മുതലായവർ ഇതിൽ ഉൾപ്പെട്ടു.]

അഭ്യാഗമം-പു. പോരു് യുദ്ധം. അഭിമുഖമായ ആഗമനം, നേരിട്ടെതിർത്തുചെല്ലുക എന്നു ശബ്ദാർത്ഥം' ൨. നേരെവരുക, തമ്മിൽ കണ്ടു സംസാരിക്കുക (സമാഗമം.) ൩. സമീപം. ൪. എഴുന്നേൽക്കുക. ൫. അടിക്കുക. ൬. എതിർക്കുക. ൭. ശത്രുത്വം.

അഭ്യാഗമനം-തമ്മിൽകാണുക, വരവു്.

അഭ്യാഗാരികൻ-കുടുംബത്തിൽ തന്നെ പ്രയത്നം ചെയ്യുന്നവൻ, കുടുംബസംരക്ഷണത്തിനായി സദാ യത്നിച്ചുകൊണ്ടിരിക്കുന്നവൻ ഗൃഹം വിട്ടു പോകുന്നതിനു നിവൃത്തിയില്ലാത്തവൻ എന്നു ശബ്ദാർത്ഥം

അഭ്യാഘാതം-അടി, ആക്രമം.

അഭ്യാദാനം-ആരംഭമാത്രം. ആദിമുഖേനയുള്ള ആദാനം എന്നു ശബ്ദാർത്ഥം.

അഭ്യാന്ത-വി. രോഗമുള്ള.

അഭ്യാന്തൻ-രോഗമുള്ളവൻ, രോഗി.

അഭ്യാപാതം-നിർഭാഗ്യം, ഭാഗ്യദോഷം.

അഭ്യാമർദ്ദം-പോരു്, യുദ്ധം, ജനങ്ങൾ ഇതിങ്കൽതിക്കിത്തിരക്കുന്നതിനാൽ ഈ പേരുണ്ടായി. അഭിമർദ്ദം (എന്നുമാകാം)

അഭ്യാരൂഢ-വി. ൧. കയറിയ. ൨. വർദ്ധിച്ച.

അഭ്യാശ, അഭ്യാസ-വി. അടുത്തുള്ള.

അഭ്യാശം-സമീപം. ചുറ്റും വ്യാപിച്ചതു് എന്നു ശബ്ദാർത്ഥം. അഭ്യാസം എന്നുമാകാം. '(അഭ്യാശസാഭ്യസന്തികേ' എന്നു വിശ്വം.)

അഭ്യാസം-പു. ശിക്ഷ. ൨. പരിചയം. ൩. ഒരു വിഷയത്തെത്തന്നെ മനസ്സിൽ വീണ്ടും വീണ്ടും വിചാരിച്ചു ശീലിക്കുക. ൪. പഠിപ്പു്. ൫. സമീപം. ൬. കച്ചകെട്ടിനടത്തുന്ന ചാട്ടം മറിച്ചിൽ മുതലായവ.

അഭ്യാസശാല - അഭ്യസിക്കുന്ന ശാല (സ്ഥലം.)

അഭ്യാസാദനം-ചതിച്ചാക്രമിക്കുക, പൊടിപൊടിക്കുക എന്നു ശബ്ദാർത്ഥം.

അഭ്യാസി-അഭ്യസിക്കുന്ന, പഠിക്കുന്ന.

അഭ്യാസി-ആയുധങ്ങളെ പ്രയോഗിപ്പാൻ ശീലമുള്ളവൻ.

അഭ്യാഹാരം-പു. കളവു്, മോഷണം. ൨. നേരിട്ടു പൊത്തിപ്പിടിക്കുക.

അഭ്യുക്ഷണം-നനപ്പു്, നനയ്ക്കുക, തളിപ്പു്, തളിക്കുക.

അഭ്യുചിത-വി. പതിവായ, നടപ്പായ.

അഭ്യുച്ഛ്രിത-വി. മേല്പ്പോട്ടുയർത്തിയ, ശ്രേഷ്ഠനിലയിലാക്കപ്പെട്ട.

അഭ്യുത്ഥാനം-പു. എതിരേല്പ്, ബഹുമാനാർത്ഥം എഴുന്നേല്പ്. ൨. പുറപ്പെടുക. ൩. സൂര്യോദയം, ഉദയകാലം. ൪. ക്ഷേമം, വാഴ്ച.

അഭ്യുത്ഥായി-വി. എതിരേല്ക്കുന്ന, ബഹുമാനാർത്ഥം എഴുന്നേല്ക്കുന്ന, ഉയർത്തിയ.

അഭ്യുത്ഥിത-വി. എതിരേററ, ബഹുമാനാർത്ഥം എഴുന്നേററ, ഉയർത്തപ്പെട്ട, തീപോലെ ജ്വലിച്ച.

അഭ്യുദയം-ഉയർച്ച, ശ്രേയസ്സ്, ഐശ്വര്യവർദ്ധന, ശുഭവൃത്തി.

അഭ്യുദിത-പു. ആദിത്യോദയ സമയം കിടന്നുറങ്ങുന്ന. ൨. യാദൃച്ഛികമായുണ്ടായ. ൩. ഉയർത്തപ്പെട്ട. ൪. ഉദിക്കപ്പെട്ട.

അഭ്യുദിതൻ-പു. സൂര്യോദയസമയം കിടന്നുറങ്ങുന്നവൻ, കാലത്തു ചെയ്യേണ്ടതായ സന്ധ്യാവന്ദനം മുതലായ കർമ്മങ്ങളെ വെടിഞ്ഞവൻ എന്നു ശബ്ദാർത്ഥം. ൨. നേരെ ഉദിച്ചവൻ.

അഭ്യുദ്യത-വി. ഉത്സാഹമുള്ള, താല്പര്യമുള്ള.

അഭ്യുന്നതം-ഉയർന്നതു്.

അഭ്യുന്നതി-ഉയർച്ച

അഭ്യുൽപതനം-ചാട്ടം, കുതിച്ചൽ. പൊങ്ങുക, മേല്പോട്ടുള്ള ചാട്ടം.

അഭ്യുപഗമം-പു. അംഗീകാരം, കൈയേല്ക്കുക, പ്രതിജ്ഞ. മുമ്പ് എല്ലാത്തിനെ ഏല്ക്കുക എല്ലായിടത്തും അറിയുന്നതു്. ഏതുപക്ഷം സമ്മതിക്കുന്നതു് എന്നു ശബ്ദാർത്ഥം.

അഭ്യുപപത്തി-പു. യുക്തം, വാക്കിന്റെ യുക്തി. ൨. സഹായം. ൩. അറിവ്. ൪. അനുഗ്രഹം.

അഭ്യുപായം-പു. പ്രതിജ്ഞ. ൨. ഉപായം, നിർവ്വാഹം, വഴി, കഴിവ്.

അഭ്യുപായനം-കൈക്കൂലി, ഉപചാരപൂർവ്വമായ ഇനാം.

അഭ്യുപേത്യ-അ. പു. പ്രാപിച്ചിട്ടു്. ൨. പ്രതിജ്ഞചെയ്തിട്ടു്.

അഭ്യുഷം, അഭ്യൂഷം, അഭ്യോഷം-ബോളി ഒട്ടട മുതലായ പലഹാരം. (ഇവ അരിമാവ് ഗോതമ്പുമാവ് മുതലായതുകൊണ്ട് ഉണ്ടാക്കപ്പെടുന്ന സാധാരണയിൽ കവിഞ്ഞ വേവേ ഇവയ്ക്കു പട്ടുള്ളു) അഭ്യൂഷം എന്നതിന് എല്ലാടവും വേവുതട്ടിയതു് എന്നത്രെ ശബ്ദാർത്ഥം. 'ആപക്വംപൌളിരഭ്യൂഷഃ' (അമരം).

[ആപക്വം, പൌളി, അഭ്യൂഷം ഇവ ൩-ം, പര്യായങ്ങൾ. പകുതി വേവിച്ച യവം മുതലായതോ നെയ്യിലും മററും വറുത്ത യവം മുതലായതോ കൊണ്ട് ഉണ്ടാക്കുന്ന ഒരു സാധനമെന്നും ഒരു ദേശത്തിൽ ഇതിനു 'പോള' എന്നു പറയുന്നു എന്നും അഭിപ്രായം കാണുന്നു. എള്ളു്, ശർക്കര മുതലായതും അരിമാവും കൂട്ടി ഉണ്ടാക്കുന്നതാണെന്നു മറെറാരഭിപ്രായവും ഉണ്ട്. അഭ്യൂഷം എന്ന പദത്തിനാണ് അധികം പ്രചാരം.]

അഭ്രകം-ഒരുവക ധാതു, ഗിരിജാമലം, അഭ്രം, കക്കോടപ്പൊന്ന്, പഴമാനം. മേഘതുല്യം എന്നു ശബ്ദാർത്ഥം.

അഭ്രകാദി-ഒരു ചൂർണ്ണം. മേഹനക്ഷയം, ഗുന്മൻ ഇവയ്ക്കു നന്ന്.

അഭ്രഗംഗ-ആകാശഗംഗ.

അഭ്രതലം-ആകാശം

അഭ്രനാഗം-ഐരാവതം.

അഭ്രനിർഝരണി-ഗംഗ.

'പ്രേമസ്ഥത്തിയൊമഭ്രനിർഝരണി യെക്കാറാഞ്ഞാലുള്ളടമാം'

(മദനകാമചരിതം നാടകം)

അഭ്രപഥം-ആകാശം. ൨. ധൂമയന്ത്രം.

അഭ്രപിശാചം-രാഹു

അഭ്രപുഷ്പം-ന. വഞ്ഞി. വൎഷകാലത്തു പൂക്കുന്നതു് എന്നു ശബ്ദാൎത്ഥം. ൨. ജലം. ൩. ആകാശപ്പൂവു്, സാധിക്കാത്ത കാൎയ്യം എന്നൎത്ഥം ആകാശത്തിൽ വെളികെട്ടുക എന്നും മററും പറക സാധാരണമാണല്ലൊ.

അഭ്രം-ന ആകാശം, ചലനമില്ലാത്തതു്, പ്രകാശമില്ലാത്തതു്, ഒന്നിനേയും ഭരിക്കാത്തതു്, (വല്ലതും മേല്പെട്ടിട്ടാൽ കീഴ്പെട്ടു പോരുകകൊണ്ടു ഈ അൎത്ഥം സിദ്ധിച്ചു) ഇങ്ങിനെ വ്യുൽപത്തി. ൨. മേഘം, വെള്ളത്തെ ധരിക്കുന്നതു്, ശമിക്കുന്നതു, എന്നിങ്ങിനെ വ്യുൽപത്തി. ൩. അഭ്രകം. ൪. മുത്തങ്ങ ൫. സ്വൎണ്ണം. ൬. കൎപ്പൂരം. (കണക്കിൽ) '൦' (പൂജ്യം).

[അഭ്രം എന്ന ധാതുദ്രവ്യം ഭൂമിയിൽ നിന്നെടുക്കുന്ന ഒരു മരുന്നാണു്. ഇതു സ്വതേ നാലുവിധമുണ്ടു്. ൧. ചെമന്നതു്-ഇതു തീയിലിട്ടാൽ തവളയെപ്പോലെ ശബ്ദിക്കും. അതിനാൽ അതിനു 'ദൎദ്ദുരം' എന്നപേർ സിദ്ധിച്ചു. ൨. വെളുത്തതു്-ഇതു നാഗംപോലെ ശബ്ദിക്കും. ൩. മഞ്ഞയായുള്ളതു്-തീയിലിട്ടാൽ നാലുവിധം ശബ്ദിക്കും. ൪. കറുത്തതു്-ശബ്ദിക്കയില്ല.]

അഭ്രംകഷ-വി ആകാശത്തെ സ്പൎശിക്കുന്ന, ആകാശത്തിൽ ഉരസുന്ന.

അഭ്രംകഷം-ന. വായു ൨. പൎവ്വതം. ൩. തേക്കമരം.

അഭ്രഭസ്മം-ഒരു മരുന്നു്. ശുക്ലവൃദ്ധിക്കും ആയുർവൃദ്ധിക്കും നന്നു്.

അഭ്രംലിഹ-വി. മേഘത്തെ തൊട്ട, വളരെ ഉയൎന്ന. (പൊക്കമുള്ള).

അഭ്രമാതംഗം-ഐരാവതം എന്ന ആന അഭ്രങ്ങളിൽ (=ആകാശത്തിൽ—മേഘക്കൂട്ടത്തിൽ) ഉള്ള ആന, മേഘസ്വരൂപമായ ആന എന്നിങ്ങിനെ വ്യുൽപത്തി.

അഭ്രമാംസി-ആകാശമാംസി എന്ന മരുന്നു്.

അഭ്രമു-കിഴക്കേദിക്കരിണി (കിഴക്കെ ദിക്പാലകന്റെ) ആനയുടെ പിടി. മേഘങ്ങളിൽ വൎത്തിക്കുന്നതു്, ആകാശത്തിൽ ഒതുങ്ങിനില്ക്കുന്നതു്, ഭൎത്താവിനെ വിട്ടുപിരിയാത്തതു് എന്നിങ്ങനെ വ്യുൽപത്തി.

അഭ്രമുവല്ലഭൻ-ഐരാവതം. അഭ്രമുവിന്റെ ഭൎത്താവു് എന്നൎത്ഥം.

'അഭ്രമുവല്ലഭനേറുംഭ്രമമുടനെക്കാ-
ണഭ്രതാലപരവശനായ് മണ്ടി'
(ഐരാവതപൂജ തുള്ളൽ)

അഭ്രവാടികം, അഭ്രവാടിക-അമ്പഴം.

അഭ്രാതൃക-വി. സഹോദരന്മാരില്ലാത്ത.

അഭ്രരോഹം-വൈഡൂൎയ്യം.

അഭ്രസഖൻ-മയിൽ.

അഭ്രസത്വം-ഉരുക്കു്.

അഭ്രസാരം-കൎപ്പൂരം.

അഭ്രി-ന. തോണികെട്ടുന്ന കയറ്, തോണിയിലെ നനവിയും കളഞ്ഞു നന്നാക്കുന്ന കുപ്പൻകോൽ എന്നും അഭിപ്രായമുണ്ടു്. ൨. മരക്കത്തില.

അഭ്രിയ-വി. മേഘത്തിൽ ഭവിച്ച.

അഭ്രിയം-ന. മേഘത്തിൽനിന്നുണ്ടായ വസ്തു. അഭ്ര (മേഘ) ത്തിൽ ഉണ്ടായതു് എന്നു ശബ്ദാൎത്ഥം. ൨. മിന്നൽ. ൩. ഇടി മേഘങ്ങളുടെ കൂട്ടം.

അഭ്രിഖാത-വി. ഇമ്യം (മൺവെട്ടി) കൊണ്ടു കിളച്ച.

അഭ്രിഖാതം-ഉഴുത വയൽ.

അഭ്രൂവൻ-നഗ്നൻ, മുണ്ടുടുക്കാത്ത വെ സ്വ്. കാററിനെ ഉടുക്കുന്നവൻ(നഗ്നൻ) എന്നു ശബ്ദാൎത്ഥം.

അഭ്രേയം-മിന്നൽ.

**അദ്രേയം**-നീതിന്യായം, യോഗ്യത, സ്വധർമ്മത്തിൽനിന്നു തെറ്റാത്തതു്.

**അദ്രോത്ഥാ**-വൈരം.

**അമ**-അമമ്പോട്ടൽ എന്ന ഔഷധം, പേക്കരിമ്പു്.

'ഗുന്ദ്രാസ്സേജനകശ്ശരഃ' (അമരം)

[ഗുന്ദ്രം, തേജനകം, ശര ന.-൦, അമയുടെ പേർ. ശരോബാണഇഷുഃ കാണ്ഡമുൽക്കടഃ സായകഃക്ഷുരഃ ഇക്ഷുരഃ ക്ഷുരികാ പത്രോവിശിഖശ്ചശരാഭിധഃ'എന്ന പര്യായങ്ങൾ.]

**അമ**-അ. കൂടെ.

'ഹന്തശമനവമരണേരമ'

(നളചരിതം കഥകളി)

**അമട്ടു്**-ഭയപ്പെട്ടുതൽ, ഭീഷണിവാക്കു്.

**അമട്ടുക**-ഭയപ്പെടുത്തുക, ഭീഷണിപറക.

**അമണ്ഡ**-അലങ്കരിക്കാത്ത.

**അമണ്ഡം**-ആവണക്കു്. ആമണ്ഡം, ആരണ്ഡം, മണ്ഡം ഇങ്ങിനെയും പറയാം. മണ്ഡം എന്നതിന്നു് അലങ്കരിക്കുന്നതു് എന്നർത്ഥം.

**അമതി**-പു. ദുർബ്ബുദ്ധി. ൨. കള്ളൻ.

**അമത്രം**-പാത്രം. അന്നാദികൾ വെയ്ക്കപ്പെടുന്നതിനാൽ ഈ പേർ സിദ്ധിച്ചു.

**അമന്ദൻ**-മന്ദൻ(അല്പൻ) അല്ലാത്തവൻ.

**അമനാക്**-അ. അനല്പമായ.

'അമനാക്കമരിയതാംതരീയാം'

(ദക്ഷയാഗം കഥകളി)

**അമംഗല, അമംഗല്യ**-വി. പു. മംഗളമല്ലാത്ത, ശുഭമല്ലാത്ത, ദോഷമായ. ൨. നിർഭാഗ്യമുള്ള.

**അമംഗലം**-ആവണക്കു്.

**അമയുക**-വണങ്ങുക.

**അമർ**-യുദ്ധം.

**അമക്കളം**-പോർക്കളം.

**അമർക്ക**-അമർത്തുക, ഞെക്കുക.

**അമച്ച**-ശാന്തത.

**അമച്ചക്കൊടി**-വാതംകൊല്ലി (ഔഷധം)

**അമർത്തൽ**-ഉറപ്പിക്കൽ, ഞെക്കൽ.

**അമര**-വി. മരണമില്ലാത്ത, ചാകാത്ത.

**അമര**-പു. ഒരുമാതിരിപയറു, അമരയ്ക്കു, അവര എന്നും പറയും. ൨. ചതുരക്കള്ളി. ൩. പിറത്തു്. ൪. കരിംകുറുക. ൫. കറുകപ്പുല്ല. ൬. ആറവേരാൽ. ൭. വലിയ അമരി. ൮. തേക്കിട. ൯. ചെറിയകാട്ടുവെള്ളരി. ൧൦. ഇന്ദ്രനഗരി. ൧൧. ഗർഭപാത്രം. ൧൨. തൂണു്.

**അമരകണ്ടകം**-റീവ രാജ്യത്തുള്ള ഒരു പുണ്യക്ഷേത്രം.

**അമരകണ്ടകൻ**-ഒരു രാക്ഷസൻ. മഹാവിഷ്ണു വധിച്ചു.

**അമരകോശം** – അമരസിംഹാചാര്യൻ എഴുതിയ 'നാമലിംഗാനുശാസനം' എന്ന സംസ്കൃതഗ്രന്ഥം.

**അമരത്വപ്രാപക**-ദേവനദി.

**അമരന്മാർ**-ദേവന്മാർ. മരണം ഇല്ലാത്തവർ എന്നർത്ഥം.

**അമരകാഷ്ഠം**-ദേവദാരം.

**അമരക്കാരൻ**-അമരത്തിലിരിക്കുന്നവൻ വാഹനങ്ങളുടെ ഗതിയെ നിയന്ത്രണം ചെയ്യുന്നവൻ.

**അമരചന്ദ്രൻ**, വേണീകൃപാണാമരൻ-ഒരു കവി.

**അമരത**-പു. സ്വർഗ്ഗസംബന്ധമായ പരമാനന്ദം. ൨. ദേവകളുടെ സ്ഥിതി.

**അമരദാരു**-ദേവദാരം.

**അമരനാഥം**-കാശ്മീരരാജ്യത്തുള്ള ഒരു പുണ്യക്ഷേത്രം.

**അമരനിമ്നഗ**-ഗംഗ.

'ഘോരമായമരനിമ്നഗാമ്പതനം'

(അന്യാപദേശശതകം)

**അമരപരിഷത്ത്**-ദേവസമൂഹം.

**അമരപുഷ്പകം, അമരപുഷ്പം**-കരിമ്പു്, ചൂതം, കേതകം, കല്പവൃക്ഷം

**അമരപുഷ്പി**-ശതകുപ്പ.

**അമരപുഷ്പിക**-ശതകുപ്പ, വയൽച്ചുള്ളി.

**അമരപ്രഭു**-വിഷ്ണുവിന്റെ സഹസ്രനാമങ്ങളിൽ ഒന്ന്.

**അമരം**-൧. അമരകോശം എന്ന ഗ്രന്ഥം. ൨, വള്ളങ്ങൾ കപ്പലുകൾ മുതലായവയുടെ രണ്ടു ഭാഗങ്ങളിൽ പൃഷ്ഠഭാഗത്തിന്റെ പേർ. പൂർവ്വഭാഗത്തിനെ അണിയം(തല) എന്നു പറയുന്നു. അമരത്തിൽ ഇരിക്കുന്നവൻ അമരക്കാരൻ; വാഹനങ്ങളുടെ ഗതിയെ നിയന്ത്രണംചെയ്യുന്നത് ഇവനാകുന്നു. ൩. ആനയുടെ പിൻപുറം. ൪. കണ്ണിൽ ഉണ്ടാകുന്ന ഒരു രോഗം. ൫. രസം. ൬. ചതുരക്കള്ളി, ൭. ചങ്ങലംപരണ്ട. ൮. സ്വർണ്ണം.

**അമരർകോൻ**-ദേവേന്ദ്രൻ.

**അമരമാല**-ഒരു അകാരാദി.

**അമരരത്നം**-സ്ഫടികം.

**അമരലത**-ആകാശവള്ളി.

**അമരവല്ലി, അമരവല്ലിക**-ആകാശവള്ളി.

**അമരവരൻ**-ദേവേന്ദ്രൻ.

**അമരസരിത്ത്**-ഗംഗാനദി.

**അമരസിംഹൻ**-അമരകോശം എന്ന ഗ്രന്ഥത്തിന്റെ കർത്താവ്.

[നേപ്പാളരാജ്യത്തിൽ കാന്തി എന്ന രാജധാനിക്കു കിഴക്കായിട്ടു 'വിശാലം' എന്നു ഒരു നഗരം വിക്രമാബ്ദം ൧൨-ാം നൂററാണ്ടിനു മുമ്പുണ്ടായിരുന്നു. ഇതു ൧൩-ാം നൂററാണ്ടിൽ ഘോരമായ ഒരഗ്നിബാധയിൽ നശിച്ചു. ഇക്കാലത്തും കൃഷിക്കാർ കിളക്കുമ്പോൾ അന്നത്തെ ഗൃഹോപകരണങ്ങളുടെ അവശിഷ്ടങ്ങൾ കണ്ടുവരുന്നതിനാൽ അപ്രകാരം ഒരു നഗരം ഉണ്ടായിരുന്നു എന്നു പ്രസ്പഷ്ടമാകുന്നു. ഈ നഗരത്തിലാണ് അമരസിംഹൻ ജനിച്ചത്. ഒരിക്കൽ ഇദ്ദേഹവും ശങ്കരാചാര്യസ്വാമിയും തമ്മിൽ ഒരാഴ്ചവട്ടം വാദം നടത്തി. ആ സമയം അമരസിംഹൻ ഒരു തിരശ്ശീലക്കുള്ളിലും ആചാര്യസ്വാമി അതിനു വെളിയിലുമാണ് ഇരുന്നിരുന്നത്. ആർക്കും ജയമോ തോൽവിയോ ഉണ്ടാകാത്തതിനാൽ സംശയം തോന്നി ആചാര്യസ്വാമി തിരശ്ശീല നീക്കി നോക്കിയപ്പോൾ അമരസിംഹൻ മൌനവ്രതത്തോടു നിൽക്കുന്നതും കുടത്തിൽ ആവാഹിച്ചുവെച്ചിട്ടുള്ള സരസ്വതി സംസാരിക്കുന്നതും കണ്ട്, എടീ! പാപി നീ എന്നെ ഉപേക്ഷിച്ച് ഒരു ബൌദ്ധനെ സ്വീകരിച്ചുവോ എന്നും ആചാര്യസ്വാമി ചോദിച്ചു. അനന്തരം സരസ്വതി അവിടെ നിന്നും മറഞ്ഞു. വീണ്ടും ഉണ്ടായ വാദത്തിൽ അമരസിംഹൻ തോററു ലജ്ജാഹേതുവായിട്ടു പട്ടിണികിടന്നു മരിച്ചു. ഇപ്രകാരം പല ഐതിഹ്യങ്ങൾ കാണുന്നുണ്ട്. അമരസിംഹൻ ജൈനമതക്കാരനായിരുന്നു എന്നു മറ്റൊരഭിപ്രായവും ഇല്ലെന്നില്ല. ബുദ്ധഗയയിലെ ക്ഷേത്രം ഇദ്ദേഹമാണു പണികഴിപ്പിച്ചത്. ഇദ്ദേഹം വിക്രമാദിത്യന്റെ സദസ്സിലുണ്ടായിരുന്ന നവരത്നങ്ങളിൽ ഒന്നായിരുന്നു എന്നു താഴെ പറയുന്ന ഭാഗംകൊണ്ടു തെളിയുന്നു.]

'ധന്വന്തരിക്ഷപണകാമരസിംഹശങ്കു
വേതാളഭട്ടഘടഖർപ്പരകാളിദാസാഃ [ഖ്യാതോ വരാഹമിഹിരോ നൃപതേസ്സഭായാം
രത്നാനി വൈ വരരുചിർന്നവ വിക്രമസ്യ

(ജ്യോതിർവിദാഭരണം)

**അമരാംഗന**-ദേവസ്ത്രീ.

**അമരാചാര്യൻ**-ദേവഗുരു (ബൃഹസ്പതി, വ്യാഴൻ)

**അമരാദ്രി**-മഹാമേരുപർവ്വതം.

**അമരാധിപൻ**-൧. ദേവേന്ദ്രൻ. അമര എന്ന പദത്തോട് ഇന്ദ്രൻ, ഈശ്വരൻ,

ഈശൻ, പതി, ഭർത്താ, രാജാ ഇത്യാദി പദങ്ങൾ ചേർത്താൽ ദേവേന്ദ്രൻ എന്ന അർത്ഥമുണ്ടാകും. ഉ. ശിവൻ. ന. വിഷ്ണു.

**അമരാപഗ**-ഗംഗ എന്ന നദി അമര എന്ന ശബ്ദത്തോടു തടിനി, സരിത്ത് ഇത്യാദി നദീപര്യായങ്ങൾ ചേർത്താൽ ഗംഗാനദി എന്നർത്ഥം ഉണ്ടാകും.

**അമരാരി**-അസുരൻ, ദേവന്മാരുടെ ശത്രു.

**അമരാലയം**-സ്വർഗ്ഗം.

**അമരാവതി**-ഫ. ഇന്ദ്രനഗരി. ദേവകളുടെ വാസസ്ഥാനം എന്നു ശബ്ദാർത്ഥം. ഉ. ബീരാർ എന്ന രാജ്യത്തിലെ ഇപ്പോഴത്തെ ഒരു പട്ടണം. ന. ഒരു നദി.

**അമരി**-ഫ. ഒരു ചെടി, തമിഴിൽ 'അവുരി' എന്നും ഇംഗ്ലീഷിൽ 'ഇൻഡിഗോ' (Indigo) എന്നും പറയുന്നു. [കം

'നീലീകാളാക്ലീതകികാഗ്രാമീണാമധുപർണ്ണി
രഞ്ജനീശ്രീഫലീതുത്ഥാദ്രോണീദോളാചനീ
(അമരം) [ലിനി'

[നീലി, കാള, ക്ലീതകിക, ഗ്രാമീണ, മധുപർണ്ണിക, രഞ്ജനീ (രജനി), ശ്രീഫലി, തുത്ഥ, ദ്രോണി, ദോള, നീലിനി ൧൧-ം, അമരിയുടെ പേർ. 'നീലീനീലാനീലിനീനീലപത്രീതുത്ഥാരംഗാഞ്ജിനീനീലികാനീലപുഷ്പീ; കാളീശ്യാമാശോധനീ ശ്രീഫലാ ച ഗ്രാമ്യാ ഭദ്രാഭാരവാഹീ ച മോചാ; കൃഷ്ണാവ്യഞ്ജനകേശീ ച രഞ്ജനീ ച മഹാഫലാ; അസിതാ ക്ലീതനീ ലാകാലീ വാരിദാ കാമരാ; ഗന്ധപുഷ്പാന്ത്യാ ദോലികാരംഗപത്രീ മഹാബലാ; സ്ഥിരരംഗാരംഗപുഷ്പീ സ്യാദേകവിംശതിസാഹ്വയാ' എന്നു പര്യായം. ഇതു കൃമി, കാസശ്വാസം, ജ്വരം, ആമവാതം, വാതകഫരോഗം, മഹോദരം, രക്തഗുല്മം, ഗുന്മൻ ഇവയെ ശമിപ്പിക്കും. വിഷത്തിന് അമരി സിദ്ധൌഷധമാകുന്നു. കേശവർദ്ധനമാണ്.]

ഉ. മരിക്കാത്തവർ. ന. ദേവസ്ത്രീ.

**അമരുക**-ചേരുക, വസിക്കുക, അടങ്ങുക, ശാന്തമാവുക, താഴുക.

**അമരുകൻ, അമരു**-ഒരു കവിയും രാജാവുമാണ്. ക്രിസ്ത്വാബ്ദം ൭൦൦-നു മുമ്പ് ജീവിച്ചിരുന്നു. സംസ്കൃതത്തിൽ ശൃംഗാരരസം അടങ്ങിയതും ൧൦൦ പദ്യങ്ങളുള്ളതുമായ ഒരു കാവ്യം ഇദ്ദേഹം നിർമ്മിച്ചിട്ടുണ്ട്. അതിനു 'അമരുകശതകം' എന്നു പേർ. ഇദ്ദേഹം ശങ്കരാചാര്യരുടെ അവതാരമാണെന്ന് അഭിപ്രായമുണ്ട്.

**അമരുകശതകം**-ശൃംഗാരരസപ്രധാനമായി ൧൦൦ ശ്ലോകങ്ങൾ അടങ്ങിയ ഒരു സംസ്കൃതകാവ്യം. അമരുകൻ ഉണ്ടാക്കിയതിനാൽ ഈ പേർ സിദ്ധിച്ചു.

"ശങ്കരാചാര്യർ ദിഗ്വിജയത്തിനെന്നുള്ള വ്യാജേന കാശ്മീരരാജ്യത്തിൽ പോയ സമയം ശൃംഗാരരസപ്രധാനമായി ഒരു കാവ്യം ഉണ്ടാക്കാൻ സദസ്യന്മാരാൽ പ്രാർത്ഥിക്കപ്പെട്ടു എന്നും, മൃതനായ അമരുകരാജാവിന്റെ ശരീരത്തിൽ തന്റെ ജീവനെ ആരോപിച്ചുകൊണ്ട് രാജാവിന്റെ ഭാര്യമാരോടൊന്നിച്ചു സുഖമായി വസിച്ച് അമരുകശതകത്തെ ഉണ്ടാക്കി എന്നും രവിചന്ദ്രന്റെ അമരുകശതകവ്യാഖ്യാനത്തിൽ കാണുന്ന പ്രകാരവും മറ്റും മഹാമഹിമശ്രീ പൂയം തിരുനാൾ കേരളവർമ്മ വലിയകോയിത്തമ്പുരാൻ തിരുമനസ്സിലെ ഭാഷാന്തരീകരണമായ അമരുകശതകം മണിപ്രവാളത്തിന്റെ മുഖവുരയിൽ പ്രസ്താവിച്ചിരിക്കുന്നു."

**അമരുലകം**-ദേവലോകം.

**അമരേത്ത്, അമറേത്ത്**-രാജാക്കന്മാർ ആഹാരം കഴിക്കുന്നതിനു പറയുന്ന പേർ. വിലക്ഷണപദമാണ്. ഇപ്പോൾ ഉപയോഗിക്ക പതിവില്ല. 'അമൃതേത്ത്' എന്നാണിപ്പോൾ നടപ്പ്.

**അമരേന്ദ്രൻ**-ദേവേന്ദ്രൻ.

അമരേശ്വരൻ-ദേവേന്ദ്രൻ.

അമരൌഘം-ദേവക്കൂട്ടം.

അമച്ച്-അടക്കം, ഒതുക്കം.

അമച്ച്കൊടി-വാതക്കൊടി എന്ന ഒരൌഷധം.

അമത്തൽ-ഞെക്കൽ, ഞെരുക്കൽ, ഉറപ്പിച്ചിരുത്തൽ.

അമത്തുക-ഞെരുക്കുക, ഉറപ്പിച്ചിരുത്തുക.

അമർത്ത്യ-വി. മർത്ത്യൻ (മനുഷ്യൻ) അല്ലാത്ത, ചാകാത്ത.

അമർത്ത്യൻ-ദേവൻ. മരണം ഇല്ലാത്തവൻ എന്നു വ്യുൽപത്തി.

അമർത്ത്യത്വം-൧. ദേവത്വം. ൨. മരണം ഇല്ലായ്ക.

അമർത്ത്യനദി-ദേവഗംഗ.

അമർത്ത്യഭുവനം-സ്വർഗ്ഗം.

അമർത്ത്യവൈരി-അസുരൻ, ദേവശത്രു.

അമർന്ന-വി. ൧. ചേർന്ന, വസിച്ച. ൨. അടങ്ങിയ. ൩. ശാന്തമായ.

അമർപ്പ്-ചേർപ്പ്.

അമർമ്മജാത-വി. മർമ്മത്തിൽ ഉണ്ടാകാത്ത

അമർമ്മവേധി-വി. ൧. മർമ്മത്തെ ഉപദ്രവിക്കാത്ത. ൨. ശാന്തമായ. ൩. മൃദുവായ.

അമര്യാദ-വി. ൧. മര്യാദ (ക്രമം) ഇല്ലാത്ത, ക്രമക്കേടുള്ള. ൨. അതിരില്ലാത്ത. ൩. ന്യായമില്ലാത്ത, നീതിയില്ലാത്ത, ദുസ്സ്വഭാവമുള്ള.

അമര്യാദ-ക്രമക്കേട്, ന്യായക്കേട്, നീതികേട്, ദുസ്സ്വഭാവം, ബഹുമാനത്തെ ലംഘിക്കുക.

അമർഷഹാസം-കോപമുള്ള ചിരി.

അമർഷ-വി. ക്ഷയമില്ലാത്ത, സഹനശക്തിയില്ലാത്ത.

അമർഷണ-വി. കോപശീലമുള്ള.

അമർഷണൻ-൧. കോപശീലൻ, സഹിക്കാത്തവൻ എന്നു ശബ്ദാർത്ഥം ൨. ഒരു സൂര്യവംശരാജാവ്.

അമർഷം-൧. കോപം, സഹിക്കായ്ക എന്നു ശബ്ദാർത്ഥം.

അമൽ-൧. കരപ്പിരിവ്. ഇത് അറബിഭാഷയാണ്. ൨. കിറുക്കം.

അമല്പൊരി-അക്കരം എന്ന രോഗത്തിനു ശമനൌഷധമായ ഒരു ചെടി. ചെമപ്പ് വെളുപ്പ് ഇങ്ങിനെ രണ്ടുവിധം പൂവുള്ളതുമുണ്ട്. ചെമന്ന പൂവുള്ളത് വിഷത്തിനു നന്ന്. കഫശമനത്തെയും ചെയ്യും. വെളുത്ത പൂവുള്ളത് അക്കരം എന്ന രോഗത്തിനും, മറുകരപ്പൻ മുതലായുള്ള രോഗങ്ങൾക്കും ശമനൌഷധമാകുന്നു. ഇതിനു അക്കരംകൊല്ലി എന്നും പേരുണ്ട്.

അമല-വി. മലം (അഴുക്ക്) ഇല്ലാത്ത, തെളിഞ്ഞ, ശുദ്ധിയുള്ള, പ്രകാശമുള്ള, വെളുപ്പുള്ള.

അമല-൧. ഒരു വൃത്തം. അഷ്ടിഛന്ദസ്സിൽ ഉൾപ്പെട്ടതാണ്. പാദം ഒന്നിൽ ൧൩ അക്ഷരം കാണും.

'അമലാഖ്യംസജസജസംപിന്നൊരുഗുരു
(വൃത്തമഞ്ജരി) [വംശകം'

൨. കിഴുകാനെല്ലി.

അമലതരം-൧. ഒരു വൃത്തം, അതിധൃതി ഛന്ദസ്സിൽപെട്ടത്. ഒരു പാദത്തിൽ ൧൯ അക്ഷരം കാണും.

'അമലതരാഭിധമിഹനജഭജസനഗ
(വൃത്തമഞ്ജരി) [വരികിൽ'

൨. വളരെ തെളിവുള്ളത്. ൩. പഴയ നം. ൪. അഭ്രകം.

അമലം-൧. നിർമ്മലം, സ്വച്ഛം, അഴുക്കില്ലാത്തത്. ൨. ലക്ഷ്മി. ൩. ചന്ദ്രൻ.

അമലമണി-സ്ഫടികം.

അമലരത്നം-സ്ഫടികം.

അമലി-൧. സുഖി. ൨. ലക്ഷ്മി.

അമലിക്കുക സുഖിയാക്കുക, ശേഖരിച്ചുവയ്ക്കുക.

അമലിന-വി. അഴുക്കില്ലാത്ത, പരിശുദ്ധമായ.

അമസം-പ്ര. രോഗം. ഉ. വിഡ്ഢിത്തം.

അമസൃണ-വി. മസൃണം (മൃദുത്വം) ഇല്ലാത്ത.

അമളി-പ്ര. ദുർഘടം, ആലോചനയില്ലായ്മ. തിട്ടക്കം, പരിഭ്രമം, അമ്പരപ്പ്, വലച്ചൽ, വ്യസനം, കലക്കം, കലമ്പൽ.

'വീട്ടിലൊരമളിനമുക്കുണ്ടായതു
കേട്ടില്ലെങ്കിൽ പറയാം കുറെ ഞാൻ'
(രുക്മിണീസ്വയംവരം തുള്ളൽ)

ഉ. കിടക്ക, മെത്ത(ഇപ്പോൾനടപ്പില്ല).
'അല്ലുഅമളിക്കുമേൽഅണഞ്ഞുപള്ളികൊണ്ട'
(രാമചരിതം)

അമളിക്കുക-പരിഭ്രമിക്കുക, തിട്ടക്കപ്പെടുക, വ്യസനിക്കുക.

അമറൽ-പ്ര. കാളയുടെയും മറ്റും ശബ്ദം. ഉ. കാളയുടേപ്പോലെയുള്ള ശബ്ദം.

അമറുക-കാളയേയും മറ്റും പോലെ ശബ്ദിക്കുക.

അമാ-അ. പ്ര. ക്രോഡ. ഉ. സമീപം.
'സാകംസത്രാസമംസാർദ്ധമമാസഹ'
(അവ്യയാർത്ഥപ്രകാശം)
പ്ര. അമാത്യൻ-സമീപത്തിലുള്ളവൻ.
ഉ. അമാവാസ്യ-സൂര്യനും ചന്ദ്രനും ഇവിടെ കൂടിയിരിക്കുന്നു എന്നു സഹാർത്ഥം
ന. കറുത്തവാവ്, സൂര്യനും ചന്ദ്രനും കൂടി ചേരുന്ന ദിവസം.

അമാത്യ-ദവിടിങ്ങി.

അമാത്യൻ-പ്ര. പ്രധാനമന്ത്രി സദാ സമീപത്തിൽതന്നെ നിൽക്കുന്നവൻ എന്നു ശബ്ദാർത്ഥം.
'മന്ത്രീധീസചിവോമാത്യഃ' (അമരം)
[മന്ത്രി, ധീസചിവൻ, അമാത്യൻ ന-൩, പ്രധാനമന്ത്രിയുടെ പേർ.]
ഉ. രാജ്യാംഗങ്ങളിൽ ഒന്ന്.
[സ്വാമി, അമാത്യൻ, സുഹൃത്ത്, കോശം, രാഷ്ട്രം, ദുർഗ്ഗം, ബലം ൭-ം, രാജ്യാംഗങ്ങൾ ആകുന്നു.]

അമാനന(ം)-വിനയമില്ലായ്മ, നിന്ദ, അനുസരണക്കേട്.

അമാനവ-വി. മനുഷ്യസംബന്ധമല്ലാത്ത, ദൈവസംബന്ധമായ.

അമാനസ്യം-ദുഃഖം. അമനസ്സിന്റെ(ദുർമ്മനസ്സിന്റെ-ദുഷ്ടമനസ്സിന്റെ) ഭാവം.

അമാനുഷ(ഷി)-വി. മാനുഷം(മനുഷ്യസംബന്ധം) അല്ലാത്ത, ദൈവികമായുള്ള.

അമാനുഷ്യ-വി. മനുഷ്യസംബന്ധമല്ലാത്ത, ദൈവികമായ.

അമാന്തം-അമളി, നാനാവിധം, കുഴപ്പം, മടി.

അമാന്തക്കാരൻ-അമാന്തം കാണിക്കുന്നവൻ.

അമാംസ-വി. മാംസമില്ലാത്ത, മെലിഞ്ഞ, ബലംകുറഞ്ഞ.

അമാംസൻ-ദുർബ്ബലൻ. അല്പമാംസമുള്ളവൻ എന്നു ശബ്ദാർത്ഥം.

അമാർ-ഒരുവൃക്ഷം. പട്ടുനൂലുണ്ടാക്കുന്ന പുഴുക്കൾക്ക് ഇതിന്റെ ഇല ഭക്ഷണമായി കൊടുക്കുന്നു. അമാർ എന്നതു പേർഷ്യൻഭാഷയാണ്.

അമാർഗ്ഗ-വി. മാർഗ്ഗം (വഴി) ഇല്ലാത്ത.

അമാർഗ്ഗം-വഴിയില്ലായ്മ.

അമാനത്ത് (പേർഷ്യൻഭാഷ) അനാമത്ത്, പണയം.

അമാനം-അളവററത്.

അമാമസി-കറുത്തവാവ്.

അമാമാസി-കറുത്തവാവ്.

അമാവസി-കറുത്തവാവ്.

അമാവാസി-കറുത്തവാവ്.

അമാവാസ്യ, അമാവസ്യ-കറുത്തവാവ്. ആദിത്യനും ചന്ദ്രനും ഈ ദിവസം ഒന്നിച്ചുവസിക്കുന്നു എന്നു ശബ്ദാർത്ഥം.

**അമി**-വരിനെല്ല്.

**അമിക്കയറ്**-നുകംവെച്ചു കെട്ടുന്നകയറ്.

**അമിക്കുക**-നുകംവെച്ചുകെട്ടുക.

**അമിൽദാർ**-പട്ടാളത്തിലെ ഒരു ജോലി. അറബിഭാഷ.

**അമിത**-വി. മിതം (കണക്ക്) അല്ലാത്ത, ക്രമത്തിലധികമായ.

**അമിത്രഘാത**-വി. ശത്രുക്കളെ കൊല്ലുന്ന.

**അമിത്രജിത്ത്**-വി. ശത്രുക്കളെ ജയിക്കുന്ന.

**അമിത്രജിത്ത്**-പു. ഒരു സൂര്യവംശരാജാവ്. ൨. കൌരവരിൽ ഒരുവൻ.

**അമിത്രത്വം**-ശത്രുത്വം, വിരോധം.

**അമിത്രൻ**-ശത്രു.

**അമിത്രാന്തകൻ**-ജയിക്കുന്നവൻ. ശത്രുക്കളുടെ കാലൻ എന്നു ശബ്ദാർത്ഥം.

**അമിലാതകം**-വൻകുറുഞ്ഞി.

**അമിഴ്ത്തുക**-ഉറപ്പിക്കുക.

**അമിഴുക**-(പഴയമലയാളം) താഴുക, മുഴുകുക, മുങ്ങുക.

'പോരിൽഅമിഴ്ന്തകവിവീരരെയരക്കർ
ചിലർവായ്പിളർന്തമണ്ണിനൊപ്പെയുംനായും'
(രാമചരിതം)

വീഴുക, പതിക്കുക, വസിക്കുക.

'ഭൂലോകംതന്നിലമിണ്ണുതുടങ്ങിനാർ
നൂതനമായോരകാന്തിയുമായ്'
(കൃഷ്ണഗാഥ)

**അമീത**-വി. ഉപദ്രവിക്കാത്ത, നിർദ്ദോഷമായുള്ള.

അമീത്ത്-ഭക്ഷണംകഴിക്ക.

അമീൻ-(ഹെബ്രിഭാഷ) സ്വദേശദ്ധി, ചുമതലപതിച്ചവൻ.

അമീൻ-(അറബിഭാഷ) കുലശ്രേഷ്ഠൻ, മഹാൻ. (അമീറന്മാർ-കുലശ്രേഷ്ഠന്മാർ, മഹാന്മാർ.)

**അമുക്കൻ**-വലിയ കള്ളൻ.

**അമുക്ക്, അമുക്കൽ**-ഞെക്കൽ, ഞെരുക്കൽ.

**അമുക്കം**-ഞെക്കൽ, ഞെരുക്കൽ, കശക്കൽ, പിഴുക്കൽ, പിഴിയൽ.

**അമുക്കുക**-ഞെക്കുക, ഞെരുക്കുക, പിഴുക്കുക.

**അമുക്കുരം**-കരഞ്ചാടിമരുന്ന്. അമുക്കിരം. തമിഴിൽ-അച്ചുവകെന്തിക്കിഴംക്, അമുക്കിറാക്കിഴംക്. സംസ്കൃതത്തിൽ-അശ്വഗന്ധം.

**അമുങ്ങുക**-ഞെരുങ്ങുക, പതുങ്ങുക.

**അമുക്തം**-ഒരായുധം, വാൾ, കത്തി. ഇതു വീണുപോകാതെ സദാ കൈയിൽ മുറുകിയിരിക്കുന്നതാണ്.

**അമുത്ത്**-അമൃത്. (പ-മ.)

**അമുത്ര**-അ. ജന്മാന്തരത്തിങ്കൽ, പരലോകത്തിൽ.

**അമുഴ്ത്തുക**-പതിക്കുക. ഉ-ം, രത്നങ്ങൾ അമുഴ്ത്തിയ ആഭരണങ്ങൾ.

**അമൂർത്ത**-വി. മൂർത്തം (രൂപം) ഇല്ലാത്ത, ആകൃതിയില്ലാത്ത, ശരീരമില്ലാത്ത.

### അമൂർത്തദ്രവ്യങ്ങൾ

ഇന്ദ്രിയഗോചരങ്ങളായ യാതൊരു ലക്ഷണങ്ങളും ഇല്ലാത്ത പദാർത്ഥങ്ങളെ 'അമൂർത്തദ്രവ്യങ്ങൾ' എന്നു പറഞ്ഞുവരുന്നു, കാലം, ദിക്ക് മുതലായവ.

**അമൂർത്തൻ**-ശിവൻ.

**അമൂർത്തി**-വി. രൂപമില്ലാത്ത, ആകൃതിയില്ലാത്ത.

**അമൂർത്തി**-പു. വിഷ്ണു. ൨. രൂപമില്ലായ്ക, ആകൃതിയില്ലായ്ക.

**അമൂല**-വി. ൧. കിഴങ്ങില്ലാത്ത. ൨. കാരണമില്ലാത്ത, അടിസ്ഥാനമില്ലാത്ത.

**അമൂല**-മേത്തോന്നി എന്ന ഔഷധം.

**അമൂല്യ**-വി. വിലമതിക്കത്തക്കതല്ലാത്ത, വിലയേറിയ.

**അമൃണാളം**-രാമച്ചം. ജലത്തിൽ സ്ഥിതിചെയ്യുന്നതു് എന്നു വ്യുല്പത്തി. ജലത്തിന്ന

രിക്കെ ഇതു സാധാരണ നല്ലവണ്ണം വരുന്നു.

**അമൃത**-വി. മരിക്കാത്ത, മരണമില്ലാത്ത.

**അമൃത**-൧. നെല്ലി. മരണത്തെക്കളയുന്നതെന്നു ശബ്ദാർത്ഥം. ൨. കടുക്ക. ൩. ചിററമൃതു്. ൪. മദ്യം. ൫. കരിംകുറുക. ൬. ചെറുപുന്ന. ൭. കിഴുകാനെല്ലി. ൮. കടുക്ക. ൯. കിണികിണിപ്പാല ൧൦. ഐവിരലിക്കോവ. ൧൧. അതിവിടയം. ൧൨. തുളസി. ൧൩. തിപ്പലി. ൧൪. നാല്ലൊപ്പക്കൊന്ന. ൧൫. സൂര്യന്റെ ഒരു കിരണത്തിന്റെ പേർ. ൧൬. ചെറുകാട്ടുവെള്ളരി.

**അമൃതകരൻ**-ചന്ദ്രൻ.

**അമൃതകിരണം**-കർപ്പൂരം.

**അമൃതകിരണൻ**-ചന്ദ്രൻ.

**അമൃതകുംഭം**-സുധാനിറഞ്ഞൊരുപാത്രം

**അമൃതഗർഭ**-വി. അമൃതമോ വെള്ളമോ നിറഞ്ഞ.

**അമൃതജട**-മഞ്ചി.

**അമൃതതരംഗിണി**-നിലാവ്.

**അമൃതദശമൂലാദി**-ഒരു കഷായം. ക്ഷയം, കഫ, അഗ്നിമാന്ദ്യം ഇവയ്ക്കുനന്ന്.

**അമൃതദീധിതി**-ചന്ദ്രൻ.

**അമൃതദ്യുതി**-ചന്ദ്രൻ.

**അമൃതൻ**-൧. മരണമില്ലാത്തവൻ. ൨. ദേവൻ. ൩. ഇന്ദ്രൻ. ൪. വിഷ്ണു. ൫. ശിവൻ ൬. സൂര്യൻ.

**അമൃതഫലാ**-൧ നെല്ലി. ൨. മുന്തിരി.

**അമൃതഫലം**-൧. നെല്ലിക്ക. ൨. കടുക്ക ൩. നാസപാതി. ൪. കസ്തൂർപടോലം ൫. ദ്വീപാന്തരത്തിലുള്ള ഈത്തപ്പഴം.

**അമൃതം**-൧. അമൃതു്, സുധാ. ൨. മോക്ഷം. മരണമില്ലാത്തതു എന്നു ഇതിന്റെ ശബ്ദാർത്ഥം. മരണമില്ലാത്ത സ്ഥിതിയാകുമ്പോൾ മരണവുമില്ലല്ലോ. ൩. ജലം. മരണത്തെ നിവർത്തിപ്പിക്കുന്നതു എന്നു ശബ്ദാർത്ഥം. ൪. യാഗശിഷ്ടമായ ഹവിസ്സ് മുതലായതു്. ൫. ആരെങ്കിലും വല്ലതും മനസ്സറിഞ്ഞു തരുന്നതിനെ ഭക്ഷിക്കുക, ആരോടും ഒന്നിനേയും യാചിക്കാതെ ഈശ്വരധ്യാനത്തോടെ സന്തുഷ്ടനായി വസിക്കുക. ൬. പാൽ. ൭. രസം. ൮. നെയ്യ്, ഉരുക്കനെയ്യ്. ൯. വത്സനാഭം. ൧൦. കിഴുകാനെല്ലി. ൧൧ പന്നിക്കിഴങ്ങ്. ൧൨ മുക്കുട്ടപയറ്. ൧൩. ചിററമൃതു്. ൧൪. വിഷം. ൧൫. മോര്. ൧൬. കടുക്ക. ൧൭. നെല്ല്. ൧൮. ചോറ്. ൧൯. ബ്രഹ്മം. ൨൦ വാരനക്ഷത്രയോഗം, തിഥിവാരയോഗം. ൨൧. നല്ല എന്ന അർത്ഥം. ൨൨. സ്വർണ്ണം.

**അമൃതമഥനം**-പാലാഴിമഥനം.

വിദ്യാധരസ്ത്രീകൾ ഒരു ദിവ്യപുഷ്പമാല ദുർവാസസ്സിനു കൊടുത്തു. അദ്ദേഹം അതിനെ ഇന്ദ്രനു ദാനംചെയ്തു. ഇന്ദ്രൻ ആ മാലയെ ഐരാവതത്തിന്റെ മസ്തകത്തിന്മേൽ വെച്ചിട്ടു തലചിക്കിളുമത്തപ്പോൾ വണ്ടുകളുടെ ഉപദ്രവം ഹേതുവായിട്ടു ആ പുഷ്പമാലയെ ഐരാവതം നശിപ്പിച്ചു അതുകണ്ടു കോപാക്രാന്തനായി 'ദേവന്മാർ ജരാനരയുള്ളവരായി വൃദ്ധരായി ഭവിക്കട്ടെ' എന്നു ദുർവാസസ്സു മഹർഷി ശപിച്ചു. പിന്നീടു 'അമൃതഭോജനം കൊണ്ടു ജരാനര തീരട്ടെ' എന്നു ശാപമോക്ഷം നൽകി. അമൃതം എടുക്കുന്നതിനായിട്ടു അനന്തരം പാലാഴി കടഞ്ഞു. ഇതിലേയ്ക്കു മത്തു് മന്ദരപർവതവും, കയറു വാസുകിയും, പ്രവർത്തകന്മാർ ദേവാസുരന്മാരും ആയിരുന്നു.

**അമൃതമാലിനി**-ദുർഗ്ഗയുടെ ഒരു പേർ.

**അമൃതരശ്മി**-ചന്ദ്രൻ.

**അമൃതരസാ**-വലിയ മുന്തിരി.

**അമൃതലത, അമൃതലതിക**-ചിററമൃതു

**അമൃതവല്ലി, അമൃതവല്ലരി**-ചിററമൃതു്.

അമൃതസംഭവം-ചിററമൃതു്.

അമൃതസംസ്കാരം-കല്ലുമൃതചായത്തിൻെറ വിഷം പോക്കുക.

അമൃതസോദരം-കുതിര.

അമൃതസ്രവ-അമൃതവള്ളി. അഴകണ്ണി.

അമൃതസ്രവം-അമൃതത്തിൻെറ ഒലിപ്പു്.

അമൃതാംശു-പു. ചന്ദ്രൻ. ൨. കപ്പൂരം.

അമൃതാദി-ഒരു എണ്ണ. (ചെറിയതു്) രക്തവാതത്തിനും തലച്ചൂടു്, വേദന ഇവക്കും നന്നു്, (വലിയതു്) നീരിളക്കം, കുത്തു, ചിരങ്ങു് ഇവയിൽ തലയിൽ തേയ്ക്കണം.

അമൃതാന്ധസ്സുകൾ-ദേവന്മാർ. അമൃതത്തെ ഭക്ഷിക്കുന്നവർ എന്നു ശബ്ദാർത്ഥം.

അമൃതാത്മാവു്-പു. ചന്ദ്രൻ. ൨. ശിവൻ. അമൃതസ്വരൂപൻ (മരണമില്ലാത്തവൻ).

'തിരോഹിതേദംഗമൃതാത്മനീശ്വരേ
(ദക്ഷയാഗം കഥകളി)

അമൃതഭാനു-ചന്ദ്രൻ.

അമൃതാർണ്ണവലേഹ്യം-ഒരു മരുന്നു്. രക്തശുദ്ധി, ശരീരകാന്തി, ധാതുശക്തി, ഇവയെ നൽകുന്നതും ക്ഷയം, വയററുപോക്കു, ദീർഘകാലം ചെന്ന തലവേദന, നെഞ്ഞുവേദന ഇവയെ ശമിപ്പിക്കുന്നതുമാകുന്നു.

അമൃതാഫലാ-പേകൈപ്പൻ പടവലം.

അമൃതപ്രാശ(ന)ം-ഒരു ഘൃതം. രക്തക്ഷയം, ബലക്ഷയം, ശോഷം, ക്ഷതം, കാസം ഇവയ്ക്കു നന്നു്.

അമൃതാശനന്മാർ-ദേവന്മാർ. അമൃതം ഭക്ഷിക്കുന്നവർ എന്നർത്ഥം.

അമൃതാസംഗം-കപ്പുരീതുത്ഥം.

അമൃതാശൻ-വിഷ്ണു.

അമൃതാഹ്വം-നാനാംപാതി എന്ന ഔഷധം.

അമൃതാഹരൻ-ഗരുഡൻ.

അമൃതാഹ്വയം-നെയ്യു്.

അമൃതു-പു. അമൃതു് എന്ന മരുന്നു്. ൨. ദേവകളുടെ ഭക്ഷണം. ൩. ജലം. ൪. മോക്ഷം. ൫. പാൽ. ൬. വിഷം. ൭. ഉരുക്കുനെയ്യു്. ൮. മോരു്. ൯. സ്വത്തു്. ൧൦. യാഗശിഷ്ടം. ൧൧. ഒന്നും യാചിക്കാതെ ദൈവവിചാരത്തിൽ ഇരിക്കുക. ൧൨. അന്നം, ചോറു്. ൧൩. പൊന്നു. ൧൪. രസം—'അമൃതം' എന്ന ശബ്ദം നോക്കുക.

അമൃതേശൻ, അമൃതേശ്വരൻ-ശിവൻ.

അമൃതേശയൻ-വിഷ്ണു. വെള്ളത്തിൽ ശയിക്കുന്നവൻ എന്നു ശബ്ദാർത്ഥം.

അമൃതേത്തു്-രാജാക്കന്മാരും മററും ഭക്ഷിക്കുന്നതിനു പറയുന്ന പേർ. അമീത്തു എന്നും കാണുന്നു. അമൃതേത്തു് എന്നതാണു് അധികം നടപ്പു്.

'ഉണ്ണിഗണേശനുമയർന്നിററുവോളം
കണ്ണുമടച്ചമൃതേത്തുകഴിക്കാം'
(ഐരാവതപൂജ തുള്ളൽ)

അമൃത്യ-മരണം ഇല്ലാത്ത.

അമൃഷാ-അ. സത്യമായിട്ടു്, കളവുകൂടാതെ.

അമേദ്ധ്യ-വി. മേദ്ധ്യം (ശുദ്ധിയുള്ളതു്) അല്ലാത്ത, വെടിപ്പില്ലാത്ത, ഭക്ഷിച്ചാൽ ബുദ്ധിക്കുകൊള്ളരുതാത്ത.

അമേദ്ധ്യം-പു. മലം. ൨. ശ്ലേഷ്മം.

അമേദ്ധ്യലേപം-മലംപുരശൽ, അഴുക്കു പിരട്ടുക.

അമേയ-വി. അളവില്ലാത്ത, പരിച്ഛേദിക്കാൻ വയ്യാത്ത.

അമേയം-എത്രാമതും ഉണ്ടെന്നു പരിച്ഛേദിക്കാൻ വയ്യാത്തതു്.

'അളുമായം, അനാമയം
അളുമായെന്നതുമല്ലയകില്'
(നളചരിതം കഥകളി)

**അമോക്ഷം**-ന. മോക്ഷം ഇല്ലായ്ക. ഉ. ദാസ്യം, കാവൽ.

**അമോഘ**-വി. വിലയേറിയ.

'അമോഘചിന്താമണിഭക്തിമാന്മാം'
(ശ്രീകൃഷ്ണചരിതം)

ഉ. ഫലമുള്ള. ന. വ്യർത്ഥമല്ലാത്ത

**അമോഘ**-പ്ര. പാതിരി (പൂപ്പാതിരി) ഉ. വിഴാൽവൃക്ഷം ന. കടുക്ക. ർ. കൈപ്പൻപടവലം.

**അമ്പണം**-അസത്യം.

**അമ്പത്**-നൂറിൽ പാതി.

**അമ്പ!**-അ. പ്രധാനവ്യാക്ഷേപകങ്ങളിൽ ഒന്ന്.

**അമ്പാടി**-ഗോഷ്ഠം, തൊഴുത്ത്.

ഇന്നുമിയക്കീട്ടമ്പാടിയിലെട്ടാമ്പത്തുവർഷം
(കാചലവൃത്തം വഞ്ചിപ്പാട്ട്)

**അമ്പ്**-അസ്ത്രം.

'പൃഷൽകബാണവിശിഖാ
അജിഹ്മഗഖഗാശുഗാഃ
കളംബമാർഗ്ഗണശരാഃ
പത്രീരോപ ഇഷുർദ്വയോഃ'
(അമരം)


അമ്പ്

[പൃഷൽകം, ബാണം, വിശിഖം, അജിഹ്മഗം, ഖഗം, ആശുഗം, കളംബം, മാർഗ്ഗണം, ശരം, പത്രി, രോപം, ഇഷു ഫ-ം, അമ്പിന്റെ പേർ. ശരം എന്നതിനു 'സരം' എന്നും പാഠമുണ്ട്. 'ചിത്രപുംഖസ്സരശ്ശരഃ']

**അമ്പ**-ബലമുള്ള കയറ്.

**അമ്പുക**-ചേരുക, വസിക്കുക.

**അമ്പുകൂട്**-ആവനാഴി, അമ്പറ, അമ്പറ (അമ്പിടുന്ന പാത്രം.)

**അമ്പുകോൽ**-അമ്പിന്റെ തണ്ട്.

**അമ്പട്ടൻ**-ക്ഷൌരക്കാരൻ.

**അമ്പരക്കുക**-പരിഭ്രമിക്കുക, വിഷമിക്കുക.

'കമ്പിടുന്നോരുവചനാമൃതഘോഷമ-
ന്നമ്പരന്നംഭോജസംഭവനാദരാൽ'
(ഭാഗവതം)

**അമ്പരപ്പ്**-പരിഭ്രമം, വിഷമം.

**അമ്പലപ്പടി**-ക്ഷേത്രത്തിൽ ചിലക്ഷേത്രമുള്ള ഒരു ബ്രഹ്മസ്വസ്ഥാനം.

**അമ്പലം**-ക്ഷേത്രം.

**അമ്പലപ്പുഴ**-പ്ര. തിരുവിതാംകൂറിലെ ഒരു താലൂക്ക്. ഉ. ആ താലൂക്കിലെ ഒരു പകുതി.

[അമ്പലപ്പുഴ ചെമ്പകശ്ശേരി രാജാക്കന്മാരുടെ തലസ്ഥാനമായിരുന്നു. എന്നാൽ ൯൨൯-ൽ രാമയ്യൻദളവാ അതിനെ തിരുവിതാംകൂറിനോടു ചേർത്തു. ഇവിടെ വിശേഷപ്പെട്ട ഒരു കൃഷ്ണസ്വാമിക്ഷേത്രമുണ്ട്. അമ്പലപ്പുഴയ്ക്കു സംസ്കൃതത്തിൽ 'അംബരാപഗാപുരം' എന്നു പേർ ]

**അമ്പലപ്പുഴപ്പായസം**-അമ്പലപ്പുഴ കൃഷ്ണസ്വാമിക്ഷേത്രത്തിലെ പാൽപായസം. ഈ പായസം വകയ്ക്കു ആണ്ടൊന്നിനു പതിനെണ്ണായിരപ്പറ നെല്ലും, ദിവസമൊന്നിനു മുപ്പത്തിആറുപറ പാലും, മൂന്നിടങ്ങഴി അരിയും, ഒന്നരത്തുലാം പഞ്ചസാരയും ചെലവുണ്ടെന്നാണ് അറിവ്. ഈ പായസം സുപ്രസിദ്ധമാകുന്നു.

"ഒരിക്കൽ ചെമ്പകശ്ശേരിരാജാവ് സൈന്യച്ചെലവിനായി നാട്ടുകാരനായ ഒരു പരദേശബ്രാഹ്മണനോടു പതിനായിരപ്പറ നെല്ല് വായ്പവാങ്ങി. ഈ കടം വീട്ടാൻ ഇടയാകാതെ കുറേക്കാലം കിടന്നു. മുതലും പലിശയും പലിശയ്ക്കു പലിശയും കൂടി ക്രമത്തിലധികം വർദ്ധിച്ചു. ഭണ്ഡാഗാരത്തിൽ മുതൽ കാണാഞ്ഞും ബ്രാഹ്മണൻ കടം വീട്ടണമെന്നു ശഠിച്ചും ഒരേ അവസരത്തിലായിരുന്നു. രാജാവ് വിശന്നിരിക്കുന്ന സമയം നോക്കി ഒരു ദിവസം ബ്രാഹ്മണൻ ധർമ്മസന്നിധിയിൽ മറിപ്പുതിന്നു. ഉടൻ എഴുന്നള്ളത്തായി. അപ്പോൾ ബ്രാഹ്മണൻ ഇപ്രകാരം

പറഞ്ഞു 'എന്റെ കടംതീക്കാതെ ദേവരാണെ അകത്തുകടക്കരുതു്' ഇതുകേട്ടു രാജാവു് പരുങ്ങലിലായി. നിമിഷംകൊണ്ടു മന്ത്രിയുടെ വരുതിയനുസരിച്ചു കണക്കിൻപ്രകാരം നെല്ലും മുതലുംപലിശയും പലിശയ്ക്കുപലിശയും ഒക്കെക്കൂട്ടി ബ്രാഹ്മണന്റെ മുമ്പാകെ അളന്നുകൂട്ടി ബ്രാഹ്മണൻ അനന്തരം സന്തോഷത്തിലും ആശ്ചര്യത്തിലും ഒന്നോടെ മുങ്ങി. ഉടമ്പടിയനുസരിച്ചു നെല്ലു് ഉടൻമാററിക്കൊള്ളണമെന്നു മന്ത്രി നിർബ്ബന്ധിച്ചു അതിലേക്കുള്ള ഉപകരണം ഒന്നു കിട്ടാഞ്ഞു ബ്രാഹ്മണൻ മാപ്പുചോദിക്കയും അവധിക്കപേക്ഷിക്കയും ചെയ്തിട്ടു ഫലപ്പെടായ്കയാൽ ഒരുപിടിനെല്ലും കച്ചീട്ടും കൂടി കൃഷ്ണസ്വാമിക്കു നടയ്ക്കുവെച്ചു് അതുമുതൽകൊണ്ടു് എല്ലാനാളും കൃഷ്ണസ്വാമിക്കു പാൽപ്പായസം നടത്തിക്കൊള്ളണമെന്നു് ഏർപ്പാടുചെയ്തിട്ടുപിരിഞ്ഞു."

'അമ്പലപ്പുഴെമേവുമംബുജ
നേത്രകൃഷ്ണനമോസ്തുതേ'
(നളായണീചരിതം തുള്ളൽ)

**അമ്പലവാസി**-൧. ക്ഷേത്രത്തിൽ താമസിക്കുന്നവൻ. ൨. ക്ഷേത്രത്തിലെ വേലക്കാരൻ. ൩. ക്ഷേത്രത്തിലെ വേലക്കാരുടെ ജാതി.

[വാര്യർ, കുരുക്കൾ, പുഷ്പകൻ, മാരാൻ, പിഷാരടി, നമ്പിയാർ, ചാക്യാർ പൊതുവാൾ, നമ്പിടി ഇവരെല്ലാം അമ്പലവാസികളിൽ ഉൾപ്പെട്ടവരാണ്.]

**അമ്പഴം**-ഒരു വൃക്ഷം.

'…………………പീതനകപീതനെ
ആമ്രാതക……………' (അമരം)

[പീതനം, കപീതനം, ആമ്രാതകം ൩-ം, അമ്പഴത്തിന്റെ പേർ. 'ആമ്രാതകഃപീതനകഃകപിചൂതോമ്ലവാടി(ടി)കഃ; ശൃംഗീകപിരസാഢ്യശ്ചതനക്ഷീരഃ കപിപ്രിയഃ' എന്നു പര്യായങ്ങൾ ഇതിന്റെ പച്ചക്കായ് അതിപിത്തകരമല്ല. രുചി- ദാഹം, വാതപിത്തങ്ങൾ ഇവയ്ക്കു് വളരെ നന്നു്. ബലത്തെ വർദ്ധിപ്പിക്കും. കഫത്തെയുണ്ടാക്കും. വിരേചനകരമാണു്. പഴുത്തകായ് പിത്തകഫാപഹമാണു് ദാഹം ക്ഷയം ക്ഷതം ഇവയെയും കളയും. ഈ വൃക്ഷത്തെ 'അമ്പാഴം' എന്നും ചിലദിക്കിൽപറയുന്നു. കർണ്ണാടകത്തിലും തുളുവിലും 'അമ്പട' എന്നത്രേ]

**അമ്പഴങ്ങാ**-അമ്പഴത്തിന്റെ കായ്.

**അമ്പറ, അമ്പുറ**-ആവനാഴി, അമ്പിടുന്ന സാധനം.


അമ്പറ

**അമ്പാപ്പാട്ടു**-തണ്ടു വലിക്കുന്ന പാട്ടു്.

**അമ്പാരാ**-കുമ്പൽ.

**അമ്പാരി**-ആനയുടെ പുറത്തു രാജാവിനു് എഴുന്നെള്ളുവാൻ കെട്ടിയുണ്ടാക്കുന്നതു്. ഇതു രാജാവിന്റെ (ചിഹ്നങ്ങളിൽ) സ്ഥാനമാനങ്ങളിൽ ഒന്നാകുന്നു. ഇതു ഹിന്ദുസ്ഥാനി ഭാഷയാണു്.

'കല്പനാസജ്ജനാസമേ' (അമരം)

[കല്പന, സജ്ജന, ൨-ം, രാജാവിനു കയറുവാനായി ആനയുടെ പുറത്തു അമ്പാരികെട്ടിച്ചമക്കുന്നതിന്റെ പേർ.]

**അമ്പിൻചിറകു്**-അമ്പിനു വേഗം കൂട്ടുന്നതിനായി അതിന്റെ കടയ്ക്കൽ ചേർത്തു കെട്ടുന്ന തൂവൽ.

'പക്ഷോവാജസ്ത്രിഷൂത്തരേ'

പക്ഷം, വാജം ൨-ം അമ്പിന്റെ കടയ്ക്കലെ തൂവലിന്റെ പേർ ]

**അമ്പിൻമുന**-അമ്പിന്റെ തലയ്ക്കൽ ഇരിമ്പുകൊണ്ടു [illegible]ടുകൂടിയതായി ഉണ്ടാക്കിവയ്ക്കുന്ന മുനയുടെ പേർ.

'വാപുംസിശല്യംശങ്കുർന്നാ' (അമരം)

[ശല്യം, ശംകു ഇ-ം, പര്യായങ്ങളും കാണും. മൂൎച്ചയുള്ളഇരിമ്പുകവടിയുടെ പേരെന്നും അഭിപ്രായമുണ്ട്.]

അമ്പിട്ടൻ - ക്ഷൌരക്കാരൻ, അമ്പട്ടൻ എന്നുമുണ്ട്.

അമ്പിളി-൧. ചന്ദ്രൻ. ൨. കൎപ്പൂരം.

അമ്പിളിക്കല-ചന്ദ്രകല (ചന്ദ്രക്കല).

അമ്പിളിത്തെല്ല്-ചന്ദ്രകല.

അമ്പിളിയമ്മാമൻ-ചന്ദ്രൻ.

അമ്പുക-ചേരുക, വസിക്കുക.

അമ്പുമാരി-ശരവൎഷം.

അമ്പേ, അയ്യേ-ഒരു വ്യാക്ഷേപകം. അത്ഭുതം, സന്തോഷം ഇവയുണ്ടാകുമ്പോൾ പറയപ്പെടുന്നു.

അമ്പോടു-സന്തോഷത്തോടു.

അമ്പോട്ടൽ-അമയുടെപേർ (തമിഴിൽ) പേക്കരിയും.

അംബ-൧. അമ്മ. ൨. പാൎവ്വതി, ദുൎഗ്ഗ, ൩. മരപ്സമസ്ത്രീ ൪. അംബാഡി. ൫. കാശിരാജാവിന്റെ ഒരു പുത്രി.

കാശിരാജാവിനു മൂന്നു പുത്രികൾ ഉണ്ടായിരുന്നു. അവരിൽ ഒന്നത്രെ അംബ. മററു രണ്ടുപേരുടേയും നാമധേയം അംബികയെന്നും അംബാലിക എന്നുമായിരുന്നു. ഇവരെ വിചിത്രവീൎയ്യനു വിവാഹം ചെയ്തുകൊടുപ്പാനായി ഇവരെയും കൊണ്ടു ഭീഷ്മർ ഹസ്തിനപുരം പ്രാപിച്ചു. തനിക്കു സാല്വൻ മതി എന്നു അംബ ശഠിച്ച് അവൾ സാല്വന്റെ അടുക്കൽ ചെന്നു. സാല്വനും അവളെ ഉപേക്ഷിച്ചു അതിനു കാരണം അവൾ അന്യഗൃഹത്തിൽപാൎത്തു എന്നുള്ളതാണത്രെ. തിരിയെ ഭീഷ്മരോടു സങ്കടം അറിയിച്ചു. അദ്ദേഹവും അവളെ ഉപേക്ഷിച്ചു. അനന്തരം വ്യസനാക്രാന്തയായ അംബ കാട്ടിൽചെന്നു ഭീഷ്മരോടു പ്രതിക്രിയക്കായി തപസ്സുതുടങ്ങി. ശിവൻ പ്രത്യക്ഷനായി അടുത്തജന്മത്തിൽ മനോരഥം സാധിക്കട്ടെ എന്നു വരംകൊടുത്തു. പിന്നീടു ദ്രുപദന്റെ പുത്രിയായി ശിഖണ്ഡിനി എന്ന നാമധേയത്തോടു ജനിച്ചു.

അംബകം-൧. കണ്ണ്. ഉ-ം, ത്ര്യംബകൻ (ത്രി + അംബകൻ) ത്രിനേത്രൻ = മുക്കണ്ണൻ = ശിവൻ.

'അംബകംനയനംദൃഷ്ടിഃ' ഇതിഹലായുധഃ

൨. കൈക്കമന്താര ൩. ചെമ്പ്.

അംബകൻ-പിതാവ്. ഉ-ം, ത്ര്യംബകൻ = മൂന്നുലോകങ്ങൾക്കും പിതാവായവൻ (ശിവൻ.)

അംബം-കണ്ണ്. ൨. വെള്ളം. ൩. ശബ്ദം.

അംബൻ-൧. അച്ഛൻ. ൨. ശബ്ദിക്കുന്നവൻ.

അംബരതടിനി-ആകാശ ഗംഗ.

'അംബരതടിനീനിലയനിലീനമമാം-
രംബുജനയനംനയനാനന്ദം'
(ഘോഷയാത്ര തുള്ളൽ)

അംബരചാരി-വി. ആകാശത്തിൽ സഞ്ചരിക്കുന്ന.

അംബരദം-പഞ്ഞി.

അംബരനദി-ഗംഗ.

അംബരം-൧. ആകാശം, ശബ്ദിക്കുന്നതു് എന്നു വ്യുൽപത്തി. ൨. വസ്ത്രം. ൩. ജലം. ൪. അഭ്രകം. ൫. പച്ചില.

അംബരമണി-സൂൎയ്യൻ.

'അംബരമാൎഗ്ഗംതന്നിൽവിളങ്ങുമൊ-
രംബരമണിയുടെബിംബമൊതന്നോ'
(സ്യമന്തകം)

അംബരമാൎഗ്ഗം-ആകാശം.

അംബരയുഗം-ഉടുക്കുന്ന വസ്ത്രവും മേൽ ഇടുന്ന വസ്ത്രവും.

അംബരസ്ഥലി-ഭൂമി.

അംബരാന്തം-൧. ചക്രവാളം. ൨. വസ്ത്രത്തിന്റെ അറ്റം. ൩. ആകാശപ്രദേശം.

അംബരാന്തോ-അ. ചക്രവാളംവരെ.

'അംബരാന്തംമുഴങ്ങുമാറുള്ളതു'
(സന്താനഗോപാലം പാന)

**അംബരായണം**-ആകാശഗമനം.

'വെണ്മതികലമൌലിധനഞ്ജയ-
നംബരായണമാകന്നവിദ്യയാൽ'
(സന്താനഗോപാലം-പാന)

**അംബരി**-സാമൂതിരിമാരുടെ സ്ത്രീകൾക്കുള്ള ബഹുമാനപ്പേർ (വലിയതമ്പുരാട്ടി).

**അംബരീഷൻ**-നാ. ഒരു സൂര്യവംശരാജാവ്. (നാഭാഗരാജന്റെ പുത്രൻ). ൨. ശിവൻ. ൩. വിഷ്ണു.

**അംബരീഷചരിതം**-അംബരീഷരാജാവിന്റെ കഥ.

വിഷ്ണുഭക്തനായ അംബരീഷനൃപൻ പത്നിയൊന്നിച്ചു ദ്വാദശീവ്രതാനുഷ്ഠാനംചെയ്തു കാളിന്ദിയുടെ സമീപത്തിൽ വസിച്ചിരുന്നു. ഭക്ത്യതിശയം ഹേതുവായിട്ടു വിഷ്ണു പ്രസാദിച്ചു് ഇദ്ദേഹത്തിന്നു ഒരു ചക്രം കൊടുത്തു. പാരണദിവസം വിഷ്ണുപൂജാവസാനത്തിൽ ദുർവ്വാസസ്സ് മഹർഷി അദ്ദേഹത്തെ പ്രാപിച്ചു. ഉടൻ നൃപതി അദ്ദേഹത്തെ ഊണിന്നു ക്ഷണിച്ചു. അനന്തരം യമുനയിൽ സ്നാനത്തിന്നായി മഹർഷിഗമിച്ചു. പാരണസമയം തെറ്റിപ്പോകുമെന്നു ഭയപ്പെട്ടു് രാജാവ് പാരണംകഴിച്ചു. ഇതു് മുനി ദിവ്യദൃഷ്ടികൊണ്ടു് അറിഞ്ഞു് കോപാന്ധനായിവന്നു് നൃപനെ അസഭ്യം പറഞ്ഞു ജടപറിച്ചു കൃത്തികയെ ഉണ്ടാക്കി. ഭീഷണരൂപിണിയായ കൃത്യയെക്കണ്ടു സംഭ്രമിച്ചു അംബരീഷനൃപൻ വിഷ്ണുവിനെസ്മരിച്ചു. ഉടൻ വിഷ്ണുചക്രം പുറപ്പെട്ടു. കൃത്യ അഗ്നിയിൽ ശലഭം എന്നപോലെനശിച്ചു. ചക്രം മുനിയെ പിൻതുടൎന്നോടിച്ചു. മുനി ബ്രഹ്മാവിനെയും ശിവനെയും പ്രാപിച്ചു രക്ഷകിട്ടീയില്ല. പിന്നീടു വിഷ്ണുവിന്റെ കാൽക്കൽതന്നെ വന്നുവീണു. അംബരീഷനൃപന്റെപക്ഷം സേവിപ്പാൻ അദ്ദേഹം ആജ്ഞാപിച്ചു. മുനി വ്യസനത്തോടെ രാജാവിന്റെ കാൽപിടിച്ചു. ഉടൻ രാജാവ് ചക്രം അടക്കുന്നതിന്നു വിഷ്ണുവിനെ സ്തുതിച്ചു. പെട്ടെന്നു ചക്രം മറഞ്ഞു. മുനി സന്തുഷ്ടനായി നൃപന്നു ഇഷ്ടവരങ്ങളെ പ്രദാനംചെയ്തു.

**അംബരീഷം**-നാ. വറവുപാത്രം, കനല്ക്കൂംര, അപ്പക്കാരിക. മലരു വറക്കുമ്പോഴും മററും ശബ്ദിക്കുന്നതു് എന്നു ശബ്ദാർത്ഥം. ൨. അമ്പഴം. ൩. കാരകിൽ. ൪. പതിനെട്ടു നരകങ്ങളിൽ ഒന്നു്. ൫. യുദ്ധം. ൬. ആൺകതിരക്കുട്ടി, ആൺകഴുതക്കുട്ടി. ൭. ആകുലം, വ്യസനം, പശ്ചാത്താപം.

**അംബഷ്ഠ**-നാ. കറുമുഴിമുല്ല. അമ്മയെപ്പോലെ സ്ഥിതിചെയ്യുന്നതു എന്നു വ്യുൽപത്തി. ൨. പാട (വള്ളി). ൩. പുളിയാരൽ. ൪. അമ്പട്ടത്തി.

**അംബഷ്ഠൻ**-നാ. അമ്പട്ടൻ. ൨. ആനക്കാരൻ. ൩. വൈദ്യൻ. ൪. വൈശ്യസ്ത്രീയിൽ ബ്രാഹ്മണനു ജനിച്ചവൻ. ഇവന്റെ പ്രവൃത്തി ചികിത്സയാകുന്നു.

**അംബഷ്ഠകി**-പാട (വള്ളി).

**അംബഷ്ഠികാ**-ബ്രഹ്മി.

**അംബഷ്ഠി**-അമ്പട്ടത്തി.

**അംബഷ്ഠം**-അമ്പഴം.

**അംബാലിക**-നാ. വിചിത്രവീര്യന്റെ ഭാര്യ, കാശിരാജാവിന്റെ ഒരു പുത്രി, പാണ്ഡുവിന്റെ അമ്മ (അംബാലികയിൽ വ്യാസനാണ പാണ്ഡുജനിച്ചതു്). ൨. അംബാഡി.

**അംബിക**-നാ. പാർവ്വതി. ജഗന്മാതാവ്, ലോകമാതാവ് എന്നു ശബ്ദാർത്ഥം. ൨. ധൃതരാഷ്ട്രരുടെ അമ്മ.

'അംബികാപാർവ്വതീമാത്രോർ
ധൃതരാഷ്ട്രനൃമാതരി'
എന്നു മേദിനി.

**അംബായു**-അമ്മ.

**അംബികേയൻ**-നാ. ഗണേശൻ. ൨. സുബ്രഹ്മണ്യൻ. അംബികയായ പാർവ്വതിയിൽ ജനിച്ചതുകൊണ്ടു് ഈ പേർ സി

ധിച്ചു ന. ധൃതരാഷ്ട്രർ. അംബിക എന്ന കാശിരാജപുത്രിയിൽ ഉണ്ടായതുകൊണ്ട് ഈ പേർവന്നു.

അംബു-പ്ര. ജലം, ഒഴുകുമ്പോൾ ശബ്ദിക്കുന്നതിനാൽ ഈ പേരുണ്ടായി. വ. ഇരുവേലി (രി).

'നാംബുപാനമശക്ത്യാവാ
സ്വല്പമല്പാഗ്നിഗുന്മിഭിഃ
പാണ്ഡ്വുദരാതിസാരാർശോ
ഗ്രഹണീരോഗശോഫിഭിഃ
സമസ്ഥലകൃശാഭുക്ത
മദ്ധ്യാന്തപ്രഥമാംബുവാം'

[മന്ദാഗ്നിയുള്ളവൻ, ഗുന്മമുള്ളവൻ, പാണ്ഡുരോഗി, മഹോദരമുള്ളവൻ, അതിസാരമുള്ളവൻ, അർശസ്സുള്ളവൻ, ഗ്രഹണിദോഷമുള്ളവൻ, വീക്കമുള്ളവൻ ഇവർ വെള്ളം കുടിക്കരുത്. തീരെ സഹിക്കാവല്ലെങ്കിൽ കാച്ചി കുടിക്കണം. രോഗമില്ലാത്തവനായാലും ശരത് ഗ്രീഷ്മം രണ്ടിനെയുംഒഴിച്ചു ശേഷമുള്ള കാലങ്ങളിൽ ജലം കാച്ചി കുടിക്കണം. ശരൽഗ്രീഷ്മങ്ങളിൽ ഇഷ്ടംപോലെ കുടിക്കാം. ഭക്ഷണമദ്ധ്യത്തിൽ വെള്ളം കുടിച്ചാൽ ശരീരം വളരെ തടിക്കുകയും വളരെ മെലിയുകയും ഇല്ല. സമശരീരനായി ഭവിക്കും. ഭക്ഷണത്തിന്റെ ഒടുവിൽ ജലപാനം ചെയ്താൽ ദേഹം തടിക്കും. ഭക്ഷണത്തിന്റെ ആദിയിൽ വെള്ളം കുടിച്ചാൽ ദേഹം മെലിയും. അതിനാൽ ഭക്ഷണമദ്ധ്യത്തിൽ ജലപാനം ചെയ്യുന്നു.

അംബുകണം-വെള്ളത്തുള്ളി.

അംബുകണ്ടകം-പ്ര. മുതല. വ. വൻകോട്ട.

അംബുകന്ദാകര-ഉറവകഴി.

അംബുകം-കൊന്നമന്ദാരം, ചെമന്ദാരം, വെള്ളെരുക്ക്, ഇലഞ്ഞി.

അംബുകിരാതം-മുതല.

അംബുകൂർമ്മം, അംബുകീശം-മുതലയോടു തുല്യാകൃതിയായ ജന്തുവിന്റെ പേർ (ശിംശുമാരം), നീക്കരഞ്ഞ്, നീർമുതല, കടലാന, ചീങ്കണ്ണി.

അംബുകുക്കുടം-നീർകോഴി.

അംബുചാമരം-കരിമ്പായൽ.

അംബുജ-വി. ജലത്തിൽ ഉണ്ടായ.

അംബുജൻ-ചന്ദ്രൻ.

അംബുജന്മാ-പ്ര. ചന്ദ്രൻ. വ. താമര. ന. വണ്ടാരംകോഴി. ര. ശംഖ്, ചിപ്പി.

അംബുജബന്ധു-സൂര്യൻ.

അംബുജം-പ്ര. താമര. ജലത്തിലുണ്ടായത് എന്നു ശബ്ദാർത്ഥം. വ. നീർകടമ്പ്. ന. ആറുവഞ്ഞിയുടെ വകഭേദം. ര. ശംഖ്, ചിപ്പി.

അംബുജശരൻ-കാമദേവൻ.

അംബുജാക്ഷ-വി. താമരപ്പൂപോലെ കണ്ണുള്ള, സൌന്ദര്യമുള്ള.

അംബുജാക്ഷൻ-വിഷ്ണു.

അംബുജാസനൻ-ബ്രഹ്മാവ്.

അംബുജാസന-ലക്ഷ്മി.

അംബുജാവാസൻ-ബ്രഹ്മാവ്.

അംബുജേക്ഷണ-വി. താമരപ്പൂപോലെ കണ്ണുള്ള.

അംബുജാതഭവൻ-ബ്രഹ്മാവ്.

അംബുതസ്കരൻ-സൂര്യൻ. തന്റെ രശ്മി ജലത്തെ കട്ടുകളയുന്നതിനാൽ ഈ പേരുണ്ടായി.

അംബുതാലം-കരിംപായൽ.

അംബുദ-വി. ജലത്തെ കൊടുക്കുന്ന.

അംബുദം-പ്ര. മുത്തങ്ങ. വ. മേഘം.

അംബുദാഹ്വയം-മുത്തങ്ങ.

അംബുധരം-പ്ര. മുത്തങ്ങ. വ. മേഘം.

അംബുധി-സമുദ്രം.

അംബുധിപ്രസവാ-കറ്റവാഴ.

അംബുധിസ്രവാ-കറ്റവാഴ.

അംബുനാമാ-ഇരുവേലി.

അംബുനിധി-കടൽ.

അംബുപനസം-അയിനി.

അംബുപ്രസാദം-തേററമരം.

അംബുപ്രസാദനം-തേററാമ്പരൽ.

അംബുഭൂഷണൻ-വരുണൻ.

അംബുഭൃത്ത്-മേഘം ജലത്തെ ഭരിക്കുന്നതു് എന്നു ശബ്ദാർത്ഥം. സമുദ്രമെന്നും പറയുന്നു.

അംബുരാശി-സമുദ്രം.

അംബുരാജൻ-വരുണൻ, സമുദ്രം.

അംബുരുഹം-താമര. അംബുവിൽ (ജലത്തിൽ) രുഹിക്കുന്നതു (മുളയ്ക്കുന്നതു)

അംബുരുഹി-പു. വണ്ടാരംകോഴി. ന. താമര.

അംബുവല്ലികാ-പാവൽ (വലുതു്).

അംബുവാഹം-പു. മേഘം. വ. ജലത്തെ ചുമക്കുന്നതു്.

'അംബുവാഹങ്ങൾകേശംശിരസ്സുവിധാം
(ഭാഗവതം) [താവും'

അംബുവേതസം-ആററുവഞ്ചി(മരം).

അംബുസരണം-ജലത്തിന്റെ ഒഴുക്ക്.

അംബുസാരം-വാഴ

അംബുസർപ്പിക-മുത്തുച്ചിപ്പി.

അംബൂകൃതം-വായിലെ വെള്ളം തെറിക്കത്തക്കവണ്ണം പറക. അംബു ഇല്ലാത്തതിനെ അംബു ഉള്ളതാക്കിച്ചെയ്തതു് അംബൂകൃതം.

അംഭസ്സ്-പു. ജലം. ഗമിക്കുന്നതു്, ഒലിച്ചുചെല്ലുന്നതു് എന്നു വ്യുൽപത്തി വ. ഇതാവലി.

അംഭസ്സംഭ്രമം-നീർച്ചുഴ.

അംഭസ്സാരം-മുത്തു്.

അംഭാരവം-കാളയെപ്പോലെ മുക്കറയിടുക, അലച്ച്.

അംഭോജ-വി ജലത്തിൽനിന്നുണ്ടായ.

അംഭോജം-പു. താമര. വ. ശംഖ്. ന. വണ്ടാരംകോഴി. ര. കർപ്പൂരം

അംഭോജൻ-ചന്ദ്രൻ.

അംഭോജബാണൻ-കാമദേവൻ. അംഭോജം (താമരപ്പൂവ്) ബാണം (ശരം) ആയിട്ടുള്ളവൻ.

അംഭോജയോനി-ബ്രഹ്മാവ്. അംഭോജം (താമരപ്പൂവ്) യോനി (ജനനസ്ഥാനം) ആയിട്ടുള്ളവൻ.

'അംഭോജയോനിക്കുമറിവില്ലനമ്മളിൽ'
(കാളിയമർദ്ദനം തുള്ളൽ)

അംഭോജിനി-താമരപ്പൊയ്ക.

അംഭോദം-പു. മേഘം. വ. മുത്തങ്ങ.

അംഭോധരം-പു. മേഘം. വ. മുത്തങ്ങ. ന. കടൽ.

അംഭോധി-സമുദ്രം.

അംഭോധികന്യ-ലക്ഷ്മി.

അംഭോധിനാഥൻ-വരുണൻ

അംഭോധിപാനം-അധികമായ ജലപാനം.

അംഭോധിവല്ലഭം-പവിഴം.

അംഭോധിശായി- വിഷ്ണു. പാൽക്കടലിൽ കിടക്കുന്നവൻ എന്നർത്ഥം

അംഭോനിധി-സമുദ്രം

അംഭോരാശി-സമുദ്രം.

അംഭോരുഹം-പു. താമര. അംഭസ്സിൽ (ജലത്തിൽ) രുഹം (ഉണ്ടായതു്). വ. വണ്ടാരംകോഴി.

അമ്മ-പു. മാതാവ്.

'ജനയിത്രീപ്രസൂർമ്മാതാജനനീ'(അമരം)

[ജനയിത്രി, പ്രസൂ, മാതാവ്, ജനനി-, അമ്മയുടെ പേർ. അടിയോൽ എന്നു നോക്കുക ]

വ. സ്ത്രീകളെ ബഹുമാനിച്ചു പറയുന്ന വാക്ക്.

അമ്മക്കള്ളൻ-വലിയകള്ളൻ.

അമ്മച്ചി-പു. അമ്മ. വ. വയസ്സായസ്ത്രീകളെയും രാജാക്കന്മാരുടെ ഭാര്യമാരെയും ബഹുമാനിച്ചു പറയുന്ന വാക്ക്.

അമ്മച്ഛൻ-അമ്മയുടെ അച്ഛൻ.

അമ്മയകം-ബ്രാഹ്മണസ്ത്രീയുടെ തറവാട്.

അമ്മയച്ഛന്മാർ-അമ്മയും അച്ഛനും.
'മാതാപിതരൌ പിതരൌ മാതരപിതരൌ
പ്രസൂജനയിതാരൌ' (അമരം)
[മാതാപിതാക്കന്മാർ, പിതാക്കന്മാർ, മാതരപിതാക്കന്മാർ, പ്രസൂജനയിതാക്കന്മാർ ഇവ ൪-ം, അച്ഛനും അമ്മയും കൂടിയുള്ള പേർ.]

അമ്മയം-അപ്പിന്റെ (വെള്ളത്തിന്റെ) വികാരം. (പര്യായം-ആപ്യം) വെള്ളമുള്ള, ജലമയമായി പദാർത്ഥമെന്നും അറിയപ്പെടുന്നത്. (അപ് + മയം = അമ്മയം.)

അമ്മമ്മ-൧. അമ്മയുടെ അമ്മ. ൨. ദുഃഖമോ വലിയ സംശയമോ അത്ഭുതമോ വരുമ്പോഴും 'അമ്മമ്മോ' എന്നു വിളിക്കാറുണ്ട്.

അമ്മരം-വക്ഷളത്തം, അസഭ്യവാക്ക്.

അമ്മരക്കാരൻ-അസഭ്യം പറയുന്നവൻ.

അമ്മയാർ-ആയിമ്മ, ബ്രാഹ്മണരുടെ സ്ത്രീ.

അമ്മവീട്-രാജാക്കന്മാരുടെ ഭാര്യവീട്.

അമ്മശാസ്ത്രം-ഐതിഹ്യം, പഴഞ്ചൊല്ല്.

അമ്മാണിയമ്മാണി, അമ്മാണിഉമ്മാണി-അല്പവൃത്തി, കാച്ച്, അങ്ങിനെ, ഇങ്ങിനെ.

അമ്മാത്ത്-അമ്മയുടെ ഉടപ്പിറന്നവന്റെ വീട്.

അമ്മാത്തുമുത്തച്ഛൻ-അമ്മയുടെ പിതാവ്. (പര്യായം-മാതാമഹൻ.)

അമ്മാത്തുമുത്തശ്ശി-അമ്മയുടെ അമ്മ.

അമ്മാൻ-അമ്മാവൻ, അമ്മാനപ്പൻ, അമ്മായപ്പൻ, അച്ഛന്റെ സഹോദരൻ.

അമ്മാനക്കാ-അമ്മാനം എറിഞ്ഞു കളിക്കുന്നതിന് മാടമ്പിമാരും മറ്റും കായോ ഉണ്ടാക്കിയ ഉരുണ്ടവസ്തു.

അമ്മാനപ്പാട്ട്-കേരളത്തിൽ പുരാതനമായി അമ്മാനക്കളിക്ക് ഉപയോഗിച്ചുവരുന്ന ഒരു പാട്ട്.

അമ്മാനം-ഒരുവക കളി, അമ്മാനയാട്ടം.

അമ്മാനയാട്ടക്കാരൻ-അമ്മാനം കളിക്കുന്നവൻ.

അമ്മാനക്കളി-അമ്മാനക്കായോടുകൂട്ട് എറിഞ്ഞു പിടിച്ചുകളിക്കുന്ന ഒരു വിനോദം.

അമ്മാമ(വ)ൻ-അമ്മയുടെ താഴെയും മേലെയുമുള്ള സഹോദരൻ. (ഭാര്യയുടെ അച്ഛനേയും ഇങ്ങിനെ വിളിക്കാറുണ്ട്. ചില സ്ഥലങ്ങളിൽ അമ്മോൻ, അമ്മോമൻ എന്നും വിളിച്ചുവരുന്നു
'മാതുർഭ്രാതാ തു മാതുലഃ' (അമരം)
ഭ്രാതൃശബ്ദം ജ്യേഷ്ഠനേയും അനുജനേയും കുറിക്കുന്നു.

അമ്മായിപ്പഞ്ചതന്ത്രം-ഒരു പുസ്തകത്തിന്റെ പേർ.

അമ്മായി, അമ്മാവി-അമ്മാമന്റെ ഭാര്യ.
'മാതുലാനീ തു മാതുലീ' (അമരം)
[മാതുലാനീ, മാതുലി ൨-ം, അമ്മായിയുടെ പേർ.]
ഭർത്താവിന്റെ അമ്മയേയും ഭാര്യയുടെ അമ്മയേയും ഇങ്ങിനെ വിളിക്കാറുണ്ട്. ഭാര്യയുടെ അമ്മയെ അമ്മാമി, അമ്മായിയമ്മ എന്നും വിളിച്ചുവരുന്നു.

അമ്മായിശാസ്ത്രം-പഴയ പെണ്ണുങ്ങളുടെ ശാസ്ത്രം, അന്ധവിശ്വാസത്തെ പ്രകടിപ്പിക്കുന്ന പഴഞ്ചൊ.

അമ്മാശി-സാമൂതിരി ജയിച്ച ഒരു രാജാക്കാർ.

അമ്മി-അരകല്ല്.

അമ്മിക്കുഴവി-അരകല്ലിന്മേൽ വെച്ചരയ്ക്കുന്ന ചെറിയ കല്ല്. അമ്മിക്കുട്ടി, അമ്മിപ്പിള്ള.

അമ്മിഞ്ഞി-മുല. സാധാരണ മുല കുടിക്കുന്ന കുട്ടികൾ മുലയ്ക്ക് അമ്മിഞ്ഞി

എന്നാണു പറയുക. കൎണ്ണാടകത്തിലും തുളുവിലും 'അമ്മണ്ണി' എന്നു പറയുന്നു.

അമ്മിഞ്ഞിതിന്നായ് കരഞ്ഞു കേഴുന്ന കണ്ണന്റെ
അമ്മയാകുന്നതൊന്നെന്നറിഞ്ഞീട്ടന്നീ'

(കൃഷ്ണലീല തുള്ളൽ)

അമ്മിട്ടം-കീഴ്ച്ചുണ്ടു. തമിഴിൽ 'നമട്ട'

അമ്മിണി-ഒരു സ്ത്രീയുടെ പേർ. വാത്സല്യംകൊണ്ടു അമ്മയും മക്കളും അന്യോന്യം വിളിക്കുന്ന പേർ. ഭാൎയ്യയേയും അമ്മയേയും മററും ചിലർ 'അമ്മണി' എന്നു വിളിക്കുന്നു.

അമ്മിപ്പിള്ള-അരകല്ലിന്മേൽ വെച്ചരയ്ക്കുന്ന ചെറിയ കല്ലു്, അമ്മിക്കുട്ടി.

അമ്മു-പ്ര. ഓമനപ്പേരു. ഉ. ഒരു സ്ത്രീയുടെ പേർ. ന. വ്യസനത്തിൽ പറയുന്ന ഒരു വാക്കു്.

അമ്മുക-അമുങ്ങുക.

അമ്മുണ്ണി-വടക്കേ മലയാളത്തിൽ ഈ പേർ സ്ത്രീകൾക്കാണു്. അമ്മുണ്ണി, കുഞ്ഞിക്കുട്ടി, മാതു എന്നീ മൂന്നു പേരുകളും ചില ദിക്കിൽ പുരുഷന്മാൎക്കും മററ ചില ദിക്കിൽ സ്ത്രീകൾക്കും ധാരാളം ഉപയോഗിച്ചുവരുന്നുണ്ടു്.

അമ്മുമ്മ-പ്ര. അമ്മയുടെ അമ്മ. ഉ. വയസ്സധികംചെന്ന സ്ത്രീകളെ ബഹുമാനിച്ചു പറയുന്ന വാക്കു്.

അമ്മുമ്മത്തള്ള-അമ്മുമ്മ.

അമ്മേ-ആശ്ചൎയ്യം, പേടി, വ്യസനം എന്നിവയുണ്ടാകുമ്പോൾ പറയുന്ന ഒരു വാക്കു.

അമ്മോച്ചൻ-പ്ര. അമ്മാവൻ ഉ. സിംഹത്തെയോ കടുവായെയോ വിളിക്കുന്ന ഒരു കുറിവാക്കു് (ഭൂൎഭാഷ).

അമ്രം-മാവു്.

അമ്രാതകം-അമ്പഴം. അമ്ലരസത്തെ പ്രാപിച്ചുകൊണ്ടിരിക്കുന്നതു് എന്നു ശബ്ദാൎത്ഥം. ആമ്രാതകം (ആമ്രാതം) എന്ന പാഠം കൂറെക്കൂടി നന്നു്.

അമ്ല-വി. പുളിയുള്ള.

അമ്ലകാ-പ്ര. അയനിമരം ഉ. പുളിച്ചുതികട്ടൽ.

അമ്ലജനകം-ജീവധാരണവാഷ്പം, പ്രാണവായു.

അമ്ലപത്രകം-വെണ്ട.

അമ്ലപനസം-അയിനി.

അമ്ലപിത്തം-ഒരു രോഗം.

[ദഹനക്കേടു്, ക്ഷീണം, ഉന്മേഷം, തേട്ടൽ, ശരീരത്തിനു കനം, ഹൃദയവും തൊണ്ടയും വരളുക, അരുചി ഇവ ലക്ഷണം.]

അമ്ലാ-പ്ര. പുളിപ്പു്, രോഗത്തെ ചെയ്യുന്നതു്, അരുചിയെ പോക്കുന്നതു് എന്നു ശബ്ദാൎത്ഥം. [അബ്ലം ഇതും പൎയ്യായന്തരം. തിന്നുമ്പോൾ പുളിപ്പു ഹേതുവായിട്ടു ശബ്ദം പുറപ്പെടുവിക്കുന്നു് എന്നു ശബ്ദാൎത്ഥം. ഉ. മോരു്. ന. ഞെരിഞ്ഞാംപുളി. ര. ചണ.

അമ്ലലോണി(ക), അമ്ലലോളികം, അമ്ലലോളി-പുളിയാരൽ.

അമ്ലവല്ക്കം-പുളിവേരിന്മേൽ തൊലി.

അമ്ലവേതസം-ഞെരിഞ്ഞാംപുളി. പുളിയുള്ളതായി വെള്ളത്തിനരികെ തൂങ്ങിനില്ക്കുന്നതു് എന്നു ശബ്ദാൎത്ഥം.

അമ്ലസാരം-പ്ര. കാടി. ഉ. ഞെരിഞ്ഞാംപുളി. ന. വടുകപ്പുളി നാരകം. ര. ഇരന്തപ്പന.

അമ്ലാ-പ്ര. ഇഞ്ച. ഉ. കോല്പുളി. ന. പുളിഞ്ചി. ര. പുളിയാരൽ.

അമ്ലാദ്ധ്യൂഷിതം-ഒരു നേത്രരോഗം.

[കണ്ണിന്റെ നടുവു് കരുവാളിച്ചും ചെമന്നുമിരിക്കും. കണ്ണുമുഴുവൻ പഴുക്കും. ചുട്ടും വീക്കവും കാണും. കണ്ണുനീരും ഉണ്ടായിരിക്കും ഇവ ലക്ഷണം.]

അമ്ലാന-വി. മ്ലാനം (വാടിയതു്) അല്ലാത്ത, തെളിവുള്ള.

അമ്ലാനാ-വാടാക്കുറിഞ്ഞി. എളുപ്പം വാടാത്ത പൂവുള്ളതു് എന്നു ശബ്ദാൎത്ഥം.

അല്ലിക-പുളിമരം. പുളിരസമുള്ളതു് എന്നർത്ഥം. 'അമ്ലകം' എന്നും പാഠമുണ്ടു്.

അയ-(ധാതു) മുറുകാതിരിക്ക.

അയ-വല്ലതും (മുണ്ടോ മുട്ടപ്പോ മുറവല്ലതുമോ) ഇടുന്നതിനു കെട്ടുന്ന കയർ.

അയം-പ്ര. അനുകൂലദൈവത്തിന്റെ പേർ. സുകൃതിയെ (പുണ്യവാനെ) പ്രാപിക്കുന്നതു്. ഭാഗ്യം, ശുഭവിധി. വ. പോക്കു്, നീങ്ങൽ. ന. ചുക്കിണി, പകിട.

അയം-ഇവൻ. (സംസ്കൃതം പു. ഏ)

അയക്കൂറ്-ഒരു വക മത്സ്യം. (തമിഴിൽ അയം=ചളി, ജലം.)

അയക്കോൽ-മുണ്ടു മുതലായവ ഇടുന്നതിനു കെട്ടിയ വടി.

അയയ്ക്കുക-പ്ര. മുറുക്കമില്ലാതാക്കുക. വ. ആർദ്രമാക്കുക. ന. വിടുക. ഭ. കട്ടപ്പം കറവാക്കുക.

അയക്ഷ്മം-ആരോഗ്യം.

അയച്ചൽ - അയവു്, മുറുക്കമില്ലാത്ത സ്ഥിതി, വിടുതൽ.

അയജ്ഞക-വി. യാഗത്തിനു കൊള്ളരുതാത്ത.

അയഞ്ഞ-വി. പ്ര. ഉരുകിയ.

'വിലീനേ വിദ്രുതദ്രുതേ' (അമരം)

[വിലീനം, വിദ്രുതം, ദ്രുതം ന-ം ഉരുകിയതിന്റെ തന്നത്താൻ അയഞ്ഞതിന്റെ പേർ.]

വ. മുറുക്കമില്ലാതായ, കട്ടപ്പം കുറഞ്ഞ.

അയത-വി. അടക്കപ്പെടാത്ത.

അയൻ-അജൻ, ബ്രഹ്മാവു്. (പ. മ)

അയന്ത്രാ-ശത്രുക്കളെ കീഴടക്കുന്നതിനുള്ള ശക്തികൂടിയ ഒരു ആയുധം.

അയഥാ-വി. ഇരിക്കേണ്ടതുപോലെ ഇരിക്കാത്തതായ.

അയപ്പു-പ്ര. അയക്കുക. വ. അയവു്. ന. വിടുതൽ.

അയനം-പ്ര. സഞ്ചാരം, ഗതി. വ. മൂന്നു ഋതുക്കൾ കൂടിയ കാലം. അയ=ഗമിക്ക. സൂര്യൻ ഇതുകൊണ്ടു ഗമിക്കുന്നു.

അയനം രണ്ടു. പ്ര. ഉത്തരായണം. വ. ദക്ഷിണായനം. മാഘം മുതൽ ആഷാഢമാസം വരെ സൂര്യൻ ഉത്തരമായി പോകുന്നതിനാൽ ഉത്തരായണം എന്നും ശ്രാവണം മുതൽ പുഷ്യമാസം വരെ സൂര്യൻ ദക്ഷിണമായി ഗമിക്കുന്നതിനാൽ ദക്ഷിണായനമെന്നും പേർ.

ന. മാർഗ്ഗം, വഴി. ഗമിക്കപ്പെടുന്നതു് എന്നു ശബ്ദാർത്ഥം.

അയനി, അയനിഊണ്-വിവാഹമുഹൂർത്തത്തിനു അല്പം മുമ്പു് അതു സംബന്ധമായി കഴിക്കുന്ന ആഹാരം.

അയനിപ്പിലാവു് - അയനിമരം, ആഞ്ഞിലി.

'ലകുചോ ലികുചോ ഡഹുഃ' (അമരം)

[ലകുചം, ലികുചം, ഡഹു ഇവ ന-ം അയനിപ്പിലാവിന്റെ പേർ]

അയന്ത്രിത-വി. കീഴടക്കപ്പെടാത്ത.

അയന്ന-ക്ഷീണിച്ച.

അയമിത-വി. കീഴടക്കപ്പെടാത്ത.

അയമോദകം-ഓമം. തമിഴിൽ അയമോദകത്തിനു് ഓമം, കായച്ചുരക്കു്, കാശിച്ചുരക്കു്, കാച്ചുരക്കു് എന്നിങ്ങനെ പറയുന്നു. സംസ്കൃതത്തിൽ 'അജമോദാ' എന്ന പേർ ആട്ടിന്റെ ഗന്ധത്തോടു സദൃശമായ ഗന്ധമുള്ളതു്. ആടിനു സന്തോഷം ഉണ്ടാകുന്നതു.

'അജമോദാ തൂഗ്രഗന്ധാ ബ്രഹ്മദർഭാ
(അമരം) യവാനികാ'

[അജമോദ, ഉഗ്രഗന്ധ, ബ്രഹ്മദർഭ, യവാനിക ഇവ ൪. അജമോദകത്തിന്റെ പേർ ഇവയിൽ ആദ്യത്തെ രണ്ടും ഒരു വിധവും മറ്റു രണ്ടും വേറെ വിധവുമായ അയമോദകമാണെന്നു അഭിപ്രായക്കാരുണ്ടു്. കാരാണി (ആശ്യ)

എന്നു വേറൊരു പക്ഷം. ഇതു വയറുവേദന, കഫവാതരോഗങ്ങൾ, കൃമിരോഗം, ഇക്കിൾ, അഗ്നിമാന്ദ്യം, അരോചകം, മഹോദരം, ജ്വരം, മേൽവയറുവീപ്പ്, ഗ്രഹണി ഇവയെ ഇല്ലാതാക്കും. നന്നാലൊംപനിക്കു വളരെ നന്ന്.]

അയയുക-൧. മുറുക്കം കുറയുക. ൨. ആർദ്രമാവുക.

അയക്കുക-൧. മൂർച്ഛിക്കുക, മറക്കുക. ൨. തളരുക, ൩. നിന്ദയോടു സംസാരിക്കുക. ൪. ഇടയുക. ൫. വെറുത്തു പറയുക.
'പഴുതേതന്നെനിന്നോടയത്തുഞാൻ'
(സന്താനഗോപാലം പാന)

അയർത്തി, അയപ്പ്-൧. മൂർച്ഛ, മോഹാലസ്യം. ൨. മറവി. ൩. ഇടച്ചൽ. ൪. നിന്ദിച്ചുള്ള സംസാരം. ൫. കോപം.

അയപ്പിക്കുക-കോപമുണ്ടാക്കുക.

അയൽ-വി. സമീപമുള്ള, അടുക്കലുള്ള.

അയൽ-അയ (വല്ലതും ഇടുന്നതിനു കെട്ടുന്ന കയർ) വടക്കൻപ്രയോഗം.

അയൽ-സമീപം, അടുക്കൽ.

അയല-ഒരുവക മത്സ്യം.

അയൽപക്കം-അടുത്തവീട്, സമീപമുള്ള ഭവനം.

അയൽപക്ഷം-അയൽപക്കം. പ്രയോഗം ചുരുക്കം.

അയവ്-മുറുക്കമില്ലാത്ത സ്ഥിതി, അയച്ചൽ.

അയലക്കം-അയൽപക്കം. അയൽപക്കം എന്നതു ലോപിച്ചു അയലക്കമായി. ഇതു് ഒരു വിലക്ഷണപദമാണ്.

അയവിറക്കുക-അയറുക. ആടു മുതലായ ചില ജന്തുക്കൾ തിന്നതിനെ കക്കി വീണ്ടും വായിലാക്കി ചവയ്ക്കുക, അയവെട്ടുക എന്നും പറയും.

അയവെട്ടുക-അയവിറക്കുക.

അയശ്ശലാകം-നേരെ തല്ലിനറുക്കിയ ഇരിമ്പ്.

അയസ്കൃതി-ഒരു മരുന്ന്. പ്രമേഹം, രക്തപിത്തം ഇവയ്ക്കു നന്ന്.

അയശസ്സ്-യശസ്സ് (കീർത്തി) കേട്, ദുഷ്കീർത്തി.

അയസ്കാണ്ഡം-൧. ഇരിമ്പമ്പ്, (ഇരിമ്പുകൊണ്ടുള്ള അമ്പ്). ൨. നല്ല ഇരിമ്പ്.

അയസ്കാന്തം-കാന്തക്കല്ല്. തമിഴിൽ-ഊചികാന്തം. ദഹനം, രുചി, ഗുന്മം, മേഹം ഇവയ്ക്കു നന്ന്.

അയസ്കാരൻ-കൊല്ലൻ.

അയസ്സ്-ഇരിമ്പ്, ഉരുക്ക്. ശല്യാദിരൂപം കൊണ്ടു പിളക്കുന്നതിനാൽ ഈ പേരുണ്ടായി.

അയാചിതം-ഇരക്കാത്തതു്.

അയാനം-വി. പോകാത്ത, ഇരക്കാത്ത.

അയാവക-വി. സ്വഭാവേന ചെമന്ന.

അയി-അ. അല്ലയോ, ഹേ. അനുനയത്തിങ്കൽ പ്രയോഗം.

അയിക്കരെനാട്ട-കുന്നത്തുനാടുതാലൂക്കിൽ ഒരു പകുതി.

അയിനി-അയിണിമരം. ഇതത്രെ ആഞ്ഞിലി. ഇതിന്റെ പഴം തിന്ദ്യമാണ്. സംസ്കൃതത്തിൽ-ലകുചം. തമിഴിൽ-ഈരപ്പല, ആചിനി.

അയിരാണിമുട്ടം-തിരുവനന്തപുരം താലൂക്കിൽ ഒരു പകുതി.

അയിരു, അയിരം-പഞ്ചലോഹമുള്ള കല്ലോ മണ്ണോ, ഇരിമ്പുണ്ടാക്കുന്ന ഒരുവക കല്ല്

അയിരാ[illegible]ട്ടു-൧. അലമ്പൽ, മനസ്സിന്റെ വ്യാകുലത. ൨. അനർത്ഥം.

അയിരി-വാഴപ്പോൾനാര, ഉണങ്ങിയ പുൽനാര.

അയിരുരുക്ക്-അയിര് ഉരുക്കി ഇരിമ്പാക്കുക.

അയിരൂപ്പാറ-തിരുവനന്തപുരം താലൂക്കിൽ ഒരു പകുതി.

അയിരൂര്-ചിറയിൻകീഴ്, തിരുവല്ലാ, ആലങ്ങാട്ട് ഈ മൂന്നു താലൂക്കുകളിലും ഈ പേരുള്ള ഓരോ പകുതിയുണ്ട്.

അയുക്ത-വി. യുക്തം (യോഗ്യം) അല്ലാത്ത, ചേരാത്ത.

'അത്രവലുതമ്മുടയ ശത്രുവാഴുന്നതു-
മെത്രയുമയുക്തതരമത്രേ നിനയ്ക്കിലെടോ'
(ദുര്യോധനവധം കഥകളി)

അയുക്തി-യുക്തി (ചേർച്ച) കേട്.

അയുഗ-വി. ഒററയായുള്ള. (യുഗം = ഇരട്ട).

അയുഗനേത്രൻ, അയുഗനയനൻ-ശിവൻ.

അയുഗബാണൻ-കാമദേവൻ.

അയുഗവിശിഖൻ-കാമദേവൻ.

'ശശവദനനയുഗശരചരവശതയാസമം'
(അദ്ധ്യാത്മരാമായണം)

അയുഗസപ്തി-സൂര്യൻ.

അയുഗള-വി. യുഗളം (ഇരട്ട) അല്ലാത്ത. ഒററയായ.

അയുഗൂ-ഒരു കുട്ടിയുള്ള സ്ത്രീ.

അയുഗ്മ-വി. ഒററയായുള്ള. യുഗ്മം (ഇരട്ട) അല്ലാത്ത.

അയുഗ്മനേത്രൻ, അയുഗ്മനയനൻ-ശിവൻ.

അയുഗ്മം-ന. ഒററ. ഉ. (വൃത്തശാസ്ത്രത്തിൽ) പദ്യത്തിൽ നാലു പാദങ്ങളും ഉള്ളതിൽ ഒന്നും മൂന്നും ചേർന്നതിന്റെ പേർ.

അയുഗ, അയുഗ്മ, അയുഗള ഈ പദങ്ങളോടു കണ്ണുള്ളവൻ എന്ന അർത്ഥം വരുന്ന നേത്രൻ, ലോചനൻ മുതലായ പദങ്ങളും ചേർന്നാൽ ശിവൻ എന്നും, അമ്പുള്ളവൻ എന്നർത്ഥം വരുന്ന ബാണൻ, ശരൻ മുതലായവ ചേർന്നാൽ കാമദേവൻ എന്നും അർത്ഥം വരും.

അയുജ-വി. ന. കൂട്ടില്ലാത്ത. ഉ. ഒററയായ, ന. പ്രത്യേകമായ.

അയുത-വി യുതം (ചേർന്നതു) അല്ലാത്ത, ചേരാത്ത.

അയുതൻ-ചന്ദ്രവംശത്തിൽ മഹാഭൌമൻ എന്ന രാജാവിനു സുമന്ത്രയിൽ ഉണ്ടായവൻ.

അയുതം-ന ചേർന്നല്ലാത്തതു. ഉ. പതിനായിരം

അയുതാദ്ധ്യാപകൻ-നല്ല വാദ്ധ്യാർ.

അയുധൻ-യോദ്ധാവല്ലാത്തവൻ, പോരാളി അല്ലാത്തവൻ.

അയേ-അ. സ്മരണം, വിചാരത്തെ ബോധിപ്പിക്കുന്നതു, ഹേ, അല്ലയോ.

അയോഗം-ന. വേർപാട്, പിരിവ്. ഉ. ന്യായമല്ലാത്ത ചേർച്ച

അയോഗൻ-ഭാര്യ മരിച്ചവൻ.

അയോഗു-കൊല്ലൻ.

അയോഗ്യ-വി. യോഗ്യം (ചേർച്ച) ഇല്ലാത്ത, യോഗ്യമല്ലാത്ത.

അയോഗ്രം, അയോഗ്രകം-ന. ഉലക്ക. തലയ്ക്കൽ ഇരുമ്പുകൊണ്ടു കെട്ടിയതു എന്നർത്ഥം. ഉ. ചുററുകല്ല്.

അയോഘനം-ഇരിമ്പടിക്കുന്ന കൂടം.

അയോജ്യത-ചേർച്ചയില്ലായ്ക.

അയോദ്ധ്യ-ഒരു നഗരം. പട്ടണം. യുദ്ധം ചെയ്യപ്പെടത്തക്കതല്ലാത്തതു എന്നു ശബ്ദാർത്ഥം.

ഇതു സൂര്യവംശരാജാക്കന്മാരുടെ രാജധാനിയാണ്. ഇപ്പോഴും ഇതിനു ഔഡ് (Oudh) എന്നു പേർ. ഈ സരയൂനദിയുടെ തീരത്തിലാണ് സ്ഥിതിചെയ്യുന്നതു. ഇതിനു ൪൮ മയിൽ നീളവും ൧൨ മയിൽ വീതിയുമുണ്ട്. ഇതിനു 'സാകേതം' എന്നും പേരുണ്ട്.

അയോനി-വി. ന. ജനനസ്ഥാനമില്ലാത്ത. ഉ. ശാശ്വതമായ. ന. ആദ്യന്തമില്ലാത്ത.

അയോനി-പ്ര. ബ്രഹ്മാവ് ഉ. ശിവൻ.

അയോനിജ-യോന്നിജം (പ്രസവിച്ചുണ്ടായതു്) അല്ലാത്ത.

അയോനിജ, അയോനിസംഭവ-സീത.

അയോനിജൻ-വിഷ്ണു.

അയോപാനം-നരകങ്ങളിൽ ഒന്നു്. ഇവിടെ ചെന്നകപ്പെടുന്നവരുടെ വായിൽ ഇരിമ്പു് ഉരുക്കി ഒഴിച്ചു് അവരെക്കൊണ്ടു കുടിപ്പിക്കും. അതുകൊണ്ടു് ഈ പേരുണ്ടായി.

അയോമയ-വി. ഇരിമ്പുകൊണ്ടുള്ള.

അയോമലം-ഇരിമ്പുകീടം.

അയോരജസ്സ്, അയോരസം-ഇരിമ്പുകീടം, ഉരുക്കുപൊടി.

അയഃപാത്രം-ഇരിമ്പുരുകട്ട്.

അയഃപിണ്ഡം-ഇരിമ്പുരുള.

അയ്യ-അ. പരിഹാസവാക്ക്, നിന്ദാവാക്ക്.

അയ്യൻ-പിതാവ്, പ്രഭു, യജമാനൻ. ബ്രാഹ്മണരുടെ നാമാധേയത്തോടു് ഈ പദം ചേൎക്കാറുണ്ടു്. ഉ-ം, രാമയ്യൻ, കൃഷ്ണയ്യൻ ഇത്യാദി.

അയ്യൻ, അയ്യപ്പൻ-ശാസ്താവ്.

അയ്യൻവഴി-ആറുമാത്തിരി നായന്മാരിൽ ബഹുമാനമുള്ള ഒന്നു്. (കുറിച്ചിനായാട്ട്).

അയ്യന്നി-ആണ്ടിൽ രണ്ടുതവണ വിളയുന്ന നിലം (വയൽ) മകരക്കണ്ടം.

അയ്യ-വി. ചീത്ത, കൊള്ളരുതാത്ത.

അയ്യം-പ്ര. ഭൈക്ഷം. ഉ. കൊള്ളരുതാത്തതു്. ന. യാചന ൪. ധൎമ്മം ൫. നിലവിളി. ൬. സംശയം.

അയ്യംവിളി-പ്ര. ഏലംവിളി. ഉ. നിലവിളി. ന. ഭയംകൊണ്ടുള്ള വിളി.

അയ്യയ്യേ-നിന്ദ, ആക്ഷേപം, പരിഹാസം ഇവയെ അറിയിക്കുന്നതു്.

അയ്യയ്യോ, അയ്യോ-സങ്കടത്തെയും ഭയത്തെയും അറിയിക്കുന്ന ഒരു പ്രധാന വ്യാക്ഷേപകം.

അയ്യായിരം-ഒരു സംഖ്യ (൫൦൦൦).

അര-(ധാതു) ഉരംചാന്ത പൊടിയുക.

അര-പ്ര. കടിപ്രദേശം, മദ്ധ്യം, നടുവ്, ഇട.

'കടോനാശ്രോണിഫലകം
കടിശ്രോണികകദ്മതി' (അമരം)

[കടം, ശ്രോണിഫലകം ഉ-ം അരയുടെ പേർ എന്നും കടം, ശ്രോണിഫലകം, കടി, ശ്രോണി, കകദ്മതി ഇവ ൫-ം അരയുടെ പേർ എന്നും രണ്ടുപക്ഷമുണ്ടു്. ഒടുവിലേ ന-ം കറകിന്റെ പേരെന്ന മറ്റൊരഭിപ്രായവും കാണുന്നു.]

ഉ. ഒന്നിൽ പകുതി.

[അരൻ-ഹരൻ പഴയമലയാളം. ശിവൻ എന്നൎത്ഥം.]

അരം-അ. കാലതാമസംകൂടാതെ, വേഗം, ഏററം.

അരം-പ്ര. രാകാനുള്ള ഒരായുധം ഉ. രഥചക്രം.

'ചാതരകരരചങ്ക്തിരൻവിവ-
രാൽബഹിഃപതയാലുഭിഃ'
(അഭിജ്ഞാനശാകുന്തളം)

ന. കട്ടിലിന്റെ കാൽ തുളച്ചു ചെലുത്തുന്ന മരം (എഴുക) കീലം. ൪. മൂല, കോണം, ൫. അല്ലി.

അരകല്ല്-അരയ്ക്കാനുള്ള കല്ല്.

അരക്ക്-പ്ര. കോലരക്ക്. ഉ. കറ, പശ. ന. മുന്തിരി. ൪. ചക്കരക്ക്.

'ലാക്ഷാരാക്ഷാജതുക്ലീബേ
യാവാലക്താദ്രുമാമയഃ'

[ലാക്ഷ, രാക്ഷ, ജതു, യാവം, അലക്തം, ദ്രുമാമയം ഇവ ൬-ം അരക്കിന്റെ പേർ. അരക്ക് എന്നതു തമിഴ്വാക്കാകുന്നു, കോലരക്ക വിശേഷം വ

ഷം, ഭ്രാന്ത്, മുറിവ്, നേത്രരോഗം ഇവയെ ശമിപ്പിക്കും. കേശത്തിനു വളരെ നന്ന് ]

അരക്കച്ച-അരയിൽ കെട്ടുന്ന ഒരുമാതിരി ശീലത്തുണ്ട് (വാറ്).

അരക്കൻ-പു. രാക്ഷസൻ.

'അരക്കന്മാരൊട്ടാനത്തു
കുരങ്ങന്മാരിവിടത്തിൽ'
(കുംഭകർണ്ണവധം തുള്ളൽ)

വി. പിശുക്കൻ, ലുബ്ധൻ. നാ. ചെമന്ന മുഖം.

അരക്കാട്ടുക-ചായം തേച്ച് മിനുക്കംവരുന്നതിനായി പെട്ടിയിലും മററും കോലരക്ക് ഉരുക്കി പുരട്ടുക.

അരയ്ക്കാണി-ഒന്നു നൂറററുപതായി ഭാഗിച്ചത് [illegible]-ൽ പു.

അരയ്ക്കാൽ-ഒന്ന് എട്ടായി ഭാഗിച്ചത്. വൃ-ൽ പു.

അരക്കിടുക-ചുളുക്കവരാതിരിക്കാൻ തോട, തോലി, കാപ്പ് മുതലായ ആഭരണങ്ങൾക്കകത്ത് അരക്ക് ഉരുക്കിഒഴിക്കുക.

അരക്കില്ലം-അരക്കുകൊണ്ടുണ്ടാക്കിയ ഗൃഹം, ജതുഗേഹം.

പാണ്ഡവന്മാരെ ചതിപ്പാൻ നൂററുവർ തീർപ്പിച്ചുകൊടുത്ത അരക്കില്ലം പുരാണപ്രസിദ്ധമാണ്. കൌരവപക്ഷത്തിലുള്ള പുരോചനൻ ആണ് ഇതു തീർപ്പിച്ചത്. ഈ കെട്ടിടത്തിൽ ചണം, ചെഞ്ചില്യം മുതലായ അഗ്നിദീപകമായ വസ്തുക്കൾ ധാരാളമുണ്ട്. നെയ്യ്, എണ്ണ, കൊഴുപ്പ്, അരക്ക് എന്നിവ മണ്ണിൽ കലർത്തി ചുമരുകളിലെല്ലാം കനത്തിൽ തേച്ചിരിക്കയാണ്. സമ്പ്രദായത്തിൽ പാണ്ഡവരെ അവിടെ താമസമാക്കി. കാര്യം മുഴുവൻ മനസ്സിലാക്കിയിരുന്ന ഭീമൻ ഒരു ദിവസം കൃഷ്ണപക്ഷത്തിൽ ചതുർദ്ദശിനാളിൽ രാത്രി പുരയ്ക്ക് തീവെച്ചു. എന്നാൽ വിദുരർ ചതിയുടെ വിവരം മുൻകൂട്ടി അറിഞ്ഞു പണിമദ്ധ്യേ ഒരു വിലംകുഴി തീർപ്പിച്ചിരുന്നു. അതുവഴി പാണ്ഡവർ രക്ഷയെ പ്രാപിച്ചു. തരംനോക്കി തീവെച്ചു പാണ്ഡവരെ നശിപ്പിക്കാമെന്നു സഭയെയും വാഗ്ദത്തം ചെയ്തു അനുകൂലശത്രുവായി താമസിച്ച പുരോചനന്റെ ക്രൂരകൃത്യം സാധിപ്പാൻ സർവ്വേശ്വരൻ സമ്മതിച്ചില്ല.

അരക്കുതിരി-മെഴുകുതിരി. ഇതു മുദ്രവെയ്ക്കാനുള്ളത്.

അരക്കുപാതം-അരക്കിന്റെ പാകം.

അരക്കുപാവ-അരക്കുകൊണ്ടുണ്ടാക്കിയ പാവ. ഇതിനു സംസ്കൃതത്തിൽ 'ജതൂഷം' എന്നു പേർ.

അരക്കുപ്രായം-അരയിലേക്കുള്ള ചട്ട.

അരക്കുഴൽ-അരയിൽ കെട്ടുന്ന ഒരാഭരണം. പൊന്നു മുതലായവകൊണ്ടു തീർക്കുന്നതാണ്.

അരക്കെട്ട്-പു. ഇട, മദ്ധ്യം, എളി. വി. കച്ചവാറ്.

അരക്തം-അരത്ത.

അരക്ഷണം-ക്ഷണത്തിൽ പകുതി, അടുത്ത ക്ഷണം, അധികം വേഗം

അരക്ഷിതം-രക്ഷിതം (രക്ഷിക്കപ്പെട്ടതു) അല്ലാത്തത്, രക്ഷിക്കപ്പെടാത്തത്.

അരഗൻ-ആരാൻ. Eel. ഒരു പക്ഷി.

അരഗ്വധം-കൊന്ന വൃക്ഷം. (ആരഗ്വധം എന്നുമുണ്ട്. മുഴുവൻ രോഗങ്ങളെയും കളയുന്നത് എന്നർത്ഥം).

അരഘട്ട-വെള്ളംകോരുന്ന ഒരു യന്ത്രം, ജലയന്ത്രം.

അരങ്ങ്-പു. കളികൾക്കുള്ള സ്ഥലം. വി. കളരി, നാ. സഭ. ഭ. പോർക്കളം. (രംഗം = അരങ്ങ്). ഉ. രംഗസ്ഥലം, ആ. പലവയെ കളിപ്പിക്കുന്നവർ മൂന്നു ഉണി.

അരങ്ങൽ-തിരകാറി. കരക്ക് ഇതിൽ കിടന്നു തിരിയുന്നു.

അരങ്ങഴിക്കുക-അവമാനിക്കുക.

അരങ്ങഴിച്ചൽ, അരങ്ങഴിവു-അപകീൎത്തി, അപവാദം, അനേകം ആളുകൾ അറിയത്തക്കവണ്ണമുള്ള പരിഹാസം.

അരങ്ങഴിയുക-അപമാനം സംഭവിച്ചു നടക്കുക.

അരങ്ങിടുക-ആരംഭിക്കുക.

അരങ്ങുക, അരക്കുക - നെല്ലുകുത്തി തൊലിക്കുക. വ. മുറിക്കുക. ഉ-ം, ഓല അരങ്ങുക, ചതക്കുക, ഞെരുക്കുക, മങ്ങിക്കുക.

അരങ്ങേറുക - ഒന്ന് അഭ്യസിച്ചതിന്റെ ശേഷം ആദ്യമായി അരങ്ങത്തു (സഭയിൽ) പ്രയോഗിക്കുക.

അരങ്ങേറ്റം, അരങ്ങേറ്റ്-ഒരഭ്യാസം ശീലിച്ചതിന്റെ ശേഷം ഒന്നാമതായി സഭയിൽ കാണിക്കുന്ന പ്രയോഗം.

അരചൻ-പ്ര. രാജാവ്. വ. പ്രഭു. തത്ഭവത്തിൽപെട്ട രാജാ എന്ന പ്രകൃതിയുടെ വികൃതി. അരചൻ ദുഷിച്ചു അരയൻ എന്നായി.

അരചിടുക-സ്ഥിരീകരിക്കു, സ്ഥാപിക്കു

അരചീനൻ- ചന്ദ്രവംശത്തിൽ ജയസേനന സുഷുവയിൽ ഉണ്ടായവൻ.

അരചു-പ്ര. രാജത്വം. വ. സന്മാൎഗ്ഗം, വിനയം. ന. അരയാൾ (അരചം എന്നും കാണുന്നു) മ. രാജാവ്. (പ-മ).

അരചുവാഴ്ച-രാജ്യഭാരം.

അരച്ചട്ട-പ്ര അരയിൽ ഇടുന്ന കുപ്പായം വ. കൊച്ചുചട്ട. (അരവരെ എത്തുന്നതു)

അരച്ചല്ലടം-അര മുതൽ മുട്ടുവരെയുള്ള ചെറിയ കുപ്പായം.

അരച്ചിപ്പുല്ല്-സംസ്കൃതത്തിൽ ശൎമ്മുത് ശൎമ്മുള്ള എന്നതു് അരച്ചിപ്പുല്ല് എന്നു ചിലരും, തിന എന്നു മററു ചിലരും അഭിപ്രായപ്പെടുന്നു.

അരച്ചരിക-കുഞ്ഞുങ്ങളുടെ അരയിലിടുന്ന ഒരാഭരണം.

അരഞാൺ, അരഞ്ഞാൺ-അരയിൽ കെട്ടുന്നതിനു പൊന്നു വെള്ളി എന്നിവ കൊണ്ടുണ്ടാക്കുന്ന ഒരാഭരണം. അപൂൎവ്വമായി 'അരഞ്ഞാൾ' എന്നും ചില സ്ഥലത്തു പറയുന്നു.

....മേഖലാകാഞ്ചിസപ്തകീരശനാസ്ത്രീ
ക്ലീബേസാരസനം ചാഥ...................

[മേഖല, കാഞ്ചി, സപ്തകി, രശന, സാരസനം-ഇവ ൫-ം, സ്ത്രീകൾ അരയിൽ ഉടുത്ത വസ്ത്രത്തിന്റെ മേൽഭാഗത്തു കെട്ടുന്ന അരഞ്ഞാണിന്റെ പേർ]

അരഞ്ഞിൽ-അഴിഞ്ഞിൽവൃക്ഷം.

അരട്-മരംകൊണ്ടുള്ള വണ്ടിയുടെ അച്ചു്. കടയാണി.

അരട്ടുക-ഭയപ്പെടുത്തുക.

അരൺ-പ്ര. കോട്ട. വ. അഴക്.

അരണ-ഇഴയുന്ന ഒരു ചെറിയ ജന്തു.

അരണം-പ്ര അനക്കം, പോക്ക്. വ. അഭയസ്ഥാനം.

അരണികം-കാട്ടുമുഞ്ഞ, മുഞ്ഞ.

അരണി-പ്ര. അഗ്നി. കടഞ്ഞെടുപ്പാനുള്ള മുട്ടി (മരത്തുണ്ട്) ഇതു രണ്ടുണ്ട്. ഒന്ന്, ഉത്തരാരണി, മററൊന്ന് അധരാരണി. 'അഗ്നി' ഇതിൽ നിന്നുത്ഭവിക്കുന്നതിനാൽ 'അരണി' എന്ന പേരുണ്ടായി. വ. കടലാടി. ന. കോട്ട. ഈ അൎത്ഥം ഇപ്പോൾ മലയാളത്തിൽ നടപ്പില്ല.

'അരണിയൽകിഴക്കിൻവാപികൾ'
(രാമചരിതം)

മ. മുഞ്ഞ. ൫ അരണകം.

അരതിക്ക- പ്രതികൂലമായിരിക്ക.

അരതിപ്പ്- ഇതിച്ചുകൂടാത്തതായിരിക്ക, ഇണക്കമില്ലാത്തതായിരിക്ക.

അരതികേതു-മുഞ്ഞ.

അരണിസുതൻ-ശുകൻ എന്ന മുനി. ഘൃതാചിയെ മോഹിച്ചുയാൽ വ്യാസന്റെ ബീജം അരണിയിൽ(വൃക്ഷത്തിൽ)

വീഴുകയും ശുക്രൻ ജനിക്കയുമുണ്ടായി. അതിനാൽ ഈ പേർ വന്നു.

അരണ്മന-കോട്ടമതിലുകളുള്ള മന, മുറപ്പുള്ള മന. ഈ ശബ്ദമാണ് 'അരമന' ആയത്.

അരണ്യം-കാട്, വനം. മൃഗകിരാതാദികളും നായാട്ടിനായി മററുള്ളവരും സഞ്ചരിക്കുന്ന സ്ഥലം എന്നർത്ഥം.

അരണ്യധാന്യം-നീവാരം, വരിനെല്ല്

അരണ്യമക്ഷിക-കാട്ടീച്ച.

അരണ്യരക്ഷകൻ - വനം സൂക്ഷിപ്പുകാരൻ.

അരണ്യരാജൻ-സിംഹം. കടുവാ എന്നും അഭിപ്രായം ഉണ്ട്.

അരണ്യശ്വാവ്-ചെന്നായ്.

അരണ്യാനി-വലിയ കാട്.

അരത-വി. തൃപ്തികേടുവരുത്തുന്ന, അസന്തുഷ്ടിയുള്ള.

അരതം - സംഗമില്ലായ്ക, സംഭോഗമില്ലായ്ക.

അരതി-ഉല്ലാസമില്ലായ്ക, സന്തോഷമില്ലായ്ക, ഇഷ്ടമില്ലായ്ക, കോപം.

അരത്ത-അങ്ങാടിമരുന്നുവകയിൽ ഒന്ന്. ഇതു ചെമന്നതും വെളുത്തതുമുണ്ട്. ചെമന്നതിനു ചിററരത്ത എന്നു പേർ. അതു് ഉഷ്ണമാണ്. കഫം, വിഷം, കാസം, മഹോദരം, ശോഫം, ആമദോഷം രക്തവാതം ഇവയെ കളയും. വെളുത്തതിനും ഈ ഗുണം തന്നെ. പക്ഷേ അല്പം കുറയും. അരത്ത എന്നതു തമിഴാണ്. സംസ്കൃതത്തിൽ രാസ്നം. പര്യായങ്ങൾ നാകുലി, സുരസാ രാസ്നാ, സുഗന്ധ, ഗന്ധനാകുലി, നകുലേഷ്ട, ഭുജംഗാക്ഷി, ഛത്രാകി, സുവഹ. ഏലാപർണ്ണി, സുവഹ, രാസ്ന, യുക്തരസ ഇവർ-ചിററരത്തയുടെ പേരാണ് അരത്തയുടെ പേരെന്നും അഭിപ്രായങ്ങൾ കാണുന്നു. ഏലാപർണ്ണി യുക്തരസ ഇവ ര-ം അരത്തയുടേയും സുവഹ, രാസ്ന ഇവ ര-ം അരത്തയുടേയും ചിററരത്തയുടേയും പേരെന്നു ഔഷധിനിഘണ്ടു പറയുന്നു.

അരത്തം-കുരുതി. മഞ്ഞളും ചുണ്ണാമ്പും കൂട്ടിച്ചേർത്തു കലക്കിയ ജലം. രക്തം എന്ന പദമാണ് അരത്തം എന്നായത്.

അരത്താലി-കുട്ടികളുടെ അരയിൽ കെട്ടുന്ന താലി (ഒരാഭരണം).

അരദ-വി. പ്ര. പല്ലില്ലാത്ത. ര. പല്ലടന്നുപോയ.

അരദേശി-പരദേശി.

അരത്നി-പ്ര. കൈമുട്ടുമുതൽ ചെറുവിരലിന്റെ അററംവരെയുള്ള ഭാഗം, ചെറുവിരൽമാത്രം നിവർത്തി മററ വിരലെല്ലാം മടക്കിപ്പിടിച്ച മുഷ്ടിയോടുകൂടിയ ഹസ്തം. (രത്നി അല്ലാത്തതു് അരത്നി. രത്നി കല്പവടക്കാർ ഇതുകൊണ്ടു രമിക്കുന്നതിനാൽ ഈ പേർ വന്നു) ര. മുഴം കൈ, കൈയുടെ മുട്ട്. ചിലപ്പോൾ മുഷ്ടി എന്നും പറയുന്നു. ന. ബാഹു, ഭുജം(അരത്നി എന്നതുകൂടാതെ അരത്നം എന്നും അപൂർവം കാണുന്നു.)

അരൻ-ശിവൻ, ഹരൻ.

അരന്ധുഷ-വി. ഉറക്കെ ശബ്ദിക്കുന്ന.

അരപ്പടം-അരക്കച്ച.

അരപ്പട്ട-പട്ടയിടുന്നവർ ഉറപ്പിനുവേണ്ടി മദ്ധ്യത്തിൽ കെട്ടുന്ന പട്ടയുടെ പേർ. സാരസനം, അധികാംഗം ഇവ രണ്ടും പര്യായങ്ങൾ. 'അധികാംഗം' എന്ന ശബ്ദം നോക്കുക.

അരപ്പ്-അരവ്, അരയ്ക്കുക.

അരം-പ്ര. രാകുന്നതിനു സാധനം. ര. മൂർച്ച. ന. (വണ്ടിയുരുളിന്റെയും മററും)കീലം, ആരക.

അരമ-൧. ഒന്നിനെ നാല്പതായിട്ടു ഭാഗിച്ചതു്. ൪൦-ൽ ൧. ൨. സാക്ഷ. അരമയ്ക്ക (സാക്ഷയ്ക്ക്) പര്യായം അഗ്ഗളം.

അരമ-വി. താഴ്ന്ന, ഹീനമായ, നീചമായ.

അരമണ, അരമമാണ-വി. ൧. സന്തോഷമില്ലാത്ത. ൨. ഒഴിയാത്ത, ഇടവിടാത്ത.

അരമണി-൧. കുഞ്ഞുങ്ങളുടെ അരയിൽ അണിയുന്ന ഒരാഭരണം. ൨. രമണിഅല്ലാത്തവൾ. ആലിംഗനചുംബനാദികളെക്കൊണ്ടു പുരുഷനെ രമിപ്പിക്കുന്നവളെ 'രമണി' എന്നു പറയുന്നു.

അരമതി-൧. കാന്തി. ൨. ആഡംബരം. ൩. അനുസരണം.

അരമതി-വി. ചൊടിപ്പുള്ള.

അരമൻ-വളരാത്ത ധാന്യം.

അരമന-൧. കൊട്ടാരം. അരണ്മന എന്നതാണ് അരമനയായതു് (അരണ്മന നോക്കുക.)

'അരമനസദനത്തിൽഭാഗ്യസന്താനവല്ലീ
അരമനവഴിയേചെന്നുത്തുതന്ത്രീവിലാസെ'
(ശ്രീമദ്വിശാഖരാജവിജയം)

'സൌധോസ്ത്രീരാജസദനം' (അമരം)

[സൌധം, രാജസദനം ൨-ം, അരമനയുടെ പേർ.]

൨. ന്യായസ്ഥലം.

അരമാനം-അര.

അരമാൾ-അരക്കൂട്ടു്, ഇമി.

അരയന്നം-ഒരുവക പക്ഷി.

'ഹംസാസ്തുശ്വേതഗരുത
ശ്ചക്രാംഗാമാനസൌകസഃ'
(അമരം)

[ഹംസം, ശ്വേതഗരുത്തു്, ചക്രാംഗം, മാനസൌകസ്സ് ഇവ ൪-ം, അരയന്നത്തിന്റെ പേർ (കാദംബം, കളഹംസം ൨-ം, കാമന്നത്തിന്റെ പേർ. കൊക്കും കാലും ചെമന്നും ബാക്കി മുഴുവൻ വെളുത്തും ഇരിക്കുന്ന ഹംസങ്ങൾക്കു 'രാജഹംസങ്ങൾ' എന്നു പേർ. ചിറകും ധൂമ്രനിറമുള്ള കൊക്കും കാലുമുള്ളവയും ശേഷമത്രയും വെളുപ്പോടു കൂടിയവയുമായ ഹംസങ്ങൾക്കു 'മല്ലികങ്ങൾ' എന്നു പേർ. കൊക്കും കാലും കറുത്തും ശരീരം വെളുത്തുമുള്ള അരയന്നങ്ങൾക്കു 'ധാർത്തരാഷ്ട്രങ്ങൾ' എന്നു പേർ. അരയന്നപ്പിടക്കു വരട എന്നു പറയുന്നു]

അരയൻ-൧. മുക്കുവന്മാരുടെ പ്രധാനി, മരക്കാന്മാരുടെ പ്രമാണി. ൨. തെക്കോട്ടുള്ള ഒരുവക മുക്കുവവർഗ്ഗം. കടലരയന്മാരിൽ പ്രധാനി. 'ചെമ്പിൽ അരയൻ. ൩. മലയരിൽ ഒരു ഇനം. സ്ത്രീലിംഗം—അരയി.

അരയാൽ-ഒരു വൃക്ഷം, അരശുമരം. അരശുവൃക്ഷം. തമിഴിൽ അരചമരം. സംസ്കൃതത്തിൽ അശ്വത്ഥം.

'ബോധിദ്രുമശ്ചലദലഃപിപ്പലഃകുഞ്ജരാശനഃ
അശ്വത്ഥേഥ .......' (അമരം)

[ബോധിദ്രുമം, ചലദലം, പിപ്പലം, കുഞ്ജരാശനം, അശ്വത്ഥം ഇവ ൫-ം, അരയാലിന്റെ പേർ. അരയാലിന്റെ രസം മധുരകഷായവും വീര്യം ശീതവുമാണ്. ഇതു ചുട്ടുനീറൽ, രക്തദോഷം, കഫപിത്തങ്ങൾ ഇവയെ കളയും. ഇതു കൊണ്ടുള്ള കഷായം യോനിദോഷത്തെ എളുപ്പം ശമിപ്പിക്കും. അരയാൽ കാശ്യ അശ്വത്ഥം എന്നാചർ. 'എല്ലാവൃക്ഷങ്ങളിലും വെച്ചു് അശ്വത്ഥവൃക്ഷം ഞാനാകുന്നു' എന്നു ഭഗവദ്വാക്യമുള്ളതിനാൽ വൃക്ഷങ്ങളിൽ ശ്രേഷ്ഠം അശ്വത്ഥമാകുന്നു. ഇതു് വൃക്ഷജാതിയിൽ ബ്രാഹ്മണനും ജ്ഞാനിയുമാണ്.]

അരയുകാരം-(വ്യാകരണത്തിൽ) ഉകാരം രണ്ടുപ്രകാരം ഉള്ളതിൽ ഒന്ന്. പല്ല്, നാട്ട് എന്നിവയെപ്പോലെ അന്ത്യ

മായി ഒരു ഉരുവലിവോടുകൂടി ഉച്ചരിക്കുന്നതു്. ഇതിനു സംവൃതം എന്നു പേർ.

**അരയ്ക്കുക**-തേയ്ക്കുക, അമ്മിയിൽ വല്ലതും വെച്ചിട്ട് അതിന്റെ കുഴവികൊണ്ടു് അങ്ങോട്ടും ഇങ്ങോട്ടും ഉരുട്ടി നേർമ്മവരുത്തുക.

**അരരം**-വാതിൽ. അങ്ങോട്ടും ഇങ്ങോട്ടും വന്നുപോയിക്കൊണ്ടിരിക്കുന്നതു്.

'അരരംതിറവല്ലാമേ! ദ്രുത-
മടച്ചിടത്തിഹമനംതെളിഞ്ഞുനീ'
(വാതിൽതിറപ്പാട്ട്)

**അരരി**-വാതിൽ.

**അരവു്**-അരയ്ക്കുക, അരപ്പു്.

**അരവ**-വി. രവം (ഒച്ച) ഇല്ലാത്ത.

**അരവം**-പു. പാമ്പു്. വ. ശബ്ദമില്ലായ്ക.

**അരവാശി**-അംശം, പാതി.

**അരവിന്ദനാഭൻ, അരവിന്ദനാഭി**-വിഷ്ണു. നാഭിയിൽ അരവിന്ദം (താമര) ഉള്ളവൻ.

**അരവിന്ദം**-താമരപ്പൂവു്. അല്ലികൾ ഉള്ളതു്, മൂർച്ചയുള്ള ഇലകൾ ഉള്ളതു്, ചക്രാംഗതുല്യങ്ങളായ ഇതളുകൾ ഉള്ളതു്, വേഗത്തിൽ ആഗ്രഹത്തെ ഉണ്ടാക്കുന്നതു് എന്നിങ്ങിനെ ശബ്ദാർത്ഥം.

**അരവിന്ദാക്ഷൻ**-പു. വിഷ്ണു. വ. താമരപ്പൂപോലെ കണ്ണുള്ളവൻ. ന. സുന്ദരൻ.

**അരവിന്ദാക്ഷി**-പു. ലക്ഷ്മി. വ. താമരപ്പൂപോലെ കണ്ണുള്ളവൾ. ന. സുന്ദരി.

**അരശ്ശു**-ഒരു വൃക്ഷം (അരച്ച).

**അരളി**-ഒരു വൃക്ഷം.

**അരള്ളു**-പു. പലകപ്പയ്യാന. വ്യഞ്ജനശീലമത്രെ ഈ പേരിനു കാരണം. വ. ചെമരം. ന. വയ്യാഴാന.

**അരളുക**-പു. ഭയപ്പെടുക. അരണ്ടു=ഭയപ്പെട്ടു.

'കണ്ണനും ചെന്നവൻവാതിലെപൂകാമ്പോൾ
വിണ്ണവർതിണ്ണമരണ്ടുനിന്നു'
(കൃഷ്ണഗാഥ)

വ. കറയുക. ന. ചുരുങ്ങുക, ചുളുങ്ങുക.

**അരളുകം**-പു. പലകപ്പയ്യാന. വ. പേരമരം. ന. വയ്യാഴാന.

**അരമ്പു്**-പേടി, ഭീതി.

**അരാജക**-വി. രാജാവില്ലാത്ത.

**അരാജി**-പേയത്തി എന്ന ഔഷധി.

**അരാതി**-ശത്രു (നരാതിസുഖം) സുഖത്തെ കൊടുക്കാത്തവൻ എന്നർത്ഥം.

**അരാധി**-പു. കററം, പാപം. വ. അസൂയ.

**അരാള**-വി. വളഞ്ഞ, ചുരുണ്ട.

**അരാളകേശി**-ചുരുണ്ടതലമുടിയുള്ളവൾ.

'മരാളകന്യാമിവമാനസംഗതാം
അരാളകേശീമവലോകൃതാംസതീം'
(ദക്ഷയാഗം കഥകളി)

**അരാളം**-പു. ചെഞ്ചല്യം. ദുഃഖത്തെ കൊടുക്കാത്തതു് എന്നു ശബ്ദാർത്ഥം. വ. വളഞ്ഞഭാഗം, ബാഹു. ന. മദംപിടിച്ച ആന.

**അരാള**-പു. വ്യഭിചാരിണി, കുലട. വ. മര്യാദയുള്ള സ്ത്രീ, അടക്കമുള്ള സ്ത്രീ.

**അരി**-പു. നെല്ലിനകത്തുള്ള കരു, ചക്രതലായതിനകത്തിരിക്കുന്നകരു. വ. ശത്രു. വിരോധത്തെ ഗമിക്കുന്നവൻ എന്നർത്ഥം. ന. ചക്രം എന്ന ആയുധം. ൩. വണ്ടിയുടെ ഉരുൾ. ൪. ആറു എന്ന അക്കം. (ശത്രുക്കൾ ൬ വിധം ഉള്ളതിനാൽ—കാമം, ക്രോധം, ലോഭം, മദം, മോഹം, മത്സരം). ൫. കാററു്. ൬. ഭൃഗു. ൭. രാമവരക്തിയുള്ളവൻ. ൮. ഹരി. ൯. വാനരൻ. ഈ പ്രയോഗം കേരളവർമ്മരാജാവിന്റെ കാലത്തുകൂടി നടപ്പിലിരുന്നു (അടിമരൽ എന്നപദം നോക്കുക)

**അരികത്തു്**-സമീപത്തു്.

**അരിക**-പു. സമീപം, അടുക്കൽ. വ. വക്കു്.

**അരികാങ്കി**-ഒരുവിധം സപ്തമാല.

**അരികവഴി**-സമീപത്തുള്ള വഴി.

അരിക്കൻ-ആദിത്യൻ. അർക്കൻ എന്നതാണ് അരിക്കൻ ആയതു്.

'അരിക്കാൻറകലമലങ്കരിക്കുംതിനുടെ'

(നളചരിതം കഥകളി)

അരിക്കാടി-അരികഴുകിയ വെള്ളം. തമിഴിൽ അരിചികാടി, സംസ്കൃതത്തിൽ തണ്ഡുലാംബു.

അരിക്കാററി- ൧. കടകപ്പാലരി. ൨. കാർകോലരി. ൩. ചെറുപുന്നയരി. ൪. കൊത്തമ്പാലരി. ൫. ഏലത്തരി. ൬. വിഴാലരി. ഇങ്ങിനെ ൬. ഇതിന് 'അരിയാറ്' എന്നുള്ള പാഠം പ്രസിദ്ധം.

അരിക്കുക-൧. അരിയിലെകല്ല്, എന്നുയിലെ കല്ലും മുതലായവ വേർപെടുത്തുക. ൨. ഉറുമ്പു മുതലായവ നടക്കുകയും കരണ്ടു ഭക്ഷിക്കുകയും ചെയ്യു. എന്നു മുതലായവ അരിക്കുന്നതുകൂടാതെ ആറമണൽ മുതലായവയും അരിക്കാറുണ്ട്.

അരിക്കൊട്ട-അരിവട്ടി. അരികഴുകുന്നതിനു വേണ്ടുടെ പൊളി മുതലായവകൊണ്ടുണ്ടാക്കുന്നതു്.

അരിഗ്രസ്ത-വി. ശത്രുവിനാൽ പിടിക്കപ്പെട്ട.

അരിങ്കമാല-കഴുത്തിലേക്കുള്ള ഒരു വിലപിടിച്ചമാല, കണ്ഠഭൂഷ.

അരിങ്കിനാവ്-അപൂർവമായ കിനാവ് (സ്വപ്നം.)

അരിച്ചൽ-൧. വേർപെടുത്തുക, അരിക്കുക. ൨. ചെറിയ പ്രാണികളുടെ സഞ്ചാരം.

അരിജീവിതം-ചണയം.

അരിജാതി-നെല്ല്, ചോളം, കമ്പ, തിന, വരക, ചാമ, ഗോതമ്പ്, കമ്പച്ചോളം, രായി മുതലായവ.

അരിതാരം-മരഞ്ഞാടിമരുന്ന്, താളകം, സംസ്കൃതത്തിൽ ഹരിതാല. തമിഴിൽ അരിതാരം. ഇതിൻെറ രസം നന്നായി ചവർത്തു് മധുരിച്ചതാണ്. വിഷത്തിനു നന്നു്.

'പിഞ്ജരംപീതനംതാല

മാലഞ്ചഹരിതാലകേ' (അമരം)

[പിഞ്ജരം, പീതനം, താലം, ആലം, ഹരിതാലകം ഇവ ൫-ം, അരിതാരത്തിൻെറ പേർ. ഇതിൻെറഭസ്മം ചുമ, മന്ദം, കുഷ്ഠം, വണ്ടുകടി, എലിവിഷം ഇവയ്ക്കു നന്നു്.]

അരിത്രം-ചുക്കാൻ, തുഴ, ചങ്കായം. ഇതു കൊണ്ടു തോണി ഗമിക്കുന്നു.

അരിധാരം-പൊയ്തലച്ചി എന്ന ഔഷധി.

അരിന്തപൻ-ജയിക്കുന്നവൻ.

അരിന്ദമ-വി. ജയിക്കുന്ന.

അരിന്ദമൻ-൧. വിഷ്ണു. ൨. ശത്രുക്കളെ അടക്കുന്നവൻ.

അരിന്മണി-മരതകം.

അരിപ്പം, അരുപ്പം-പ്രയാസം.

അരിപ്പ്-൧. അരിക്കുന്ന വസ്ത്രം അല്ലെങ്കിൽ പാത്രം. ൨. അരിക്കുക.

അരിപ്പുകൊട്ട-തിരുകല്ലിലിട്ടു പൊടിച്ചു അരി, ഗോതമ്പു മുതലായവയുടെ തരിയും പൊടിയും വേർതിരിപ്പാനുള്ള ഒരു പാത്രം. ഇതിന് അനേകം ഭേദങ്ങൾ കാണും. കെട്ടിത്തൂക്കി ആട്ടുന്നതാണ്. ചിലർ ചല്ലടമെന്നു പറയാറുണ്ട്, പര്യായങ്ങൾ ചാലിനി, തിതഉ.

അരിപ്പുണ്ണ്-വ്രണത്തിൽ പൊങ്ങിവരുന്ന മാംസം. ഇതു് അരിമ്പാറയെന്നുരിക്കും.

അരിപ്പുവല-മീൻ പിടിക്കുന്ന ഒരു തരം വല.

അരിപ്പൊടി-മാവുമപാടി.

അരിപ്രാവ്-കാട്ടുപ്രാവ്, മേക്കാട്ടുപ്രാവ്

അരിപ്രം-വി. പാപമില്ലാത്ത, കറമില്ലാത്ത.

അരിമ-വി. ൧. പ്രിയമുള്ള. ൨. പ്രയാസമുള്ള. ൩. ശ്രേഷ്ഠതയുള്ള.

അരിമ-ഭേദം.

അരിമാരൻ-വെള്ളക്കരിങ്ങാലി, പീനാറി

അരിമാവ്-അരി പൊടിച്ചത്.

[ഇതു തണുപ്പാണ്. ഇതു ജലത്തിൽ കലക്കി തീയിൽ കുറുക്കി പുണ്ണിൽവെച്ചു കെട്ടിയാൽ നന്നായി ഉണങ്ങും. വങ്കാളപ്പച്ച എന്ന നഞ്ചു തിന്നാൽ ഇതു പാലിൽ കലക്കിക്കൊടുക്കുന്ന പക്ഷം ഗുണമുണ്ടാകും. വസൂരി പിടിപെട്ടു കിടക്കുന്നവരുടെ ഉഷ്ണശാന്തിക്ക് ഇതു പുറത്തു വിതറിയാൽ മതിയാകും.]

അരിമേദം-പീനാറി. സഹിക്കവയ്യാത്ത ഗന്ധത്തോടുകൂടിയ കൊഴുപ്പുള്ളത് എന്നർത്ഥം. ചിലർ കരിവേലം എന്നു പറയുന്നു. കറുത്ത കരിങ്ങാലി എന്നു വേറെ ചിലർ. വെള്ളക്കരിങ്ങാലി എന്നു മറ്റൊരഭിപ്രായം. മറ്റൊരു പര്യായം—വിട്ഖദിരം.

[ഇതു മുഖരോഗം, വിഷം, വിസർപ്പം, കാസം, കൃമിബാധ, ശോഫം ഇവയെ ശമിപ്പിക്കും.]

അരിമ്പ്, അരിമ്പു-നാ. ഭംഗിക്കും ഉറപ്പിനുമായി ആഭരണങ്ങളുടെ വക്കിലും മറ്റും പൊന്നുകൊണ്ടുണ്ടാക്കി വെയ്ക്കുന്നത്. ൨. പൂമൊട്ട്.

അരിമ്പാറ-ശരീരത്തിൽ മുളച്ചുണ്ടാകുന്ന ഒരു വക കുരു. ഇതു കറുത്തിരിക്കും; വേദന കാണുകയില്ല. ഉലുവാ പിഴിഞ്ഞു പുഴുങ്ങിയ വെള്ളംകൊണ്ട് ഈ സ്ഥാനമുള്ള ഒരു തേച്ചുകഴുകുകയോ പല പ്രാവശ്യം ഒരു ആ വെള്ളത്തിൽ മുക്കുകയോ ചെയ്താൽ നശിച്ചുപോകും.

അരിമ്പുണ്ണ്-അരിപ്പുണ്ണ്.

അരിമ്പുമണി-അനവധി അരിമ്പുകൾ കൂട്ടി വിളക്കിയുണ്ടാക്കുന്ന ഒരാഭരണം.

അരിമ്പൊരുൾ-സാക്ഷാലുള്ള അർത്ഥം.

അരിയ-വി. ൧. വലിയ. ൨. അസാധാരണമായ. ൩. കഠിനമായ, പ്രയാസമുള്ള.

'സുരലോകേ ചെന്നമരാരികളാം
അരിയനിവാതകവചന്മാരെ'
(സന്താനഗോപാലം തുള്ളൽ)

അരിയാറു-നാ. കടകപ്പാലരി മുതലായി ആറുവിധം അരികൾ. 'അരിക്കാറരി' എന്നതു നോക്കുക. ൨. ശരീരത്തിലുള്ള കാമം, ക്രോധം, ലോഭം, മോഹം, മദം, മാത്സര്യം ഈ ആറു ശത്രുക്കൾ.

അരിയിട്ടുവാഴ്ച-രാജാക്കന്മാരുടെ കിരീടധാരണസംബന്ധമായ ഒരു ശുഭക്രിയ. ഈ ക്രിയയിൽ കുറച്ചു അരിയും പൂവും കൂടെ എടുത്ത് അവരുടെ ശിരസ്സിൽ ഇടുക പതിവാണ്.

അരിയുന്നു-കണ്ടിക്കുന്നു, നുറുക്കുന്നു, കൊയ്യുന്നു, ചെത്തുന്നു.

അരിവെയ്പുകാരൻ-അരിയും കറിയും പാകം ചെയ്യുന്നവൻ, ആരാളികൻ, ആന്ധസികൻ, സൂദൻ, ഔദനികൻ, ഗുണൻ ഇവ ൫-ം പര്യായങ്ങൾ.

അരിവട്ടി-അരി കഴുകുന്നതിനും മറ്റും വേയുടെ പൊളി മുതലായവകൊണ്ടുണ്ടാക്കുന്ന ഒരു പാത്രം.

അരിവാൾ-നാ. പുല്ലും മറ്റും അറുക്കുന്നതിനുള്ള ഒരായുധം ആയുധം, വളഞ്ഞ കത്തി.

[ഇതുകൊണ്ടു അരിയുന്നതിനാൽ അരിവാൾ എന്ന പേരുണ്ടായി. ദാത്രം, ലവിത്രം ൨-ം, പര്യായങ്ങൾ]

൨. ദുന്ദം, കിളുന്നമ്പു

അരിവി, അരുവി-നീർച്ചാട്ടം.

'അരിവിക്കു മദാംബുസമം
ചൊരിയുന്ന മദാംബുപോലരുവി'
(ഭാഷാഭൂഷണം)

അരിശം-കോപം.

അരിഷണ്യ-വി. ഉപദ്രവിക്കാത്ത.

അരിഷം-പു. നില്ക്കാതെ വളരെനേരം ചെയ്യുന്ന മഴ. ൨. ഒരു മൂലരോഗം.

അരിഷ്ടകം-പുളിഞ്ചിമരം.

അരിഷ്ടത-കഷ്ടത, വ്യസനം, ഭാഗ്യക്കേടു, ദരിദ്രത.

അരിഷ്ടതാതി-ശുഭത്തെ ചെയ്യുന്നവൻ.

അരിഷ്ടതാതി-വി. ശുഭത്തെ ചെയ്യുന്ന, ഗുണമുള്ള, ശുഭമായ.

അരിഷ്ടതി-രക്ഷ, സുഖം, തുടർച്ചയായ സൌഖ്യം.

അരിഷ്ടദുഷ്ടധി-മരണം അടുത്തതിനാൽ ക്ഷീണിച്ച മനസ്സോടുകൂടിയവൻ, മരണലക്ഷണംകൊണ്ടു ബുദ്ധികെട്ടവൻ.

അരിഷ്ടൻ-ഒരസുരൻ. ബലിയുടെപുത്രൻ. [ഇവൻ കാളയുടെ ആകൃതിയിൽ കൃഷ്ണനോടെതിർത്തു. അദ്ദേഹം ഇവനെ കൊന്നു.]

അരിഷ്ടപുരം-ഒരു സ്ഥലത്തിന്റെ പേർ.

അരിഷ്ടമഥനൻ-പു. വിഷ്ണു, കൃഷ്ണൻ. ൨. ശിവൻ.

അരിഷ്ട-വി. ൧. നിർദ്ദോഷമായുള്ള. ൨. തികവായ. ൩. നിശ്ചയമായ, ഉറപ്പായ.

അരിഷ്ട-ദക്ഷന്റെ ഒരു പുത്രി, കശ്യപന്റെ ഒരു ഭാര്യ.

അരിഷ്ടം-പു. ശുഭം, ഭാഗ്യം. ൨. അശുഭം. നിർഭാഗ്യം. ൩. ഈററില്ലം. ൪. പുളിഞ്ചിമരം. രക്ഷിക്കുന്നതു് എന്നർത്ഥം. പൂവത്തി എന്നു തമിഴരും ശീതഫേനം എന്നു മലയാളികളും പറയുന്നു. ൫. വെളുള്ളി. അശുഭമല്ലാത്തതു് എന്നു ശബ്ദാർത്ഥം. ൬. കാക്ക(കാകൻ). മരണമില്ലാത്തതു് എന്നു ശബ്ദാർത്ഥം. ൭. മോരു്. ദുഃഖം ഉണ്ടാകാത്തതു് എന്നർത്ഥം. ൮. മരണലക്ഷണം. ൯. ആപത്തിനുള്ള ഒരു അടയാളം. ൧൦. ഒരുവക മദ്യം. ൧൧. ഞാറപ്പക്ഷി. ൧൨. പുളിഞ്ചി. ൧൩. വേപ്പുമരം.

'അരിഷ്ടോശുഭേനിംബേ
ഫേനിലേകാകകങ്കയോഃ
അരിഷ്ടമശുഭേതക്രേസൂതികാഗാര
ആസവേശുഭേമരണചിഹ്നേച'
എന്നു മേദിനി.

അരിഷ്ടശയ്യാ-ഇരിക്കക്കട്ടിലിലെശയനം.

'അരിഷ്ടശയ്യാംപരിതോവിസാരിണാ'
(രഘുവംശം)

അരിഷ്ടസൂദനൻ-കൃഷ്ണൻ, വിഷ്ണു.

അരിഷ്ടിക്കുക-കഷ്ടപ്പെട്ടു കഴിക്കുക.

അരു, അരുവു-പു. വക്കു്. ൨. വിശേഷമായ, ശ്രേഷ്ഠമായ.

'അരുമറകളരിമയോടു
വകവകതിരിച്ചവർ' (ഭാരതം)

൩. അശക്യമായ. ൪. സൂക്ഷ്മമായ.

അരു-ശുഭശബ്ദങ്ങളിൽ ഒന്നു്. അപൂർവ്വം എന്നായിരുന്നു ഈ വാക്കിന്റെ അർത്ഥം. ഇതു് ഒരു പുരാതനവാക്കാണു്. പല ദ്രാവിഡഭാഷകളിലും കാണുന്നുണ്ടു്.

അരുക-വക്കു്.

അരുകുക-കറയുക, താഴുക, ചെറുതാവുക.

അരുക്കു്-വി. രുക്കു് (രോഗം) ഇല്ലാത്ത.

അരുക്കു്-രുക്കോടു (രോഗത്തോടു) കൂടാത്തവൻ.

അരുകൊല-അറുകൊല, കഠിനക്കൊല്ലുക, നിർദ്ദയഹിംസ.

അരുചി-ദുസ്സ്വാദു്, രുചികേടു്.

രുചി കുറവുള്ളവർ ഭക്ഷണം കഴിക്കുന്നതിനു് അരമണിക്കൂറിനു മുമ്പേ അര കഴഞ്ചു് ഇഞ്ചി അല്പം ഉപ്പുകൂട്ടി തിന്നാൽ ഊണിനു നല്ല രുചി തോന്നുന്നതാണു്.

അരുജ-വി. രുജ (രോഗം) ഇല്ലാത്ത.

അരുജം-കൊന്നവൃക്ഷം.

അരുണ-വി ചെമപ്പുള്ള, അവ്യക്തമായ ചെമപ്പുള്ള.

അരുണ-നാ. അതിവിടയം. ൨. ത്രികോല്പക്കൊന്ന. ൩. നാല്ക്കോല്പക്കൊന്ന. ൪. കന്നി. ൫. മഞ്ചട്ടി.

അരുണൻ-നാ. സൂര്യൻ. സഞ്ചരിക്കുന്നവൻ (ഗമിക്കുന്നവൻ) എന്നർത്ഥം. ൨. സൂര്യന്റെ സാരഥി. അരുണനിറമുള്ളവൻ എന്നർത്ഥം.

[അരുണോല്പത്തി-കശ്യപപ്രജാപതിക്കു 'കദ്രു' എന്നും 'വിനത' എന്നും രണ്ടു ഭാര്യമാരുണ്ടായിരുന്നു. അവരുടെ സൌശീല്യാദിഗുണം കണ്ടിട്ട് അദ്ദേഹം പ്രസന്നനായി അവരോടു എന്തുവരം വേണമെന്നു ചോദിച്ചു. വീര്യബലമുള്ള നാഗസഹസ്രം വേണമെന്നു കദ്രു ഉത്തരം പറഞ്ഞു. കദ്രുസുതന്മാരെക്കാൾ വേഗമുള്ള രണ്ടു പുത്രന്മാരുണ്ടാകണമെന്നായിരുന്നു വിനതയുടെ അപേക്ഷ. രണ്ടുപേർക്കും മുട്ടയായുണ്ടാകുമെന്നും പൊട്ടാതെ സൂക്ഷിച്ചുകൊള്ളണമെന്നും കശ്യപൻ കല്പിച്ചു. അതിന്റെ ശേഷം കദ്രു ആയിരം മുട്ടയും വിനത രണ്ടു മുട്ടയും പെറു. അഞ്ഞൂറു വർഷം കഴിഞ്ഞപ്പോൾ ആയിരം മുട്ടയിൽനിന്നു ആയിരം നാഗങ്ങളുണ്ടായി. മുട്ട പിരിയാഞ്ഞു വിനത വ്യസനിച്ചു ഒന്നിനെ കൊട്ടിയുടച്ചു. അനന്തരം അനൂരുവായി (തുടകൾ ഇല്ലാത്തവനായി) അരുണൻ ജനിച്ചു ആകാശം പ്രാപിച്ചു. ശരീരം മുഴുവനും തീരുന്നതിനുമുമ്പു ഈ വിധം ചെയ്കകൊണ്ടു 'കദ്രുവിനു അടിമയായി വരട്ടെ' എന്നു അരുണൻ മാതാവിനെ ശപിക്കയും 'ഇരിക്കുന്ന മുട്ടയെ പൊട്ടിച്ചുകളയരുതു' അവൻ ഉത്ഭവിച്ചു അമ്മയുടെ ദാസ്യം തീർക്കും, ഇനി അഞ്ഞൂറു വർഷത്തെ താമസമുണ്ടു, അവൻ മഹാബലവാനായിട്ടു അമ്മയ്ക്കു ഗതി ഭവിക്കും' എന്നിങ്ങനെ ഉപദേശിക്കയും ചെയ്തശേഷം താൻ സൂര്യന്റെ സാരഥിയായി തീർന്നു. അരുണനു ആശ്മനൻ, തമ്രൻ, അനൂരു, വിപാദൻ എന്നിങ്ങനെ പല പേരുണ്ടു. അരുണന്റെ ഭാര്യയ്ക്കു ശ്യേനി എന്നു പേർ. സാംപാതിയും ജടായുവും അരുണനു ശ്യേനിയിൽ ഉണ്ടായവരാകുന്നു.] അരുണശബ്ദത്തിനു എരിക്കു എന്നും അർത്ഥം ഉണ്ടു.

അരുണം-നാ. ചെമപ്പു, വ്യക്തമല്ലാത്ത ചെമപ്പു, (പ്രകാശം ഇല്ലാത്ത ചോപ്പു). മനസ്സിനെ പ്രാപിക്കുന്നതു് എന്നർത്ഥം.

'അവ്യക്തരാഗസ്ത്വരുണഃ'

(അമരം)

൨. ചെറു ചെംകുറിഞ്ഞി. ൩. കൈലാസത്തിനു പടിഞ്ഞാറുള്ള (ഹിമവാന്റെ) ഒരു കൊടുമുടി. ൪. പുതുതായ. ഉ-ം, അരുണതാരുണ്യൻ.

അരുണാഗ്രജൻ-ഗരുഡൻ. അരുണൻ എന്ന അഗ്രജൻ (ജ്യേഷ്ഠൻ) ഉള്ളവൻ എന്നർത്ഥം.

അരുണാത്മജ-യമുന. അരുണന്റെ (സൂര്യന്റെ) ആത്മജ (പുത്രി)

അരുണാത്മജൻ-നാ. ശനി. ൨. കർണ്ണൻ. ൩. സുഗ്രീവൻ. ൪. യമൻ. ൫. സാവർണ്ണിമനു-ഇവർ സൂര്യപുത്രന്മാർ. ൬. സംപാതി, ജടായു ഇവർ രണ്ടുപേരും, സൂര്യസാരഥിയായ അരുണന്റെ പുത്രന്മാർ.

അരുണാർച്ചിസ്സ്-സൂര്യൻ

അരുണലോചനം-നാ. ചെമന്നകണ്ണ്. ൨. പ്രാവ്.

അരുണാവരജൻ ഗരുഡൻ.

അരുണിത, അരുണീകൃത-വി ചെമപ്പുനിറമാക്കപ്പെട്ട.

അരുണിമ-നാ. ചെമപ്പുനിറം. ൨. ചെമന്നനിറമുള്ള പശു.

അരുണോദക-ഒരു നദിയുടെ പേർ.

**അരുണോദകം**-ഒരു കായലിന്റെ പേർ.

**അരുണോദയം** - പ്രഭാതം, ആദിത്യൻ ഉദിപ്പാൻ തുടങ്ങുന്ന സമയം, ഉഷസ്സ്.

**അരുത്**-നിഷേധവാക്ക്. പ്രയാസമായിട്ടുള്ളത്. ഉ-ം, വിലയറിയാനരുതാകിയ രത്നം. അരിയമുതലായ പദങ്ങൾ കാൺക.

**അരുതാത്ത**-വി. നിഷേധിക്കപ്പെട്ട, വിലക്കപ്പെട്ട, ദോഷമുള്ള.

**അരുതായ്ക** - ആവതില്ലായ്ക. അതൃപ്തി, ക്ഷീണത.

**അരുതായ്മ** - ആവതില്ലായ്മ, അതൃപ്തി. ക്ഷീണത.

**അരുന്തപൻ**-ദുർല്ലഭമായ തപസ്സോടുകൂടിയവൻ.

**അരുന്തുദ**-വി. അത്യുപദ്രവമുണ്ടാക്കുന്ന, മർമ്മത്തെ പിളക്കുന്ന, വ്രണങ്ങളെ വേദനപ്പെടുത്തുന്ന.

**അരുന്ധതി**-വസിഷ്ഠമഹർഷിയുടെ പത്നി.

[അമ്മ ദേവഹൂതി. അച്ഛൻ-കർദ്ദമപ്രജാപതി. അരുന്ധതി പാതിവ്രത്യനിഷ്ഠയിൽ അതിപ്രസിദ്ധയാണ്. ഒരു നക്ഷത്രം ആകുന്നു. മരണം സമീപിച്ചിരിക്കുന്നവർ നോക്കിയാൽ ഈ നക്ഷത്രത്തെ കാണുകയില്ല. ആകാശത്തിൽ വടക്കേ ദിക്കിൽ സപ്തർഷിമണ്ഡലചക്രത്തിൽ വസിഷ്ഠസമീപത്തു പ്രകാശത്തോടുകൂടി മംഗളരൂപത്തിൽ അരുന്ധതി സ്ഥിതിചെയ്യുന്നു ]

'അനസൂയാലോപാമുദ്രയും
അരുന്ധതിമുമ്പാകും
മുനിഗൃഹിണിമാരെല്ലാരും
അനുഗ്രഹിക്കണമമ്മെ'

(നളചരിതം കഥകളി)

**അരുമ**-ഓമന

**അരുമന**-വിളവംകോട്ടു താലൂക്കിൽ ഒരു പകുതി.

**അരുമനല്ലൂർ**-തോവാളതാലൂക്കിൽ ഒരു പകുതി.

**അരുമാന്ത**-വി. പ്ര. അപൂർവമായ. ഉ. കൌതുകമുള്ള.

**അരുമാമറ** - സൂക്ഷ്മവും മഹത്തുമായ വേദം.

**അരുമറ**-അരു (സൂക്ഷ്മമായ) മറ (വേദം)

**അരുവ**-സുന്ദരി (പ-മ.)

**അരുവയർ**-പ്ര. സുന്ദരിമാർ. അരുവ എന്ന പദത്തോടുകൂടി 'അർ' പ്രത്യയം ചേർന്നതാണ്. വയറുമായി യാതൊരു സംബന്ധവുമില്ല. ഉ. ഇരുപത്തഞ്ചു വയസ്സായ പെണ്ണ്.

**അരുവലർ**-ശത്രുക്കൾ.

**അരുവാൾ**-അരിവാൾ (ഈ പദം നോക്കുക.)

**അരുവി,അരിവി**-നീർച്ചാട്ടം.

**അരുവിക്കര**-കൽക്കുളംതാലൂക്കിലെ ഒരു പകുതി.

**അരുവിയാറു**-പർവതത്തിൽജലം (ഉറവ്) പുറപ്പെടുന്ന സ്ഥലത്തിൽനിന്നുള്ള ജലപ്രവാഹം. വാരിപ്രവാഹം, നിർഝരം, ഝരം ഇവ ന-ം, പര്യായങ്ങൾ.

**അരുവൈ**-(അരിവൈ എന്ന പദത്തിന്റെ രൂപാന്തരം) ഇരുപത്തഞ്ചു വയസ്സായ പെൺ. സുന്ദരി. (ഈ പദത്തോടു പുരുഷബഹുവചനപ്രത്യയമായ 'അർ' ചേർത്താൽ അരുവയർ ആകും. അരുവയറിനു വയറുമായി സംബന്ധമില്ല.)

**അരുഷൻ**-പ്ര. സൂര്യൻ. ഉ. സൂര്യന്റെ ചെമപ്പുകതിർ.

**അരുഷി**-ച്യവന്റെ ഭാര്യ, ഔർവന്റെ അമ്മ

**അരുഷം**-സൂര്യന്റെ ചെമന്നകതിർ.

**അരുഷ്കര**-വി. വ്രണത്തെ ചെയ്യുന്ന.

**അരുഷ്കരം**-ചേർമരം. വ്രണത്തെ ചെയ്യുന്നത് എന്നർത്ഥം.

അരുഷ്കൃത-വി. മറിക്കപ്പെട്ടതിയ, വേദന പ്പെട്ടതായ.

അരുസ്സ്-വ്രണം, പുണ്ണ്. ചീഞ്ഞതായി ക്കുന്നതു് എന്നർത്ഥം.

അരുൾ-ന്ത്രീ. കല്പന. ൨. കരുണ, സ്നേഹം.

'നാരായണനരുളാലെയനരകൃമി'

(ഭഗവൽഗീത)

അരുളപ്പാട്-കല്പന.

'അരുളപ്പാടുകേട്ടുകിരീടി
പുരികക്കൊടിമകാണ്ടെന്നറിയിച്ചു'

(കൃഷ്ണാർജ്ജുനവിജയം തുള്ളൽ)

അരുളിച്ചെയ്യുക-കല്പിക്കുക, പറയുക.

അരുളുക-ക്രി കല്പിക്കുക, പറയുക. ൨. കൊടുക്കുക ൩. മംഗളാശംസചെയ്യുക.

അരുക്കാററി-ചേർത്തലതാലൂക്കിലെ ഒരു പകുതി.

അരൂപ-വി. രൂപം (ശരീരം-ആകൃതി-സൌന്ദര്യം) ഇല്ലാത്ത.

അരൂപം-ചുരുക്കം.

അരൂപി-ദൈവം. രൂപം (ശരീരം, ആകൃതി) ഇല്ലാത്തവൻ എന്നർത്ഥം.

അരൂർ-ചേർത്തലതാലൂക്കിലെ ഒരുപകുതി

അരൂഷിക-ഒരു ക്ഷുദ്രരോഗം.

[കഫരക്തങ്ങളും കൃമിയും കോപിച്ച് തലയിൽ വ്രണമുണ്ടാകും. വളരെ മുഖങ്ങളും പഴുപ്പും കാണും ]

അരേ-അ. എടോ, ഹീനന്മാരെ സംബോധനചെയ്യുന്നതിൽ പ്രയോഗം.

അരേ ! ദുരാചാരനൃശംസകംസ !

(ശ്രീകൃഷ്ണചരിതം)

അരേണുകം-വാൽമുളക്, അക്കാലം, സംസ്കൃതത്തിൽ ഹരേണു ഒരിനിൽ-വാ ലിമുളക്. കടലതി എന്നു ചിലർ പറ യുന്നു. ചി ജ, ഹരേണു, രേണുകം, കൌന്തി, കപില, ഭസ്മഗന്ധിനി-ഇ-൦, പ ര്യായങ്ങൾ.

അരോക-വി. പ്രകാശരഹിതമായ, പ്രകാശി ല്ലാത്ത. രോചനം (ദീപ്തി) ഇല്ലാത്ത എന്നർത്ഥം.

അരോഗത-രോഗമില്ലായ്മ.

അരോചകം-ന്ത്രീ. അരുചി. രുചികേട്. ൨. ഒരു രോഗം.

[മനസ്സിന് അധികമായ ദുഃഖം, ഭയം, ക്രോധം, ശോകം, അതിലോഭം മുതലായവകൊണ്ട് അരോചകം ഉണ്ടാകുന്നു. വാതംകൊണ്ടുള്ള അരോചകത്തിൽ പല്ലുപുളിക്കും, വായ്ക്കുചവർപ്പുരസം കാണും.]

അർക്കചന്ദനം-രക്തചന്ദനം.

അർക്കജൻ-ന്ത്രീ. കർണ്ണൻ. ൨. ശനി, ൩. സുഗ്രീവൻ. ൪. അന്തകൻ. ൫. രൈവത സ്വതമനു. ഇവർ അർക്കനിൽ (സൂര്യനിൽ) നിന്നുണ്ടായവരാകയാൽ ഈ പേർ വന്നു.

അർക്കതനയ-യമുനാനദി. യമുന സൂര്യന്റെ പുത്രിയാകയാൽ ഈ പേർവന്നു.

അർക്കൻ-ന്ത്രീ. സൂര്യൻ. സർവരാലും പൂജിക്കപ്പെടുന്നവൻ എന്നർത്ഥം. ൨. വിഷ്ണു.

അർക്കപത്രം-എരിക്കില.

അർക്കപാദപം-നിംബം (വേപ്പ്).

അർക്കപർണ്ണം-എരിക്ക്. സൂര്യരശ്മിപോലെ തിക്ഷ്ണങ്ങളായ ഇലകൾ ഉള്ളതു് എന്നു ശബ്ദാർത്ഥം.

അർക്കപുത്രൻ-ന്ത്രീ. കർണ്ണൻ. ൨. ശനി. ൩. സുഗ്രീവൻ. ൪. അന്തകൻ. ൫. രൈവവസ്വതമനു.

അർക്കബന്ധു-ശാക്യമുനി. സൂര്യകുലത്തിൽ അവതരിച്ചതുകൊണ്ട് ഈ പേരുണ്ടായി.

അർക്കബാന്ധവൻ-ശാക്യമുനി.

അർക്കം-ന്ത്രീ. സ്ഫടികം, സൂര്യകാന്തം. ൨. എരിക്ക്.

അർക്കവല്ലഭം-ന്ത്രീ. ഞമര. ൨. ബന്ധൂകം.

അർക്കവാസരം-ഞായറാഴ്ച.

അർക്കാശ്മം-പു. സൂര്യകാന്തക്കല്ല്. ൨. മണി.

അർക്കവാരം-ഞായറാഴ്ച.

അർക്കവേധാ-താലീശപത്രം.

അർക്കാന്വയം-സൂര്യവംശം. അർക്കന്റെ (സൂര്യന്റെ) അന്വയം (വംശം).

അർക്കാഹ്വം-എരിക്ക്. അർക്കം എന്ന പേരുള്ളത്.

അർക്കേന്ദുസംഗമം-അമാവാസ്യ.

അർഗ്ഗളം-സാക്ഷ (തഴുത്) മുറുകിനിൽക്കുന്നത് എന്നർത്ഥം.

'അർഗ്ഗളബാഹുവാം രോഹിണീപുത്രൻ'
(കൃഷ്ണലീല തുള്ളൽ)

അർഗ്ഗള-സാക്ഷ (തഴുത്).

'ഹാരഹാരിന്നോവേത്രഹാരിണീ
ശാബമുഗ്ദ്ധാക്ഷികാമമ
ചാരസജ്ജമണിമയകവാ
ടാർഗ്ഗളാസംഗഭംഗാൽ'

അർഗ്ഗളി-സാക്ഷ (തഴുത്).

അർഗ്ഗളിക-ചെറിയസാക്ഷ (തഴുത്)

അർഗ്ഗളിത-വി. സാക്ഷയിട്ട (തഴുതിട്ട).

അർഗ്ഗളീയ-വി. സാക്ഷയെ (തഴുതിനെ) സംബന്ധിച്ച.

അർഗ്ഘം-പു. വില. ൨. പൂജാവിധി. ഇതുകൊണ്ടു പൂജിക്കുന്നതിനാൽ ഈ പേർ സിദ്ധിച്ചു.

അർഗ്ഘാംശൻ-ശിവൻ.

അർഗ്ഘ്യ-വി. പൂജയ്ക്കായിക്കൊണ്ടുള്ള, പൂജിക്കപ്പെടത്തക്ക.

അർഗ്ഘ്യ-നല്ല മതിപ്പുള്ള.

അർഗ്ഘ്യം-പു. പൂജയ്ക്കായിക്കൊണ്ടുള്ള ജലം. ൨. വിലമതിക്കത്തക്കത്.

അർഗ്ഗ്വധം, ആരഗ്വധം-കൊന്നവൃക്ഷം. രോഗശങ്കയെയെല്ലാം കളയുന്നതെന്നു ശബ്ദാർത്ഥം.

അർച്ച-പു. പൂജ. ൨. പ്രതിബിംബം, പൂജ്യമായി ശില, ലോഹം മുതലായതു കൊണ്ടു നിർമ്മിക്കുന്ന പ്രതിമ. മറ്റുള്ളവയ്ക്കും (ഉപചാരാൽ) പറയാം. ൩. നേത്രരോഗവിശേഷം.

അർച്ചകൻ-പൂജക്കാരൻ.

അർച്ചന-പൂജ.

അർച്ചനം-പൂജ, വന്ദനം.

അർച്ചനീയ-വി. പൂജിക്കത്തക്ക.

അർച്ചി, അർച്ചിസ്സ്-അഗ്നിജ്വാല. പൂജിക്കപ്പെടുന്നത് എന്നു ശബ്ദാർത്ഥം.

അർച്ചിക്കുക-പൂജിക്കുക.

അർച്ചിത-വി. പൂജിക്കപ്പെട്ട.

അർച്ചിതം-പു. പൂജിക്കപ്പെട്ടത്. ൨. നമസ്കരിക്കപ്പെട്ടത്.

അർച്ചിഷ്കണം-തീപ്പൊരി.

അർച്ചിസ്സ്-പു. അഗ്നിജ്വാല. പൂജിക്കപ്പെടുന്നത് എന്നർത്ഥം. ൨. സൂര്യകിരണം. ൩. ജ്വാല, ശോഭ.

അർജ്ജക-വി. നേടുന്ന.

അർജ്ജകം-വെൺകഞ്ചകം. ആരോഗ്യത്തെ സമ്പാദിക്കുന്നത് എന്നർത്ഥം. വെളുത്ത തുളസി എന്നും പറയുന്നുണ്ട്. ചിലർ നല്ലതുത്താവ് എന്നു വിളിക്കുന്നു.

അർജ്ജനം-സമ്പാദ്യം.

അർജ്ജി, അർസി, ഹർജി-അപേക്ഷയെയും സങ്കടം, പരാതി ഇവയെയും എഴുതി സർക്കാരിൽ ബോധിപ്പിക്കുക.

അർജ്ജിത-വി. സമ്പാദിക്കപ്പെട്ട.

അർജ്ജുന-വി. വെളുത്ത.

'പിശംഗമൗഞ്ജീയുജമർജ്ജുനച്ഛവിം'
(മാഘം)

അർജ്ജുന-ഒരു രാജ്യത്തിന്റെ പേർ.

അർജ്ജുനകൻ-അർജ്ജുനനെ വന്ദിക്കുന്നവൻ.

**അൎജ്ജുനക്കൊടി**-ഒരു പച്ചമരുന്നു്.

**അൎജ്ജുനൻ**-൧, പാണ്ഡവരിൽ മൂന്നാമത്തവൻ.

പാണ്ഡവർ അഞ്ചുപേർ. ൧. ധൎമ്മപുത്രൻ. ൨. ഭീമൻ. ൩. അൎജ്ജുനൻ. ൪. നകുലൻ. ൫. സഹദേവൻ. ഇവരിൽ അൎജ്ജുനൻ ഇന്ദ്രനു കുന്തിയിൽ ജനിച്ചവനാകുന്നു. ദ്രോണർ ആകുന്നു അൎജ്ജുനനെ ആയുധവിദ്യ അഭ്യസിപ്പിച്ചതു്. ഇദ്ദേഹം ദ്രോണരുടെ പ്രിയശിഷ്യനെന്നുള്ളതു് സുപ്രസിദ്ധമാണ്. പാണ്ഡവന്മാർ അഞ്ചുപേരും കൂടിയാണ് പാഞ്ചാലിയെ ഭാൎയ്യയാക്കി താമസിപ്പിച്ചുവന്നതു്. എന്നാൽ വിവാഹം ചെയ്തതു് അൎജ്ജുനനായിരുന്നു. ഓരോവത്സരം ഓരോരുത്തനും പാഞ്ചാലിയുമായി ഗൃഹത്തിൽ താമസിക്കണമെന്നും ആ ദിവസം മററുള്ള നാലുപേരിൽ ആരെങ്കിലും ആ ഗൃഹത്തിൽ വന്നാൽ ആയാൾ തീൎത്ഥയാത്ര ചെയ്യണമെന്നും ഒരു നിയമം ഉണ്ടായിരുന്നു. ഇതു കുന്തിയുടേതായിരുന്നുവത്രെ. ഒരുദിവസം അൎജ്ജുനൻ പാഞ്ചാലിയുടെ താമസസ്ഥലത്തു തന്റെ ആയുധം എടുപ്പാനായി ഓടിച്ചെന്നപ്പോൾ ദ്രൌപദിയെയും ധൎമ്മപുത്രരെയും ഒന്നിച്ചു കാണ്മാനിടയായി. ഇതു ഹേതുവായിട്ടു മുൻ നിശ്ചയപ്രകാരം അൎജ്ജുനൻ ൧൨ മാസം കാട്ടുംപുറത്തു വെളിത്തു സഞ്ചരിക്കേണ്ടിവന്നു. ഇദ്ദേഹം ഖാണ്ഡവവനം ദഹിപ്പിച്ചു് അഗ്നിയോടു ഗാണ്ഡീവവും, കിരാതവേഷം ധരിച്ചുവന്ന പരമേശ്വരങ്കൽനിന്നു പാശുപതവും വാങ്ങി. അൎജ്ജുനൻ ഭാരതയുദ്ധത്തിൽ ഭീഷ്മരെ കഠിനമായി മുറിവേല്പിക്കയും പലരെയും തോല്പിക്കയും ജയദ്രഥനെയും കൎണ്ണനെയും കൊല്ലുകയും ചെയ്തു. അൎജ്ജുനനു പാഞ്ചാലിയിൽ ശ്രുതകീൎത്തി, സുഭദ്രയിൽ അഭിമന്യു, ഉലൂപിയിൽ ഇരാവാൻ, ചിത്രാംഗദയിൽ ബഭ്രുവാഹനൻ ഇങ്ങിനെ നാലു പുത്രന്മാർ ഉണ്ടായിട്ടുണ്ടു്. കൃഷ്ണനെക്കാൾ മൂന്നുമാസത്തെ ഇളപ്പമുണ്ടു് അൎജ്ജുനനു്. അൎജ്ജുനൻ, ഫല്ഗുനൻ, പാൎത്ഥൻ, കിരീടി, ശ്വേതവാഹനൻ, ബീഭത്സു, വിജയൻ, ജിഷ്ണു, സവ്യസാചി, ധനഞ്ജയൻ ഇവ പത്തും അൎജ്ജുനന്റെ പേരാകുന്നു.

'അൎജ്ജുനഃ ഫല്ഗുനഃ പാൎത്ഥഃ
കിരീടി ശ്വേതവാഹനഃ
ബീഭത്സുൎവ്വിജയോ ജിഷ്ണുഃ
സവ്യസാചീ ധനഞ്ജയഃ'

ഈ പത്തു പേരും ജപിച്ചുകൊണ്ടാൽ ഇടിഭയം ഉണ്ടാകയില്ലെന്നു ബുധവചനം. അൎജ്ജുനന്റെ എല്ലാ പേരുകളും കകുഭവൃക്ഷത്തിന്റെ (നീർമരുതിന്റെ—ചല്ലമരുതിന്റെ) പൎയ്യായങ്ങളാകുന്നു.

'അൎജ്ജുനഃ കകുഭഃ പാൎത്ഥ
ശ്ചിത്രയോധീ ധനഞ്ജയഃ
വീരാന്തകഃ കിരീടീച
നദീസൎജ്ജോപി പാണ്ഡവഃ'

(ധന്വന്തരി)

'അൎജ്ജുനസ്ത്വംബരഃ പാൎത്ഥ
ശ്ചിത്രയോധീ ധനഞ്ജയഃ
വൈരാന്തകഃ കിരീടീച
ഗാണ്ഡീവീ ശിവമല്ലകഃ
സവ്യസാചീ നദീസൎജ്ജഃ
കൎണ്ണാരിഃ കുരുവീരകഃ
കൌന്തേയ ഇന്ദ്രസൂനുശ്ച
വീരദ്രുഃ കൃഷ്ണസാരഥിഃ
പൃഥാജഃ ഫല്ഗുനോ ധന്വീ
കകുഭശ്ചൈകവിംശതിഃ'

(രാജനിഘണ്ടു)

൨. കാൎത്തവീൎയ്യാൎജ്ജുനൻ-ഹൈഹയാധിപനായ കൃതവീൎയ്യന്റെ മകൻ. സാധാരണ പേർ കാൎത്തവീൎയ്യൻ. ഇദ്ദേഹത്തെ പരശുരാമൻ വധിച്ചു. ൩. ഇന്ദ്രൻ.

**അൎജ്ജുനം**-൧. വെളുത്ത നിറം. സമ്പാദിച്ചുവെയ്ക്കുന്നതു് എന്നൎത്ഥം. ൨. നീർമരുതു്. പുല്ലുമരമെന്നും അഭിപ്രായം കാണുന്നു. അൎജ്ജുനന്റെ പേരുള്ളതു് എന്നൎത്ഥം. ൩. തൃണമേദം. സമ്പാദിക്കപ്പെട്ടതു് എന്നു ശബ്ദാൎത്ഥം. ൪. വെള്ളി. ൫. സ്വൎണ്ണം. ൬. ഒരു നേത്രരോഗം.

[വേദനകൂടാതെയും മിനുപ്പോടുകൂടിയും മുയലിന്റെ ചോരപോലെ രക്തവൎണ്ണമായുള്ള ഒരു ബിന്ദു കണ്ണിന്റെ ശുക്ലമണ്ഡലത്തിങ്കൽ ഉണ്ടാകും. ഇതത്രെ അൎജ്ജുനം.]

**അൎജ്ജുനി**-൧. പശു. ൨. ഒരുവക സൎപ്പം. ൩. ഉഷ (അനിരുദ്ധന്റെ ഭാൎയ്യ). ൪. ഒരു നദി (കരതോയ). ൫. അൎജ്ജുനന്റെ പുത്രൻ. ൬. മിക്കവാറും വെളുത്ത നിറമുള്ളവൻ.

**അൎജ്ജുനോപമം**-തേക്കുവൃക്ഷം.

**അൎണ്ണ**-ഒരു നദി.

**അൎണ്ണപോതം**-വള്ളം, കപ്പൽ.

**അൎണ്ണം**-തേക്കുമരം.

**അൎണ്ണവകാഞ്ചി**-ഭൂമി.

**അൎണ്ണവം**-സമുദ്രം, ജലമുള്ളതു്.

‘കൎണ്ണസ്വായംധനമീഷ്ടാദികളാം
അൎണ്ണവമാശ്രുകടപ്പാൻനല്ലോരു’
(കിരാതം തുള്ളൽ)

**അൎണ്ണവമന്ദിരൻ**-൧. വിഷ്ണു. ൨. വരുണൻ.

**അൎണ്ണവമലം**-കടൽനുര.

**അൎണ്ണവോൽഭവ**-ലക്ഷ്മി.

**അൎണ്ണവോത്ഭവൻ**-ചന്ദ്രൻ.

**അൎണ്ണവോത്ഭവം**-അഗ്നിജാരവൃക്ഷം.

**അൎണ്ണസ്സ്**-൧. ജലം. പൊങ്ങിക്കൊണ്ടിരിക്കുന്നതു് എന്നൎത്ഥം. ൨. ഇരുവേലി.

**അൎണ്ണോജഭവൻ**-ബ്രഹ്മാവ്. താമരയിൽ ഉണ്ടായവൻ എന്നൎത്ഥം.

**അൎണ്ണോജം**-താമര. ജലത്തിലുണ്ടായതു്.

**അൎണ്ണോദഃ**-൧. മേഘം. ൨. മുത്തങ്ങ.

**അൎണ്ണോരുഹം**-താമര. ജലത്തിൽ മുളച്ചതു്.

**അൎണ്ണോരുഹാക്ഷൻ**-വിഷ്ണു. താമരപോലെയിരിക്കുന്ന കണ്ണോടുകൂടിയവൻ.

**അൎത്തഗളം**-നീലക്കുറിഞ്ഞി.

**അൎത്തന**-വി. ൧. ദ്വേഷിക്കുന്ന, നിന്ദിക്കുന്ന. ൨. ദുഃഖമുള്ള, ദുഃഖിച്ച.

**അൎത്തനം**-൧. ജുഗുപ്സ (ലജ്ജ). ൨. ആക്ഷേപം.

**അൎത്തി**-൧. പീഡ. ൨. വില്ലിന്റെ അഗ്രഭാഗം. ഹിംസിക്കുന്നതു് എന്നൎത്ഥം.

**അൎത്ഥദാപനം**-കടം വാങ്ങിക്കൊടുത്ത അൎത്ഥത്തെ മടക്കി കൊടുപ്പിക്കുന്നതു്.

**അൎത്ഥദൂഷണം**-൧. ദുൎവ്യയം, അധികച്ചെലവ്. കോപജമായ ദോഷം. അൎത്ഥദൂഷണം സപ്തവ്യസനങ്ങളിൽ ഒന്നാകുന്നു. ൨. അൎത്ഥത്തിൽ ദോഷം കണ്ടുപിടിക്കുക. ൩. അന്യന്റെ വസ്തുവെ നശിപ്പിക്കുക.

**അൎത്ഥന**-യാചന, അപേക്ഷ.

**അൎത്ഥനിൎദ്ദേശം**-പൊരുൾതിരിപ്പ്.

**അൎത്ഥപതി**-൧. കുബേരൻ. ൨. മഹാരാജാവ്.

**അൎത്ഥപരീക്ഷ**-അൎത്ഥനിൎണ്ണയം ചെയ്ക, വഴിപോലെ കണ്ടുനോക്കുക. ചൎച്ച, സംഖ്യ, വിചാരണ ഇവ ൩-ം, പൎയ്യായങ്ങളാം (പ്രമാണംകൊണ്ടുള്ള അൎത്ഥപരീക്ഷ എന്നു താൽപൎയ്യം).

**അൎത്ഥപാലി**[illegible]-ഉദയം

**അൎത്ഥപൌനരുക്ത്യ**-[illegible] ഒന്നു സിദ്ധിക്കുന്ന അൎത്ഥത്തെ എടുത്തു പറയുക ഉ-ം, വെള്ളം മാഹി[illegible], വയറാരിശക്കുന്നു മുതലായവ

**അൎത്ഥപ്ര**[illegible]-[illegible]കൊടുക്കുവഴി [illegible]

അൎത്ഥബന്ധം-വാക്കുകളെ അടുക്കുക.

അൎത്ഥം-൧. ധനം. യാചിക്കപ്പെടുന്നതു് എന്നൎത്ഥം. ൨. ശബ്ദംകൊണ്ടു പറയപ്പെടുന്നതു്. ൩. നിവൃത്തി. ൪. പ്രയോജനം ൫ വസ്തുതത്വം. ൬ (വ്യാകരണത്തിൽ) കൃതികളിൽ ഒരു വിഭാഗം.

അൎത്ഥലോലുപ-വി. ദുരാഗ്രഹമുള്ള.

അൎത്ഥവത്തു്-വി. ൧. ധനമുള്ള. ൨. ബുദ്ധിയുള്ള. ൩. സാരമുള്ള. ൪ ജയമുള്ള. ൫ ഉപയോഗമുള്ള.

അൎത്ഥവാൻ-൧. ധനവാൻ. ൨. മനുഷ്യൻ.

അൎത്ഥവിചാരം- അൎത്ഥത്തെക്കുറിച്ചുള്ള ഓൎമ്മ.

അൎത്ഥവിജ്ഞാനം- അൎത്ഥത്തെക്കുറിച്ചുള്ള അറിവു്.

അൎത്ഥവ്യക്തി-കാവ്യഗുണങ്ങളിൽ ഒന്നു്. വസ്തുസ്വഭാവം സ്ഫുടമായിരിക്കുന്നതു്.

അൎത്ഥശാസ്ത്രം- അൎത്ഥമെന്ന പുരുഷാൎത്ഥത്തിനു് ഉപയോഗിയായ ശാസ്ത്രം. അൎത്ഥം=ഭൂമി, ധനം മുതലായതു്. ഇവയെക്കുറിച്ചുള്ളശാസ്ത്രം അൎത്ഥശാസ്ത്രം. ഇതു് അറിഞ്ഞിരുന്നെങ്കിലത്രേ ഭൂമി മുതലായ സ്വത്തുക്കളെ പരിപാലിപ്പാൻ കഴികയുള്ളു.

അൎത്ഥസാധനം-വേപ്പു്.

അൎത്ഥാഗമം-ധനലാഭം.

അൎത്ഥാഗ്രഹം-ധനത്തിലുള്ള താല്പൎയ്യം.

അൎത്ഥാഗ്രഹി-ധനത്തിലിച്ഛയുള്ളവൻ.

അൎത്ഥാതിദൎപ്പം-ധനം മുതലായതിനാലുണ്ടായ ഗൎവ്വം.

അൎത്ഥാതുരൻ-ധനേച്ഛകൊണ്ടു ക്ഷീണിച്ചവൻ.

അൎത്ഥാന്തരന്യാസം-ഒരലങ്കാരം.
'പ്രസ്തുതമായ സാമാന്യത്തെ സമൎത്ഥിപ്പാൻ വേണ്ടി അപ്രസ്തുതമായ വിശേഷത്തെയോ, മറിച്ചു പ്രസ്തുതമായ വിശേഷത്തിനു വേണ്ടി അപ്രസ്തുതമായ സാമാന്യത്തെയോ കഥിക്കുന്നതു്'.
(ഭാഷാഭൂഷണം)

അൎത്ഥാന്തരം-മറെറാരൎത്ഥം.

അൎത്ഥാപത്തി-ഒരലങ്കാരം. 'ഒരു കാൎയ്യത്തിന്റെ ഉൽപ്പത്തിയിൽ അതിനെ സംബന്ധിച്ചു മറെറാരു കാൎയ്യത്തിന്റെ നിഷ്പത്തി അൎത്ഥസിദ്ധമായി വരിക'.
(ഭാഷാഭൂഷണം)

അൎത്ഥാൎത്ഥി-അൎത്ഥത്തെ യാചിക്കുന്ന.

അൎത്ഥാലങ്കാരം- അലങ്കാരത്തിൽ ഒരു പിരിവു്. മറെറാന്നു ശബ്ദാലങ്കാരം.

അൎത്ഥി-൧. യാചകൻ. ധനം കൈവശമില്ലാത്തവൻ എന്നു പദാൎത്ഥം. ൨. ധനമുള്ളവൻ. ൩. രാജസേവൻ.

അൎത്ഥികൻ-൧. വിളിച്ചുപറയുന്നവൻ, കാവൽക്കാരൻ. ൨. ഭൃത്യൻ. ഊണുസമയത്തെയും ഉറക്കസമയത്തെയും പാട്ടു പാടി അറിയിക്കുന്നതാണു് ഇവന്റെ തൊഴിൽ.

അൎത്ഥിക്കുക- യാചിക്കുക, അപേക്ഷിക്കുക.

അൎത്ഥിത-വി. യാചിക്കപ്പെട്ട.

അൎത്ഥിതം-ആഗ്രഹം.

അൎത്ഥൌകസ്സ്-ഭണ്ഡാഗാരം.

അൎത്ഥ്യ-വി. ൧. അൎത്ഥിക്കത്തക്ക, യാചിക്കത്തക്ക. ൨. ധനമുള്ള. ൩. ശരിയായ. ൪. ബുദ്ധിയുള്ള.

അൎത്ഥ്യൻ-൧. അൎത്ഥത്തോടുകൂടിയവൻ. ൨. ധൈൎയ്യമുള്ളവൻ.

അൎത്ഥ്യം-കന്മദം. രോഗികൾ യാചിക്കുന്നതു് എന്നൎത്ഥം.

അൎദ്ദന-൧. കൊല. ൨. ഉപദ്രവം, പീഡ. ൩. ദുഃഖം. ൪. യാചന.

അൎദ്ദനൻ-കൊല്ലുന്നവൻ, പീഡിപ്പിക്കുന്നവൻ.

അൎദ്ദനം-൧. പീഡ ൨. ദുഃഖം. ൩. കൊല. ൪. യാചിക്കുക.

അൎദ്ദനി-പ്ര. രോഗം. വ. അഗ്നി. ന. യാചന.

അൎദ്ദിക്കുക-പ്ര. ഉപദ്രവിക്കുക, കൊല്ലുക, വ. യാചിക്കുക.

അൎദ്ദിത-വി. പ്ര. ഉപദ്രവിക്കപ്പെട്ട, ദുഃഖിപ്പിക്കപ്പെട്ട, കൊല്ലപ്പെട്ട. വ. യാചിക്കപ്പെട്ട.

അൎദ്ദിതം-പ്ര. ഉപദ്രവിക്കപ്പെട്ടതു്, ദുഃഖിപ്പിക്കപ്പെട്ടതു്, കൊല്ലപ്പെട്ടതു്. വ. യാചിക്കപ്പെട്ടതു്. ന. കോട്ടവാതം.

[അൎദ്ദിതം-എന്ന വാതവ്യാധിക്കു മുഖത്തിന്റെ പകുതിഭാഗത്തിനു കോട്ടം ഭവിക്കും. കഴുത്തിനും കോട്ടം ഉണ്ടാകും, തലവീക്കും, വാക്കുപുറപ്പെടുകയില്ല ഇത്യാദി ലക്ഷണങ്ങളാം.]

അൎദ്ധകേതു-ഭദ്രൻ.

അൎദ്ധക്ഷൌരം-തല ഒഴിച്ചുള്ള ക്ഷൌരം.

അൎദ്ധഗംഗ-കാവേരി.

അൎദ്ധഗ്രാസം-തികയാത്ത ഭക്ഷണം.

അൎദ്ധചന്ദ്ര-വി. പാതിച്ചന്ദ്രനെപ്പോലെയുള്ള.

അൎദ്ധചന്ദ്ര-നാമപ്പൂക്കൊന്ന. അൎദ്ധചന്ദ്രാകൃതിയിലുള്ള ഇലയോടുകൂടിയതു് എന്നൎത്ഥം.

അൎദ്ധചന്ദ്രൻ-പാതിച്ചന്ദ്രൻ.

അൎദ്ധചന്ദ്രം-വ്യാകരണത്തിൽ സംവൃതോകാരത്തിനുള്ള അടയാളം-ഉ-ം, (ᵕ).

അൎദ്ധചന്ദ്രാകാരം, അൎദ്ധചന്ദ്രാകൃതി-അൎദ്ധചന്ദ്രനെപ്പോലെയുള്ളതു്.

അൎദ്ധതൂരം-ഒരുവക വാദ്യം.

അൎദ്ധനാരായണൻ-വിഷ്ണുവിന്റെ ഒരു രൂപം.

അൎദ്ധനാരീശൻ, അൎദ്ധനാരീശ്വരൻ-ശിവൻ. പകുതി സ്ത്രീയും പകുതി പുരുഷനുമായുള്ള ശിവന്റെ രൂപം.

അൎദ്ധനാവം-തോണിയുടെ നേർപകുതി (സ്ഥലത്തിന്റെ പേർ). നൌവിന്റെ (തോണിയുടെ) അൎദ്ധം (പകുതി).

[അകമ്പടിക്കാൎക്കും രക്ഷികൾക്കുമായിട്ടു തോണിയുടെ നേർപകുതി കൊടുത്തതിന്റെശേഷം വിവാഹംചെയ്യുവനേയും പത്നിയേയും ഔപാസനാഗ്നിയേയും ശേഷം പകുതി സ്ഥലത്തിരുത്തണമെന്നുള്ള ഗൃഹ്യവചനത്തിൽ ഈ ശബ്ദം പ്രയോഗിച്ചു കാണുന്നു-'പുരോഗാദിഭ്യഃ പൃഷ്ഠരക്ഷിഭ്യശ്ചാൎദ്ധനാവം പ്രകല്പ്യ വധൂവരമഗ്നിഞ്ചാസ്ഥാപയതി].

അൎദ്ധനിശ-പാതിരാത്രി.

അൎദ്ധപഞ്ചാശത്തു്-ഇരുപത്തഞ്ചു് (൨൫)

അൎദ്ധപാദിക-വി. അരപ്പാദമുള്ള.

അൎദ്ധപാരാവതം-ഒരുവക പ്രാവു്.

അൎദ്ധം-പ്ര. നേർപകുതി. കൂട്ടമായതിനെ വേർതിരിക്കുന്നതു് എന്നൎത്ഥം. വ. ശകലം.

അൎദ്ധമാണവം, അൎദ്ധമാണവകം-കഴുത്തിൽ കെട്ടുന്നതും പന്ത്രണ്ടു് ഇഴയുള്ളതുമായ ഒരാഭരണം. (മുത്തുമാല)

അൎദ്ധമൌലി-ശിവൻ.

അൎദ്ധരഥൻ-പ്ര. യുദ്ധത്തിൽ ധീരത ഇല്ലാത്തവൻ. വ. ഒരു തേരാളിയുടെ സാമൎത്ഥ്യമില്ലാത്ത മറെറാരുവനൊന്നിച്ചു രഥത്തിലിരുന്നു യുദ്ധംചെയ്യുന്നവൻ (യോദ്ധാവു്.)

അൎദ്ധരാത്ര-രാത്രിയുടെ മദ്ധ്യകാലം.

അൎദ്ധരാത്രാൎദ്ധദിവസം-സമരാത്രി, രാപ്പകൽ ഒരുപോലെ ഇരിക്കുന്ന കാലം.

അൎദ്ധരാത്രി-പാതിരാത്രി. പൎയ്യായങ്ങൾ-അൎദ്ധരാത്രം, നിശീഥം.

അൎദ്ധൎച്ചം-ഋക്കിന്റെ പകുതി. വേദത്തിൽ ഒരു വാക്യത്തിന്റെ പകുതി.

അൎദ്ധലക്ഷ്മീഹരി-അൎദ്ധരൂപം ലക്ഷ്മിയുടേതായിട്ടുള്ള ഹരി.

അൎദ്ധവിലപം-ഒരു കഷായം. ശോഫത്തിനും ശോധനക്കാവിനും നന്നു്.

അഥ്വൃദ്ധ-അമ്പതുവയസ്സചെന്ന ഒത്തം വ്രമരിച്ചു് കാഷായവസ്ത്രം ധരിച്ചിരിക്കുന്നവൾ.

അഥ്ശതം-അമ്പതു് (൫൦)

അഥ്ശഫരം-ഒരുവക മത്സ്യം.

അഥ്സമവൃത്തം- (ഛന്ദശ്ശാസ്ത്രത്തിൽ) ഒരു പദ്യത്തിന്റെ പ്രഥമതൃതീയപാദങ്ങൾക്കും ദ്വിതീയചതുർത്ഥപാദങ്ങൾക്കും ലക്ഷണം ഒന്നാകുന്നതു്.

'ജനനമരണമെന്നതിജ്ജനാനാം-
മനഭവമെന്നതിനെന്തൊടാവിവാദം
മരണദിവസവും ശിരസ്സിലാക്കി
ധരണിതലം പ്രവിശന്തിമാനുഷന്മാർ
(ശ്രീകൃഷ്ണചരിതം)

അഥ്സിരി-പകുതിവിളവു തന്റെ വേലയ്ക്കു വകവച്ചെടുക്കുന്ന കൃഷിക്കാരൻ.

അഥ്ഹാരം-പന്ത്രണ്ടു ഇഴയുള്ള മുത്തുമാല, പാതിരുദ്രാക്ഷവും പാതിമുത്തും കൂടിയമാല, അറുപത്തിനാലു മുത്തു കോർത്ത മാല.

അഥാദ്ധം-പകുതിയിൽ പകുതി.

അഥാസനസ്ഥ-വി. പകുതിസ്ഥലത്തിരുന്ന.

അഥാസനം-മാനിച്ചുകൂടെ ഇരുത്തുക.

അഥി,അഥിക-വി. പകുതിക്കവകാശമുള്ള.

അഥിക്കുക-പകുതിയാക്കുക.

അഥോക്തം-പകുതി പറയപ്പെട്ടതു്.

അഥോദയം-പു. പകുതി ഉദിക്കുക. ഉ. ഒരു പുണ്യദിനം. കറുത്തവാവും, തിങ്കളാഴ്ചയും, തിരുവോണവും, വ്യതീപാതയോഗവും ചേർന്നദിവസം.)

അഥോദിത-വി. പു. പകുതി ഉദിച്ച ഉ. പകുതി പറയപ്പെട്ട.

അഥോരുകം — സ്ത്രീകളുടെ അരമാത്രം മറയ്ക്കുന്നവസ്ത്രം, സ്ത്രീകൾ തുടയുടെ നടുവുവരെ ഉടുക്കുന്നവസ്ത്രം, ചല്ലടം. തുടയുടെ പകുതിയിൽ ശോഭിക്കുന്നതു് എന്നു ശബ്ദാർത്ഥം. മറെറാരുപേരു്യഞ്ചണ്ഡാതകം.

അഥ്യ-വി. പു. പാതിയെസംബന്ധിച്ച. ഉ. വദ്ധിപ്പിക്കത്തക്ക.

അപ്പണം-വെയ്ക്കുക, കൊടുക്കുക.

അപ്പിക്കുന്നു-വെയ്ക്കുന്നു, കൊടുക്കുന്നു.

അപ്പിത-വെയ്ക്കപ്പെട്ട, കൊടുക്കപ്പെട്ട.

അർബ്ബുദി, അർബ്ബുദൻ - സപ്തൃഷിയായ ഒരസുരൻ. ഇവനെ ഇന്ദ്രൻ കൊന്നു.

അർബ്ബുദം—പു. പത്തുകോടി എന്ന സംഖ്യ. ഉ. വ്യാധിവിശേഷം. ന. പശ്ചിമ ഇൻഡ്യയിലുള്ള ഒരു പർവ്വതം.

അഭ്രക-വി. ചെറുതായ.

അഭ്രകൻ—പു. കുട്ടി, കുഞ്ഞു്, പൈതൽ. വളർത്തപ്പെടുന്നതുകൊണ്ടു് അല്ലെങ്കിൽ അമ്മയെ ആശ്രയിച്ചു ഗമിക്കുന്നതുകൊണ്ടു് ഈ പേരുണ്ടായി. ഉ. മൂഢൻ.

അഭ്രകം—ആനയുടെ ഒരു മർമ്മം.

അമ്മക-വി. മെലിഞ്ഞ, ഉണങ്ങിയ.

അമ്മം-പു. നേത്രരോഗവിശേഷം. ഉ. ഒരുവൻ പോകേണ്ടതായ ദേശം (ഗന്തവ്യദേശം.) ന. ശ്മശാനഭൂമി.

അര്യ-വി. പു. മഹത്വമുള്ള, ശ്രേഷ്ഠമായുള്ള. ഉ. മാന്യമായ, യോഗ്യമായ.

അര്യൻ-പു. പ്രഭു, ശ്രേഷ്ഠൻ. ഉ. വൈശ്യൻ. ഗമിക്കുന്നവൻ എന്നർത്ഥം.

അര്യമാവു് - സൂര്യൻ. അസ്തമനപർവ്വതത്തിലേക്കു ഗമിക്കുന്നവൻ,ഗമനശീലൻ എന്നിങ്ങനെ ശബ്ദാർത്ഥം.

അര്യ-പു. പ്രഭു, ശ്രേഷ്ഠ. ഉ. വൈശ്യസ്ത്രീ.

അര്യാണി-വൈശ്യജാതിയിൽ പിറന്നവൾ.

അര്യി.വൈശ്യന്റെ ഭാര്യ.

അവ്വാ(വ്വ)—പു. കുതിര. ഗമിക്കുന്നതു് എന്നർത്ഥം. ഉ. നശിക്കപ്പെട്ടതു്. ഒന്നിൽനിന്നു് പിരിഞ്ഞുപോകുന്നതു് എന്നർത്ഥം, അപേക്ഷിക്കാതെ ഗമിക്കുന്നതു്

എന്നർത്ഥമാകാം. ൩. ചന്ദ്രന്റെ പത്തുകതി രകളിൽ ഒന്ന്. ൪. ചൊവ്വാട്ടച്ചുൺ. ൫. ദൈത്യരുടെ വാഹനം (പകുതി കതിരയും പകുതി പക്ഷിയും).

അർവ്വാ(വ്)-൧. അധമൻ. ൨. ഇന്ദ്രൻ.

അർവ്വാവസു-൧. സൂര്യന്റെ ഒരു രശ്മി ൨. രൈഭ്യൻ എന്ന ഋഷിയുടെ ഒരു പുത്രന്റെ പേർ. ദേവകളുടെ ഹോതാവ്.

[രൈഭ്യാജമഹർഷിയുടെ പുത്രനും യാഗത്തിൽ നിന്നുത്ഭവിച്ച ഒരു രാക്ഷസനാൽ കൊല്ലപ്പെട്ടവനുമായ യവക്രീതനേയും, യവക്രീതന്റെ ചിതയിൽ കയറി മരിച്ച രൈഭ്യാജനേയും പരാവസുവിനാൽ കൊല്ലപ്പെട്ട രൈഭ്യനേയും അർവ്വാവസുവിന്റെ ഭക്തിനിമിത്തം ദേവകൾ ജീവിപ്പിച്ചു.]

അർവ്വതി-൧. പെൺകുതിര. ൨. തായ്ക്കിഴവി, ദൂതി, കൂട്ടിക്കൊടുക്കുന്ന സ്ത്രീ.

അർവ്വശ-വി. വേഗമുള്ള.

അർവ്വാൿ-അ. കീഴായകാലത്തിങ്കൽ, കീഴായ ദേശത്തിങ്കൽ, കീഴായകാലത്തിലോ ദേശത്തിലോ ഭവിച്ചതു്, പിമ്പിൽ.

അർവ്വാൿ-വി. പിന്നാലെ വരുന്ന.

അർവ്വാംഗൻ-തലകമ്പിട്ടവൻ.

അർവ്വാചീനൻ-പിന്നീടുള്ളവൻ, ഇക്കാലത്തുള്ളവൻ.

അർവ്വുകർ-ദക്ഷിണഭാരതത്തിലെ ഒരു ജാതിക്കാർ. മഹാഭാരതത്തിൽ സഹദേവൻ ജയിച്ചു് എന്നു പറയുന്നവരാണ്.

അർശം-നഷ്ടം, ഛേദം, ഉപദ്രവം.

അർശസ്സ്-മൂലക്കുരു, മൂലരോഗം. ഉണ്ടായാൽ ഉടൻ ഗുദത്തിലെല്ലാം പരക്കുന്നതു് എന്നർത്ഥം, ശത്രുക്കൾക്ക സമം പ്രാണികളെ കൊല്ലുന്നതു് എന്നുമാകാം. മറ്റൊരുപര്യായം-ദുർന്നാമകം.

അർശസൻ-മൂലരോഗമുള്ളവൻ.

അർശോഘ്നം-ചേന, കാട്ടുചേന. അർശസ്സിനെ ഹനിക്കുന്നതു് എന്നർത്ഥം.

[അർശോഘ്നം, സൂരണം, കന്ദം ഇവ മൂന്നും ചേനയുടെ സാമാന്യവാചകമാണെന്നും അർശസ്സ് എന്ന രോഗത്തെ ഹനിപ്പാൻ കാട്ടുചേനയ്ക്കാണ് കൂടുതൽ സാമർത്ഥ്യമെന്നും ഔഷധിനിഘണ്ടു പ്രസ്താവിക്കുന്നു.]

അർശോരോഗയുതൻ-അർശസ്സുള്ളവൻ.

അർഷണം-൧. ശമനം. ൨. അനക്കം.

അർഹ-വി. യോഗ്യമായ.

അർഹ-പൂജ.

അർഹത-യോഗ്യത.

അർഹൻ-൧. യോഗ്യൻ. ൨. ഇന്ദ്രൻ. ൩. വിഷ്ണു

അർഹതൻ-൧. ബുദ്ധൻ. ൨. ശിവൻ.

അർഹണാ, അർഹണം-പൂജ, ബഹുമാനം.

അർഹണീയ-വി. പൂജിക്കത്തക്ക.

അർഹവർണ്ണൻ-ഓടക്കാരൻ.

അർഹിത-വി. നമസ്കരിക്കപ്പെട്ട.

അല-ഒരു ധാതു. ഈ ധാതുവിനു (മലയാളത്തിൽ) തെണ്ടിനടക്കുക എന്നർത്ഥം.

അല-൧. സമുദ്രത്തിലെതിര. ൨. ദുഃഖം.

അലകടൽ-തിരകളോടുകൂടിയ സമുദ്രം.

അലക്-൧. കമുകിന്റെയും മറ്റും കീറ്. ൨. വാരി. ൩. പിച്ചാത്തി മുതലായതു പിടിക്കുന്നതിന്റെ മേൽവശം.

അലക്ക്-൧. വസ്ത്രങ്ങൾ അടിച്ചുകഴുകി വെളുപ്പിക്ക. ൨. തല്ലുക, അടിക്കുക.

[അലക്കിയ ഉണപ്പുടവയ്ക്കു 'ഉദ്ഗമനീയം' എന്നും അലക്കിയ പട്ടിനു 'ധൌതകൌശേയം' എന്നും പേർ.]

അലക്കുക-൧. മുണ്ടു അടിച്ചുകഴുകിവെളുപ്പിക്കുക. ൨. തല്ലുക, അടിക്കുക.

അലക്കുകാരൻ-വെളുത്തേടൻ, അലക്കുന്നവൻ.

അലക്ത(ക)ം-അരക്കു, ചെമ്പഞ്ഞിച്ചാറ്. കാൽവിരലുകൾ ഇതുകൊണ്ടു് അ

ലങ്കരിക്കുന്നതിനാൽ ഈ പേർ വന്നു. അരക്കരന്നയാണ് ചെമ്പഞ്ഞിച്ചാറായിട്ടും മററും ഉപയോഗിക്കാറുള്ളത്.

'അലക്തകകാന്തവചപല്ലവകോമളേന'

(അമരുകശതകം)

**അലക്ഷണ**-വി. പ്ര. രൂപമില്ലാത്ത. വ. ഭംഗിയില്ലാത്ത, അടയാളമില്ലാത്ത, ഗുണമില്ലാത്ത.

**അലക്ഷിത**-വി. പ്ര. കാണപ്പെട്ടതല്ലാത്ത. വ. അടയാളമിടപ്പെട്ടതല്ലാത്ത.

**അലക്ഷിതൻ**-കാണപ്പെടാത്തവൻ.

**അലക്ഷ്മി**-പ്ര. അഭാഗ്യം. വ. അഴുക്ക്. ന. പൊലിമകേട്.

**അലക്ഷ്മീ**-പ്ര. നരകദേവത. വ. ജ്യേഷ്ഠാഭഗവതി.

**അലക്ഷ്മീക**-വി. പ്ര. ഭാഗ്യക്കേടുള്ള. വ. പൊലിമയില്ലാത്ത.

**അലക്ഷ്മീവത്ത്**-വി. ലക്ഷ്മിയില്ലാത്ത.

**അലക്ഷ്യ**-വി. പ്ര. ലക്ഷ്യം (കാണപ്പെടത്തക്കത്) അല്ലാത്ത. വ. തിരിച്ചറിയാവതല്ലാത്ത, തെളിഞ്ഞിട്ടില്ലാത്ത.

**അലക്ഷ്യാ**-പ്ര. കാണപ്പെടായ്ക. വ. അടയാളമില്ലായ്ക. ന. ലാക്കില്ലായ്ക. ഭ. വകവയ്ക്കാത്ത സ്ഥിതി.

**അലംകരണം**-ആഭരണം. അലങ്കരിക്കുക എന്നർത്ഥം.

**അലംകരിക്കുക**-ആഭരണങ്ങൾ മുതലായവ അണിയുക, വിതാനിക്കുക, പട്ടുവിതാനം മുതലായവ ചെയ്ക.

**അലംകരിഷ്ണു**-അലംകരിക്ക ശീലമായവൻ.

**അലങ്കർത്താവ്**-അലങ്കരിക്ക ശീലമായിട്ടുള്ളവൻ. പരിപൂർണ്ണമാക്കി ചെയ്യുന്നവൻ എന്നർത്ഥം.

**അലങ്കർമ്മീണൻ**-വ്യാപാരശക്തിയുള്ളവൻ, ക്രിയകൾ ചെയ്യുന്നതിനു സാമർത്ഥ്യമുള്ളവൻ.

**അലങ്കാരചതുഷ്ടയം**-നക്ഷത്രങ്ങൾക്കു ചന്ദ്രൻ, സ്ത്രീകൾക്കു ഭർത്താവ്, ഭൂമിക്കു രാജാവ്, എല്ലാവർക്കും വിദ്യ ഇങ്ങനെ നാല്.

**അലങ്കാരചിത്രിതം**-അലങ്കാരങ്ങൾ കൊണ്ടു നാനാവർണ്ണമാക്കപ്പെട്ടത്.

**അലങ്കാരം**-പ്ര. ആഭരണം.

'അലങ്കാരസ്ത്വാഭരണം പരിഷ്കാരോ
വിഭൂഷണം മണ്ഡനം....' (അമരം)

[അലങ്കാരം, ആഭരണം, പരിഷ്കാരം, വിഭൂഷണം, മണ്ഡനം ഇവ 5-ം ആഭരണത്തിന്റെ പേർ.]

വ. അലങ്കാരശാസ്ത്രം. "സഹൃദയന്മാരുടെ ഹൃദയത്തിന് ആഹ്ലാദത്തെ ജനിപ്പിക്കുന്നതായ കവിതാധർമ്മത്തിന് ചമൽകാരം എന്നു പേർ. ചമൽകാരത്തിന് ആശ്രയമായ വാക്യഭംഗിതന്നെ അലങ്കാരം. (ഭാഷാഭൂഷണം)"

**അലങ്കാര്യ്യ**-അലങ്കരിക്കപ്പെടേണ്ടത്.

**അലങ്കാരസാധനചതുഷ്ടയം**-അതിശയം, സാമ്യം, വാസ്തവം, ശ്ലേഷം ഇവ നാലും (അർത്ഥാലങ്കാരത്തിലുള്ളവ).

**അലങ്കാരസ്വപ്നം**-അലങ്കാരരൂപമായ സ്വപ്നം. സംസ്കൃതത്തിൽ ശൃംഗാരികമകം.

**അലംകൃത**-വി. അലങ്കരിക്കപ്പെട്ട.

'മണ്ഡിതഃ പ്രസാധിതോലംകൃതശ്ച
ഭൂഷിതശ്ച പരിഷ്കൃതഃ'

[മണ്ഡിതൻ, പ്രസാധിതൻ, അലംകൃതൻ, ഭൂഷിതൻ, പരിഷ്കൃതൻ 5-ം, അലങ്കരിക്കപ്പെട്ടവന്റെ പേർ]

**അലംകൃതി**-അലങ്കാരം, അലങ്കരിക്ക.

**അലംക്രിയ**-അലങ്കാരക്രിയ, അലങ്കരിക്കുക എന്ന ക്രിയ. മറെറാരുപര്യായം-ഭൂഷണം.

**അലംകായിക**-ചെറുതേക്കുപുല്ല്.

**അലംകോലം**-പൊലിമകേട്, കുഴപ്പം.

**അലഗൎദ്ദ(ൎഭ)ം**-നീൎക്കോലി. ലോകരെ പീഡിപ്പിക്കാത്തതു്, തവളകളെ വിഴുങ്ങുന്നതു്. [ലഗൎദ്ദൻ അല്ലാത്തവൻ = അലഗൎദ്ദൻ. ലഗൎദ്ദൻ=ചവിട്ടിയവനെ പീഡിപ്പിക്കുന്നവൻ.] വിഷമില്ലാത്തതിനാൽ കടി ഏററാലും പീഡ ഉണ്ടാകയില്ല. ശബ്ദിക്കയും സഞ്ചരിക്കയും ചെയ്യുന്നതു്. ലക്ഷണത്തിൽ വളരെ താൽപൎയ്യമുള്ളതു് എന്നിങ്ങനെ വ്യുൽപത്തി.

**അലഘു**-വി. ലഘുവല്ലാത്ത, വലുതായ.

'അലഘുസംപദിസജ്ജനവുംതഥാ'
(അഭിജ്ഞാനശാകുന്തളം)

**അലഘുപലം**-പാറ.

**അലംഘ്യം**-ലംഘി (അതിക്രമി) ക്കപ്പെടുവാൻ വയ്യാത്തതു്, സാധിപ്പാൻ പ്രയാസമായതു്, ചെയ്യപ്പെടാൻവയ്യാത്തതു്.

**അലങ്ങൽ**-ക്രി. അനക്കം. വ. അമളി, കലഹം.

**അലങ്ങുക**-അനങ്ങുക.

**അലച്ചൽ**-ക്രി. കഷ്ടത. വ. വ്യസനം. ന. ക്ലേശം. ൪. ഇളക്കം. അലച്ചിൽ എന്നുമുണ്ടു്. അലശൽ അലച്ചൽ ഇങ്ങിനെ പഴയ പ്രയോഗവും കാണുന്നു.

**അലജി**-പ്രമേഹക്കുരുക്കളിൽ ഒരുവക.

**അലജം**-ഒരുവക പക്ഷി.

**അലജ്ജ**-ലജ്ജയില്ലായ്ക, നാണമില്ലായ്ക.

**അലഞ്ഞരി**-മംഗലി (മംകലി).

**അലഞ്ജരം**-മംഗലി (മങ്കലി). പിരാവു് മുതലായ വലിയ പാത്രം. [അളിഞ്ജരം എന്നമരത്തിൽകാണുന്നു.] സാമൎത്ഥ്യമില്ലാത്തതു്, വേഗം പൊട്ടിപ്പോകുന്നതു് എന്നു ശബ്ദാൎത്ഥം. മററൊരു പൎയ്യായം-മണികം.

**അലഞ്ജിവിക**-കാലക്ഷേപത്തിനുള്ള.

**അലട്ടു്**-ബുദ്ധിമുട്ടു്, പ്രയാസം, ഉപദ്രവം. ഈ ധാതുവിനു ബുദ്ധിമുട്ടിക്ക എന്നൎത്ഥം. (അലട്ടുക=ഉപദ്രവിക്ക).

'മാതാനിന്ദിക്കമപ്പൻ വെടിയുമധമനിൽ
സോദരൻ മൌനനാകും
ഭൃത്യൻപാരം ഹസിക്കും നിജ സുതനവൻ
ചൊല്ലുകിൽ കേൾക്കയില്ല
കോപിക്കും ഭാൎയ്യ ബന്ധുക്കളുമധികമല-
ട്ടോൎത്തു കണ്ടാലൊളിക്കും
എന്നോൎത്തൎത്ഥങ്ങൾ നേടീടണമഖിലജനം
വന്ദനം ചെയ്യുമപ്പോൾ'.
(ബാലഭൂഷണം)

**അലതാരി**-കോപ്പു്, ആവശ്യമുള്ള സാമാനങ്ങൾ.

**അലതി**-ക്രി. അരിഷ്ടത. വ. ഉപദ്രവം. ന. സന്തോഷമില്ലാത്ത വേദനനിമിത്തമുണ്ടാകുന്ന ക്ഷീണം.

**അലപ്പറ**-അസഹ്യത,അലട്ടു്,പ്രയാസം.

**അലപ്പു്**-ക്രി. കഴപ്പു്, കലഹം, അമളി, കലശൽ. വ. അത്യാഗ്രഹം, കൊതി. ന. മയക്കം.

'ഇലക്കണനടേതമയനോടടൽകൊട്ടത്താ-
ലപ്പിനോട്ടുമകമവനന്തകനും വാഴും'
(രാമചരിതം)

**അലബ്ധ**-വി. ലബ്ധം (ലഭിച്ചതു്) അല്ലാത്ത, കിട്ടാത്ത.

**അലബ്ധി**-ലഭിക്കായ്ക.

**അലഭ്യ**-വി. ലഭ്യ (ലഭിക്കത്തക്കതു്) അല്ലാത്ത.

**അലം**-അ. ക്രി. ഭൂഷണം. വ. പൎയ്യാപ്തി (പരിപൂൎണ്ണത, മതി). ന. ശക്തി (സാമൎത്ഥ്യം.) ൪. വാരണം (തടവു്).

'അലംഭൂഷണപൎയ്യാപ്തി
ശക്തിവാരണവാചകം' (അമരം)

൫. അരികാരം.

**അലംഗാമി**-വി. പിൻതുടരുന്ന.

**അലമ്പൽ**-ക്രി. ശോകനിമിത്തം ഇന്നിന്നതാണു് ചെയ്യേണ്ടതെന്നു അറിവില്ലായ്ക. വ. കീറൽ.

**അലമ്പു്**-ക്രി. ഉപദ്രവം. വ. ക്ഷീണം.

അലമ്പുക-ക്രി. കഴുകുക. ഉ. ക്ഷീണിക്കുക. ന. മുണ്ടോ മറ്റോ വെള്ളത്തിലിട്ടു കഴുകുക.

അലംബുദ്ധി, അലംമതി-മതി എന്ന മനസ്സ് (തൃപ്തി).

അലംബുഷാ-ക്രി. പാച്ചോററി. ഉ. ഒര പ്സരസ്ത്രീ.

അലംബുഷൻ-ഒരു രാക്ഷസൻ (ഇവനെ ഘടോൽക്കചൻ കൊന്നു). ഉ. പ്രഹസ്തൻ (രാവണന്റെ മന്ത്രി).

അലംബുസം-നീലക്കടമ്പ്.

അലംഭാവം-മതിയെന്നുള്ളബുദ്ധി(തൃപ്തി)

അലംമതി-മതിയെന്നുള്ളബുദ്ധി (തൃപ്തി).

അലമലം-മതിമതി.

അലമാരി, അൽമാരി-സാമാനങ്ങൾ വെയ്ക്കാനുള്ള ഒരുമാതിരി പെട്ടി. ഇതു പോർത്തുഗീസ് വാക്കാണ്.

അലയ്ക്കുക-ക്രി. മാറടിക്കുക, ദുഃഖംനിമിത്തം രണ്ടു കൈയും കൊണ്ടു തന്നത്താൻ നെഞ്ചിലടിക്കുക. ഉ. തിരയടിക്കുക. ന. തല്ലുക.

അലയുക-ക്രി. ഉഴലുക, ചുററിനടക്കുക. ഉ. തളരുക ന. അനങ്ങുക, ഇളകുക. ർ. തിരയടിക്കുക.

അലർ-ക്രി. മൊട്ട്. ഉ. പൂവ്.

അലരി-അരളി എന്ന പുഷ്പം, ഒരു പൂച്ചെടി.

[പ്രതിഹാസം, ശതപ്രാസം, ചണ്ഡാതം, ഹയമാരകം, കരവീരം ഇവ പര്യായങ്ങൾ].

അലരുക-ക്രി. വികസിക്കുക, വിരിയുക ഉ. വളരെ ചൂടുകൊണ്ടു പൊരിയുക. ന. അധികം ആഗ്രഹിക്കുക.

അലർച്ച-ക്രി. അലറുക, അട്ടഹാസം. ഉ. അത്യാഗ്രഹം.

അലർന്ന-വി. മലർന്ന.

'ചെവമേഹിമയമമെചകാമതകാണ്മാനാ-
യകൊമ്പലമന്നാഗശോകമിതാഗസാമസ്സ്
(കണ്ണശ്ശരാമായണം) [മനംഗൻ'

അലർന്നവൻ-അലച്ചക്കാരൻ, അത്യാഗ്രഹി.

അലൽ, അല്ലൽ-ദുഃഖം.

അലവല-കീറിപ്പറിഞ്ഞതു്.

'വേറൊരുപൊന്നിൻചെപ്പതിലല്ലാ-
ലലവലയാകിയ....................'
(ഭഗവൽഗീത)

അലവാലം-വൃക്ഷങ്ങളുടെ ചുവട്ടിൽ വെള്ളം നില്പാനായിട്ട് ഉണ്ടാക്കുന്ന തടം. ആലവാലം എന്നതിനാണ് അധികം പ്രചാരം.

അലസ-വി. ക്രി. മടിയുള്ള. ഉ. ഇളക്കമുള്ള.

അലസക-വി. മടിയുള്ള. ഇളക്കമുള്ള.

അലസകം-വായുക്ഷോഭം.

അലസത-ക്രി. മടി. ഉ. ഇളക്കം. ന. ഇടച്ചൽ. ർ. സാഹിത്യസാഹ്യപ്രകാരമുള്ള ഒരു രീതി. (അലസം നോക്കുക.)

അലസൻ-മടിയൻ, മടികൊണ്ടു കാര്യങ്ങളിൽ ശോഭിക്കാത്തവൻ.

'വലുതായസുരകാര്യംചലത്തുമുണ്ടിഹപാർത്ഥ-
ഖലവീര്യ്യേണസാധിപ്പ അലസനല്ലവനേ്
(നിവാതകവചവധം കഥകളി) ട്ടം'

അലസം, അലസത-ക്രി. മഞ്ഞ (പെരുക്കാൽ). ഉ. ഒരു വൃക്ഷം ന. കാൽവിരലുകളുടെ ഇടയിലുണ്ടാകുന്ന വിള്ളൽ. ർ. സാഹിത്യസാഹ്യപ്രകാരം രീതികളിൽ ഒന്ന്. വൈചിത്ര്യംകൊണ്ടും ഫലിതംകൊണ്ടും ഉണ്ടാകുന്ന കാന്തിവിശേഷം ഉണ്ടാകാതിരിക്കുക).

ഉജ്ജ്വലം > < അലസം.

അലസൽ-ക്രി. ഗർഭം അഴിയുക. ഉ. തളച്ച്. ന. മടക്കം. ർ. കലക്കം. ഒ. വേർവിടുക

അലസു-ഒരു വള്ളി.

അലസാലാപം-വേറെ ജോലിയില്ലാഞ്ഞിട്ട് വല്ലതും പറക.

അലസാതെ-വി. പ്ര. മൂരാതെ. ല. ഗർഭം ഛിദ്രിക്കാതെ.

അലസിപ്പൂവ്(വ്)-പുഷ്പാഞ്ജലിക്ക് ഉപയോഗമുള്ള ഒരുവകപ്പൂവ്.

അലസുക-ഗർഭം ഛിദ്രിക്കുക (പിള്ളയഴിയുക.)

അലറുക-നിലവിളിക്കുക, അട്ടഹാസം ചെയ്ക.

അലാക്ക്-നാശം.

അലാക്കായി-ഉദാസീനമായി.

അലാതം-തീക്കൊള്ളി. കൊള്ളിയെ പേടിച്ച് ആരും ഇതിനെ എടുക്കാത്തതിനാൽ ഈ പേർവന്നു. മറെറാരുപര്യായം-'ഉല്മുകം'

അലിക്കത്ത്-മേൽകാതിലെകടുക്കൻ.

അലാബു-ചുര. ഇതിൻെറ ഉണങ്ങിയ കായ് (ചുരക്ക-ചുരങ്ങ) ജലത്തിലിട്ടാൽ താഴുകില്ല. അതിനാൽ ഈ പേരുണ്ടായി. താഴാത്തതു് എന്നു് അർത്ഥം.

[രണ്ടു് ഉണങ്ങിയ കായ് കൂട്ടി പിണച്ചുകെട്ടി ജലാശയത്തിൽ ഇട്ടു് അതിൽ കിടന്നു തുഴഞ്ഞു് നീന്തിക്കടക്കാം. അലാബൂ, ആലാബൂ, ആലാബു, ലാബു, ലാബൂ ഇവ പാഠാന്തരങ്ങൾ. ചുരക്ക (ചുരങ്ങ) ഭക്ഷിക്കത്തക്കതാണു്. സ്വാദുണ്ടു്. ചിലസ്ഥലങ്ങളിൽ ബ്രാഹ്മണർ ഇതിനെ സ്വീകരിക്കുന്നില്ല. പാൽചുരങ്ങ എന്നും കറുത്തചുരങ്ങ എന്നും രണ്ടിനം കാണുന്നു. കറുത്തതു ഭക്ഷിക്കത്തക്കതല്ലെന്നു് അഭിപ്രായക്കാരുണ്ടു്.]

അലാംബു-ചുര. അലാബു നോക്കുക.

അലായുധൻ-ഒരു രാക്ഷസൻ. ഇയാളെ ഘടോൽക്കചൻ കൊന്നു.

അലി-ഈ ധാതുവിനു മലയാളത്തിൽ 'ദ്രവമാവുക' എന്നർത്ഥം.

അലിച്ചൽ-അലിവ്, ഉരുകൽ.

അലിഞ്ജരം-മംഗലി (മങ്ങലി) എന്ന പാത്രം. അലഞ്ജരം നോക്കുക.

അലിപ്പുണ്ണ്-കരിഞ്ഞവ്രണം.

അലിയുക-ഉരുകുക.

അലിവ്-പ്ര. ആർദ്രത, കൃപ. ല. ഉരുകൽ.

അലിംഗബഹുവചനം-(വ്യാകരണത്തിൽ) സ്ത്രീപുരുഷലിംഗങ്ങൾ രണ്ടും കൂടികലർന്നുവരുന്ന ബഹുവചനത്തെ കുറിക്കുന്നതു്. പ്രത്യയം-ആർ.

സലിംഗം—അലിംഗം.

കരടന്മാർ } കരടർ
കരടികൾ }

അലിംഗം-പ്ര. ലിംഗം (ചിഹ്നം-അടയാളം) ഇല്ലാത്തതു്. ല. (വ്യാകരണത്തിൽ) ലിംഗമില്ലാത്തതു്.

അലിംഗൻ-ദൈവം.

അലുക്ക്-തൊങ്ങൽ.

അലുക്കുക-പ്ര. ഇളകുക. ല. വ്യാകുലപ്പെടുത്തുക. ന. ക്ഷീണിപ്പിക്കുക.

അലുക്കലുക്ക്-ഞെട്ടൽ, നടുങ്ങൽ, ഭയം കൊണ്ടുള്ള വിറയൽ.

'വലിയചിലവനംപുക്കാമ്പോൾ
വലിയചിലനിനദംകേട്ടി-
ട്ടലുക്കലുക്കപിടിച്ചുമുനി
രാമരഘുനാഥമയ'

(രാമായണം ൨൪ വൃത്തം)

അലുങ്ങൽ-ഇളക്കം, അമളി, തിടുക്കം.

അലുപ്ത-വി. ലുപ്തം (നശിക്കപ്പെട്ടതു്) അല്ലാത്ത.

അലുപ്പ്-ക്ഷീണം, തളർച്ച.

അലുബ്ധൻ-ലുബ്ധനല്ലാത്തവൻ.

അലുവസ്-തൊഴിൽ, ദവഷ.

അലുവാ-ഒരു പലഹാരം (അറബിഭാഷ)

അലൂന-വി. ലൂനം (മുറിക്കപ്പെട്ടതു്) അല്ലാത്ത.

'അനാഘ്രാതംപുഷ്പംകിസലയമലൂനംകരരുഹൈഃ'

(അഭിജ്ഞാനശാകുന്തളം)

അലേഖം-എഴുതാത്ത ഗ്രന്ഥം.

അലേപകൻ- വസ്ത്രഭേദമില്ലാത്തവൻ, ദൈവം.

'ആനന്ദരൂപമലേപകമവ്യയം'
(ഭാഗവതം)

അലേമാനി-ജന്മി.

അലോക്യപ്പെടുത്തുക-അസഹ്യപ്പെടുത്തുക.

അലോക്യം-അസഹ്യം, ഉപദ്രവം.

അലോക്യ-വി. നടപ്പില്ലാത്ത, അപൂർവമായ.

അലോല-ഒരുവൃത്തം. ശക്വരിഛന്ദസ്സിൽ പെട്ടതാണ്. പാദമൊന്നിൽ പതിനാലു അക്ഷരം വീതം കാണും.

'മംസംമംഭഗഗംചൊന്നാലഴകിലലോലം'
(വൃത്തമഞ്ജരി)

അലോലുപൻ-നൂറ്റവരിൽ ഒരുവൻ

അലാസരം-ബലപ്പാട്, കഴക്ക്. (പ്രയോഗം ചുരുക്കം.)

അലോഹ്യ-ലോഹസംബന്ധമല്ലാത്ത.

അലൌകികൻ - ലോകമര്യാദ അറിഞ്ഞുകൂടാത്തവൻ, ലോകസ്ഥിതിയെ കവിഞ്ഞവൻ.

അലൌകികത-ലൌകികമില്ലായ്ക, ലോകമര്യാദയില്ലായ്ക.

അല്ക്കം-പു. വൃക്ഷം. ന. അവയവം.

അല്ക്കീടം-ജഘനം, ഗുഹ്യപ്രദേശം. അല്കിടം എന്നും കാണുന്നു. 'ചീരത്താരല്കിടം' (കൃഷ്ണഗാഥ.)

അല്പ-വി. പു. ഹീനമായ, ചെറിയ. ന. സാരമില്ലാത്ത.

അല്പകാലം-അല്പസമയം.

'സരസചതുരമൂലതായവരണ്ടൊന്നിച്ചാൽ
തെരിയസൂചീമുഖംകൊണ്ടുടൻകെട്ടായ
പൂവിതഴനൂറതിൽവരമൊട്ടുംവിദേശ
പത്രമതൊന്നുമറിഞ്ഞങ്ങുതാൻമേൽചെന്നു
പാറീടുന്നതിനിടയുള്ളൊരുകാലക്രമം
അല്പമിന്നല്ലകാലമെന്നുപോലെചൊല്ലീടുന്നു'
(ഭാഗവതം)

അല്പഗന്ധം-ചെന്താമര.

അല്പതനു-ചെറിയ ദേഹമായവൻ.

അല്പൻ-സാരമില്ലാത്തവൻ.

അല്പപത്മം-ചെന്താമര.

അല്പപ്രജ്ഞ-വി. ബുദ്ധികുറവായ.

അല്പം-സൂക്ഷ്മമായത്. ചുരുക്കപ്പെടുന്നത് എന്നു ശബ്ദാർത്ഥം.

'സ്തോകാല്പക്ഷുല്ലകാഃശ്ലക്ഷ്ണം
സൂക്ഷ്മം ദഭ്രം കൃശം തനു
സ്ത്രിയാം മാത്രാ ത്രുടീപുംസി
ലവലേശകണാണവഃ'

[സ്തോകം, അല്പം, ക്ഷുല്ലകം, ശ്ലക്ഷ്ണം സൂക്ഷ്മം, ദഭ്രം, കൃശം, തനു, മാത്ര, ത്രുടി ലവം, ലേശം, കണം, അണു ൧൪-ം സൂക്ഷ്മമായതിന്റെ പേർ. സ്തോകശബ്ദം മുതൽ ൫-ം അല്പത്തിന്റെ പേരാണെന്നും അഭിപ്രായം കാണുന്നു.]

അല്പബുദ്ധി-വി. ബുദ്ധികുറഞ്ഞ.

അല്പമതി-അല്പബുദ്ധി.

അല്പവൃത്തി-കുറച്ച്, കുറെ; ഉപായസ്ഥിതി

അല്പമധ്യമ-വി. ചെറിയ (കൃശമായ) അരയുള്ള.

അല്പമാരിഷം-ചെറുചീര.

[രസപാകങ്ങളിൽ മധുരവും ശീതവീര്യവുമാകുന്നു. അരോചകം, അഗ്നിമാന്ദ്യം, പിത്തരോഗം, കഫരോഗം, തലതിരിച്ചൽ, വിഷം, ചുട്ടുനീറൽ ഇവയെ നശിപ്പിക്കും.]

അല്പമൂർത്തി-വി. പു. ചെറിയശരീരമുള്ള. ന. കിളരം കുറഞ്ഞ.

അല്പരസം-അല്പമായ സന്തോഷം.

അല്പവിദ്യ-പഠിത്തമില്ലായ്ക, മൂഢത്വം.

അല്പശമി - ശമിയോടൊപ്പമുള്ള ഒരു ചെറിയ വൃക്ഷം.

അല്പസരസ്സ്-ചിറക്കുളം. മഴപെയ്ത്തുജലം-വേശന്തം, പല്വലം.

അല്പസാര-വി. പു. ദൃഢികുറഞ്ഞ. ന. ശക്തികുറഞ്ഞ.

അല്പസാരജ്ഞ-വി. ബുദ്ധികറഞ്ഞ.

അല്പ-ഫ. തൊട്ടാവാടി. ഉ. വളരെ ചെറുതായ ഒരുമാതിരി ഈച്ച.

അല്പാചമനം-മൂത്രവിസർജ്ജനം. (ഇതൊരു ബ്രഹ്മമനവാചകം).

അല്പാല്പ-വി. വളരെ ചെറുതായ.

'അല്പാല്പംപേനിനക്കപ്പൊഴുമഭിലഷിതം'

(ഉത്തരരാമായണം ചമ്പു)

അല്പായുസ്സ്-വി. ആയുസ്സുകറഞ്ഞ,

അല്പാർത്ഥൻ-പാവപ്പെട്ടവൻ.

അല്പാർത്ഥവാചി-അർത്ഥംകറഞ്ഞവാക്ക്.

അല്പാശമി-ശമി, ചമത, ചെറുവന്നി.

അല്പിഷ്ഠ-വി. അധികം ചെറിയ, അത്യല്പമായ.

അല്പീയസ്സ്-ഏററവും അല്പം.

അല്പേതര-വി. വലുതായ.

അല്, അല്ല്-ഫ. രാത്രി. ഉ. ഇരുട്ട്. ഇതിൽനിന്നു(അൽ + താഴം)അന്താഴം, അത്തൽ ഇത്യാദിയുണ്ടായി.

അല്ല്-ഇരുട്ട്, രാത്രി.

അല്ല-നിഷേധവാക്ക്.

അല്ലാൽ-അല്ലാത്തതിനാൽ.

അല്ല-നാടകത്തിൽ മാതാവിനു പറയുന്ന പേർ.

അല്ലൽ-ഫ. വ്യസനം, സങ്കടം. ഉ. ഭീതി. (അലൽ എന്നു പ-മ.)

അല്ലയോ-ഫ. ഹേ (സംബോധന) ഉ-ം, അല്ലയോ രാമ! ഉ. അമ്മേ.

അല്ലലപ്പെടുക-ഫ. വ്യസനിക്കുക. ഉ. ഭയപ്പെടുക.

അല്ലായ്കിൽ-അല്ലെങ്കിൽ.

അല്ലാതെ-കൂടാതെ.

അല്ലി, അല്ലല്ലി ?-അല്ലാതിരിക്കുമോ? ചോദ്യത്തിങ്കൽ പറയുന്ന വാക്ക്.

അല്ലി-ഫ. പൂക്കാമ്പുകളുമുള്ള കേസരം. ഉ. ജലത്തിലുള്ള ഒരു ഒരു.

അല്ലിത്താർ-താമരപ്പൂവ്. അല്ലിത്താർ എന്ന ശബ്ദത്തോടു ശരപര്യായങ്ങൾചേർത്താൽ കാമദേവൻ എന്നർത്ഥമാകും. ഉ-ം, അല്ലിത്താർശരൻ, അല്ലിത്താർബാണൻ ഇത്യാദി.

അല്ലിത്താർമാതു്-ലക്ഷ്മീദേവി. അല്ലിത്താരിന്റെ (അല്ലിത്താമരയുടെ) മാതു് (പെൺ). അല്ലിത്താരാണു് ലക്ഷ്മിയുടെ മാതാവു് എന്നും പറയാം.

അല്ലിപ്പൂമകൾ-ലക്ഷ്മി. മുന്നർത്ഥം നോക്കുക.

'അല്ലിപ്പൂമകൾകാന്തൻ

താനതുകൾചെയ്തീടിനാൻ' (ഭാഗവതം)

അല്ലിയൻ-ഫ. ഉഴലുന്ന ആന. ഉ. പെണ്ണാന.

അല്ലിവിശിഖൻ-കാമൻ. അല്ലി (അല്ലിത്താർ) വിശിഖൻ (ശരമാക്കിയവൻ).

'അല്ലിവിശിഖനുടെവില്ലിൻവിലാസത്തെ

(പ്രദോഷമാഹാത്മ്യം തുള്ളൽ) [യും'

അല്ലീ-അ. അല്ലയോ.

അല്ലൂർ-കൊടുങ്ങല്ലൂരിൽ പെരുമാക്കന്മാരുടെ വാസസ്ഥലം. 'അല്ലൽപെരുംകോയിലകം' എന്നും പറയും.

അല്ലേ-അ. 'അല്ലയോ' എന്നതിന്റെ സംക്ഷിപ്തരൂപമായിട്ടാണു് സാധാരണ പ്രയോഗിക്കുക. ചിലേടത്തു് 'ഏ' എന്നതു് അവധാരണാർത്ഥകമായ ഒരു നിപാതമായിട്ടും വരും. രണ്ടാമത്തേതിനു് ഉ-ം,

'നമുക്കുളകൊണ്ടുപകാരം

മനേഷധമർന്നം സാരം

നിനക്കാച്ച വീരന്മം പാരം

നിത്യസഞ്ചാരം'

(നളചരിതം കഥകളി)

അല്ലോ-അ. അല്ലായോ, വാക്കുകളുടെ അവസാനത്തിൽ നിശ്ചയത്തിന്നുവേണ്ടി ഉപയോഗിക്കുന്ന ഒരു വാക്ക്.

അവ-അ. ഈ ഉപസൎഗ്ഗം സംസ്കൃതങ്ങളുടെ മുമ്പിൽ കാണാം. നഷ്ടം, കീഴ്ത്തരം, വേൎപാടു, കറച്ചൽ, രക്ഷണം, പരപ്പ, അറിവ്, കല്പന, മുയ്യ്, ആചാരമില്ലായ്ക ഇത്യാദി ഇതിന്റെ അൎത്ഥം.

അവ-൧. അതു് എന്നതിന്റെ ബഹുവചനം. അതുകൾ എന്നുമാകാം. അവ, അവററ, അവററകൾ, അവററ് ഈ ബഹുവചനങ്ങൾ നപുംസകത്തിൽ പ്രയോഗം. ൨. അങ്കുരം, മുള, കൂമ്പ്, തളിര്.

അവകടം-൧. ആപത്ത്. ൨. ദുൎഘടം.

അവകടിക-൧. മായം, മാറാട്ടം. ൨. ഉറകപടം. ൩. വ്യാപ്തി.

അവകരം-അടിച്ചുകളയപ്പെട്ടതു്, തൂറപ്പ (ചൂല്)കൊണ്ട് അടിച്ചുകൂട്ടിയ അടിക്കാട്ട്. അടിച്ചുകൂട്ടപ്പെടുന്നതു് എന്നു ശബ്ദാൎത്ഥം. മറെറാരു പൎയ്യായം (സങ്കരം.)

അവകൎഷണം-പുറത്തേയ്ക്കു വലിക്കുക.

അവകലിത-വി. ൧. കാണപ്പെട്ട. ൨. അറിയപ്പെട്ട. ൩. സ്വീകരിക്കപ്പെട്ട. ൪. പ്രതികൂലമായുള്ള, വികടമായുള്ള, ദുശ്ശീലമുള്ള.

അവകാശം-൧. അധികാരം. ൨. അനുഭവം. ൩. സംഗതി. (സംസ്കൃതത്തിൽ) ൪. ഇടം. ൫. സമയം. ൬. സ്ഥലം.

അവകാശപ്പെടുക- അനുഭവമായിത്തീരുക.

അവകാശി-അവകാശക്കാരൻ, ഉടയക്കാരൻ.

അവകീൎണ്ണ-വി. ൧. വിതറപ്പെട്ട. ൨. പൊടിക്കപ്പെട്ട. ൩. ഉപേക്ഷിക്കപ്പെട്ട.

അവകീൎണ്ണി-ബ്രഹ്മചൎയ്യാദി വ്രതത്തിൽനിന്നു പിഴച്ചവൻ. വിക്ഷിപ്തമായ വ്രതത്തോടുകൂടിയവൻ എന്നു ശബ്ദാൎത്ഥം. മറെറാരു പൎയ്യായം-'ക്ഷതവ്രതൻ'.

അവകീൎത്തി-ദുൎയ്യശസ്സ്.

അവകുഞ്ചനം-൧. വളവ്. ൨. ചൊരംശം.

അവകുണ്ഠനം-൧. വളവ്. ൨. ഉൾപ്പെടുത്തൽ.

അവകുണ്ഠനംചെയ്ക-മറയ്ക്കുക.

അവക്രൂലി-ഒരുവക നെൽക്കൂലി.

അവകൃഷ്ട-വി. പുറത്തു തള്ളപ്പെട്ട.

അവകൃഷ്ടൻ-൧. പിടിച്ചുതള്ളി പുറത്താക്കപ്പെട്ടവൻ. അവകൎഷിക്കപ്പെട്ടവൻ എന്നു ശബ്ദാൎത്ഥം. അപകൃഷ്ടൻ എന്നു പാഠാന്തരം. മറെറാരുപൎയ്യായം-നിഷ്കാസിതൻ. ൨. അടിച്ചുതളി മുതലായ താഴ്ന്ന വേല ചെയ്യുന്നവൻ.

അവകേട്ടു-അബദ്ധം.

അവകേശ-വി. കീഴ്പെട്ടു നീണ്ടുകിടക്കുന്ന കേശം (തലമുടി) ഉള്ള.

അവകേശൻ-തലമുടിയില്ലാത്തവൻ.

അവകേശി-തലമുടിയില്ലാത്തവൻ, ൨. ഒരിക്കലും കായ്ക്കാത്ത മരം. അവകേശനെ (തലമുടിയില്ലാത്തവനെ) പ്പോലെ ഭംഗിയില്ലാത്തതു് എന്നൎത്ഥം.

അവകേശി-വി. ൧. കറച്ചു തലമുടിയുള്ള. ൨. കായ്ക്കാത്ത.

അവകം-ശൂന്യം.

അവക്തവ്യം-പറഞ്ഞുകൂടാത്തതു്.

അവക്രന്ദം, അവക്രന്ദനം-കരച്ചൽ.

അവക്രമം-൧. ക്രമക്കേട്. ൨. പിന്മാററം.

അവക്രയം-വില. ഇതുകൊണ്ടു പകരം വാങ്ങുന്നതിനാൽ ഈ പേരുണ്ടായി.

അവക്രിയ-ഉപേക്ഷ, വീഴ്ച.

അവക്രോശം-൧. ചേൎച്ചയില്ലാത്തശബ്ദം. ൨. നിന്ദ. ൩. ശാപം.

അവക്ഷയം-നാശം.

അവക്ഷേപണം-൧. എറിയുക. ൨. ന്യായശാസ്ത്രപ്രകാരം അഞ്ചുവിധം കൎമ്മങ്ങളിൽ ഒന്ന്. ൩. നിന്ദ. ൪. ശകാരം. ൫. ഭയം.

അവക്ഷേപണി-കടിഞ്ഞാൺ.

**അവക്ഷേപം**- പ്ര. കുററംപറയുക, നിന്ദിച്ചുപറയുക. വ. വിരോധം.

**അവഖണ്ഡിക്കുക**-പ്ര. പങ്കിടുക. വ. ഇല്ലാതാക്കുക.

**അവഖാതം**-താഴ്ച്ചയുള്ള കിടങ്ങ്.

**അവഖാദം**-നിന്ദ്യമായ ഭക്ഷണം.

**അവഖ്യാതി**-ദുഷ്കീർത്തി,

**അവഗണനം**-പ്ര. അനുസരണമില്ലായ്ക, ബഹുമാനമില്ലായ്ക. വ. തോൽവി.

**അവഗണിത**-വി. അവമാനിക്കപ്പെട്ട.

**അവഗണിതം**-അവമാനിക്കപ്പെട്ടത്. കണക്കാക്കപ്പെടാത്തതെന്ന ശബ്ദാർത്ഥം.

**അവഗണ്ഡം**-മുഖപ്പരു, മുഖക്കുരു.

**അവഗതം**-അറിയപ്പെട്ടത്. (അവഗമിക്കപ്പെട്ടത് അവഗതം).

'ആകാരേരവഗതമാളിമിസ്സ്വഭാവം'

(നളചരിതം കഥകളി)

**അവഗതി**-പ്ര. അറിവ്. വ. പോക്ക്.

**അവഗമ(ന)ം**-പ്ര അറിവ്. വ. പോക്ക്.

**അവഗമിക്ക**-പ്ര. അറിയുക വ. പോവുക.

**അവഗാദം**-വള്ളത്തിൽനിന്നു വെള്ളംകോരിക്കളയുന്നതിനു മരംകൊണ്ടു തീർത്ത ചെറിയ പാത്രം.

**അവഗാഹനം, അവഗാഹം**-പ്ര. സ്നാനം (കുളി), മുങ്ങൽ. വ. ഒരു ചികിത്സ. [വാതകോപം സർവ്വാവയവങ്ങളിലുമായി വരുമ്പോൾ ചില മരുന്നുകളിട്ടു തിളപ്പിച്ച ജലം ഒരു കഴിയിൽ നിറച്ചു രോഗി അതിലിറങ്ങി നിൽക്കുകയോ ഇരിക്കുകയോ ചെയ്യുക. മൂത്രകൃഛ്റം, അർശസ്സ് മുതലായവ പിടിപെട്ടാൽ മേൽപ്രകാരം ചെയ്ക ഉത്തമം കഴിയിലേ പാടുള്ളു എന്നില്ല. വലുതായ പാത്രങ്ങളിലും മുൻപറഞ്ഞതുപോലെ ആവാം.]

**അവഗാഹി** - സാഹിത്യസാഹ്യപ്രകാരം രീതികളിൽ ഒന്ന്. രീതി എന്നാൽ പദങ്ങളെ ചേർക്കുന്നതിന്റെ മാതിരി ഭേദമാണ്. വായിച്ചാൽ ഉടൻ മനസ്സിലിറങ്ങി അവിടെ പതിഞ്ഞുകിടക്കുന്നത് അവഗാഹി. ഇതിനു വിപരീതം (മസൃണം.)

**അവഗീതം**-പ്ര. നിന്ദിച്ചു പാടപ്പെട്ടത്. വ. നിന്ദിക്കപ്പെട്ടത്. ന. ഷൌർഭാഗ്യം. ര. യുദ്ധം.

**അവഗീതൻ**-അധമൻ, പ്രസിദ്ധപ്പെട്ട നിന്ദയോടുകൂടിയവൻ(അവഗാനം ചെയ്യപ്പെട്ടവൻ=അവഗീതൻ.) മറെറാരു പര്യായം 'ഖ്യാതഗർഹണൻ'.

**അവഗീർണ്ണ**-വി. സ്തുതിക്കപ്പെട്ട.

**അവഗുണം**-പ്ര. ദുർഗ്ഗുണം. വ. കുറവ്.

**അവഗുണ്ഠനം**-സ്ത്രീകളുടെ മൂടുപടം.

**അവഗുണ്ഠിക**-തിരശ്ശീല.

**അവഗുണ്ഠിത**-വി. തിരശ്ശീലയിട്ടുമൂടിയ.

**അവഗൂഹനം**-പ്ര. ഒളിക്കുക. വ. ആലിംഗനം.

**അവഗൃഹീത**-വി. തടഞ്ഞ, വിരോധിച്ച.

**അവഗ്രഹണം**-പ്ര. തടവ്, വിരോധം. വ. അവമാനം. ന. അറിവ്.

**അവഗ്രഹം**-പ്ര. വർഷപ്രതിബന്ധം (മഴയുടെ തടസ്സം). പിടിച്ചുനിറുത്തുന്നത് എന്നു ശബ്ദാർത്ഥം. ഈ തടസ്സം ഗ്രഹങ്ങൾ പിഴച്ചുനിന്നിട്ടുണ്ടാകുന്നതാണെന്നു ശബ്ദം കൊണ്ടു വെളിവാകുന്നു. അവഗ്രാഹം എന്ന പാഠവും കാണുന്നു.

'വ്യാധികളാധികൾശാഠ്യമേറവും
ശൌര്യംക്രൌര്യംദുസ്തരദുസ്തര
ശീഘ്രജനമരണമവഗ്രഹമെന്നിത്യാദികൾ'

(ഉത്തരരാമായണം ചമ്പു)

വ. ആനയുടെ നെററിയുടെ പേർ, കോട്ടികൊണ്ട് അവഗ്രഹിക്കപ്പെടുന്നേടം. 'ഗജാളികേ വൃഷ്ടിരോധേപ്രതിബന്ധേപ്യവഗ്രഹഃ' എന്നു മേദൻ. ന. സ്വീകാരം. ര. വിരോധം. ല. ശാപവാക്ക്. ശ. അപഹരണം. ഷ. ഉണക്ക്. സ. ബന്ധനം.

അവഗ്രാഹം-പു. ശാപവചനം. ൨. മഴയുടെ തടസ്സം. ൩. തടവ്, പ്രതിബന്ധം. ൪. അകററൽ.

അവഘൂർണ്ണനം-ചുഴൽച്ച, ചുററുക.

അവഘോഷം, അവഘോഷണം, അവഘോഷ-പരസ്യം, വിളംബരം.

അവചിത-വി. പ. ശേഖരിക്കപ്പെട്ട, തിരക്കപ്പെട്ട. ൨. പറിച്ചുകൂട്ടപ്പെട്ട.

അവചൂഡം, അവചൂലം-രഥത്തിൽ തൂങ്ങുന്ന ഒരു തുണി, കൊടിയുടെ മുകളിൽ തൂങ്ങുന്ന ഒരലങ്കാരവസ്തു.

അവചൂർണ്ണനം-പ. പൊടിയാക്കുക. ൨. ഒരുവക രോഗം, പുണ്ണ്. ൩. മുറിവിൽ മരുന്നു പൊടിയിടുക.

അവചൂർണ്ണിത-വി. പൊടിക്കപ്പെട്ട. (അവധ്വസ്ത എന്നും ആകാം).

അവച്ഛ(ച്ഛാ)ദം-മൂടി, മറവ്, പൊതപ്പ്, മൂടുപടം.

അവച്ഛിന്ന-വി. പ. മുറിക്കപ്പെട്ട. ൨. അതിരാക്കപ്പെട്ട.

അവച്ഛേദം-പ. ഭാഗം, പങ്ക്, ൨. അതിര്.

അവച്ഛേദക-വി. പ. പങ്കുള്ള, പ്രത്യേകമുള്ള, വേർതിരിക്കുന്ന. ൨. അതിരാക്കുന്ന.

അവച്ഛേദകം-പ. ലക്ഷണംകൊണ്ടുള്ള അറിവ്. ൨. നിശ്ചയവചനം (മററൊന്നിനെക്കുറിച്ചു നിശ്ചയമായി പറയുക). ൩. അതിര്. ൪. ഗുണം.

അവച്ഛേദനം-പ. വേർപിരിവ്, മുറിക്കുക. ൨. അതിർതിരിക്കുക.

അവച്ഛേദിക്ക-നിശ്ചയിക്ക.

അവജയം, അപജയം-തോൽവി.

അവജിത-വി. പ. ജയിക്കപ്പെട്ട. ൨. ആക്ഷേപിക്കപ്പെട്ട, നിന്ദിക്കപ്പെട്ട.

അവജിതി-തോൽവി.

അവജ്ഞ-അനാദരം, നിന്ദ. ഹീനമായി അറിയുന്നത് എന്നു ശബ്ദാർത്ഥം. അവജ്ഞാനം എന്നുമാകാം.

അവജ്ഞാനം-നിന്ദ, അനാദരം.

അവജ്ഞാത-വി. നിന്ദിക്കപ്പെട്ട, അനാദരിക്കപ്പെട്ട, അവമാനിക്കപ്പെട്ട.

അവജ്ഞേയൻ-അവമാനിക്കപ്പെടേണ്ടവൻ.

അവഞ്ഞാട്ട്, അവഞ്ഞനാട്ട്-കടത്തുവനാട്ടിന്റെ തെക്കുപടിഞ്ഞാറുള്ള ഒരു ദേശം.

അവടൻ-ചെപ്പടിവിദ്യക്കാരൻ, ഇന്ദ്രജാലക്കാരൻ.

അവടം-പു. ഗുഹ,

'അവടങ്ങളും സങ്കടങ്ങളും അകമേഴുമൂശ [ങ്ങൾ'

(നളചരിതം കഥകളി)

൨. കുഴി. ചോരാദികളെ രക്ഷിക്കുന്നത് എന്നു ശബ്ദാർത്ഥം. 'അവടി' എന്നുമാകാം. 'മാർഗ്ഗപവിത്രമവടിരവാടപി' എന്നു ഹലായുധൻ.

അവടി-ഗുഹ, കുഴി, 'അവടം' എന്നതു നോക്കുക.

അവടീടൻ-പതിമൂക്കൻ, കുഴിമൂക്കൻ. അവടീട (കുഴിഞ്ഞമൂക്ക്) ഉള്ളവൻ എന്നു ശബ്ദാർത്ഥം. അവടീടം=നാസികയുടെ നതം (കുഴിവ്).

അവടു-പു. പിൻകഴുത്തും തലയും കൂടുന്ന സന്ധിഭാഗത്തിന്റെ പേർ. ൨. കഴുത്തിലെ മുഴ. ൩. പിടരി (പിടലി). ൪. കിണറ്. ൫. പോത്ത്. ൬. ഒരു വൃക്ഷം.

അവടു-വടു (ബ്രഹ്മചാരി) അല്ലാത്തവൻ.

അവഡീനം-പക്ഷികളുടെ പറപ്പ്.

അവതം-ഒരു തൂക്കം, അളവ്.

അവതന്ത്രാ-ഒരുവക അപസ്മാരം.

അവതം-പു. കിണറ്. ൨. വെള്ളം ഒഴിക്കുന്ന തൊട്ടി, മരവി.

അവതംസം-പു. ശിരോഭൂഷണം. ൨. കർണ്ണാലങ്കാരം (കർണ്ണഭൂഷം).

അവതംസിതം-പു. ശിരോഭൂഷണമാക്കിയത്. ൨. കർണ്ണാലങ്കാരമാക്കിയത്.

**അവതമസാ**-൧. കുറഞ്ഞ ഇരുട്ട് (മങ്ങൽ). അവഹീനമായ (കുറഞ്ഞ) തമസം (ഇരുട്ട്). ൨. കിരീടം മുതലായത്. ൩. കാതിലിടുന്ന ഓല മുതലായത്.

**അവതരണം**-൧. ജനനം. ൨. ഇറക്കം.

**അവതരണികാ**-മുഖവുര, തലക്കെട്ട്.

**അവതരിക്കുക**-൧. ജനിക്കുക. ൨. ഇറങ്ങുക.

**അവതപ്പ്ണം**- വേദന ഇല്ലാതാക്കുന്ന ഒരു ഔഷധം.

**അവതാരകവി**-ഒരു സംസ്കൃതകവി. കാശ്മീരക്കാരനാണ്. അനേകബന്ധവിചിത്രമായി സടീകമായി ഈശ്വരശതകം എന്നൊരു പുസ്തകമുണ്ടാക്കീട്ടുണ്ട്. സ്തുതികുസുമാഞ്ജലിടീകാകാരനായ രാജാനകരത്നകണ്ഠന്റെ മുത്തച്ഛനാണെന്നു തോന്നുന്നു.

**അവതാരം**-൧. ജനനം. ൨. ഇറക്കം ൩. വിഷ്ണുവിന്റെയും മററും ജനനം, രാജാക്കന്മാരുടെ ജനനം.

[ഭാഗവതപുരാണപ്രകാരം അവതാരങ്ങൾ ൨൨. ൧. പുരുഷൻ. ൨. വരാഹം. ൩. നാരദൻ. ൪. നരനാരായണന്മാർ. ൫. കപിലൻ. ൬. ദത്താത്രേയൻ. ൭. യജ്ഞൻ. ൮. ഋഷഭൻ. ൯. പൃഥു. ൧൦. മത്സ്യം. ൧൧. കൂർമ്മം. ൧൨-൧൩-ം ധന്വന്തരി. ൧൪. നരസിംഹം. ൧൫. വാമനൻ. ൧൬. പരശുരാമൻ. ൧൭. വേദവ്യാസൻ. ൧൮. രാമൻ. ൧൯. ബലരാമൻ. ൨൦. കൃഷ്ണൻ. ൨൧. ബുദ്ധൻ. ൨൨. കല്ക്കി.

ദശാവതാരം

(പത്തവതാരം).

'മത്സ്യഃ കൂർമ്മോ വരാഹശ്ച
നാരസിംഹശ്ച വാമനഃ
രാമോ രാമശ്ച രാമശ്ച
കൃഷ്ണഃ ഖഡ്ഗീത്യമീ ദശ'
(രാമോ രാമശ്ച കൃഷ്ണശ്ച
ബുദ്ധഃ കല്ക്കീതി വാ ദശ)

൧. മത്സ്യാവതാരം-വേദങ്ങളെ മോഷ്ടിച്ചുകൊണ്ടുപോയ ഹയഗ്രീവാസുരനെ കൊല്ലുന്നതിനും ഭക്തനായ വൈവസ്വതമനുവിനു മോക്ഷം നൽകുന്നതിനും വേണ്ടി വിഷ്ണു മകരമത്സ്യമായി അവതരിച്ചു.

൨. കൂർമ്മാവതാരം-ഗന്ധർവ്വസ്ത്രീകൾ ഒരു പുഷ്പമാലകെട്ടി ദുർവ്വാസസ്സ് മഹർഷിക്കു കൊടുത്തു. അദ്ദേഹം അതിനെ ഇന്ദ്രനു നൽകി. ഇന്ദ്രൻ ആ മാലയെ ഐരാവതത്തിന്റെ ശിരസ്സിൽ വെച്ചിരിക്കുമ്പോൾ അതു് അതിനെ തുമ്പിക്കൈകൊണ്ടു് എടുത്തു നശിപ്പിച്ചു. ഇതുകണ്ടു മഹർഷി കോപിച്ച് 'ദേവാദികൾ ജരാനരയുള്ളവരായി വൃദ്ധരായി ഭവിക്കട്ടെ' എന്നു ശപിക്കയും 'അമൃതഭോജനം കൊണ്ടു് ജരാനര തീരട്ടെ' എന്നു ശാപമോക്ഷം കൊടുക്കയും ചെയ്തു. അനന്തരം അമൃതം എടുപ്പാൻ പാലാഴി കടഞ്ഞു. ആ സന്ദർഭത്തിൽ മന്ദരപർവ്വതമായിരുന്നു മത്തു്. അതു സമുദ്രത്തിൽ താണുപോയി. അതിനെ ഉയർത്തിക്കൊണ്ടു വരുന്നതിനു വിഷ്ണു നൂറുയോജന വിസ്താരമുള്ള ഒരു ആമയായി അവതരിച്ചു.

൩. വരാഹാവതാരം-ഹിരണ്യാക്ഷനെ കൊല്ലുന്നതിനു വിഷ്ണു പന്നിയായി അവതരിച്ചു.

൪. നരസിംഹാവതാരം-ഹിരണ്യകശിപുവിനെ നിഗ്രഹിപ്പാൻ വിഷ്ണു കഴുത്തിനു മേൽ സിംഹത്തിന്റെ രൂപത്തെയും കഴുത്തിന് കീഴ് മനുഷ്യന്റെ രൂപത്തെയും അവലംബിച്ചു നരസിംഹമൂർത്തിയായി അവതരിച്ചു.

൫. വാമനാവതാരം-മഹാബലിയുടെ അഹങ്കാരം തീർത്തു ലോകരക്ഷചെയ്യാൻ വേണ്ടി വിഷ്ണു വാമനനായി അവതരിച്ചു.

൬. പരശുരാമാവതാരം-കാർത്തവീര്യൻ മുതലായ ക്ഷത്രിയരാജാക്കന്മാരെ

നിഗ്രഹിച്ചു ധർമ്മസംരക്ഷണം ചെയ്വാൻ വിഷ്ണു രേണുകയിൽ പരശുരാമനായി അവതരിച്ചു.

൭. ശ്രീരാമാവതാരം-രാവണൻ മുതലായ ദുഷ്ടരാക്ഷസന്മാരെ കൊല്ലുന്നതിനു വിഷ്ണു കൌസല്യയിൽ ദശരഥന്റെ പുത്രനായി രാമനായി അവതരിച്ചു.

൮. ബലരാമാവതാരം- കൃഷ്ണന്റെ ജ്യേഷ്ഠനായി പ്രലംബാസുരാദികളെ നിഗ്രഹിപ്പാൻ ബലരാമനായി അവതരിച്ചു.

൯. ശ്രീകൃഷ്ണാവതാരം-കംസൻ മുതലായ ദുഷ്ടന്മാരെ നിഗ്രഹിപ്പാനും പാണ്ഡവന്മാരെ സഹായിപ്പാനുമായി വിഷ്ണു ദേവകിയിൽ വസുദേവപുത്രനായി കൃഷ്ണനായി അവതരിച്ചു.

൧൦. കല്ക്കി-കലിയുഗത്തിന്റെ അവസാനത്തിൽ ദുഷ്ടരെ ഇല്ലാതാക്കുവാനായി വിഷ്ണു കല്ക്കിയായി അവതരിക്കും.

അവതാരിക-മുഖവുര, തലക്കെട്ട്.

അവതാളം-൧. ക്ഷേത്രം. ൨. തെററ. ൩. കള്ളം. ൪. താളപ്പിഴ.

അവതീർണ്ണ-വി. അവതരിക്കപ്പെട്ട, ജനിക്കപ്പെട്ട.

അവതോക-ചെന കലങ്ങിയ പശു. (ഗർഭം അലസിപ്പോയ പശു). അവഗളിതം (വീണുപോയ) തോകം (അപത്യം). മററൊരു പര്യായം 'വന്ധ്യാ'.

അവത്രസ്ത-വി. ഭയപ്പെട്ട.

അവദംശം-൧. രുചിയുണ്ടാകുവാൻ വേണ്ടി കഴിക്കുമ്പോൾ കൂട്ടുവാനുള്ള പദാർത്ഥം. 'ഉപദംശ ഭക്ഷണം' എന്നും പാഠം കാണുന്നു. കൂട്ടിക്കഴിക്കുന്നത് എന്നു ശബ്ദാർത്ഥം. മദ്യം സേവിക്കുമ്പോൾ അതിനു രുചിയുണ്ടാകുന്നതും തൊട്ടുകൂട്ടി കഴിക്കുന്നതുമായ മാംസാദികൾ എന്നു വേറൊരഭിപ്രായം കാണുന്നു. (കടുമാങ്ങ, ഉപ്പിലിട്ടത്). ൨. വറുത്തുപ്പേരി.

അവദത്ത-വി. ൧. ദാനംചെയ്ത. ൨. പൂർത്തിയാക്കിയ.

അവദരണം-ഉടയുക, പൊട്ടുക, വേർവിടുക.

അവദാത-൧. വെളുപ്പുനിറമുള്ള. ൨. മഞ്ഞനിറമുള്ള.

അവദാതം-൧. വെളുപ്പുനിറം. ശുദ്ധിയാക്കുന്നതെന്നു ശബ്ദാർത്ഥം ൨. വെളുത്തത്, മഞ്ഞനിറത്തിലുള്ളത്. ൩. ശുദ്ധിയുള്ളത്.

അവദാനം-൧. അതിശ്രേഷ്ഠമായ പ്രവൃത്തി, ശുദ്ധജീവിതം, മുൻകഴിഞ്ഞ ചരിത്രം. ൨. രാമച്ചം.

അവദാരണം-മൺവെട്ടി, പാര, കൈക്കോട്ടു മുതലായ കിളയ്ക്കുന്ന ആയുധം. പിളക്കുന്നത് എന്നു ശബ്ദാർത്ഥം. മററൊരു പര്യായം 'ഖനിത്രം'.

അവദാഹം-രാമച്ചം. ദാഹം-ചൂട്ടുനീറൽ- ഇതുകൊണ്ടു ശമിപ്പിക്കപ്പെടുന്നതിനാൽ ഈ പേരുണ്ടായി.

അവദീർണ്ണ-വി. ൧. ദ്രവിച്ച. ൨. പിളർക്കപ്പെട്ട.

അവദീർണ്ണം-൧. ഉരുക്കപ്പെട്ട സ്വർണ്ണം മുതലായവ. അവദാരണം ചെയ്യപ്പെട്ടത് അവദീർണ്ണം. അവദാരണം ചെയ്ക = ഉരുക്കുക. മററൊരു പര്യായം-ദ്രുതം. ൨. പിളർക്കപ്പെട്ടത്. ൩. ദ്രവിച്ചത്, ഉരുക്കപ്പെട്ടത്.

അവദ്ഗുറ്-മൂഢ്യം, കരള, നണ.

അവദോഹം-൧. പാൽ കറക്കുക. ൨. പാൽ.

അവദ്ധം-അബദ്ധം (എന്നതിന്റെ തത്ഭവം), അപകടം, പിശക്.

അവദ്യ-വി. നിന്ദിക്കപ്പെട്ട, ഹീനമായ, പാപമുള്ള.

അവദ്യൻ-നിന്ദിക്കപ്പെട്ടവൻ, പാപി.

അവദ്യം-നിന്ദിക്കപ്പെട്ടതു (ജാതി, ആചാരം, വംശം മുതലായവകൊണ്ടായിരിക്കണം). പറയപ്പെടരുതാത്തതെന്നു ശബ്ദാർത്ഥം.

അവധാനം-മനസ്സിരുത്തൽ, ജാഗ്രത.

അവധാരണം-നിശ്ചയം.

അവധാവനം-൧. പിറകെ ഓടുക. ൨. കഴുകുക, വൃത്തിയാക്കുക.

അവധാരിതൻ-അവധാരണംചെയ്യപ്പെട്ടവൻ. അവധാരണം ചെയ്യുക=നിശ്ചയിക്കുക.

അവധി-൧. അതിർത്തി. ൨. മട (അള) ൩. നിശ്ചയിച്ച സമയം. ൪. അവസാനം. ൫. മര്യാദ. ൬. ബലം.

അവധിക്രയം-പറഞ്ഞുവെച്ച പ്രകാരമുള്ള വില്പന.

അവധീരണം-൧. തിരസ്കാരം, നിരാകരണം. ൨. അപമാനം.

അവധീരിതൻ-നിരാകരണം ചെയ്യപ്പെട്ടവൻ.

അവധൂകൻ-മര്യ്യയില്ലാത്തവൻ.

അവധൂത-വി. ൧. ലോകകാര്യങ്ങളിൽനിന്നു വേർപെട്ട. ൨. ഉപേക്ഷിക്കപ്പെട്ട. ൩. ഇളക്കപ്പെട്ട. ൪. നിർബ്ബന്ധിക്കപ്പെട്ട. ൫. ആക്രമിക്കപ്പെട്ട.

അവധൂതൻ-സന്യാസി, സർവസംഗപരിത്യാഗം ചെയ്തവൻ.

അവധൂപിത-വി. സുഗന്ധദ്രവ്യങ്ങളാൽ പുകയ്ക്കപ്പെട്ട.

അവധൂലനം-പൂക്കളിൽ പൊടി വിതറുക.

അവധൃത-വി. ൧. കെട്ടഴിഞ്ഞ. ൨. കേട്ടറിയപ്പെട്ട.

അവധ്യ-വി. വധ്യം (വധിക്കപ്പെടേണ്ടതു, കൊല്ലപ്പെടേണ്ടതു്) അല്ലാത്ത.

അവധ്യോക്തി - കൊല്ലരുതെന്നുള്ള വാക്ക്.

അവധ്വംസം-൧. പൊടിക്കുക, അരപ്പ്. ൨. ഉപേക്ഷിക്കൽ. ൩. അപവാദം.

അവധ്വസ്ത-വി. പൊടിക്കപ്പെട്ട. മറ്റൊരു പര്യായം-അവചൂർണ്ണിത.

അവനക്ഷത്രം-നക്ഷത്രങ്ങളുടെ മറവ്.

അവനത-വി. നമസ്കരിച്ച, കനിഞ്ഞ, വളഞ്ഞ.

അവനതമൂർദ്ധാവ്-തലകുമ്പിട്ടവൻ.

അവനതം-തലകുനിച്ചതു്, അധോമുഖമായുള്ളതു്.

അവനതാനത-വി. കീഴ്ക്കാമ്പാടുള്ള.

അവനതി-വളവ്, കനിവ്.

അവനദ്ധ-വി. ൧. ഉണ്ടാക്കപ്പെട്ട. ൨. ഉറപ്പിക്കപ്പെട്ട.

അവനദ്ധം-ഒരു വാദ്യം, ചെണ്ട, ഭേരി.

അവനം-൧. രക്ഷ. ൨. തൃപ്തിവരുത്തൽ. ൩. സന്തോഷം. ൪. ഇച്ഛ ൫. യാചിക്ക. ൬. പിടിച്ചുപറിക്ക. ൭. കൊല ൮. ഗമനം. ൯. ആശ്ലേഷം. ൧൦. പ്രാപിക്കുക.

അവനമിക്ക-നമസ്കരിക്ക, കനിയുക, താഴുക.

അവനമ്ര-വി. കനിഞ്ഞ, താഴ്ന്ന.

'ലജ്ജാവനമ്രവദനാ തമപൃച്ഛദേവം'
(സുഭദ്രാഹരണം കഥകളി).

അവനവഞ്ചേരി - തിരുവിതാംകൂറിൽ ചിറയിൻകീഴ് താലൂക്കിൽ ചേർന്ന ഒരു പകുതി.

അവനാടൻ-പതിമൂക്കൻ, കഴിമൂക്കൻ. അവനാടം (കഴിഞ്ഞമൂക്ക) ഉള്ളവൻ. എന്നു ശബ്ദാർത്ഥം. അവനാടം=നാസികയുടെ നതം (കഴിവ്).

അവനായം-കീഴ്പ്പെട്ടുകൊണ്ടുപോവുക. താഴ്ത്തുക, അവനയിക്കുക എന്നു ശബ്ദാർത്ഥം.

അവനാഹം-ചുറ്റിക്കെട്ടുക.

അവനി-൧. ഭൂമി. മനുഷ്യരെ കാക്കുന്നതു് എന്നു ശബ്ദാർത്ഥം. 'അവനി' എന്നും രൂപം. ൨. വിരൽ. ൩.

നദി. ഈ ശബ്ദത്തോട് ഈശൻ, ഈശ്വരൻ, പാലൻ, നാഥൻ, പതി ഇത്യാദി ശബ്ദങ്ങളെ ചേർത്താൽ 'രാജാവ്' എന്നർത്ഥം ഉണ്ടാകും. ൪. ഒരു വൃത്തം. അതിജഗതിഛന്ദസ്സിൽ ഉൾപ്പെട്ടതാണ്. പാദം ഒന്നിൽ ൧൩ അക്ഷരം കാണും. 'അവനിക്കവതം സസനജലം കില' വൃത്തമഞ്ജരി.

അവനീതലം-ഭൂമി.

അവനീദേവൻ-ബ്രാഹ്മണൻ. അവനി ശബ്ദത്തോട് ദേവപര്യായങ്ങൾ ചേർത്താൽ ബ്രാഹ്മണൻ എന്നർത്ഥമുണ്ടാകും.

അവനേജനം-കഴുകുക.

അവൻ-ആ പുരുഷൻ.

അവന്തി, അവന്തികാ-സ്ത്രീ. ഉജ്ജയിനിനഗരത്തിന്റെ പുരാതനപ്പേർ. അവന്തിദേശം മാൾവായുടെ പടിഞ്ഞാറു നർമ്മദയ്ക്കു വടക്കുള്ള രാജ്യമായിരുന്നു. ഇതിന്റെ പ്രധാനപട്ടണമാണ് ഉജ്ജയിനി. ഹിന്ദുക്കളുടെ ഏഴ് പുണ്യനഗരങ്ങളിൽ ഒന്ന്.

'അയോദ്ധ്യാമഥുരാമായാ
കാശീകാഞ്ചിരവന്തികാ
പുരീദ്വാരവതീചൈവ
സപ്തൈതാമോക്ഷദായികാഃ'

ഇവയത്രേ ൭ നഗരങ്ങൾ. ൨. ഒരു നദിയുടെ പേർ.

അവന്തിസോമം-കാടി, വെപ്പുകാടി അവന്തിദേശത്ത് ഔഷധവിശേഷമായുള്ളത്.

[കാടി മലത്തെ ഇളക്കും. ആമത്തെ പചിപ്പിക്കും. ഒഴുകുന്ന പക്ഷം ജ്വരം, ചുട്ടുനീറൽ ഇവയെ കളയും. അഗ്നിയെ വർദ്ധിപ്പിക്കും. ഹൃദയപ്രസാദത്തെയും രുചിയെയും ജനിപ്പിക്കും. കഴിച്ചാൽ കഫം, വീക്കം, വാതം, മൂർച്ഛ, ഭ്രമം, ശൂലം, ആധ്മാനം ഇവയെ നശിപ്പിക്കയും അഗ്നിയെ വർദ്ധിപ്പിക്കയും ചെയ്യും.]

അവന്ധ്യ-വി. യഥാകാലം കായ്ക്കുന്ന.

അവന്ധ്യ, അബന്ധ്യം-യഥാകാലം കായ്ക്കുന്ന വൃക്ഷം ലത മുതലായവ. വന്ധ്യം അല്ലാത്തത് അവന്ധ്യം. വന്ധ്യം =ഫലത്തെ പുറത്തുവിടാതെ ബന്ധിച്ചു നിറുത്തുന്നത്.

അവപതിക്കുക-വീഴുക.

അവപത്ഥ്യം-അപത്ഥ്യം.

അവപാകം-വി വകയ്ക്കുകൊള്ളാതെ പചിക്കപ്പെട്ട

അവപീഡകം-മൂത്രം തട്ടത്താലുണ്ടാകുന്ന രോഗങ്ങളെ ശമിപ്പിക്കുന്നതിനുള്ള ഒരു നെയ്യ്സേവ.

അവബോധം-ശ്രേഷ്ഠമായ അറിവ്.

അവബോധിക്കുക-അറിയുക.

അവഭൃഥം - യാഗദീക്ഷാവസാനത്തിലെ ഇഷ്ടിയുടേയും, യാഗാവസാനത്തിലെ കുളിയുടേയും പേർ. യാഗദീക്ഷയെ മുഴുവനാക്കിച്ചെയ്യുന്നത് എന്നു ശബ്ദാർത്ഥം.

അവഭൃഥസ്നാതൻ-അവഭൃഥസ്നാനം ചെയ്തവൻ.

അവഭ്രടൻ-പതിമൂക്കൻ, കഴിമൂക്കൻ. അവഭ്രട(കഴിഞ്ഞ മൂക്ക്)ഉള്ളവൻ എന്നു ശബ്ദാർത്ഥം. അവഭ്രടം =നാസികയുടെ നതം (കഴിവ്).

അവമ-വി നിന്ദിക്കപ്പെട്ട.

അവമത-വി, അവമാനിക്കപ്പെട്ട.

അവമതി-അവമാനം; അനിഷ്ടം.

അവമൻ-അധമൻ. ജാതി കുലം ആചാരം എന്നിവകൊണ്ടു നിന്ദിക്കപ്പെട്ടവൻ. ഇതിങ്കൽനിന്ന് ആത്മാവിനെ രക്ഷിക്കുന്നു എന്നു ശബ്ദാർത്ഥം.

അവമന്തവ്യ-അവമാനിക്കപ്പെടാവുന്ന.

അവമർദ്ദം-പീഡനം,(അവമർദ്ദിക്കുക= ഞെരിക്കുക). ശത്രുസൈന്യം വന്നു തങ്ങളെ ഞെരിക്കുക, പൊടിക്കുകകൊണ്ട് ഈ അർത്ഥം വന്നതായും അഭിപ്രായപ്പെടുന്നു.

അവമൎയ്യാദ-മൎയ്യാദകേടു്.

അവമൎശം-സ്പൎശം.

അവമൎഷം-പു. നാടകത്തിലെ അഞ്ചു സന്ധികളിൽ ഒന്നു്. ൨. തിരക്കം. ൩. വിചാരണ.

അവമൎഷണം-പു. പൊറുതിയില്ലായ്മ. ൨. മായ്ക്കുക, മാച്ചുകളയുക.

അവമാനന, അവമാനനം-നിന്ദ, അനാദരം. പൂജയ്ക്കു വിപരീതമായുള്ളതെന്നു ശബ്ദാൎത്ഥം. മാനിക്കാത്തതു് എന്നു താൽപൎയ്യം.

അവമാനം-മാനക്കേടു്, അനാദരം, നിന്ദ

അവമാനിക്കുക-മാനക്കേടു വരുത്തുക, നിന്ദിക്കുക, അനാദരിക്കുക.

അവമാനിത-വി. അവമാനിക്കപ്പെട്ട.

അവയ്ക്കുക-പു. തഴയ്ക്കുക, മുളവരുക, കൃശ്യവരുക. ൨. നെല്ലുകുത്തി അരിയായതിന്റെ ശേഷം അതിലുള്ള തവിടുകളഞ്ഞു വെളുപ്പിക്കുക (തീട്ടുക).

അവയവസംസ്ഥാനം-അവയവങ്ങളുടെ വഴിപോലെയുള്ള ഇരിപ്പ്.

അവയവം-പു. അംഗം, കൈകാൽ മുതലായവ. അന്യോന്യം ഒന്നിച്ചുചേരാതെ പ്രത്യേകം പ്രത്യേകം ഇരിക്കുന്നതു് എന്നു ശബ്ദാൎത്ഥം.

'അംഗംപ്രതീകോവയവോപഘനോഥ'

(അമരം)

[അംഗം, പ്രതീകം, അവയവം, അപഘനം-൪ം. കൈ, കാൽ മുതലായ അവയവങ്ങളുടെ പേർ]

൨. സാധനം (ഉപകരണം)

അവയവി-അവയവമുള്ളതു്. [തേങ്ങ-അവയവി. തൊണ്ടു്, ചിരട്ട, തേങ്ങാപ്പിരിപ്പ് ഇത്യാദി അവയവങ്ങൾ]

അവയോഗം-ശകുനപ്പിഴ, ദുശ്ശകുനം.

അവർ-ആ ആളുകൾ.

അവര-വി. ഒടുക്കമുള്ള, പിൻപുവരുന്ന.

അവര, അവരക്ക-അവരപ്പയറ്, അമരക്ക.

അവരജ-താഴെയുള്ള കാലത്തിൽ ജനിച്ച.

അവരജൻ-(കനിഷ്ഠഭ്രാതാവ്) അനുജൻ. പിന്നാലെ ജനിച്ചവൻ എന്നു ശബ്ദാൎത്ഥം. അവരജ=അനുജത്തി.

അവരതി-ഉപരാമത്തിന്റെ പേർ. ഉപരാമം എന്നാൽ ഒന്നിൽ നിവൎത്തിക്കുക-അടങ്ങുക എന്നൎത്ഥം. അവസാനം-നിറുത്തൽ.

അവര-പു. ദുൎഗ്ഗ. ൨. ഒരു തൈ, അമര.

അവരം-പു. ആനയുടെ പിന്നിലുള്ള കാലുകളുടെ മുട്ടിനു താഴെയുള്ള ഭാഗം, പ്രധാനമല്ലാത്ത അംഗം. വരിക്കാത്തതു് എന്നു ശബ്ദാൎത്ഥം. 'അപരം' എന്നും പാഠം കാണുന്നു. ൨. പിൻപുറം. ൩. ശ്രേഷ്ഠമല്ലാത്തതു്.

അവരവൎണ്ണൻ-ശൂദ്രൻ. ബ്രാഹ്മണ ക്ഷത്രിയ വൈശ്യരേക്കാൾ താണജാതി എന്നു ശബ്ദാൎത്ഥം. അവര (കീഴെയുള്ള) വൎണ്ണത്തിൽ (ജാതിയിൽ) ഉള്ളവൻ. അവരവൎണ്ണം=ശൂദ്രസ്ത്രീ.

അവരശൈലം-പശ്ചിമപൎവ്വതം. (ഇതിനപ്പുറകിൽനിന്നു സൂൎയ്യൻ ഉദിക്കുന്നു).

അവരാജിതാ-നിരാദരൽ.

അവരാഹം, അവരാഹകം-പു. ചീങ്കണ്ണി. ൨. കോൎമുതല. ചുററിക്കൊണ്ടു പ്രാണികളെ ഹിംസിക്കുന്ന മത്സ്യവിശേഷത്തിന്റെ പേർ എന്നും കാണുന്നു. ഇതിനു 'നീരാളി' എന്നു ചിലരിക്കിൽ പറഞ്ഞുവരുന്നു ഔഷധിനിഘണ്ടു 'ചീങ്കണ്ണി' എന്നുതന്നെ ഖണ്ഡമായി പറയുന്നു. ശേവഹാരം, അവഹാരകം എന്ന പാഠങ്ങളുമുണ്ടു്. ഇതിനു ചുററി അനാചക്രിച്ച് എത്തിപ്പിടികൂടുക എന്നു ശബ്ദാൎത്ഥം.

അവരി-അമരി.

അവരീണ-വി. ധിക്കരിക്കപ്പെട്ട.

അവരീണ്ണൻ-ധിക്കരിക്കപ്പെട്ടവൻ. അവസ്രവിച്ചവൻ- കീഴ്പെട്ടു വീണവൻ എന്നൎത്ഥം.

അവരുദ്ധ-വി. ൧. തടുക്കപ്പെട്ട ൨. വളയപ്പെട്ട. ൩. ബന്ധനത്തിലാക്കപ്പെട്ട. ൪. വേഷം മാററപ്പെട്ട.

അവരൂപം-രൂപംകെട്ടതു്.

അവരോധനൻ-ഗയൻ എന്ന രാജൎഷിയുടെ ഒരു പുത്രൻ.

അവരോധം, അവരോധനം-൧. രാജാക്കന്മാരുടെ സ്ത്രീകൾ ഇരിക്കുന്നഗൃഹം. അന്തഃപുരം. അന്യന്മാരുടെ പ്രവേശത്തെ തടുക്കുന്നതു് എന്നു ശബ്ദാൎത്ഥം. ൨. രാജസ്ത്രീ. ൩. വിരോധം, തടസ്സം, തടങ്ങൽ. ൪. വലിയ സ്ഥാനത്തേയ്ക്കു തിരഞ്ഞെടുക്കുക.

അവരോധിക്കുക-തടുക്കുക, വിരോധിക്കുക.

അവരോപണം-൧. വേരോടെ പറിക്കുക. ൨. ചെറുതാക്കുക. ൩. താഴ്ത്തുക.

അവരോഹണം-ഇറക്കം. ൨. കുറേറം. അവരോഹണം><ആരോഹണം.

അവരോഹം-൧. വേടു് (ഇതു മരത്തിന്റെ മുകളിൽനിന്നു പൊട്ടിയുണ്ടാകുന്നതാണു്. ശാഖ, കൊമ്പു്). വേടു് എന്നതു ചില മരത്തിന്റെ കൊമ്പിൽ നിന്നു പുറപ്പെടുന്ന വേർ എന്നു പറയുന്നു. ൨. വൃക്ഷമൂലത്തിങ്കൽ നിന്നു തുടങ്ങി വൃക്ഷാഗ്രംവരെ പോയതായ വല്ലി. (തൊണ്ടി ചിററമൃതു് മുതലായവ). ൩. ഇറക്കം. ൪. കുറേറം.

അവൎജ്ജിത-വി. വൎജ്ജിതമല്ലാത്ത.

അവൎണ്ണ-വി. ൧. വൎണ്ണം (നിറം) ഇല്ലാത്ത. ൨. താഴ്ന്നതരമായ.

അവൎണ്ണം-൧. ആക്ഷേപം, നിന്ദ, സ്തുതിക്കു വിപരീതം എന്നു ശബ്ദാൎത്ഥം. (വൎണ്ണം =സ്തുതി). ൨. അ, ആ ഇവ അക്ഷരങ്ങളുള്ള പേർ, ൩. നിന്ദിച്ചുപറയുക, വെറുപ്പു്.

അവലക്ഷണ-വി. ലക്ഷണമില്ലാത്ത.

അവലക്ഷണം-൧. ലക്ഷണംകെട്ടതു്, രൂപംകെട്ടതു്. ൨. ദുശ്ശകുനം.

അവലക്ഷം-വെളുപ്പുനിറം.

അവൽഗുജം-കാർകോകിൽ. കാർകോകിലരിക്കു ദുൎഗ്ഗന്ധമുള്ളതുകൊണ്ടു് ഈ പേർ വന്നു.

അവലഗ്ന-വി. ചേൎന്ന, പതിഞ്ഞ.

അവലഗ്നം-അര, ശരീരമദ്ധ്യപ്രദേശം, ഇളി. പൂൎവ്വാപരാവയവങ്ങളേക്കാൾ കൃശമായതുകൊണ്ടു ലജ്ജിക്കുന്നതു് എന്നു ശബ്ദാൎത്ഥം.

അവലംബനം, അവലംബം-ആശ്രയം. ൨. തൂങ്ങിക്കിടക്കുക ൩. താങ്ങു്.

അവലംബിക്കുക-൧. ആശ്രയിക്കുക. ൨. ആശ്ലേഷംചെയ്യുക.

അവലംബിതം-ആശ്രയിക്കപ്പെട്ടതു്.

അവലാപം-നിഷേധവാക്കു്, മറച്ചുപറക, ലോഷ്ക്കു്.

അവലിപ്ത-വി. ൧. പൂശപ്പെട്ട ൨. അഹങ്കാരമുള്ള.

അവലിപ്തത-൧. സ്നിഗ്ദ്ധത. ൨. ഡംഭം.

അവലീല-കളി, സന്തോഷം. ൨. നിന്ദ.

അവലീഢ-വി. ൧. ഭക്ഷിക്കപ്പെട്ട, ചവയ്ക്കപ്പെട്ട. ൨. നക്കപ്പെട്ട.

അവലുണ്ഠനം-ഭൂമിയിൽ-ചേററിൽ-ഉരുളുക.

അവലേപം-൧ മദം. ൨. തെപ്പു്. പൂശൽ. ൩. ചേച്ച് ൪ ആഭരണം.

അവലേഹനം-നക്കുക.

അവലോകനം-൧. കാണുക, കാഴ്ച. ൨. നോക്കു്. ൩. അന്വേഷണം.

അവല്ഗുജ, അവല്ഗുജ-കാർകോകിലരി.

അവവരകം-൧. വിടവു്, പഴുതു്, ദ്വാരം. ൨. ജന്നൽ.

അവവാദം-കല്പന, ആജ്ഞ. ൨. നിന്ദ. അപവാദം എന്നും പാഠം കാണുന്നു. ഒരു

സംഗതിയെ അടിസ്ഥാനമാക്കി വ്യക്തമായി പറയപ്പെടുന്നതെന്നു ശബ്ദാർത്ഥം.

അവശകനം-ഋശ്യകനം.

അവരത-വി. സ്വാധീനമില്ലാത്ത.

അവശ-വി. വശം(സ്വാധീനം)ഇല്ലാത്ത കീഴ്പെടാത്ത.

അവശം-പരവശം.

അവശിഷ്ട-വി. ശേഷിച്ച

അവശീകൃത-വി. വശീകൃതം(സ്വാധീനത്തിലാക്കപ്പെട്ടതു്) അല്ലാത്ത.

അവശേഷം-പിന്നീടുള്ളശേഷിപ്പു,ശിഷ്ടം

അവശ്യദൃശ്യം-നിശ്ചയമായി കാണേണ്ടതു്.

അവശ്യ-വി. വശ്യം(വശത്താക്കത്തക്കതു) അല്ലാത്ത.

അവശ്യം-അ. കൂടിയേതീരൂഎന്നമട്ടിൽ, നിശ്ചയമായിട്ടു്. മറ്റൊരുപര്യായം-നൂനം.

അവശ്യം-നിർബ്ബന്ധം,കൂടിയേ തീരൂ എന്നുള്ളതു്.

അവശ്യായം-മഞ്ഞു്. കുളിരിനോടു കൂടിയതെന്നു ശബ്ദാർത്ഥം. ൨, അഭിമാനം.

അവഷ്ടംഭം-൧. മദം. 'ദർപ്പോവലേപോവഷ്ടംഭശ്ചിത്തോദ്രേകസ്സ്മയോമദഃ' എന്നു മഹേശ്വരപാഠം. ൨. ആരംഭം. ൩. സ്വർണ്ണം. ൪. ധൈര്യം.

അവഷ്ടബ്ധൻ-൧ ആശ്രയിച്ചവൻ. ൨. സമീപത്തിലിരിക്കുന്നവൻ. അവലംബിച്ചവൻ എന്നു ശബ്ദാർത്ഥം.

[അവസഥം എന്നൊരു ശബ്ദവും അതിനു ഭവനം, ഗ്രാമം എന്നിങ്ങനെ അർത്ഥവും ചില നിഘണ്ടുകളിൽ കാണുന്നു. അമരത്തിൽ ആവസഥം എന്നാണു കാണുന്നതു്.]

അവസരം-സമയം ൨. പ്രസംഗം. വാക്കിന്റെ അവസരം എന്നാൽ ആവാക്കു പറയുന്നതിനു യോഗ്യമായ സമയം എന്നർത്ഥം.

അവസാദം-അലസത.

അവസാനം-൧. ഒടുക്കം. ൨.സമാപനം. ൩. മരണം.

അവസാമം-ചീത്തപ്പാട്ടു്.

അവസായം-സമാപ്തി, അവസാനം, തീർച്ച, (ഉറപ്പു്).

അവസിതനില-മരണാവസ്ഥ

അവസിത-വി. ൧. ഒടുങ്ങിയ, അവസാനിച്ച. ൨. നിവർത്തിച്ച. ൩. അറിഞ്ഞ.

അവസിതം-൧. അവസാനിച്ചതു്.

'തവമമസുചകർമ്മമൊന്നപോലൊ-
ന്നവസിതമിന്നഫലത്തിലംഗുലീയ!'
(അഭിജ്ഞാനശാകുന്തളം)

൨. അവസാനിപ്പിച്ചതു്. (സമാപ്തമായിട്ടുള്ളതു) മറ്റൊരുപര്യായം-സിതം.

അവസിതൻ-നിഷ്ഠൻ.

അവസിതി-അവസാനം.

അവസ്കരം-൧. മലം. കീഴ്പെട്ടു തള്ളിക്കളയുന്നതു് എന്നു ശബ്ദാർത്ഥം. ൨. ഗുഹ്യപ്രദേശം. നിന്ദിക്കപ്പെടുന്നതു് എന്നു ശബ്ദാർത്ഥം. ൩. അഴുക്കു്. ൪. കുപ്പ. ൫. തേരിന്റെ അവയവം.

അവസ്ഥാ-സ്ഥിതി, നില, ഇരിപ്പു്.

അവസ്ഥപ്പെടുത്തുക-ധൃതിപ്പെടുത്തുക, ഉപദ്രവിക്ക.

അവസ്ഥാത്രയം-൧. ജാഗ്രത്ത്, (നല്ലഉണർച്ച) ൨. സ്വപ്നം (പകുതി ഉറക്കവും പകുതി ഉണർച്ചയും) സുഷുപ്തി (വലിയ നിദ്ര) ഇവ മൂന്നും.

അവസ്ഥാന്തരം-മറ്റൊരവസ്ഥ, സ്ഥിതിഭേദം. ൨. ഇടയിൽവരുന്നഅവസരം.

അവസ്ഥിത-വി. സ്ഥിരപ്പെട്ട

അവസ്ഥിതി,അവസ്ഥാനം-ഇരിപ്പു് നില.

അവസ്സസ-പെങ്ങളച്ചി.

അവസ്രവിക്ക-കീഴ്പെട്ടുവീഴുക

അവസ്വരം-ശബ്ദമാധുര്യമില്ലായ്മ, സംഗീതജ്ഞാനമില്ലായ്മ.

അവഹരം-പു. വളഞ്ഞവഴി. ൨. ചതി

അവഹസ്തം-കൈയുടെ പുറവശം (പിൻവശം).

അവഹാരകം, അവഹാരം-പു. ചീങ്കണ്ണി. ൨. കോർമുതല. (അവരാഹം എന്നു നോക്കുക) ഇതിന് ഗ്രാക്, കടലാന, മുതല എന്നിങ്ങനെയും പറയുന്നുണ്ട്

അവഹിത-വി. ൧. ശ്രദ്ധയുള്ള. ൨. അറിയപ്പെട്ട.

അവഹിതൻ-അടക്കമുള്ളവൻ.

അവഹിതം-അയോഗ്യം.

അവഹിതാഞ്ജലി-കൂപ്പുകൈ.

അവഹിത്ഥാ-മനസ്സിലുള്ളതിനെ മറച്ചുവെക്കുക. മുഖവികാരത്തെ മറച്ചുകളയുന്നതിനും പറയാം, വെളിയിലേക്കു കാണിക്കാതിരിക്കുന്ന സ്ഥിതി എന്നു ശബ്ദാർത്ഥം.

['അവഹിത്ഥം' എന്നൊരു പദവും അതിനു 'വ്യാപ്തി' എന്നർത്ഥവും അപൂർവം ചില അകാരാദികളിൽ കാണുന്നുണ്ട്.]

അവഹേളനം-അനാദരം, നിന്ദ ആദരവില്ലായ്മ എന്നു ശബ്ദാർത്ഥം.

അവഹേളിതൻ-അനാദരിക്കപ്പെട്ടവൻ നിന്ദിക്കപ്പെട്ടവൻ.

അവളം-ആ സ്ത്രീ.

അവാക്-പു. പറയാൻപാടില്ലാത്തവൻ, മൂകൻ. ൨. തലതാഴ്ത്തിയവൻ.

അവാൿ-അ. കീഴിൽ.

അവാൿ വി. തലകുമ്പിട്ട.

അവാക്പുഷ്പി-പു. ശതകുപ്പ ൨. പെരുംശതകുപ്പ ൩. കാട്ടുശതകുപ്പ. തലതാഴ്ത്തിയ പൂക്കളോടുകൂടിയത് എന്നു ശബ്ദാർത്ഥം.

അവാകരാ-കമ്മട്ടം, നാണയങ്ങൾ അടിക്കുന്ന സ്ഥലം.

അവാക്കർണ്ണൻ-സംസാരിപ്പാനും കേൾപ്പാനും വയ്യാത്തവൻ.

അവാഗ്ര-വി. അധോമുഖമായ, കുനിഞ്ഞ.

അവാഗ്രം-അധോമുഖമായത്, തലകീഴായത്. അവനതമായ അഗ്രത്തോടുകൂടിയത് എന്നു ശബ്ദാർത്ഥം.

അവാങ്മുഖം-വി. തലകുമ്പിട്ട.

അവാചകം-കാവ്യദോഷങ്ങളിൽ ഒന്ന്. പദദോഷങ്ങളിൽ പെട്ടതാണ്. വിവക്ഷിതമായ അർത്ഥത്തെ പറയാൻ ശക്തിയില്ലാത്തത്. 'മുമ്പിൽവന്നാദരിക്കുമവരോടുചേരണം' ഇവിടെ ആദരിക്ക എന്നതിനു 'ക്ഷണിക്ക' എന്നർത്ഥം വേണ്ടിയിരിക്കുന്നു. ഈ അർത്ഥം ആ ശബ്ദത്തിനില്ല (ഭാഷാഭൂഷണം). ൨. വാചകമല്ലാത്തത്.

അവാചി-തെക്കേ ദിക്ക്. സൂര്യൻ ഇവിടെ മദ്ധ്യാഹ്നത്തിൽ ഗമിക്കുന്നതുകൊണ്ടും ദക്ഷിണായനംകൊണ്ടു ഗമിക്കുന്നതിനാലും ഈ പേർ വന്നു.

[അവാചി എന്ന പാഠം ശരിയല്ലെന്നു രാമാശ്രമി പറയുന്നു. അപാചീ എന്നു ശരി. അപ എന്നാൽ മദ്ധ്യം എന്നർത്ഥം. മദ്ധ്യാഹ്നസമയം സൂര്യനെ ഗമിക്കുന്നത് എന്നു താൽപര്യം].

അവാചീനം, അവാഗ്ഭവം-തെക്കേ ദിക്കിൽ ഭവിച്ചത്.

അവാച്യ-വി. വചിക്കത്തക്കത് (പറയത്തക്കത്) അല്ലാത്ത.

അവാതം-പു. കാറ്റില്ലായ്മ. ൨. കാറ്റില്ലാത്ത സ്ഥലം

അവാന്തര-വി. ഉള്ളിൽപ്പെട്ട, അടങ്ങിയ.

അവാന്തരാ-പു. ഇട. ൨. അതിക്രമണം.

അവാപ്തി-കിട്ടുക, ലഭിക്കുക, പ്രാപ്തി.

അവാരം-ഇക്കര. യാതൊരു കരയിൽ നിന്ന മറുകരയെ നിശ്ചയിക്കുന്നുവോ ആ കര. ജലമില്ലാതിരിക്കുന്നത് എന്നു ശബ്ദാർത്ഥം. അവാരം = അവാക്കായതീരം (ഇക്കര). പാരാവാരീതീരം (അക്കര) പരമായ തീരം.

അവാലത്ത്-മാമ്യം, ഉപ്പ്.

അവാസസ്സ്- ഉടുക്കാത്തവൻ (വസ്ത്രരഹിതൻ).

അവി-കറിയാട്ട്. ൨. തീണ്ടായിരുന്നവൾ.

[തീണ്ടായിരിയായാൽ സ്ത്രീകൾ വെളിയിൽ സഞ്ചരിക്കരുതെന്നു പറയുന്നതിന്ന കാരണം അപ്പോഴത്തെ ദേഹത്തിലുള്ള അശുദ്ധിനിമിത്തം ഭൂതഗ്രഹാദി ബാധയുണ്ടാവാൻ എളുപ്പമുള്ളതുകൊണ്ടാണ്. ഇവക്ക് ഉപദ്രവിപ്പാൻ നല്ലതരം ഈ സന്ദർഭമാകുന്നു. ഈ വിധം രക്ഷിക്കുകയാൽ 'അവി' എന്ന പേരുണ്ടായി.]

൩. പർവതം. ൪. ആട്. ൫. ആദിത്യൻ ൬. മല. ൭. കാററ (വായു). ൮. കരിമ്പടം. ൯. യജമാനൻ. ൧൦. മതിൽ. (അവിയാട്ട്-കറിയാട്ട്).

അവികം-൧. ആട്. ൨. വൈരക്കല്ല്.

അവികല-വി. വികലം (ശൂന്യം) അല്ലാത്ത, നിറഞ്ഞ, ഇളകിയതല്ലാത്ത.

'അവികലകലശലക്രുടിയ സമയെ'
(പ്രദോഷമാഹാത്മ്യം തുള്ളൽ)

അവികല്പം-വികല്പം (സംശയം, തെററ, മററും) ഇല്ലാത്തത്.

അവികാര-വി. വികാരം (ഭാവഭേദം) ഇല്ലാത്ത.

അവിക്കയറ-നുകക്കയറ്.

അവിക്കുക-൧. വേവിക്കുക. ൨. നുകം വെച്ചുകെട്ടുക.

അവിക്രമൻ-ശക്തി കുറഞ്ഞവൻ.

അവിക്രമം-ശക്തി കുറവ്.

അവിഖ്യാതി-ദുഷ്കീർത്തി.

അവിഗ്നം-പെരുംക്ലാവ്. തമിഴിൽ പെരുങ്കളാച്ചെടി. ഇത് 'ഞെട്ടാഞെട്ടങ്ങ' ആണെന്നും പറയുന്നു. രോഗങ്ങളെ ഭയപ്പെടുത്തുന്നത് എന്നു ശബ്ദാർത്ഥം. (ക്ലാക്കാവൃക്ഷമെന്നും പറയുന്നു).

[ഇതിന്റെ പച്ചക്കായ് പിത്തത്തെ ഉണ്ടാക്കും, കുറച്ചു കയ്പും പുളിയും കൂടിയതാണ്. ദീപനത്തെ ചെയ്യും. പഴക്കായ് വിഷത്തെ കളയും. മധുരമാണ്. ത്രിദോഷങ്ങളെ നശിപ്പിക്കും.]

അവിഘ്നം-വിഘ്നം (തടസ്സം) കൂടാതെ.

അവിചലിത-വി. ഇളക്കമില്ലാത്ത.

അവിചാൽ-ഒരു പിശാച്.

അവിച്ഛൻ-ദഹനം.

അവിച്ഛിന്ന-വി. ഇടവിടാതെയുള്ള, ഇടയ്ക്കു ഭംഗംവരാതെയുള്ള.

അവിജ്ഞ-വി. അറിവില്ലാത്ത.

അവിജ്ഞത-അറിവില്ലായ്ക.

അവിജ്ഞാത-വി. വിജ്ഞാതം (അറിയപ്പെട്ടത്) അല്ലാത്ത.

അവിജ്ഞേയൻ-ദൈവം.

അവിജ്ഞേയ-വി. വിജ്ഞേയം (അറിയേണ്ടത്) അല്ലാത്ത.

അവിടം-ആ സ്ഥലം.

അവിടെ-ആ സ്ഥലത്ത്.

അവിട്ടം-ഒരു നക്ഷത്രം. (൨൩-മത്തെതു)

അവിത-വി രക്ഷിക്കപ്പെട്ട

അവിതം- രക്ഷിക്കപ്പെട്ടത് (അവനം ചെയ്യപ്പെട്ടത്)

അവിത്തൻ-ധനഹീനൻ.

അവിതഥാ-വിതഥാ (കള്ളം) അല്ലാത്തത്.

അവിദൻ-അറിയാത്തവൻ.

അവിദിതൻ-അറിയപ്പെടാത്തവൻ.

അവിദൂരൻ-സമീപസ്ഥൻ.

അവിദൂരാ-സമീപം.

അവിദ്യ-ദോഷത്തോടുള്ള, ബുദ്ധിയില്ലാത്ത.

അവിദ്വാൻ-വിദ്യയില്ലാത്തവൻ, ബുദ്ധിയില്ലാത്തവൻ.

അവിദ്യ-ന. അജ്ഞാനം, അറിവില്ലായ്മ. വിപരീതമായ അറിവ് എന്നു ശബ്ദാർത്ഥം. പ. മായ.

അവിദ്ധകർണ്ണി-പാട (വള്ളി) ഇതിന്റെ ഇല വേഗം മുറിയുന്നതല്ലാത്തതിനാൽ ഈ പേർ വന്നു 'വിദ്ധകർണ്ണി' എന്ന പാഠം പ്രധാനമെന്നു ചിലരുടെപക്ഷം. വിദ്ധകർണ്ണീ-വൈദ്യശാസ്ത്രത്തിൽ വേണ്ടവോളം കേൾക്കപ്പെടുന്നതു്.

അവിധവ-സുമംഗലി.

'ആലോചിച്ചീവിധമവിധവേ
ചിത്തമാശ്വസ്തമാക്കി' (മയൂരസന്ദേശം)

അവിധാ-ന. ഒഴിവുകഴിവു. പ. ആവലാതി, സങ്കടം.

അവിധാനം-നിശ്ചിതമായ ചട്ടത്തിനു വിപരീതംചെയ്ക, ചട്ടലംഘനം, അഴിമതി, ക്രമക്കേടു്.

അവിധി-വി. വിധിക്കു വിപരീതമായ, വിധിയില്ലാത്ത, പ്രമാണമില്ലാത്ത, ചട്ടത്തിനു് അനുസരണമല്ലാത്ത.

അവിധി-ന്യായവിരോധം, ചട്ടലംഘനം.

അവിധേയ-വി. ന. ഭരിക്കപ്പെടുവാൻ തക്കതല്ലാത്ത. പ. ചെയ്യപ്പെടുവാൻ തക്കതല്ലാത്ത.

അവിധൃത-വി. ന. ധരിക്കപ്പെടാത്ത. പ. വിടപ്പെട്ട.

അവിപത്തി-ന. ആപത്തില്ലായ്മ. പ. ഒരുപൊടി. പാണ്ഡുരോഗികൾക്കു നന്നു്.

[ചുക്കു, മുളകു, തിപ്പലി, ഏലത്തരി, ഇലവങ്ങത്തൊലി, പച്ചില, മുത്തങ്ങാക്കിഴങ്ങു്, വിഴാലരി, നെല്ലിക്കാ, ത്രികോല്പക്കൊന്ന ഇവ പൊടിച്ചതു്. അതോടു പഞ്ചസാര, തേൻ ഇവ ചേർക്ക. ഈ പൊടി പിത്തരോഗങ്ങളിൽ വിരേചനത്തിനു നന്നു്.]

അവിനദ്ധ-വി. ചട്ടയിടപ്പെട്ട.

അവിനയം-ധിക്കാരം, വിനയം (വണക്കം-മര്യാദ) ഇല്ലായ്മ.

അവിനയവാൻ-മര്യാദകെട്ടവൻ.

'അവളുവശമുറങ്ങുന്നേരം
അവിനയവാൻപോയീടും'
(നളചരിതം കഥകളി)

അവിനാശി-നാശമില്ലായ്മ.

അവിനീത-വി. വിനീതം (വണക്കം-അടക്കം) ഇല്ലാത്ത.

അവിനീത-പാതിവ്രത്യം വെടിഞ്ഞസ്ത്രീ.

അവിനീതൻ-അഹംഭാവി, വിനയം ഇല്ലാത്തവൻ.

അവിമര്‍ശം-വിചാരംകൂടാതെ.

അവിമുക്ത-വി. വിമുക്തം(വിടപ്പെട്ടതു, അഴിക്കപ്പെട്ടതു്) അല്ലാത്ത.

അവിമുക്തം-കാശി, കാശിക്കടുത്തു് ഒരു തീർത്ഥസ്ഥലം.

അവിമൃശ്യകാരി-വിചാരിക്കാതെ പ്രവർത്തിക്കുന്നവൻ.

അവിമൃഷ്ടവിധേയാംശം-കാവ്യദോഷങ്ങളിൽ ഒന്നു്. 'വിധിക്കേണ്ടതായ ഭാഗത്തെ പ്രധാനമായി നിർദ്ദേശിക്കാതിരിക്ക' (ഭാഷാഭൂഷണം).

അവിയൽ-ഒരു കറി, കൂട്ടുവാൻ.

അവിയുക-ന. വെന്തുകായുക. പ. ചീഞ്ഞുകായുക, ചുരുങ്ങുക

അവിരത-വി. നിത്യമായ.

അവിരതം-എപ്പോഴും, വിരാമം (അവസാനം) ഇല്ലാത്തതു്.

അവിരളം-കുറയാതെ, സമ്പൂർണ്ണമായി.

അവിൽ-ഒരു പലഹാരം. ഇതു നെല്ലു കറച്ചു് അവിച്ചു വറുത്തിടിച്ചു് പാറ്റി എടുക്കുന്നതാണു്. തമിഴിൽ അവൽ, അവെയൽ.

'പൃഥുകഃസ്യാച്ചിപിടകഃ' (അമരം)

[പൃഥുകം, ചിപിടകം ന-, അവലിന്റെ പേർ. ചിപിടം എന്നും പര്യായം തന്നെ. പുത്തവിൽ എന്നു പുന്നെല്ലിന്റെ അവിലാകുന്നു.]

**അവില്പരി, അമിൽപൊരി, അകില്പരി**-അരത്ത.

**അവിലാഷിത**-വി. ലംഘിതം (കടക്കപ്പെട്ടതു്) അല്ലാത്ത.

**അവില്ലുക**-പകുതി വേവിക്കുക.

**അവിൽദാർ**-പട്ടാളത്തിലെ ഒരു ഉദ്യോഗസ്ഥൻ.

**അവിവേകം**-വിവേകം (തിരിച്ചറിവു്) ഇല്ലായ്ക, വിചാരമില്ലായ്ക.

**അവിവേകി**- തിരിച്ചറിവില്ലാത്തവൻ, വിചാരമില്ലാത്തവൻ.

**അവിശസ്തൻ**-സ്വയംമൃതൻ (തന്നെ മരിച്ചവൻ).

**അവിശേഷ**-വി. ഒന്നുപോലെയുള്ള, തുല്യതയുള്ള.

**അവിശ്വാസ**-വി. വിശ്വാസമില്ലാത്ത

**അവിശ്വാസി**-വിശ്വാസമില്ലാത്തവൻ.

**അവിഷ**-അതിവിടയം.

**അവിഷ**-വി. വിഷമില്ലാത്ത.

**അവിഷം**-പു. സമുദ്രം. ൨. ആകാശം.

**അവിഷി**-സ്ത്രീ. ഒരു നദി. ൨. ഭൂമി. ൩. സ്വർഗ്ഗം.

**അവിസ്പഷ്ട**-വി. തെളിവില്ലാത്ത.

**അവിസ്പഷ്ടം**-ന. തെളിവില്ലാത്തതു്. ൨. കൊഞ്ഞവാക്ക്. വ്യക്തമല്ലാത്തതു് എന്നു ശബ്ദാർത്ഥം. മറെറാരുപര്യായം 'ക്ലിഷ്ടം'.

**അവിഹിതം**-ന. വിഹിതമല്ലാത്തതു്. ൨. പീനൽകോഡനുസരിച്ചുള്ള ഒരു കുററം. (തിരുവിതാംകൂർ ശിക്ഷാനിയമം വകുപ്പ ൪൦൨-ം, ൪൦൪-ം).

**അവിളംബം**-താമസംകൂടാതെ, വേഗത്തിൽ.

**അവിളംബിതം**-ന. ബലപ്പാടുള്ളതു്, വേഗമുള്ളതു്. വിളംബിതം (അമാന്തം) ഇല്ലാത്തതു്. അവിളംബനം എന്നു പാഠാന്തരം കാണുന്നു.

**അവിളംബിതം**-കാലതാമസംകൂടാതെ. ഇതുകൊണ്ടു താമസിക്കപ്പെട്ടതില്ലാ എന്നു ശബ്ദാർത്ഥം.

**അവീചി**-ഒരു നരകം. സുഖം ഇല്ലാത്തിടം എന്നു ശബ്ദാർത്ഥം.

**അവീട്ടവൻ**-വടക്കൻമലബാറിൽ തീയരെപോലെയുള്ള ഒരു ജാതിക്കാരൻ.

**അവീൻ**-കറുപ്പു്. (അറബിഭാഷയാണ്).

**അവീർ**-മുഖത്തിടുന്ന ഒരു സുഗന്ധവസ്തു. (അറബിഭാഷയാണ്).

**അവീര**-വി. ശക്തികെട്ട.

**അവീര**-ഭർത്താവും പുത്രനും ഇല്ലാത്തവൾ. വിധവയാകയും മക്കളില്ലാതെ വരികയും കൂടി ഒരുമിച്ചു ചേരുന്ന അവസ്ഥയാണ് ഈ പേരിനു കാരണം. വീര (പതിയും പുത്രനും ഉള്ളവൾ) അല്ലാത്തവൾ.

'അവീരാനിഷ്പതിസുതാ' (അമരം)

**അവൃകം**-ന. രക്ഷ. ൨. സമാധാനം.

**അവൃഷ്യ**-വി. ന. ശുക്ലത്തെ വർദ്ധിപ്പിക്കാത്ത. ൨. ശരീരപുഷ്ടിയെ ഉണ്ടാക്കാത്ത.

**അവേക്ഷ, അവേക്ഷണം**-ദൃഷ്ടി ഉറപ്പിച്ചുള്ള നോട്ടം, അവേക്ഷ എന്നതിനു തുല്യം, ഉടമ്പടി ഈ അർത്ഥവും കാണുന്നു.

**അവേക്ഷമാണൻ**- അവേക്ഷിച്ചിരിക്കുന്നവൻ.

'അവേക്ഷമാണാംമഹതീംമുഹൂർമ്മുഹുഃ' (മാഘം)

**അവേക്ഷിക്കുക**-ദൃഷ്ടിയുറപ്പിച്ചുനോക്കുക, രക്ഷിക്കുക.

**അവേദ്യ**-അറിയപ്പെടുവാൻ വയ്യാത്ത.

**അവേദ്യം**-കിടാവു്, കന്നു്.

**അവേല്ലജ**-കരിമുക (നല്ലമുക).

**അവൈദികം**-വൈദികം (വേദസംബന്ധം) അല്ലാത്തതു്.

**അവ്യക്ത**-വ്യക്തം (സ്പഷ്ടം) അല്ലാത്ത.

**അവ്യക്തത**-സ്പഷ്ടമില്ലായ്ക.

അവ്യക്തം-പു. വ്യക്തം (സ്പഷ്ടം) അല്ലാത്തതു്. ൨. അവ്യാകൃതാദിനാമങ്ങൾ കൊണ്ടു പറയപ്പെട്ടവാൻ യോഗ്യമായിരിക്കുന്ന ഈശ്വരൻെറ ശക്തിവിശേഷം.

അവ്യക്തൻ-പു. വിഷ്ണു. ഇന്നപ്രകാരമെന്നു സ്പഷ്ടമല്ലാത്തവൻ. ൨. പരമാത്മാവു്. ൩. ശിവൻ. ൪. കാമദേവൻ.

അവ്യക്തമൂൎത്തി-ദൈവം. അഗോചരമായ രൂപമുള്ളവൻ.

അവ്യക്തരാഗം-വ്യക്തമല്ലാത്തചെമപ്പു

അവ്യക്തരാശി-അറിയപ്പെടാത്ത അക്കം, അല്ലെങ്കിൽ സംഖ്യ.

അവ്യക്തരൂപി-ദൈവം, കാണപ്പെടാത്തവൻ.

അവ്യക്തലക്ഷണൻ-ശിവൻ.

അവ്യക്തവചനം-കൊഞ്ഞവാക്ക്.

അവ്യഗ്ര-വി. ഭ്രമമില്ലാത്ത, വ്യാകുലമില്ലാത്ത. ൨. ശ്രദ്ധയുള്ള, അധൈൎയ്യമില്ലാത്ത. ൩. പ്രവൃത്തിയിൽ പ്രവേശിക്കാത്ത, ഇളക്കമില്ലാത്ത.

അവ്യഗ്രം-അ. പതുക്കെ, സാവധാനത്തിൽ.

അവ്യണ്ഡ-വി. നായ്ക്കുരണ. [ന വിഗതമണ്ഡം ബീജമസ്യാഃ]. ഇതിൻെറ അണ്ഡം വിഗതമാവുകയില്ല.

അവ്യഥ-വി. വ്യഥ (വേദന) ഇല്ലാത്ത

അവ്യഥാ-പു. കടുക്കമരം. വ്യഥയെ (ദുഃഖത്തെ) കളയുന്നതു് എന്നു ശബ്ദാൎത്ഥം. ൨. മരിലത്താമര. വേദനയില്ലായ്മ.

അവ്യഥാ-മഞ്ഞ സൎപ്പം.

അവ്യഭിചരിതം-വ്യഭിചരിക്കാത്തതു്. നിയതസ്ഥലത്തിൽ നിന്നു് അന്യസ്ഥലത്തിൽ പ്രവേശിക്കാത്തതു്.

അവ്യയ-വി. ൧. നാശമില്ലാത്ത. ൨. ചെലവില്ലാത്ത.

അവ്യയം-പു. വ്യയം (നാശം, ചെലവു്) ഇല്ലാത്തതു്. ൨. (വ്യാകരണത്തിൽ) നാമം, ക്രിയ, ഭേദകം, നിപാതം ഇവയിൽ ഒന്നിനെങ്കിലും ഒരു ജാതിയിൽ ജനിച്ച പദം കാരണവശാൽ സ്വാഭാവികധൎമ്മം വിട്ടുന്നതായാൽ അപ്പോൾ അതിനുള്ള പേർ. രൂപത്തിനു ഭേദം വരാത്ത പദം—അവ്യയം. ൩. പരബ്രഹ്മം.

അവ്യയൻ-പു. നാശമില്ലാത്തവൻ, ബ്രഹ്മ, വിഷ്ണു, ശിവൻ. ൨. ബുദ്ധൻ.

അവ്യവസായി-വി. ഉത്സാഹമില്ലാത്ത.

അവ്യവസിത-വി. വ്യവസിതം (നിശ്ചയം) ഇല്ലാത്ത

അവ്യവസ്ഥ-വി. വ്യവസ്ഥയില്ലാത്ത.

അവ്യവഹിതം-ഇടയിൽ വേറെ ഒന്നില്ലാത്ത വിധം തമ്മിൽ കൂടിച്ചേൎന്നതു്.

അവ്യാകുല-വി. ഇളക്കമില്ലാത്ത.

അവ്യാകൃതം – തെളിയിച്ചുകൂടാത്തതു്, സ്പഷ്ടമാക്കിക്കൂടാത്തതു്, വ്യാകരിപ്പില്ലാത്തതു്. വ്യാകരിപ്പു് =യാതൊരു ഭേദവും കൂടാതെ ഒരേ ആകൃതിയിൽ ബ്രഹ്മമായിരിക്കാത്തതു്.

'മായയാം മൂടി മറഞ്ഞിരിക്കുന്നോരു
നീയല്ലോ നൂനമവ്യാകൃതമായതും'
(അദ്ധ്യാത്മരാമായണം)

അവ്യാജ-വി. വ്യാജം (കളവു്) ഇല്ലാത്ത, സത്യമായ.

അവ്യാപ്ത-വ്യാപ്തം (വ്യാപിക്കപ്പെട്ടതു്) അല്ലാത്ത, എത്തിയതല്ലാത്ത, പരക്കാത്ത.

അവ്യാപ്തി-വ്യാപിക്കായ്ക, എല്ലാ ലക്ഷ്യങ്ങളിലും മുഴുവൻ എത്തായ്ക.

അവ്യാഹത-വി. തടുക്കപ്പെടാത്ത, തടവില്ലാത്ത, വിരോധമില്ലാത്ത.

അവ്യാഹൃതം-വ്യാഹൃതം (പറയപ്പെട്ടതു്) അല്ലാത്തതു്, മൗനം.

അവ്യാവൃ-ആട്ടിൻകൂട്ടം.

അവ്യുഷ്ണം-അ. അച്ചുപോലെ.

അശക്ത-വി. ശക്തമല്ലാത്ത, ബലമില്ലാത്ത, ക്ഷീണിച്ച

അശക്തി-ശക്തി (ബലം) ഇല്ലായ്ക.

അശക്യം-ശക്യം (കഴിയുന്നതു്) അല്ലാത്തതു്, കഴിയാത്തതു്.

അശങ്ക-വി. ൧. ശങ്ക(സംശയം, ഭയ)കൂടാത്ത. ൨. ഉറപ്പുള്ള.

അശങ്കിതം-അ. സംശയംകൂടാതെ.

അശംസിതം-ശംസിതം(സ്തുതിക്കപ്പെട്ടതു) അല്ലാത്തതു്.

അശട്ട-൧. സംശയം. ൨. ഭീതി. ൩. സൂക്ഷ്മക്കുറവു്.

അശടി-സൂക്ഷ്മക്കുറവു്.

അശനം-ഭക്ഷണം.

അശനായ-വിശപ്പു്, അശനത്തിന്റെ ഇച്ഛ. ഭക്ഷണത്തിനുള്ള ഇച്ഛ എന്നു ശബ്ദാർത്ഥം.

അശനായിത-വി. വിശപ്പുള്ള.

അശനി-വജ്രായുധം, ഇടിത്തീയ്, ത്രൈലോക്യത്തെ ഭുജിക്കുന്നതു്, ശത്രുപ്രാണങ്ങളെ ഭക്ഷിക്കുന്നതു്, ഇന്ദ്രനു മൂന്നു ലോകങ്ങളെ സ്വാധീനമാക്കുന്നതിനുള്ള ഉപകരണം.

'അശനിസമംതവചാപമാപതിക്കും'
(ശ്രീകൃഷ്ണചരിതം)

അശ്നച്ഛത്ര-അതിഭക്ഷകൻ.

അശനൈഃ-അ. വേഗം.

അശമന്നൂർ-തിരുവിതാംകൂറിൽ കുന്നത്തുനാട്ടു താലൂക്കിൽ ഒരു പകുതി.

അശരണ-വി. ശരണം (സഹായം) ഇല്ലാത്ത.

അശരീരി-വി. ശരീരമില്ലാത്ത.

അശരീരിവാക്കു്-ദേവവാക്കു്, ദിവ്യവാക്കു്.

അശാന്ത-വി. ശാന്തമില്ലാത്ത.

അശാന്തം-ശമിക്കത്തക്കതല്ലാത്തതു്.

അശിക്കുക-ഭക്ഷിക്കുക.

അശിക്ഷിത-വി. ശിക്ഷിക്കപ്പെടാത്ത, അഭ്യസിക്കപ്പെടാത്ത.

'സ്ത്രീണാമശിക്ഷിതപടുത്വമമാനുഷീഷു'
(അഭിജ്ഞാനശാകുന്തളം)

അശിത-വി. ഭക്ഷിക്കപ്പെട്ട.

അശിതം-ഭക്ഷിക്കപ്പെട്ട അന്നംമുതലായവ. ഭുജിക്കപ്പെട്ടതു് എന്നു ശബ്ദാർത്ഥം.

അശിരൻ-൧. അഗ്നി. ൨. സൂര്യൻ ൩. എരുക്കു്. ൪. കൊടുവേലി. ൫. [illegible] ൬. ഒരു രാക്ഷസന്റെ പേർ. ൭. കാററു്.

അശിര-ഒരു രാക്ഷസന്റെ ഭാര്യ.

അശിരസ്നാനം-തലയൊഴിച്ചുള്ള കുളി. അതായതു് ദേഹമാസകലം ജലംകൊണ്ടു കഴുകുക.

അശിര-വജ്രം, രത്നം.

അശിവം-അമംഗളം. ശിവം (ശുഭം) ഇല്ലായ്ക, നിർഭാഗ്യം,

അശിശ്വി-കുട്ടികളില്ലാത്തവൾ. ശിശുവില്ലാത്തവൾ എന്നു ശബ്ദാർത്ഥം.

അശിഷ്ട-വി. ൧. മൂഢതയുള്ള. ൨. നല്ല നടത്തയില്ലാത്ത.

അശിഷ്ഠം-അഗ്നി.

അശിഷ്ഠ-വി. അധികം ഭക്ഷിക്കുന്ന.

അശീത-വി. ശീതം (തണുപ്പു്) ഇല്ലാത്ത.

അശീതകരൻ-സൂര്യൻ.

അശീതത്വിട്ടു്-സൂര്യൻ.

അശീതരശ്മി-സൂര്യൻ.

അശീതി-എണ്പതു് (൮൦).

അശീതികൻ-എണ്പതുവയസ്സായവൻ.

അശീർഷക-വി. ശീർഷം (തല) ഇല്ലാത്ത.

അശീലം-ശീലം (മര്യാദ, നല്ലസ്വഭാവം) ഇല്ലായ്ക, മൂർഖത.

അശ്രു-വി. [illegible]

അശുചി-൧. ശുചി (വൃത്തി) കേടു്, അശുദ്ധി. ൨. കറുപ്പുനിറം. അവമാനം എന്നും പറയുന്നു.

അശുദ്ധ-വി. ശുദ്ധമല്ലാത്ത, അഴുക്കായ, തെറ്റായ.

അശുദ്ധി-ശുദ്ധിയില്ലായ്മ.

അശുഭ-വി. ൧. ശുഭം (ക്ഷേമം, സൌഖ്യം) ഇല്ലാത്ത. ൨. നന്മകെട്ടുള്ള. ൩. അമംഗളമായ. ൪. നിർഭാഗ്യമുള്ള.

**അശുഭം**-൧. ക്ഷേമമില്ലായ്ക, അമംഗളം. ൨. പാപം. ൩. നിർഭാഗ്യം. ൪. നന്മകേട്.

**അശുഭോദർക്കം**-അമംഗലഫലം.

'നീരന്ധ്രാംഭോധരനിരയതി
ന്നാർപ്പുകേട്ടാർത്തടിക്കാ-
യാരംഭിച്ചാലതുടനശുഭോ
ദർക്കമാം തർക്കമില്ല'
(മയൂരസന്ദേശം)

**അശൃത**-വി. ൧. പാകംചെയ്യപ്പെടാത്ത. ൨. മൂക്കാത്ത, പച്ചയായ (പഴുക്കാത്ത).

**അശേഷം**-ഒട്ടൊഴിയാതെയുള്ളത്, മുഴുവനായുള്ളത്. ബാക്കിയില്ലാത്തത് എന്നു ശബ്ദാർത്ഥം.

**അശോക**-ശോക (ദുഃഖ) മില്ലാത്ത.

**അശോകൻ**-൧. ശോകം (ദുഃഖം) ഇല്ലാത്തവൻ. ൨. വിഷ്ണു. ൩. ദശരഥന്റെ ഒരു മന്ത്രി. ൪. മൌര്യവംശത്തിലെ പ്രധാനരാജാവ്.

[ബുദ്ധമതകാലം തുടങ്ങുന്നതു് അശോക മഹാരാജാവിന്റെ രാജ്യഭരണം മുതൽക്കാണ്. വിഖ്യാതികൊണ്ട് ഇദ്ദേഹം ഭാരതത്തിലുള്ള എല്ലാ രാജാക്കന്മാരേയും ജയിച്ചിരുന്നു. അശോകമഹാരാജാവിന്റെ അച്ഛന്റെ പേർ ബിന്ദുസാരൻ എന്നായിരുന്നു. അമ്മ സുഭദ്രാംഗി എന്ന ബ്രാഹ്മണസ്ത്രീയാണ്. കലി ൨൮൱-ലം ൪൨-ലം ഇദ്ദേഹം സിംഹാസനാരോഹണം ചെയ്തു. ഇദ്ദേഹം വേണ്ടുംവണ്ണം ബുദ്ധമതത്തെ പ്രചരിപ്പിച്ചു. മഹാരാജാവിന് ഒന്നിലധികം ഭാര്യമാരുണ്ടായിരുന്നു. പാടലീപുത്രമായിരുന്നു തന്റെ തലസ്ഥാനം. ചന്ദ്രഗുപ്തന്റെ പൌത്രനാണ്.]

**അശോകം**-൧. അശോകവൃക്ഷം. ശോകത്തെ കളയുന്നതു് എന്നു വ്യുൽപത്തി. വഞ്ജുളം, എന്നതു പര്യായമാകുന്നു.

[ഇതു് ഗുന്മം, ശൂല, വ്രണം, മൂലക്കുരു, തേച്ച്, പിത്തം, ചുട്ടുനീറൽ, മേൽ വയറുവീക്കൽ ഇവയെ ശമിപ്പിക്കും. തിക്തരസമാണ്.]

'അശോകഃശോകനാശസ്യാ
ദ്വിശോകാവഞ്ജുളദ്രുമഃ
മധുപുഷ്പാപശോകശ്ച
കങ്കേളീകലികസ്തഥാ
രക്തപല്ലവകശ്ചിത്രോ
വിചിത്രഃകർണ്ണപൂരകഃ
സ്മരാധിവാസഃസുഭഗോ
ദോഷഹാരീപ്രപല്ലവഃ
രാഗീതരുർഹേമപുഷ്പോ
രാമാവാമാംഘ്രിഘാതകഃ
പിണ്ഡീപുഷ്പോനടശ്ചൈവ
പല്ലവദ്രുർച്ചവിംശതിഃ'

എന്നു പര്യായം. ൨. കടുകരോഹിണി. ൩. കന്മദം.

**അശോക**- ൧. കടുകരോഹിണി. ൨. രസം.

**അശോകരോഹിണി**-കടുകരോഹിണി അശോകംപോലെ മുളച്ചുണ്ടാകുന്നതു് എന്നു വ്യുൽപത്തി.

**അശോകവനിക**-അശോകോദ്യാനം.

**അശോകവനികാന്യായം**-"അശോകവനികയോടു തുല്യങ്ങളായി വേറെയും ഉദ്യാനങ്ങൾ ലങ്കയിലുണ്ടായിരുന്നുവെങ്കിലും അശോകവനികയിലാണ് രാവണൻ സീതയെക്കൊണ്ടാക്കിയതു്. അപ്രകാരം തുല്യഗുണങ്ങളിൽ ഒന്നു തിരഞ്ഞെടുക്കുന്നതിനു സ്വേച്ഛയാണ് പ്രമാണം. ആ വിഷയത്തിൽ ചോദ്യത്തിന്നവകാശമില്ല എന്ന സമ്പ്രദായത്തെ ഈ ന്യായം കാണിക്കുന്നു."

**അശോകവർദ്ധനൻ**-മഗധയിലെ ഒരു ചക്രവർത്തി.

**അശോഭന**-വി. ശോഭനമല്ലാത്ത, പ്രകാശമില്ലാത്ത.

**അശൌചം**-അശുദ്ധി.

**അശ്മകം**-കന്മദം.

അശ്മകൻ-൧. ഒരു രാജാവു്. ൨. ഒരു മുനി.

അശ്മകുട്ടൻ-കല്ലുകൊണ്ടു പൊടിച്ചുമാത്രം ഭക്ഷിക്കുന്നവൻ.

അശ്മഗർഭം-മരതകരത്നം. കല്ലിൽനിന്നുണ്ടായതു് എന്നു ശബ്ദാർത്ഥം.

അശ്മജം-കന്മദം.

അശ്മജതു-കന്മദം.

അശ്മദാരണം-കല്ലുളി, മഴു.

അശ്മന്ത-വി. ൧. അതിരില്ലാത്ത. ൨. ചീത്തശകുനമുള്ള.

അശ്മന്തകം - കല്ലൂർവഞ്ചി, കൊങ്ങമന്ദാരം.

അശ്മന്തം-൧. അടുപ്പു്. കല്ലിനെക്കൂടി നാശംവരുത്തുന്നതുകൊണ്ടു് ഈ പേർവന്നു. അവസാനത്തിൽ കല്ലുള്ളതു് എന്നും വ്യുൽപത്തികാണുന്നു. 'അസ്വാന്തം' എന്നും പാഠമുണ്ടു്. ൨. മരണം. ൩. അശുഭം.

അശ്മപട്ടം-പാറപ്പുറം.

അശ്മപുഷ്പം-ശൈലേയം. കല്ലിന്റെ പൂപോലെയുള്ളതെന്നു ശബ്ദാർത്ഥം. ഇതു പാറപ്പുറത്തുണ്ടായി വളരുന്നു.

അശ്മഭിത്തു്-കല്ലൂർവഞ്ചി(ഞ്ഞി).

അശ്മഭേദം-കല്ലൂർവഞ്ചി(ഞ്ഞി).

അശ്മം-൧. കല്ലു്, പാറ, ശില. ൨. മല. അശിക്ക-ഭക്ഷിക്കുക. വസ്ത്രാദികളെ അലക്കുമ്പോൾ ഭക്ഷിക്കുന്നതു് എന്നർത്ഥം.

അശ്മരി-കല്ലടപ്പു്. കല്ലുണ്ടാക്കിത്തീർക്കുന്നതു് എന്നു ശബ്ദാർത്ഥം.

[ഇതു വായു, വസ്തി മുഖത്തെരോധിച്ചു മൂത്രത്തെ പിത്തത്തോടോ കഫത്തോടോ ശുക്ലത്തോടുകൂടി ഉണ്ടാക്കുന്നതാകുന്നു (പശുവിന്റെ പിത്തത്തിങ്കൽനിന്നു ഗോരോചനയുണ്ടാകുംവണ്ണം)].

അശ്മശ്രു-മീശവരാത്ത പുരുഷൻ.

അശ്മസാരം-ഇരിമ്പു്, കല്ലിന്റെ സാരം. ഇരിമ്പു് ഒരുതരം കല്ലിൽനിന്നു കിട്ടുന്നതുകൊണ്ടു് ഈ പേരുണ്ടായി.

അശ്മാവു്-കല്ലു്.

അശ്മിക-പ്രാചീനാരന്റെ ഭാര്യ.

അശ്രദ്ധാനൻ - ശ്രദ്ധിക്കുന്നവനല്ലാത്തവൻ.

അശ്രദ്ധ-വി. ശ്രദ്ധ(താൽപര്യം, ജാഗ്രത, വിശ്വാസം) ഇല്ലാത്ത.

അശ്രദ്ധ-വിശ്വാസക്കേടു്.

അശ്രം-൧. മൂല. ൪-ം, ചതുരശ്രം ഇത്യാദി. ൨. കണ്ണുനീർ (കണ്ണുനീരിനു 'അസ്രം' എന്നതു നന്നു്.)

അശ്രമം-ശ്രമം (അലസത, ക്ഷീണം) ഇല്ലായ്ക.

അശ്രാന്ത-വി. ക്ഷീണം ഇല്ലാത്ത, എപ്പോഴുമുള്ള.

അശ്രാന്തം-എല്ലായ്പോഴും, എപ്പോഴുമുള്ളതു്.

അശ്രാവ്യ-വി. ശ്രാവ്യം (കേൾക്കത്തക്കതു്, ശ്രവിക്കത്തക്കതു്) അല്ലാത്ത.

അശ്രി-വി. ഐശ്വര്യമില്ലാത്ത.

അശ്രി-ആയുധങ്ങളുടെ വായ്ത്തല. ശത്രുക്കളുടെ ശരീരത്തിൽ പ്രവേശിക്കുന്നതു് എന്നു ശബ്ദാർത്ഥം.

അശ്രി-൧. കത്തിയുടെ മുന. ൨. കോണു്. ൩. ഒരു മുറിയുടെയും വീട്ടിന്റെയും മൂല.

അശ്രീക-വി. ൧. അഴകില്ലാത്ത. ൨. നിർഭാഗ്യമുള്ള, ഐശ്വര്യമില്ലാത്ത.

അശ്രീകരം-വൃത്തികേടു്, ദാരിദ്ര്യം.

അശ്രു-കണ്ണുനീർ. ഒററൊററ (ഇററിററ) വീഴുന്നതു്, കവിൾത്തടത്തിൽ വ്യാപിക്കുന്നതു് എന്നിങ്ങനെ ശബ്ദാർത്ഥം.

'ചാസ്രം നേത്രാംബു രോദനം ചാസ്രമശ്രു ച'
(അമരം)

[അസ്രു, നേത്രാംബു, രോദനം, അസ്രം, അശ്രു ൫-ം, കണ്ണുനീരിന്റെ പേർ.]

അശ്രുകണം-കണ്ണുനീർത്തുള്ളി.

അശ്രുകല-കണ്ണുനീർത്തുള്ളി.

അശ്രുജലം-കണ്ണുനീർ.
അശ്രുത-വി. ശ്രുതം (കേട്ടിട്ടുള്ളത്) അല്ലാത്ത, കേട്ടിട്ടില്ലാത്ത.
അശ്രുദേവൻ-ഒരു സൂര്യവംശരാജാവ്.
അശ്രുവാർക്കുക-കണ്ണുനീർതൂകുക, കരയുക
'അശ്രുവാർത്തുമംഗനന്നിന്നപ്പോൾ
വിശ്രുതകീർത്തിചൊല്ലിനാൻഗോവിന്ദ'
(രാമായണം ൨൪ വൃത്തം)
അശ്ലീല-വി. സഭായോഗ്യതയില്ലാത്ത.
അശ്ലീലം-ന. നീചവചനം, സഭായോഗ്യതയില്ലാത്തവാക്ക്. ഭംഗിയില്ലാത്തതു, മനോഹരതയില്ലാത്തത് എന്നിപ്രകാരം വ്യുൽപത്തി. ഉ. സാഹിത്യസാഹ്യപ്രകാരം കാവ്യ (പദ) ദോഷങ്ങളിൽ ഒന്ന്. ലജ്ജ, ജുഗുപ്സ, അമംഗലം ഇവയ്ക്കു ഇടംകൊടുക്കുന്നത്.
'വീരതങ്കംവിധുസ്ത്രീവടിവുവിധുധരൻ
കണ്ടുകാമിച്ചുടത്തി-
ട്ടേതാണ്ടൊക്കെപ്രവർത്തിച്ചുമവതരണം
ചെയ്തചൈതന്യമൂർത്തി'
ഇവിടെ 'ഏതാണ്ടൊക്കെ പ്രവർത്തിച്ചുമവ്' എന്നതു് അശ്ലീലം ആകുന്നു. (ഭാഷാഭൂഷണം.)
അശ്വകം-ന. ചെറിയ കുതിര. ഉ. ഉടമസ്ഥൻ ഇന്നാരെന്നറിയാതെ വഴിതെറ്റിനടക്കുന്ന കുതിര.
അശ്വകർണ്ണ(ക)ം-മരുത്. കുതിരച്ചെവിപോലെ ഇലകളുള്ളതു് എന്നുശബ്ദാർത്ഥം. മരുപ്പുമരുത്, വെണ്മരുത് ഇങ്ങിനെയും കാണുന്നു.
അശ്വകാമകൻ-കുതിരപ്രധാനി.
അശ്വഗതി-ന. കുതിരയുടെ ഗമനം. ഉ. രണ്ടു വൃത്തങ്ങളുടെ പേർ. ഒന്നു അഷ്ടിഛന്ദസ്സിൽ ഉൾപ്പെട്ടതു്. പാദത്തിൽ ൧൬ അക്ഷരം വീതം കാണും.
'അഞ്ചുഭകാരമിഹാശ്വ
ഗതിക്കൊടുവിൽഗുരുവും'
മറ്റൊന്നു ധൃതിഛന്ദസ്സിൽ ഉൾപ്പെട്ടതു പാദത്തിൽ ൧൮ അക്ഷരംവീതംകാണും.
'അഞ്ചുഭകാരമിഹാശ്വഗതിക്ക
സകാരവുമൊടുവിൽ' (വൃത്തമഞ്ജരി)
അശ്വഗന്ധം-അമുക്കുരം.
അശ്വഗ്രീവൻ-ഹയഗ്രീവൻ എന്ന അസുരൻ.
അശ്വഘോഷൻ - 'ബുദ്ധചരിത'ത്തിന്റെ കർത്താവാകുന്നു. ഇദ്ദേഹം കനിഷ്കൻ എന്ന രാജാവിന്റെ സമകാലീനനാണ് എന്നു ബുദ്ധമതക്കാർ പറയുന്നു. അതു വാസ്തവമാണെങ്കിൽ പ്രസ്തുതകവി എ-ഡി ഒന്നാംനൂറ്റാണ്ടിൽ ജീവിച്ചിരുന്നിരിക്കണം. ഏതായാലും ബുദ്ധചരിതത്തിന്റെ നിർമ്മാണകാലം എ-ഡി. ൩൫൦-നും, ൪൦൦-നും പിമ്പാകാൻ നിവൃത്തിയില്ലാ എന്നുള്ളതിനു തെളിവുണ്ട്.
അശ്വഫല്ലു-പേരാൽ.
അശ്വതരം-ഒരുമാതിരി കഴുത.
അശ്വതി-ആദ്യത്തെ നക്ഷത്രം.
അശ്വത്ഥം-അരയാൽ. വളരെക്കാലം നിലനിൽക്കുന്നതു്, ബലമുള്ളതു് എന്നു ശബ്ദാർത്ഥം.
അശ്വത്ഥാമാവ്-ദ്രോണർക്ക് കൃപിഎന്ന ഭാര്യയിൽ ജനിച്ച ഏകപുത്രൻ. അശ്വത്തിനൊപ്പം സ്ഥാമം (ബലം) ഉള്ളവൻ എന്നു ശബ്ദാർത്ഥം. അശ്വത്തിന്റെ സ്ഥിതിപോലെയിരിക്കുന്ന സ്ഥിതിയോടുകൂടിയവൻ എന്നുമാകാം.
[ഈ അശ്വത്ഥാമാവ് ജന്മനാ ബ്രാഹ്മണനും ബ്രാഹ്മണർക്ക് നിഷിദ്ധമായ യുദ്ധത്തിൽ അതിവിദഗ്ദ്ധനുമായിരുന്നു. ഇദ്ദേഹം ചിരംജീവികളിൽ ഒരുവനാണ്. കൗരവന്മാരുടെ സേനാപതിയായിരുന്നു. ഭീമൻ അർജ്ജുനൻ മുതലായവർ കൂടി അടിച്ച് ഈ വീരന്റെ തലയിലുണ്ടായിരുന്ന രത്നത്തെ പറിച്ചെടുത്തു പ

ഞ്ചോലിക്ക കൊട്ടത്തു. ബ്രാഹ്മണനാകയാൽ കൊന്നില്ല.]

ചിരഞ്ജീവികൾ.

'അശ്വത്ഥാമാബലിർവ്യാസോ
ഹനൂമാംശ്ച വിഭീഷണഃ
കൃപഃ പരശുരാമശ്ച
സപ്തൈതേ ചിരജീവിനഃ'

**അശ്വപതി**—പു. കുതിരക്കാരൻ. വ. ഒരു ബഹുമാനപ്പേർ.

**അശ്വപാലൻ**—കുതിരക്കാരൻ, ലായം വിചാരിപ്പുകാരൻ.

**അശ്വം**—കുതിര. ഗമനംകൊണ്ടു ദിക്കുകളെ വ്യാപിക്കുന്നതു്, വേഗത്തോടെ ഗമിക്കുന്നതു് എന്നു വ്യുൽപത്തി.

**അശ്വമാലിക**—തുളസി.

**അശ്വമേധം**—ഒരു യാഗം.

ഇതു പുരാണകാലങ്ങളിൽ ഉണ്ടായിരുന്നതാണ്. രാജാക്കന്മാർ മോക്ഷനിവൃത്തിക്ക് ഇതു നടത്തിവന്നിരുന്നു. ഒരു കുതിരയെ യഥേഷ്ടം സഞ്ചരിക്കുന്നതിനയക്കയും അതു ചെല്ലുന്ന രാജ്യത്തുള്ള രാജാക്കന്മാർ അതിനെ തടയുകയും അയച്ച രാജാവു് അവിടെ ചെന്നു യുദ്ധംചെയ്തു ജയിച്ചു് അതിനെ തിരിയെ കൊണ്ടുപോരുകയും ചെയ്കയാണ്. നൂറു അശ്വമേധം കഴിക്കുന്ന രാജാവിന്ന് ഇന്ദ്രനാകാം.

**അശ്വമേധീയം**—അശ്വമേധയാഗത്തിന്നു നിശ്ചയിക്കപ്പെട്ട കുതിര. മറെറാരു പര്യായം 'യയു'.

**അശ്വയുക്ക്**—അശ്വതിനക്ഷത്രം. രൂപംകൊണ്ടു അശ്വത്തിന്നു തുല്യമായതു്.

**അശ്വയുജം**—തുലാമാസം.

**അശ്വരഥ**—ഒരു നദി. (ഗന്ധമാദനപർവ്വതത്തിലാണ്).

**അശ്വരത്നം**—നല്ല കുതിര.

**അശ്വലളിതം**—ഒരു വൃത്തം. വികൃതിഛന്ദസ്സിൽ പെട്ടതു്. പാദത്തിൽ ൨൩ അക്ഷരം വീതം കാണും.

'ഇഹ പതിനൊന്നിൽനിന്നു നജഭം ജഭം
ജഭലഗങ്ങളശ്വലളിതം'
(വൃത്തമഞ്ജരി)

**അശ്വലക്ഷണം**—കുതിരയുടെലക്ഷണം.

**അശ്വവൃത്തി**—നീചന്മാരെ സേവിക്കുന്നവൻ.

**അശ്വശാല**—കുതിരപ്പുര.

**അശ്വസൻ**—നായാടി. ഇവൻവേടനാണു.

**അശ്വസമൂഹം**—കുതിരക്കൂട്ടം. അശ്വീയം (ആശ്വീയം), ആശ്വം—ഇവ പര്യായങ്ങൾ.

**അശ്വസാദി**—കുതിരച്ചേവുകക്കാരൻ.

**അശ്വസേനൻ**—തക്ഷകന്റെ പുത്രൻ.

**അശ്വഹൃദയം**—അശ്വത്തെ നയിക്കുന്നതിനുള്ള ഒരു മന്ത്രം. ഇതു നളൻ ഋതുപർണ്ണനു കൊടുത്തതാണ്. ഈ മന്ത്രം പഠിച്ചാൽ മനോവേഗത്തിൽ കുതിരയെ ഓടിക്കുന്നതിന്നു കഴിയും. (അക്ഷഹൃദയം എന്ന ശബ്ദം നോക്കുക).

**അശ്വാ**—പെൺകുതിര.

**അശ്വാനീകം**—കുതിരപ്പട്ടാളം, അശ്വസൈന്യം.

**അശ്വാരൂഢ**—കുതിരപ്പുറത്തു കയറിയ.

**അശ്വാരോഹണം, അശ്വാരോഹം**—കുതിരപ്പുറത്തു കയറുക.

**അശ്വാരോഹൻ**—പു. കുതിരമേൽ കയറിയവൻ. വ. കുതിരക്കാരൻ.

**അശ്വാരോഹ**—അമുക്കുരം.

**അശ്വി**—പു. അശ്വതിനക്ഷത്രം. വ. ശ്രേഷ്ഠനായ കുതിരപ്പടയാളി.

**അശ്വികൾ**—ദേവവൈദ്യന്മാർ, വൈദ്യശാസ്ത്രോപദേഷ്ടാക്കന്മാരായ രണ്ടു ദേവകൾ.

**അശ്വിനി**—അശ്വതിനക്ഷത്രം. അശ്വത്തെപ്പോലെ രൂപമുള്ളതെന്നർത്ഥം.

**അശ്വിനീദേവന്മാർ**—സ്വർഗ്ഗവൈദ്യന്മാർ.

[ഇവർ രണ്ടുപേരും സദാ ഒരുമിച്ചു സഞ്ചരിക്കുന്നവരാണ്. ഇവരിൽ ഒരാളുടെ പേർ 'നാസത്യൻ', മറ്റൊരാളുടെ പേർ 'ദസ്രൻ'. ഇവർ നകുലന്റേയും സഹദേവന്റേയും പിതാക്കന്മാരാകുന്നു. കുതിരയുടെ രൂപം അവലംബിച്ച (അശ്വിനി) സംജ്ഞാദേവി എന്ന അപ്സരസ്ത്രീയിൽ സൂര്യനു ജനിച്ചവരാകുന്നു. ഇവർക്കു ഗദാഗദർ, സ്വർവൈദ്യർ, അശ്വിനർ, വാദവേയർ, പുഷ്കരസ്രജർ എന്നുള്ള പേരുകളും കാണുന്നുണ്ട്.]

**അശ്വിനീസുതന്മാർ**– അശ്വിനീദേവന്മാർ (അശ്വിനിയുടെ പുത്രന്മാർ).

**അശ്വിമാഹാത്മ്യം**–പ്ര. ശ്രേഷ്ഠരായ കുതിരപ്പടയാളികളുടെ സാമർത്ഥ്യം. 2, അശ്വിനീദേവന്മാരെപ്പോലെയുള്ള വൈദ്യവിദ്യാസാമർത്ഥ്യം.

**അശ്വീയം**–കുതിരക്കൂട്ടം. [ആശ്വീയം എന്നു കൂടി നന്ന്.]

**അശ്വോപജീവനൻ**–കുതിരയെ രക്ഷിച്ചു നിത്യവൃത്തി കഴിക്കുന്നവൻ.

**അശ്വൗഘം**–കുതിരക്കൂട്ടം.

**അഷഡക്ഷീണം**–രണ്ടാൾ തനിച്ചു ചെയ്യുന്ന മന്ത്രം, മൂന്നാമതൊരുവനറിയാത്ത മന്ത്രം, ആറു ചെവി കേൾക്കാത്തത് എന്നു ശബ്ദാർത്ഥം. (രഹസ്യം).

**അഷാഢകം**–കർക്കടകമാസം. ആഷാഢ(ക)ം എന്ന ശബ്ദം പ്രസിദ്ധം. 'സ്യാദാഷാഢശ്ചാഷാഢകഃ' എന്നു ശബ്ദാർണ്ണവവചനം. 'ആശാഢം' എന്നു തമിഴ്പാഠം (ആഷാഢം എന്നതു മിഥുനം മദ്ധ്യം മുതൽ കർക്കടകം മദ്ധ്യം വരെയാണെന്നു കാണുന്നു.)

**അഷ്ട**–വി. എട്ടാമത്തെ.

**അഷ്ടകഷ്ടങ്ങൾ**–കാമം, ക്രോധം, ലോഭം, മോഹം, മദം, മാത്സര്യം, ഡംഭം, അസൂയ ഇവ എട്ടും.

**അഷ്ടകൻ**–ഒരു മുനി, വിശ്വാമിത്രന്റെ ഒരു പുത്രൻ.

**അഷ്ടകം**–എട്ട്, എട്ടാമത്തെ.

**അഷ്ടകോണം**–എട്ടുകോണുള്ളത്.

**അഷ്ടഗന്ധം**–അകിൽ, ചന്ദനം, ഗുൽഗുലു, മാഞ്ചി, കുങ്കുമം, കൊട്ടം, രാമച്ചം, ഇരുവേലി ഇവ എട്ടും ചേർന്നത്.

**അഷ്ടഗുണങ്ങൾ**–എല്ലാഭൂതങ്ങളിലും ദയ, ക്ഷമ, അനസൂയ, ശൌരവം, അനായാസം, മംഗളം, അകാർപ്പണ്യം, അസ്പൃഹ ഇവ എട്ടും. ഇവയെ അഷ്ടാംഗബ്രഹ്മചര്യനിഷ്ഠ എന്നും പറയും.

**അഷ്ടഗൃഹാഢ്യർ**–പരശുരാമൻ ഉത്തരദേശത്തു കൃഷ്ണാനദിയുടെതീരത്തു നിന്നു കൊണ്ടുവന്ന വേദശാസ്ത്രാദികളിൽനിപുണനായ ഒരു ബ്രാഹ്മണന്റെ (സ്ഥാനപ്പേർ യോഗാചാര്യൻ) എട്ടുപുത്രന്മാർ. ഇവർക്കു എട്ടുപേർക്കും വെവ്വേറെ ഇല്ലവും കെട്ടിച്ചു എട്ടില്ലക്കാർക്കും സ്ഥാനവലിപ്പവും അഷ്ടഗൃഹത്തിലെ 'ആഢ്യർ' എന്നപേരും കൊടുത്തു വാഴിച്ചു."

(മ-ഓ-ച)

**അഷ്ടഗ്രാഹി**–എട്ടുരുളമാത്രം ഭക്ഷിക്കുന്നവൻ സന്ന്യാസി.

**അഷ്ടചൂർണ്ണം**–ചുക്ക്, മുളക്, തിപ്പലി, അയമോദകം, ജീരകം, കരിഞ്ജീരകം, ഇന്തുപ്പ്, കായം ഇവ എട്ടുകൂട്ടം മരുന്നുകൾ കൂട്ടിയുണ്ടാക്കുന്ന ഒരു പൊടി. ഇതു് അഗ്നിവർദ്ധനവും വാതഗുന്മത്തിനും മറ്റും നന്ന്.

**അഷ്ടതാരിണി**–താരിണീദേവിയുടെ എട്ടു രൂപങ്ങൾ

'താരോഗ്രാമഹോഗ്രാച
വജ്രാകാളീസരസ്വതീ
കാമേശ്വരീചചാമുണ്ഡാ
താരിണ്യഷ്ടൗവിധീരിതാഃ

**അഷ്ടദിക്പതികൾ, അഷ്ടദിക്പാലന്മാർ**–ഇന്ദ്രൻ, വഹ്നി, പിതൃപതി, നിരൃതി, വരുണൻ, മരുത്ത്, കുബേരൻ, ഈശൻ ഇവർ എട്ടും.

'ഇന്ദ്രോവഹ്നിഃപിതൃപതിർ-
നിരൃതിർവരുണോമരുത്
കുബേരഈശഃപതയഃ
പൂർവ്വാദീനാംദിശാംക്രമാൽ'(അമരം)

അഷ്ടദിക്കുകൾ-എട്ടുദിക്കുകൾ. കിഴക്ക്, തെക്കുകിഴക്ക്, തെക്ക്, തെക്കുപടിഞ്ഞാറ്, പടിഞ്ഞാറ്, വടക്കുപടിഞ്ഞാറ്, വടക്ക്, വടക്കുകിഴക്ക്. (൪ ദിക്കും അതുകളുടെ ൪ കോണും.)

'പൂർവ്വാഗ്നേയീദക്ഷിണാ ച
നൈരൃതീപശ്ചിമാതഥാ
വായവീചോത്തരൈശാനീ
ദിശസ്ത്വഷ്ടാവിതീരിതഃ'

അഷ്ടദിക്കരിണികൾ-എട്ടു ദിഗ്ഗജങ്ങളുടെ പിടിയാനകൾ. അഭ്രമു, കപില, പിംഗല, അനുപമ, താമ്രകർണ്ണി, ശുഭദന്തി, അംഗന, അഞ്ജനാവതി.

അഷ്ടദിഗ്ഗജങ്ങൾ-ഐരാവതൻ, പുണ്ഡരീകൻ, വാമനൻ, കുമുദൻ, അഞ്ജനൻ പുഷ്പദന്തൻ, സാർവ്വഭൗമൻ, സുപ്രതീകൻ ഇങ്ങനെ ൮.

അഷ്ടദ്രവ്യം-യാഗത്തിനുപയുക്തങ്ങളായ എട്ടു ദ്രവ്യങ്ങൾ. അരയാൽ, അത്തി, പ്ലാശ്, പേരാൽ ഇതുകളുടെ ചമത, കടുക്, എള്ള്, പായസം, നെയ്യ്-ഇവ.

'അശ്വത്ഥോദുംബരപ്ലക്ഷ
ന്യഗ്രോധസമിധസ്തിലാഃ
സിദ്ധാർത്ഥപായസാജ്യാനി
ദ്രവ്യാണ്യഷ്ടൗവിദുർബ്ബുധാഃ'

അഷ്ടധാ-അ. എട്ടുപ്രകാരം.

അഷ്ടധാതുക്കൾ-പൊന്ന്, വെള്ളി, ചെമ്പ്, വെള്ളീയം, യശദം, കാരീയം, ഇരിമ്പ്, രസം ഇവ ൮-ം.

'സ്വർണ്ണംരൂപ്യഞ്ചതാമ്രഞ്ച
രംഗംയശദമേവച
സീസംലോഹംരസശ്ചേതി
ധാതവോഷ്ടൗപ്രകീർത്തിതാഃ'

അഷ്ടപദി-ഒരു പാട്ടുപുസ്തകം. [ഇതിൽ കൃഷ്ണന്റെയും ഗോപസ്ത്രീകളുടെയും ക്രീഡാവർണ്ണനമാണ് അടങ്ങിയിരിക്കുന്നത്. കലിവർഷം ൪൨൦൦-ന്റെ ഇടയ്ക്കു ജീവിച്ചിരുന്ന 'ജയദേവർ' എന്ന പ്രസിദ്ധവിദ്വാന്റെ കൃതികളിൽ ഒന്നാണ്. ഈ ഗ്രന്ഥത്തിന്റെ പ്രധാനപേർ 'ഗീതാഗോവിന്ദം' എന്നാകുന്നു. (സംസ്കൃതഗ്രന്ഥമാണ്)].

അഷ്ടപാത്ത്-എട്ടുകാലി, എട്ടടിമാൻ.

അഷ്ടപാദം-എട്ടുകാലി.

അഷ്ടപ്രാസം-ശബ്ദാലങ്കാരങ്ങളിൽ ഒന്ന്

അഷ്ടബന്ധം-ബിംബം ഉറപ്പിപ്പാൻ ഏതാനും മരുന്നുകൾ ഇടിച്ചു നേർപ്പിച്ചുണ്ടാക്കുന്നത്.

അഷ്ടബുദ്ധിഗുണങ്ങൾ ശുശ്രൂഷ, ശ്രവണം, ഗ്രഹണം, ധാരണം, ഊഹാപോഹങ്ങൾ, അർത്ഥവിജ്ഞാനം, തത്വജ്ഞാനം ഇവ എട്ടും.

അഷ്ടഭാര്യമാർ-ശ്രീകൃഷ്ണന്റെ എട്ടു ഭാര്യമാർ. ൧. രുക്മിണി. ൨. ജാംബവതി. ൩. സത്യഭാമ. ൪. കാളിന്ദി. ൫. മിത്രവിന്ദ. ൬. സത്യ. ൭. ഭദ്ര. ൮. ലക്ഷണ.

അഷ്ടഭുജാഷ്ടകം-എട്ടു കൈകളുടേയും തീക്ഷ്ണമായ ശക്തി.

അഷ്ടമം-വി. എട്ടാമത്തെ.

അഷ്ടമംഗലം-ബ്രാഹ്മണൻ, പശു, അഗ്നി, സ്വർണ്ണം, നെയ്യ്, ആദിത്യൻ, ജലം, രാജാവ് ഈ എട്ടും.

അഷ്ടമംഗല്യം-കുരവ, ദർപ്പണം, ദീപം, കലശം, വസ്ത്രം, അക്ഷതം, അംഗന, സ്വർണ്ണം ഇവ എട്ടും.

'കുരവാദർപ്പണംദീപഃകലശോവസ്ത്രമക്ഷതം
അംഗനാഹേമസംയുക്തമഷ്ടമംഗല്യലക്ഷ
[ണം'

'കല്പോടഷ്ടമംഗല്യാദിസാകല്യത്തൊടും'
(കുചേലവൃത്തം വഞ്ചിപ്പാട്ട്)

**അഷ്ടമി**-എട്ടാമത്തെ പക്കം.

**അഷ്ടമിരോഹിണി**-ഒരു വിശേഷദിവസം(കൃഷ്ണൻ ജനിച്ച ദിവസം.)

**അഷ്ടമുടി**-തിരുവിതാംകൂറിൽ കൊല്ലം താലൂക്കിലുള്ള ഒരു കായൽ.

നീളം മയിൽ പത്ത്. ഇതിന് എട്ടു ശാഖകൾ (മുടികൾ) ഉള്ളതുകൊണ്ടാണ് അഷ്ടമുടി എന്നു വിളിക്കുന്നത്. ഇവയിൽ പ്രധാനശാഖകൾ ൧. മഞ്ഞപ്പാടം, ൨. മുകുന്ദപുരം, ൩. അഷ്ടമുടി. ൪. ആശ്രാമം, ൫. കരീപ്പുഴ. ൬. കാഞ്ഞിരക്കോട് ഇവയാണ്. നീണ്ടകരഅഴി ഇതിനെ സമുദ്രത്തോടു ചേർക്കുന്നു.

**അഷ്ടമൂർത്തി**-ശിവൻ. ജലം, വഹ്നി (അഗ്നി), യജമാനൻ (ഹോതാവ്),സൂര്യൻ, ചന്ദ്രൻ, ആകാശം, വായു, അവനി (ഭൂമി)ഈ എട്ടു മൂർത്തികളോടുകൂടിയവൻ

'ജലംവഹ്നിസ്തഥായഷ്ടാ
സൂര്യാചന്ദ്രമസൌതഥാ
ആകാശംവായുരവനീ,
മൂർത്തയോഷ്ടൌപിനാകിനഃ'

മറ്റൊന്ന്.

'പൃഥിവീസലിലംതേജോ
വായുരാകാശമേവച
സൂര്യാചന്ദ്രമസൌസോമ
യാജീചേത്യഷ്ടമൂർത്തയഃ'

**അഷ്ടരസങ്ങൾ**-ശൃംഗാരം, ഹാസ്യം, കരുണ, രൌദ്രം, വീരം, ഭയാനകം, ബീഭത്സം, അത്ഭുതം ഇവ എട്ടും. ഇവയോടു ശാന്തം കൂടി ചേർന്നാൽ 'നവരസം'

'ശൃംഗാരഹാസ്യകരുണാ
രൌദ്രവീരഭയാനകാഃ
ബീഭത്സാത്ഭുതസംജ്ഞൌചേ
ത്യഷ്ടൌനാട്യരസാസ്മൃതാഃ'

**അഷ്ടരാഗങ്ങൾ**-കാമം, ക്രോധം, ലോഭം, മോഹം, മദം, മാത്സര്യം, ഡംഭം, അസൂയ ഇവ എട്ടും.

**അഷ്ടലോഹകം**-എട്ടുലോഹങ്ങൾ.

'സ്വർണ്ണംരജതംതാമ്രം
സീസകംകാന്തികംതഥാ
വംഗംചലൌഹംതീക്ഷ്ണലൌഹം
ലൌഹാന്യഷ്ടാവിമാനിതു'

**അഷ്ടവർഗ്ഗം**-ഒരു കഷായം. വാതത്തിനു നന്ന്.

**അഷ്ടവസുക്കൾ**-ധരൻ; ധ്രുവൻ,സോമൻ, ആപൻ, അനലൻ, അനിലൻ, പ്രത്യൂഷൻ, പ്രഭാസൻ ഇവർ എട്ടും.

'ധരന്ധ്രുവന്സോമൻ
പ്രത്യൂഷനനിലൻതഥാ
ആപൻപ്രഭാസനനല
നേവമഷ്ടവസുക്കളും'
(സുഭാഷിതരത്നാകരം)

**അഷ്ടവിവാഹങ്ങൾ**-എട്ടു തരം വിവാഹങ്ങൾ.

'ബ്രാഹ്മംദൈവവുമാർഷം
പ്രാജാപത്യംനിനയ്ക്കഗാന്ധർവം
ആസുരവുംരാക്ഷസവും
പൈശാചവുമാംവിവാഹമെട്ടേവം'
(സുഭാഷിതരത്നാകരം)

[൧. ബ്രാഹ്മം-പിതാവു പുത്രിയെ ഉദകത്തോടുകൂടി പ്രതിഫലം കൂടാതെ ഒരു ബ്രഹ്മചാരിക്കു കൊടുക്കുക.

൨. ദൈവം-പിതാവു പുത്രിയെ ആഭരണങ്ങളെക്കൊണ്ട് അലങ്കരിച്ചു യാഗത്തിൽ ഋത്വിക്കിനു (പുരോഹിതനു)കൊടുക്കുക.

൩. ആർഷം-പശുവിനെയോ കാളയെയോ വാങ്ങിച്ചുംകൊണ്ടു പകരം കന്യകയെ കൊടുക്കുക.

൪. പ്രാജാപത്യം-'നിങ്ങൾ ധർമ്മാനുഷ്ഠാനത്തോടുകൂടി വാഴുവിൻ' എന്നു പറഞ്ഞിട്ടു പിതാവു പ്രതിഫലംകൂടാതെ പുത്രിയെ പുരുഷനു കൊടുക്കുക.

൫. ഗാന്ധർവ്വം-കാമുകൻ അനുരക്തയായ സ്ത്രീയെ ബന്ധുക്കളോടും മററും ആലോചിക്കാതെയും കർമ്മങ്ങൾകൂടാതെയും വെയ്ക്കൊള്ളുക. (രണ്ടാളും പരസ്പരാനുരാഗംകൊണ്ടു ഗുരുസമ്മതം ഗണിക്കാതെ ചെയ്യുന്ന വിവാഹം).

'ഇച്ഛയാന്യോന്യസംയോഗഃ
കന്യായാശ്ചവരസ്യ ച
ഗാന്ധർവ്വസ്സതുവിജ്ഞേയോ
മൈഥുന്യഃ കാമസംഭവഃ' (മനു)

൬. ആസുരം-(മാനുഷം) ഒരു പുരുഷൻ കന്യകയെ പിതാവിന്റെ അടുക്കൽനിന്നു വിലയ്ക്കു വാങ്ങുക.

൭. രാക്ഷസം-ഒരു സ്ത്രീയെ ബന്ധുക്കളെ യുദ്ധത്തിൽ തോല്പിച്ചു ബലാൽക്കാരേണ പിടിച്ചുകൊണ്ടുപോക.

൮. പൈശാചം-സ്ത്രീക്കു ബോധം ഇല്ലാതിരിക്കുമ്പോൾ അവളെ പുരുഷൻ ബലാൽക്കാരേണ ഭാര്യയാക്കുക. (ഇവയിൽ ആദ്യത്തെ ആറും വസിഷ്ഠമതം. ശേഷം ബോധായനമതം).

വിവാഹത്തിനു പുരുഷന്റെ ജന്മനക്ഷത്രം മാത്രം വർജ്ജിക്കണം.]

അഷ്ടവൈദ്യന്മാർ-൧. കുട്ടൻചെരിമൂസ്സ് (വാസസ്ഥലം-കൊച്ചിവടക്കാഞ്ചേരി). ൨. പുലാമന്തോട്ടുമൂസ്സ് (വള്ളുവനാട്ടു താലൂക്ക്). ൩. ചീരിട്ടമൺമൂസ്സ് (കോട്ടയത്തു മലയിൽ). ൪. ഇളയിടത്തു തൈക്കാട്ടുമൂസ്സ്. ൫. തൃശ്ശിവപേരൂർ തൈക്കാട്ടുമൂസ്സ്. ൬. വെള്ളോട്ടുമൂസ്സ്. ൭. ആലത്തൂർനമ്പി. ൮. കാരാട്ടാൾനമ്പി. ഇവർ എട്ടുപേരും.

അഷ്ടവൈദ്യന്മാർ-പരശുരാമൻ ൮ നമ്പൂരിമാരിൽ ൮ ഇല്ലക്കാർക്ക് വൈദ്യശാസ്ത്രം ഉപദേശിച്ചു. ഇതു കേരളവാസികൾക്കു രോഗശമനം വരുത്തിക്കൊടുക്കുന്നതിനായിരുന്നു.

കലിവർഷം ഏകദേശം ൩൪൦൦-ാം ഇപ്പുറം അഷ്ടവൈദ്യന്മാരിൽ ഓരോ വിദ്വാന്മാർ യോഗരത്നസമുച്ചയം, ശാർങ്ഗധരം, സഹസ്രയോഗം, നവഖണ്ഡം, മനോരമ മുതലായ വൈദ്യഗ്രന്ഥങ്ങൾ കേരളത്തിൽ സംസ്കൃതഭാഷയിൽ ഉണ്ടാക്കി. അവരുടെ ശിഷ്യന്മാരെ പഠിപ്പിച്ചു വന്നു. കേരളബ്രാഹ്മണർ ഉണ്ടാക്കീട്ടുള്ള വൈദ്യഗ്രന്ഥങ്ങൾ വേറെയും അനേകം ഉണ്ട്.

അഷ്ടശൈലം-പ്രധാനങ്ങളായ എട്ടു പർവ്വതങ്ങൾ.

അഷ്ടസിദ്ധി-അഷ്ടൈശ്വര്യം.

അഷ്ടാക്ഷരം-'ഓം നമോ നാരായണായ' എന്ന മന്ത്രം.

അഷ്ടാംഗയോഗങ്ങൾ-൧. പരബ്രഹ്മയോഗം. ൨. ജ്ഞാനയോഗം. ൩. രാജയോഗം. ൪. സാംഖ്യയോഗം. ൫. സന്യാസയോഗം. ൬. അഭ്യാസയോഗം. ൭. ഭക്തിയോഗം. ൮. വിവേകയോഗം. ഇങ്ങനെ എട്ട്.

അഷ്ടാംഗപാതം, അഷ്ടാംഗപ്രണാമം, അഷ്ടാംഗനമസ്കാരം-സാഷ്ടാംഗനമസ്കാരം (എട്ടംഗങ്ങളും കൊണ്ടുള്ള നമസ്കാരം.)

'ജാനുഭ്യാഞ്ചതഥാപദ്ഭ്യാം
പാണിഭ്യാമുരസാധിയാ
ശിരസാവചസാദൃഷ്ട്യാ
പ്രണാമോഷ്ടാംഗഈരിതഃ'

അഷ്ടാംഗബ്രഹ്മചര്യനിഷ്ഠ-എട്ടംഗങ്ങളോടുകൂടിയ ബ്രഹ്മചര്യനിഷ്ഠ. ഇത എട്ടംഗങ്ങളായിട്ട്. ൧. എല്ലാ ഭൂതങ്ങളിലും ദയയും, ൨. ക്ഷമയും, ൩. അനസൂയയും, ൪. ശൗചവും, ൫. അനായാസവും, ൬. മംഗളവും, ൭. അകാർപ്പണ്യവും, ൮. അസ്പൃഹതയും (എന്നു ശാതാതപമതം.)

അഷ്ടാംഗയോഗങ്ങൾ-൧. യമം, ൨.

നിയമം. ൩. ആസനം. ൪. പ്രാണായാമം. ൫. പ്രത്യാഹാരം. ൬. ധ്യാനം. ൭. ധാരണ. ൮. സമാധി ഇങ്ങനെ എട്ട്.

അഷ്ടാംഗഹൃദയം-എട്ടംഗങ്ങളെ സംബന്ധിച്ചുള്ള ഒരു വൈദ്യഗ്രന്ഥം. ൧. കായം:-ധാതുക്കളുടെ തികവോടുകൂടിയ ശരീരം. ൨. ബാലം:-ധാതുക്കളുടെ തികവോടുകൂടാത്ത ശരീരം. ൩. ഗ്രഹം:-ബാലന്മാരെ ബാധിക്കുന്ന ഭൂതങ്ങൾ. ൪. ഊർദ്ധ്വാംഗം:-ശിരസ്സ്. ൫. ശല്യം:-ശരീരത്തിലുൾപ്പെട്ട ശല്യം മുതലായവ. ൬. ദംഷ്ട്ര:-വിഷപ്പല്ല്. ൭. ജരാ:-വയോഹാനി (യൌവ്വനക്ഷയം) ൮. വൃഷം:-ശുക്ലം. ഇങ്ങിനെ എട്ടു വസ്തുക്കളിൽ ചികിത്സയുടെ സംശ്രയം ഉണ്ടാകയാൽ ഈ പേരുണ്ടായി.

അഷ്ടാംഗങ്ങൾ-ശരീരത്തിലെ എട്ടു പ്രധാനമായ അംശങ്ങൾ. (അഷ്ടാംഗപ്രണാമം, അഷ്ടാംഗഹൃദയം ഇവ നോക്കുക.)

അഷ്ടാദശപർവ്വങ്ങൾ-ആദി, സഭം, വനം, വിരാടം, ഉദ്യോഗം, ഭീഷ്മം, ദ്രോണം, കർണ്ണം, ശല്യം, സൌപ്തികം, സ്ത്രീ ശാന്തി, അനുശാസനം, ആശ്വമേധികം, ആശ്രമവാസികം, മൌസലം, മഹാപ്രസ്ഥാനികം, സ്വർഗ്ഗാരോഹണം.

അഷ്ടാദശപുരാണങ്ങൾ - വൈഷ്ണവങ്ങൾ:-൧. വൈഷ്ണവം. ൨. നാരദീയം. ൩. ഭാഗവതം. ൪. ഗാരുഡം. ൫. പാത്മം. ൬. വാരാഹം. ശൈവങ്ങൾ:-൭. മാത്സ്യം. ൮. കൌർമ്മം. ൯. ലൈംഗ്യം. ൰. വായവ്യം. ൰൧. സ്കാന്ദം. ൰൨. ആഗ്നേയം:-ബ്രാഹ്മങ്ങൾ:-൰൩. ബ്രഹ്മാണ്ഡം. ൰൪. ബ്രഹ്മവൈവർത്തം. ൰൫. മാർക്കണ്ഡേയം. ൰൬. ഭവിഷ്യത്ത്. ൰൭. വാമനം. ൰൮. ബ്രാഹ്മം ഇവ പതിനെട്ടും.

അഷ്ടാദശസ്മൃതികർത്താക്കന്മാർ—൧. മനു. ൨. അത്രി. ൩. വിഷ്ണു. ൪. ഹാരീതൻ. ൫. യാജ്ഞവൽക്യൻ. ൬. ഉശനസ്സ്. ൭. അംഗിരസ്സ്. ൮. യമൻ. ൯. ആപസ്തംബൻ. ൰. സംവർത്തൻ. ൰൧. കാത്യായനൻ. ൰൨. ബൃഹസ്പതി. ൰൩. പരാശരൻ. ൰൪. വ്യാസൻ. ൰൫. ശംഖൻ. ൰൬. ലിഖിതൻ. ൰൭. ദക്ഷൻ. ൰൮. ഗൌതമൻ, ഇങ്ങനെ പതിനെട്ടു മഹർഷികൾ.

അഷ്ടാദശോപപുരാണങ്ങൾ-൧. സനൽകുമാരം. ൨. നാരസിംഹം. ൩. നാരദീയം. ൪. ശിവപുരാണം. ൫. ദൌർവ്വാസസം. ൬. കാപിലം. ൭. മാനവം. ൮. ഔശനസം. ൯. ബ്രഹ്മാണ്ഡം. ൰. വാരുണം. ൰൧. കാളികം. ൰൨. മാഹേശ്വരം. ൰൩. സാംബം. ൰൪. സൌരം. ൰൫. പാരാശര്യം. ൰൬. ഭാഗവതം. (രണ്ട്.) ൰൮. കൌർമ്മപുരാണം.

'അഷ്ടാന്യുപപുരാണാനി
മുനിഭിഃകഥിതാനിതു
ആദ്യംസനൽകുമാരോക്തം
നാരസിംഹമതഃപരം
തൃതീയംനാരദംപ്രോക്തം
കുമാരേണതുഭാഷിതം
ചതുർത്ഥംശിവധർമ്മാഖ്യം
സാക്ഷാന്നന്ദീശഭാഷിതം
ദുർവ്വാസസോക്തമാശ്ചര്യം
നാരദോക്തമതഃപരം
കാപിലംമാനവംചൈവ
തഥൈവോശനസേരിതം
ബ്രഹ്മാണ്ഡംവാരുണഞ്ചാഥ
കാലികാഹ്വയമേവച
മാഹേശ്വരംതഥാസാംബം
സൌരംസർവ്വാർത്ഥസഞ്ചയം
പരാശരോക്തംപ്രവരം
തഥാഭാഗവതദ്വയം

ഇദമഷ്ടാദശപ്രോക്തം
പുരാണം ധർമ്മസംയുതം'

അഷ്ടാദശോപചാരങ്ങൾ-പതിനെട്ട് ഉപചാരങ്ങൾ.

'ആസനം സ്വാഗതം പാദ്യം
അർഘ്യമാചമനീയകം
സ്നാനം വസ്ത്രോപവീതം ച
ഭൂഷണാനി ച സർവശഃ
ഗന്ധപുഷ്പേ തഥാ ധൂപ
ദീപമന്നം ച തർപ്പണം
മാല്യാനുലേപനം ചൈവ
നമസ്കാരവിസർജ്ജനേ
അഷ്ടാദശോപചാരൈസ്തു
മന്ത്രീ പൂജാം സമാചരേൽ'

അഷ്ടാദശ-പതിനെട്ട്.

അഷ്ടാദശധാന്യങ്ങൾ-പതിനെട്ട ധാന്യങ്ങൾ.

'യവഗോധൂമധാന്യാനി
തിലകംഗുകുലത്ഥകാഃ
മാഷമുദ്ഗമസൂരാശ്ച
നിഷ്പാവാഃ ശ്യാമസർഷപാഃ
ഗവേധുകാശ്ച നീവാരാ
ആഢക്യോഥ സതീനകാ
ചണകാശ്ചീനകാശ്ചൈവ
ധാന്യാന്യഷ്ടാദശൈവ തു'

അഷ്ടാദശവിദ്യകൾ-പതിനെട്ടു വിദ്യകൾ.

'അംഗാനി വേദാശ്ചത്വാരോ
മീമാംസാ ന്യായവിസ്തരഃ
പുരാണം ധർമ്മശാസ്ത്രം ച
വിദ്യാ ഹ്യേതാശ്ചതുർദ്ദശ
ആയുർവേദോ ധനുർവേദോ
ഗാന്ധർവശ്ചേതി തേ ത്രയഃ
അർത്ഥശാസ്ത്രം ചതുർത്ഥം തു
വിദ്യാ ഹ്യഷ്ടാദശൈവ തു'

അഷ്ടാപദം-ന. സ്വർണ്ണം. എട്ടു ധാതുക്കളിൽ നിന്നുണ്ടാകുന്നതു് 'അഷ്ടധാതവഃ ചരമ നിസ്ഥാനാന്യസ്യ' എന്നു ശബ്ദാർത്ഥം. ൨. ചൂതുപടം. എല്ലാവരിയിലും എട്ടെട്ടു കള്ളിയുള്ളതു് എന്നു ശബ്ദാർത്ഥം. ൩. എട്ടുകാലി. ൪. കൈലാസപർവ്വതം. ൫. ശരഭം എന്ന മൃഗം. (അകശേകസ്സ് എന്ന ശബ്ദം നോക്കുക). ൬. ഒരു പുഴു.

അഷ്ടാപദി-കാട്ടുമുല്ല.

അഷ്ടാവക്രൻ-ഒരു ബ്രാഹ്മണൻ, മുനി.

'ഇദ്ദേഹം കഹോഡമുനിയുടെ പുത്രനാണ്. ഗർഭത്തിലെ അച്ഛനെ ശാസിച്ചു. കാരണം അദ്ദേഹം വിദ്യാഭ്യാസത്തിലുള്ള താൽപര്യം ഹേതുവായിട്ടു ഭാര്യയോടു അതിപ്രീതികാണിക്കാതിരുന്നതാണ്. ആ ശാപംകൊണ്ടത്രേ വക്രമായ അവയവങ്ങളോടുകൂടി ജനിപ്പാൻ ഇടയായതു്. അനന്തരം കഹോഡൻ ഒരു ബുദ്ധസന്യാസിയുമായുള്ള വാദത്തിൽ പരാജിതനായതിനാൽ പരാജിതന്മാരായ ബ്രാഹ്മണരോടുകൂടി ഒരു ആറ്റിൽ തള്ളപ്പെട്ടു. പന്ത്രണ്ടുവയസ്സിൽ അഷ്ടാവക്രൻ ഈ വിവരം അറിഞ്ഞു ആ ബുദ്ധസന്യാസിയെ വാദത്തിൽ മടക്കി. അപ്പോൾ 'താൻ വരുണപുത്രനാണെന്നും ഒരു യാഗത്തിനു ബ്രാഹ്മണരെ ലഭിപ്പാൻ വേണ്ടിയാണു ബ്രാഹ്മണരെ ഇങ്ങിനെ നദിയിൽ തള്ളിച്ചതാണെന്നും പറഞ്ഞു കഹോഡനെ തിരിയെ വരുത്തി. പിന്നീട് അഷ്ടാവക്രൻ പോയി സമംഗനദിയിൽ കുളിച്ചു ദേഹത്തിന്റെ വക്രതയെ കളഞ്ഞു. ഈ സ്നാനം കഹോഡന്റെ കല്പനപ്രകാരമായിരുന്നു. ഒരിക്കൽ അഷ്ടാവക്രൻ ജലത്തിൽ തപസ്സുചെയ്തു നില്ക്കവെ ഏതാനും ദേവസ്ത്രീകൾ അദ്ദേഹത്തെ വന്ദിച്ചു. സന്തുഷ്ടനായി ഉടൻ അദ്ദേഹം ഏതു വരം വേണമെന്ന് അവരോടു ചോദിച്ചു.

മനുഷ്യനിൽ ഉത്തമനായവൻ ഭർത്താവാകണമെന്ന് അവർ അപേക്ഷിച്ചു. താൻ ഭർത്താവായിക്കൊള്ളാമെന്നു പറഞ്ഞു മുനി കരയിൽ കയറി. വക്രതകണ്ടു അവർ ചിരിച്ചു. ഉടൻ കോപിച്ചു ഇഷ്ടംപോലെ ഭർത്താവിനെ കിട്ടുമെന്നും കള്ളന്മാർ അവരെ കൊല്ലുമെന്നും പറഞ്ഞു മറഞ്ഞു'.

അഷ്ടാശി-എണ്ണൂറ്.

അഷ്ടാശീതി-എണ്പത്തെട്ട്.

അഷ്ടി-ഈ ഛന്ദസ്സിനു പാദത്തിൽ ൧൬ അക്ഷരംവീതം കാണും.

അഷ്ഠി-൧. ഭക്ഷണം, ഊണ്. ൨. അന്നം.

അഷ്ഠീല-൧. കടകപ്പാല. ൨. മാംസക്കട്ടി.

അഷ്ഠീവാൻ, അഷ്ഠീവത്ത്-മുട്ട്, കനത്ത അസ്ഥിയുള്ളതെന്നു ശബ്ദാർത്ഥം.

അഷ്ടൈശ്വര്യങ്ങൾ-൧. അണിമാവ് (ചെറുപ്പം) ൨. മഹിമാവ് (വലുപ്പം). ൩. ലഘിമാവ് (ലഘുത്വം). ൪. ഗരിമാവ് (ഗുരുത്വം). ൫. ഈശിത്വം (എല്ലാത്തിനേയും അതിശയിച്ചിരിക്കുന്ന എന്നുള്ളത്). ൬ വശിത്വം (എല്ലാവരേയും തനിക്ക് അധീനന്മാരാക്കുന്നത്. ഇന്ദ്രിയങ്ങളെ സ്വാധീനത്തിൽ ഇരുത്തുന്നത്). ൭. പ്രാപ്തി (ലാഭം). ൮ പ്രാകാശ്യം (ഇഷ്ടംപോലെ സഞ്ചാരശക്തിയെ കൊടുക്കുന്നത്).

അസകൃൽ-അ. വളരെ പ്രാവശ്യം, വീണ്ടുംവീണ്ടും.

അസക്ത-വി. സക്തം (താൽപര്യം) ഇല്ലാത്ത, ഇഹലോകവ്യാപാരങ്ങൾ വെടിഞ്ഞ.

അസക്തി-൧ സക്തി (താൽപര്യം) ഇല്ലായ്ക, ൨. ചേർച്ചയില്ലായ്ക. ൩. സ്നേഹമില്ലായ്ക.

അസഞ്ജാതരസം-കന്നില.

അസതി-സതി (പതിവ്രത) അല്ലാത്തവൾ, വ്യഭിചാരിണി.

അസതീസുതൻ-കുലടാപുത്രൻ.

അസൽ-വി. ൧. ഇല്ലാത്ത. ൨. നേരല്ലാത്ത. ൩. ഭവിക്കാത്ത.

അസൽ-പകർപ്പെഴുതിയതിനെ ശരിപ്പെടുത്തി എഴുതിയത്.

അസദ്ഭാവം-൧. ഇല്ലായ്മ. ൨. ചീത്ത സ്വഭാവം.

അസത്ത്-൧. ചീത്തയായത്. ൨. ശരിയല്ലാത്തത്.

അസത്യ-വി. സത്യം അല്ലാത്ത.

അസത്യം-സത്യക്കേട്, വ്യാജം.

അസത്യഭാഷണം-പൊളിപറക. വിതഥം എന്നു പര്യായം.

അസത്യവാദി-പൊളിപറയുന്നവൻ.

അസത്വ-വി. ൧. സത്വഗുണമില്ലാത്ത. ൨. ബലമില്ലാത്ത. ൩. ജന്തുവില്ലാത്ത. ൪. നന്മയില്ലാത്ത.

അസത്വം-൧. സത്വഗുണമില്ലായ്മ. ൨. സത്യമില്ലായ്മ. ൩. ദുർബ്ബുദ്ധി. ൪. ഇരുട്ട്.

അസനവില്വാദി(തൈലം)-ഒരെണ്ണ

'അസനവില്വബലാമൃതപാചിതേ
മധുകനാഗരകത്രിഫലാന്വിതേ
പയസിതൈലമിമംപയസാപചേൽ
നയനകർണ്ണശിരോഹിതമുത്തമം'

വേങ്ങാക്കാതൽ, കൂവളത്തിൻവേർ, കുറുന്തോട്ടിവേർ, അമൃത് ഇവ കഷായം. എണ്ണ, പാല്, ഇരട്ടിമധുരം, ചുക്ക്, ത്രിഫല, കല്ക്കം. ഈ തൈലം നയനരോഗവും കർണ്ണരോഗവും ശിരോരോഗവും ശമിപ്പിക്കും.

അസനപർണ്ണി-ഉവരപ്പയറ്. (നീരാരൽ എന്നും അഭിപ്രായമുണ്ട്). വേങ്ങയുടെ ഇലയെപ്പോലെ ഇലയുള്ളത് എന്നു ശബ്ദാർത്ഥം.

അസനം-പു. വേങ്ങാമരം. കഫം മുതലായവയെ നശിപ്പിക്കുന്നത് എന്നു ശബ്ദാർത്ഥം. അശനം എന്നും ആസനം എന്നും കൂടെ പറയാമെന്നു കാണുന്നു. ഉ. ഒഴിച്ചൽ. ന. വിടുതൽ.

അസന്തുഷ്ട-വി. സന്തോഷമില്ലാത്ത.

അസന്തുഷ്ടി-സന്തോഷമില്ലായ്ക.

അസന്ദിഗ്ദ്ധ-വി. സന്ദിഗ്ദ്ധം (സംശയിക്കപ്പെട്ടത്) അല്ലാത്ത. നിശ്ചയമുള്ള, തെളിവുള്ള.

അസന്ദിഗ്ദ്ധാത്മാവ് - യാതൊന്നിലും സംശയം ഇല്ലാത്തവൻ.

അസന്ദിഗ്ദ്ധം-സംശയം ഇല്ലായ്ക, നിശ്ചയം.

അസന്ദിഷ്ട-വി. അറിയപ്പെടാത്ത.

അസന്ധി-വി. ഒരുമിപ്പില്ലാത്ത.

അസന്നികർഷം-ദൂരം, അകല്ച.

അസന്നികൃഷ്ട-അടുത്തല്ലാത്ത, അകന്ന.

അസഭ്യ-വി. സഭ്യം (സഭയ്ക്കു യോഗ്യമായതു) അല്ലാത്ത, ഹീനമായ.

അസഭ്യവാക്ക്-ചീത്തവാക്ക്.

അസമഞ്ജൻ-ഒരു സൂര്യവംശരാജാവ്.

അസമഞ്ജസ-വി. പ്ര. നീതിന്യായമില്ലാത്ത, സമ്മതമായ തരത്തോടുകൂടാത്ത. ഉ. തെളിവില്ലാത്ത, അസ്പഷ്ടമായ.

അസമർത്ഥം-കഴിവില്ലാത്തതു്.

അസമശരൻ-കാമദേവൻ. അസമശബ്ദത്തോടു ശരപര്യായങ്ങൾ ചേർത്താൽ 'കാമദേവൻ' എന്നർത്ഥമുണ്ടാകും.

അസമാന-സമാനം (തുല്യം) അല്ലാത്ത.

അസമാസാർത്ഥ-സമസ്യം.

അസമീക്ഷ്യകാരി-വി. വരുംകാര്യം ആലോചിക്കാതെ പ്രവർത്തിക്കുന്ന.

അസമുന്നദ്ധൻ -ഗർവമില്ലാത്തവൻ, വലിയവൻ എന്നു വിചാരിക്കാത്തവൻ.

അസമേഷു-കാമദേവൻ.

അസമ്മത-വി. സമ്മതം (ഇഷ്ടം) അല്ലാത്ത, വിരോധമുള്ള.

അസമ്മതി-സമ്മതമില്ലായ്മ.

അസംകുല-തിരക്കാത്ത, തിങ്ങാത്ത.

അസംകുലം-വീതി(വിസ്തീർണ്ണം)ഉള്ള വഴി

അസംഖ്യ-വി. എണ്ണം ഇല്ലാത്ത.

അസംഖ്യാവത്തുക്കൾ-പു. സംഖ്യയില്ലാത്തവർ. ഉ. സംഖ്യാവത്തുക്കൾ-വിദ്വാന്മാർ-അല്ലാത്തവർ.

അസംഗ-വി. ചേർച്ച ഇല്ലാത്ത.

അസംഗതം-അസംബന്ധം.

അസംഗതി-പു. കാരണമില്ലായ്മ; ഉ. ഒരലങ്കാരം.

'ഹേതുവൊന്നിൽകാര്യമൊന്നി
ലെന്നുവന്നാലസംഗതി
കൊണ്ടലേന്തു വിഷം, മൂർച്ഛ
പൂണ്ടുപോൽപാന്ഥനാരിമാർ'

(ഭാഷാഭൂഷണം)

അസംഗൻ-ദിങ്നാഗൻ എന്ന കവിയുടെ ആചാര്യൻ.

അസംപത്തി-നിർദ്ധന്യം.

അസംപ്രേക്ഷണം- ക്രമവിട്ടപ്രവൃത്തി, സാഹസം.

അസംബന്ധ-വി. സംബന്ധം (ചേർച്ച) ഇല്ലാത്ത.

അസംബന്ധാതിശയോക്തി- ഒരലങ്കാരം.

'അയോഗം ചൊൽകയോഗത്തി-
ലയോഗാതിശയോക്തിയാം
ത്വൽപ്പാദസേവയുള്ളോർക്കാം
കല്പകമപ്പൊഴല്പമാം'

(ഭാഷാഭൂഷണം)

അസംബാധാ-പു. തിക്കില്ലാത്തത്, ഇടസ്സായമുള്ളത്. ഉ. പ്രയാസത്തോടുകൂടാത്തത്. ന. ഒരു വൃത്തം, ശക്വരീഛന്ദ

സ്സിൽപെട്ടതു്. പാദം ഒന്നിൽ ൧൮ അക്ഷരംവീതം കാണും.

'അഖിൽതട്ടുംമംതനസഗമസംബംധാ'
(വൃത്തമഞ്ജരി)

അസംഭവ-സംഭവമല്ലാത്ത, ഉണ്ടാകാത്ത.

അസംഭവം-ഉണ്ടാകായ്ക, അപൂർവകാര്യം.

അസംഭാവ്യം-വി. സംഭാവ്യം (സംഭവിക്കത്തക്കതു്) അല്ലാത്ത.

അസംഭിന്ന-വി. സംഭിന്നം (ഭേദിച്ചതു്) അല്ലാത്ത, വേർപെടാത്ത.

അസംഭൃത-വി. സംഭവിച്ചതല്ലാത്ത, ഉണ്ടായതല്ലാത്ത.

അസംരംഭം-ഇളക്കമില്ലാതിരിക്ക.

അസംശയം-സംശയമില്ലായ്ക.

അസംശയം-അ. നിശ്ചയമായിട്ടു്, കൂസൽകൂടാതെ.

അസംസ്കൃത-വി. ൧. സംസ്കൃതം (സംസ്കരിക്കപ്പെട്ടതു്, പരിഷ്കരിക്കപ്പെട്ടതു്) അല്ലാത്ത. ൨. ഉണ്ടാക്കപ്പെടാത്ത. ൩. അലങ്കരിക്കപ്പെടാത്ത. ൪. ശുദ്ധീകരിക്കപ്പെടാത്ത.

അസഹന-വി. സഹിച്ചുകൂടാത്ത.

അസഹനൻ-ശത്രു.

അസഹനീയ-വി. സഹിക്കവയ്യാത്ത.

അസഹായ-വി. സഹായം(ആശ്രയം)ഇല്ലാത്ത.

അസഹിഷ്ണു-വി. സഹിഷ്ണു(സഹിക്കുന്ന ശീലം) ഇല്ലാത്ത.

അസഹ്യ-വി. സഹ്യം (സഹിക്കത്തക്കതു്)അല്ലാത്ത.

അസഹ്യപ്പെടുത്തുക-ഉപദ്രവപ്പെടുത്തുക.

അസാകല്യം-സംപൂർണ്ണമാകാതെയിരിക്ക, ഏതാനും.

അസാംഗത്യം-യോജിപ്പില്ലായ്ക.

അസാധക-വി. സാധിക്കാത്ത, സാധകമല്ലാത്ത.

അസാധാരണ-വി. സാധാരണം (സാമാന്യം) അല്ലാത്ത.

അസാധാരണം-പതിവില്ലാത്തതു്.

അസാധു-വി. ൧. സാധു(നല്ലതു്) അല്ലാത്ത, ചീത്തയായ ൨. നന്മയില്ലാത്ത. ൩. മനോഹരമല്ലാത്ത.

അസാധു-നല്ലതറവാട്ടിൽജനിക്കാത്തവൻ. ധർമ്മത്തെ സാധിക്കാത്തവൻ.

അസാധ്യ-വി. സാധ്യം(സാധിക്കത്തക്കതു്) അല്ലാത്ത.

അസാധ്വി-പതിവ്രതയല്ലാത്തവൾ.

അസാംപ്രതം-അ. അയുക്തം.

'വിഷവൃക്ഷോപിസംവർദ്ധ്യ
സ്വയംഛേത്തുമസാംപ്രതം'

അസാമാന്യ-വി. ൧. സാമാന്യം (സാധാരണം) അല്ലാത്ത. ൨. തുല്യമല്ലാത്ത ൩. പ്രാധാന്യമുള്ള.

അസാര-വി. സാരം (കാതൽ, ബലം, ചാറ്) ഇല്ലാത്ത.

അസാരത-വകയ്ക്കുകൊള്ളായ്ക.

അസാരം-൧. അല്പം. ൨. കാതൽ(ബലം) ഇല്ലാത്തതു്. സാരം (സ്ഥിരാംശം)ഇല്ലാത്തതു് എന്നു വ്യുൽപത്തി. ൩. ആവണക്കു്. ൪. വാഴ.

അസാരസ്യ-൧. വി. സാരസ്യം (രസികത്വം) ഇല്ലാത്ത, ൨. രുചിയില്ലാത്ത.

അസി-൧. വാൾ. ശത്രുക്കളെ ക്ഷേപിക്കുന്നതു് എന്നർത്ഥം. ൨. കാശിക്കു തെക്കുവശത്തുള്ള ഒരു നദി.

അസിക്നി-൧. വാർദ്ധക്യം വരാതെയും രാജസ്ത്രീകളുടെ ദാസ്യംഎടുത്തും അവരുടെ ഗൃഹത്തിൽ പാർക്കുന്നവൾ.(അസിത) കറുത്ത തലമുടിയുള്ളവൾ എന്നു ശബ്ദാർത്ഥം. ൨. രാത്രി. ൩. പഞ്ചാബിൽ ഒരു നദിയുടെ പേർ.

അസിജീവി-വാൾകൊണ്ടു് ഉപജീവിക്കുന്നവൻ, പടയാളി.

അസിത-വി. സിതം (വെളുത്തതു്) അല്ലാത്ത, കറുത്ത.

അസിതച്ഛത്ര-ശതകുപ്പ.

അസിതൻ-പു. ശനി. കറുപ്പുനിറമുള്ളവൻ എന്നു ശബ്ദാർത്ഥം. ഉ. ഒരു സൂര്യവംശരാജാവു്.

അസിതാ-സ്ത്രീ. കറുപ്പു്. ഉ. അവീൻ. ന. അമരി.

അസിതം-ന. കറുപ്പു്. ഉ. കറുത്ത പക്ഷം.

അസിദന്തം-പു. മുതല. ഉ. ചീങ്കണ്ണി.

അസിധാര- വാളിന്റെ വായ്ത്തല. വാൾ മുതലായവയെ വെട്ടിപ്പാക്കുന്നതുകൊണ്ടു് ഈ പേർ വന്നു.

അസിധാരാവ്രതം-'കാമോദ്ദീപകങ്ങളായ സകല ശൃംഗാരോപകരണങ്ങളെക്കൊണ്ടും അലങ്കരിക്കപ്പെട്ട ശയ്യാഗൃഹത്തിൽ മനോമോഹനങ്ങളായ വേഷാലങ്കാരങ്ങളെക്കൊണ്ടു ഹൃദയഹാരിണിയായ ഭാര്യയോടുകൂടി സരസസല്ലാപാദിവിനോദങ്ങളും ചെയ്തു ഏകശയ്യയിൽ കിടക്കണം. മനസ്സിൽ അല്പംപോലും കാമവികാരം ഉണ്ടാകയും അരുതു്.'

(അജ്ഞാതവാസം കഴിഞ്ഞാൽ ആ അശ്വം പ്രദക്ഷിണം കഴിച്ചു തിരിയെ വന്നെത്തുന്നതിനുള്ള കാലം ഒരു സംവത്സരമാണു്. ആ ഒരു സംവത്സരകാലം ധർമ്മപുത്രർ 'അസിധാരാവ്രതം' അനുഷ്ഠിച്ചുകൊണ്ടിരുന്നിട്ടുണ്ടു്).

അസിധാവകൻ-ആയുധം (വാൾ) കടയുന്നവൻ, കടച്ചിക്കൊല്ലൻ.

അസിധേനുക, അസിധേനു-ചുരിക എന്ന ആയുധം. അസിയുടെ (വാളിന്റെ) ധേനുക(പുത്രി) എന്നു ശബ്ദാർത്ഥം.

അസിപത്രം, അസിപത്രകം-പു. കരിമ്പു്. ഉ. ഒരു നരകം. ന. വാളുറ.

അസിപത്രവനം-ഒരു നരകം.

അസിപുത്രി-ചുരിക.

അസിരം-പു. രശ്മി. ഉ. അമ്പു്.

അസിൽ-ഒരുവകപ്പക്ഷി. ഇതിനു 'ക്രുങ്ങ്', 'ക്രൌഞ്ചം' ഇങ്ങിനെ രണ്ടു പര്യായങ്ങൾ അമരത്തിൽ കാണുന്നു.

അസിലത-ഖഡ്ഗം, വാൾ, നല്ലവാൾ, വള്ളിപോലെ പുളയുന്ന വാൾ.

അസിഹേതി-വാൾക്കാരൻ, വാളോടുകൂടിയവൻ. മറ്റൊരു പര്യായം-'നൈസ്ത്രിംശികൻ'.

അസു-പു. പ്രാണൻ; ശോഭിക്കുന്നതു് എന്നർത്ഥം. ഉ. ജലം.

അസുഖം-സുഖക്കേടു്, വ്യസനം, വേദന.

അസുധാരണൻ-ജീവനോടുകൂടിയിരിക്കുന്നവൻ.

അസുധാരണം-ജീവിച്ചിരിപ്പു്.

അസുനാശം-ജീവനാശം, മരണം.

അസുനിയമം-പ്രാണധാരണം.

'യാവദസുനിയമമരുതില്ല'

(നളചരിതം കഥകളി)

അസുപ്ത-വി. ഉറങ്ങാത്ത.

അസുഭരണം-പ്രാണധാരണം.

'വസുനിനക്കിനുമന്നേനസുഭരണോചിതം'

(നളചരിതം കഥകളി)

അസുരഗണം-അസുരക്കൂട്ടം.

അസുരൻ-സുരനല്ലാത്തവൻ; ദേവന്മാരെ ഉപദ്രവിക്കുന്നവൻ എന്നർത്ഥം.

[ഇന്ദ്രൻ അഗ്നി, വരുണൻ ഇവർക്കും ദേവന്മാർ എന്ന അർത്ഥത്തിൽ ഈ വാക്ക് ഉപയോഗിച്ചുവന്നു. ക്രമേണ അർത്ഥം ഭേദംവന്നു് ദേവന്മാരുടെ ശത്രു എന്നായി. അസുരന്മാരും രാക്ഷസന്മാരും ഒന്നല്ല. രാക്ഷസർ പുലസ്ത്യസന്താനങ്ങളാണു്. പ്രജാപതി, ദേവന്മാർ മുതലായവരെ സൃഷ്ടിച്ചപ്പോൾ ജഘനദേശ

വയററിൽനിന്നു് ഉത്ഭവിച്ചവരാണു് അസുരന്മാർ എന്നു കാണുന്നു. പ്രജാപതിയുടെ മേൽപ്പറഞ്ഞ സൃഷ്ടിസമയം നിലത്തു തൂകിയ ജലത്തിൽനിന്നുണ്ടായി എന്നും ബ്രഹ്മാവിൻെറ അരയിൽനിന്നും ഉത്ഭവിച്ചു എന്നും പലവിധം കാണുന്നുണ്ടു്. അന്യായകർമ്മങ്ങൾ ചെയ്കയാൽ അസുരന്മാർ ദേവകളുടെ കൂട്ടത്തിൽനിന്നു ഭ്രഷ്ടന്മാരായിത്തീൎന്നു. അസുരന്മാർ പാതാളവാസികളാണു്.]

'അസുരാദൈത്യദൈതേയ
ദനുജേന്ദ്രാരിദാനവാഃ
ശുക്രശിഷ്യാദിതിസുതാഃ
പൂർവ്വദേവാഃസുരദ്വിഷഃ'

[അസുരൻ, ദൈത്യൻ, ദൈതേയൻ, ദനുജൻ, ഇന്ദ്രാരി, ദാനവൻ, ശുക്രശിഷ്യൻ, ദിതിസുതൻ, പൂർവ്വദേവൻ, സുരദ്വിട്ട്-൧൦-ം അസുരൻെറ പേർ.]

അസുരനഖം-ഒരൌഷധം. ഇതിന്നു് അരേണുകത്തിൻെറ ഗുണമുണ്ടു്.

അസുരരിപു-വിഷ്ണു.

അസുരാ-ം. രാത്രി. ൨. ഒരു രാശി.

അസുരാചാര്യൻ ശുക്രൻ.

അസുരാധിപൻ-ഇന്ദ്രൻ.

അസുരി-ം. അസുരസ്ത്രീ. ൨. കറുത്ത കടുക്.

അസുലഭം-എളുപ്പത്തിൽ കിട്ടാത്തതു്.

അസുഹൃത്തു്-സുഹൃത്തു് (ഇഷ്ടൻ) അല്ലാത്തവൻ, ശത്രു.

അസൂയ-മററായാളുടെ ഗുണങ്ങൾക്കു ദോഷത്തെ ഉണ്ടാക്കുക. (ഈൎഷ്യ എന്നതു നോക്കുക).

"കോപം, രാഗം, അസൂയ മുതലായ മനോവികാരങ്ങൾ നിമിത്തം മനുഷ്യദേഹത്തിൽ വിഷമയമായ ഓരോ ദ്രവ്യങ്ങൾ ഉണ്ടാകുമെന്നും, അതിൽ ചിലതു് വളരെ അപായകരമാണെന്നും വാഷിംഗ്ടണിലെ പ്രൊഫസർ എൽമർഗേറ്റ്സ് എന്ന മഹാൻ രസതന്ത്രപരീക്ഷകൾകൊണ്ടു് സിദ്ധാന്തിച്ചിരിക്കുന്നു. കോപംകൊണ്ടു് ചെമ്പുനിറത്തിലുള്ള ഒരുവക ദ്രവമാണുണ്ടാകുന്നതു്. അതു് മററു ജീവികളിൽ കുത്തിവച്ചാൽ സ്വാസ്ഥ്യക്ഷയമുണ്ടാകും. അസൂയാദ്രവം ഒരു പന്നിയുടെ ദേഹത്തിൽ കടത്തിയ ക്ഷണത്തിൽ ആ ജന്തു മരിച്ചുപോയത്രേ." (ഒരു മാസിക)

അസൂർക്ഷണം, അസൂക്ഷണം-അനാദരം, ആദരമില്ലായ്ക, നിന്ദ, പ്രാണങ്ങളെ നശിപ്പിക്കുന്നതു്.

അസൃക്-ചോര. ചർമ്മം മുറിയുമ്പോൾ പുറത്തുവരുന്നതു് എന്നർത്ഥം.

അസൃക്പൻ-രാക്ഷസൻ. രക്തം കുടിക്കുന്നവൻ എന്നു ശബ്ദാർത്ഥം. അസ്രപൻ, അശ്രപൻ ഈ പാഠങ്ങളും കാണുന്നു.

അസൃക്കരെ-രസധാതു.

അസൃഗ്ദരം-സ്ത്രീകൾക്കുണ്ടാകുന്ന ഒരു രോഗവിശേഷം.

അസൃഗ്ധര-തൊലി. രക്തധാതു ഒഴുകിപ്പോകാതെ നിറുത്തിക്കൊള്ളുന്നതു്. 'അസൃഗ്ധാരം' എന്നും പാഠം കാണുന്നു.

അസേചനകം-കണ്ടാൽ തൃപ്തിവരാത്ത വസ്തു (വീണ്ടുംവീണ്ടും കണ്ടാൽ കൊള്ളാമെന്നു തോന്നുന്ന വസ്തു). ഇതിൽനിന്നു മനസ്സ് പിരിഞ്ഞുപോകാത്തതുകൊണ്ടു് ഈ പേർ വന്നു. (കുളുൎപ്പിക്കുന്നതു് എന്നർത്ഥം).

അസേവനം-അനുസരണമില്ലായ്ക.

അസൌ-ഇവൻ (പ്ര. ഏ.) സംസ്കൃതപദമാണു്.

അസൌഖ്യം-സൌഖ്യം ഇല്ലായ്ക.

അസൌമ്യസ്വര-വി. കാക്കയുടെയും മററുംപോലെ ക്രൂരമായ ശബ്ദം.

അസൌമ്യാക്ഷം - ഭയത്തെ ജനിപ്പിക്കുന്ന നോട്ടം.

അസ്ഖലിത - വി. നിലയിൽനിന്നു ചലിക്കാത്ത, തെറ്റാത്ത, ഇളകാത്ത, ഇളക്കമില്ലാത്ത.

അസ്ത - വി, മു. നീക്കപ്പെട്ട. ദ. പ്രേരിപ്പിക്കപ്പെട്ട.

അസ്തകം - മോക്ഷാനന്ദം.

അസ്തം - മു. അസ്തമനപർവ്വതം. സന്ധ്യാസമയത്തിൽ പ്രകാശിക്കുന്നതു്, സൂര്യചന്ദ്രന്മാരെ തള്ളിയിടുന്നതു് എന്നിങ്ങനെ വ്യുൽപത്തി. ദ. കാണാതാവുക.

[അദർശനം രണ്ടുവിധം; കേവലനാശംകൊണ്ടു്. ഉ-ം, അസ്തംഗതോബാലിഃ. ദ. മറവുകൊണ്ടു്. ഉ-ം, അസ്തംഗതശ്ചന്ദ്രഃ.]

അസ്തമതി - മുവില.

അസ്തമനപർവ്വതം - ആദിത്യൻ മറയുന്ന പർവ്വതം. പര്യായങ്ങൾ - അസ്തം, ചരമക്ഷ്മാഭൃത്തു്.

അസ്തമനം - പകലിന്റെ അവസാനത്തിൽ ആദിത്യൻ മറയുക.

അസ്തമനസന്ധ്യ - ദിനാവസാനസമയം. (പകലിന്റെ അവസാനകാലം). ദിനാന്തം, സായം - ഉ-ം, പര്യായങ്ങൾ.

അസ്തമയം - സൂര്യൻ മറയുന്ന സമയം.

അസ്തമാനം - അസ്തമനം.

അസ്തമിക്കുക - മറയുക. (ദിവസാവസാനത്തിൽ ആദിത്യൻ മറയുക).

അസ്തശങ്കം - വി. മു. ശങ്ക (സംശയം) കൂടാത്ത. ദ. ഭയം കൂടാത്ത.

അസ്തശിഖി - അസ്തപർവ്വതത്തിന്റെ കൊടുമുടി.

അസ്താചലം - അസ്തമന പർവ്വതം.

അസ്തി - അ. കാലസാമാന്യം. ഉണ്ടു് എന്നു ഇതിന്റെ അർത്ഥം. കോപത്തോടുകൂടിയ വാക്യത്തിങ്കൽ പ്രയോഗം.

അസ്തികൻ - ഒരു ഋഷി.

[ജരൽക്കാരു എന്ന മഹാമുനി വാസുകിയുടെ സോദരിയായ ജരൽക്കാരു എന്നവളെ വേട്ടു. ഇവളിൽ ഉണ്ടായവനത്രെ അസ്തികൻ. ജനമേജയന്റെ യാഗത്തിൽ, തീയിൽ നശിക്കാതെ, നാഗങ്ങളെ രക്ഷിച്ചു.]

അസ്തിത്വം - ഇരിപ്പു്.

അസ്തു - അ. മു. ഇരിക്കട്ടെ. ദ. ഭവിക്കട്ടെ. ത. അസൂയയോടുകൂടിയുള്ള അംഗീകാരം. അസൂയ എന്നതിനു കോപം എന്നു തമിഴ് വ്യാഖ്യാനം.

അസ്തുവാകുക - ഇല്ലാതാവുക.

അസ്തേയം - മോഷണം ചെയ്യായ്ക.

അസ്തോകം - അ. അനല്പം.

അസ്ത്രജീവൻ - പട്ടാളക്കാരൻ.

അസ്ത്രജ്ഞ - വി. അസ്ത്രവിദ്യയെ അറിയുന്ന.

അസ്ത്രം - മു. അമ്പു്. ദ. ആയുധം. ഇതുകൊണ്ടു് ശത്രുക്കളെ ഓടിക്കുന്നു എന്നർത്ഥം. സാമാന്യം ആയുധം, എറിയുന്നതു്.

അസ്ത്രമാർജ്ജകൻ - കടച്ചിക്കൊല്ലൻ.

അസ്ത്രശാല - ആയുധംവെയ്ക്കുന്ന ഭവനം.

അസ്ത്രാഭ്യാസം - ആയുധവിദ്യ പഠിക്കുക.

അസ്ത്രി - മു. യുദ്ധസമർത്ഥൻ. ദ. വില്ലാളി. ത. മന്ത്രാസ്ത്രമുള്ളവൻ.

അസ്ത്രീകൻ - മു. സ്ത്രീയില്ലാത്തവൻ. ദ. ഭാര്യയില്ലാത്തവൻ.

അസ്ഥാനത്തിൽ - കാരണമില്ലാത്തപ്പോൾ.

അസ്ഥാനസ്ഥപദം - കാവ്യദോഷങ്ങളിൽ ഒന്നു്.

പദങ്ങളെ വേണ്ടസ്ഥാനത്തുനിന്നു തെറ്റി പ്രയോഗിക്കുക. 'പക്ഷിരാജൻ ജടായുസ്സിനുടെ വലുതായുള്ള ശ്രാന്ത

ത്തിൽ വാണാൻ' 'ഇക്ഷ്വാണിശ്ലച്ചവട്ടിൽ സുഖമൊട്ടുമുടായ ഞങ്ങളും വാണു മുന്നം'. (ഭാഷാഭൂഷണം)

**അസ്ഥി**-എല്ല്. മാംസഭോജികളാൽ എടുത്തുകളയപ്പെടുന്നത്, അശുദ്ധമെന്ന് ഉപേക്ഷിച്ചു കളയുന്നത് എന്നിങ്ങനെ ശബ്ദാർത്ഥം. (കീകസം, കുല്യം, അസ്ഥി- ഇവ മൂന്നും എല്ലിൻെറ പേർ).

**അസ്ഥിക്കൂടം**-എല്ലുമാത്രമുള്ള ശരീരം.

**അസ്ഥിക്കുറച്ചി, അത്തിക്കുറച്ചി**-ശൂദ്രജാതിയിൽ ഒരു താണവകക്കാർ. ശവസംസ്കാര ക്രിയയിൽ നായന്മാർക്ക് ഇവരെക്കൊണ്ടുപകാരമുണ്ട്.

**അസ്ഥിച്ചോര**-മജ്ജ.

**അസ്ഥിഭൂഷണൻ**-ശിവൻ. എല്ലുകളും അണിയുന്നവൻ എന്നു ശബ്ദാർത്ഥം.

**അസ്ഥിമാലി**-ശിവൻ. അസ്ഥികളായ (എല്ലുകളായ) മാലയോടുകൂടിയവൻ.

**അസ്ഥിയുരുക്കം**-ഒരു രോഗം.

**അസ്ഥിര**-വി. സ്ഥിരം (ഉറപ്പ്) ഇല്ലാത്ത, ഇളക്കമുള്ള.

**അസ്ഥിരൻ**-സ്ഥിരതയില്ലാത്തവൻ.

**അസ്ഥിസമർപ്പണം**-മരിച്ച് ദഹനം കഴിഞ്ഞതിൽപിന്നീട് അവരുടെ അസ്ഥി (എല്ല്) എടുത്ത് മൺകലത്തിലാക്കി നദിയിൽ ഒഴുക്കുകയോ ഭൂമിയിൽ സ്ഥാപിക്കയോ ചെയ്യുക.

**അസ്ഥിസഞ്ചയം**-മരിച്ചു ദഹനം കഴിഞ്ഞാൽ അസ്ഥി എടുക്കുക.

**അസ്ഥിസ്രാവം**—എല്ലുരുക്കൽ എന്ന ദീനം.

**അസ്പഷ്ട**—വി. സ്പഷ്ടം-വ്യക്തം-അല്ലാത്ത.

**അസ്പഷ്ടദൃഷ്ട**-സ്പഷ്ടമായിട്ടല്ലാതെ കാണപ്പെട്ടത്.

**അസ്പഷ്ടം**-ഒരലങ്കാരം.

**അസ്പൃശി**-പുത്തരിച്ചുണ്ട. സ്പർശിച്ചുകൂടാത്തത്. കണ്ടകാരിച്ചുണ്ട എന്നും പറയുന്നുണ്ട്.

**അസ്പൃഷ്ട**-വി. സ്പൃഷ്ടം (സ്പർശിക്കപ്പെട്ടത്-തൊടപ്പെട്ടത്) അല്ലാത്ത.

**അസ്ഫുടവാക്ക്**-അസ്പഷ്ടമായി പറയുന്നവൻ. മറെറാരു പര്യായം-'ലോഹലൻ'.

**അസ്മദീയം**-എന്നെ സംബന്ധിച്ചത്.
'അതിനടയസമാപ്താവസ്മദീയാവരോധം'
(അഭിജ്ഞാനശാകുന്തളം)

**അസ്മൽ**-വി. എന്നെ സംബന്ധിച്ച

**അസ്മാതിക്കാർ**-നമ്മുടെ ജാതിക്കാർ, ഒരു ജാതിയിലുള്ളവർ.

**അസ്രപ**-അട്ട. രക്തത്തെ പാനം ചെയ്യുന്നത്.

**അസ്രപൻ**-രാക്ഷസൻ. ചോരകുടിക്കുന്നവൻ എന്നർത്ഥം.

**അസ്രം**-പു. രക്തം അസൃക്‌ശബ്ദത്തിൻെറ അർത്ഥം തന്നെ. ൨. തലമുടി. ക്ഷേപിക്കപ്പെട്ടത് എന്നർത്ഥം. ൩. കോണ്. ൪ കണ്ണുനീർ.

**അസ്രു**-കണ്ണുനീർ, ഒറെറാററവീഴുന്നത്

**അസ്വച്ഛന്ന**-വി. മറെറാരുത്തൻെറ വരുതിക്കു കീഴടങ്ങുന്ന, അന്യാശ്രയമുള്ള.

**അസ്വതന്ത്രൻ**-പരാധീനൻ.

**അസ്വന്തം**-അടുപ്പ്. [അശ്മന്തം എന്ന ശബ്ദത്തിൻെറ പാഠഭേദം.]

**അസ്വപ്നന്മാർ**-ദേവന്മാർ. സ്വപ്നം (ഉറക്കം) ഇല്ലാത്തവർ എന്നു ശബ്ദാർത്ഥം.

**അസ്വരൻ**-കർക്കശമായും മററും പോലെ ക്രൂരമായ ശബ്ദമുള്ളവർ.

**അസ്വസ്ഥത, അസ്വാസ്ഥ്യ**-സുഖക്കേട്.

**അസ്വാതന്ത്ര്യം**-പരാധീനം.

**അസ്വാദ്ധ്യായൻ**-പു. വേദാദ്ധ്യയനമി

ല്ലാത്തവൻ, വേദം പഠിക്കാത്തവൻ. ഉ. വേദം പഠിച്ചു മറന്നവൻ. [സ്വാദ്ധ്യായം = വേദംപഠിക്കുക.]

**അസ്വാധീന**-വി. സ്വാധീനമല്ലാത്ത, വശത്തിൽ നില്ക്കാത്ത.

**അസ്വാധീനത**-സ്വാധീനമില്ലായ്മ

**അസ്വാസ്ഥ്യ**-വി. സ്വാസ്ഥ്യം(സൌഖ്യം) ഇല്ലാത്ത.

അസ്സർ-അസ്സർപ്പു (പതിററടി-അറബിഭാഷ).

**അസ്സൽ**-ഒന്നെഴുതിയതിന്റെ ശേഷം അതിനെ തിരുത്തി ശരിയാക്കിഎഴുതിയാൽ അതിനുള്ള പേർ. ആദ്യം എഴുതിയതിനെ നക്കൽ എന്നു പേർ. അസ്സൽ-അറബിഭാഷയാണ്.

'പക്ഷെ അസ്സൽ എഴുതിയതിൽ ഒരു ബലം പററി'. (കഥാരത്നമാല)

**അഹമഹമികാ**-ഞാൻ ശക്തനാകുന്നു ഞാൻ ശക്തനാകുന്നു എന്നിപ്രകാരമുള്ള അഹങ്കാരം, ഞാൻ മുമ്പേ ഞാൻ മുമ്പേ എന്നുള്ള തിരക്ക്.

'തെന്നിച്ചാംഭസ്സതിലതിരയം
ഖോട്ടുപായിക്കമുള്ളം
തന്നിൽതിങ്ങുന്നഹമഹമികാ
മെയ്യൊത്തുകൈകവർന്നപ്പോൾ'
(മയൂരസന്ദേശം)

**അഹഃ**-ഞാൻ (പ്ര. ഏ.) ഇതു സംസ്കൃതശബ്ദമാണ്.

**അഹങ്കരിക്കുക**-മദിക്കുക.

**അഹങ്കാരം**-ഗർവ്വം. ഞാൻ ശ്രേഷ്ഠൻ എന്ന ബുദ്ധിയെ തോന്നിക്കുന്നതു എന്നു ശബ്ദാർത്ഥം. ഗർവ്വം, അഭിമാനം, അഹങ്കാരം ഇവ പര്യായങ്ങൾ.

**അഹങ്കാരശീല**-വി. ഗർവ്വസ്വഭാവമുള്ള.

**അഹങ്കാരി**-ഗർവ്വമുള്ളവൻ. അഹംയു, എന്നു മറെറാരു പര്യായമാകുന്നു.

**അഹംകൃതൻ**-അഹങ്കരിച്ചവൻ.

**അഹംകൃതി**-ഗർവ്വം.

**അഹംബുദ്ധി**-അഹംമതി.

**അഹംഭാവം**-അഹംമതി.

**അഹംഭാവി**-ഡംഭമുള്ളവൻ, മദമുള്ളവൻ.

**അഹമ്മതി**-താനാരൊടൊപ്പമില്ലാ എന്നുള്ള നിനവ്, ദേഹാദികളിൽ ഞാൻ എന്നുള്ള ബുദ്ധി, അറിവില്ലായ്മ, മദം.

**അഹംയു**-പു. അഹംകാരി. അഹം എന്ന ഭാവമുള്ളവൻ എന്നു ശബ്ദാർത്ഥം. ഉ. പട്ടാളക്കാരൻ.

**അഹംപൂർവ്വം, അഹംപൂർവ്വിക**-ഞാൻ മുമ്പിൽ ഞാൻ മുമ്പിൽ എന്ന തമ്മിലുള്ള തിരക്ക്. സേനകൾ യുദ്ധത്തിന്നായി ഞാൻ മുമ്പേ, ഞാൻ മുമ്പേ എന്നമട്ടിൽ ഒരുങ്ങി ഓടുക എന്നതിനും പറയാം.

**അഹർഗ്ഗണം**-മാസം.

**അഹർന്നിശം**-അ. രാപ്പകൽ, രാത്രിയും പകലും.

**അഹർപ്പതി**-പു. ആദിത്യൻ. അഹസ്സിന്റെ (പകലിന്റെ) പതി (അധിപൻ). ഉ. എരുക്ക്.

**അഹർമ്മുഖം**-പ്രഭാതം. പകലിന്റെ ആരംഭകാലം എന്നു ശബ്ദാർത്ഥം.

**അഹർവൃത്തി**-നിത്യോപജീവിതം. ഭാഷയിൽ ഇതിനെ അഹോവൃത്തി എന്നു പറയുന്നു.

**അഹരഹം**-ദിനംതോറും, പ്രതിദിവസം. (അഹഃ + അഹം = അഹരഹം).

'അഹരഹമഹമാദ്യമകല്യവാൻ'
(ഭാരതം)

**അഹല്ലിക**-ശവം

**അഹല്യ**-ഗൌതമമഹർഷിയുടെ പത്നി.

ഇന്ദ്രൻ മോഹിച്ചു അഹല്യയെ കാമിക്കയും മുനി നാലാംയാമത്തിൽ സന്ധ്യാവന്ദനത്തിന്നു പോയപ്പോൾ അഹല്യയെ പ്രാപിക്കയും ചെയ്തു. അനന്തരം സൂര്യോദയം അടുത്തില്ലെന്നു കണ്ടു മുനി

ത്തിരിയെ വന്നപ്പോൾ പരമാർത്ഥം മനസ്സിലാക്കി 'സഹസ്രഭഗനായി ഭവിക്കട്ടെ' എന്നു ഇന്ദ്രനെയും 'കല്ലായിപ്പോവുക' എന്നു അഹല്യയെയും ശപിക്കയുമുണ്ടായി. 'ശ്രീരാമപാദസ്പർശം കൊണ്ടു ദുരിതം നശിക്കട്ടെ' എന്നു അനന്തരം അഹല്യയ്ക്കു മുനി ശാപമോക്ഷം നൽകി. ഇന്ദ്രൻ ഗൌതമരൂപത്തിലാണു് അഹല്യയെ പ്രാപിച്ചതെന്നും കോഴിയുടെ ശബ്ദം പുറപ്പെടുവിച്ചാണു് മഹർഷിയെ അകററിയതെന്നും കാണുന്നുണ്ട്. ബ്രഹ്മാവ് ആദ്യം സൃഷ്ടിച്ചസ്ത്രീയത്രെ അഹല്യ.

അഹല്യാകാമുകൻ-ദേവേന്ദ്രൻ.

അഹല്യാജാരൻ-ദേവേന്ദ്രൻ.

അഹല്യാനന്ദനൻ-ശതാനന്ദമുനി.

അഹല്യം-വി. ഉഴപ്പെടാത്ത.

അഹസ്കരൻ-൧. സൂര്യൻ. അഹസ്സിനെ (പകലിനെ) ചെയ്യുന്നവൻ എന്നു ശബ്ദാർത്ഥം. ൨. എരുക്ക്.

അഹസ്പതി-ആദിത്യൻ.

അഹസ്സ്-പകൽ. സൂര്യനെ പിരിഞ്ഞിരിക്കാത്തതു്. സൂര്യനാൽ ഉപേക്ഷിക്കപ്പെടാത്തതു്, മടങ്ങി വരവിനെ കൈവെടിയാത്തതു് എന്നിങ്ങനെ വ്യുല്പത്തി.

അഹഹ-അ. ൧. അത്ഭുതം. ൨. ഖേദം. ൩. ക്ഷീണം. ൪. ഇഷ്ടം. ൫. കഷ്ടം. ൬. വിളി.

അഹാര്യ-വി. ഹാര്യം (ഹരിക്കത്തക്കതു്) അല്ലാത്ത.

അഹാര്യം-പർവ്വതം. ഹരിക്കപ്പെടുവാൻ വയ്യാത്തതു് എന്നർത്ഥം.

അഹികാന്തം-വായു, കാററ്.

അഹി-൧. സർപ്പം. ഗമിക്കുന്നതു്, കൊല്ലുന്നതു് എന്നർത്ഥം. ൨. ഈയം.

അഹി-൧ വൃത്രാസുരൻ. ൨. ആദിത്യൻ. ൩. വഴിപോക്കൻ.

അഹിഗ്രാഹി-പാമ്പിനെ പിടിക്കുന്നവൻ.

അഹിച്ഛത്രം-അർജ്ജുനൻ ജയിച്ച് ദ്രോണനു് കൊടുത്ത ഒരു രാജ്യം, അഹിക്ഷേത്രം.

അഹിച്ഛത്ര-കരിമ്പ്.

അഹിച്ഛത്രകം-കുമിൾ, കൂൺ.

അഹിജിത്ത്-കൃഷ്ണൻ. കാളിയനെ കൊന്നതിനാൽ ഈ പേർവന്നു. ൨. ഇന്ദ്രൻ.

അഹിത-വി. ഹിതം (ഇഷ്ടം) ഇല്ലാത്ത.

അഹിതൻ-ശത്രു. ഒരിക്കലും ഹിതത്തെ ചെയ്യാത്തവൻ എന്നു ശബ്ദാർത്ഥം.

അഹിതുണ്ഡികൻ-പാമ്പാട്ടി. അഹിതുണ്ഡം (പാമ്പിന്റെ മുഖം) കൊണ്ടു കളിക്കുന്നവൻ എന്നു ശബ്ദാർത്ഥം. 'ആഹിതുണ്ഡകൻ' എന്നു പാഠാന്തരം.

അഹിദംഷ്ട്ര, അഹിദംഷ്ട്രിക-പാമ്പിൻപല്ല്.

അഹിദേശം-പൂർവ്വകാലത്തു ഗ്രീസ്സ് രാജ്യത്തുനിന്നു ദിക്സഞ്ചാരികളായി വന്നിരുന്ന ഭൂഗോളശാസ്ത്രജ്ഞന്മാരിൽ മുമ്പനായ 'ടാളമി' കേരളത്തിനെ 'അഹിദേശം' എന്നു പേർ വിളിച്ചതായി പ്രാചീനഗ്രന്ഥങ്ങളിൽ നാം കാണുന്നു.

അഹിനാമഭൃത്ത്-ബലദേവൻ.

അഹിപതി-൧. അനന്തൻ. ൨. വാസുകി. ൩. തക്ഷകൻ, സർപ്പരാജാവ്.

അഹിഫേനദ്രാവകം-ഒരു മരുന്ന്. അതിസാരം വയറുവേദന ഇവയ്ക്കു നന്ന്.

അഹിഫേനാസവം-ഒരു ഔഷധം. അതിസാരം, ഗ്രഹണി, ശൂല ഇവയ്ക്കു നന്ന്.

അഹിഫേനം-കറുപ്പ്.

അഹിഭയം-൧. സർപ്പഭയം. ൨. സ്വപക്ഷക്കാരിൽ നിന്നുണ്ടാകുന്ന ഭയം. രാവണനു് വിഭീഷണനിൽ നിന്നുണ്ടായതു പോലെയുള്ള ഭയമാണു് അഹിഭയം.

'മഹീഭുജാമഹിമയഃസ്വപക്ഷപ്രഭവോഭയം'

(അമരം)

'ശ്രീമത്സൗധാൽ മദമൊടുജ്ഝംഗൽ
പ്രാണനേതിനനന്നായ്
സാമർത്ഥ്യത്തോടഹിമയമുഭി
പ്പിച്ചുഭൂമിപതിക്കും (മയൂരസന്ദേശം)

**അഹിഭുക്ക്**-൧. മയിൽ. ൨. ഗരുഡൻ. പാമ്പിനെ തിന്നുന്നത് എന്നു ശബ്ദാർത്ഥം. ൩കോരം, പാമ്പുതീനി.

**അഹിഭൂഷണൻ**-ശിവൻ. പാമ്പിനെ ഭൂഷണമാക്കിയവൻ.

**അഹിമികരണൻ**-സൂര്യൻ.

**അഹിമരശ്മി**-സൂര്യൻ.

**അഹിമാരകം**-ഗരുഡക്കൊടി.

**അഹിയാമൻ** (ഹൈയാമൻ) -'ചീന രാജ്യത്തുകാർ വളരെക്കാലം മുമ്പു ദക്ഷിണഖണ്ഡത്തിന്റെ ഭൂപടം ഉണ്ടാക്കിയതിൽ മലയക്കൂടം അല്ലെങ്കിൽ മലയാളം എന്ന രാജ്യത്തിനു 'ഹൈയാമൻ' അല്ലെങ്കിൽ 'അഹിയാമൻ' എന്ന പേർകൂടി ഉപയോഗിച്ചതായി അറിയുന്നു. ഈ പേരുകളുടെ പൂർവ്വഭാഗത്തിൽകാണുന്ന 'അഹി' എന്ന സംസ്കൃതപദത്തിന്റെ അർത്ഥം പാമ്പ് എന്നാകുന്നു'. (അഹിദേശം എന്നതുകൂടി നോക്കുക).

**അഹിരിപു**-൧. ഗരുഡൻ. ൨. കൃഷ്ണൻ. ൩. ഇന്ദ്രൻ.

**അഹിർബുധ്ന്യൻ**-ശിവൻ.

**അഹിംസ**-പരപീഡചെയ്യാതിരിക്ക.

**അഹിംസ്യ**-പരപീഡചെയ്യേണ്ടതല്ലാത്ത

**അഹിംസ്ര**-വി. ഉപദ്രവമില്ലാത്ത.

**അഹിഹാ**-൧. വൃത്രൻ. ൨. ഗരുഡൻ. ൩. ഇന്ദ്രൻ.

**അഹീനൻ**-സർപ്പശ്രേഷ്ഠൻ.

'വിളംഗന്തമാദവാഷട്ടാപത്യ മുനി
ശ്ശരണം സമഹീനമഹീനഭുജം'
(അംബരീഷചരിതം കഥകളി)

**അഹീനഭുജൻ**-ദീർഘബാഹു.

**അഹേതു**-ഹേതു (കാരണം) ഇല്ലായ്ക.

**അഹേതുക**-വി. കാരണമില്ലാത്ത.

**അഹേരു**-ശതാവരി. പോകാത്തതു്, നശിക്കാത്തതു് എന്നു ശബ്ദാർത്ഥം. 'അഭീരു' എന്ന പാഠവും കാണുന്നു.

**അഹോ**-൧. വിസ്മയം. ൨. വികല്പം. ൩. നിന്ദ. ൪. ഭയം. ൫. പരിഹാസം. ൬. ദുഃഖം. ൭. അപമാനം. ൮. ക്ഷീണം. ൯. ഗ്രന്ഥപൂരണം. ൰. കഷ്ടം. ൧൧. വിളി. ൧൨. പ്രശംസ. 'അഹോം' എന്നുമാവാം.

**അഹോബലം**-ഒരു പുണ്യസ്ഥലം.

**അഹോരാത്രം**-൩൰ മുഹൂർത്തം. (൬൰ നാഴിക ൨൪ മണിക്കൂർ) കൂടിയതു്. ഒരു മുഴുവൻ ദിവസം, രാവുപകൽ, പകലിനോടുകൂടിയ രാത്രി എന്നിങ്ങിനെ ശബ്ദാർത്ഥം.

**അഹോവൃത്തി**-കാലക്ഷേപം, തിത്തൃപ്പുലവ്.

[സന്ധിയിൽ 'അഹവൃത്തി' എന്നു വേണ്ടതാണ്. ഭാഷയിൽ 'അഹോവൃത്തി' എന്നു സാധുതന്നെ.]

**അഹ്ന**-അഹസ്സ്.

**അഹ്നാന്തം**-വൈകുന്നേരം.

**അഹ്നായ**-അ. ഉടനെ, വേഗം.

**അൾമാരി, അൽമാരി**-ഉടുപ്പുപെട്ടി, വസ്ത്രം മുതലായവ വെയ്ക്കുന്ന ഒരുമാതിരി പെട്ടി. (ഇതു പോർത്തുഗീസുവാക്കാകുന്നു).

**അള**-പൊത്തു്. വൃക്ഷങ്ങളിൽ പക്ഷികളും മറ്റും ഇരിക്കുന്ന ദ്വാരം.

**അളകം**-൧. കുറുനിര. നെറ്റിയുടെ മുകളിൽ വണ്ടിന്റെ വടിവിൽ പ്രത്യേകം പ്രത്യേകം അഴകിയമട്ടിൽ വെട്ടിനിറുത്തു

ന്ന തലമുടി. മററൊരു പൎയ്യായം 'ചൂൎണ്ണകുന്തളം'. ഉ. പേപ്പട്ടി.

അളകവൎണ്ണൻ - കൃഷ്ണൻ. കടൽവൎണ്ണൻ. (തമിഴിൽ അളം = സമുദ്രം).

അളമട - പക്ഷികളും എലികളും ഇരിക്കുന്ന മാളം.

അളക - പു. വൈശ്രവണന്റെ രാജധാനി. അലങ്കരിക്കുന്നതു് എന്നു ശബ്ദാൎത്ഥം.

ഈ നഗരം ഹിമാലയപൎവ്വതത്തിലാണു്. ഗന്ധൎവ്വന്മാരുടെ വാസസ്ഥലമാകുന്നു. ഈ ശബ്ദത്തോടു് അധിപൻ, പതി, ഈശ്വരൻ ഇത്യാദി ചേൎത്താൽ കുബേരൻ എന്നു് അൎത്ഥം വരും.

ഉ. എട്ടുമുതൽ ൧൦ (വയസ്സ്) വരെ പ്രായംചെന്ന പെൺകുട്ടി.

അളകനന്ദ - പു. ഗംഗ. ഉ. ഗംഗയിൽ വീഴുന്ന മററൊരു നദി. ന. ൮-മുതൽ ൧൦-വരെ പ്രായംചെന്ന പെൺകുട്ടി.

അളകാപുരി - വൈശ്രവണന്റെ രാജധാനി.

അളക്കുക - തൂക്കം അറിയുക. നാഴി, ഇടങ്ങഴി മുതലായവകൊണ്ടു് എത്രമാത്രമുണ്ടെന്നു തിട്ടംവരുത്തുക.

അളം - പു. ഉപ്പു ശേഖരിക്കുന്ന സ്ഥലം. ഉ. ഈരാംനിലമെന്നും കാണുന്നുണ്ടു്. (തമിഴിൽ സമുദ്രം).

അളൎക്കം - പു. വെള്ളെരിക്ക. ഉ. പേനായ്. എല്ലാവരാലും തടുക്കപ്പെടുന്നതുകൊണ്ടു് ഈ പേർ വന്നു. മരുന്നുമുതലായതുകൊണ്ടു് ഉന്മാദിയാക്കപ്പെട്ടതായ് എന്നുമുണ്ടു്. ന. മന്ദാരം (മദാരം).

അളൎക്കർ - സമുദ്രം.

അളറ്റുക - അലറുക, കരയുക.

അളത്തം - അളവു്.

അളച്ചു്, അളപ്പു് - അലറൽ, കരച്ചൽ.

അളവു് - തിട്ടവരുത്തൽ, തൂക്കം ഗ്രഹിക്കുക മുതലായ, അളക്കുന്ന തൊഴിൽ.

അളവററ - വി. എണ്ണമില്ലാത്ത, അളവില്ലാത്ത.

[അളമാഞ്ചികപ്പിത്താൻ - ജൎമ്മൻ പ്രധാനി. അലെമാനി = ജൎമ്മനി]

അളരുക - ഭയപ്പെടുക.

അളവൻ - പു. അളക്കുന്നവൻ. ഉ. തന്നെത്താൻ സ്തുതിക്കുന്നവൻ.

അളവററവൻ - ഈശ്വരൻ.

അളവുകോൽ - മുഴക്കോൽ, അളക്കുന്നതിനുള്ള കോൽ.

അളവുചങ്ങല - അളക്കുന്നതിനുള്ള തുടൽ. നൂറു ജാതിയടി അല്ലെങ്കിൽ ൧൦൦ ലിംക്സ് നീളമുള്ള ചങ്ങല.

അളവുവാശി - അളക്കുന്നതിൽ അധികം വരുന്നതു്.

അളവേ - പു. ഭംഗിയായി.

'എന്നറിയിത്തവനും വണങ്കിനാനളവേ'
(രാമചരിതം)

ഉ. മുഴുവനും. ന. സ്ഥിതിയിൽ, സമയത്തു്.

അളി - പു. വണ്ടു്. ഉ. മല്ലം, ന. തേളു്. ൪. കൂട്ടം.

അളികണ്ണു് - ചീത്തക്കണ്ണു്.

അളികം - നെററി. അലങ്കരിക്കപ്പെടുന്നതു് എന്നൎത്ഥം.

അളികുലം - ചെറു വണ്ടു്.

അളിക്കാൺകുരുവി - ഒരു വകപ്പക്ഷി. ആരായി, ചില്ലം - ഇവ പൎയ്യായങ്ങൾ.

അളിക്കുക - കൈകൊണ്ടു ഞെവിടുക (പിശുക്കുക).

അളിച്ചൽ - പിച്ചൽ. അളി എന്ന ധാതുവിനു പാകമേറി ദ്രവിക്കുക എന്നൎത്ഥം.

അളിഞ്ജരം - പാത്രവിശേഷം. അലിഞ്ജരം നോക്കുക.

അളിന്ദം-പുറന്തിണ്ണ.

അളിനി-പെൺവണ്ട്.

'നാനാതരുപ്രസവലീനാളിനീനിവഹ-
ഗാനാതിമോഹനതമാമേ'
(അംബരീഷചരിതം കഥകളി)

അളിപ്പ്-അളിച്ചൽ.

അളിയൻ-൧. ഭാര്യയുടെ സഹോദരൻ. ൨. സഹോദരിയുടെ ഭർത്താവ്.

അളിയുക-ചീയുക.

അളീകം-൧. അപ്രിയം. ൨. അസത്യം.

'പയ്യപ്പോയീടിനാരാളികൾവെളിയിലളീ
കങ്ങളോരോന്നുചൊല്ലി'
(അമരുകശതകം)

൩. നെററി. ൪. സ്വർഗ്ഗം.

അളുക്ക്-ചിമിഴ്.

അളുക്കുക-തിറമ്പിപ്പോവുക, കോച്ചുക.

അളുങ്ങ്-ചെറുപനച്ചി. ഇതു് വയറുകടിക്കും കണ്ണിനും നന്ന്.

അളുക്കം-ഭയം.

അളുമ്പുക-ചതയ്ക്കുക, ഞെരുക്കുക, പിഴിയുക.

അളുവം-ചെമ്പ്.

അള്ള-ദൈവം. (അറബിവാക്ക്).

അള്ളയാക-മെലിയുക.

അള്ളുക-മാന്തുക.

അഴകൻ-സുന്ദരൻ.

അഴകം-സ്ത്രീകൾ കൈയിലിടുന്ന ഒരടയാളം.

അഴകി-സുന്ദരി.

അഴകിയരാവണൻ-വേഷംകെട്ടിഹാസ്യമുണ്ടാക്കുന്നവൻ.

അഴകിയപാണ്ടിപുരം-തിരുവിതാംകൂറിൽ തോവാള താലൂക്കിലെ ഒരു പകുതി.

അഴക്-ഭംഗി.

അഴയുക- അയയുക. വിപരീതപദം 'കൊഴുക്കുക'.

അഴൽ-൧. വ്യസനം. ൨. ചൂട്. ൩. ചെറിയ ചൊറി.

അഴൽച്ച്-ചൂട്, നീററൽ, ദുഃഖം.

അഴലുക-൧. വ്യസനിക്കുക. ൨. ഉഷ്ണിക്കുക. ൩. എരിയുക. ൪. കാന്തുക.

അഴി-൧. തുളച്ചുകയറുന്ന മരം ൨. കായലും സമുദ്രവും തമ്മിൽ സമം തൊട്ടുകിടക്കുന്ന ഭാഗം. അഴി എന്ന ധാതുവിനു കെട്ടുവിടുക എന്നർത്ഥം.

അഴിച്ചൽ-൧. ചെലവ്. ൨. നാശം. ൩. ജനസമ്മതം.

അഴിഞ്ഞിൽ-അങ്കോലം എന്ന വൃക്ഷം. അങ്കോലം എന്നതു് നോക്കുക.

അഴിനില-൧. തരക്കേട്. ൨. തടസ്സം. ൩. നാശം. ൪. ആശാഭംഗം. ൫. നില വിടുതൽ.

അഴിന്തു്-മനസ്സുതകി. (പ-മ.)

അഴിപ്പുര-ഠാണാവ്, പാറാവ്, കാരാഗൃഹം.

അഴിമതി-൧. അക്രമം, ദുർനടപ്പ്. ൨. നാശം.

അഴിമുഖം-൧. കപ്പൽ അടുക്കുന്ന ഭാഗം. ൨. നദി സമുദ്രത്തോടു ചേരുന്ന സ്ഥലം. പര്യായങ്ങൾ- സംഭേദം, സിന്ധുസംഗമം.

അഴിയം-൧. തോട്ടം. ൨. കുടിയിരിക്കുന്നിടം.

അഴിയുക-൧. കെട്ടുവിടുക. ൨. ചെലവാകുക. ൩. നശിക്കുക.

അഴിവ്-൧. ചെലവ്. ൨. നാശം. ൩. മരണം. ഉ-ം, അഴിവുപെട്ടു = മരിച്ചു.

അഴു, അഴുക്-വലിയ കൽച്ചുവര്.

അഴുകൽ-ചീച്ചൽ.

അഴുകുക-ചീയുക. (തമിഴിൽ-കരയുക.)

അഴുകുരൽ-ഒരു പക്ഷി. പര്യായങ്ങൾ- ഉൽക്രോശം, കുരരം (കുരലം).

അഴുക്ക്-മലം, ചെളി, വൃത്തികേട്.

അഴുതയാറ്-തിരുവിതാംകൂറിൽ പമ്പയാററിന്റെ ഒരു പോഷകനദി.

അഴുത്തം-മിനുസം.

അഴുത്തുക-അമിഴ്ത്തുക.

അഴുവ-ആമാശയത്തിന്റെ മുഖത്തുണ്ടാകുന്ന നീക്കെട്ട്.

അഴൂർ-തിരുവിതാംകൂറിൽ ചിറയിൻകീഴ് താലൂക്കിലെ ഒരു പകുതി.

അറ-ധാ. തല്ലിനുറുക്കുക.

അറ-പ്ര. നെല്ലു പണം മുതലായവ വെച്ചുസൂക്ഷിക്കുന്ന മുറി. ഉ. കിടപ്പുമുറി. ന. മുഴുവൻ.

അറക്കളം-തിരുവിതാംകൂറിൽമൂവാററുപുഴ താലൂക്കിലെ ഒരു പകുതി.

അറക്കുക-പ്ര. മുറിക്കുക. ഉ. കൊയ്യുക ന. പിളർക്കുക.

അറച്ചീര-ഒരുവക ചീര. ഇതിന്റെ ഇല ഗുണപ്രദമുള്ളതാണ്.

അറപ്പക്ഷി-അടുക്കളക്കരികിൽ

അറപ്പ്-പ്ര. കൊയിത്ത്. ഉ. മുറിക്കുക.

അറപ്പുര-പ്ര. നെല്ലുര. ഉ. ഒരു കെട്ടിടം. (ഇതു സാധാരണ വീട്ടിന്റെ പടിഞ്ഞാറുവശത്തായിരിക്കും).

അറപ്പുവാൾ-അറക്കുന്ന വാൾ.

അറം-പ്ര. കവികൾ കഥാപാത്രങ്ങളുടെ വാക്കായിട്ട് ഉത്തമപുരുഷസർവനാമം ചേർത്ത് ശാപരൂപമായ സംഗതി പറയുന്നതു മേലാൽ തനിക്കുതന്നെ ഫലിക്കുന്നതാണ് അറം.

തന്മയത്വമാണ് ഇതിനു മൂലം. അതു മഹാകവികളുടെ വാക്കിലേ കാണുകയുള്ളൂ. ക്ഷുദ്രകവികൾക്ക് അറം വരിക പതിവില്ല.

'കലമിതഖിലവുമറുതിവന്നിതു'

(നളചരിതം കഥകളി)

[മഹാകവിയായ ഉണ്ണായിവാരരുടെ അറവാക്ക് അദ്ദേഹത്തോടുകൂടി അന്ത്യം നിന്നുപോയി എന്നതു സുപ്രസിദ്ധമാണല്ലോ.]

ഉ. ധർമ്മം. ന. നാശം.

അറമുറിയൻ-തുരങ്കക്കാരൻ.

അറയുക-പ്ര. വെട്ടിനുറുക്കുക. ഉ. നുറുങ്ങെ തല്ലുക ന. അടിക്കുക.

അറയ്ക്കുക-വെറുക്കുക, ദുർഗ്ഗന്ധം മുതലായവകൊണ്ടു തൊടുന്നതിനു മടിക്കുക.

അറപ്പ് (അറയ്പ്)-അറയ്ക്കുക, മടി.

അറവാതൻ-അറയുടെ മുൻഭാഗത്തുള്ള കതക്.

അറവി-അറേബിയാ എന്ന രാജ്യം.

അറാം-ന്യായവിരുദ്ധം.

അറിമുഖം-പരിചയം.

അറിയുക-ഗ്രഹിക്കുക, മനസ്സിലാക്കുക. അറി എന്ന ധാതുവിന് ഗ്രഹിക്കുക എന്നർത്ഥം.

അറിവ്-മനസ്സിലാക്കൽ.

അറിയിപ്പ്-അറിവ് കൊടുക്കുക.

അറിവാളൻ, അറിവൻ-പഠിച്ചവൻ, പരിചയിച്ചവൻ.

അറുക-പ്ര. മുറിയുക. ഉ. അവസാനിക്കുക. 'അറു' എന്ന ധാതുവിനു 'ഛേദിക്ക' എന്നർത്ഥം.

അറുകുലഹീനൻ-തീരെ താണ കുലത്തിൽ ജനിച്ചവൻ, ചണ്ഡാലൻ.

'മാനയാനാകിലുമറുകുലഹീനൻ'

(ഭഗവൽഗീത)

അറുകൻപുല്ല്-കറുക.

അറുകൊല-കണ്ടുകൊല്ലുക, നിർദ്ദയഹിംസ.

അറുക്കൽ-ഭിത്തിയിലുണ്ടാക്കിയ അറ.

അറുപ്പ്-മുറിക്ക, പിളർക്ക.

അറുനൂറ-ആറുനൂറ കൂടിയതു.

അറുനൂറർ-നായർയോഗക്കാർ.

['അറുനൂറർ', 'പതിനായിരത്താർ' എന്നും മററും പറയുന്നതു, നമ്പൂരിമർ

അവരുടെ അധികാരങ്ങളെ കൈകടത്തി പ്രയോഗിച്ച കാലത്തുണ്ടായിരുന്ന നാട്ടിലെ രക്ഷാധികാരികളായ നായർ യോഗക്കാരെ ആകുന്നു.]

അറുനെല്ലി-കീഴാനെല്ലി. (അറുനെല്ലി എന്നതു തമിഴാണ്).

അറുതി-അവസാനം.

അറുപ്പുവാൾ-അറുക്കുന്ന വാൾ.

അറുമുഖൻ-സുബ്രഹ്മണ്യൻ. (ആറുമുഖമുള്ളവൻ).

അറുവർ-ആറുപേർ.

അറുമ്പു്-പഞ്ഞം, ദുർഭിക്ഷം.

അററ-വി. അവസാനിച്ച, ഇല്ലാത്ത, അറുതിവന്ന.

അററകാലം-മരണം.

അററക്കഴ-ജലാശയങ്ങളിൽ നിൽക്കുന്ന മഴവെള്ളം.

അററകുററം-കേട്, കെട്ടമതി.

അററടക്കം-തറവാട്ടിലെ അനന്തരാവകാശം ലഭിക്കാത്ത ഒരു ശാഖയെ ജയിപ്പും നല്ല അവകാശം നേടുക.

അററം-അവസാനം, ഒടുക്കം.

അഠ-അ. അത്ഭുതത്തിൽ പ്രയോഗിക്കുന്ന ഒരു വാക്ക്.

---

# ആ

ആ—൧. മലയാള അക്ഷരങ്ങളിൽ രണ്ടാമത്തേതു്. ൨. ഓർമ്മ. ൩. ദയ. ൪. സംശയം. ൫. അവധി. ൬. അഭിവിധി. ൭. അല്പം.

ആം-അ. അനുസരണത്തിങ്കൽ ഉപയോഗിക്കുന്നതു്. ആകട്ടെ.

ആക-വി. മുഴുവനായ.

ആകണ്ഠം-അ. കണ്ഠം (കഴുത്തു) വരെ.

'ആകണ്ഠംനീരിലാഴ്ന്നും മുനികളുടെ ജടാ
ഭാരമാടും മരായാ:'
(ജാനകീപരിണയം)

ആകത്ഥനം-വമ്പു പറക.

ആകത്ര്യാ-അശ്ലുതമാക്കുക.

ആകനിഷ്ഠ-ചെറുവിരൽവരെ.

ആകപ്പാടെ-അ. മുഴുവനും.

ആകമാനം-മുഴുവനും, എല്ലാം, പൊതുവെ.

ആകമ്പനം-ഇളക്കം.

ആകമ്പിത, ആകമ്പ്ര-വി. ഇളക്കപ്പെട്ട, കുറഞ്ഞൊന്നു ഇളക്കപ്പെട്ട.

ആകയാൽ-അ. ആയതുകൊണ്ടു്.

ആകരം-൧. രത്നങ്ങൾ വിളയുന്നസ്ഥലം. ൨. പുരുഷാരം. ൩. ഇരിപ്പിടം.

ആകരികൻ-രത്നം വിളയുന്ന സ്ഥലത്തിലെ വിചാരിപ്പുകാരൻ.

ആകർണ്ണ്യാകർണ്ണ്യ-അ. പിന്നെയും പിന്നെയും കേട്ടിട്ടു്.

ആകർണ്ണനം-കേൾക്കുക.

ആകർണ്ണം-ചെവിയോളം.

ആകമ്ര-വി. വളച്ച.

'ആകമ്രശ്രീകകാചന്ദനവിടപിവര-
ഭ്രാന്തിമൈകൈക്കൊണ്ടുതൊന്നാം'
(ഉത്തരരാമായണം ചമ്പു)

ആകർഷക-വി. വലിക്കുന്ന. സ്ത്രീലിംഗം ആകർഷകി.

ആകർഷകം-കാന്തക്കല്ല്, ഉരകല്ല്.

ആകർഷണം-൧. വലിക്കുക. ആകർഷിക്കുന്നതു്, ആകർഷിക്കപ്പെടുന്നതു് എന്നു ശബ്ദാർത്ഥം. ൨. വണ്ടിയുടെ ചക്രം. ൩. വാദപ്രതിവാദം.

ആകർഷിക്കുക-വലിക്കുക, വലിച്ചുടുക്കുക.

ആകർഷം-ചൂതുകളി, പകിടക്കരു, ചൂതുനിരത്തുന്ന പലക ഇവയുടെ പേർ.

ആകലനം-൧. കണക്കുകൂട്ടുക. ൨. പിടിക്കുക. ൩. മനസ്സിലാക്കുക. ൪. അന്വേഷണം. ൫. ആഗ്രഹം.

ആകലിതം-ബദ്ധം, കെട്ടപ്പെട്ടതു്, ചെയ്യപ്പെട്ടതു്.